# ഭാരതീയ സംസ്കാരത്തിന്റെ അടിയൊഴുക്കുകൾ

ടി. മുഹമ്മദ്

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ

## ടി. മുഹമ്മദ്

ജനനം : മലപ്പുറം ജില്ലയിലെ കൊടിഞ്ഞി, 1917-ൽ.

പിതാവ് : തട്ടരാട്ടിൽ അഹ്മദ് കുട്ടി

മാതാവ് : കാരാടൻ പാത്തു

ആറു വയസ്സുള്ളപ്പോൾ പിതാവ് മരണപ്പെട്ടു. അതോടെ സ്കൂൾ വിദ്യാഭ്യാസം രണ്ടാംതരത്തിൽ വെച്ച് അവസാനിപ്പിക്കേണ്ടിവന്നു. പിന്നീട് വിദ്യാഭ്യാസം പള്ളിദർസുകളിലേക്ക് മാറി. ഫറോക്കിലെ റൗദത്തുൽ ഉലൂം അറബിക് കോളേജിൽനിന്ന് അറബി-ഇസ്‌ലാമിക പഠനം പൂർത്തിയാക്കി. പിന്നീട് കാസർക്കോട്ടെ ആലിയാ അറബിക് കോളേജുമായി ബന്ധപ്പെട്ടു. അവിടെ അധ്യാപകനായി.

ഇടക്കാലത്ത് മുസ്‌ലിം ലീഗുമായി ബന്ധപ്പെട്ടിരുന്നുവെങ്കിലും വിഭജനാനന്തരം ജമാഅത്തെ ഇസ്‌ലാമിയിൽ ആകൃഷ്ടനായി. അതിൽ അംഗത്വം നേടി. 1950-ൽ കൊച്ചിയിൽ ജമാഅത്ത് പ്രവർത്തകനായി നിയോഗിക്കപ്പെട്ടു. തുടർന്ന് ജമാഅത്തെ ഇസ്‌ലാമി കേരള ശാഖയുടെ ഖയ്യിം (സെക്രട്ടറി), ആക്ടിംഗ് അമീർ, കൂടിയാലോചനാസമിതിയംഗം, കേന്ദ്ര പ്രതിനിധി സഭാംഗം എന്നീ സ്ഥാനങ്ങൾ വഹിച്ചു. 1959 മുതൽ 1970 വരെ ജമാഅത്തെ ഇസ്‌ലാമിയുടെ മുഖപത്രമായ പ്രബോധനത്തിന്റെ മുഖ്യ പത്രാധിപരായിരുന്നു.

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസിന്റെ അധ്യക്ഷനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഐ.പി.എച്ചിന്റെ വളർച്ചയിൽ അദ്ദേഹത്തിന്റെ പങ്ക് വളരെ വലുതാണ്. 1988 ജൂലൈ 10-ന് നിര്യാതനായി.

**കൃതികൾ:**

ഭാരതീയ സംസ്കാരത്തിന്റെ അടിയൊഴുക്കുകൾ
ഒരു ജാതി ഒരു ദൈവം
ഇസ്‌ലാമിലെ നവോത്ഥാന പ്രസ്ഥാനങ്ങൾ
അബുൽ അഅ്ലാ
യുവാക്കൾ യുഗശിൽപികൾ
ഇസ്‌ലാമിലെ ഇബാദത്ത്
ആധുനിക ചിന്തകൾ
തർബിയത്ത് : എന്ത്, എന്തിന്, എങ്ങനെ?
സ്ത്രീ ഇസ്‌ലാമിലും ഇതര സംസ്കാരങ്ങളിലും
ധർമസമരം
സിഹ്ർ
രൂപവും യാഥാർഥ്യവും (വിവർത്തനം)
നിർമാണവും സംഹാരവും (വിവർത്തനം)
ഖത്മുന്നുബുവ്വത്ത് (വിവർത്തനം)
ദൈവസങ്കൽപം കാലഘട്ടങ്ങളിലൂടെ (വിവർത്തനം)

## ഉള്ളടക്കം


ആമുഖം

**ഭാഗം 1**

**1. ധർമസംസ്ഥാപകർ**

കൃഷ്ണന്റെ കഥ
കുരുക്ഷേത്രയുദ്ധം
പ്രവാചകത്വവും അവതാരവും
അവതാരങ്ങൾ
ഭാരതീയ പ്രവാചകരും മുസ്‌ലിംകളും

**2. മാനദണ്ഡം**

അദൃശ്യയാഥാർഥ്യങ്ങളിലുള്ള വിശ്വാസം
ഏകദൈവത്വ വിഭാവനം
പരലോക വിശ്വാസം
പാരലൗകിക ധാർമിക വീക്ഷണം
മതസ്ഥാപകന്റെ വിശ്വാസ്യത
പ്രവാചകനെ അംഗീകരിക്കൽ

**3. മനുഷ്യോൽപ്പത്തിയുടെ കഥ**

ഡാർവിനിസം
നരവംശചരിത്രം
നിയാണ്ടർതാൾ മനുഷ്യൻ
പ്രാകൃത മതബോധം
മനുഷ്യചരിത്രവും ഭാരതവും

**4. പുരാവസ്തു ഗവേഷണം**

പുരാതത്വനിരീക്ഷണത്തിന്റെ പ്രാധാന്യം
ഉത്ഖനനവും ഗവേഷണവും
കാലനിർണയം
അണുശാസ്ത്രത്തിന്റെ സഹായം
സത്യാന്വേഷണ വികാരത്തിന്റെ അനിവാര്യത

**5. ഭാരതപ്പഴമ**

മനുഷ്യചരിത്രത്തിന്റെ ആരംഭം ഭാരതത്തിലോ?
'ഇന്ത്യ' എന്ന നാമധേയം
ഇന്ത്യാചരിത്രത്തിലെ വിവിധ ഘട്ടങ്ങൾ

**6. ഭാരതീയ മതസാഹിത്യങ്ങൾ**

വേദസംഹിതകൾ
ബ്രാഹ്മണങ്ങൾ
ആരണ്യകങ്ങൾ അഥവാ വന്യകൃതികൾ
ഉപനിഷത്തുകൾ
വൈദിക സാഹിത്യം എന്നാൽ

പ്രധാന ഉപനിഷത്തുകൾ
വൈദിക സാഹിത്യ പട്ടിക
സ്മൃതികൾ
ഇതിഹാസങ്ങൾ
പുരാണങ്ങൾ
വേദാംഗങ്ങൾ
ഷഡ്ദർശനങ്ങൾ
**7. വർഗ വിഭജനം**
വർഗസിദ്ധാന്തം
വർണമേധാവിത്വം ഇന്ത്യയിൽ
വർഗമേധാവിത്വം ഇസ്‌ലാമിക ദൃഷ്ട്യാ
വംശപാരമ്പര്യം
ജലപ്രളയകഥ
ചരിത്രപരത
താവഴികൾ
യാഫെത്തിന്റെ വംശപരമ്പര
ഹാമിന്റെ വംശപരമ്പര
ശേമിന്റെ വംശപരമ്പര
നിരൂപണം
ഭാഷാവർഗങ്ങൾ
ശരീരാകൃതി
മതവർഗങ്ങൾ
**8. സിന്ധുതട സംസ്കാരം**
മോഹൻജദാറോയും ഹരപ്പയും
നഗരസംവിധാനം
കൃത്രിമകുളവും കുളിമുറികളും
വീടുകൾ 95
ദേഹപ്രകൃതിയും വേഷഭൂഷാദികളും
കളിക്കോപ്പുകൾ
ക്ഷേത്രവും ദേവാലയവും
മുദ്രകൾ
ഗൃഹോപകരണങ്ങൾ
വിദേശബന്ധം
ശ്മശാനങ്ങൾ
കാലനിർണയം
**9. ആര്യ-ദസ്യുപ്രശ്നം**
സംഘർഷത്തിന്റെ രൂക്ഷത
അസുര നേതാക്കൻമാരുടെ വിനാശം
സംഘർഷ കാരണം
ശാരീരിക ലക്ഷണം
പണ്ഡിതൻമാരുടെ അഭിപ്രായം
ദസ്യുക്കൾ ദ്രാവിഡരായിരുന്നു
തിരുയാഫിഥും ദ്രാവിഡും
**10. സിന്ധുതടവും മെസൊപ്പൊട്ടേമിയയും**

മെസൊപ്പൊട്ടേമിയ
സുമേരിയൻ സംസ്കാരം
മെസൊപ്പൊട്ടേമിയൻ ചരിത്രത്തിന്നാധാരം
മതവിശ്വാസം
മതവും സാമൂഹിക നീതിയും
ഹമ്മുറാബിയും അബ്രാഹമും

**11. മതപരമായ അടുപ്പം**
സൈന്ധവ സംസ്കാരത്തിലെ മതം
ദേവപൂജ

**12. സാംസ്കാരികൈക്യം**
ശവസംസ്കാരക്രമം
ആഭരണ നിർമാണ രീതി
വസ്ത്രാലങ്കാര രീതി
പ്രളയ കഥയുടെ വ്യാപ്തി
ചിത്രത്തിന്റെ മറുവശം
നോഹ പ്രഥമ ദൂതൻ
ഏകത്വ ദർശനം
നോഹയുടെ അനുയായികൾ
സാബി മതത്തിന്റെ പൗരാണികത

**13. ദസ്യു ദർശനം**
വേദം എന്നാൽ
വേദത്തിലെ മുഖ്യ പ്രതിപാദ്യം
ഋഗ്വേദം നൽകുന്ന സൂചനകൾ
ദാശരാജ്ഞയുദ്ധം
ഭിന്നവിരുദ്ധമായ രണ്ട് ചിന്താ മാർഗങ്ങൾ
ഗവേഷകൻമാരുടെ നിഗമനങ്ങൾ
ഉപനിഷത്തുകളിലെ ദർശനം
രണ്ടുതരം വിദ്യാശാലകൾ
പുനർജൻമവാദം
ഉപനിഷത്തുകൾ വൈദിക മതത്തെ വിമർശിക്കുന്നു
ബ്രാഹ്മണൻമാരുടെ ഗുരുക്കൻമാർ അബ്രാഹ്മണർ
ദസ്യുദർശനത്തിൽനിന്നുയിർക്കൊണ്ട മതങ്ങൾ


## ഭാഗം 2


**14. ആര്യൻമാർ**
മൂല കുടുംബം
'പ്രത്ന ഓക്കസ്'
'നരസിംഹം'
'ബോഘാസ്കോയ്' ദേവന്മാർ
മിട്ടാനി വർഗം
ഹിറ്റൈറ്റു വംശം
അരാമും ആര്യനും
അരാമും ഖുർആനും
ഇന്ദ്രൻ കൊണ്ടുവന്ന 'യദുക്കൾ'

ഭാഷാ വൈജാത്യം
ചരിത്രപരത
**15. സെമിറ്റിക് വർഗം**
ശേമ്യവർഗക്കാരുടെ ആദ്യ തറവാട്
ആധുനിക പണ്ഡിതന്മാരുടെ നിഗമനങ്ങൾ
സെമിറ്റിക്കുകാരുടെ പലായനം
അറബികൾ മെസൊപൊട്ടേമിയയിൽ
ആധുനിക ഗവേഷണം
എറേക്ക് സാമ്രാജ്യം
അക്കാഡ് സാമ്രാജ്യം
ഹമൂറാബി
ഇടയത്വം സെമിറ്റിക്കുകാരുടെ കുലത്തൊഴിൽ
**16. സെമിറ്റിക്കുകാർ ഈജിപ്തിൽ**
മാനീത്തോന്റെ സാക്ഷ്യം
ബൈബിളിന്റെ പ്രസ്താവന
യോസേഫിന്റെ ചരിത്രം
യോസേഫിന്റെ തന്ത്രം
ദേശീയ വിരോധം
ഹെക്സോസ് ഭരണത്തിന്റെ നേട്ടങ്ങൾ
ഇടയരാജാക്കന്മാരുടെ ദേശീയത
മൂസാനബിയുടെ കാലത്തെ ഫിർഔൻ
ഭരണത്തിലെ ചില വർഗങ്ങൾ
**17. സെമിറ്റിക് പ്രവാഹത്തിന്റെ വ്യാപ്തി**
ഫിനീഷ്യ
കാർത്തേജ്
ഫിനീഷ്യരും പണികളും
ക്രീറ്റ്
മൈനോസും 'മയീൻ'കാരും
ഇറാൻ
സൈറസ് അഥവാ കോരശ്
ദുൽഖർനൈൻ
യാജൂജ്-മാജൂജ്
ദുൽഖർനൈൻ എന്ന സംജ്ഞക്ക് നിദാനം
സൈറസിന്റെ വംശം
**18. ആദുവംശവും ആര്യവർഗവും**
ഖുർആനും ചരിത്രവും
ആദുവംശത്തിന്റെ ആവാസകേന്ദ്രം
ഭരണവർഗം
ഇന്ത്യയിൽ
ശക്തിയും പ്രഭാവവും
അഹങ്കാരവും ദുരഭിമാനവും
അതിക്രമവും ക്രൂരതയും
വാസ്തുവിദ്യ
ധനശക്തിയും ജനശക്തിയും

ബഹുദൈവവാദം
ഇറമും ആര്യനും
ആദിന്റെ വിനാശം
**19. ഹൂദിന്റെ സമുദായം**
ഒരു പ്രാചീന രേഖയുടെ കഥ
യമനിലെ പ്രാചീന രാഷ്ട്രങ്ങൾ
മിനായിയൻസിന്റെ കാലം
മിനായിയൻ രാഷ്ട്രത്തിന്റെ കേന്ദ്രം
ലുഖ്മാൻ
ലുഖ്മാന്റെ സദുപദേശം
ക്രോഡീകൃത തത്വജ്ഞാനം
**20. സമൂദ് വംശവും ആര്യൻമാരും**
സമൂദിന്റെ ആവാസകേന്ദ്രം
സമൂദ് വംശത്തിന്റെ സവിശേഷതകൾ
കാലഘട്ടം
ശില്പകലാ വൈദഗ്ധ്യം
കാർഷിക ജനത
ബഹുദൈവത്വം
ബോഘാസ്കോയ് ഖനനം
ഹിറ്റൈറ്റ്സും ബൈബിളും
വൈദിക ദേവന്മാർ
മിട്ടാനികൾ
സമൂദും മിത്തന്നിയും
രസാവഹമായ ഒരു കത്ത്
**21. രത്നച്ചുരുക്കം**
ആര്യവംശത്തിന്റെ മൂലതറവാട്
സെമിറ്റിക്കുകാരുടെ വ്യാപ്തി
സെമിറ്റിക്കുകാരുടെ ആദി കേന്ദ്രം
രണ്ടാമത്തെ ആദ്
സമൂദു വംശം
**22. ആര്യ സംസ്കാരം**
ഋഗ്വേദ സംഹിത
ഋഗ്വേദ കാലം
ദേവതകൾ
ആര്യസമുദായത്തിന്റെ ചരിത്രം
കുടുംബജീവിതം
ഋഗ്വേദത്തിലെ സാഹിത്യം
ഖുർആനോടു സാദൃശ്യം
**23. ഭാരതീയ തത്വചിന്ത**
തത്വചിന്തകൻമാരുടെ പ്രപഞ്ചവ്യാഖ്യാനം
മതങ്ങളുടെ ഉദ്ഭവവും വികാസവും
വേദത്തിലെ ദൈവസങ്കല്പം
സൃഷ്ടി സങ്കല്പം
സൃഷ്ടിക്രമം

**24. മതവും യുക്തി ചിന്തയും**
മനഃശാസ്ത്ര വിദഗ്ധൻമാരുടെ നിഗമനം
ശാസ്ത്രത്തിന്റെ പരിമിതി
റസ്സൽ പ്രഭുവിന്റെ ഈശ്വരൻ
ഖുർആന്റെ വീക്ഷണം
ദൈവികനിയമവ്യവസ്ഥിതി രണ്ടുവിധം
‘അൽഹഖ്’
വേദത്തിലെ ‘ഋതം’
ഏകത്വവും നാനാത്വവും
യജ്ഞം അഥവാ യാഗം
ദൈവമാണ് എല്ലാറ്റിന്റെയും അധിനാഥൻ
ദൈവം സകലജ്ഞൻ
**25. കർമകാണ്ഡം**
അശ്വമേധ യാഗം
ചരിത്രപരത
കഴുതയാഗം
സൗത്രാമണി യാഗം
സുരപാനം
ബ്രാഹ്മണങ്ങൾ ഒറ്റനോട്ടത്തിൽ
**26. ഉപനിഷദ്ദാർശനികൻമാർ**
പ്രവാഹണ ജൈവലി
ഉദ്ദാലക ആരുണി ഗൗതമൻ
യാജ്ഞവൽക്യൻ
സത്യകാമ ജാബാലൻ
സയുഗ്വാരൈക്വൻ
**27. ഉപനിഷത്തുകളിലെ ഏകത്വദർശനം**
വേദവും ഉപനിഷത്തും
ബ്രഹ്മവും ആത്മാവും
ബ്രഹ്മം അദ്വിതീയം
ബ്രഹ്മം സൃഷ്ടികർത്താവ്
ദ്വൈതവും അദ്വൈതവും
ബ്രഹ്മത്തിന്റെ ഗുണനാമങ്ങൾ
**28. ആത്മാവ്**
ആത്മാവ് ഭാരതീയ സാഹിത്യങ്ങളിൽ
ക്ഷുദ്രാകാശം
മനസ്സ്
സുപ്താവസ്ഥ
ആത്മാവിന്റെ അവസ്ഥാന്തരങ്ങൾ
ആത്മാവിന്റെ അവസ്ഥാത്രയം ഖുർആനിൽ
ജീവാത്മാവും പരമാത്മാവും തമ്മിലുള്ള സമാഗമം
അന്ത്യനാൾ
സൂഫികളുടെ ‘ഫനാ’യും ‘ബഖാ’യും
പദനാമസൂചി
അവലംബകൃതികൾ

# ആമുഖം

**ഭാ**രതീയ മതസംസ്കാരത്തെപ്പറ്റി അറിയാനുള്ള ആഗ്രഹം മനസ്സിൽ കടന്നുകൂടിയിട്ട് കാലം ഇശ്ശിയായി. പക്ഷേ, കഴിവിന്റെയും ഉപാധികളുടെയും പരിമിതി പ്രസ്തുത ആഗ്രഹപൂർത്തിക്കു മുമ്പിൽ വമ്പിച്ച വിലങ്ങുതടിയായി നിന്നു. മൗലാനാ അബുൽകലാം ആസാദിന്റെ 'തർജുമാനുൽ ഖുർആൻ' വായിച്ചപ്പോൾ ജിജ്ഞാസ ഇരട്ടിച്ചു. ഹൈന്ദവ വേദങ്ങളിലും ഉപനിഷത്തുകളിലും സ്ഥലംപിടിച്ച ദൈവസങ്കൽപങ്ങൾ അതിൽ നിഷ്പക്ഷമായി നിരൂപിക്കപ്പെട്ടിട്ടുണ്ട്. അപൂർണതയും അപര്യാപ്തതയും ഉണ്ടെങ്കിലും പ്രസ്തുത നിരൂപണം ഒരു കാര്യം തെളിയിച്ചു: ബഹുദൈവത്വ സിദ്ധാന്തം മാത്രമല്ല, ഏകദൈവ വിശ്വാസവും പ്രാചീനഭാരതീയ സാഹിത്യങ്ങൾ പ്രചരിപ്പിച്ചിരുന്നു. അങ്ങനെ ഭാരതീയരേയും ഭാരതീയസംസ്കാരത്തേയും പറ്റി കൂടുതൽ പഠിക്കണമെന്നുറച്ചു. തദ്വിഷയകമായ കൃതികൾ കിട്ടാവുന്നേടത്തോളം ശേഖരിച്ചു. അവയുമായി നിരന്തരം മല്ലടിച്ചു. ചിരകാല സമ്പർക്കം ഹേതുവായി പുതിയ ചില നിഗമനങ്ങൾ മനസ്സിലുദിച്ചു. അവ പ്രസിദ്ധീകരിക്കാൻ തോന്നി. അങ്ങനെ 'പ്രബോധനം' മാസികയിൽ 'ഭാരതീയ സംസ്കാരത്തിന്റെ അടിയൊഴുക്കുകൾ' എന്ന ശീർഷകത്തിൽ ഒരു ലേഖന പരമ്പര ആരംഭിച്ചു. അതു വായിച്ച പ്രശസ്തരായ ചില സാഹിത്യകാരന്മാരും ചരിത്രാന്വേഷകന്മാരും ലേഖനങ്ങൾക്കു ഗ്രന്ഥരൂപം നൽകുവാൻ ആവശ്യപ്പെട്ടു. അങ്ങനെയാണ് 'ഭാരതീയ സംസ്കാരത്തിന്റെ അടിയൊഴുക്കുകൾ' ഒന്നാം ഭാഗം പുറത്തിറക്കുവാൻ തീരുമാനിച്ചത്.

ഇൻഡോ-ആര്യന്മാരുടെ ആഗമനത്തിനു മുമ്പുള്ള ഭാരതീയ ജീവിതത്തിന്റെ അടിയൊഴുക്കുകളാണ് ഇതിൽ മുഖ്യമായും പ്രതിപാദിച്ചിട്ടുള്ളത്. ആ വിദൂര കാലത്ത് സാബിമതത്തിനായിരുന്നു ഭാരതത്തിൽ കൂടുതൽ പ്രാമുഖ്യമെന്ന് ഇവിടെ സമർഥിക്കുന്നു. ലോകത്തിലെ ഏറ്റവും പ്രാചീന പ്രവാചകമതം സാബിസമാണെന്നും അത് മഹാനായ നോഹയുടെയും ശീഥിന്റെയും മതമാണെന്നുമുള്ള ചില മുസ്‌ലിം പണ്ഡിതന്മാരുടെ അഭിപ്രായത്തിന് ഈ കൃതിയിൽ മുൻഗണന കൽപിച്ചിരിക്കുന്നു.

നൂഹും ഇന്ത്യൻ പുരാണ വർണിതനായ മനുവും വാസ്തവത്തിൽ ഒരാൾതന്നെയാവാമെന്ന ചിലരുടെ അനുമാനത്തെ പിന്താങ്ങുകയാണ് ചെയ്തിട്ടുള്ളത്. നോഹയുടെ പിന്മുറക്കാരിൽ ഒരു സംഘം ഇന്ത്യയിൽ അഥവാ, സിന്ധിൽവന്ന് അധിവാസമുറപ്പിച്ചു എന്ന ക്രി. 10-ാം ശതകത്തിലെ മുസ്ലിം ചരിത്ര പണ്ഡിതനായ അബുൽഹസൻ മസൂദിയുടെ അഭിപ്രായത്തിന് ഉപോദ്ബലകമായി ഇതര സാക്ഷ്യങ്ങളും ഇതിൽ എടുത്തുകാണിച്ചിട്ടുണ്ട്. സിന്ധുതാഴ്വരയിൽ അയ്യായിരം വർഷങ്ങൾക്കു മുമ്പ് നിലനിന്നതും ഈ നൂറ്റാണ്ടിന്റെ പൂർവാർധത്തിൽ ഖനന ഗവേഷണം വഴി കണ്ടെത്തിയതുമായ സംസ്കാരത്തിന് അടിത്തറ പാകിയ കരങ്ങൾ അവരുടേതായിരിക്കാമെന്ന് അനുമാനിക്കുകയും അവർ ദ്രാവിഡ വിഭാഗത്തിൽ പെട്ടവരായിരുന്നുവെന്ന ഭൂഗർഭ ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തോട് യോജിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ നോഹയുടെ പുത്രനായ യാഫിഥിന്റെ സന്താന പരമ്പരയിൽപെട്ടവരാണ് ദ്രാവിഡന്മാർ എന്ന നിഗമനത്തിൽ ഒരുവിധം എത്തിച്ചേർന്നിരിക്കുന്നു.

ചരിത്രപരവും മതപരവും സംസ്കാരപരവുമായ പുതിയ ചില നിഗമനങ്ങളാണ് ഈ ഭാഗത്തിലെ പ്രധാന ഉള്ളടക്കമെങ്കിലും അതോടൊപ്പം ചരിത്ര നിർമാണ രംഗത്ത് ആധുനിക ശാസ്ത്രീയ സിദ്ധികൾ കൈവരുത്തിത്തന്ന ഉപാധികളിലേക്കും മാർഗങ്ങളിലേക്കും അവ ഉപയോഗിച്ചു ചരിത്രം നിർമിക്കുവാൻ സഹായകമായ തത്ത്വസിദ്ധാന്തങ്ങളിലേക്കും വിരൽ ചൂണ്ടിയതായി കാണാം. ആ പരാമർശങ്ങൾ അഭ്യസ്തവിദ്യരായ വായനക്കാരെ സംബന്ധിച്ചിടത്തോളം അപ്രസക്തമായി തോന്നാമെങ്കിലും ഭൂരിപക്ഷ സാമാന്യ വായനക്കാരെ സംബന്ധിച്ചിടത്തോളം ഉപകാരപ്രദമായിരിക്കുമെന്ന് തോന്നി. അതിനാൽ ചില മാന്യസുഹൃത്തുക്കൾക്ക് പ്രതികൂലാഭിപ്രായമുണ്ടായിരുന്നിട്ടും ആ വശം എടുത്തുകളഞ്ഞിട്ടില്ല.

സഹസ്രാബ്ദങ്ങൾക്കു മുമ്പ് ഭാരതത്തിൽ നിലവിലിരുന്ന മതത്തേയും സംസ്കാരത്തേയും പറ്റി പ്രതിപാദിക്കുന്ന ഒരു പുസ്തകം എല്ലാ വിശദാംശങ്ങളിലേക്കും വെളിച്ചം വീശുമെന്ന് പ്രതീക്ഷിക്കാവതല്ല. ഇതിലെ നിഗമനങ്ങൾ പരമ്പരാഗതമായി നിലനിന്നു വരുന്ന ധാരണകൾക്കും ഐതിഹ്യങ്ങൾക്കും തികച്ചും അനുഗുണമായിരിക്കണമെന്നില്ല. എന്നു വെച്ച് ആ നിഗമനങ്ങൾ അവിശ്വസനീയമായി തിരസ്കരിക്കുന്നത് ശരിയാവില്ല. സിന്ധു താഴ്വരയിലെ ഖനനഗവേഷണങ്ങളുടെ ഫലം പുറത്ത് വരുംവരെ ആര്യന്മാരാണ് ഭാരതീയ സംസ്കാരത്തിന്റെ ആദിമ ശില്പികൾ എന്നായിരുന്നുവല്ലോ പൊതുധാരണ. എന്നാൽ ഈ നൂറ്റാണ്ടിന്റെ തൃതീയ ദശകത്തിൽ നടത്തപ്പെട്ട ഗവേഷണം വഴി ആ ധാരണ തെറ്റായിരുന്നുവെന്ന് തെളിയിക്കപ്പെട്ടു. അതുപോലെ ഇന്ന് നിലവിലുള്ള പല ധാരണകളും തിരുത്തപ്പെട്ടുകൂടെന്നില്ല.

ഉപര്യുക്ത ഖനനത്തിൽനിന്നുപലബ്ധമായ അവശിഷ്ടങ്ങളാണ് അക്കാലത്തെ ഭാരതത്തെപ്പറ്റിയും ഭാരതീയരെപ്പറ്റിയും ചില വിവരങ്ങൾ

നമുക്ക് നൽകിയത്. അവിടെനിന്ന് കിട്ടിയ ആയിരക്കണക്കിന് മുദ്ര കളിലും മറ്റും സൈന്ധവന്മാർ ഉപയോഗിച്ചിരുന്ന ചിത്ര ലിപിയിൽ ഏതാനും സംഗതികൾ രേഖപ്പെട്ടു കിടക്കുന്നുണ്ട്. എന്നാൽ അവ ശരിക്കും വായിക്കപ്പെട്ടിട്ടില്ല. മറ്റ് ലക്ഷണങ്ങളിൽ നിന്ന് പുരാവസ്തു ഗവേഷകന്മാർ മനസ്സിലാക്കിയെടുത്ത ചില കാര്യങ്ങളാണ് ലോകത്തിന്റെ മുമ്പിലുള്ളത്. അവയാകട്ടെ, ഇതര വ്യാഖ്യാനങ്ങൾക്ക് അസാധ്യമാം വിധം ഖണ്ഡിതങ്ങളല്ലതാനും. എന്നിരുന്നാലും സാഹചര്യത്തെളിവു കളുടെ വെളിച്ചത്തിൽ അവ അംഗീകരിക്കേണ്ടിയിരിക്കുന്നു.

സാഹചര്യത്തെളിവുകളുടെ പിൻബലമുള്ള നിഗമനങ്ങൾക്ക് മാത്രമേ ഈ കൃതിയിൽ സ്ഥലം അനുവദിച്ചിട്ടുള്ളൂ. ആ തെളിവുകൾ ഓരോ ന്നെടുത്ത് സ്വന്തമായി പരിശോധിക്കുമ്പോൾ പ്രഥമദൃഷ്ടത്തിൽ ദുർബ ലവും ബാലിശവുമെന്ന് തോന്നിയേക്കാം. പക്ഷേ, ക്രമപ്രകാരം നിരത്തി വെച്ച് സമഗ്രമായി വീക്ഷിക്കുമ്പോൾ ഈടുറ്റ ഒരു ശൃംഖലയുടെ സമ ഞ്ജസസമ്മിളിതമായ കണ്ണികളായി അനുഭവപ്പെടുന്നതായിരിക്കും. ഇതാ ണ്താനും ഗവേഷണപരമായ നിഗമനങ്ങളുടെ സാമാന്യ സ്വഭാവം.

ഒരു ഉദാഹരണത്തിലൂടെ ഇക്കാര്യം വിശദമാക്കാം. സൈന്ധവ സംസ്കാരം സാബിമതത്തിൽ അധിഷ്ഠിതമായിരുന്നു എന്ന് നാം അഭി പ്രായപ്പെടുന്നു. ഖനനത്തിൽ ലബ്ധമായ അവശിഷ്ടങ്ങളിൽ നിന്ന് തെളിയുംപ്രകാരം, ആ ജനത കുളിക്കും കുളിമുറികൾക്കും നൽകിയി രുന്ന പ്രാധാന്യമാണ് ഇതിനാസ്പദം. ഓരോ വീട്ടിനും കിണറും കുളി മുറിയും കുളിമുറിയിൽ നിന്ന് അശുദ്ധജലം പുറത്തേക്ക് കളയാനുള്ള കാനകളും കണ്ടെത്തുകയുണ്ടായി. കൂടാതെ കെട്ടിപ്പടുത്ത കൃത്രിമകു ളങ്ങളുടേയും അവക്ക് ചുറ്റും പണിത കുളിമുറികളുടേയും അവശി ഷ്ടങ്ങളും കണ്ടെത്തി. ഇതിൽനിന്ന് അവർ കുളിക്കും ദേഹശുദ്ധീകര ണത്തിനും കൽപിച്ചിരുന്ന പ്രാധാന്യം വ്യക്തമാകുന്നു. സാബി മതത്തി ൽ ദിനേന മൂന്ന് തവണ പ്രാർഥിക്കേണ്ടതുണ്ടായിരുന്നുവെന്നും ഓരോ പ്രാർഥനക്കും കുളി അനിവാര്യമായിരുന്നുവെന്നും ഉള്ള സംഗതി സിന്ധു തടവാസികൾ ആ മതക്കാരായിരുന്നിരിക്കണമെന്ന നിഗമനത്തെ പിന്താ ങ്ങുന്നു. സാബികളുടെ ഒരു പുരാതന കേന്ദ്രമായിരുന്നു ഹർറാൻ എന്ന് ചരിത്രം വ്യക്തമാക്കിയിട്ടുണ്ട്. ക്രി. 13-ാം ശതകത്തിൽപോലും അവരുടെ പുരാതന ദേവാലയങ്ങൾ ആ പ്രദേശങ്ങളിൽ സ്ഥിതി ചെയ്തിരുന്നതായി മുസ്‌ലിം പണ്ഡിതന്മാരിൽ ചിലർ സാക്ഷ്യം വഹിക്കുന്നു. ഹർറാനോട ടുത്ത യമന്റെ ചില ഭാഗങ്ങളിൽ നിന്ന് സിന്ധുനദീതടങ്ങളിൽ നിന്നെന്ന പോലെ കൃത്രിമ കുളങ്ങളുടെ അവശിഷ്ടങ്ങൾ ഖനനത്തിൽ കണ്ടെത്തി യതായി പുരാവസ്തു നിരീക്ഷകർ അവകാശപ്പെടുന്നു. ഈ വസ്തു തകളുടെ വെളിച്ചത്തിൽ സൈന്ധവസംസ്കാര സൗധം പടുത്തു യർത്തിയ കരങ്ങൾ സാബിയന്മാരുടേതായിരുന്നുവെന്ന് ഒരുവിധം തീരു മാനിക്കാവുന്നതാണ്.

മറ്റൊരു കാര്യം കൂടി ഇത്തരുണത്തിൽ ചൂണ്ടിക്കാണിക്കാനുണ്ട്.

ഇന്നത്തെ ചില ഭാരതീയ സംജ്ഞകളെ അതിപ്രാചീനമായ ഇതര ഭാഷാ സംജ്ഞകളുമായി സംയോജിപ്പിക്കാനുള്ള ശ്രമം ഈ പുസ്തകത്തിൽ നടത്തിയിട്ടുണ്ട്. ദ്രാവിഡസംജ്ഞയെ "തിരുയാഫിഥു" മായി സംയോജിപ്പിച്ചത് ഒരു ഉദാഹരണം. ചരിത്ര ഗവേഷണ രംഗത്ത് ഇത്തരം സംയോജന പ്രക്രിയകൾ സർവസാധാരണമാണ്. ഒരേ നാമം വിവിധ ഭാഷകളിൽ വ്യത്യസ്ത രൂപങ്ങൾ സ്വീകരിക്കുകയെന്നത് പുതുമയുള്ള ഒരു കാര്യമല്ല. അറബികളുടെ 'ഇബ്നുബാജ' പാശ്ചാത്യഭാഷകളിൽ Aven pace ആയും 'ഇബ്നുസീനാ' Avicenne ആയും 'ഇബ്നുറുഷ്ദ് ' Averroes ആയും രൂപാന്തരപ്പെട്ടത് ഇവിടെ പ്രത്യേകം സ്മർത്തവ്യമാണ്. ഇതുപോലെ ഭാരതീയരുടെ വേദവ്യാസൻ അറബിസാഹിത്യങ്ങളിൽ 'ബീദബ'യും ആര്യഭടൻ 'അർജബ്ഹറു' മായിത്തീർന്നിരിക്കുന്നു. ആകയാൽ ഇതര സംജ്ഞകൾ ഉൾക്കൊള്ളുമ്പോൾ ഓരോ ഭാഷയും തനതായ രൂപശൈലികൾക്കൊപ്പിച്ച് മാറ്റം വരുത്തുക സ്വാഭാവികം മാത്രമാകുന്നു. ഈ നിലക്ക് ഉച്ചാരണ സാമ്യം നോക്കി സംജ്ഞാ സംയോജനം നടത്തുന്നത് പൊതുവിൽ അംഗീകൃതമാണ്. എന്നാൽ സാഹചര്യത്തെളിവുകളുടെ പിൻബലമില്ലാതെ, വെറും ഉച്ചാരണ സാദൃശ്യം ആസ്പദമാക്കി സംജ്ഞാസംയോജനം ചെയ്യുന്നത് പലപ്പോഴും തെറ്റായിരിക്കും. മറ്റ് തെളിവുകൾ അനുകൂലമായിരിക്കുന്ന പരിതഃസ്ഥിതിയിൽ അത്തരത്തിലുള്ള സംയോജനം അംഗീകരിക്കുന്നതിന് യാതൊരു തരക്കേടുമില്ലതാനും.

വിവിധ മതസംസ്കാരങ്ങളോട് ബന്ധപ്പെട്ട് ജീവിക്കുന്നവരാണ് ഭാരതീയ ജനത. അനേക ജാതികളും ഉപജാതികളും മതവിഭാഗങ്ങളും അവാന്തര വിഭാഗങ്ങളുമുണ്ടീ നാട്ടിൽ. പക്ഷേ, അവർ പരസ്പരം മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല. തെറ്റായ ധാരണകളും വിദ്വേഷകലുഷിതമായ വികാരങ്ങളും അവർ അന്യോന്യം വച്ചു പുലർത്തുന്നു. ഇത് നാട്ടിനാപത്താണ്. മതസൗഹാർദവും സഹിഷ്ണുതയുമാണ് ഈ നാട്ടിനെ സംബന്ധിച്ചിടത്തോളം അനുപേക്ഷണീയം. ഖുർആന്റെ വീക്ഷണത്തിൽ മനുഷ്യസമുദായം ഒരച്ഛനമ്മമാരുടെ സന്തതികളും അങ്ങനെ ഏകോദര സഹോദരങ്ങളുമത്രേ. പക്ഷേ, വിശാലതരമായ ആ സാഹോദര്യ ബോധം ഇന്ന് നാം എവിടെയും കാണുന്നില്ല. പരസ്പരം മനസ്സിലാക്കാൻ ശ്രമിക്കുന്നപക്ഷം പല കാര്യങ്ങളിലും ഭാരതീയർക്ക് പരസ്പരം യോജിക്കാൻ കഴിഞ്ഞേക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മനുഷ്യൻ ഒന്നാവണം, നന്നാവണം- ഇതാണ് മതങ്ങളുടെയെല്ലാം ദിവ്യ സന്ദേശം. ഹൈന്ദവ മതവും ഇതിനപവാദമല്ല. ഋഗ്വേദത്തിലെ അവസാനത്തെ മന്ത്രം ഇങ്ങനെ വായിക്കാം:

"യാമനസ്തു വോ മനോ യഥാ വസ്സു സഹാസതി."

'ഒന്നായ് വരട്ടേ സങ്കൽപം നിങ്ങൾ-
ക്കൊന്നായ് വരട്ടേ മാനസം;

# ഭാഗം ഒന്ന്

ഒന്നായ് വരട്ടേ നിങ്ങൾക്കുൾക്കാമ്പും
നന്നായ്ബ്ഭവാന്മാർ യോജിപ്പിൻ!'

മേരിക്കുന്ന് ടി. മുഹമ്മദ്
10-7-1974

## അധ്യായം ഒന്ന്

# ധർമ സംസ്ഥാപകൻ

"യദാ യദാ ഹി ധർമ്മസ്യ
ഗ്ലാനിർഭവതി ഭാരത
അഭ്യുത്ഥാനമധർമ്മസ്യ
തദാത്മാനം സൃജാമ്യഹം.
പരിത്രാണായ സാധൂനാം
വിനാശായ ച ദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ
സംഭവാമി യുഗേ യുഗേ."[1]

(ഹേ ഭരതവംശജനായ അർജുനാ, എപ്പോഴെപ്പോൾ ധർമത്തിന് ക്ഷതവും അധർമത്തിന് അഭ്യുന്നതിയും ഭവിക്കുന്നുവോ, അപ്പോഴൊക്കെ ഞാൻ ആവിർഭൂതനാകുന്നു. ശിഷ്ട ജനങ്ങളെ രക്ഷിപ്പാനും ദുഷ്ട ജനങ്ങളെ ശിക്ഷിപ്പാനും, അങ്ങനെ ധർമം സംസ്ഥാപിപ്പാനുമായി യുഗംതോറും ഞാൻ ആവിർഭവിക്കുന്നു.)

ശ്രീകൃഷ്ണൻ അർജുനനോടുപദേശിച്ചതാണിത്. ഗീതയുടെ കാലം തൊട്ടെങ്കിലും ധർമസ്ഥാപകന്മാരിലുള്ള വിശ്വാസം ഭാരതീയരിൽ നില നിൽക്കുന്നുവെന്ന് ഇതിൽ നിന്നു മനസ്സിലാക്കാം.

ധർമ സംസ്ഥാപനത്തിന്റെ യാഥാർഥ്യത്തെപ്പറ്റി പ്രതിപാദിക്കുന്നതിന്

മുമ്പ് ഗീത ഉപദേശിച്ച ശ്രീ കൃഷ്ണനെ ചുരുക്കത്തിലൊന്ന് പരിചയപ്പെടുത്താം.

## കൃഷ്ണന്റെ കഥ

ഹൈന്ദവ വിശ്വാസമനുസരിച്ച്, വിഷ്ണുവിന്റെ ഒമ്പതാമത്തെ അല്ലെങ്കിൽ എട്ടാമത്തെ അവതാരമാണ് ശ്രീകൃഷ്ണൻ. അദ്ദേഹത്തിന് വാസുദേവൻ (വസുദേവന്റെ പുത്രൻ) എന്ന പേരുണ്ട്. ലോകത്തിന്റെ പാപങ്ങളെ തന്നിലേക്ക് കർഷണം ചെയ്ത് (വലിച്ചെടുത്ത്) ഇല്ലായ്മ ചെയ്യുന്നവൻ എന്നാണ് കൃഷ്ണശബ്ദത്തിന്റെ അർഥം. സ്വന്തം അമ്മാമനും ദുഷ്ടനുമായ കംസനെ നിഗ്രഹിക്കുവാൻ വേണ്ടിയാണ് ശ്രീകൃഷ്ണൻ അവതരിച്ചത്.

ഭോജവംശജനായ കംസന്റെ സഹോദരിയായ ദേവകിയും യദുവംശജനായ വസുദേവനും തമ്മിൽ വിവാഹം നടന്നു. ഭർതൃഗൃഹത്തിലേക്ക് പോകുമ്പോൾ ദേവകിയൊന്നിച്ചു കംസനും പോയി. വഴിമധ്യേ ഒരശരീരി കേട്ടു, ദേവകിയുടെ എട്ടാമത്തെ മകൻ കംസനെ വധിക്കുമെന്ന്. അയാൾ ക്രുദ്ധനായി സഹോദരിയുടെ നേരെ വാളൂരിയെങ്കിലും വസുദേവന്റെ അഭയാർഥന സ്വീകരിച്ചു ദേവകിയെ കൊന്നില്ല. അയാൾ ആ നവദമ്പതിമാരെ കാരാഗൃഹത്തിൽ വെക്കുകയും ദേവകി പ്രസവിക്കുന്ന ഓരോ കുഞ്ഞിനെയും തന്നെ ഏൽപിക്കണമെന്ന് ശാസിക്കുകയുമാണുണ്ടായത്. കംസൻ പിതാവായ ഉഗ്രസേനനെ രാജാധികാരത്തിൽ നിന്ന് ഭ്രഷ്ടനാക്കി കാരാഗൃഹത്തിലിടുകയും മഥുരയിൽ രാജാവായി വാഴുകയും ചെയ്തു.

ദേവകിയുടെ എട്ടാമത്തെ ശിശുവായിരുന്നു കൃഷ്ണൻ. ചിങ്ങമാസത്തിൽ ഒരർധരാത്രിയാണ് കൃഷ്ണൻ ഭൂജാതനായത്. വസുദേവൻ ശിശുവിനെ ഗോകുലത്തിൽ, നന്ദഗോപന്റെ പത്നിയായ യശോദയുടെ അരികിൽ കൊണ്ടുപോയി കിടത്തുകയും അവരുടെ പെൺപൈതലിനെ കൊണ്ടുവന്ന് ദേവകിക്ക് കൊടുക്കുകയും ചെയ്തു. അങ്ങനെ കൃഷ്ണൻ അമ്പാടിയിൽ വളർന്നു.

ദേവകിയുടെ എട്ടാമത്തെ പുത്രനാണ് കൃഷ്ണനെന്നറിഞ്ഞപ്പോൾ അദ്ദേഹത്തെ വധിക്കാൻ കംസൻ പല അടവുകളുമെടുത്തു. അക്കാലത്ത് അമ്പാടിയിൽ ജനിച്ച ശിശുക്കളെയൊക്കെ വധിക്കുവാൻ കംസൻ ഉത്തരവിട്ടു. എങ്കിലും കൃഷ്ണൻ ദൈവഗത്യാ വധത്തിൽ നിന്ന് രക്ഷപ്പെടുകയാണുണ്ടായത്.

ഒരിക്കൽ കൃഷ്ണനെ കംസൻ തലസ്ഥാനമായ മഥുരയിലേക്ക് ക്ഷണിച്ചു. ആ ക്ഷണം കൃഷ്ണൻ സ്വീകരിച്ചു. അദ്ദേഹം അവിടെ ചെന്ന് കംസന്റെ യാഗശാലയിൽ കടന്ന്, അതിൽ വെച്ചിരുന്ന വലിയ വില്ലെടുത്ത് ഒടിച്ചു. തുടർന്ന് പല സംഘട്ടനങ്ങളും നടന്നു. അവയിലെല്ലാം കൃഷ്ണനാണ് വിജയിച്ചത്. അവസാനം കംസന്റെ വധവും നടന്നു.

അനന്തരം കൃഷ്ണൻ കാരാഗൃഹത്തിൽ നിന്ന് സ്വന്തം മാതാപിതാക്കന്മാരേയും കംസന്റെ പിതാവായ ഉഗ്രസേനനേയും വിമോചിപ്പിച്ചു. ഉഗ്ര

സേനനെ മഥുരയിൽ രാജാവായി വാഴിക്കുകയും ചെയ്തു.

വസുദേവൻ പുത്രനെ വിദ്യാഭ്യാസത്തിന് സന്ദീപതിയുടെ ആശ്രമത്തിലേക്കയച്ചു. വിദ്യാഭ്യാസം പൂർത്തീകരിച്ച് കൃഷ്ണൻ ഗുരുകുലം വിട്ടു.

യാദവവംശമാണ് അക്കാലത്ത് മഥുര ഭരിച്ചിരുന്നത്. അവർക്ക് ഉഗ്രനായ ഒരു ശത്രുവുണ്ടായിരുന്നു- ജരാസന്ധൻ. അദ്ദേഹം അനവധി പ്രാവശ്യം മഥുര ആക്രമിച്ചു. എങ്കിലും ശ്രീകൃഷ്ണന്റെ സഹായത്തോടെ യാദവവംശം തന്നെയാണ് യുദ്ധങ്ങളിൽ ജയം വരിച്ചത്. ജരാസന്ധൻ കംസന്റെ ശ്വശുരനായിരുന്നു. കംസന്റെ പുത്രന്മാർക്കു വേണ്ടിയാണ് അദ്ദേഹം മഥുര ആക്രമിച്ചിരുന്നത്. യാദവവംശമാകട്ടെ, യുദ്ധത്തിൽ വിജയിച്ചുവെങ്കിലും സാമ്പത്തികമായും മറ്റും തകർന്നു. ആകയാൽ ശ്രീകൃഷ്ണൻ മഥുര ജരാസന്ധന് വിട്ടുകൊടുത്തു ദ്വാരകയിലേക്ക് മാറിത്താമസിച്ചു.

അനന്തരം ശ്രീകൃഷ്ണന്റെ വിവാഹം നടന്നു. രുഗ്മിണി, ജാംബവതി, സത്യഭാമ, മിത്രവിന്ദ, സത്യ, കാളിന്ദി, ലക്ഷ്മണ, ഭദ്ര എന്നീ എട്ട് സ്ത്രീകളെ അദ്ദേഹം വേളികഴിച്ചു. ഇതിനു പുറമേ പതിനായിരം സ്ത്രീകളെ ശ്രീകൃഷ്ണൻ വേളി കഴിച്ചതായി കാണാമെങ്കിലും അത് രൂപകാതിശയോക്തിപരമായ ആധ്യാത്മിക വർണനയായിട്ടാണ് വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ളത്.

ദ്വാരകയിൽ അനേകം തർക്കങ്ങൾ മാധ്യസ്ഥം വഴി ശ്രീകൃഷ്ണൻ പരിഹരിച്ചു. വളരെ രാജാക്കന്മാരെ പ്രതിഷ്ഠിക്കുകയും സ്ഥാനഭ്രഷ്ടരാക്കുകയും ചെയ്തു. എല്ലാം ധർമത്തിന്റെ അടിസ്ഥാനത്തിൽ. പക്ഷേ, അദ്ദേഹം രാജ പദവി ഇച്ഛിച്ചില്ല. രാജാക്കന്മാർ സത്യവും ധർമവും പാലിക്കണമെന്നേ അദ്ദേഹത്തിനുദ്ദേശ്യമുണ്ടായിരുന്നുള്ളൂ.

പാണ്ഡുവിന്റെ സന്തതികളുമായി ശ്രീകൃഷ്ണനു സവിശേഷമായ ബന്ധമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പിതൃസഹോദരി (അമ്മാവി)യായ കുന്തിയാണ് പഞ്ചപാണ്ഡവരുടെ മാതാവ്. ധൃതരാഷ്ട്രരാണ് അന്ന് രാജ്യം ഭരിച്ചിരുന്നത്. ദുര്യോധനനും മറ്റും പാണ്ഡുപുത്രന്മാരെ വളരെ ദ്രോഹിച്ചിരുന്നു. അവരെ അരക്കില്ലത്തിലിട്ട് കൊല്ലുവാൻ പോലും ദുര്യോധനൻ ശ്രമിക്കുകയുണ്ടായി. അതിനാൽ അവർ സ്വദേശം വെടിഞ്ഞ് വനവാസം ചെയ്യേണ്ടി വന്നു. ശ്രീകൃഷ്ണൻ ധൃതരാഷ്ട്രവംശത്തേയും പാണ്ഡവന്മാരേയും സന്ധിയാക്കുവാൻ വളരെ പാടുപെട്ടെങ്കിലും ദുര്യോധനാദികൾ വഴങ്ങിയില്ല.

പഞ്ചപാണ്ഡവന്മാരിൽ മധ്യമനായിരുന്നു അർജുനൻ. ഇദ്ദേഹം ആദിയിൽ പാഞ്ചാലി എന്ന സ്ത്രീയേയും പിന്നീട് ശ്രീകൃഷ്ണന്റെ സഹോദരിയായ സുഭദ്രയേയും കല്യാണം കഴിച്ചു. ഇതോടെ ശ്രീകൃഷ്ണനും അർജുനനും തമ്മിലുള്ള മമത ദൃഢതരമായി. അങ്ങനെയിരിക്കെ കുരുക്ഷേത്ര യുദ്ധം പൊട്ടിപ്പുറപ്പെട്ടു. ഇന്നത്തെ ഡൽഹിയോടടുത്തു കിടക്കുന്ന ഒരു സ്ഥലമായിരുന്നു കുരുക്ഷേത്രം.

## കുരുക്ഷേത്ര യുദ്ധം

പാണ്ഡുവിന്റെയും കുരുവിന്റെയും സന്തതികൾ തമ്മിൽ എതിർപക്ഷങ്ങളായി നിന്ന് പൊരുതിയ പ്രസ്തുത യുദ്ധത്തിൽ ശ്രീകൃഷ്ണൻ സ്വാഭാവികമായും പാണ്ഡവപക്ഷത്തായിരുന്നു. എന്നാൽ തന്റെ സൈന്യത്തെക്കൊണ്ട് കൗരവന്മാരെയും ശ്രീകൃഷ്ണൻ സഹായിച്ചുവെന്നാണ് കഥ. യുദ്ധത്തിന് മുമ്പ് കൗരവന്മാരെ പ്രതിനിധാനം ചെയ്ത് ദുര്യോധനനും പാണ്ഡവന്മാരെ പ്രതിനിധാനം ചെയ്ത് അർജുനനും സഹായാർഥനയുമായി ശ്രീകൃഷ്ണനെ സമീപിച്ചുവെന്നും, ഇരുവർക്കും അദ്ദേഹം സഹായം വാഗ്ദത്തം ചെയ്തുവെന്നും പറയപ്പെടുന്നു. കുരുപുത്രന്മാരെ ശ്രീകൃഷ്ണൻ തന്റെ സൈന്യത്തെക്കൊണ്ടും പാണ്ഡവന്മാരെ താൻ നേരിട്ടും സഹായിച്ചു. കുരുക്ഷേത്ര യുദ്ധത്തിൽ അർജുനന്റെ തേരാളിയായിട്ടാണ് ശ്രീ കൃഷ്ണനെ കാണുന്നത്.

സേനകൾ രണ്ടും മുഖാമുഖമായി അണിനിരന്നു. ശ്രീകൃഷ്ണൻ അർജുനന്റെ തേർതെളിച്ചുകൊണ്ടു വന്നു. അർജുനൻ മറുപക്ഷത്തെ ആകമാനമൊന്ന് വീക്ഷിച്ചു. ഇരുപക്ഷത്തും യുദ്ധത്തിന് അണിനിരന്നതായി അദ്ദേഹം കണ്ടത് സ്വബന്ധുക്കളെയാണ്. പിതാക്കന്മാർ, പിതാമഹന്മാർ, ഗുരുഭൂതന്മാർ, അമ്മാവൻമാർ, സോദരന്മാർ, പുത്രന്മാർ, പൗത്രന്മാർ, ചങ്ങാതിമാർ, ശ്വശുരന്മാർ, സുഹൃത്തുക്കൾ മുതലായ ബന്ധുക്കളെ കണ്ടപ്പോൾ അർജുനനെ വൈക്ലബ്യം ബാധിച്ചു; അവയവങ്ങൾ തളർന്നു; വായവരണ്ടു; തനുവിറച്ചു; രോമാഞ്ചമുണ്ടായി; ഗാണ്ഡീവചാപം (വില്ലു)കരത്തിൽ നിന്ന് താനെ വഴുതി വീണു; ദേഹമാകെ എരിപൊരികൊണ്ടു. അദ്ദേഹം കൃഷ്ണനോട് പറഞ്ഞു: "ആരുടെ ആവശ്യത്തിന്‌വേണ്ടി, നാം രാജ്യത്തേയും സുഖഭോഗങ്ങളേയും കാംക്ഷിക്കണമോ, ആ ഗുരുനാഥന്മാർ, പിതാ- പിതാമഹന്മാർ, പുത്ര-പൗത്രന്മാർ, അമ്മാവന്മാർ, ശ്വശുരന്മാർ, സ്യാലന്മാർ എന്നീ ബന്ധുക്കൾ ജീവനേയും ധനത്തേയും പരിത്യജിച്ചു യുദ്ധത്തിനിതാ വന്നുനിൽക്കുന്നു. അല്ലയോ മധുസൂദനാ, ഇവർ ഞങ്ങളെ കൊല്ലുന്നവരാണെങ്കിലും ശരി, ത്രൈലോകാധിപത്യത്തിന് വേണ്ടിപോലും ഇവരെ വധിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നിട്ടല്ലേ ഭൂമിയുടെ ആധിപത്യത്തിന് വേണ്ടി ഞാനത് ചെയ്യുക.?"[2]

അർജുനൻ ദുർബലനാവുകയെന്നാൽ പാണ്ഡവന്മാർ പരാജയമടയുകയെന്നാണർഥം. അതിനാൽ കൃഷ്ണൻ സന്ദർഭത്തിന്റെ ഗൗരവം അർജുനനെ ധരിപ്പിച്ചു. എന്നിട്ടും അദ്ദേഹത്തെ പിടികൂടിയ വൈക്ലബ്യം നീങ്ങിയില്ല. അപ്പോൾ ശ്രീ കൃഷ്ണൻ ധർമസ്ഥാപനത്തിന്റെ ആവശ്യകതയും അധർമനാശനത്തിന്റെ അനിവാര്യതയും അദ്ദേഹത്തെ തെര്യപ്പെടുത്തേണ്ടതിനായി, ആധ്യാത്മിക തത്ത്വങ്ങളുടെ സാരസർവസ്വമായ ഗീത ഉപദേശിച്ചു. അങ്ങനെ അർജുനന് ജ്ഞാനോദയവും കർമശക്തിയും ലഭിച്ചു. ഗീതയിൽ ഉപനിഷത്തുകളുടേയും വേദതത്ത്വങ്ങളുടേയും സാരം മുഴുവൻ അടങ്ങിയിട്ടുണ്ടെന്ന് വിശ്വസിക്കപ്പെടുന്നു.'മഹാ

ഭാരത'ത്തിൽ പ്രപഞ്ചനം ചെയ്ത യുദ്ധസംഭവങ്ങളുടെ ഒരു ഭാഗമാണ് ഭഗവദ്ഗീത. പതിനെട്ട് അദ്ധ്യായങ്ങളിലായി 700 ശ്ലോകങ്ങളുണ്ടിതിൽ. ഭാരതീയ ചിന്തകന്മാരിൽ പലരും ഗീതക്ക് വ്യാഖ്യാനമെഴുതിയിട്ടുണ്ട്. പ്രധാന ലോകഭാഷകളിൽ ഗീതയുടെ പരിഭാഷകൾ വന്നിട്ടുണ്ട്. ഇന്ത്യൻ തത്ത്വശാസ്ത്രത്തിന്റെ പ്രധാന രേഖയാണ് ഭഗവദ്ഗീത.

യുദ്ധത്തിൽ കൗരവന്മാർക്കാണ് പരാജയം പറ്റിയത്. അവരിൽ കെങ്കേമന്മാരായ പലരും വധിക്കപ്പെട്ടു. എല്ലാം ശ്രീകൃഷ്ണന്റെ അനുഗ്രഹാശിസ്സുകൾ കൊണ്ട് തന്നെ. കൗരവന്മാരുടെ മാതാവായ ഗാന്ധാരി യുദ്ധക്കളത്തിൽ വന്ന് സ്വജനങ്ങൾ മരിച്ചുകിടക്കുന്നത് കണ്ട് വിലപിക്കുകയും കൃഷ്ണനെ ശപിക്കുകയും ചെയ്തുവത്രേ. ആ ശാപം അദ്ദേഹത്തിന് ഫലിച്ചെന്നാണ് പറയപ്പെടുന്നത്: "മുപ്പത്താറു വർഷം കഴിയുമ്പോൾ കൃഷ്ണന്റെ വംശവും ഇതുപോലെ പരസ്പരം കലഹിച്ചു നശിക്കുകയും മിത്രങ്ങൾ ഇതുപോലെ വിലപിക്കുകയും ചെയ്യും; കൃഷ്ണൻ തന്നെ നീചഹസ്തങ്ങളാൽ മരണമടയും"- ഇതായിരുന്നു ഗാന്ധാരിയുടെ ശാപം![3]

ശ്രീകൃഷ്ണൻ ദ്വാരകയിൽ മദ്യം നിരോധിച്ചിരുന്നു. എന്നാൽ യദുക്കളും, വൃഷ്ണികളും മദ്യപാനം ചെയ്തുവന്നു. പല ദുർവൃത്തികളും അവിടെ നൃത്തമാടി. കൃഷ്ണൻ ഒരു തീർഥാടനത്തിന് പുറപ്പെട്ടു. അതോടെ യദുക്കളുടെ ദുർവൃത്തികൾ കൂടുതൽ വർധിച്ചു. കൃഷ്ണൻ മടങ്ങിവന്നപ്പോൾ ദ്വാരകാപട്ടണം ഒരു ആഭ്യന്തരസമരരംഗമായി മാറിയിരുന്നു. കൃഷ്ണൻ മദ്യമത്തരായ യാദവന്മാരെ പ്രഹരിച്ചു കൊന്നു. യാദവന്മാരിൽ ശേഷിച്ചവർ കൃഷ്ണന്റെ ബന്ധുക്കളോട് കലഹിച്ചു. അങ്ങനെ ജനങ്ങൾ പരസ്പരം പൊരുതി മരിച്ചു. ശ്രീകൃഷ്ണൻ കൊട്ടാരത്തിൽ ചെന്നു, അർജുനനെ വരുത്തുവാൻ ഹസ്തിനപുരത്തേക്ക് സാരഥിയെ അയച്ചു. "ഞാൻ ലോകത്തോട് യാത്ര പറയാൻ പോകുന്നു; അർജുനൻ വന്ന് എല്ലാവരേയും രക്ഷിച്ചുകൊള്ളും-" കൊട്ടാരത്തിലെ സ്ത്രീകളോട് ശ്രീകൃഷ്ണൻ പറഞ്ഞു. അദ്ദേഹം രാജധാനി വിട്ടു. വനത്തിൽ ചെന്ന് യോഗനിരതനായി കിടക്കുകയായിരുന്നപ്പോൾ, ഒരു വേടന്റെ അസ്ത്രം അബദ്ധത്തിൽ ശ്രീകൃഷ്ണന്റെ കാലിൽ തറച്ചു. വേടൻ പശ്ചാത്തപിച്ചു മാപ്പിരന്നു. ശ്രീകൃഷ്ണൻ അവനെ സാന്ത്വനപ്പെടുത്തി. അടുത്ത ക്ഷണത്തിൽ ആ മഹാപുരുഷൻ വൈകുണ്ഠം പ്രാപിച്ചു.

ഹിന്ദുക്കളുടെ ഒരു അവതാര പുരുഷനായ ശ്രീകൃഷ്ണന്റെ കഥയുടെ രത്ന ച്ചുരുക്കമാണിത്. ഇതിൽ ചരിത്രാംശം എത്രത്തോളമുണ്ടെന്ന് നമുക്കറിഞ്ഞുകൂടാ. ഏതായാലും ശ്രീകൃഷ്ണൻ അർജുനന് ഉപദേശിച്ചതായി പറയുന്ന ഗീതാതത്ത്വങ്ങൾ ഏവർക്കും സ്വീകാരയോഗ്യമാണ്. കൂട്ടത്തിൽ ഒരു തത്ത്വമാണ് നാം ആരംഭത്തിൽ ഉദ്ധരിച്ച ശ്ലോകങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നത്.

ധർമം പുലർത്തുകയെന്നതാണ് മനുഷ്യജന്മത്തിന്റെ സാക്ഷാൽ

ലക്ഷ്യം. ധർമസംസ്ഥാപനത്തിന്റെ പേരിൽ മനുഷ്യൻ തന്റെ സകലം ബലികഴിക്കണം. പരിപാവനമായ കുലബന്ധമോ കുടുംബസ്നേഹമോ മറ്റേതെങ്കിലും വികാരമോ ധർമ സ്ഥാപനത്തിന്റെ മുമ്പിൽ പ്രതിബന്ധ മായിക്കൂടാ. ഇതാണ് ഗീതയുടെ സന്ദേശം. ഈ സന്ദേശം തന്നെയാണ് എല്ലാ സത്യപ്രവാചകൻമാരും ലോകത്തിന്റെ മുമ്പാകെ അവതരിപ്പിച്ചി ട്ടുള്ളത്. എന്നാൽ നമ്മുടെ പരിഗണനക്ക് കൂടുതൽ വിഷയമായിട്ടുള്ളത് മറ്റൊന്നാണ്: ധർമം ക്ഷയിച്ച്, അധർമം വർധിക്കുന്ന ഘട്ടങ്ങളിലെല്ലാം ധർമസ്ഥാപകന്മാർ ആവിർഭൂതരാവുമെന്നും, ധർമാനുസാരികളായ ശിഷ്ട ജനങ്ങളെ രക്ഷിക്കുകയും അധർമ ശക്തികളെ നശിപ്പിക്കുകയും ചെയ്യുക എന്നതാണ് അവരുടെ ആഗമനോദ്ദേശ്യമെന്നും ഗീത പറയുന്നു. ഇത് ഇസ്‌ലാമിലെ പ്രവാചകത്വ സിദ്ധാന്തത്തിന്റെ മറ്റൊരു പ്രതിപാദനശൈ ലിയാണ്. ഇതിൽനിന്ന് മനസ്സിലാക്കേണ്ടത് ഗീതയുടെ കാലം മുതൽക്കെ ങ്കിലും ഭാരതീയരിൽ പ്രവാചകത്വ വിശ്വാസം, അല്ലെങ്കിൽ ധർമസംസ്ഥാ പകന്മാരുടെ ആഗമനസങ്കൽപം നിലനിൽക്കുന്നുണ്ടെന്നാണ്.

ധർമം എന്ന് പറയുമ്പോൾ ഗീത വിവക്ഷിക്കുന്നത് ആ പദത്തിന് നൽകപ്പെടാറുള്ള പരിമിതമായ അർഥമല്ല. ഖുർആനിലെ 'ദീൻ' എന്ന ശബ്ദത്തിനുള്ള അർഥവൈപുല്യം ആ ശബ്ദത്തിനുണ്ട്. അധർമകാരി കളോട് സമരം ചെയ്യുന്നത് പോലും ധർമമാണ്; എന്നല്ല, അതിൽ കവിഞ്ഞ മറ്റൊരു ധർമമില്ലെന്നാണ് ഗീതയുടെ മതം:

"സ്വധർമ്മമപി ചാവേക്ഷ്യ
ന വികമ്പിതുമർഹസി.
ധർമ്മ്യാദ്ധി യുദ്ധാച്ഛ്റേയോf ന്യത്
ക്ഷത്രിയസ്യ ന വിദ്യതേ."[4]

(സ്വധർമം നോക്കിയാലും മുൻനിശ്ചയത്തിൽ നിന്ന് നീ വ്യതിചലിക്കാ നർഹനല്ല. എന്തെന്നാൽ, ധർമാനുസാരിയായ യുദ്ധത്തെക്കാൾ ശ്രേയ സ്കരമായിട്ട് ക്ഷത്രിയന് മറ്റൊരു ധർമമില്ല.)

ആകയാൽ മതസംസ്ഥാപനവും ധർമസംസ്ഥാപനവും വാസ്തവ ത്തിൽ ഒന്നുതന്നെയാണ്. അവ തമ്മിൽ പറയത്തക്ക അന്തരമില്ല.

## പ്രവാചകത്വവും അവതാരവും

തത്ത്വത്തിൽ അടുപ്പമുണ്ടെങ്കിലും സങ്കൽപത്തിൽ അന്തരമുണ്ട് പ്രവാചകത്വവും അവതാരവും തമ്മിൽ. പ്രവാചകന്മാരും അവതാരപു രുഷന്മാരും ആവിർഭൂതരാകുന്നത് ധർമസംസ്ഥാപനത്തിന് വേണ്ടിയാണ്. പക്ഷേ, പ്രവാചകൻ ദൈവമോ, ദൈവാംശമോ അല്ല. കേവലം മനുഷ്യ നാണ്. അദ്ദേഹത്തിന് ദൈവത്തിന്റെ സന്ദേശം ലഭിക്കുന്നുവെന്ന് മാത്രം. എന്നാൽ അവതാര സങ്കൽപത്തിൽ ദൈവം ഒന്നുകിൽ ശരീരം ധരിക്കുക അല്ലെങ്കിൽ പരകായപ്രവേശം ചെയ്യുക എന്ന അർഥമുൾക്കൊള്ളുന്നു. ഇപ്പറഞ്ഞ രണ്ടു രൂപങ്ങളും ഏകദൈവത്തിന്റെ മഹത്വവുമായി ഇണ ങ്ങുന്നതല്ല. മനുഷ്യമനസ്സുകളിൽ രൂപപ്പെടുന്ന എല്ലാ ഇമേജുകൾക്കുമ

തീതനാണ് ദൈവം എന്നത്രെ ഇസ്‌ലാമിക ശിക്ഷണം. "അവർ വർണ്ണിക്കുന്നതിൽ നിന്നും അതീതനായിരിക്കുന്നു അല്ലാഹു"[5] എന്നാണ് ഖുർആൻ പറയുന്നത്.

ഇസ്‌ലാമിലെ പ്രവാചകത്വവിഭാവനം ഇങ്ങനെയാണ്: അല്ലാഹു മനുഷ്യരിൽനിന്ന് ചില സവിശേഷ വ്യക്തികളെ തിരഞ്ഞെടുക്കുന്നു. തന്റെ നിർദേശങ്ങളടങ്ങിയ സന്ദേശം അവർക്ക് നൽകുന്നു. ആ സന്ദേശം ജനങ്ങളെ ഉപദേശിക്കാനും അതിന്റെ അടിസ്ഥാനത്തിൽ ഒരു ജീവിത രീതി കെട്ടിപ്പടുത്ത് മാതൃക കാണിക്കാനും ആ വ്യക്തികളെ ചുമതലപ്പെടുത്തുന്നു. ഇങ്ങനെയുള്ള വ്യക്തികൾക്കാണ് ഇസ്‌ലാം 'നബിമാർ' എന്നോ 'റസൂൽമാർ' എന്നോ പറയുന്നത്. നബി എന്നാൽ പ്രവാചകൻ; റസൂൽ എന്നാൽ ദൂതൻ.

ദൈവവും പ്രവാചകനും തമ്മിലുള്ള ബന്ധം ഉടമയും അടിമയും തമ്മിലുള്ള ബന്ധമാണ്. ഒരു വ്യക്തി ആധ്യാത്മിക മണ്ഡലങ്ങളിൽ എത്ര ഉന്നതി പ്രാപിച്ചാലും, ദൈവദാസൻ എന്ന അവസ്ഥയിൽനിന്ന് അദ്ദേഹം പുറത്തുകടക്കുന്നതല്ല. എന്നാൽ മനുഷ്യന് സിദ്ധമാവുന്ന ആധ്യാത്മിക പദവികളിൽ ഉത്കൃഷ്ടമായിട്ടുള്ളത് പ്രവാചകത്വസ്ഥാനം തന്നെയാണ്.

പ്രവാചകന്മാർക്ക് ദൈവത്തിന്റെ സന്ദേശം ലഭിക്കുന്നതെങ്ങനെ? ഇതിന്റെ സുവ്യക്തമായ ചിത്രം നമുക്ക് ലഭിച്ചിട്ടില്ല. എങ്കിലും ഒരേകദേശ രൂപം ഖുർആൻ നമുക്ക് നൽകിയിട്ടുണ്ട്. അദൃശ്യലോകത്ത് ഒരു പ്രത്യേകതരം സൃഷ്ടികളുണ്ട്. അവരെ 'മലക്കുകൾ' എന്നാണ് ഖുർആൻ വിളിച്ചിരിക്കുന്നത്. അവരുടെ ശരിയായ യാഥാർഥ്യം നമുക്കറിഞ്ഞുകൂടാ. എങ്കിലും അവർ ദൈവത്തിന്റെ ആജ്ഞാനുവർത്തികളായ ദാസന്മാരാണെന്നും അവർ മുഖേനയാണ് ദൈവസന്ദേശം പ്രവാചകന്മാർക്ക് അവതരിപ്പിക്കപ്പെടുന്നതെന്നും ഖുർആൻ പ്രസ്താവിച്ചിട്ടുണ്ട്. ദൈവസന്ദേശത്തിന് ഖുർആൻ നൽകിയ സംജ്ഞ 'വഹ്‌യ്' എന്നാണ്. വഹ്‌യ് അഥവാ ദൈവസന്ദേശം മനുഷ്യർക്ക് ലബ്ധമാവുന്നത് മൂന്ന് പ്രകാരത്തിലാകുന്നു:

1. പ്രവാചകന്റെ മനസ്സിൽ ബോധനം ചെയ്യുക.

2. മറയ്ക്കു പിറകിൽ നിന്ന് അശരീരി കേൾക്കുക.

3. അല്ലാഹു ഒരു ദൂതനെ അയച്ച് താനിച്ഛിക്കുന്ന കാര്യം ആ ദൂതൻ മുഖേന ബോധനം ചെയ്യുക.

ദൈവസന്ദേശം ലഭിക്കുന്നത് ചിലപ്പോൾ ജാഗ്രതാവസ്ഥയിലും മറ്റ് ചിലപ്പോൾ സ്വപ്നദർശനരൂപത്തിൽ നിദ്രാവസ്ഥയിലുമായിരിക്കും. പ്രവാചകന്മാരുടെ സത്യസന്ധതയിലും ആത്മാർഥതയിലുമുള്ള വിശ്വാസമൊന്നുമാത്രമാണ് അവരെ അംഗീകരിക്കുന്നതിനാധാരം. എന്നാൽ ചിലപ്പോൾ തങ്ങളുടെ സത്യസന്ധത തെളിയിപ്പാനായി പ്രവാചകന്മാർ അസാധാരണ സിദ്ധികൾ കാണിക്കാറുണ്ട്. ഇതിന് 'ആയത്ത്' (അടയാളം) എന്നു പറയുന്നു.

പ്രവാചകന്മാർക്ക് ദൈവത്തിന്റെ സന്ദേശങ്ങൾ ലഭിക്കുന്നത് മലക്കുകൾ മുഖേനയാണെന്ന് പറഞ്ഞുവല്ലോ. മലക്ക് എന്ന അറബി ശബ്ദത്തിന്റെ അർഥം ദൂതൻ എന്നാണ്. ഇതര സെമിറ്റിക് ഭാഷകളിൽ 'മാലാഖ' എന്നു പറയുന്നതും ഇതേ അർഥത്തിലാണ്. മലക്കുകൾ മനുഷ്യരോ ദൈവങ്ങളോ അല്ല. ദൈവശാസനകൾ പ്രത്യക്ഷരം അനുസരിക്കുന്ന ദൈവത്തിന്റെ ദാസന്മാർ മാത്രമാണ്. അവരിലുള്ള വിശ്വാസം ഇസ്ലാമിലെ അടിസ്ഥാനവിശ്വാസങ്ങളിലൊന്നാണ്. പ്രവാചകന്മാർക്ക് ദൈവസന്ദേശം ലഭിക്കുന്നതിനുള്ള ഒരു മാധ്യമമായി സ്ഥിതിചെയ്യുന്നതുകൊണ്ടാണ്, മലക്കുകളിലുള്ള വിശ്വാസത്തിന് ഇസ്ലാം ഇത്രമേൽ പ്രാധാന്യം കല്പിച്ചിട്ടുള്ളത്. മലക്കുകളിൽ വിശ്വാസമില്ലാത്ത ഒരാൾ ദൈവസന്ദേശത്തിലും ഖുർആനിലും വിശ്വസിക്കുക സംഭവ്യമല്ല. ദൈവസന്ദേശം കൊണ്ടുവരുന്ന മലക്കിന്റെ പേര് 'ജിബ്രീൽ' (ഗബ്രിയേൽ) എന്നാകുന്നു.

അവതാരസങ്കൽപവും പ്രവാചകത്വവിശ്വാസവുമായി വിശദാംശങ്ങളിൽ പൊരുത്തക്കേടുണ്ടെന്നത് ശരിയാണ്. എന്നാൽ തത്ത്വത്തിൽ പറയത്തക്ക അന്തരമൊന്നുമില്ല. അവതാര പുരുഷന്മാരും പ്രവാചകന്മാരെപ്പോലെ ദൈവത്താൽ നിയോഗിക്കപ്പെട്ടവർ തന്നെ. അവരും ദൈവത്തിന്റെ സന്ദേശങ്ങളും വിധിവിലക്കുകളുമാണ് ജനങ്ങൾക്ക് പ്രബോധനം ചെയ്യുന്നത്. അധർമം തുടച്ചു നീക്കി ധർമം സ്ഥാപിക്കുക എന്ന ഭാരിച്ച കർത്തവ്യമാണ് അവർക്ക് നിർവഹിപ്പാനുള്ളത്. ഈ നിലകളിലൊന്നും പ്രവാചകന്മാരും അവതാരപുരുഷന്മാരും തമ്മിൽ വ്യത്യാസമില്ല.

എന്നാൽ പ്രവാചകൻ ഒരിക്കലും ആരാധ്യനല്ല. എന്തെന്നാൽ അദ്ദേഹത്തിന് ദൈവത്വത്തിൽ ലവലേശം പങ്കില്ല. അദ്ദേഹവും ദൈവവും തമ്മിലുള്ള ബന്ധം അടിമയും ഉടമയും തമ്മിലുള്ള ബന്ധമാണെന്ന് പറഞ്ഞുവല്ലോ. അവതാര പുരുഷൻ ദൈവത്വത്തിന്റെ പ്രതീകമാണെന്ന സങ്കല്പത്തിൽ ആരാധ്യനായി വിചാരിക്കപ്പെടുന്നു. ഇതാണ് ഇരു സങ്കല്പങ്ങളും തമ്മിലുള്ള പ്രധാനഅന്തരം.

## അവതാരങ്ങൾ

ഹിന്ദുക്കളുടെ വിശ്വാസപ്രകാരം പത്തവതാരങ്ങളുണ്ട്: മാത്സ്യം, കൗർമം, വാരാഹം, നരസിംഹം, വാമനം, പരശുരാമൻ, ശ്രീരാമൻ, ശ്രീകൃഷ്ണൻ, ബലരാമൻ, കല്ക്കി. ഇവയിൽ കൽക്കി ഒഴിച്ചുള്ള ഒമ്പത് അവതാരങ്ങളും കഴിഞ്ഞു പോയി. കലിയുഗത്തിൽ അവതരിക്കാനിരിക്കുന്ന കൽക്കി മാത്രമാണ് അവശേഷിക്കുന്നത്. ഇപ്പറഞ്ഞ ഓരോ അവതാരത്തെക്കുറിച്ചും ഹിന്ദുക്കൾക്ക് പുരാണങ്ങളുണ്ട്. പുരാണങ്ങൾ പതിനെട്ടാണത്രെ. ഇതിൽ 'ഭവിഷ്യപുരാണം' വരാൻ പോകുന്ന കാര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഗ്രന്ഥമാണ്. 'ഭാഗവതം' എന്ന ഗ്രന്ഥവും ഭാവികാര്യങ്ങളെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്.

അവസാന അവതാരത്തെപ്പറ്റി ഭവിഷ്യപുരാണത്തിൽ പറയുന്നത്

ഇങ്ങനെയാണ്:

"ഏതസ്മിന്നന്തരേ മ്ലേച്ഛ-
ആചാര്യേണ സമന്വിതഃ
മഹാമദ ഇതിഖ്യാതഃ
ശിഷ്യശാഖാസമന്വിതം."[6]

(അപ്പോൾ മ്ലേച്ഛൻ [അന്യദേശക്കാരൻ] ആയ ഒരു ആചാര്യൻ [ആത്മീയഗുരു] അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളോടൊപ്പം പ്രത്യക്ഷപ്പെടും. അദ്ദേഹത്തിന്റെ നാമം മഹാമദ [മുഹമ്മദ്] എന്നായിരിക്കും.)

ചിലരുടെ അഭിപ്രായപ്രകാരം അവതാരങ്ങൾ ഇരുപത്തിനാലാണ്. ഇരുപത്തിമൂന്നും കഴിഞ്ഞു. ഏതായാലും ഈ അവതാര സങ്കൽപം ആദി ആര്യന്മാർക്കുണ്ടായിരുന്നോ എന്നു സംശയമാണ്. ആര്യന്മാരുടെ ഏറ്റവും പ്രാചീനമായ ഗ്രന്ഥം ഋഗ്വേദമത്രെ. അതിൽ അവതാരത്തെപ്പറ്റി സൂചനയൊന്നുമില്ലെന്നാണ് വേദവിത്തുകളായ ചില പാശ്ചാത്യൻ പണ്ഡിതന്മാരുടെ അഭിപ്രായം.

ഇന്ത്യയിൽ പിൽക്കാലത്തുദ്ഭവിച്ച ചില ഹൈന്ദവമതനവീകരണ പ്രസ്ഥാനങ്ങൾ അവതാര സങ്കൽപത്തെ എതിർത്തിട്ടുണ്ട്. കബീറി(ക്രി. 1440–1518) ന്റെ പരിഷ്കരണ പ്രസ്ഥാനം ഒരുദാഹരണം. പ്രസിദ്ധ ചരിത്രകാരനായ ഡോ. താരാചന്ദ് എഴുതുന്നു: "അദ്ദേഹം (കബീർ) അവതാരവാദത്തെ പരസ്യമായി നിഷേധിച്ചിരുന്നു...........(അദ്ദേഹം പറഞ്ഞു:) 'പ്രപഞ്ചത്തിന്റെ ഉടമസ്ഥനായദൈവം, ദുർബലന്മാരും പ്രബലന്മാരും തമ്മിലുള്ള അസമത്വം കണ്ടിട്ട്, ശ്രീ രാമനായി അവതരിച്ചു എന്ന് അവർ (ഹിന്ദുക്കൾ) പറയുന്നു.' കബീർ പറയുന്നു: 'ജനിക്കുകയും മരിക്കുകയും ചെയ്യുന്ന യാതൊരാളുടെ മുമ്പിലും ശിരസ്സുകുനിക്കുവാൻ പാടുള്ളതല്ല; ആളുകൾ പറയുന്ന ദശാവതാരങ്ങളുമായി എനിക്ക് ഒരു ബന്ധവുമില്ല."[7]

ആകയാൽ അവതാരസങ്കൽപം ആര്യമതത്തിന്റെ അടിസ്ഥാനപരമായ ഒരു സിദ്ധാന്തമാണെന്ന് തോന്നുന്നില്ല. ആ സിദ്ധാന്തം പിൽക്കാല സൃഷ്ടിയായിരിക്കാൻ തെളിഞ്ഞ സാധ്യതയുണ്ട്. എന്നാൽ അവതാര സങ്കൽപത്തിലെ താത്ത്വികവശം, അതായത്, ധർമസംസ്ഥാപനാർഥം മഹാപുരുഷന്മാർ നിയോഗിക്കപ്പെടുക എന്ന വശം സുപ്രധാനമാണ്. അത് ഇസ്‌ലാമിലെ പ്രവാചകത്വ വിശ്വാസത്തോട് തികച്ചും പൊരുത്തപ്പെടുന്നുമുണ്ട്.

ഓരോ വിഭാഗത്തിന്റെയും സാങ്കേതികസംജ്ഞകൾ തമ്മിൽ വ്യത്യാസം കാണുക സാധാരണമാണ്. പക്ഷേ, തത്ത്വത്തിൽ അവ ഒന്നായിരിക്കും താനും. സാങ്കേതിക സംജ്ഞകളിലുള്ള വൈവിധ്യം മുൻനിർത്തി, തത്ത്വത്തിലുള്ള അടുപ്പം അവഗണിക്കുന്ന പക്ഷം യാതൊരു വിജ്ഞാനവും പുരോഗമിക്കുകയില്ല. ഇതുപോലെയാണ് മതപരമായ സാങ്കേതിക സംജ്ഞകളുടെ സ്ഥിതിയും.

തങ്ങളുടെ മതാചാര്യന്മാരെ പുരാതനഭാരതീയർ അവതാരമെന്നാണ് വിളിച്ചിരുന്നത്. അവരുടെ ഒരു സാങ്കേതിക സംജ്ഞയത്രേ അത്.

അതിന്റെ വിഭാവനയുമായി ഇസ്‌ലാമിക വിഭാവന പൊരുത്തപ്പെടുന്നില്ലന്ന് വെച്ച്, ഭാരതത്തിൽ പ്രവാചക നിയോഗം ഉണ്ടായിട്ടില്ലെന്ന് വിചാരിക്കുന്നത് ശരിയാവില്ല. എന്തെന്നാൽ ഖുർആനിലെ സാമാന്യ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ഭാരതത്തിലും ദൈവദൂതന്മാരും പ്രവാചകന്മാരും വന്നിട്ടുണ്ടെന്ന് ഉറപ്പാണ്. ഖുർആനിൽ അല്ലാഹു പറയുന്നു: "എല്ലാ ഓരോ ജനസമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. 'അല്ലാഹുവിന് ഇബാദത്ത് ചെയ്യണം; ത്വാഗൂത്തിനെ കൈവെടിയണം.' (ഇതായിരുന്നു അദ്ദേഹത്തിന്റെ ദൗത്യം! ")[8]

ഗീതയിൽ പറഞ്ഞ ധർമസംസ്ഥാപനത്തിന്റെ മറ്റൊരു സാങ്കേതിക സംജ്ഞയാണ് ഏകദൈവത്തിനുള്ള ഇബാദത്ത്. 'ഇബാദത്ത്' എന്നാൽ പരമമായ ഒരധികാരശക്തിക്കുമുമ്പിൽ സർവാത്മനാ തലകുനിച്ച് അതിന്റെ ആജ്ഞാനിരോധങ്ങൾ അക്ഷരംപ്രതി നടപ്പിൽ വരുത്തുകയെന്നാണ് അർഥം. ഇതുതന്നെയാണ് ധർമസംസ്ഥാപനംകൊണ്ടും വിവക്ഷിക്കുന്നത്. അധർമത്തിന് മേധാവിത്വവും ആധിപത്യവും നേടിക്കൊടുക്കുകയും അതിനെ നിലനിർത്തുവാൻ യത്നിക്കുകയും ചെയ്യുന്ന ദുഷ്ട ശക്തികളുടെ പേരാണ് 'ത്വാഗൂത്ത്'. അതിനെ കൈവെടിയുക എന്നു പറഞ്ഞാൽ അതിന്റെ മേധാവിത്വം അവസാനിപ്പിക്കുകയെന്നാണർഥം. ചുരുക്കത്തിൽ മഹാപുരുഷന്മാരുടെ ആവിർഭാവത്തിന്റെ ഉദ്ദേശ്യമായി ഗീതയും ഖുർആനും പറഞ്ഞിട്ടുള്ളത് ആന്തരാർഥത്തിൽ ഒന്നു തന്നെയാണ്.

റസൂൽമാർ എല്ലാ ഓരോ സമുദായത്തിലും നിയുക്തരായിട്ടുണ്ടെന്നാണ് പ്രസ്തുത ഖുർആനിക സൂക്തം പറയുന്നത്. വേറെ പലേടങ്ങളിൽ ഇതേ ആശയം ഖുർആൻ ആവർത്തിച്ചുറപ്പിച്ചിട്ടുണ്ട്. ഒരിടത്ത് പറയുന്നു:

"ഓരോ ജനസമുദായത്തിനുമുണ്ട്, ദൈവദൂതൻ. തങ്ങളുടെ ദൂതൻ വന്നാൽ ജനങ്ങൾക്കിടയിൽ ധർമാനുസാരം വിധി കല്പിക്കപ്പെടും."[9]

മറ്റൊരിടത്ത് പറയുന്നു:

"ഒരു മുന്നറിയിപ്പുകാരൻ (പ്രവാചകൻ) കഴിഞ്ഞുപോയിട്ടില്ലാത്ത ഒറ്റ ജനവിഭാഗവുമില്ല."[10]

"എല്ലാ ഓരോ ജനതക്കുമുണ്ട് ഒരു മാർഗദർശി (പ്രവാചകൻ)."[11]

എല്ലാ ഓരോ ജനവിഭാഗത്തിലും ദൈവദൂതൻമാർ വന്നിട്ടുണ്ടെന്നാണ് ഉപരിസൂചിതമായ ഖുർആൻ വാക്യങ്ങൾ അസന്ദിഗ്ധമായി പ്രസ്താവിക്കുന്നത്. എങ്കിൽ മനുഷ്യനാഗരികതയുടെ അതിപ്രാചീന കേന്ദ്രങ്ങളിലൊന്നായ ഭാരതത്തിലും പ്രവാചകൻ നിയോഗിക്കപ്പെട്ടിട്ടുണ്ടെന്നു സിദ്ധം. അതിനാൽ ഭാരതീയരുടെ ധാർമിക സങ്കൽപം ഏതോ ഒരു പ്രവാചകമതത്തിന്റെ അവശിഷ്ടമാണെന്നു തീർച്ച!

## ഭാരതീയ പ്രവാചകരും മുസ്‌ലിംകളും

മറ്റെല്ലാ ജനസമുദായങ്ങളിലുമെന്നപോലെ ഭാരതീയരിലും പ്രവാച

കൻ അഥവാ പ്രവാചകൻമാർ വന്നിരിക്കുമെന്നുള്ള സംഗതി ഖുർആന്റെ സാമാന്യ പ്രസ്താവനയുടെ വെളിച്ചത്തിൽ മുസ്‌ലിംകൾക്ക് അംഗീകരിക്കേണ്ടിയിരിക്കുന്നു. എന്നാൽ ആരായിരുന്നു ഈ പ്രവാചകൻ? അദ്ദേഹത്തിന്റെ ഊരും പേരും ഏതായിരുന്നു? ഈ പ്രശ്നത്തിന് ഖണ്ഡിതവും കണിശവുമായ ഒരുത്തരം ലഭിക്കുക എളുപ്പമല്ല. ഭാരതത്തിൽ നിയുക്തനായ പ്രവാചകന്റെ കഥ ഖുർആൻ പറഞ്ഞിട്ടില്ല. പറഞ്ഞിരുന്നുവെങ്കിൽ അദ്ദേഹത്തെ അംഗീകരിക്കുന്ന വിഷയത്തിൽ മുസ്‌ലിംകൾ യാതൊരു വൈമുഖ്യവും കാണിക്കുമായിരുന്നില്ല. നോഹ (നൂഹ്), അബ്രഹാം (ഇബ്റാഹീം), മോസസ് (മൂസാ), യേശുക്രിസ്തു (ഈസാ) തുടങ്ങി ഒട്ടനേകം മഹാപുരുഷന്മാരെ മുസ്‌ലിംകൾ പ്രവാചകന്മാരായി അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നുണ്ട്. ഖുർആൻ വിവരിച്ചതുകൊണ്ട് അവരുടെ പ്രവാചകത്വത്തിൽ മുസ്‌ലിംകൾക്കു യാതൊരു സംശയത്തിനും ഇടയില്ലാത്തതാണ് കാരണം.

എന്നാൽ ഖുർആനിൽ പ്രത്യേകമായി പ്രതിപാദിച്ചില്ലെന്നുവച്ച്, ഭാരതത്തിൽ പ്രവാചക നിയോഗമേ ഉണ്ടായിട്ടില്ലെന്നു വിചാരിച്ചുകൂടാ. എല്ലാ ജനസമുദായങ്ങൾക്കും നിയുക്തരായ പ്രവാചകന്മാരെ ഖുർആൻ പരിചയപ്പെടുത്തിയിട്ടില്ലല്ലോ. അല്ലാഹു ഖുർആനിൽ അരുളിച്ചെയ്യുന്നു: "(ഓ മുഹമ്മദ് നബീ), താങ്കൾക്ക് മുമ്പും നാം ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്. അവരിൽ ചിലരുടെ വൃത്താന്തം താങ്കൾക്കു നാം കഥനം ചെയ്തു തന്നു. (എന്നാൽ) നാം കഥനം ചെയ്തുതരാത്തവരും അക്കൂട്ടത്തിലുണ്ട്."[12]

എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കണമെന്നാണ് ഖുർആന്റെ അനുശാസനം. യാതൊരു പ്രവാചകനോടും വിവേചനാമനോഭാവം അനുവർത്തിക്കാൻ പാടില്ല. മുഹമ്മദ് നബി(സ)യുടെയും അനുയായികളുടെയും ശരിയായ നിലപാട് പ്രഖ്യാപിച്ചുകൊണ്ട് ഖുർആൻ പറയുന്നു:

"ദൈവദൂതൻ തന്റെ നാഥങ്കൽനിന്ന് അവതരിച്ചു കിട്ടിയതിൽ വിശ്വസിച്ചിരിക്കുന്നു. (അതുപോലെയാണ്) സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും അവന്റെ മലക്കുകളിലും വേദങ്ങളിലും ദൂതന്മാരിലും വിശ്വസിച്ചു. ദൂതന്മാരിൽ ഒരാളോടും വിവേചനം കാണിക്കുന്നില്ല! (ഇതത്രെ അവരുടെ നിലപാട്.)"[13]

ഈ നയപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലാണ് മുസ്‌ലിംകൾ പൂർവ പ്രവാചകന്മാരിലെല്ലാം വിശ്വസിക്കുന്നത്. ആ മഹാത്മാക്കളുടെ നാമങ്ങൾ ഉച്ചരിക്കുമ്പോൾ അവർ 'അലൈഹിസ്സലാം' എന്നാശംസിക്കുന്നു. 'അദ്ദേഹത്തിന് സമാധാനം ഭവിക്കട്ടെ' എന്നാണ് ആ വാക്കിന്റെ അർഥം. ആകയാൽ ഭാരതീയ പ്രവാചകന്മാരെയും അംഗീകരിച്ചാദരിപ്പാൻ മേൽ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ മുസ്‌ലിംകൾ കടപ്പെട്ടിരിക്കുന്നു. ഖുർആനിൽ പേരുദ്ധരിച്ചില്ല എന്നത് ഒരു പ്രതിബന്ധമാവുന്നില്ല. ഇസ്രായേൽ വംശത്തിൽ നിയുക്തരായ പ്രവാചകന്മാരിൽ പലരുടെയും നാമങ്ങൾ ഖുർആൻ പ്രസ്താവിച്ചിട്ടില്ല. ശമൂവേൽ, യശയ്യാവ്, യഹസ്കേൽ, യിരമ്യാവ്, നിഹിമ്മാവ് എന്നീ പേരുകൾ ഉദാ

ഹരണം. എന്നിരുന്നാലും അവരെ പ്രവാചകന്മാരെന്ന നിലയിൽ മുസ്‌ലിം കൾ ബഹുമാനിക്കുന്നു.

എന്നാൽ ഭാരതീയ മതാചാര്യന്മാരിലൊരു വ്യക്തിയെയും മുസ്‌ലിം കൾ പ്രവാചകനായി അംഗീകരിച്ചിട്ടില്ലെന്നത് ശരിയാണ്. എന്താണി തിന്റെ കാരണം? അവരുടെ യഥാർഥ വ്യക്തിത്വം മുസ്‌ലിംകൾക്കു തിരി ച്ചറിയാൻ കഴിഞ്ഞില്ല എന്നതുതന്നെ.

ഒന്നാമതായി, പുരാതനഭാരതീയർക്ക് വ്യക്തികളുടെ ജീവചരിത്രം കുറിച്ചുവയ്ക്കുന്ന പതിവില്ലായിരുന്നു. തന്നിമിത്തം ഭാരതീയ മതാചാ ര്യന്മാരുടെ വ്യക്തിത്വമോ പ്രബോധനമോ ഇസ്‌ലാമിക മാനദണ്ഡമനു സരിച്ചു വിലയിരുത്തുവാൻ മുസ്‌ലിംകൾക്ക് കഴിഞ്ഞില്ല. ചരിത്രകാര ന്മാരെപ്പോലും അത്യന്തം കുഴക്കിയ ഒരു സ്ഥിതിവിശേഷമാണിത്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു എഴുതുന്നു:

“ഇന്ത്യയുടെ പ്രാചീനചരിത്രം പഠിക്കുന്നതിൽ നമുക്ക് വലിയൊരു വിഷമമുണ്ട്. പുരാതന ആര്യന്മാർ-ഇന്തോആര്യന്മാർ എന്നാണ് ഇവരെ വിളിച്ചുവരുന്നത്- ചരിത്രം കുറിച്ചുവയ്ക്കുന്നതിനു തീരെ ഉത്സുകരായി രുന്നില്ല.”[14]

രണ്ടാമതായി ഭാരതീയാചാര്യന്മാരുടെ വ്യക്തിത്വങ്ങൾ യുക്തിക്കിണ ങ്ങാത്ത ഐതിഹ്യങ്ങളാലും കെട്ടുകഥകളാലും ആവരണം ചെയ്യപ്പെ ട്ടിരിക്കുകയാണ്. അവർ ചരിത്ര പുരുഷന്മാരോ വെറും കഥാപാത്രങ്ങളോ എന്ന് തീരുമാനിക്കുക പോലും വിഷമമാണ്. എന്നിട്ടല്ലേ, അവരുടെ വ്യക്തിത്വം തിരിച്ചറിയുന്നത്?

കൂടാതെ ഭാഷ, ആചാരം, മതവിശ്വാസം, ഇന്ത്യക്കാർ തമ്മിൽത്ത മ്മിലുള്ള വൈരുധ്യങ്ങൾ മുതലായ നിരവധി പ്രതിബന്ധങ്ങൾ വേറെയും. പുരാതന ഭാരതത്തിലേക്ക് തിരിഞ്ഞുനോക്കുന്നപക്ഷം, ഇന്നത്തെക്കാൾ വളരെ സങ്കീർണമായിരുന്നു അന്നത്തെ അവസ്ഥ എന്നുകാണാം. പര സ്പരവിരുദ്ധമായ നിരവധി ദൈവസങ്കൽപങ്ങൾ, അവതാരസിദ്ധാന്തം, പുനർജന്മവാദം, ചാതുർവർണ്യസംസ്കാരം, ഒരു തത്ത്വത്തിലും യോജി പ്പിക്കാനാവാത്ത ദർശനങ്ങൾ ആദിയായ സങ്കീർണതകൾ നിറഞ്ഞ ഭാര തത്തെയാണ് മുസ്‌ലിം പണ്ഡിതന്മാർക്ക് കാണാൻ കഴിഞ്ഞത്. ദൈവിക സന്ദേശം കൊണ്ടനുഗൃഹീതമായ ഒരു സമുദായത്തിന്റെ ലക്ഷണങ്ങ ളൊന്നും അവർക്ക് പ്രത്യക്ഷമായി കാണാൻ സാധിച്ചില്ല. തന്നിമിത്തം അവർ ഭാരതീയ പ്രവാചകന്മാരെ തിരിച്ചറിയാനും മുതിർന്നില്ല.

എന്നാൽ പൗരാണിക മുസ്‌ലിം പണ്ഡിതന്മാരിലാരും ഭാരതീയ സംസ്കാരം പഠിക്കുവാൻ ശ്രമിച്ചിട്ടില്ലെന്നു ധരിക്കരുത്. ചില വിജ്ഞാ നകുതുകികൾ അതിനുവേണ്ടി വളരെ പാടുപെടുകയുണ്ടായി. പക്ഷേ, ഭാരതീയമതാചാര്യന്മാരുടെ വ്യക്തിത്വത്തെക്കുറിച്ചു ശരിയായ ഒരു നിഗ മനത്തിലെത്തുവാൻ അവർക്കും കഴിഞ്ഞിട്ടില്ല. സുപ്രസിദ്ധ ദേശസഞ്ചാ രിയും പണ്ഡിതനുമായ അബൂറയ്ഹാൻ മുഹമ്മദുൽ ബീറൂനി (ക്രി. 973-1048) ഇക്കൂട്ടത്തിൽപെടുന്നു. അദ്ദേഹം ഭാരതത്തിൽ വന്നു പതിമൂന്നു

വർഷം ഭാരതീയ സംസ്കാരത്തെപ്പറ്റി പഠനം നടത്തി. ഭാരതീയഭാഷ പഠിച്ചു. പല ബ്രാഹ്മണ പണ്ഡിതന്മാരുടെയും ശിഷ്യത്വം സ്വീകരിച്ചു. അന്നത്തെ ഭാരതീയരുടെ ചരിത്രത്തെ പുരസ്കരിച്ചു അറബിഭാഷയിൽ ഒരു ഗ്രന്ഥം രചിച്ചു-'കിതാബുൽഹിന്ദ്'. കൂടാതെ ഭാരതീയ ദർശനങ്ങളേയും വിജ്ഞാനങ്ങളേയും അദ്ദേഹം അറബിയിലേക്ക് വിവർത്തനം ചെയ്കയുമുണ്ടായി. പക്ഷേ, അതൊന്നും ഭാരതീയ മതാചാര്യന്മാരുടെ വ്യക്തിത്വത്തിലേക്ക് വെളിച്ചം വീശുന്നില്ല. ഭാരതീയരെ മനസ്സിലാക്കുവാനുള്ള ശ്രമത്തിൽ പരാജയം സമ്മതിക്കുകയാണ് അൽ ബീറൂനി ചെയ്തത്: "എന്റെ കഴിവിന്റെ പരമാവധി ഉപയോഗിച്ചു കിട്ടാവുന്നേടത്തോളം രേഖകൾ ശേഖരിച്ചിട്ടും അവരുടെ എല്ലാ നിലകളെക്കുറിച്ചും പരിപൂർണമായി അറിയാനുള്ള ശ്രമത്തിൽ ഞാൻ പരാജയപ്പെട്ടിരിക്കുകയാണെന്നുവേണം പറയുവാൻ."[15]

ഇന്ത്യക്കാരുടെ മതത്തെയും സംസ്കാരത്തെയും പഠിക്കുന്നതിൽ മറ്റൊരു മതക്കാരന്നുള്ള വിഷമതകളെപ്പറ്റി അൽ ബീറൂനി പറയുന്നു: "ഇന്ത്യക്കാർക്കും നമുക്കും തമ്മിലുള്ള അകൽച്ചക്ക് പല കാരണങ്ങളുമുണ്ട്. ജനസഞ്ചയം പരസ്പരം യോജിക്കുന്ന വിഷയങ്ങളിലെല്ലാം നാമും അവരുമായി വിയോജിപ്പാണുള്ളത്."[16]

ഭാഷ, മതം, ആചാരം ആദിയായവയെല്ലാം പ്രസ്തുത അകൽച്ചക്ക് കാരണങ്ങളായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. മുസ്ലിംകളുടെ മതഭാഷ എക്കാലത്തും അറബിയാണ്. അവരുടെ പ്രാർഥനകൾ, സ്തോത്രങ്ങൾ, കീർത്തനങ്ങൾ എല്ലാം അറബിയിലാണ്. മതപരമായ സാങ്കേതിക ശബ്ദങ്ങളും അറബിയിലുള്ളതാണ്. ഭാരതീയരുടെ മതഭാഷയാവട്ടെ, സംസ്കൃതവും. അല്ലെങ്കിൽ സംസ്കൃതമയമായ പ്രാദേശിക ഭാഷകൾ. ഭാഷാപരമായ അകൽച്ചമൂലം മുസ്ലിംകളുടെ മതാചാര്യന്മാരുടെ വ്യക്തിത്വം ഭാരതീയർക്കും ഭാരതീയ പുണ്യപുരുഷൻമാരുടെ വ്യക്തിത്വം മുസ്ലിംകൾക്കും തിരിച്ചറിയാൻ പ്രയാസം നേരിട്ടു. മുസ്ലിംകൾ തങ്ങളുടെ മതാചാര്യന്മാരെ നബി, റസൂൽ, ഖലീഫ, ഇമാം തുടങ്ങിയ അറബി സംജ്ഞകളിലാണ് സ്മരിക്കാറുള്ളതെങ്കിൽ, ഭാരതീയർ തങ്ങളുടെ പുണ്യപുരുഷന്മാരെ ഋഷി, മഹർഷി, മുനി, മാമുനി, ഗുരു മുതലായ നാമങ്ങളിലാണ് വിശേഷിപ്പിക്കുന്നത്. ഇത്തരം സാങ്കേതിക സംജ്ഞകളുടെ യഥാർഥ പൊരുൾ പരസ്പരം അറിയുന്നില്ല. നബി എന്നത് മുഹമ്മദിന്റെ ഒരു പര്യായപദമാണെന്നത്രെ ചില ഭാഷാനിഘണ്ടുകർത്താക്കൾപോലും ധരിച്ചുവശായിരിക്കുന്നത്. വാസ്തവത്തിൽ പ്രവാചകൻ എന്നുമാത്രമേ അതിനർഥമുള്ളൂ. അതുകൊണ്ടാണ് ഇബ്റാഹീം നബി, മൂസാ നബി, ഈസാ നബി എന്നും മറ്റും മുസ്ലിംകൾ പറയുന്നത്.

കൂടാതെ മുസ്ലിംകളുടെ മതസാഹിത്യങ്ങൾ ഒട്ടുമുക്കാലും അറബിഭാഷയിലാണ് സ്ഥിതിചെയ്യുന്നത്. ഭാരതീയ മത സാഹിത്യങ്ങളോ, സംസ്കൃതത്തിലും. അതും വ്യാവഹാരിക ഭാഷയിലല്ലതാനും. അതി പുരാതനവും സംസ്കൃത പണ്ഡിതന്മാർക്കുപോലും ദുർഗ്രഹവുമാണ് അവയുടെ ഭാഷാശൈലി. അത്യന്തം നിഗൂഢങ്ങളായ തത്ത്വങ്ങൾ

പോലും കവിതകളിലോ, കവിതപോലുള്ള ഗദ്യങ്ങളിലോ ആണ് പ്രതിപാദിച്ചിട്ടുള്ളത്. വേദങ്ങൾ, ഉപനിഷത്തുകൾ മുതലായവ മനസ്സിലാവണമെങ്കിൽ, സംസ്കൃതപണ്ഡിതന്മാർക്കുപോലും ദീർഘകാലത്തെ തപസ്സും കഠിനവ്രതവും വേണ്ടിവരുന്നു. ആകയാൽ ഭാരതീയരുടെ മതസാഹിത്യങ്ങൾ പരിശോധിച്ച് ഭാരതീയ മതാചാര്യന്മാരുടെ വ്യക്തിത്വത്തെപ്പറ്റി ശരിയായ ഒരു നിഗമനത്തിലെത്തിച്ചേരുക ഇതര മതസ്ഥർക്ക് ക്ഷിപ്രസാധ്യമല്ല.

ഇതിനെല്ലാം പുറമേ പുരാതനകാലത്ത് ഭാരതീയർ മത തത്ത്വങ്ങൾ അന്യന്മാർക്ക് വെളിപ്പെടുത്തുന്നതിൽ ബഹുലുബ്ധൻമാരായിരുന്നു. അങ്ങനെ ചെയ്യുന്നത് നിഷിദ്ധമാണെന്നായിരുന്നു അവരുടെ ധാരണ. ശ്വേതാശ്വതരോപനിഷത്തിൽ പറയുന്നതു നോക്കുക:

"വേദാന്തേ പരമം ഗുഹ്യം
പുരാകല്പേ പ്രചോദിതം
നാപ്രശാന്തായ ദാതവ്യം
ഹാ പുത്രായ ശിഷ്യായ വാ പുനഃ."

(പുരാതന കാലത്തെ വേദാന്തത്തിൽ പരമരഹസ്യമായ ഈ ജ്ഞാനം പറഞ്ഞിട്ടുണ്ട്. അശാന്തനായ വ്യക്തിക്ക് അത് പറഞ്ഞുകൊടുക്കരുത്. അയാൾ പ്രിയപുത്രനോ ശിഷ്യനോ ആയാലും കൊള്ളാം.)[17]

പുത്രന്നും ശിഷ്യന്നുംകൂടി പറഞ്ഞുകൊടുക്കാൻ പാടില്ലാത്ത ഒരു രഹസ്യജ്ഞാനം മുസ്‌ലിംകളെപ്പോലുള്ള അന്യമതസ്ഥന്മാർക്ക് അറിയിക്കുന്ന പ്രശ്നം തന്നെ ഉത്ഭവിക്കുന്നില്ലല്ലോ. ശൂദ്രന്മാർക്കും ശൂദ്രന്മാരെപ്പോലുള്ളവർക്കും വേദം ഉപദേശിക്കുന്നതിനെ ധർമശാസ്ത്രം കർശനമായി വിലക്കിയിരിക്കുകയാണ്. ആര്യാവർത്തത്തിനു പുറത്തുള്ളവരെല്ലാം ശൂദ്രന്മാരായാണ് ഗണിക്കപ്പെട്ടിരുന്നത്. ഹൈന്ദവധർമ ശാസ്ത്രങ്ങളിൽ ഏറ്റവും പ്രമാണിക്കപ്പെടുന്ന മനുസ്മൃതി പറയുന്നു:

"പൗണ്ഡ്റകാശ്ചൗഡ്രദ്രവിഡാഃ കാംഭോജായവ
നാശ്ശകാഃ പാരദാപൽഹിവാശ്ചീനാഃ കിരാതാദരദാഃ ഖശാഃ:"[18]

(പൗണ്ഡ്രം [കാരൂഷരാജ്യം അഥവാ ഉത്തരബംഗാൾ], ഔഡ്രം [ഒറീസ്സ], ദ്രവിഡം [തെന്നിന്ത്യ], കാംഭോജം [തെക്കുപടിഞ്ഞാറൻ കാശ്മീരവും കാഫിറിസ്ഥാന്റെ ഭാഗങ്ങളും], യവനം [ഗ്രീക്ക്, അറേബ്യാ മുതലായവ], ശകം [സിത്തിയദേശം], പാരതം, പാൽഹീകം, ചീനം [ചീന], കിരാതം [ഹിമാലയത്തിനു സമീപമുള്ള ഒരു ദേശം], ദരതം [വിഷമുണ്ടാകുന്ന ഒരു ദേശം], ഖശം എന്നീ രാജ്യങ്ങൾ പാലിച്ചവരെല്ലാം ശൂദ്രൻമാരായി ഭവിച്ചു.)

ഇക്കൂട്ടത്തിൽ യവനന്മാരായാണ് മുസ്‌ലിംകളെ ഭാരതീയർ കണക്കാക്കിയിരുന്നത്. അതിനാൽ അവർ ഇന്നും മുസ്‌ലിംകളെ 'ജോനർ', 'ജോനകർ', 'യോനർ' (യവനർ) എന്നു വിളിച്ചുവരുന്നു.

ശൂദ്രന്മാർക്കും ശൂദ്രന്മാരായി ഗണിക്കപ്പെടുന്നവർക്കും തങ്ങളുടെ വേദസാഹിത്യങ്ങൾ അറിയിക്കുവാൻ പാടില്ലെന്നാണ് ഹൈന്ദവധർമ

## കുറിപ്പുകൾ

1. ഭഗവദ്ഗീത അധ്യായം 4, ശ്ലോകം 7, 8
2. Ibid അധ്യായം 1, ശ്ലോകം 33–35.
3. വിശ്വവിജ്ഞാനകോശം വാള്യം 4, പേജ് 502
4. ഗീത അധ്യായം 1, ശ്ലോകം 31
5. ഖുർആൻ അധ്യായം 6, സൂക്തം 100
6. ഭവിഷ്യപുരാണം പർവ്വം 3, കാണ്ഡം 3, അധ്യായം 3, ശ്ലോകം 5
7. Influence of Islam on Indian Culture p.163
8. ഖുർആൻ അധ്യായം 16, സൂക്തം 36
9. Ibid അധ്യായം 10, സൂക്തം 47
10. Ibid അധ്യായം 35, സൂക്തം 24
11. Ibid അധ്യായം 13, സൂക്തം 7
12. Ibid 4: 78
13. Ibid 2 : 285
14. വിശ്വചരിത്ര സംഗ്രഹം പേജ് 11
15. അൽബീറൂനി കണ്ട ഇന്ത്യ പേജ് 17
16. Ibid p.1
17. ഉദ്ധരണം: വിശ്വദർശനങ്ങൾ By രാഹുൽ സാംകൃത്യായൻ, പേജ് 622
18. മനുസ്മൃതി അധ്യായം 10, ശ്ലോകം 44
19. Ibid 4: 81
20. Ibid 4: 99
21. ആപസ്തംബധർമ്മസൂത്രം
22. അൽബീറൂനി കണ്ട ഇന്ത്യ പേജ് 15

ശാസ്ത്രം അനുശാസിക്കുന്നത്. മനുസ്മൃതി പറയുന്നു:

"യോഹ്യസ്യ ധർമ്മമാചഷ്ടേ യശ്ചൈവാദി ശതിവ്രതം
സോസംവ്രതം നാമതമഃ സഹതേനൈവമജ്ജതി."[19]

(യാതൊരു ബ്രാഹ്മണൻ ശൂദ്രന് ധർമവും വ്രതവും ശരിയായി ഉപദേശിക്കുന്നുവോ അവൻ ആ ശൂദ്രനോടുകൂടി അന്ധംവ്രതമെന്ന അന്ധകാരത്തിൽ മഗ്നനാകുന്നു.)

ശൂദ്രരുള്ള സ്ഥലങ്ങളിൽ വെച്ചുപോലും വേദോച്ചാരണം പാടുള്ളതല്ല. "ന ശൂദ്രജന സന്നിധൌ"[20] (ശൂദ്രന്മാരുടെ സമീപത്തിൽ വേദം ചൊല്ലരുത്). "വേദം കേട്ട ശൂദ്രന്റെ കാതിൽ ഈയവും അരക്കും ഉരുക്കിയൊഴിക്കണം, വേദമുച്ചരിച്ച ശൂദ്രന്റെ നാവ് അറുത്തു വേർപ്പെടുത്തണം."[21]

ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ മുസ്‌ലിം മതപണ്ഡിതൻമാർക്ക് ഭാരതീയ മതാചാര്യൻമാരുടെ വ്യക്തിത്വം വിലയിരുത്തുവാൻ കഴിഞ്ഞില്ലെങ്കിൽ അതിൽ അവരെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. വാസ്തവത്തിൽ അതിനു കാരണം ഭാരതീയരുടെ ലോഭമനോഭാവമാണ്. ഉസ്ബക്കിസ്താനിൽ നിന്ന് ഇന്ത്യയിൽ വന്ന് പതിമൂന്ന് വർഷം നിരന്തരമായി ശ്രമം നടത്തിയ അൽബീറൂനി പരാജയപ്പെടുകയാണുണ്ടായതെന്നു പറഞ്ഞുവല്ലോ. ഇതിന്റെ കാരണം അദ്ദേഹം തന്നെ വെളിപ്പെടുത്തുന്നതു കാണുക: "അവർ (ഭാരതീയർ) നമ്മെ പിശാചുക്കളെപ്പോലെയാണ് കണക്കാക്കുന്നത്. നമ്മുടെ വേഷവും ആകൃതിയും അവരുടെ കുട്ടികളെ പേടിപ്പിക്കുവാനുള്ള ഉപാധികളായി സ്വീകരിച്ചു വരികയും ചെയ്യുന്നു."[22]

ഇതരൻമാരോട് ഇത്രയും അറപ്പോടും അവജ്ഞയോടും കൂടി പെരുമാറിയിരുന്ന ഒരു വിഭാഗത്തിന്റെ മതതത്ത്വങ്ങളെയും സാംസ്കാരിക മൂല്യങ്ങളെയും മറ്റുള്ളവർക്കെങ്ങനെ ഗ്രഹിക്കാനൊക്കും? ഇതാണ് ഭാരതീയ മതാചാര്യൻമാരുടെ വ്യക്തിത്വം വിലയിരുത്തുവാൻ മുസ്‌ലിംകൾക്കു കഴിയാതിരുന്നതിന്റെ ഒരു പ്രധാന കാരണമെന്നു തോന്നുന്നു.

എന്നാൽ ഇന്നത്തെ നില അതല്ല; ഇന്ന് ഭാരതീയരുടെ അടിസ്ഥാന മതസാഹിത്യങ്ങൾ പലതും ഉപലബ്ധമാണ്. അവയിൽ ചിലത് പ്രാദേശിക ഭാഷയിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുമുണ്ട്. അവ വായിച്ച് ഭാരതീയമതാചാര്യൻമാരുടെ വ്യക്തിത്വം തിരിച്ചറിയാൻ കഴിഞ്ഞേക്കും. പക്ഷേ, മുസ്‌ലിം പണ്ഡിതൻമാർ ആ വഴിക്ക് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ലെന്നു ഖേദപൂർവം പറയേണ്ടിയിരിക്കുന്നു. മൗലാനാ അബുൽകലാം ആസാദിനെപ്പോലുള്ള മഹാപണ്ഡിതൻമാർ ഈ രംഗത്ത് കാലെടുത്തു വച്ചിരുന്നു. ഭാരതീയരുടെ ദൈവസങ്കൽപങ്ങളെപ്പറ്റി അദ്ദേഹം തന്റെ

വിഖ്യാതമായ ഖുർആൻ ഭാഷ്യത്തിൽ പരാമർശിച്ചിട്ടുണ്ട്. പക്ഷേ, അതു തീരേ അപൂർണവും അപര്യാപ്തവുമാണ്. കൂടാതെ ഭാരതീയരുടെ അടിസ്ഥാനസാഹിത്യങ്ങളെയല്ല, അവയെക്കുറിച്ച പാശ്ചാത്യൻ പണ്ഡിതൻമാരുടെ നിരൂപണങ്ങളെയാണ് അദ്ദേഹം മുഖ്യമായും അവലംബിച്ചിട്ടുള്ളത്. പാശ്ചാത്യൻ മതവീക്ഷണം മറ്റൊന്നാണ്. അവരുടെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ഒരു മതത്തെക്കുറിച്ചു വല്ല തീരുമാനവും എടുക്കുക വിഷമമത്രെ.

വേദങ്ങൾ, ഉപനിഷത്തുകൾ, ഇതിഹാസപുരാണങ്ങൾ മുതലായവയാണ് ഭാരതീയമതത്തിന്റെ അടിസ്ഥാനസാഹിത്യങ്ങൾ. ഇവയെ നിഷ്പക്ഷബുദ്ധ്യാ പഠിച്ചു ശരിയായ ഒരു നിഗമനത്തിലെത്താനാണ് ശ്രമിക്കേണ്ടത്. എന്നാൽ അതിന് യോഗ്യരായ വ്യക്തികൾ നമുക്കിന്നില്ല.

കേവലം അപര്യാപ്തവും പരിമിതവുമായ ഒരു ശ്രമത്തിന്റെ ഫലമാണ് ഈ ഗ്രന്ഥത്തിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ വന്നേക്കാൻ ധാരാളം സാധ്യതയുള്ള സ്ഖലിതങ്ങൾ അറിവുള്ള മഹാൻമാർ സ്നേഹബുദ്ധ്യാ തിരുത്തുമെന്ന പ്രതീക്ഷയോടെ ചില അഭിപ്രായങ്ങൾ ഇവിടെ പ്രകടിപ്പിക്കുന്നു. സത്യാന്വേഷണവികാരമല്ലാതെ മറ്റൊരു നിക്ഷിപ്തതാൽപര്യവും ഇതിന്റെ പിറകിൽ പ്രവർത്തിച്ചിട്ടില്ലെന്ന് ഏതാണ്ടുറപ്പായി പറയാൻ കഴിയും.

അധ്യായം രണ്ട്

# മാനദണ്ഡം

**നി**രവധി നാഗരികതകൾ ലോകത്തുദിക്കുകയും ഉയരുകയും അസ്തമിക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ ചിലതെങ്കിലും ശരിയായ ദൈവസന്ദേശത്തിന്റെ അടിസ്ഥാനത്തിലുടലെടുത്തതായിരുന്നുവെന്ന കാര്യത്തിൽ ചരിത്രം സംശയിക്കുന്നില്ല. ജൂതനാഗരികത ഒരുദാഹരണം. മോസസ്സു മുതൽ ക്രിസ്തുവരെയുള്ള പ്രവാചകന്മാരാണ് അതിന് അടിത്തറപാകിയത്. പക്ഷേ, യേശുവിന്റെ കാലമായപ്പോഴേക്കും അത് ആത്മാവ് നഷ്ടപ്പെട്ട് കേവലമൊരു പാരമ്പര്യമായി രൂപാന്തരപ്പെട്ടിരുന്നു. അതിനാൽ ജൂതസംസ്കാരത്തെ ശുദ്ധിചെയ്യാനായി യേശുക്രിസ്തു നടത്തിയ ശ്രമങ്ങളൊന്നും വിജയിച്ചില്ല. അവസാനം ക്രൈസ്തവത്വം മറ്റൊരു നാഗരികതയായി വളരുകയാണുണ്ടായത്. കാലാന്തരത്തിൽ ക്രൈസ്തവ നാഗരികതയും ജീവച്ഛവമായി രൂപം മാറി. അപ്പോഴാണ് അറേബിയായിൽ ഇസ്ലാം ആവിർഭവിച്ചത്. ഇസ്ലാമിന്റെ നവചൈതന്യം ക്രൈസ്തവ നാഗരികതയുടെ ശക്തികെടുത്തുകയും സർവഥാ പുരോഗമനോന്മുഖവും വിപ്ലവാത്മകവുമായ മറ്റൊരു നാഗരികത സംസ്ഥാപിക്കുകയും ചെയ്തു. അത് സമസ്ത ലോകനാഗരികതകളിൽ സ്വാധീനം ചെലുത്തി. ഇസ്ലാം പുസ്തകത്തിലും മുസ്ലിംകൾ ശ്മശാനത്തിലുമായി ഒതുങ്ങിയതോടെ ഇസ്ലാമിക നാഗരികതയും ചേതന

യറ്റ മട്ടിലായി.

ചരിത്ര വിദ്യാർഥിയെ സംബന്ധിച്ചേടത്തോളം അതിപുരാതനമായ ഒരു സംസ്കാരത്തിന്റെ സാക്ഷാൽ അടിസ്ഥാനങ്ങളെന്തെന്നു നിർണ യിക്കുക തുലോം വിഷമമത്രേ. ചില അടയാളങ്ങളൊഴികെ മറ്റൊരു വിധി നിർണായക രേഖയും അയാൾക്കുപലബ്ധമാവുമെന്ന് പ്രതീക്ഷിക്കാവ തല്ല. പ്രസ്തുത അടയാളങ്ങൾ പരിശോധിച്ചുവേണം, അത് രൂപമെടു ത്തത് ദൈവികതത്ത്വങ്ങളുടെ അടിസ്ഥാനത്തിലോ, ഭൗതിക തത്ത്വങ്ങ ളുടെ അടിസ്ഥാനത്തിലോ എന്നു നിർണയിക്കുക. ദൈവ നിർദിഷ്ടങ്ങ ളായ തത്ത്വങ്ങളുടെ അസ്തിവാരത്തിന്മേൽ പൊങ്ങിവന്നിട്ടുള്ള സംസ്കാ രസൗധത്തിന്റേതായ ചില ലക്ഷണങ്ങൾ ഖുർആൻ ചൂണ്ടിക്കാണിക്കു ന്നുണ്ട്. അവയെ ഒരു മാനദണ്ഡമായി സ്വീകരിക്കാവുന്നതാണ്. അവ താഴെ വിവരിക്കുന്നു.

## അദൃശ്യയാഥാർഥ്യങ്ങളിലുള്ള വിശ്വാസം

ദൈവനിർദിഷ്ട തത്ത്വങ്ങളിൽ പ്രഥമവും പ്രധാനവുമായിട്ടുള്ളത് അദൃശ്യയാഥാർഥ്യങ്ങളാണ്. മനുഷ്യന്റെ ജ്ഞാനേന്ദ്രിയങ്ങൾക്കു വിധേ യമാവാത്ത യാഥാർഥ്യത്തെയാണ് 'അദൃശ്യയാഥാർഥ്യം' എന്നിവിടെ വ്യവഹരിച്ചിട്ടുള്ളത്. ദൈവം, ദൈവദൂതൻമാർ (മലക്കുകൾ), മരണാന ന്തര ജീവിതം, സ്വർഗം, നരകം ആദിയായവ ഉദാഹരണം. ഇത്തരം യാഥാർഥ്യങ്ങളുടെ ഭാവാഭാവങ്ങളെപ്പറ്റിയോ സ്വഭാവ ഗുണങ്ങളെപ്പ റ്റിയോ ഒരു തീരുമാനവുമെടുക്കുവാൻ മനുഷ്യബുദ്ധിക്കു സാധ്യമല്ല. കാരണം, അവന്റെ ജ്ഞാന ദൃഷ്ടിക്ക് അവ അഗോചരങ്ങളത്രെ. അവ യുടെ യാഥാർഥ്യം കണ്ടുപിടിക്കാൻ പറ്റുന്ന യാതൊരു ഉപകരണവും ഉപലബ്ധമല്ല. മനുഷ്യന്റെ ജ്ഞാനദൃഷ്ടിക്ക് ഗോചരമാവുന്ന ഏതു വിഷ യവും ദൃശ്യ പ്രപഞ്ചത്തിൽപെട്ടതാണ്. അദൃശ്യ പ്രപഞ്ചവുമായി അവന്റെ ഇന്ദ്രിയങ്ങൾക്കോ ഉപകരണങ്ങൾക്കോ യാതൊരു ബന്ധവു മില്ല.

എന്നാൽ ദൈവം തിരഞ്ഞെടുത്ത് പ്രവാചകത്വ പദം അനുഗ്രഹിച്ച ചില വ്യക്തികൾക്ക് അത്തരം യാഥാർഥ്യങ്ങളെപ്പറ്റിയുള്ള സൂക്ഷ്മവും സുദൃഢവുമായ ജ്ഞാനം ലഭിക്കുന്നു. അതും അദൃശ്യമാർഗേണ. പ്രവാ ചകന്മാരുടെ സത്യസന്ധവും ധൈര്യപൂർവവുമായ പ്രവചനമല്ലാതെ ഇത രന്മാരെ സംബന്ധിച്ചേടത്തോളം അവയുടെ സത്യാവസ്ഥ അന്വേഷിക്കു ന്നതിന് മറ്റൊരു വഴിയുമില്ല. ഇതാണ് അദൃശ്യപ്രപഞ്ചത്തിന്റെ ശരിയായ നിലപാട്.

ഖുർആൻ പ്രസ്തുത അദൃശ്യയാഥാർഥ്യങ്ങളെ 'ഗൈബ്' എന്നാണ് വിളിച്ചിരിക്കുന്നത്; ദൃശ്യപ്രപഞ്ചത്തെ 'ശഹാദത്ത്' എന്നും. ഗൈബിന്റെ യാഥാർഥ്യം ദൈവത്തിന് മാത്രമേ അറിയൂ. പ്രവാചകൻമാർക്ക് അദൃ ശ്യയാഥാർഥ്യങ്ങളിൽ ചിലത് അവൻ അറിയിച്ചുകൊടുക്കുന്നു. പ്രവാച കന്മാർ അവ ജനങ്ങളെ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. ഏതു നിലക്കും ഒരു പ്രവാചകൻ മുഖേനയല്ലാതെ അദൃശ്യം അറിയുക സാധ്യ

മല്ല. അതാണ് ഖുർആൻ വെളിപ്പെടുത്തുന്നത്: "അദൃശ്യം അറിയുന്നവനാകുന്നു അല്ലാഹു. അവന്റെ അദൃശ്യത്തെപ്പറ്റി ആർക്കും അറിയിപ്പു നൽകുന്നതല്ല-അവൻ ഇഷ്ടപ്പെട്ട ദൂതന്നല്ലാതെ."[1]

അതിനാൽ ദൈവം, ദൈവദൂതൻ, സ്വർഗം, നരകം, കർമഫലം, മരണാനന്തര ജീവിതം തുടങ്ങിയ അദൃശ്യയാഥാർഥ്യങ്ങളെ സംബന്ധിച്ച വിഭാവന ഏതൊരു സംസ്കാരത്തിൽ കാണുന്നുവോ, ആ സംസ്കാരത്തിന്റെ നിഷ്പത്തി പ്രവാചക പ്രബോധനമായിരിക്കാതെ നിർവാഹമില്ല. എന്തെന്നാൽ അത്തരം അദൃശ്യയാഥാർഥ്യങ്ങൾ പ്രവാചകന്നല്ലാതെ മറ്റാർക്കും ലബ്ധമല്ല. ആകയാൽ മേൽപ്പറഞ്ഞ അദൃശ്യയാഥാർഥ്യങ്ങളിലുള്ള വിശ്വാസത്തെ ദൈവനിർദിഷ്ട സംസ്കാരത്തിന്റെ പ്രഥമലക്ഷണമായി നമുക്ക് അംഗീകരിക്കാം. ഖുർആൻ പറയുന്നു: "ഈ ഗ്രന്ഥം (ഖുർആൻ) ഒരു മാർഗദർശനമാണ് - അക്കാര്യത്തിൽ സംശയമില്ല. അദൃശ്യത്തിൽ വിശ്വസിക്കുന്ന ഭക്തജനങ്ങൾക്ക്"[2]

ദൈവിക മാർഗദർശനങ്ങളടങ്ങിയ ഖുർആൻ അംഗീകരിക്കുന്നതിന് പ്രഥമവും പ്രധാനവുമായ ഉപാധി അദൃശ്യയാഥാർഥ്യത്തിലുള്ള വിശ്വാസമാണെന്ന് പറയുമ്പോൾ അതിൽ നിന്ന് ഒരു കാര്യം വ്യംഗ്യന്തരേണ സിദ്ധമാവുന്നുണ്ട്. ദൈവികമാർഗദർശനത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ സവിശേഷത അദൃശ്യയാഥാർഥ്യങ്ങളെക്കുറിച്ച പ്രതിപാദനമായിരിക്കുമെന്നതാണത്. ദൈവം, ദൈവദൂതൻ, കർമഫലം, സ്വർഗനരകങ്ങൾ, മരണാനന്തര ജീവിതം അഥവാ പരലോകം എന്നിവയെപ്പറ്റി പ്രാചീന ഭാരതീയമതഗ്രന്ഥങ്ങൾ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്.

## ഏകദൈവത്വ വിഭാവനം

പ്രവാചകന്മാരാൽ പ്രബോധിതമായ മതതത്ത്വങ്ങളുടെ അടിസ്ഥാനങ്ങളിൽ രൂപംകൊള്ളുന്ന സംസ്കാരത്തിന്റെ രണ്ടാമത്തെ ലക്ഷണം ഏകദൈവത്വ വിഭാവനമാണ്. എല്ലാ ഓരോ പ്രവാചകനും ഈ ആദർശത്തെ ഊന്നിയുറപ്പിച്ചിട്ടുള്ളതായി ഖുർആൻ സിദ്ധാന്തിക്കുന്നു. പക്ഷേ, ഈ രംഗത്ത് ഒരു ചരിത്ര യാഥാർഥ്യം നാം സവിശേഷം ശ്രദ്ധിക്കേണ്ടതുണ്ട്. ഏതൊരു പ്രവാചകന്റെയും അനുയായികൾ അദ്ദേഹത്തിന്റെ യഥാർഥ പ്രബോധനത്തിൽ നിന്ന് അനന്തര കാലത്ത് വ്യതിചലിച്ചിട്ടുണ്ട്. അതോടെ പലതരത്തിലുള്ള അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സൃഷ്ടിപൂജാപരമായ സമ്പ്രദായങ്ങളും മറ്റും അവരുടെ സംസ്കാരത്തിൽ നുഴഞ്ഞു കടന്നു, അങ്ങനെ കാലക്രമത്തിൽ അത് തനി ബഹുദൈവത്വമയമായ ഒരു സംസ്കാരമായി അധഃപതിക്കുകയും ചെയ്തു. ചരിത്രത്തിന്റെ ഈ സാമാന്യസ്വഭാവത്തിൽ നിന്ന് ജൂതമതമോ ക്രിസ്തുമതമോ ഇസ്ലാം മതമോ ഒന്നും തന്നെ ഒഴിവല്ല. ഇന്നത്തെ മുസ്‌ലിംകളിൽ വലിയൊരു വിഭാഗം മരിച്ചു മൺമറഞ്ഞ മഹാപുരുഷൻമാരെയോ അവരുടെ ശ്മശാനങ്ങളെയോ പൂജിക്കുന്നവരാണ്. ആകയാൽ അനുയായികളുടെ വ്യതിചലനത്തെ വീക്ഷിച്ച്, സംസ്കാരത്തെ വിലയിരുത്തുന്ന പക്ഷം യാതൊരു സംസ്കാരത്തെയും സൃഷ്ടിപൂജയിൽ

നിന്ന് ശുദ്ധമായിക്കാണുക ഇക്കാലത്ത് സാധ്യമല്ല.

ഹൈന്ദവസംസ്കാരത്തിൽ കാണപ്പെടുന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും സൃഷ്ടിപൂജകൾക്കും കയ്യും കണക്കുമില്ല. എന്നാൽ ഭാരതീയ സംസ്കാരത്തിന്റെ ഉത്പത്തി ഏകദൈവത്വസങ്കൽപത്തിൽ നിന്നാണെന്ന് തെളിയിക്കുവാൻ കഴിയും.

ഇന്നത്തെ ക്രൈസ്തവലോകം പൊതുവിൽ ത്രിത്വവാദികളാണ്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് - ഈ മൂന്നും കൂടിയ ഒന്നാണ് അവരുടെ ദൈവസങ്കൽപം. എന്നാൽ യേശുക്രിസ്തു ഒരു പ്രവാചകനായിരുന്നുവെന്നും, ഏകദൈവത്വത്തെയല്ലാതെ മറ്റൊരു ദൈവസങ്കൽപത്തെയും അദ്ദേഹം ഉപദേശിച്ചിട്ടില്ലെന്നും അനന്തര കാലത്ത് ക്രൈസ്തവ സംസ്കാരത്തിൽ നുഴഞ്ഞുകടന്നതാണ് ത്രിത്വവിശ്വാസമെന്നും ഖുർആൻ നമുക്ക് മനസ്സിലാക്കിത്തരുന്നു. നിലവിലുള്ള സുവിശേഷങ്ങൾ തന്നെ അതിലേക്ക് തെളിവുകൾ നൽകുന്നുമുണ്ട്.

ഇതുപോലെയാണ് നിലവിലുള്ള ഭാരതീയ മതത്തിന്റെയും സ്ഥിതി. മറ്റെല്ലാ മതങ്ങളെയും അപേക്ഷിച്ചു കൂടുതൽ പഴക്കമുള്ള ഒന്നായതിനാൽ ഭാരതീയമതം കൂടുതൽ കയ്യേറ്റങ്ങൾക്കും വ്യതിയാനങ്ങൾക്കും വിധേയമായി എന്നേയുള്ളൂ. എന്നിട്ടും ശുദ്ധമായ ഏകദൈവത്വ സങ്കൽപത്തെ പ്രദ്യോതിപ്പിക്കുന്ന ചില രേഖകൾ ഇന്നും പ്രാചീന ഭാരതീയ സാഹിത്യങ്ങളിൽ കാണുന്നുവെന്നതാണ് അദ്ഭുതം. ഋഗ്വേദത്തിലെ പല മന്ത്രങ്ങളും വിശിഷ്യാ, 'നാസദീയ സൂക്തം' ഇതിലേക്കുത്തമോദാഹരണമാണ്. പോരെങ്കിൽ ഉപനിഷത്തുകൾ ശുദ്ധമായ ഏകത്വസങ്കൽപത്തെ അവതരിപ്പിക്കുന്നു.

## പരലോക വിശ്വാസം

മരണാനന്തര ജീവിതത്തിലുള്ള വിശ്വാസമാണ് മറ്റൊരു ലക്ഷണം. മരണത്തോടെ മനുഷ്യ ജീവിതം അവസാനിക്കുന്നില്ലെന്നും മരണാനന്തരവും ജീവിതം തുടരുന്നുവെന്നുമാണ് പ്രവാചകൻമാർ പഠിപ്പിച്ചിട്ടുള്ളത്. ഇതിനെതിരെ ഭൗതിക ചിന്തകൻമാർ, മരണത്തോടെ മനുഷ്യജീവിതം എന്നേക്കുമായി അവസാനിച്ചുവെന്ന് വാദിക്കുന്നു. മനുഷ്യന്റെ കർമഫലത്തെ മുഖ്യമായും അനന്തര ജീവിതത്തോടാണ് പ്രവാചകമതങ്ങൾ ബന്ധപ്പെടുത്തിയത്. അതായത് ഈ ജീവിതത്തിൽ സുകൃതം പ്രവർത്തിച്ചവന് ആ ജീവിതത്തിൽ സദ്ഫലവും, പാപം ചെയ്തവന് ദുഷ്ഫലവും ഉണ്ടാവും. ഈ തത്ത്വമാണ് പ്രവാചകൻമാരെല്ലാം സ്വജനതയെ ഉദ്ബോധിപ്പിച്ചിരുന്നതെന്നു ഖുർആൻ പറയുന്നു: "(സത്കർമികൾക്കു) സുവിശേഷവും (ദുഷ്കർമികൾക്കു) താക്കീതും നൽകുന്നവരായിട്ടല്ലാതെ ദൈവദൂതന്മാരെ നാം നിയോഗിക്കുന്നില്ല."[3]

ഭാരതീയ സംസ്കാരവും കർമഫലത്തെപ്പറ്റി ഊന്നിപ്പറയുന്നുണ്ട്. പക്ഷേ, മറ്റൊരു സങ്കൽപത്തിലാണ് കർമ്മഫലം ഇന്നറിയപ്പെടുന്നത്. പുനർജന്മസങ്കൽപത്തിൽ. ഈ ജന്മത്തിൽ പുണ്യം ചെയ്തവൻ അടുത്ത ജന്മത്തിൽ സുജാതനും പാപം പ്രവർത്തിച്ചവൻ നീചനുമായി പരിണമി

ക്കുമെന്നാണ് ഭാരതീയരുടെ വിശ്വാസം. എന്നാൽ പുരാതന ഭാരതീയർ പുനർജൻമത്തിൽ, അല്ലെങ്കിൽ അതിന്റെ പ്രസ്തുത വ്യാഖ്യാനത്തിൽ വിശ്വസിച്ചിരുന്നില്ല. പ്രത്യുത, പാരലൗകിക കർമഫലത്തിലാണ് അവർ വിശ്വസിച്ചിരുന്നത്. പുനർജന്മവാദം, അഥവാ അതിന്റെ ഇന്നത്തെ വ്യാഖ്യാനം പില്ക്കാല സൃഷ്ടിയാണെന്ന് ചില നിരൂപകൻമാർ വ്യക്ത മാക്കിയിട്ടുണ്ട്. ശ്രീ. രാഹുൽ സാംകൃത്യായൻ എഴുതുന്നു: "വേദത്തിലെ ഋഷിമാർ ഈ ലോകത്തുനിന്ന് വിഭിന്നമായ മറ്റൊരു ലോകമുണ്ടെന്ന് വിശ്വസിച്ചിരുന്നു. അവിടേക്കാണ് മരണാനന്തരം സത്കർമികൾ പോവുക. അവർ അവിടെ ആനന്ദപൂർവ്വം ജീവിക്കുന്നതാണ്. താഴെയുള്ള പാതാളം അന്ധകാരമയമായ നരകലോകമാണ്. അവിടേക്കാണ് ദുഷ്കർമികൾ പോവുന്നത്.... വൈദിക കാലത്തെ ഋഷിമാർക്കു പുനർജ ന്മവാദവുമായി ബന്ധമുണ്ടായിരുന്നില്ല."[4]

വേദകാലത്ത് ജീവിച്ച പ്രാചീന ഭാരതീയർ പരലോകത്തിലെ കർമ ഫലങ്ങളിലും സ്വർഗനരകങ്ങളിലുമാണ് വിശ്വസിച്ചിരുന്നത്. പക്ഷേ, പിൽക്കാലത്ത് സമുദായത്തിന്റെ ധാർമികബോധം അമ്പേ തകർന്നു. താഴ്ന്നവിഭാഗങ്ങൾ ദാരിദ്ര്യവും അടിമത്തവും അസമത്വവും അനുഭവിച്ചു പൊറുതിമുട്ടുകയും സമ്പന്നതയും സുഖജീവിതവും ഒരു പിടി കുലീ നൻമാരുടെ കുത്തകയായിത്തീരുകയും ചെയ്തപ്പോൾ അതിനെതിരിൽ രൂക്ഷമായ വിമർശനം പൊങ്ങിവന്നു. പരലോകവിശ്വാസം ജനഹൃദയ ങ്ങളിൽ നിന്ന് അന്തർധാനം ചെയ്തു. തദവസരത്തിൽ മതനേതാക്കൾക്ക് പുനർജൻമവാദം ആവിഷ്കരിക്കേണ്ടിവന്നു. ധർമം ശരിക്കും പാലിക്കാ ത്തവർ വീണ്ടും ഇഹത്തിൽ തന്നെ ജനിക്കുമെന്നും, ആ ജൻമത്തിൽ സൂകരനോ ശുനകനോ ശൂദ്രനോ ആയി രൂപാന്തരപ്പെടുമെന്നും ദാർശ നിക രംഗത്ത് സിദ്ധാന്തിക്കപ്പെട്ടു. ജനങ്ങൾ അനുഭവിക്കുന്ന ദുരിത പൂർണമായ ജീവിതം മുജ്ജൻമത്തിലെ കർമഫലമാണെന്നും വരും ജൻമ ത്തിൽ സുഖജീവിതം ലഭിക്കേണ്ടതിന് സത്കർമമനുഷ്ഠിക്കുകയ ല്ലാതെ മറ്റൊരു പരിഹാരമില്ലെന്നും തദ്വാരാ വന്നുകൂടി. ഇഹത്തിൽ വെച്ചു തന്നെ ഭീകര ശിക്ഷ അനുഭവിക്കേണ്ടി വരികയെന്നത് മനുഷ്യനെ സംബ ന്ധിച്ചിടത്തോളം കൂടുതൽ ഭീതിതമാണല്ലോ. ഏതായാലും പ്രസ്തുത ആശയം പ്രചരിച്ചതോടെ വിമർശനങ്ങൾക്ക് ഒരറുതിയും പൊറുതിയും വന്നു. ഇങ്ങനെയാണ് പരലോകവിശ്വാസത്തിൽ നിന്ന് പുനർജൻമ സിദ്ധാ ന്തത്തിലേക്കുണ്ടായ പരിണാമമെന്ന് സാംകൃത്യായൻ അഭിപ്രായപ്പെ ടുന്നു: "അങ്ങനെയുള്ള വിമർശകന്മാരുണ്ടായപ്പോൾ ഉപനിഷത്കാ ലത്തെ ധാർമികനേതാക്കൾക്ക് പുനർജൻമവാദം ആവിഷ്കരിക്കേണ്ട തായി വന്നു. ഇവിടെയുള്ള സാമുദായികക്ലേശങ്ങൾ, ഓരോ ആത്മാവും മടങ്ങിവന്ന്, താന്താങ്ങൾ ചെയ്തിരുന്നതിനുള്ള ശിക്ഷ അനുഭവിക്കേ ണ്ടതിന് വേണ്ടിയുള്ളതാണ് എന്നവർ വാദിച്ചു. സാമുദായികക്ലേശങ്ങളെ മുൻനിർത്തിയാണ്, സമുദായത്തിലെ പ്രഭുക്കന്മാരുടെയും ചൂഷകൻമാ രുടെയും മുമ്പിൽ ഇങ്ങനെയൊരു പ്രശ്നം ആവിർഭവിച്ചത്. എന്നാൽ

പുനർജൻമവാദം കൊണ്ട് പ്രസ്തുത ക്ലേശങ്ങളിൽക്കൂടിത്തന്നെ അതിനുള്ള നിവാരണവും സാധിതമായി. വളരെ സമർഥമായ ഒരു കണ്ടുപിടിത്തമായിട്ടുണ്ട് ഇതെന്നതിന് സംശയമില്ല."[5]

ചുരുക്കത്തിൽ, പ്രാചീനഭാരതീയർ പരലോകത്തിലും മരണാനന്തര ജീവിതത്തിലെ സുഖദുഃഖങ്ങളിലുമാണ് വിശ്വസിച്ചിരുന്നത്. പുനർജൻമവാദം അനന്തരകാലത്ത് കടന്നുകൂടിയ ഒരു 'ബിദ്അത്തും' കൃത്രിമസിദ്ധാന്തവുമാണ്.

## പാരലൗകിക ധാർമിക വീക്ഷണം

ഏതൊരു സംസ്കാരത്തിലും സദാചാരദുരാചാരങ്ങളെക്കുറിച്ച ചില സങ്കൽപങ്ങളുണ്ടാവും. അനീശ്വരവാദത്തിലധിഷ്ഠിതമായ കേവല ഭൗതിക സംസ്കാരങ്ങൾ പോലും അതിൽ നിന്ന് വ്യത്യസ്തങ്ങളല്ല. അവയിലുമുണ്ട് ചില സദാചാരങ്ങളും ദുരാചാരങ്ങളും. അതിനാൽ കേവലമായ സദാചാരദുരാചാര സങ്കൽപം ഒരു പ്രവാചകമതത്തിന്റെ ലക്ഷണമാണെന്ന് പറഞ്ഞുകൂടാ.

എന്നാൽ ധർമാധർമസങ്കൽപം മറ്റൊന്നാണ്. അതിന്റെ വീക്ഷണഗതിയും ഭിന്നമാണ്. അതിലെ സദാചാരദുരാചാരസങ്കൽപം മരണാനന്തര ജീവിതത്തിൽ അനുഭവിക്കുവാനിരിക്കുന്ന സുഖദുഃഖങ്ങളേയും രക്ഷാശിക്ഷകളേയും ആശ്രയിച്ചിരിക്കുന്നു. അതായത് മരണാനന്തരം സുഖാനുഭൂതിക്കും സദ്ഫലസിദ്ധിക്കും കാരണമാവുന്ന കർമമാണ് സദാചാരം; അല്ലെങ്കിൽ ധർമം. വിപരീതമായതു ദുരാചാരവും അധർമവും. ഈ വീക്ഷാഗതിയാണ് എല്ലാ പ്രവാചകൻമാരും ധർമാധർമങ്ങളുടെ നിർവചനത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഖുർആനും അങ്ങനെ തന്നെ.

മറ്റൊരു വിധം പറഞ്ഞാൽ, മനുഷ്യാത്മാവിന്റെ ഉത്കർഷത്തിന് കാരണമാവുന്നത് ധർമവും അല്ലാത്തത് അധർമവുമാണ്. അപ്പോൾ പരലോകജീവിതത്തിലെ സുഖദുഃഖങ്ങളെയും മനുഷ്യാത്മാവിന്റെ ഉത്കർഷാപകർഷങ്ങളെയും ആശ്രയിച്ചാണ് മതധാർമിക സങ്കൽപം നിലകൊള്ളുന്നത്. അതുകൊണ്ടാണ് ധാർമിക പരിധികളെ അതിലംഘിക്കുന്നത് ആത്മദ്രോഹമാണെന്ന് ഖുർആൻ പ്രത്യേകം താക്കീതുചെയ്തതും: "അല്ലാഹുവിന്റെ സീമകൾ (ധാർമിക പരിധികൾ) വല്ലവനും അതിലംഘിക്കുന്നപക്ഷം സ്വന്തം ആത്മാവിനെ ദ്രോഹിച്ചതുതന്നെ."[6]

ഇതേ വീക്ഷണഗതിയാണ് ഭാരതീയ സംസ്കാരവും അംഗീകരിച്ചിട്ടുള്ളത്. ഭാരതീയദർശനപ്രസ്ഥാനങ്ങളിലൊന്നായ വൈശേഷിക ദർശനം ആ വീക്ഷണഗതി വ്യക്തമായിത്തന്നെ അവതരിപ്പിച്ചിട്ടുണ്ട്. 'വൈശേഷികസൂത്രം' എന്ന ദർശനഗ്രന്ഥത്തിന്റെ ആരംഭത്തിൽ അതിന്റെ കർത്താവായ കണാദൻ (ഉദ്ദേശം ക്രി. മു. 150) പറയുന്നു: "ഞാൻ ധർമത്തെ വ്യാഖ്യാനിക്കുകയാണ്. ലൗകികസുഖവും പാരത്രിക സുഖവും യാതൊന്നിനാലാണോ ലഭിക്കുന്നത്, അതാണ് ധർമം."[7]

"ആ ധർമത്തെക്കുറിച്ചു പ്രതിപാദിക്കുന്നതിന് പ്രാമാണികമായിട്ടുള്ളത് വേദമാണ്."[8]

മരണാനന്തര ജീവിതത്തിലെ സുഖദുഃഖങ്ങളോടാണ് ധർമാധർമ ങ്ങളെ ഭാരതീയസംസ്കാരം മുഖ്യമായും ബന്ധിപ്പിച്ചിരിക്കുന്നത്. പക്ഷേ, അതോടൊപ്പം ഐഹികക്ഷേമവും ധർമാത്മാക്കൾക്ക് ലബ്ധമാവുന്നു വെങ്കിൽ അത് ധർമത്തിന്റെ മറ്റൊരു ഫലമാണ്. പരലോക മോക്ഷത്തിനു പുറമേ ഇഹലോകക്ഷേമത്തെ ഭക്തജനങ്ങൾക്ക് ഖുർആനും വാഗ്ദത്തം ചെയ്യുന്നുണ്ടല്ലോ: "ആണാകട്ടെ, പെണ്ണാകട്ടെ, സത്യവിശ്വാസിയായി ക്കൊണ്ട് വല്ലവനും സത്കർമം പ്രവർത്തിച്ചാൽ അവന് ക്ഷേമപൂർണ മായ ഒരു സുഖജീവിതം (ഇവിടെ) നാം പ്രദാനം ചെയ്യുന്നതാണ്. തങ്ങൾ പ്രവർത്തിച്ചിരുന്നതിൽ ഏറ്റവും ഉത്തമമായ കർമത്തിന്റെ തോതിൽ ആ സത്കർമികൾക്ക് (പരത്തിലും) അവരുടേതായ കർമഫലം നൽകുന്ന തായിരിക്കും!"[9]

ധർമാനുഷ്ഠാനത്തിന്റെ അഥവാ സത്കർമത്തിന്റെ സദ്ഫലങ്ങളാണ് പാരത്രികമോക്ഷവും ഐഹികക്ഷേമവും. ഇവ രണ്ടും എല്ലാ ദൈവിക മതങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. ശാശ്വതമോക്ഷത്തിനാണ് സർവോ പരി പ്രാമുഖ്യം കൽപിച്ചതെന്നേയുള്ളൂ. ഭാരതീയരുടെ മതവും ഇപ്പറ ഞ്ഞതിന് എതിരല്ല. സുദീർഘമായ ധാർമികോപദേശം നൽകിയ ശേഷം ശ്രീകൃഷ്ണൻ അർജുനനെ ഉദ്ബോധിപ്പിച്ചതായി ഗീത ഉദ്ധരിക്കുന്നു:

"ക്ഷിപ്രം ഭവതി ധർമ്മാത്മാ
ശശ്വച്ഛാന്തീം നിഗച്ഛതി
കൗന്തേയ പ്രതിജാനീഹി
ന മേ ഭക്തഃ പ്രണശ്യതി."[10]

(മേൽപ്രകാരം പ്രവർത്തിക്കുന്ന ഭക്തൻ അതിവേഗം ധർമാത്മാവായി ഭവിക്കുകയും അവന് ശാശ്വതമായ മനഃശാന്തി ലഭിക്കുകയും ചെയ്യും. ഹേ കുന്തീപുത്രാ, പ്രതിജ്ഞ ചെയ്യുക, എന്റെ ഭക്തനായവൻ ഒരു കാലത്തും നാശമടയുന്നതല്ല എന്ന്.)

## മതസ്ഥാപകന്റെ വിശ്വാസ്യത

മതസ്ഥാപനത്തിലൂടെ ബഹുജനങ്ങളുടെ ഭക്തിബഹുമാനം ചൂഷണം ചെയ്യുവാൻ ചില സ്വാർഥതത്പരൻമാർ ഉദ്യമിച്ചേക്കും. എന്നാൽ അവർക്ക് സത്യസന്ധതയോ ആത്മാർഥതയോ ഉണ്ടാവില്ലെന്ന് വിശിഷ്യാ പറയേണ്ടതില്ലല്ലോ. അതിനാൽ ഒരു മതത്തിന്റെ സത്യതയും അസത്യ തയും വിവേചിക്കുന്നതിന് ആ മതസ്ഥാപകന്റെ യഥാർഥ ജീവചരിത്രം പരിശോധിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. എല്ലാ മാനദണ്ഡങ്ങളും വെച്ച് അളന്നു തിട്ടപ്പെടുത്തിയ ശേഷമേ അദ്ദേഹത്തിന്റെ മതം ദൈവ നിർദിഷ്ടമോ സ്വയംകൃതമോ എന്ന് തീരുമാനിക്കാൻ പറ്റൂ.

ദൈവനിയുക്തനായ പ്രവാചകൻ സർവോപരി ഉത്കൃഷ്ട ധാർമിക നിലവാരം പുലർത്തുന്ന ആളായിരിക്കും. സത്യസന്ധത, ആത്മാർഥത, വിശ്വസ്തത ആദിയായ ഗുണങ്ങളിൽ അദ്ദേഹത്തെ കവച്ചുവക്കുന്ന മറ്റൊരു വ്യക്തി സമുദായത്തിലുണ്ടാവുകയില്ല. ചിന്തിക്കുന്ന ഏതൊരു

ത്തന്നും അത്തരം ഉത്കൃഷ്ടഗുണങ്ങൾ പ്രവാചകന് അനിവാര്യമായി ട്ടുള്ളതാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. മറ്റൊരാൾക്കും അനുഗ്ര ഹിക്കപ്പെടാത്തതും അത്യന്തം നിഗൂഢവുമായ ഒരു ജ്ഞാനമാർഗം തനിക്കു ലബ്ധമായിട്ടുണ്ടെന്നാണല്ലോ പ്രവാചകന്റെ അവകാശവാദം. അദ്ദേഹത്തിന്റെ ഉത്കൃഷ്ടസ്വഭാവചര്യകളല്ലാതെ ആ വാദത്തെ അംഗീ കരിപ്പിക്കുന്ന മറ്റൊരുപാധിയും നമ്മുടെ മുമ്പിലില്ല. പ്രവാചകത്വവാദി ഉത്കൃഷ്ട സ്വഭാവിയായാൽ തന്നെ പോരാ; ആ വസ്തുത ആദ്യമേ സുവിദിതമായിരിക്കുകയും വേണം. എങ്കിലേ അദ്ദേഹത്തിന്റെ വാദം ജന ങ്ങൾ പരിഗണനയിലെടുക്കുകയുള്ളൂ.

വിശ്വാസ്യതയെന്ന ഗുണമാണ് പ്രവാചകനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമായിട്ടുള്ളത്. അതുകൊണ്ടാണ് പ്രവാചകൻമാർ പ്രവാ ചകത്വ പ്രഖ്യാപനത്തോടൊന്നിച്ച്, തങ്ങളുടെ വിശ്വാസ്യത സ്വജനങ്ങളെ അനുസ്മരിപ്പിച്ചിരുന്നതായി ഖുർആൻ എടുത്തുപറഞ്ഞിട്ടുള്ളത്. നോഹ, ഹൂദ്, സ്വാലിഹ്, ലോത്ത്, ശുഐബ് (യിത്രോ), മോസസ് മുതലായ പ്രവാചകൻമാർ തങ്ങളുടെ പ്രവാചകത്വം പ്രഖ്യാപനം ചെയ്തത് ഈ വാക്കുകളിലായിരുന്നു: "ഇന്നീ ലകും റസൂലുൻ അമീൻ" (നിങ്ങൾക്കു വിശ്വസ്തനായ ഒരു ദൂതനത്രെ ഞാൻ)[11]

മുഹമ്മദ് നബി(സ)യാകട്ടെ പ്രവാചകത്വപ്രഖ്യാപനത്തിന് എത്രയോ മുമ്പ് തന്നെ വിശ്വസ്തതയിൽ സർവത്ര ഖ്യാതി നേടിക്കഴിഞ്ഞിരുന്നു. തന്നിമിത്തം ആളുകൾ അദ്ദേഹത്തെ 'അൽഅമീൻ' എന്നാണ് വിളിച്ചി രുന്നതെന്ന് ചരിത്രം പറയുന്നു.

ഭാരതീയ മതാചാര്യൻമാരെ സംബന്ധിച്ചേടത്തോളം ഈ രംഗത്ത് നമുക്കൊരു വിഷമം നേരിടുന്നുണ്ട്. അവരുടെ യഥാതഥമായ ജീവച രിത്രം ആരും എഴുതിവച്ചില്ല. അവരെ ചുറ്റിപ്പറ്റി പ്രചരിച്ച കഥകളാകട്ടെ, അതിരുകവിഞ്ഞ പ്രശംസയുടെയും അതിശയോക്തി കലർന്ന സ്തുതി യുടെയും വേഷമണിഞ്ഞാണ് നാം കാണുന്നതും. അതിനാൽ അവരുടെ യഥാർഥ ജീവിതത്തെ പ്പറ്റി ഒരു പിടിപാടും നമുക്കു ലഭിക്കുന്നില്ല. എന്നി രുന്നാലും ഒരു കാര്യം മനസ്സിലാവുന്നു. അവരുടെ സത്യസന്ധതയെയോ ആത്മാർഥതയെയോ വിശ്വാസ്യതയെയോ ശത്രുക്കൾപോലും ചോദ്യം ചെയ്തിട്ടില്ല. അവർ ഉന്നത ധാർമിക നിലവാരം പുലർത്തിയിരുന്നുവെ ന്നാണ് ഇതിൽ നിന്നും അഭ്യൂഹിക്കേണ്ടത്.

## പ്രവാചകനെ അംഗീകരിക്കൽ

മേൽ പ്രസ്താവിച്ച മാനദണ്ഡംവെച്ചു പരിശോധിക്കുന്നപക്ഷം ഭാര തീയമതാചാര്യൻമാരിൽ ചിലരെങ്കിലും പ്രവാചകന്മാരായിരിക്കാൻ സാധ്യ തയുണ്ട്. ഒരാളെ പ്രവാചകനെന്ന് അംഗീകരിക്കുന്നതിന്റെ അർഥം അയാളെ ആരാധിക്കുകയെന്നല്ല; ആദരിക്കുകയെന്നു മാത്രമാണ്. ബൈബിളിൽ പറഞ്ഞ പ്രവാചകരെ നാം ആദരിക്കും പോലെ. യാതൊരു സൃഷ്ടിയെയും ആരാധിക്കുവാൻ ഇസ്ലാം അനുവദിക്കുന്നില്ല. എന്നാൽ മഹാത്മാക്കളെ ആദരിക്കുകയും തള്ളിപ്പറയാതിരിക്കുകയും ചെയ്യുക

ആവശ്യമാണ്. അവരുടെ അമൂല്യ ഉപദേശങ്ങളെ മാനിക്കുക; അവർ നൽകുന്ന ശിക്ഷണത്തെയും ശീലനത്തെയും അംഗീകരിക്കുക; അവർ ജീവിച്ചു കാണിച്ച മാതൃക കഴിയുന്നിടത്തോളം പിന്തുടരുക, ഇതാണ് പ്രവാചകൻമാരെ ആദരിക്കുകയെന്നതിനർഥം.

പ്രവാചകന്മാരുടെയെല്ലാം മൗലിക പ്രബോധനങ്ങൾ ഒന്നായിരുന്നുവെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. ആദർശലക്ഷ്യങ്ങളിൽ അവ തമ്മിൽ കാര്യമായ അന്തരമൊന്നും കാണുകയില്ല. എന്നാൽ മാർഗങ്ങൾ വ്യത്യസ്തങ്ങളായിരിക്കും. ഖുർആൻ പറയുന്നു: "നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ കർമമാർഗവും നിയമവ്യവസ്ഥയുമാണ് നാം (ദൈവം) നിശ്ചയിച്ചു തന്നിട്ടുള്ളത്. അല്ലാഹു ഇച്ഛിച്ചിരുന്നുവെങ്കിൽ നിങ്ങളെ ആസകലം ഒരേയൊരു ജനവിഭാഗമാക്കുമായിരുന്നു. (പക്ഷേ, അവൻ അങ്ങനെ ഇച്ഛിച്ചില്ല. എന്തെന്നാൽ) നിങ്ങൾക്ക് നൽകിയതിൽ നിങ്ങളെ പരീക്ഷിക്കുകയെന്നതാണ് അവന്റെ ഉദ്ദേശ്യം. അതിനാൽ സുകൃതങ്ങളിൽ ഞാൻ താൻ എന്ന മട്ടിൽ (മത്സരപൂർവം) മുന്നേറുക. അവസാനം അല്ലാഹുവിങ്കലേക്കാണല്ലോ നിങ്ങളുടെ മടക്കം. അപ്പോൾ നിങ്ങൾ ഭിന്നത കൈക്കൊണ്ടിട്ടുള്ള കാര്യങ്ങളെപ്പറ്റി നിങ്ങളെ അവൻ അറിയിച്ചുകൊള്ളുന്നതാണ്."[12]

പൂർവനബിമാരെല്ലാം സത്യമാർഗാവലംബികളായിരുന്നു. അതിനാൽ അവരുടെ മാർഗദർശനം മനുഷ്യസമുദായത്തിന് അനുകരണീയ മാതൃകയാണ്. പതിനെട്ടു മുൻപ്രവാചകന്മാരുടെ നാമങ്ങൾ എടുത്തുപറഞ്ഞ ശേഷം മുഹമ്മദ് നബി(സ)യോടായി അല്ലാഹു ഉണർത്തുന്നു: "അല്ലാഹു സന്മാർഗം കാട്ടിക്കൊടുത്തിട്ടുള്ളവരത്രെ അവർ. അതുകൊണ്ട് അവരുടെ മാർഗദർശനത്തെ അനുഗമിക്കുക."[13]

ആകയാൽ പൂർവമതങ്ങളേയും പ്രാചീന വേദങ്ങളേയും നിഷേധിക്കുവാനോ മാറ്റിമറിക്കുവാനോ അല്ല മുഹമ്മദ് നബി(സ) വന്നിട്ടുള്ളത്. പിന്നെയോ, അവയെ സ്ഥിരീകരിക്കുവാനും പിന്താങ്ങുവാനുമാണ്. ഇക്കാര്യം ഖുർആൻ പല സ്ഥലങ്ങളിലും ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന്, 2:97; 3:2; 5: 48; 6: 92 നോക്കുക.

ഇങ്ങനെയെല്ലാം പറയണമെങ്കിൽ താത്ത്വികമായി മതങ്ങളെല്ലാം ഒന്നായിരിക്കണം. വാസ്തവത്തിൽ അങ്ങനെയാണുതാനും. ഒരേ സരിത്തിൽ നിന്ന് നിർഗളിച്ച, വിവിധ കൈവഴികളാണ് യഥാർഥ മതങ്ങൾ. പക്ഷേ, പിൽക്കാലത്ത് പല കയ്യേറ്റങ്ങളും നടത്തപ്പെട്ടു. ഇല്ലാതിരുന്ന പലതും കടന്നുകൂടി. ഉണ്ടായിരുന്ന പലതും ചോർന്നുപോയി. കാലാന്തരത്തിൽ അവ അലങ്കോലപ്പെട്ടു കൃത്രിമ മതങ്ങളായിത്തീർന്നു. ഇന്നു നാം കാണുന്നത് അത്തരം മതങ്ങളെയാണ്. അവ അന്യോന്യം കഴുത്തറുക്കുവാൻ തദനുയായികളെ പ്രോത്സാഹിപ്പിക്കുന്നുവെങ്കിൽ അതിലൊട്ടും ആശ്ചര്യപ്പെടാനില്ല. എന്നാൽ യഥാർഥ മതം ഇതിൽ നിന്നും പരിശുദ്ധമത്രെ!

## കുറിപ്പുകൾ

1. ഖുർആൻ 72: 26, 27
2. Ibid 2: 1, 2
3. Ibid 18: 56
4. വിശ്വദർശനങ്ങൾ പേജ് 552
5. Ibid P. 553
6. ഖുർആൻ 65: 1
7. "യാതോഭ്യുദയനിഃ ശ്രേയസ സിദ്ധിഃ സ ധർമ്മഃ"
8. വൈശേഷികസൂത്രം, ഉദ്ധരണം: വിശ്വദർശനങ്ങൾ പേജ് 825
9. ഖുർആൻ 16 : 97
10. ഭഗവദ്ഗീത 9: 31
11. ഖുർആൻ 26: 107, 125, 143, 162, 178; 44: 18 മുതലായവ നോക്കുക.
12. Ibid 5: 48
13. Ibid 6: 90

അധ്യായം മൂന്ന്

# മനുഷ്യോത്പത്തിയുടെ കഥ

**ഭാ**രതത്തിന്റെ പ്രാചീന ചരിത്രത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് മനുഷ്യോത്പത്തിയെപ്പറ്റി ആധുനിക ശാസ്ത്രം എത്തിച്ചേർന്ന നിഗമനങ്ങൾ മൊത്തത്തിൽ വിവരിക്കുന്നതുപകാരമായിരിക്കുമെന്ന് കരുതുന്നു. ബൈബിളിലെ 'ഉത്പത്തി' പുസ്തകത്തിൽ പറയുന്നത് ഇങ്ങനെയാണ്: "യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ സൃഷ്ടിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു."[1]

ഇങ്ങനെ ഒരു സുപ്രഭാതത്തിൽ മനുഷ്യനെ മണ്ണിൽ നിന്ന് ദൈവം സൃഷ്ടിച്ചുവെന്നാണ് ബൈബിൾ പറയുന്നത്. മനുഷ്യസൃഷ്ടിയുടെ കാലവും ബൈബിൾ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ കണക്കാ

ക്കപ്പെട്ടിട്ടുണ്ട്. ക്രി. മു. 4004-ാമാണ്ടിലാണത്രെ അത് നടന്നത്.

ആധുനിക ശാസ്ത്രം ബൈബിളിന്റെ പ്രസ്തുത സൃഷ്ടിവിവരണവും കാലനിർണയവും തെറ്റാണെന്നും മനുഷ്യൻ ലക്ഷക്കണക്കായ വർഷങ്ങൾക്കുമുമ്പ് ഇതര ജീവികളിൽ നിന്നും പരിണമിച്ചു പരിഷ്കരിച്ചുണ്ടായതാണെന്നും അവകാശപ്പെടുന്നു. എന്നാൽ എപ്പോഴാണ്, ഏതിടത്താണ് ആദിമമനുഷ്യവർഗം ഉത്ഭവിച്ചത്? ഇക്കാര്യത്തെപ്പറ്റി നരവംശശാസ്ത്രത്തിന് കണിശമായി ഒരു തീരുമാനത്തിലെത്താൻ ഇന്നും കഴിഞ്ഞിട്ടില്ല. പക്ഷേ, ചുരുങ്ങിയത് അഞ്ചുലക്ഷം സംവത്സരങ്ങൾക്കുമുമ്പ് മനുഷ്യൻ ഉദ്ഭവിച്ചു എന്ന് ശാസ്ത്രകാരൻമാർ ഉറപ്പിച്ചുപറയുന്നു. നരവംശശാസ്ത്രജ്ഞൻമാരെ ഉദ്ധരിച്ചുകൊണ്ട് ഡോക്ടർ എ. അയ്യപ്പൻ (ഇന്ത്യാ ഗവൺമെന്റിന്റെ ഭൂഗർഭ നിരീക്ഷണവകുപ്പുമായി ബന്ധമുള്ള ഒരു പ്രതിഭാശാലിയാണ് ഇദ്ദേഹം) തന്റെ 'ഭാരതപ്പഴമ' എന്ന കൃതിയിൽ എഴുതിയത് കാണുക: "മനുഷ്യന്റെ ഉദ്ഭവം 5,00,000 കൊല്ലങ്ങൾക്ക് മുമ്പാണെന്ന് തീർച്ചയാണ്. മനുഷ്യനും മനുഷ്യക്കുരങ്ങുകളും ചുരുങ്ങിയത് രണ്ടരക്കോടി സംവത്സരങ്ങൾക്കുമുമ്പ് ഒരേ 'മുരടി'ൽനിന്ന് തരം തിരിഞ്ഞവരാണ്. മനുഷ്യനെ മറ്റു ജന്തുക്കളിൽനിന്ന് വേർതിരിക്കുന്ന സവിശേഷതകൾ നാലാണ്. 1) നിവർന്നു നിൽക്കൽ 2) കൈകൾ, കൈകളുടെ പെരുവിരൽ, ഇവ മറ്റു ജന്തുക്കളേക്കാളധികം ഉപയോഗിക്കൽ 3) തലച്ചോറിന്റെ വലുപ്പവും വികാസവും 4) ആയുധങ്ങളുണ്ടാക്കുക, ഭാഷ കൈകാര്യം ചെയ്യുക."[2]

രണ്ടരക്കോടി സംവത്സരങ്ങൾക്കുമുമ്പു മുതൽ അഞ്ചുലക്ഷം സംവത്സരങ്ങൾക്ക് മുമ്പുവരേയുള്ള അതിദീർഘമായ ഒരു കാലയളവിനുള്ളിൽ മനുഷ്യൻ ഉദ്ഭവിച്ചു എന്നു പറയാനേ നരവംശശാസ്ത്രത്തിന് കഴിഞ്ഞിട്ടുള്ളൂവെന്നാണ് മുകളിലുദ്ധരിച്ചതിൽ നിന്നും മനസ്സിലാവുന്നത്. പക്ഷേ, രണ്ടു കോടി സംവത്സരങ്ങൾക്കുമുമ്പുതന്നെ മനുഷ്യ സദൃശരായ ജന്തുക്കൾ ഉണ്ടായിരുന്നുവെന്ന് ശാസ്ത്രജ്ഞൻമാർക്കഭിപ്രായമുണ്ട്. അത്തരം ജീവികളുടെ പല്ലുകൾ ഹിമാലയസാനുക്കളിൽനിന്നും മറ്റും കണ്ടെടുത്തതായി അവർ അവകാശപ്പെടുന്നു. ശ്രീ. അയ്യപ്പൻ തന്നെ പറയട്ടെ: "നാൽക്കാലിയായ ഒരു വാനരപ്രായൻ, ഇരുകാലിയായി നിവർന്നതിന്റെ ചരിത്രം നമുക്കു പൂർണമായി അറിയാൻ കഴിഞ്ഞിട്ടില്ല. ഹിമാലയ സാനുക്കളിൽ മനുഷ്യസദൃശരായ 'വാനരങ്ങൾ' രണ്ടുകോടി സംവത്സരങ്ങൾക്കു മുമ്പുണ്ടായിരുന്നു. അവയിൽ നിന്നു നമ്മുടെ ആദിപിതാക്കൾ പരിണമിച്ചുണ്ടായതാവാം. അവയുടെ പല്ലുകൾ മാത്രമേ ഇതുവരെ കണ്ടെത്തപ്പെട്ടിട്ടുള്ളൂ. ആഫ്രിക്കയിൽ, രണ്ടു കാലിൻമേൽ നിവർന്നു നടന്ന് വന്യമൃഗങ്ങളെ നായാടിയിരുന്ന ഒരു ജാതി 'വാനരൻമാർ' (Apes) ഉണ്ടായിരുന്നുവെന്നതിന് തെളിവുകൾ കണ്ടുകിട്ടിയിട്ടുണ്ട്."[3]

ഡാർവിന്റെ പരിണാമ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലാണ് ആധുനിക ശാസ്ത്രജ്ഞൻമാർ മനുഷ്യോത്പത്തിയുടെ ചരിത്രം മെനഞ്ഞെടുക്കുവാനുദ്യമിക്കുന്നത്. അതിനാൽ പരിണാമവാദത്തെപ്പറ്റി

മൊത്തത്തിലൊന്നു മനസ്സിലാക്കേണ്ടതുണ്ട്.

## ഡാർവിനിസം

പരിണാമ സിദ്ധാന്തം ഒരിംഗ്ലീഷുകാരനായ ചാൾസ്ഡാർവി (1809-1882) നോടു ബന്ധപ്പെടുത്തിയാണ് പ്രചാരപ്പെട്ടിട്ടുള്ളത്. എന്നാൽ പരിണാമവാദത്തിന്റെ ആദിമ പ്രണേതാവ് അദ്ദേഹമല്ലെന്നും ചിലർക്കഭിപ്രായമുണ്ട്. ഡാർവിൻ പഠിപ്പിൽ അമാന്തക്കാരനായിരുന്നു. എഡിൻബറോ യൂണിവേഴ്സിറ്റിയിൽ വൈദ്യം പഠിക്കാൻ ചേർന്നുവെങ്കിലും പരീക്ഷയിൽ തോറ്റതിനാൽ വൈദ്യപഠനം അദ്ദേഹത്തിന് ഉപേക്ഷിക്കേണ്ടിവന്നു. എന്നാൽ നിരീക്ഷണപാടവം അദ്ദേഹത്തിനുണ്ടായിരുന്നു. തെക്കെ അമേരിക്കയുടെ കടലോരം സർവേ ചെയ്യുവാൻ പുറപ്പെട്ട 'ബീഗിൾ' എന്ന കപ്പലിൽ ഒരു പ്രകൃതി ശാസ്ത്രജ്ഞനെന്ന നിലയിൽ അദ്ദേഹവും പോയി. കാണുന്നതെന്തും ശേഖരിക്കുവാനും നിരീക്ഷിക്കുവാനുമുള്ള വാസന പ്രകൃതി അദ്ദേഹത്തിന് സമ്മാനിച്ചിരുന്നു. അദ്ദേഹം സസ്യങ്ങൾ, പാറകൾ, പ്രാണികൾ, ജന്തുക്കൾ, ഫോസിലുകൽ (ശിലീഭവിച്ച അസ്ഥികൾ) എന്നിവ ശേഖരിച്ചു. ഓരോ തുറമുഖത്തുനിന്നും തന്റെ ശേഖരങ്ങൾ ഇംഗ്ലണ്ടിലേക്കയച്ചു. പല കടലോരങ്ങളും താണ്ടി, ഒരു ദിവസം ബീഗിൾ തെക്കെ അമേരിക്കയുടെ പടിഞ്ഞാറുള്ള ഗാലപാഗോസ് ദ്വീപുകളിൽ നങ്കൂരമിട്ടു. അവിടത്തെ ജനങ്ങളുടെ അതിപ്രാകൃതമായ സ്വഭാവം കണ്ടപ്പോൾ അദ്ദേഹത്തിന് തോന്നി, ഒരേതരം ജീവികൾ തന്നെയല്ലേ മാറിമാറി പലതരം ജീവികളായി പരിണമിച്ചതെന്ന്. ആ ദ്വീപുകളിലെ പക്ഷികളെ കണ്ടപ്പോൾ ആ തോന്നൽ ഒന്നുകൂടി ഉറച്ചു. ഡാർവിൻ തന്റെ കൈവശമുള്ള ഫോസിലുകൾ പരിശോധിച്ചു. ആദ്യത്തെ ജീവികൾ പതുക്കെപ്പതുക്കെ ഇല്ലാതാവുന്നതും പകരം പല കാര്യങ്ങളിലും സാദൃശ്യവും ചിലതിൽ മാത്രം വ്യത്യാസവുമുള്ള ജീവികൾ ഉണ്ടാവുന്നതും അദ്ദേഹം കണ്ടെത്തി. അങ്ങനെ പരിണാമവാദത്തിന്റെ ബീജം അദ്ദേഹത്തിന്റെ മനസ്സിൽ അങ്കുരിച്ചു.

20 വർഷം തന്റെ വാദത്തിന് പറ്റിയ തെളിവുകൾ ശേഖരിച്ചു. ബീഗിളിലാരംഭിച്ച പഠനം തുടർന്നു. അങ്ങനെ സുപ്രസിദ്ധമായ തന്റെ 'വർഗോത്പത്തി' (Origin of Species) എന്ന കൃതി 1859-ൽ പ്രസിദ്ധീകരിച്ചു. ഇതിലാണ് വർഗപരിണാമ സിദ്ധാന്തം സമർഥിച്ചിട്ടുള്ളത്.

ജീവികളുടെ പരിണാമത്തെപ്പറ്റി ഡാർവിൻ നൽകിയ വിശദീകരണത്തിനാണ് ഡാർവിനിസം (Darwinism) എന്നു പറയുന്നത്. മനുഷ്യന്റെ ഏറ്റവും അടുത്ത പൂർവികർ വാനരന്മാരാണെന്നും വാനരന്റെ വാലറ്റു നരനായിത്തീർന്നുവെന്നും ഡാർവിൻ സിദ്ധാന്തിച്ചതായി ഒരു ധാരണയുണ്ട്. വാസ്തവത്തിൽ ഡാർവിൻ അങ്ങനെ തീർത്തുപറഞ്ഞിട്ടില്ല. വാനരനും നരനും ഒരേ പൂർവികനിൽ നിന്നു ഉരുത്തിരിഞ്ഞതാണെന്നു മാത്രമേ അദ്ദേഹം പറഞ്ഞിട്ടുള്ളൂ.[4]

ഡാർവിൻ തന്റെ ബീഗിൾയാത്രയിൽ അഞ്ചുകൊല്ലം കഴിച്ചു. അതിനിടയിൽ പല സംഗതികളും മനസ്സിലാക്കി. ചില നിഗമനങ്ങളിലെത്തി

ച്ചേർന്നു. ഈ നിഗമനങ്ങളെയാണ് ഡാർവിനിസം എന്നു വിളിക്കുന്നത്. ജന്തുക്കൾ ഉത്പാദനം നടത്തുന്നു. ഉത്പാദനത്തോത് വളരെ ഉയർന്നതാണ്. സാൽമൻ എന്ന മത്സ്യം പ്രത്യുത്പാദന കാലത്ത് 28 മില്യൻ മുട്ടകൾ ഉത്പാതിപ്പിക്കുന്നു. ഈ മുട്ടകളെല്ലാം വിരിഞ്ഞ് കുഞ്ഞുങ്ങൾ പുറത്തുവന്ന് പൂർണ വളർച്ചയെത്തി, ഇതേ തോതിൽ പുരോഗമിച്ചിരുന്നുവെങ്കിൽ ഒറ്റ ജാതി മത്സ്യം കൊണ്ടുതന്നെ സമുദ്രം നിറയേണ്ടതായിരുന്നു. പക്ഷേ, അപ്രകാരം ഒരിക്കലും സംഭവിക്കുന്നില്ല. കാരണം, പ്രകൃതി ഇവിടെ ഒരു നിയന്ത്രണമേർപ്പെടുത്തുന്നു. ജീവികൾ ഭക്ഷണത്തിനും സ്ഥലത്തിനും വേണ്ടി കടുത്ത മത്സരം നടത്തുന്നു. ഈ സമരത്തിൽ ബലഹീനങ്ങളായവ നശിക്കുകയും അർഹതയുള്ളവ മാത്രം അതിജീവിക്കുകയും ചെയ്യുന്നു. ഇതാണ് പ്രകൃതി നടത്തുന്ന തിരഞ്ഞെടുപ്പ്; അഥവാ 'പ്രകൃതി നിർധാരണം.'

ജീവികൾ പ്രസ്തുത സംഘട്ടനങ്ങളിൽ ആർജിച്ച ഗുണങ്ങൾ, അല്ലെങ്കിൽ വൈവിധ്യങ്ങൾ അടുത്ത തലമുറക്കു കൈമാറുന്നു. ഈ പ്രക്രിയയിലൂടെ അനേക തലമുറകൾ മുമ്പോട്ടു നീങ്ങുമ്പോൾ ആദിമ മാതാപിതാക്കളിൽ നിന്നും വ്യത്യാസപ്പെട്ട് പുത്തനായ ഗുണവിശേഷങ്ങളോടുകൂടിയ ജീവികൾ ഉദ്ഭവിക്കുന്നു. അങ്ങനെയാണ് വർഗപരിണാമം സംഭവിക്കുന്നതെന്ന് ഡാർവിൻ സിദ്ധാന്തിക്കുന്നു. ഈ സിദ്ധാന്തത്തെ പിന്നീട് പാരമ്പര്യശാസ്ത്രം കുറേക്കൂടി വികസിപ്പിക്കുകയുണ്ടായി.

## നരവംശചരിത്രം

നരവംശശാസ്ത്രകാരന്മാർ ഡാർവിനിസത്തിന്റെ അടിസ്ഥാനത്തിലാണ് മനുഷ്യചരിത്രം മെനഞ്ഞെടുക്കാൻ ശ്രമിച്ചിട്ടുള്ളതെന്ന് പറഞ്ഞുവല്ലോ. അതിപ്രാചീന ജീവികളുടേതെന്ന് അവർ അവകാശപ്പെടുന്ന അവശിഷ്ടങ്ങളത്രെ പ്രസ്തുത ചരിത്രനിർമാണത്തിനാസ്പദം. ഈ അവശിഷ്ടങ്ങൾ നിരന്തര ഗവേഷണ നിരീക്ഷണങ്ങൾക്ക് വിഷയമാക്കി. അവയിൽ ചില മനുഷ്യസവിശേഷതകൾ കണ്ടെത്തി. അതിനാൽ മൃഗം മനുഷ്യത്വത്തിലേക്കു പുരോഗമിക്കുന്ന ഇടവേളയിൽ സ്ഥിതിചെയ്തിരുന്ന ജീവികളുടേതാവണം അവയെന്ന് അനുമാനിക്കപ്പെട്ടു. ഉദാഹരണമായി, രണ്ടുകാലിന്മേൽ നടക്കുകയും വന്യമൃഗങ്ങളെ വേട്ടയാടി തിന്നുകയും ചെയ്യുന്ന ഒരു തരം വാനരൻമാർ (Apes) ആഫ്രിക്കയിലുണ്ടായിരുന്നുവെന്ന് അവിടെനിന്ന് ലബ്ധമായ ഫോസിലുകളിൽ നടത്തപ്പെട്ട ഗവേഷണം തെളിയിച്ചു. ഇതുപോലെ നിവർന്നു നടക്കുകയും എന്നാൽ പൂർണ മനുഷ്യത്വം പ്രാപിക്കാതിരിക്കുകയും ചെയ്തിട്ടുള്ള ചില ജീവികളുടെ അവശിഷ്ടങ്ങൾ ജാവയിൽ നിന്നും ചീനയിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. ആദ്യം പറഞ്ഞ ജീവിക്ക് 'ജാവാ മനുഷ്യൻ' (Pithecanthropus) എന്നും, രണ്ടാമത്തേതിന് 'പെക്കിങ്ങുമനുഷ്യൻ' (Sinanthropus) എന്നും ശാസ്ത്രജ്ഞന്മാർ പേരിട്ടിരിക്കുന്നു. എന്നാൽ മനുഷ്യവർഗം പല ശാരീരിക പരിഷ്കാരങ്ങളേയും പിന്നിട്ട് സമ്പൂർണ മനുഷ്യത്വത്തിലേക്ക് കാലെടുത്തുവച്ചത് എപ്പോൾ, എവിടെ വെച്ച് എന്നു തീരുമാനിക്കുവാൻ

ശാസ്ത്രജ്ഞന് ഇനിയും കഴിഞ്ഞിട്ടില്ല. ഒന്നാമത്തേയും രണ്ടാമത്തേയും ഹിമയുഗങ്ങൾക്കിടയിലായിരിക്കണം ജാവാ-ചീനാ മനുഷ്യരുടെ ഉദ്ഭവമെന്ന് വിദഗ്ധൻമാർ ഊഹിക്കുന്നു.[5] ആ ഘട്ടത്തിനാകട്ടെ, ലക്ഷക്കണക്കായ സംവത്സരങ്ങളുടെ ദൈർഘ്യമുണ്ടുതാനും. ജാവാമനുഷ്യനും ചീനാമനുഷ്യനും സാക്ഷാൽ മനുഷ്യരല്ല; മനുഷ്യസദൃശ ജീവികൾ മാത്രമാണ്. മനുഷ്യന്റെ സവിശേഷതകളിൽപെട്ട നിവർന്നു നടക്കൽ മുതലായ ഗുണങ്ങൾ അവയ്ക്കുണ്ടായിരുന്നുവെന്നു മാത്രം. അത്തരം ജീവികളുടേതെന്ന് ഗവേഷകന്മാർ കരുതുന്ന ശിലായുധങ്ങൾ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽനിന്നും ആഫ്രിക്കയുടെ പല ഭാഗത്തുനിന്നും കണ്ടെടുത്തിട്ടുണ്ട്. എന്നാൽ ഇന്ത്യയിൽ നിന്ന് ലഭിച്ച കന്മഴുകൾക്ക് താരതമ്യേന പഴക്കം കുറയുമത്രെ.

ജാവാമനുഷ്യൻ നിവർന്നു നടന്നിരുന്നുവെങ്കിലും തല ഉയർത്തി നടന്നിരുന്നില്ല. ആ ഇനത്തിൽ പെട്ട നാലഞ്ചു തലയോടുകൾ വിദഗ്ധൻമാരുടെ പരിശോധനക്ക് വിഷയീഭവിച്ചിട്ടുണ്ട്. സംസാരിക്കുവാനുള്ള കഴിവിന്റെ ലക്ഷണങ്ങൾ അൽപമായേ അതിൽ കണ്ടുള്ളൂ. ഡോ. യൂജിൻദുബായ് എന്ന ശാസ്ത്രകാരനാണ് ജാവാമനുഷ്യന്റെ അവശിഷ്ടങ്ങൾ കണ്ടുപിടിച്ചത്. തന്റെ ആയുഷ്കാലം മുഴുവൻ അതേപ്പറ്റിയുള്ള ഗവേഷണത്തിൽ അദ്ദേഹം ചെലവഴിക്കുകയും ചെയ്തു.

പെക്കിങ്ങുമനുഷ്യൻ എന്ന പേരിൽ നരവംശശാസ്ത്രജ്ഞന്മാർ വിളിക്കുന്ന ആദിമ ചീനാമനുഷ്യന്റെ അവശിഷ്ടങ്ങൾ കണ്ടെത്തിയ കഥ വിചിത്രമാണ്. പെക്കിങ്മെഡിക്കൽ കോളേജിൽ പ്രൊഫസറായിരുന്ന ജോ. ഡേവിഡ്സൻ ബ്ലാക്കിനാണ് പ്രസ്തുത അവശിഷ്ടങ്ങൾ ലബ്ധമായത്. ചീനയിലെ മരുന്നുഷാപ്പുകളിൽ പല്ലുവേദനക്ക് കൊടുക്കാറുള്ള മരുന്നുകളുടെ കൂട്ടത്തിൽ ശിലീഭവിച്ച (Fossil) പലതരം പല്ലുകൾ വെക്കാറുണ്ട്. ഡോ. ബ്ലാക്ക് ഒരു ഷാപ്പിൽ, പല്ലുകളുടെ കൂട്ടത്തിൽ വലിയൊരു അണപ്പല്ല് കണ്ടെത്തി. ആ പല്ലുകിട്ടിയ സ്ഥലം പെക്കിങ്ങിൽ നിന്ന് വളരെ ദൂരമല്ലാത്ത ചൗക്കൗട്ടിയൻ ഗുഹയായിരുന്നു. ചൗക്കൗട്ടിയൻ ഗുഹയിൽനിന്ന് 45-ഓളം ചീനാമനുഷ്യകപാലങ്ങളും അസ്ഥികളും കണ്ടുകിട്ടി. ഹൃദ്രോഗബാധിതനായിരുന്നു ഡോ. ബ്ലാക്ക്. എന്നിട്ടും അദ്ദേഹം രാത്രിമുഴുവൻ ലാബറട്ടറിയിലിരുന്നു പണിയെടുത്തിരുന്നു. ഒരു ദിവസം രാവിലെ തന്റെ ഭൃത്യൻ കണ്ടത് ഡോക്ടറുടെ മൃതദേഹമാണ്. അദ്ദേഹത്തിന്റെ മടിയിൽ പെക്കിങ്ങുമനുഷ്യന്റെ തലയോടുമുണ്ടായിരുന്നു. ശാസ്ത്രീയാന്വേഷണത്തിൽ വിദ്വാന്മാർ അനുഷ്ഠിച്ചിട്ടുള്ള വിലപ്പെട്ട ത്യാഗങ്ങൾക്കൊരുത്തമ ദൃഷ്ടാന്തമാണിത്.

## നിയാണ്ടർതാൾ മനുഷ്യൻ

പുരാതന മനുഷ്യനെക്കുറിച്ച് നമുക്കു കൂടുതൽ അറിവു നൽകിയത് നിയാണ്ടർതാൾ (Neanderthal) മനുഷ്യന്റെ അവശിഷ്ടങ്ങളാണ്. അവ ലഭിച്ച കഥ രസാവഹമാണ്. ജർമനിയിലെ ഡുസൻ എന്ന ചെറുപുഴക്കടുത്ത് 'നിയാണ്ടർ' എന്നു പേരായ ഒരു സ്ഥലമുണ്ട്. അവിടത്തെ ഒരു

ഗുഹയിൽ പണിയെടുത്തിരുന്ന കൂലിക്കാർക്ക് കുറേ അസ്ഥികൾ കിട്ടി. അവർ അതെല്ലാം പെറുക്കിയെടുത്ത് ഡോക്ടർ ഫുൾറോട്ടു എന്ന ഒരാൾക്ക് സമ്മാനിച്ചു. എച്ച്. ഷാഫ് ഹൗസിന്റെ പരിശോധനക്ക് അവ വിധേയമായി.

ജർമനിയിലെ ബോൺ (Bonn) യൂണിവേഴ്സിറ്റിയിലെ ശരീരശാസ്ത്ര വിദഗ്ധനായിരുന്നു പ്രൊഫസർ ഷാഫ് ഹൗസ്. 1857-ൽ, തനിക്ക് ഒരു പ്രത്യേക ജാതി മനുഷ്യന്റെ അവശിഷ്ടങ്ങൾ കൈവന്നിരിക്കുന്നു എന്ന് ഷാഫ് ഹൗസ് പ്രസിദ്ധം ചെയ്തു. അദ്ദേഹം പ്രതിഭാശാലിയായിരുന്നു. പ്രസ്തുത അവശിഷ്ടങ്ങളിൽ അദ്ദേഹം നിരന്തര നിരീക്ഷണം നടത്തി. ആധുനിക മനുഷ്യന്റെ പുരോഗാമിയാണ് നിയാണ്ടർതാൾ മനുഷ്യനെന്ന് അദ്ദേഹം സിദ്ധാന്തിച്ചു.

ഇതേ കാലത്താണ് ഫ്രഞ്ചുകാരനായ ബൂഷെദപെർതെസ് എന്ന വിദഗ്ധൻ, തനിക്ക് പാരീസിൽ നിന്ന് അധികം ദൂരമല്ലാത്ത സോം നദീതടത്തിൽ നിന്ന് കൈവന്നിട്ടുള്ള കന്മഴുകൾ മനുഷ്യനിർമിതമാണെന്നു തെളിയിക്കുവാൻ ശ്രമിച്ചിരുന്നത്. അഞ്ചുലക്ഷത്തോളം വർഷങ്ങളുടെ പഴക്കമുള്ള ചില മണ്ണട്ടികളിൽ നിന്നെടുത്തതായിരുന്നു പ്രസ്തുത കന്മഴുകൾ. ഇതിന്റെ അർഥം അഞ്ചുലക്ഷം വർഷങ്ങൾക്കു മുമ്പ് മനുഷ്യൻ ശിലായുധങ്ങൾ നിർമിച്ചിരുന്നുവെന്നാണല്ലോ. ഷാഫ്ഹൗസിന്റെ നിഗമനങ്ങൾ താഴെ കൊടുക്കുന്നു.

* നിയാണ്ടർതാൾ താഴ്വരയിൽ നിന്നെടുത്ത അസ്ഥികൾ നാളിതുവരെ നമ്മുടെ അറിവിൽ പെട്ടിട്ടില്ലാത്ത, ആരോഗ്യവാനായ ഒരു ജാതി മനുഷ്യന്റെ അവശിഷ്ടങ്ങളാണ്.

* ആ മനുഷ്യന്റെ കാലം അത്യന്തം പ്രാചീനമാണ്; യൂറോപ്പിലെ കെൽറ്റ് (Celt) വർഗങ്ങൾക്കും എത്രയോ മുമ്പ്.

* ഹിമയുഗത്തിലെ പുതുതായ ജന്തുക്കളുടെ സമകാലികനായിരുന്നു നിയാണ്ടർതാൾ മനുഷ്യൻ.

ബോൺ യൂണിവേഴ്സിറ്റിയിലെ മറ്റൊരു പ്രൊഫസർ പ്രസ്തുത നിഗമനങ്ങളെ എതിർക്കുകയും വേറൊരു വ്യാഖ്യാനം പ്രസിദ്ധീകരിക്കുകയും ചെയ്തു. പേടിച്ചു ഗുഹയിൽ പോയൊളിച്ച ഒരു റഷ്യൻ പട്ടാളക്കാരന്റേതാണ് പ്രസ്തുത അസ്ഥികൾ എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. പക്ഷേ, ഇംഗ്ലണ്ടിലെ വിദ്വാന്മാരിൽ പലരും ഷാഫ്ഹൗസിന്റെ വാദത്തോട് യോജിക്കുകയാണ് ചെയ്തത്. ഡാർവിനിസത്തിൽ അവർക്കുള്ള മതിപ്പായിരുന്നു അതിനു കാരണം. ചിലർ പരസ്യമായി അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ ചെയ്യാതെ നിഷ്പക്ഷത പാലിച്ചു. 'ഇനിയും തെളിവുകൾ ശേഖരിച്ച് പിന്നീടാവാം തീരുമാനം രേഖപ്പെടുത്തുന്നത്'- ഇതായിരുന്നു തോമസ് ഹക്സലിയുടെ നിലപാട്.

നിയാണ്ടർതാൾ മനുഷ്യനെക്കുറിച്ചു പഠനം പുരോഗമിച്ചു. അവന്റെ ശരീരാകൃതിപോലും തിട്ടപ്പെടുത്തി. അഞ്ചടി ഒരംഗുലം അല്ലെങ്കിൽ അഞ്ചടി അഞ്ചംഗുലം ഉയരം. 1600 സി.സി. തലയോടിന്റെ ഘനം, ഉട

ലിന്റെ നീളം കൂടും, പക്ഷേ അംഗങ്ങളുടെ നീളം താരതമ്യേന കുറയും, വീതികൂടി, നീളം കുറഞ്ഞ കാലടി, കണ്ണിന്റെ മീതെ നെറ്റിയെല്ലു ഉയർന്നു നിൽക്കും, വായ്ഭാഗം നീണ്ടത് - ഇങ്ങനെയൊക്കെയാണ് ഗവേഷകൻമാർ നിയാണ്ടർതാൾ മനുഷ്യന്റെ ആകൃതി ചിത്രീകരിച്ചു വച്ചിരിക്കുന്നത്. എന്നാൽ നിറമെന്തായിരുന്നുവെന്നും ദേഹം രോമാവൃതമായിരുന്നോ അല്ലേയെന്നും അവർക്കു തിട്ടപ്പെടുത്താൻ കഴിഞ്ഞില്ല. തലയോടിന് കട്ടി കൂടിയിരുന്നുവെന്നും, തലച്ചോറിന്റെ മുൻഭാഗം വികസിക്കാതെ കാണുന്നതുകൊണ്ട് ചിന്താശക്തി ആധുനിക മനുഷ്യനെപ്പോലെ വളർന്നിട്ടുണ്ടായിരുന്നില്ലെന്നും അനുമാനിക്കപ്പെടുന്നു.

നിവർന്നു നടക്കുവാൻ സാധിച്ചപ്പോഴാണ് മനുഷ്യന് കൈകൾ കൂടുതൽ പ്രവർത്തിപ്പിക്കുവാനും ആയുധങ്ങൾ നിർമിക്കുവാനും കഴിഞ്ഞതെന്ന് ശാസ്ത്രകാരൻമാർ അഭിപ്രായപ്പെടുന്നു. അതിനാൽ ആയുധനിർമാണം മനുഷ്യസംസ്കാരത്തിന്റെ വികാസത്തിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. ശിലായുധങ്ങളാണ് ഒന്നാമത്തെ പടിയിൽ മനുഷ്യൻ ഉപയോഗിച്ചിരുന്നത്. അതിനാൽ ആ ഘട്ടത്തിന് ശിലായുഗമെന്നു പറയുന്നു. ശിലായുഗത്തെ ശാസ്ത്രകാരൻമാർ രണ്ടായി തരം തിരിക്കുന്നു. പ്രാചീന ശിലായുഗം, നവീന ശിലായുഗം എന്നിങ്ങനെ. അനന്തരം, യഥാക്രമം വെങ്കലയുഗം, ഇരുമ്പുയുഗം എന്നീ യുഗങ്ങൾ വരുന്നു.

## പ്രാകൃത മതബോധം

സാംസ്കാരിക വികാസത്തിൽ ആയുധനിർമാണത്തെപ്പോലെത്തന്നെ സൗന്ദര്യബോധത്തിനും ധർമബോധത്തിനും വലിയ സ്ഥാനമാണുള്ളത്. നിയാണ്ടർതാൾ മനുഷ്യൻ കല്ലുകൊണ്ടും എല്ലുകൊണ്ടും പലതരത്തിലുള്ള ആയുധങ്ങൾ നിർമിച്ചിരുന്നതായി കണ്ടെത്തിയിരിക്കുന്നു. ചിപ്പികൾ കൊണ്ടും എല്ലുകൾ കൊണ്ടും ആഭരണങ്ങളുണ്ടാക്കിയിരുന്നുവെന്നത് അവന്റെ സൗന്ദര്യബോധത്തിന്റെ ലക്ഷണമാണ്. മരിച്ചുപോയവരെ കുഴിച്ചിടുമ്പോൾ പരേതനുവേണ്ടി ഭക്ഷ്യപേയങ്ങളും ആഭരണങ്ങളും ശവത്തോടൊപ്പം മറവ്ചെയ്തിരുന്നുവെന്നത് അവന്റെ മതബോധത്തേയും മരണാനന്തര ജീവിതത്തിലുള്ള വിശ്വാസത്തേയുമാണ് കാണിക്കുന്നത്. ഡോ. അയ്യപ്പൻ എഴുതുന്നു: “പൂർണ മനുഷ്യത്വം പ്രാപിക്കുന്നതിനു മുമ്പുതന്നെ ആദിമ മനുഷ്യൻ തത്വവാദിയും മരണാനന്തരജീവിതത്തിൽ വിശ്വാസിയുമായിരുന്നു എന്ന് കാണിക്കുന്ന തെളിവുകൾ പലതും ശ്മശാനങ്ങളിൽ നിന്നാണ് കിട്ടിയിട്ടുള്ളത്. പരിണാമഗതിയിൽ ജാവാമനുഷ്യരേക്കാൾ അൽപം ഉയർന്ന നിയാണ്ടർതാൾ (Neanderthal) മനുഷ്യർ ശവം മറവുചെയ്തിരുന്ന സമയത്ത് ചായില്യപ്പൊടി മൃതദേഹത്തിൽ വിതറിയിരുന്നു. അന്ത്യയാത്രക്കാരുടെ ആവശ്യത്തിനായി ഭക്ഷ്യപേയാദികളും ശവക്കുഴിയിൽ നിക്ഷേപിച്ചിരുന്നു.”[6] മറ്റൊരിടത്ത് അദ്ദേഹം കുറിക്കുന്നു: “നിയാണ്ടർതാൾ മനുഷ്യൻ കല്ലുകൊണ്ടും എല്ലുകൊണ്ടും പല തരത്തിലുള്ള ആയുധങ്ങൾ ഉണ്ടാക്കിയിരുന്നു. ചിപ്പികൾ കൊണ്ടും എല്ലു കൊണ്ടും ആഭരണങ്ങൾ ഉണ്ടാക്കിയിരുന്നു. മരി

ച്ചുപോയവരെ കുഴിച്ചിടുമ്പോൾ അവർക്കുവേണ്ടി ഭക്ഷണം, ആഭരണങ്ങൾ മുതലായവ ശവത്തോടൊപ്പം നിക്ഷേപിക്കുന്നതിനു പുറമെ ശവത്തിൻമേൽ ചുവന്ന ചായം തേക്കുന്ന സമ്പ്രദായവും അവർക്കുണ്ടായിരുന്നു. മതബോധത്തിന്റെ അങ്കുരങ്ങളാണ് ഈ ക്രിയകളിൽ ലയിച്ചിരിക്കുന്നത്."[7]

ഗവേഷകന്മാരുടെ അഭിപ്രായപ്രകാരം, ഏകദേശം മൂന്നു ലക്ഷം വർഷംനിയാണ്ടർതാൾ മനുഷ്യൻ യൂറോപ്പിലും ആഫ്രിക്കയിലും ഏഷ്യയുടെ ചില ഭാഗങ്ങളിലും അധിവസിച്ചിരുന്നു. അവിടങ്ങളിലെല്ലാം ആ വർഗം നശിച്ചുപോയി. യൂറോപ്പിൽ യഥാർഥ മനുഷ്യർ അവരുടെ സ്ഥാനം കയ്യേറി. ഏതാണ്ട് എഴുപതിനായിരം വർഷങ്ങൾക്കുമുമ്പാണിത് സംഭവിച്ചത്. അറേബ്യയിലും ആഫ്രിക്കയിലും നാൽപതിനായിരം വർഷം മുമ്പുവരെ നിയാണ്ടർതാൾ മനുഷ്യരുണ്ടായിരുന്നുവെന്നതിന് തെളിവുകൾ അടുത്ത കാലത്ത് കണ്ടെത്തി. ഫലസ്തീനിന്നടുത്ത കാർമ്മെൽ മലയിൽ യഥാർഥ മനുഷ്യനും നിയാണ്ടർതാൾ മനുഷ്യനും ഇടകലർന്നു ജീവിക്കുകയും രണ്ടു വർഗക്കാരുടേയും ശരീരപ്രകൃതിയിലുള്ള സന്തതികൾ അവിടെ ഉണ്ടാവുകയും ചെയ്തിരുന്നു. ചീനാമനുഷ്യനും നിയാണ്ടർതാൾ മനുഷ്യനും നരമാംസഭുക്കുകളായിരുന്നു. അന്യോന്യം കൊന്നുതിന്നുന്ന വർഗം ക്ഷണേന നശിച്ചു പോവുന്നതിൽ അത്ഭുതമില്ല. ലക്ഷക്കണക്കായ വർഷങ്ങൾക്കുമുമ്പുതന്നെ മനുഷ്യൻ മതബോധവാനായിരുന്നുവെന്ന വസ്തുത ആ ബോധം പ്രകൃത്യായുള്ളതാണെന്ന ഖുർആന്റെ വാദത്തിനുപോദ്ബലകമത്രെ!

## മനുഷ്യചരിത്രവും ഭാരതവും

മനുഷ്യചരിത്രം എപ്പോൾ, എവിടെ ആരംഭിച്ചു എന്നൊന്നും തിട്ടപ്പെടുത്താൻ ഗവേഷകന്മാർക്ക് ഇനിയും കഴിഞ്ഞിട്ടില്ലെന്നു നാം പറഞ്ഞു കഴിഞ്ഞു. പതിനായിരം നൂറ്റാണ്ടുകൾ പഴക്കമുണ്ട് മനുഷ്യ ചരിത്രത്തിനെന്ന് ശാസ്ത്രജ്ഞൻമാർ അഭ്യൂഹിക്കുന്നു. എന്നാൽ അതിന് അനിഷേധ്യമായ രേഖകളൊന്നുമില്ല. നാൽപതോ അമ്പതോ നൂറ്റാണ്ടുകൾക്കിപ്പുറമുള്ള ചരിത്രത്തെക്കുറിക്കുന്ന ചില രേഖകൾ തങ്ങൾക്ക് കൈവന്നിട്ടുണ്ടെന്നു മാത്രമേ ശാസ്ത്രകാരൻമാർ അവകാശപ്പെടുന്നുള്ളൂ. അതിനു മുമ്പുള്ള ചരിത്രാതീത കാലത്തെക്കുറിച്ചു വല്ലതും അറിയുന്നതിന് ഭൂഗർഭ വസ്തുക്കളാണ് ഏകാശ്രയം. എന്നാൽ ഈ രംഗത്ത് ഇനിയും പുരോഗമിക്കേണ്ടതായിട്ടാണിരിക്കുന്നത്.

ഇന്ത്യയെസ്സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ പുരാതന ചരിത്രത്തിലേക്കു വെളിച്ചം വീശുന്ന കാര്യമായ രേഖകളൊന്നും കൈവന്നിട്ടില്ല. ജാവാമനുഷ്യന്റേയോ പെക്കിങ്ങു മനുഷ്യന്റേയോ നിയാണ്ടർതാൾ മനുഷ്യന്റേയോ അവശിഷ്ടങ്ങളൊന്നും ഭാരതത്തിൽ നിന്ന് ലഭിച്ചിട്ടില്ല. എന്നാൽ ശിലായുധങ്ങൾ കിട്ടിയിട്ടുണ്ട്. വേദങ്ങൾ, പുരാണങ്ങൾ മുതലായ പഴയ സാഹിത്യ കൃതികളിൽ നിന്നും ശിലാലിഖിതങ്ങൾ, ചെപ്പേടുകൾ തുടങ്ങിയ രേഖകളിൽ നിന്നും ചരിത്രാംശങ്ങൾ ശേഖ

രിക്കുവാനാണ് മുഖ്യമായും ആധുനിക ഇന്ത്യാചരിത്രകാരന്മാർ ശ്രമിക്കുന്നത്. കവികളുടെ സങ്കൽപസൃഷ്ടികളാണ് വേദപുരാണാദികൾ. അവയിൽ മുങ്ങിത്തപ്പി ചരിത്രാംശങ്ങൾ ശേഖരിക്കുക എളുപ്പമല്ലെന്ന് പറയേണ്ടതില്ലല്ലോ. കൂടാതെ കൽപിത കഥകളെയും ചരിത്രസംഭവങ്ങളേയും തമ്മിൽ വേർതിരിക്കുവാൻ പലപ്പോഴും കഴിയുന്നതുമല്ല. ഉദാഹരണമായി, ശ്രീകൃഷ്ണൻ ഒരു ചരിത്ര പുരുഷനോ, വെറും കഥാപാത്രമോ എന്ന കാര്യം ഇപ്പോഴും തർക്കത്തിലിരിക്കുകയാണ്. ഇന്നത്തെ രൂപത്തിലുള്ള പുരാതന സാഹിത്യങ്ങളിൽ തന്നെ പിൽക്കാലത്തെഴുതിപ്പിടിപ്പിച്ച ചില ഭാഗങ്ങളുമുണ്ടെന്ന് നിരൂപകന്മാർ സമർഥിച്ചിരിക്കുന്നു.

'ഇന്ത്യക്കാർക്ക് ചരിത്രമില്ല, ചരിത്രശകലങ്ങളേയുള്ളൂ' എന്നാണ് ഒരിക്കൽ ബ്രിട്ടീഷ് പാർലമെന്റിൽ വിൻസ്റ്റൻ ചർച്ചിൽ ഹാസ്യസ്വരത്തിൽ പ്രസ്താവിച്ചത്. നമ്മുടെ പൂർവികന്മാരുടെ അശ്രദ്ധയും അനാസ്ഥയുമാണ് അദ്ദേഹത്തെക്കൊണ്ട് ഇതു പറയിച്ചത്. ഗ്രീക്കുകാരുടെ ആക്രമണ (ക്രി. മു. 323)ത്തിനു ശേഷമാണ് ഭാരതത്തിൽ ചരിത്രകാലം ആരംഭിച്ചത്. അതിനു മുമ്പുള്ള കാലം, ഭാരതത്തെസ്സംബന്ധിച്ചിടത്തോളം ചരിത്രാതീതകാലമാണ്. എത്രയും അപൂർണമാണ് ഇന്ത്യയുടെ ചരിത്രമെന്ന സംഗതി നാം മറക്കരുത്. ഉള്ളതുതന്നെ വൈദേശിക കരങ്ങളാൽ എഴുതപ്പെട്ടതത്രെ. ചുരുക്കത്തിൽ ഇന്ത്യാ ചരിത്രത്തിന്റെ പരിമിതി വളരെ വ്യക്തമാണ്. അതിന്റെ അടിസ്ഥാനത്തിൽ എത്തിച്ചേരുന്ന നിഗമനങ്ങൾക്കും ഈ പരിമിതി ബാധകമായിരിക്കുമെന്നു വിശിഷ്യാ പറയേണ്ടതില്ലല്ലോ.

## കുറിപ്പുകൾ

1. ഉത്പത്തി 2:7
2. ഭാരതപ്പഴമ പേജ് 22,23
3. Ibid P. 23
4. വിശ്വവിജ്ഞാനകോശം വാള്യം 6, പേജ് 690
5. 6,00,000 കൊല്ലം മുമ്പാരംഭിച്ച്, ഏകദേശം ക്രി. മു. 22,000 കൊല്ലം വരെ നീണ്ടുനിന്ന ആ ദീർഘകാലത്തിനുള്ളിൽ നാലോ അഞ്ചോ പ്രാവശ്യം ഭൂമിയുടെ പല ഭാഗത്തും ഹിമയുഗം ആവർത്തിക്കപ്പെട്ടു. (ഭാരതപ്പഴമ പേജ് 21)
6. ഭാരതപ്പഴമ പേജ് 6
7. Ibid P. 27, 28

അധ്യായം നാല്

# പുരാവസ്തു ഗവേഷണം

**ച**രിത്രാതീത കാലങ്ങളിലെ സംഭവങ്ങൾ മനസ്സിലാക്കുവാൻ ഇന്ന് ചില മാർഗങ്ങൾ നിലവിൽ വന്നിട്ടുണ്ട്. അതിനെ സഹായിക്കുന്ന ശാസ്ത്രസിദ്ധാന്തങ്ങളും കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. പക്ഷേ വിദഗ്ധന്മാർക്കല്ലാതെ ആ മാർഗങ്ങളുപയോഗിച്ച് പുരാതന ചരിത്രവസ്തുതകൾ മനസ്സിലാക്കുക സാധ്യമല്ല.

മനുഷ്യന്റെ ഭൗതികാവശിഷ്ടങ്ങൾ, മനുഷ്യൻ ഉപയോഗിച്ച ശിലായുധങ്ങൾ, ലോഹോപകരണങ്ങൾ, മൺപാത്രങ്ങൾ, മനുഷ്യൻ താമസിച്ച ഗുഹകൾ, അവയിൽ മുദ്രണംചെയ്ത ചിത്രങ്ങൾ, കലാനിർമിതികൾ, പ്രതിമകൾ, മനുഷ്യന്റെ മൃതശരീരം അടക്കംചെയ്ത ശ്മശാനങ്ങൾ ആദിയായ പുരാതനാവശിഷ്ടങ്ങളാണ് ചരിത്രാതീതകാലത്തെ സംഭവങ്ങൾ കണ്ടുപിടിക്കാനുള്ള ഒരു മാർഗം. പക്ഷേ, അവ നൽകുന്ന സൂചനകളിൽനിന്ന് ചരിത്രനിർമാണം നടത്തുക ക്ഷിപ്രസാധ്യമായ കാര്യമല്ല. നിരന്തര ഗവേഷണവും നിരീക്ഷണവും അതിനാവശ്യമാണ്. അതുകൊണ്ടുതന്നെ അത് സാധാരണക്കാരുടെ ജോലിയല്ലെന്നും പരിചയ സമ്പന്നരായ പ്രതിഭാശാലികളുടെ കൃത്യമാണെന്നും വ്യക്തമാണ്.

പുരാവസ്തു നിരീക്ഷണത്തിന് ആധുനികശാസ്ത്രം ചില മാർഗങ്ങളും സൂത്രങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്. അവയെപ്പറ്റിയുള്ള പ്രാഥമിക പരിചയമെങ്കിലും ചരിത്ര വിദ്യാർഥികൾക്കുണ്ടാവണം. എങ്കിൽ മാത്രമേ ആധുനിക ചരിത്ര ഗവേഷകന്മാരുടെ നിഗമനങ്ങളെക്കുറിച്ച് ഒരെത്തും പിടിയും അവർക്ക് ലഭിക്കുകയുള്ളൂ. അല്ലാത്തപക്ഷം ആ നിഗമനങ്ങളത്രയും കേവലം അവിശ്വസനീയമായി തോന്നിയേക്കും. അതിനാൽ പ്രസ്തുത മാർഗങ്ങളേയും സൂത്രങ്ങളേയും പറ്റി ഇവിടെ ഒരു സംക്ഷിപ്തവിവരണം നൽകുന്നതാവശ്യമാണെന്ന് കരുതുന്നു.

## പുരാതത്വനിരീക്ഷണത്തിന്റെ പ്രാധാന്യം

പുരാതത്വ നിരീക്ഷണം വളരെ പുരോഗമിച്ച ഒരു കാലമാണിത്. പുരാതത്വ ശാസ്ത്രം (Archaeology) നിലവിൽ വരുന്നതിനുമുമ്പ് ഈജിപ്തിലെ സുപ്രസിദ്ധ പിരമിഡുകൾ (Pyramids) കേവലം അത്ഭുത വസ്തുക്കളായിരുന്നു. ഇന്നാകട്ടെ, അവ പുരാതന ഈജിപ്തിന്റെ ചരിത്രം വിളിച്ചോതുന്ന വിലപ്പെട്ട രേഖകളാകുന്നു. പ്രാചീനകാലത്തെ ഈജിപ്തുകാർ മരണാനന്തരജീവിതത്തിൽ ദൃഢവിശ്വാസികളായിരുന്നുവെന്നും അവിടത്തെ പ്രഭുവർഗത്തിന്റെ ആജ്ഞാശക്തി അനിതരസാധാരണവും അലംഘനീയവുമായിരുന്നുവെന്നും അന്നത്തെ അടിമവർഗങ്ങളുടേയും സാധാരണക്കാരുടേയും ജീവിതം അത്യന്തം ക്ലേശഭൂയിഷ്ഠമായിരുന്നുവെന്നും ആ കൂറ്റൻ ശവകുടീരങ്ങൾ മൂകഭാഷയിൽ വിളിച്ചോതുന്നു. പക്ഷേ, പുരാതത്വ വിദഗ്ധന്മാരുടെ ശ്രവണപുടങ്ങൾക്കല്ലാതെ ആ കഥ ശ്രവിക്കാൻ കഴിഞ്ഞില്ല.

ഗിസ്സയിലെ പിരമിഡുകൾ പണിയണമെങ്കിൽ മനുഷ്യലക്ഷങ്ങളുടെ എന്തുമാത്രം കായികശക്തിയും എത്രമാത്രം ദേശീയസമ്പത്തും ചെലവുചെയ്തിരിക്കണമെന്നു നോക്കുക! എച്ച്.ജി. വെത്സ് എഴുതുന്നു: "ഈ

പിരമിഡുകളിൽ ഏറ്റവും വലിയതിന് 450 അടിയാണ് പൊക്കം. അതിൽ 48,83,000 ടൺ തൂക്കം വരുന്ന കല്ലുകളുണ്ട്. ഈ കല്ലൊക്കെ വഞ്ചികളിൽ കയറ്റി, നീല നദിയിലൂടെ കൊണ്ടുവന്ന് മനുഷ്യരുടെ കരബലം കൊണ്ട് പിടിച്ചുകയറ്റി, യഥാസ്ഥാനം വച്ചിട്ടുള്ളതാണ്. ഇവയുടെ നിർമാണം ഒരു മഹായുദ്ധത്തേക്കാൾ അധികം ഈജിപ്തിനെ ക്ഷീണിപ്പിച്ചിട്ടുണ്ടായിരിക്കണം!'"

അടിമലക്ഷങ്ങളുടെയും സാധാരണക്കാരുടെയും ശാരീരികവും സാമ്പത്തികവുമായ കഴിവുകൾ പരമാവധി ചൂഷണം ചെയ്തിട്ടല്ലാതെ ആ കൂറ്റൻ ശവക്കല്ലറകൾ കെട്ടിപ്പൊക്കാനാവില്ലെന്ന് വളരെ വ്യക്തമാണ്. ഇതിൽ നിന്നുതന്നെ മനസ്സിലാവുന്നുണ്ട്, ഈജിപ്തിലെ പ്രാചീന ഭരണമേധാവികളായ ഫറവോന്മാരുടെയും പ്രഭുക്കന്മാരുടെയും ആജ്ഞാശക്തിയുടെ അപ്രതിരോധ്യതയും സാധാരണക്കാരുടെ ജീവിതക്ലേശങ്ങളുടെ പാരമ്യവും!

ഈജിപ്തിനെപ്പോലെത്തന്നെ പുരാതന നാഗരികതയും വിജ്ഞാനശാഖകളും വളർന്നുവന്നിട്ടുള്ള ഒരു മനുഷ്യവാസ കേന്ദ്രമായിരുന്നു മെസൊപൊട്ടേമിയ. ഗ്രീക്കുഭാഷയിൽ 'നദികളുടെ ഇട' എന്നാണ് ആ പദത്തിനർഥം. 'ഫുറാത്ത്' (യൂഫ്രട്ടീസ്) എന്നും 'ദിജ്‌ലത്ത്' (ടൈഗ്രീസ്) എന്നും പേരുള്ള രണ്ടു നദികൾക്കിടയിലാണ് മെസൊപൊട്ടേമിയ സ്ഥിതി ചെയ്യുന്നത്. അതുകൊണ്ടാണ് ഗ്രീക്കുകാർ അതിന് ആ പേർ കൊടുത്തതും. ഹിബ്രുഭാഷയിൽ 'നഹ്രായീം' എന്നും അറബിഭാഷയിൽ 'മാബൈനന്നഹ്റൈൻ' എന്നും 'ഇറാഖ്' എന്നും അതിനെ വിളിക്കുന്നു. എല്ലാം അതേ അർഥത്തിൽ തന്നെ. മെസൊപൊട്ടേമിയയുടെ പ്രാചീന ചരിത്രം ഇന്നും സുവിദിതമാണ്. ഇറാഖിലെ പ്രാചീന നഗരങ്ങൾ എങ്ങനെ വളർന്നുവെന്നും, അവിടത്തുകാരുടെ വിജ്ഞാനശാഖകൾ എപ്രകാരം പുരോഗതി പ്രാപിച്ചുവെന്നും ഇന്ന് ഏതൊരു ചരിത്രവിദ്യാർഥിക്കും അറിയാം. ഇക്കാര്യങ്ങളൊക്കെ വെളിച്ചത്തുകൊണ്ടുവന്നത് പുരാവസ്തു നിരീക്ഷണമാകുന്നു. ചുരുക്കത്തിൽ, പുരാതത്വ ശാസ്ത്രത്തിന്റെ പ്രാധാന്യം ഒരിക്കലും അവഗണിച്ചു തള്ളാവതല്ല. എന്നാൽ ദൗർഭാഗ്യമെന്നു പറയട്ടെ, മറ്റെല്ലാ രംഗങ്ങളിലുമെന്നപോലെ ഈ രംഗത്തും ഇന്നത്തെ മുസ്‌ലിംകളുടെ പങ്ക് തുലോം വിരളമാണ്.

## ഉത്ഖനനവും ഗവേഷണവും

ഭൂമിക്കടിയിൽ മൺമറഞ്ഞു കിടക്കുന്ന ചരിത്രരേഖകൾ ഖനനം ചെയ്തെടുക്കുന്നതും ഖനനത്തിൽ കിട്ടുന്ന പുരാവസ്തുക്കളെപ്പറ്റി പഠനം നടത്തുന്നതും കൂടുതൽ പുരോഗമിച്ചു വരികയാണ്. അതിന് ചില ശാസ്ത്രീയ നിയമങ്ങളുണ്ട്. ആ ശാസ്ത്രീയ നിയമങ്ങളെയും മാർഗങ്ങളെയും സിദ്ധാന്തങ്ങളെയും വിശദീകരിക്കുക ഇവിടെ ഉദ്ദേശ്യമില്ല. എന്നാൽ പുരാതത്വ നിരീക്ഷകന്മാരുടെ നിഗമനങ്ങൾ അടിസ്ഥാന രഹിതമായ വെറും ഊഹാപോഹങ്ങളാണെന്ന് സാധാരണ വായനക്കാർ തെറ്റിദ്ധരിക്കാതിരിക്കേണ്ടതിനായി അതിപ്രധാനമായ ചില കാര്യങ്ങൾ

ഇവിടെ സൂചിപ്പിക്കുന്നു.

ഭൂമിക്കടിയിൽ ഒരു പുരാതന നഗരത്തിന്റെ അവശിഷ്ടങ്ങൾ കിടപ്പുണ്ടെന്ന് എങ്ങനെ അറിയാം? ഇതിനു ചില മാർഗങ്ങൾ ശാസ്ത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ട്. വല്ല ആവശ്യത്തിനും നിലം കിളച്ചു മറിക്കുമ്പോൾ അടിയിൽ പഴയ മതിലിന്റെ അടയാളം കണ്ടേക്കാം. ആ അവശിഷ്ടം തകർന്നടിഞ്ഞ കെട്ടിടങ്ങളുടെ ഒരു ഭാഗമായിരിക്കും. അവിടെ സൂക്ഷ്മനിരീക്ഷണം നടത്തുന്നപക്ഷം ഏതോ കാലത്ത് നശിച്ചു നാമാവശേഷമായ ഒരു നഗരത്തിന്റെ പല അവശിഷ്ടങ്ങളും കണ്ടെന്നുവരും. അത്തരം അവശിഷ്ടങ്ങൾ വായിച്ചു പഠിക്കാൻ വിദഗ്ധൻമാർക്ക് സാധിക്കുന്നതാണ്.

ചിലപ്പോൾ കുഴിക്കാതെത്തന്നെ പുരാതന നഗരങ്ങളുടെ അവശിഷ്ടങ്ങൾ കിടക്കുന്ന സ്ഥലം കണ്ടെത്താൻ കഴിയും. ഉദാഹരണമായി, പരിസര സ്ഥലങ്ങളിൽനിന്ന് വ്യത്യസ്തമായി ഒരിടത്ത് , ഒരു പ്രത്യേക മേടു കാണുന്നുവെന്നു വയ്ക്കുക. സൂക്ഷ്മ പരിശോധനയിൽ, തകർന്നടിഞ്ഞ അവശിഷ്ടങ്ങളുടെ കൂമ്പാരമാണതെന്ന് കണ്ടേക്കാം. ആ മേടിന്റെ പരിസരങ്ങളിൽ ഉടഞ്ഞ മൺപാത്രക്കഷണങ്ങളോ ഇഷ്ടികകളോ ഉണ്ടെങ്കിൽ വിശേഷിച്ചും. അത്തരം മേടുകൾ കിളച്ചുനോക്കുന്ന പക്ഷം പുരാതന നഗരങ്ങളുടെ അവശിഷ്ടങ്ങൾ ലഭിക്കാവുന്നതാണ്.

പുഴക്കരകളിൽനിന്നും ഗുഹകളിൽനിന്നുമാണ് പ്രാചീന ശിലായുഗത്തിൽ മനുഷ്യർ ഉപയോഗിച്ചിരുന്ന കല്ലായുധങ്ങൾ ധാരാളമായി ലഭിച്ചിട്ടുള്ളതെന്ന് അനുഭവസ്ഥന്മാർ പറയുന്നു. മണൽ കൂമ്പാരങ്ങൾ കാറ്റിന്റെ പ്രവർത്തനം മൂലം നിരപ്പായിത്തീരുമ്പോൾ അതിനിടയിൽ ശിലായുധങ്ങൾ കാണാറുണ്ടത്രെ. സ്വിറ്റ്സർലാണ്ടിലെ ഒരു തടാകം വറ്റിവരണ്ടപ്പോൾ അവിടെ പ്രാചീനമനുഷ്യർ നിർമിച്ച വീടുകളുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയതായി പറയപ്പെടുന്നു.

ഭൂമിക്കടിയിൽ കെട്ടിടമോ മതിലോ ഉണ്ടോ എന്ന് അറിയാവുന്ന വേറൊരു മാർഗമിതാണ്: വേനൽക്കാലത്ത് ഒരു വയലോ മറ്റോ പരിശോധിക്കുക. അടിയിൽ ചുമരുണ്ടെങ്കിൽ അതിന്റെ മുകളിലുള്ള ചെടികൾക്ക് ഇതര ചെടികളെ അപേക്ഷിച്ച് പച്ച കൂടിക്കാണും. കാരണം, മതിലിന്മേൽ തങ്ങിനിൽക്കുന്ന നനവ് മണ്ണിലുള്ള നനവിനെക്കാൾ കൂടുതലുണ്ടാവുന്നതുകൊണ്ട് ആ നനവ് വലിച്ചെടുത്ത ചെടികൾ വേഗം തെഴുത്തു വളരും. നെല്ലോ ഗോതമ്പോ ആണെങ്കിൽ എളുപ്പത്തിൽ വിളയുകയും ചെയ്യും.

പ്രാചീനകാലത്ത് ഒരിടത്ത് ജനവാസമുണ്ടായിരുന്നോ എന്നറിയാൻ മണ്ണു പരിശോധിച്ചാൽ മതി. ജനവാസസ്ഥലങ്ങളിൽ ഫോസ്ഫറസ് ലവണം കൂടുതലുണ്ടായിരിക്കും.

ഇങ്ങനെ പല മാർഗങ്ങളുമുപയോഗിച്ചാണ് ഭൂഗർഭനിരീക്ഷണം നടത്തുന്നത്. ഖനന സമ്പ്രദായവും പരിഷ്കരിച്ചുവരുന്നു. ഇപ്പോഴത്തെ സമ്പ്രദായം ഏതാണ്ടിങ്ങനെയാണ്: ഖനനം നടത്തുന്ന സ്ഥലം ചെറുച

തുരങ്ങളായി (Grids) വേർതിരിച്ചു, ഓരോ ചതുരത്തേയും നീളത്തിലും വീതിയിലും എ. ബി. സി. ഡി, 1, 2, 3, 4 എന്നിങ്ങനെ നമ്പറിട്ട് അടയാളപ്പെടുത്തും. അഞ്ചോ ആറോ അംഗുലം ആഴത്തിലേ ഒരവസരം കുഴിക്കുകയുള്ളൂ. ആ കുഴികളിലെ മണ്ണിന്റെ നിറവ്യത്യാസം സൂക്ഷ്മമായി പരിശോധിക്കും. ഓരോ ചതുരത്തിലും കാണുന്ന വസ്തുക്കളും അവയുടെ സ്ഥാനം സമനിരപ്പിൽനിന്നു എത്ര അംഗുലം താഴെയാണെന്ന വസ്തുതയും കൃത്യമായി രേഖപ്പെടുത്തും. കിട്ടുന്ന സാധനങ്ങളും അവയുടെ തരവും സ്വഭാവവും റിപ്പോർട്ടിൽ കാണിക്കേണ്ടത് വളരെ ആവശ്യമാണ്. എന്തെന്നാൽ അവയുടെ അടിസ്ഥാനത്തിലാണ് ഗവേഷകന്മാർക്ക് ചില നിഗമനങ്ങളിലെത്തിച്ചേരേണ്ടത്. സമനിരപ്പിൽനിന്ന് ഇത്ര താഴത്ത്‌വച്ചു ഇന്ന സാധനം കണ്ടുകിട്ടിയെന്നറിയുന്നതിനെ ആശ്രയിച്ചിരിക്കുന്നു, പ്രായേണ ആ സാധനത്തിന്റെ കാലനിർണയം. മണ്ണിന്റെ നിറവ്യത്യാസം ചിലപ്പോൾ ഒരു പുരാവസ്തുവിന്റെ മുഴുവൻ ചരിത്രം വെളിക്കുകൊണ്ടുവരുവാൻ സഹായിച്ചെന്നുവരും. ഇറ്റലിയിലെ പോംപെ നഗരം കുഴിച്ചപ്പോൾ എന്നോ ചത്തു മണ്ണായിത്തീർന്ന ഒരു നായയുടെ ആകൃതി കണ്ടുപിടിക്കാനൊത്തു. മണ്ണിന്റെ നിറവ്യത്യാസത്തിൽനിന്നാണ് ഈ പരീക്ഷണത്തിന് പ്രചോദനം ലഭിച്ചത്. ചാരത്തിനുള്ളിൽ കണ്ട ദ്വാരത്തിൽ 'പ്ലാസ്റ്റർ ഓഫ് പാരീസ്' (ഒരു തരം സിമന്റ്) എന്ന ദ്രാവകം ഒഴിച്ചുനോക്കിയപ്പോൾ അദ്ഭുതമെന്നു പറയട്ടെ, ഒരു നായയുടെ രൂപമാണ് കിട്ടിയത്. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് (ഏ.ഡി. 79-ൽ) അഗ്നിപർവതത്തിന്റെ പൊട്ടിത്തെറിയിൽ ചത്തുപോയതായിരുന്നു ആ ജീവി എന്ന് ഗവേഷകന്മാർ തീരുമാനിച്ചു.

വീടുകളുടെ മരത്തൂൺ ദ്രവിച്ചു പൊടിയായശേഷം അതിന്റെ സ്ഥലം കണ്ടുപിടിക്കാനും മണ്ണിന്റെ നിറവ്യത്യാസമാണ് നിരീക്ഷകരെ സഹായിക്കുക. ഇംഗ്ലണ്ടിലും മറ്റും പുരാതനകാലത്തു പ്രഭുക്കന്മാരുടെ മൃതദേഹങ്ങൾ കപ്പലിൽ മറവു ചെയ്യുന്ന ഒരു പതിവുണ്ടായിരുന്നു. ഈ വസ്തുത കണ്ടുപിടിക്കപ്പെട്ടത് 'സട്ടൺഹൂ' എന്നിടത്തുനിന്ന് ഒരു കപ്പൽഖബർ (Ship burial) കണ്ടെത്തിയതോടെയാണ്. അവിടെ ഖനനം ചെയ്തപ്പോൾ ഇരുമ്പാണിയുടെ തുരുമ്പുമൂലം മണ്ണിന്റെ നിറം മാറിയതായി കണ്ടു. ആ അടിസ്ഥാനത്തിൽ നടത്തപ്പെട്ട ഗവേഷണമാണ് പ്രസ്തുത കപ്പൽഖബറിന്റെ കഥ പുറത്തുകൊണ്ടുവരുവാൻ ഇടവരുത്തിയത്.

## കാലനിർണയം

പുരാതത്വനിരീക്ഷണത്തിൽ ഏറ്റവും വിഷമകരമായ ഒന്നാണ് കാലനിർണയം. ഒരു പുരാതനവസ്തു ഏത് കാലത്തിന്റേതാണെന്ന് തീരുമാനിക്കാൻ വളരെ പ്രയാസമുണ്ട്. കാലം പഴകുംതോറും സാധനം എന്നാണുണ്ടായതെന്നു നിശ്ചയിക്കുക കൂടുതൽ പ്രയാസകരമായിരിക്കും. ചരിത്രകാരന്മാർ കാലത്തെ കുറിക്കുവാൻ ഉപയോഗിക്കുന്ന യുഗങ്ങൾ-പ്രാചീനശിലായുഗം, നവീനശിലായുഗം, താമ്രയുഗം, വെങ്കലയുഗം, ഇരു

മ്പുയുഗം എന്നിത്യാദികൾ-ശരിയായ ഒരു കാലനിർണയത്തെയല്ല കുറിക്കുന്നതെന്ന് നാം പ്രത്യേകം മനസ്സിലാക്കണം. അത്തരം പ്രയോഗങ്ങൾ താരതമ്യേനയുള്ള കാലത്തെ-ഏത് ഏതിനെക്കാൾ മുമ്പുള്ളത്, അല്ലെങ്കിൽ പിമ്പുള്ളത് എന്നതിനെ-മാത്രമേ കുറിക്കുന്നുള്ളൂ. ഒരു സംഭവം വെങ്കലയുഗത്തിൽ നടന്നുവെന്നു പറഞ്ഞാൽ ഇരുമ്പുയുഗത്തിന് മുമ്പാണതുണ്ടായതെന്നേ അർഥമുള്ളൂ. എന്നാൽ ഈ യുഗനിർണയം തന്നെ എല്ലാ ഭൂപ്രദേശത്തേക്കും ഒരേമാതിരി ബാധകമല്ല. എന്തെന്നാൽ, പ്രസ്തുത യുഗങ്ങൾ യഥാക്രമം കടന്നുപോയിട്ടില്ലാത്ത നിരവധി ഭൂപ്രദേശങ്ങളുണ്ട്. ഒട്ടേറെ രാജ്യങ്ങളിൽ വെങ്കലയുഗമോ ലോഹയുഗമോ ഉണ്ടായിട്ടില്ലെന്നത്രെ ശാസ്ത്രജ്ഞന്മാരുടെ നിഗമനം. ശിലായുഗത്തിൽനിന്ന് ഇരുമ്പുയുഗത്തിലേക്കു നേരിട്ടു പ്രവേശിച്ച രാജ്യങ്ങളുമുണ്ട്. പശ്ചിമേഷ്യയിലെ വെങ്കലയുഗം ഇംഗ്ലണ്ടിലെ വെങ്കലയുഗത്തോട് സമാനമല്ല. പശ്ചിമേഷ്യയിലെ വെങ്കലയുഗത്തിൽ ഇംഗ്ലണ്ട് ശിലായുഗത്തിൽനിന്നു മുമ്പോട്ടു കടന്നിട്ടുണ്ടായിരുന്നില്ല. ആകയാൽ ഇന്ന സംഭവം ഇന്ന യുഗത്തിലാണ് നടന്നതെന്നു ചരിത്രകാരൻ പറയുമ്പോൾ, അത് ഏതു ഭൂപ്രദേശത്തെക്കുറിച്ചാണോ പറയുന്നതെങ്കിൽ അതിന് മാത്രം ബാധകമാക്കേണ്ടതാണ്. അവിടത്തെ ഓരോരോ യുഗങ്ങളുടെയും കാലയളവുകൾ പ്രത്യേകം പരിശോധിച്ച് കാലഗണന ചെയ്യേണ്ടതുമാകുന്നു.

ശരിയായ നിരപേക്ഷമായ കാലനിർണയം അസാധ്യമായതിനാലാണ്, ആധുനിക ചരിത്രകാരന്മാർ സാപേക്ഷകാലം-ഏത് ഏതിനെക്കാൾ പഴക്കം കൂടിയത്, അല്ലെങ്കിൽ കുറഞ്ഞത് എന്ന താരതമ്യകാലം- സ്വീകരിച്ചിട്ടുള്ളത്. സാധനങ്ങളുടെ നിർമാണരീതി, അവ നിക്ഷേപിച്ച മണ്ണട്ടി മുതലായവ പരിശോധിച്ചാണ് ഇക്കാര്യം ഗവേഷകൻ തീരുമാനിക്കുന്നത്. ഭൂഗർഭത്തിന്റെ ആഴം കൂടുംതോറും കാലപ്പഴക്കവും കൂടുമെന്നാണ് പൊതു സിദ്ധാന്തം.

പുരാവസ്തു നിരീക്ഷണത്തിൽ മൺപാത്രങ്ങളുടെ പ്രാധാന്യം എടുത്തു പറയേണ്ടിയിരിക്കുന്നു. എളുപ്പത്തിൽ ഉടഞ്ഞുപോവുന്നതും, എന്നാൽ നശിക്കാതെ വളരെക്കാലം അവശേഷിക്കുന്നതുമാണല്ലോ മൺപാത്രം. ക്ഷണേന ഉടയുന്നതുകൊണ്ട് മൺപാത്രങ്ങളുടെ വിതരണം ചുരുങ്ങിയ ഒരു വൃത്തത്തിനുള്ളിൽ പരിമിതമായിരിക്കുക സ്വാഭാവികമത്രെ. അധികകാലം അവശേഷിക്കുന്നതിനാൽ മൺപാത്രക്കഷണങ്ങൾ പ്രായേണ എല്ലാ പുരാതന നഗരങ്ങളിൽനിന്നും ലഭിക്കുവാൻ സാധ്യതയുണ്ടുതാനും. പണ്ടു മുതൽക്കേ കുശവന്മാർ മൺപാത്രങ്ങൾ പലതരം വർണങ്ങൾകൊണ്ടും ചിത്രവേലകൾകൊണ്ടും മോടിപ്പെടുത്തുക പതിവായിരുന്നു. ഇക്കാരണത്താൽ പുരാവസ്തുഗവേഷകന്റെ 'അക്ഷരമാല' എന്ന് മൺപാത്രക്കഷണങ്ങൾ വിശേഷിപ്പിക്കപ്പെടുന്നു. മൺപാത്രങ്ങളുടെ ആകൃതിയും നിറവും അലങ്കാരമാതൃകയും മറ്റും പരിശോധിച്ച് അവക്കു കാലനിർണയം ചെയ്യാൻ കഴിയും.

## അണുശാസ്ത്രത്തിന്റെ സഹായം

പുരാവസ്തുഗവേഷണത്തിൽ അണുശാസ്ത്രത്തിന്റെ സഹായംകൂടി ഇന്നു ഉപയോഗപ്പെടുത്തി വരുന്നുണ്ട്. റേഡിയോ കാർബൺ പരീക്ഷണമെന്നാണ് അതിന്റെ പേർ. ഉത്ഖനനത്തിൽ ലഭിക്കുന്ന മരം, എല്ല് മുതലായ വസ്തുക്കളുടെ കാലം റേഡിയോ കാർബൺ പരീക്ഷണം വഴി കണ്ടുപിടിക്കാൻ കഴിയും. കരിയുടെ ഒരു വകഭേദമാണ് റേഡിയോ കാർബൺ. അതിലെ അണുക്കളുടെ എണ്ണം തിട്ടപ്പെടുത്തിയാണ് ഗവേഷകന്മാർ കാലനിർണയം ചെയ്യുന്നത്. ജീവനുള്ള എല്ലാ വസ്തുക്കളിലും പ്രസ്തുത അണുക്കളുടെ ആകത്തുക സമമാണെന്നും ജീവൻ പോയാൽ അവ കുറഞ്ഞുവരുമെന്നും വിദഗ്ധന്മാർ പറയുന്നു.

ഇപ്രകാരം തന്നെ മറ്റൊരു പരീക്ഷണമുണ്ട്-ഫ്ളോറീൻ പരീക്ഷണം. മണ്ണിലുള്ള ഫ്ളോറീനെ എല്ലുകൾ വലിച്ചെടുക്കും. ഒരേസ്ഥലത്തുള്ള ഫ്ളോറീൻ തുല്യമായിരിക്കുമല്ലോ. അതിനാൽ അവിടെ ഒരേ കാലത്ത് നിക്ഷേപിക്കപ്പെടുന്ന രണ്ടു എല്ലുകൾ വലിച്ചെടുക്കുന്ന ഫ്ളോറീനും സമനിലയിലായിരിക്കണം. അഥവാ അങ്ങനെയല്ലാതെ കാണുന്നുവെങ്കിൽ ഫ്ളോറീൻ കൂടുതലുള്ള എല്ല്, കുറഞ്ഞ എല്ലിനെക്കാൾ ആയുസ്സ് അധികരിച്ചതാണെന്നു നിശ്ചയിക്കാവുന്നതാണ്.

ഡോസൻ എന്ന ഒരു വക്കീലിന്റെ കള്ളക്കേസ്സിന് തുമ്പുണ്ടാക്കാൻ കഴിഞ്ഞത് ഈ ഫ്ളോറീൻ പരീക്ഷണം മാർഗേണയാണ്. ആ കഥയുടെ ചുരുക്കം: ഡോസൻ സായ്പിന് എങ്ങുനിന്നോ ഒരു മനുഷ്യതലയോടും ചിമ്പാൻസി എന്ന കുരങ്ങിന്റെ ഒരു താടിയെല്ലും കിട്ടി. അയാൾ വളരെ പണിപ്പെട്ട് അവക്ക് സ്വന്തം വകയായി നിറം കൊടുത്ത് പിൽറ്റ്ഡൗൺ എന്നിടത്ത് കുഴിച്ചിട്ടു. പഴയ അസ്ഥികൾ ധാരാളം കിട്ടാറുള്ള ഒരു സ്ഥലമായിരുന്നു പിൽറ്റ്ഡൗൺ. ബ്രിട്ടീഷ് മ്യൂസിയത്തിലെ ഭൂഗർഭശാസ്ത്രജ്ഞനും തന്റെ പരിചയക്കാരനുമായിരുന്ന ഒരാൾക്ക് ഡോസൻ ആ നിക്ഷേപം കാണിച്ചുകൊടുത്തു. വലിയ കണ്ടുപിടിത്തമെന്ന നിലയിൽ പിൽറ്റ് ഡൗൺ മനുഷ്യന്റെ കഥ ലോകമെങ്ങും പ്രസിദ്ധമായി. അനേകം ലേഖനങ്ങളും ഗ്രന്ഥങ്ങളും അതിനെ ചുറ്റിപ്പറ്റി പുറത്തുവന്നു. മനുഷ്യന്റെ അടുത്ത പൂർവികൻ ചിമ്പാൻസിയാണെന്നുപോലും ലോകം തെറ്റിദ്ധരിക്കാനിടയായി.

ഉദ്ദേശം അര നൂറ്റാണ്ടുകാലം മുഴുവൻ ശാസ്ത്രജ്ഞന്മാരെ കബളിപ്പിച്ച പ്രസ്തുത ഡോസൻ വഞ്ചനയുടെ ഉള്ളുകള്ളി പുറത്തുകൊണ്ടുവന്നത് ബ്രിട്ടീഷ്മ്യൂസിയത്തിലെതന്നെ മറ്റൊരു ശാസ്ത്രകാരനായ ഓക്ക്‌ലിയത്രെ. ഫ്ളോറീൻ പരീക്ഷണത്തിലൂടെയാണ് അദ്ദേഹം പിൽറ്റ്ഡൗൺ മനുഷ്യന്റെ രഹസ്യംപുറത്തിട്ടത്.

ഇങ്ങനെ ശാസ്ത്രീയാന്വേഷണ രംഗത്ത് നടക്കുന്ന കള്ളക്കേസുകൾ കണ്ടുപിടിക്കാനുള്ള മാർഗങ്ങളും ഇന്നു നിലവിൽവന്നിട്ടുണ്ട്. അതിനാൽ നൂറ്റിക്കണക്കിനു വർഷങ്ങളായി ഈ രംഗത്ത് ഗവേഷണ നിരീക്ഷണങ്ങൾ നടത്തി, അമൂല്യ വിജ്ഞാനസമ്പത്തുകൾ സംഭാവന ചെയ്ത പാശ്ചാത്യൻ പണ്ഡിതന്മാരെ ലോകം അത്യധികം ബഹുമാനാദരങ്ങളോടുകൂടി സ്മരിക്കുന്നു. എന്നുവെച്ച് പാശ്ചാത്യവിദ്വാന്മാർ ഇറക്കുമതി

ചെയ്യുന്ന എല്ലാ ചരക്കുകളും ചോദ്യം ചെയ്യാതെ അംഗീകരിച്ചുകൊള്ള ണമെന്നില്ല. തെളിവുകളുടെ ബലാബലം പരിശോധിച്ചുവേണം ഏത് അഭിപ്രായവും കൊള്ളുകയോ തള്ളുകയോ ചെയ്യുന്നത്. അതാണ് വിജ്ഞാനത്തോടു കാണിക്കേണ്ട നീതി.

## സത്യാന്വേഷണ വികാരത്തിന്റെ അനിവാര്യത

ഇത്തരുണത്തിൽ ചരിത്ര നിർമാണരംഗത്തെ ബാധിച്ച ചില അനാ ശാസ്യ പ്രവണതകളെപ്പറ്റി ഒരു വാക്ക് പറഞ്ഞുകൊള്ളട്ടെ. പൗരസ്ത്യ രുടെ പുരാതന ചരിത്രനിർമാണത്തിന് വലിയൊരളവോളം നേതൃത്വം കൊടുത്തത് പാശ്ചാത്യൻ പണ്ഡിതന്മാരാണ്. പൗരസ്ത്യ രാജ്യങ്ങളിൽ പാശ്ചാത്യൻ കോയ്മകൾ കോളനി സ്ഥാപിച്ചിരുന്ന ഒരു കാലഘട്ടത്തി ലാണ് പ്രസ്തുത ചരിത്രനിർമാണം മിക്കവാറും നടന്നത്. അതിനാൽ ആ ചരിത്രനിർമാതാക്കൾ തങ്ങളുടെ രാഷ്ട്രീയ താൽപര്യത്തിന്റെ സ്വാധീനതക്കടിമപ്പെട്ട് ചരിത്രനിർമാണത്തിൽ വേണ്ടത്ര സത്യസന്ധ തയും വിശ്വാസ്യതയും പുലർത്തിയില്ലെന്നും, പൗരസ്ത്യരാജ്യങ്ങളുടെ ചരിത്രത്തെ പക്ഷപാതപരമായ ഒരു പ്രത്യേക വീക്ഷണകോണിലൂടെ യാണ് വീക്ഷിച്ചതെന്നും പരക്കെ ആക്ഷേപമുണ്ട്. ഉദാഹരണമായി, ഭാര തത്തിന്റെ ചരിത്രനിർമാണത്തിൽ 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന തങ്ങ ളുടെ ആസൂത്രിതനയം ബ്രിട്ടീഷുകാർ ശരിക്കും നടപ്പിൽ വരുത്തിയി ട്ടുണ്ട്. ഇതൊരു നഗ്നയാഥാർഥ്യമാണ്. അതിനാൽ പടിഞ്ഞാറന്മാരുടെ ചരിത്രപരമായ നിഗമനങ്ങൾ സംശയദൃഷ്ടിയോടെയല്ലാതെ നോക്കാൻ സാധ്യമല്ല.

എന്നാൽ പക്ഷപാതക്കുറ്റം ആരോപിക്കപ്പെട്ട പാശ്ചാത്യരാണ് ഒരു കാര്യം പറഞ്ഞിട്ടുള്ളതെന്നുവച്ച് പ്രഥമദൃഷ്ടത്തിൽതന്നെ അതിനെ പുച്ഛിച്ചു തള്ളുന്നതും ശരിയല്ല. പിന്നെയോ, ആ സംഗതി സമർഥിക്കേ ണ്ടതിനായി അവർ അവലംബമാക്കിയ തെളിവുകളും രേഖകളും പരി ശോധിച്ച്, അവയുടെ ബലാബലത്തിന്റെ അടിസ്ഥാനത്തിലാണ് അതിനെ അംഗീകരിക്കേണ്ടതും തിരസ്കരിക്കേണ്ടതും. സത്യാന്വേഷണവികാരം ഏതൊരു ചരിത്ര വിദ്യാർഥിക്കും അനിവാര്യമത്രെ.

ഭാരതത്തിലെ ചരിത്രാതീതകാല സംഭവങ്ങൾ വിവരിക്കുമ്പോൾ രണ്ടു തരത്തിലുള്ള പ്രവണതകളാണ് പൊതുവിൽ നാം കാണുന്നത്. ഒരു കൂട്ടർ അതൊക്കെ പാശ്ചാത്യൻ വിദ്വാന്മാരുടെ പക്ഷപാതജന്യമായ കെട്ടുകഥകളായി പുച്ഛിച്ചു തള്ളുകയും, പുരാണങ്ങളിലെയും ഇതിഹാ സങ്ങളിലെയും ചില സൂചനകളെ ആധാരമാക്കി തികച്ചും വിപരീതമായ മറ്റൊരു ചരിത്രവീക്ഷണം ചമച്ചു വിടുകയും ചെയ്യുന്നു. പുരാണങ്ങളിലും ഇതിഹാസങ്ങളിലും സൂചിതമായ കഥകൾതന്നെ പരസ്പരവിരുദ്ധങ്ങളും ഒട്ടേറെ അവ്യക്തങ്ങളുമാണ്. അവ തമ്മിലുള്ള വൈരുധ്യം അവസാനി പ്പിക്കാൻപോലും നമ്മുടെ മാമൂൽസേവകന്മാർക്കു കഴിയുന്നില്ല. അവ്യ ക്തവും പൂർവാപരവിരുദ്ധവുമായ ഒന്നിനെ മറ്റൊന്നിന്റെ വ്യാഖ്യാന ത്തിനോ വിശദീകരണത്തിനോ ആധാരമാക്കുന്നതെങ്ങനെയാണ്?

മറ്റൊരു വിഭാഗം യാതൊരു ബുദ്ധിവിചാരവും നടത്താൻ കൂട്ടാക്കാതെ പാശ്ചാത്യൻ പണ്ഡിതന്മാർ പറയുന്നതെന്തും കണ്ണുമടച്ചു ഏറ്റു പറയുന്നു. ഉത്പതിഷ്ണുക്കളെന്നു സ്വയം അവകാശപ്പെടുന്ന ഇവരുടെ നിലപാടും യുക്തിസഹമല്ല. അന്ധമായ അനുകരണം യാതൊരു ബുദ്ധിജീവിക്കും ഭൂഷണമല്ല. ചുരുക്കത്തിൽ, പാശ്ചാത്യരെ അപ്പടി പുച്ഛിച്ചു തള്ളുന്നതും അന്ധമായി അനുകരിക്കുന്നതും, രണ്ടും അതിരുകവിച്ചിലുകളാണ്. ശരിയായ മാർഗം മധ്യമാർഗമത്രേ. അതായത് ശാസ്ത്രരീത്യാ തെളിയിക്കപ്പെടുന്ന വസ്തുതകൾ നാം വസ്തുതകളായി അംഗീകരിക്കുക. അതിന്റെ അടിസ്ഥാനത്തിൽ എത്തിച്ചേരുന്ന നിഗമനങ്ങൾക്കും സിദ്ധാന്തങ്ങൾക്കും പ്രാമുഖ്യം നൽകുക. അപ്രകാരം തെളിയിക്കപ്പെടാത്തവ സംശയാസ്പദമായി കണക്കാക്കുകയും യാതൊന്നിനും തെളിവായുന്നയിക്കാതിരിക്കുകയും ചെയ്യുക. ഇതാണ് വിജ്ഞാന പ്രണേതാക്കൾ സ്വീകരിക്കേണ്ട മാർഗം. വായനക്കാരനെ തെറ്റിദ്ധരിപ്പിക്കുകയെന്നതും മഹാപാപം തന്നെയാണ്.

പാശ്ചാത്യൻ പണ്ഡിതന്മാരിൽ വലിയൊരു വിഭാഗം സത്യാന്വേഷണ മാർഗത്തിൽ വരിച്ച ത്യാഗങ്ങൾക്കും അധ്വാനങ്ങൾക്കും മറ്റെങ്ങും തുല്യത കാണുകയില്ല. അവരെ കണ്ടമാനം പുച്ഛിച്ചു തള്ളുന്ന മാമൂലാരാധകന്മാർക്ക് ഇത്തരം ത്യാഗാനുഷ്ഠാനങ്ങളുടെ വല്ല പാരമ്പര്യവുമുണ്ടോ? പാശ്ചാത്യൻ പണ്ഡിതന്മാർ വൈജ്ഞാനിക രംഗത്ത് വെട്ടിത്തെളിയിച്ച പാതകളിൽ സഞ്ചരിച്ചുകൊണ്ടാണ് പൗരസ്ത്യർ വല്ലതും പ്രവർത്തിക്കുന്നത്. സ്വന്തം ദൃഷ്ടിയുപയോഗിച്ചു യാതൊന്നും കണ്ടുപിടിക്കുവാൻ മാമൂലാരാധകരായ ഈ പണ്ഡിതന്മാർക്ക് കഴിഞ്ഞിട്ടില്ല. എന്നിരിക്കെ, അവരെ കണ്ണടച്ചാക്ഷേപിക്കുന്നത് കൃതഘ്നതയല്ലെങ്കിൽ മറ്റെന്താണ്?

പാശ്ചാത്യൻ പണ്ഡിതന്മാരും മനുഷ്യരാണ്. അവർക്കും മനുഷ്യസഹജമായ തെറ്റുപറ്റാം. അവരുടെ നിഗമനങ്ങളിൽ പലതും അശാസ്ത്രീയമാവാം; ആണ് താനും. പക്ഷേ, അതിന്റെ പേരിൽ അവരെ പുച്ഛിച്ചുതള്ളുക എളുപ്പമാണെങ്കിലും, നീതിയല്ല; വിജ്ഞാനാന്വേഷകർക്ക് ഭൂഷണവുമല്ല. തെളിവുകളുടെ പിൻബലമുള്ള നിഗമനങ്ങൾ നാം അംഗീകരിക്കുക തന്നെവേണം. അവ ആരുന്നയിച്ചു എന്നത് ഒരിക്കലും പ്രശ്നമാവരുത്. തെളിവുകളുടെ പിൻബലം പോരെന്നുതോന്നുന്ന നിഗമനങ്ങൾ നാം അംഗീകരിക്കേണ്ടതില്ല. കഴിവുള്ളവർ അവയെക്കുറിച്ചു ഗവേഷണ നിരീക്ഷണം തുടർന്നു നടത്തുകയാണ് വേണ്ടത്. അങ്ങനെ അവയെ തിരുത്താവുന്നതാണ്. എന്നാൽ ശ്രമകരമായ ഈ കർത്തവ്യം നിറവേറ്റുന്നതിനു പകരം ക്ഷിപ്രസാധ്യമായ ആക്ഷേപശരങ്ങൾ തൊടുത്തുവിടാനാണ് മാമൂൽ പ്രിയരുടെ വാസന. ഈ നയം എന്നും പരാജയപ്പെട്ടിട്ടേയുള്ളൂ; ഇന്നും അങ്ങനെത്തന്നെ. ഇതുപോലെത്തന്നെയാണ് പാശ്ചാ

ത്യൻ പണ്ഡിതന്മാരെ കണ്ണടച്ചനുകരിക്കുന്ന നയത്തിന്റെ സ്ഥിതിയും.

സത്യാന്വേഷണ വികാരമല്ലാതെ മറ്റൊരു വികാരവും വിജ്ഞാനരംഗത്ത് ഭൂഷണമല്ല. പക്ഷപാത വികാരത്തെക്കാൾ ആപൽക്കരമായി മറ്റൊന്നുമില്ല!

**കുറിപ്പ്:**

1. ലോകചരിത്രസംഗ്രഹം പേ. 73

## അധ്യായം അഞ്ച്

# ഭാരതപ്പഴമ

**'ഭാ**രതം', 'ഇന്ത്യ' എന്നൊക്കെ പറയുമ്പോൾ നാം വിവക്ഷിക്കുന്നത് ഏഷ്യാ ഭൂഖണ്ഡത്തിന്റെ മധ്യഭാഗത്തുനിന്ന് തെക്കോട്ട് നീണ്ടുകിടക്കുന്നതും ഭൂപടത്തിൽ ഉത്തര അക്ഷാംശം $8^0$ 4',28''നും $37^0$ 17',53''നും, പൂർവരേഖാംശം $68^0$ 7',33''നും $97^0$ 24' 47'' നും ഇടയ്ക്കു സ്ഥിതിചെയ്യുന്നതുമായ ഭൂവിഭാഗത്തെയാണ്. ഇതിന്റെ ഇപ്പോഴത്തെ വിസ്തീർണം 32,76, 141 ചതുരശ്ര കിലോമീറ്ററും, ജനസംഖ്യ 55 കോടിയുമാണ്. എന്നാൽ കഴിഞ്ഞ കാലങ്ങളിൽ ഭാരതത്തിന്റെ വിസ്തീർണത്തിലും അതിരളവിലും പലപ്പോഴും മാറ്റങ്ങൾ സംഭവിച്ചിരുന്നിട്ടുണ്ടെന്നു ചരിത്രം പറയുന്നു. ഒരു കാലത്ത് പേർഷ്യൻ സാമ്രാജ്യം ഇന്ത്യവരെ നീണ്ടുകിടന്നിരുന്നുവത്രെ. 1947 ആഗസ്റ്റ് 14-നു ഭാരതത്തിലെ ഒരു ഭാഗം പാകിസ്ഥാൻ എന്ന പേരിൽ വേർപ്പെട്ടുപോയി. ഇങ്ങനെ ഭാരതത്തിന്റെ ഭൂമി ശാസ്ത്രപരവും രാഷ്ട്രീയവുമായ അതിർത്തികൾ പലപ്പോഴും വ്യത്യാസപ്പെട്ടിരുന്നതായിട്ടാണ് ചരിത്രത്തിൽ നാം കാണുന്നത്.

എന്നിരുന്നാലും ഇതര ഭൂവിഭാഗങ്ങളിൽനിന്ന് ഇന്ത്യാഭൂഖണ്ഡത്തെ വേർതിരിച്ചു നിർത്തുന്ന, പ്രകൃതിപരമായ ചില അതിരടയാളങ്ങൾ അതിപ്രാചീന കാലം മുതൽ തന്നെ നിലവിലുണ്ടായിരുന്നു. ഉപഭൂഖണ്ഡത്തിന്റെ മൂന്നുഭാഗങ്ങളും സമുദ്രങ്ങളാൽ ചുറ്റപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് അത് ഒരുപഭൂഖണ്ഡമായത്. പ്രസ്തുത ആഴികൾ ഭാരതത്തെ മറ്റു ഭൂഖണ്ഡങ്ങളിൽനിന്ന് വേർപെടുത്തി നിർത്തുന്നു. വടക്കുഭാഗം പർവതനിരകളാണ്. സുഭദ്രവും ഗംഭീരവുമായ കോട്ടകൾ കണക്കെ നീണ്ടുകിടക്കുന്ന പ്രസ്തുത പർവത പംക്തിയാണ് ഏഷ്യയുടെ മറ്റു ഭാഗങ്ങളിൽനിന്ന് ഉപഭൂഖണ്ഡത്തെ വ്യതിരിക്തമാക്കുന്നത്. ഏഷ്യയിലെ മൂന്ന് ഉപഭൂഖണ്ഡങ്ങളിൽ ഏറ്റവും വലുതാണ് ഭാരതം. പാമീർ ഉന്നതതടം മുതൽ തെക്കുകിഴക്കായി നീണ്ടുകിടക്കുന്ന ആ പർവതനിരക്ക് 1500 നാഴികയോളം ദൈർഘ്യമുണ്ട്. നാലുനാഴികയിൽ കൂടുതൽ ഉയരമുള്ള നൂറു കൊടുമുടികൾ ആ പർവതനിരയിൽ സ്ഥിതിചെയ്യുന്നു. ലോകത്തിൽ വച്ചേറ്റവും പൊക്കം കൂടിയ 'എവറസ്റ്റ്' കൊടുമുടി അതിലൊന്നാകുന്നു.

29,028 അടിയാണ് അതിന്റെ ഉയരം. 'ഹിമാലയം' എന്ന പേരിൽ പ്രസിദ്ധമായ പ്രസ്തുത പർവതനിരയാണ് പുരാതന ഭാരതത്തെ വിദേശീയാക്രമണങ്ങളിൽനിന്ന് രക്ഷിച്ചു പോന്നത്. പുരാതന കാലത്ത് ഹിമാലയം താണ്ടി ഇന്ത്യയിലേക്കു വരാൻ ഒറ്റ മാർഗമേ ഉണ്ടായിരുന്നുള്ളൂ-'കൈബർചുരം'.

അതിപ്രാചീനകാലത്ത് ഭാരതത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥിതി ഇന്നത്തേതിൽനിന്ന് തുലോം വ്യത്യസ്തമായിരുന്നുവെന്ന് ചരിത്രാന്വേഷകന്മാർ അഭിപ്രായപ്പെടുന്നു. 5000 വർഷത്തിനുമുമ്പ് പഞ്ചാബ്, രജപുത്താന, ബീഹാർ, ബംഗാൾ എന്നീ പ്രദേശങ്ങളുൾക്കൊള്ളുന്ന ഉത്തരഭാരതമേഖല വെള്ളത്താൽ മൂടപ്പെട്ടിരുന്നുവെന്നു ചിലർ പറയുന്നു. ഇതൊരു അദ്ഭുതമായി തോന്നാം. എന്നാൽ ഇത്തരം മാറ്റങ്ങൾ ഭാരതത്തിന് മാത്രമല്ല, മറ്റു പല ഭൂവിഭാഗങ്ങൾക്കും സംഭവിച്ചിട്ടുള്ളതായി ചരിത്ര ഗവേഷകന്മാർക്കഭിപ്രായമുണ്ട്. കരിങ്കടലും കാസ്പിയൻ കടലും ആറൽ കടലും മുമ്പ് ഒന്നായി ചേർന്നു കിടന്നിരുന്നുവെന്ന് പറയപ്പെടുന്നു. തെക്കെ ഇന്ത്യയുടെ സ്ഥിതിയും മുൻകാലത്ത് ഇന്നത്തേതിൽനിന്ന് ഭിന്നമായിരുന്നു. അതിന്റെ പടിഞ്ഞാറുഭാഗം മഡഗാസ്കർവരെ നീണ്ടുകിടന്നിരുന്നുവെന്നു പറയപ്പെടുന്നു. ലങ്കാദ്വീപ് (സിലോൺ) ഡക്കാനോടു ചേർന്നാണ് നിലകൊണ്ടിരുന്നത്. പ്രാചീനകാലത്ത് ഭാരതത്തിൽനിന്ന് ആസ്ത്രേലിയ വരെ കരമാർഗമായി തന്നെ പോകാമായിരുന്നുവത്രെ. സിന്ധു നദി സമുദ്രത്തിൽ ചേരാൻ സ്വല്പമേ ദൂരമുണ്ടായിരുന്നുള്ളൂവെന്നും സരസ്വതിനദി സമുദ്രത്തോടു കൂടിച്ചേർന്നാണ് കിടന്നിരുന്നതെന്നും പറയുന്നു.

പുരാതന കാലത്ത് ഭാരത ഉപഭൂഖണ്ഡത്തിൽ വസിച്ചിരുന്ന ജനങ്ങൾക്കു തമ്മിൽ വല്ല അടുപ്പമോ സമ്പർക്കമോ ഉണ്ടായിരുന്നില്ല. ഒരു ജനത എന്ന് വിശേഷിപ്പിക്കാൻ തക്ക യാതൊരു ബന്ധവും അവർക്കിടയിൽ ഇല്ലായിരുന്നു. ഡോ. താരാചന്ദ് എഴുതുന്നു: "സംസ്കൃതത്തിലെ പ്രാചീന കൃതികളിൽ നിന്ന് നമുക്ക് മനസ്സിലാവുന്നത് ഇന്ത്യയിലെ വിവിധ ഗോത്രങ്ങൾ പല പ്രദേശങ്ങളിലുമാണ് പാർത്തിരുന്നതെന്നാണ്. അവർക്കിടയിൽ യാതൊരു സമ്പർക്കവുമില്ലായിരുന്നു. ദുർഗമങ്ങളായ ഭയങ്കരവനങ്ങൾ അവരെ അന്യോന്യം അകറ്റിയിരുന്നു."[1]

ആകയാൽ പ്രാചീന കാലത്തെ ഭാരതം ഏകീകൃതമായിരുന്നില്ല. മതമോ സംസ്കാരമോ ഭാഷയോ വ്യാപാര ബന്ധമോ ഒന്നും ഭാരതീയ ജനവർഗങ്ങളെ ഏകീകരിച്ചിരുന്നില്ല. അഖണ്ഡഭാരതം പ്രാചീനകാലത്തെ സംബന്ധിച്ചിടത്തോളം തികച്ചുമൊരു അയഥാർഥ സങ്കൽപമായിരുന്നു.

## മനുഷ്യചരിത്രത്തിന്റെ ആരംഭം ഭാരതത്തിലോ?

മനുഷ്യ ചരിത്രാരംഭം ഇന്ത്യയിൽനിന്നാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു. സിലോണിലെ 'ആദംമല'യെപ്പറ്റി മുൻകാലം മുതൽ മുസ്‌ലിംകൾക്കിടയിൽ ഒരൈതിഹ്യം പ്രചരിച്ചിട്ടുണ്ട്. മനുഷ്യവംശത്തിന്റെ ആദിമപിതാവെന്ന് ജൂത- ക്രൈസ്തവ-മുസൽമാന്മാർ വിശ്വസിക്കുന്ന ആദം

ആ മലയിലാണ് പോൽ സ്വർഗത്തിൽനിന്നിറങ്ങിയത്. അവിടെ കാണുന്ന കാൽപ്പാടാണ് ഈ കഥക്ക് നിദാനം. അത് ആദമിന്റേതാണെന്നു മുസ്ലിംകൾ അവകാശപ്പെടുന്നു. പുരാതനകാലത്ത് ഇന്ത്യയുടെ ഒരു ഭഗമായിരുന്നല്ലോ സിലോൺ. അപ്പോൾ പ്രസ്തുത ഐതിഹ്യത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യ ചരിത്രാരംഭം ഇന്ത്യയിൽനിന്നാണെന്ന് പറയുവാൻ രസമുണ്ട്.

എന്നാൽ ഇത്തരം ഐതിഹ്യങ്ങൾക്ക് ചരിത്രപരമായ യാതൊരു അടിസ്ഥാനവുമില്ല. ആദം എന്നത് ഒരു വ്യക്തിയുടെ നാമമോ, അല്ല മനുഷ്യൻ എന്നർഥത്തിലുള്ള സാമാന്യനാമമോ എന്നു തീർത്തു പറയാനാവില്ല. ഹിബ്രുഭാഷയിലുള്ള ബൈബിൾ പഴയ നിയമത്തിലാണ് ആദാംശബ്ദം ആദ്യമായി ഉപയോഗിച്ചു കാണുന്നതെന്ന് ചരിത്രാന്വേഷകന്മാർ പറയുന്നു. ഹിബ്രുവിൽ ആ ശബ്ദത്തിന് മനുഷ്യൻ എന്നും അർഥമുണ്ട്. വിശ്വവിജ്ഞാനകോശം പറയുന്നത് കാണുക: "മനുഷ്യശബ്ദത്തിന്റെ പര്യായം കൂടിയാണ് ഹിബ്രുഭാഷയിൽ ആദാം."[2]

ഖുർആനും ആദംശബ്ദത്തെ മനുഷ്യപര്യായമെന്ന നിലയിൽ പ്രയോഗിച്ചിട്ടുണ്ട്. ഒരേ സംഭവം രണ്ടിടങ്ങളിൽ ആവർത്തിച്ചപ്പോൾ ഒരിടത്ത് ആദം എന്നും മറ്റൊരിടത്ത് മനുഷ്യൻ എന്നർഥമുള്ള 'ബശർ' എന്നുമാണ് ഖുർആൻ പ്രയോഗിച്ചിട്ടുള്ളത്. അധ്യായം 2, സൂക്തം 34-ൽ ദൈവം മലക്കുകളോട് ആദമിന് സാഷ്ടാംഗം ചെയ്വാൻ നിർദേശിച്ചതായി പറയുന്നു. അതേ കാര്യം അധ്യായം 15, സൂക്തം 28, 29-ൽ ആവർത്തിച്ചപ്പോൾ, ആദമിന് പകരം ബശർ എന്നാണ് ഖുർആൻ പ്രയോഗിച്ചത്. ഈ പ്രയോഗത്തിൽനിന്ന് ആദമിന്റെയും ബശറിന്റെയും അർഥം ഒന്നാണെന്നു സൂചിതമാവുന്നു.

കൂടാതെ, മലക്കുകളുടെ സാഷ്ടാംഗത്തിലന്തർഭവിച്ച തത്ത്വം ഏതെങ്കിലുമൊരു മനുഷ്യവ്യക്തിയെമാത്രം ബാധിക്കുന്നതല്ല. പ്രത്യുത, മാനവകുലത്തിന് പൊതുവേ ബാധകമത്രെ. ഖുർആന്റെ ദൃഷ്ടിയിൽ, ദൈവേച്ഛ യഥാവിധം നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന അദൃശ്യസത്വങ്ങളാണ് മലക്കുകൾ. അവരോട് ആദമിന് സാഷ്ടാംഗം നമിക്കുവാൻ ആജ്ഞാപിച്ചതിന്റെ താൽപര്യം, ഭൂമിയിൽ ദൈവത്തിന്റെ പ്രാതിനിധ്യം വഹിക്കുന്ന മനുഷ്യവംശത്തിന്റെ ഇംഗിതത്തിനനുസരിച്ചു വർത്തിക്കുവാനുള്ള ആഹ്വാനമത്രേ. ഈ സംഗതിയാകട്ടെ, ഏതെങ്കിലുമൊരു മനുഷ്യവ്യക്തിയെ മാത്രം ബാധിക്കുന്നതല്ലല്ലോ. അതിനാൽ പരാമൃഷ്ട ഖുർആൻ സൂക്തത്തിൽ മനുഷ്യൻ എന്ന അർഥത്തിലാണ് ആദം എന്ന ശബ്ദം പ്രയോഗിച്ചിട്ടുള്ളതെന്ന് വിചാരിക്കുവാനാണ് കൂടുതൽ ന്യായം കാണുന്നത്.

മനുഷ്യന്റെ ചരിത്രാരംഭം ഭാരതത്തിൽനിന്നാണെന്ന സങ്കൽപത്തിന് അടിസ്ഥാനമില്ലെങ്കിലും, ലക്ഷക്കണക്കിന് വർഷങ്ങൾക്കു മുമ്പുതന്നെ ഭാരതത്തിൽ മനുഷ്യവാസം ആരംഭിച്ചിരുന്നതിന് തെളിവുണ്ട്. ഉത്ഖനന ശാസ്ത്രജ്ഞന്മാരെ ഉദ്ധരിച്ചുകൊണ്ട് ശ്രീ. കെ. ദാമോദരൻ രേഖ

പ്പെടുത്തുന്നത് കാണുക: "ഉത്ഖനന ശാസ്ത്രജ്ഞന്മാരുടെ അടുത്ത കാലത്തെ ഗവേഷണങ്ങളുടെ ഫലമായി ഇന്ത്യയിലെ ആദിമനിവാസികളുടെ ഭൗതികസംസ്കാരത്തിന്റെ പല അവശിഷ്ടങ്ങളും കണ്ടുകിട്ടിയിരിക്കുന്നു. ഈ അവശിഷ്ടങ്ങളിൽ ചിലതിന് രണ്ടു ലക്ഷത്തിലധികം കൊല്ലത്തെ പഴക്കമുണ്ടെന്നു ചില ശാസ്ത്രജ്ഞന്മാർ അനുമാനിക്കുന്നു."[3]

പ്രാചീന ശിലായുഗത്തെയും നവീന ശിലായുഗത്തെയും പ്രതിനിധാനം ചെയ്യുന്ന ഒട്ടനവധി ആയുധങ്ങളും ഉപകരണങ്ങളും ഭാരതത്തിന്റെ നാനാഭാഗങ്ങളിൽനിന്നും കണ്ടുകിട്ടിയിട്ടുള്ളതായി ശാസ്ത്രജ്ഞന്മാർ അവകാശപ്പെടുന്നു. ഉദാഹരണമായി തെന്നിന്ത്യയിലെ നർമദാ തീരങ്ങളിൽനിന്നും പശ്ചിമഘട്ടത്തിന്റെ താഴ്‌വരകളിൽനിന്നും ലഭിച്ച പല ഉപകരണങ്ങളും പ്രാചീന ശിലായുഗത്തിലെ പ്രാകൃത മനുഷ്യർ ഉപയോഗിച്ചവയാണ്. ബല്ലാരി ജില്ലയിലും മൈസൂരിലും നടത്തപ്പെട്ട ഗവേഷണങ്ങളിൽനിന്നു നവീന ശിലായുഗത്തിലെ മനുഷ്യർ ഉപയോഗിച്ച അനേകം ഉപകരണങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്.[4]

ചരിത്രത്തിന്റെ അനന്തരഘട്ടങ്ങളിൽ പലപ്പോഴായി മനുഷ്യതലമുറകൾ ഭാരതത്തിൽ കുടിയേറിപ്പാർക്കുകയുണ്ടായി. അങ്ങനെ അവരുടെ ഭാഷയും മതവും സംസ്കാരവുമെല്ലാം ഇവിടെ പ്രചരിക്കുകയും അവർ ഭാരതീയരായി മാറുകയുംചെയ്തു. വാസ്തവത്തിൽ ഒരു മിശ്രസംസ്കാരമാണ് ഭാരതീയസംസ്കാരം. അതിന്റെ കുത്തക ഏതെങ്കിലുമൊരു പ്രത്യേകവർഗത്തിന് അവകാശപ്പെടാവതല്ല.

## 'ഇന്ത്യ' എന്ന നാമധേയം

ഇന്ത്യയുടെ പേരിനെക്കുറിച്ച് സ്വല്പമൊന്ന് പരാമർശിക്കേണ്ടതുണ്ട്. ആദിയിൽ ഈ ഉപഭൂഖണ്ഡത്തിന് ഇന്ത്യ എന്ന പേരുണ്ടായിരുന്നില്ല. ആ നാമധേയം തന്നെ ഇതര നാടുകളിൽനിന്നുള്ള ഇറക്കുമതിയാണ്. എന്നിരുന്നാലും, ആ നാമധേയത്തിന് കാലപ്പഴക്കം വളരെ കൂടും. പ്രാചീന ഇറാനിയക്കാരുടെ മതസാഹിത്യങ്ങളിലും മറ്റും ആ നാമം കാണുന്നുണ്ട്. പണ്ഡിറ്റ് നെഹ്റു എഴുതുന്നു:

"ഹിന്ദു എന്ന വാക്ക് നമ്മുടെ പുരാതനസാഹിത്യത്തിൽ ഒരിടത്തും കാണാനില്ല. ഒരിന്ത്യൻ പുസ്തകത്തിൽ ഇദംപ്രഥമമായി അതിനെക്കുറിച്ച് പ്രസ്താവിക്കുന്നത് ക്രി. പി. എട്ടാം ശതകത്തിലെ ഒരു താന്ത്രിക ഗ്രന്ഥത്തിലാണെന്നറിയുന്നു. അവിടെ 'ഹിന്ദു' എന്നതിന് ഒരു ജനത എന്നാണർഥം; ഒരു മതത്തിന്റെ അനുയായികൾ എന്നല്ല. പക്ഷേ, 'അവസ്തെ'യിലും പുരാതന പേർഷ്യനിലും ആ വാക്ക് കാണാനുള്ളതുകൊണ്ട് അത് വളരെ പുരാതനമാണെന്നു തീർച്ചതന്നെ. അന്നും അവിടെനിന്ന് ഒരായിരമോ അധികമോ കൊല്ലക്കാലത്തോളവും പശ്ചിമേഷ്യയിലെയും മധ്യേഷ്യയിലെയും ജനങ്ങൾ അതുപയോഗിച്ചത് ഇന്ത്യയിലെ അഥവാ സിന്ധുനദിയുടെ അക്കരെ താമസിക്കുന്ന ജനത്തെക്കുറിക്കാനാണ്. 'ഇൻഡസ്' എന്ന് ഇംഗ്ലീഷിൽ പറയുന്ന നദിക്ക് പണ്ടും ഇന്നുമുള്ള ഇന്ത്യൻ നാമധേയമായ 'സിന്ധു' എന്നതിൽ നിന്നാണ് ഹിന്ദു,

ഹിന്ദുസ്താൻ എന്നും ഇന്തോസ്, ഇന്ത്യ എന്നുമുള്ള വാക്കുകൾ വരുന്നത്.”[5]

പ്രാചീന പേർഷ്യനിൽ സകാരത്തിനു പകരം ഹകാരമാണുപയോഗിച്ചു കാണാറുള്ളത്. ഉദാഹരണമായി, സംസ്കൃതത്തിലെ 'സേന' പേർഷ്യനിൽ 'ഹേന'യും 'സോമ' 'ഹോമ'യുമാണ്. ഇതുപോലെ നമ്മുടെ 'സിന്ധി'നെ ഇറാൻകാർ 'ഹിന്ദ്' എന്നാണുച്ചരിച്ചിരുന്നത്. 'ഹിന്ദ്' സിറിയനിലേക്കും യവനഭാഷയിലേക്കും പകർന്നപ്പോൾ 'ഇന്ദിക'യായി. ഗ്രീക്കുകാരിൽനിന്ന് യൂറോപ്പിലേക്ക് ചെന്നപ്പോൾ അത് 'ഇൻഡ്യ' എന്നുച്ചരിക്കപ്പെട്ടു. അവസാനം ഭാരതത്തിലേക്ക് ഇറക്കുമതി ചെയ്തപ്പോൾ 'ഇന്ത്യ'യുമായി. ഇതാണ് ഇന്ത്യ എന്ന നാമധേയത്തിന്റെ കഥ.

പുരാതന അറബികളും ഈ നാട്ടിനെ 'ഹിന്ദ്' എന്നാണ് വിളിച്ചിരുന്നത്. ഇന്ത്യയിലെ ഇരുമ്പ് അറബികൾക്കിടയിൽ സുപ്രസിദ്ധമായിരുന്നു. ഇന്ത്യൻഇരുമ്പുകൊണ്ട് നിർമിച്ച വാളിനെ അറബികൾ 'മുഹന്നദ്', 'ഹിന്ദുവാനി', 'ഹുന്ദുവാനി' എന്നിങ്ങനെ വർണിക്കാറുണ്ട്. പ്രവാചകന്റെ ആവിർഭാവത്തിനു മുമ്പുതന്നെ അറബിക്കവികൾ ആ വാക്കുകൾ തങ്ങളുടെ കവിതകളിലുപയോഗിച്ചതിന് ധാരാളം ഉദാഹരണങ്ങൾ കാണാം. മാത്രമല്ല, അറബികൾ തങ്ങളുടെ പെൺകുഞ്ഞുങ്ങൾക്ക് 'ഹിന്ദ്' എന്ന് നാമകരണം ചെയ്യുക സർവസാധാരണമായിരുന്നു. പുരാതന കാലത്ത് ഭാരതീയരും അറബികളും തമ്മിലുള്ള ബന്ധത്തെയാണ് ഇതെല്ലാം കുറിക്കുന്നത്.

ഈ ബന്ധംമൂലം ഒട്ടനേകം ഇന്ത്യൻവാക്കുകൾ അറബിയിലേക്കും അറബിവാക്കുകൾ ഇന്ത്യൻ ഭാഷകളിലേക്കും പകർന്നിട്ടുണ്ട്. സംസ്കൃതവാക്കുകളിൽ ചിലത് ഖുർആനിലും സ്ഥലം പിടിച്ചിരിക്കുന്നു. ഉദാഹരണമായി, ഇഞ്ചിക്ക് 'സൻജബീൽ' എന്നും കർപ്പൂരത്തിന് 'കാഫൂർ' എന്നുമാണ് ഖുർആൻ പ്രയോഗിച്ചിട്ടുള്ളത്. സംസ്കൃതത്തിലെ 'ശൃംഗബേര'ത്തിന്റെ അറബി രൂപമാണ് 'സൻജബീൽ.' കാഫൂറും കർപ്പൂരവും തമ്മിലുള്ള ബന്ധം സുവ്യക്തമാണല്ലോ.

അറേബ്യക്ക് പ്രാചീന സംസ്കൃതത്തിൽ 'അർവസ്ഥാൻ' എന്നാണത്രെ പേർ. ക്രിസ്തുവിന് 3000 വർഷങ്ങൾക്കു മുമ്പുതന്നെ അറബികളും ഇന്ത്യയും തമ്മിൽ അടുത്തബന്ധം പുലർത്തിയിരുന്നതായി കാണുന്നു. ഫിലിപ്പ് കെ. ഹിറ്റി എന്ന അമേരിക്കൻ പ്രൊഫസർ തന്റെ 'ഹിസ്റ്ററി ഓഫ് ദി അറബ്സ്' എന്ന കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു: “Its (Arabia) South eastern people were possibly the ones who acted as intermediaries between Egypt, Mesopotomia and the Punjab-the three focal centres of earliest trade." (പുരാതന കാലത്തെ മുഖ്യവ്യാപാരകേന്ദ്രങ്ങളായ ഈജിപ്ത്, മെസൊപൊട്ടേമിയ എന്നീ നഗരങ്ങളുടെയും പഞ്ചാബിന്റെയും ഇടയിൽ മധ്യവർത്തികളായി നിലകൊണ്ടിരുന്നത് അറേബ്യയുടെ ദക്ഷിണ പൂർവ ഭാഗത്തെ ജനങ്ങളായിരുന്നിരിക്കണം.)

ഇസ്‌ലാമിനു മുമ്പ് അറബികൾ ആരാധിച്ചിരുന്ന പല ദേവന്മാരും

ഇന്ത്യയിൽനിന്ന് കയറ്റുമതി ചെയ്തവയായിരുന്നുവെന്ന് അനുമാനിക്കപ്പെടുന്നു. 'സുവാഅ്' (ശിവൻ), 'ഉസ്സാ' (ഉഷസ്സ്) മുതലായവ ഉദാഹരണം. ആകയാൽ പുരാതന കാലം മുതൽ അറബികളും ഭാരതീയരും തമ്മിൽ ഭൗതികവും ആധ്യാത്മികവുമായ ബന്ധം നിലനിന്നുപോന്നിരുന്നു. അതാണ് ഇന്ത്യൻ വാക്കുകൾ അറബിയിലും അറബി വാക്കുകൾ ഇന്ത്യൻ ഭാഷകളിലും കടന്നുകൂടാൻ കാരണമെന്ന് മനസ്സിലാക്കാം.

ഈ നാട്ടിന് പൗരാണിക ആര്യൻ സാഹിത്യത്തിൽ കാണുന്ന നാമമാണ് ഭാരതം. ഭരതൻ എന്ന ആര്യരാജാവ് ഭരിച്ചിരുന്ന രാജ്യം എന്ന അർഥത്തിലാവണം ആ നാമം സ്വീകരിക്കപ്പെട്ടത്. പുരാണപ്രകാരം രണ്ടു ഭരതന്മാർ ഇന്ത്യയിൽ ഭരണം നടത്തിയിട്ടുണ്ട്. ശ്രീരാമന്റെ അനുജനും കൈകേയിയുടെ പുത്രനുമായ ഭരതരാജാവാണ് ഒന്നാമൻ. ഇദ്ദേഹം അയോധ്യയിലെ അധിപതിയായി രുന്നു. ദുഷ്യന്തരാജാവിന് ശാകുന്തളയിൽ ജനിച്ച പുത്രനാണ് രണ്ടാമത്തെ ഭരതൻ. ഇദ്ദേഹം ഇന്ത്യാ രാജ്യം മുഴുവൻ ജയിച്ചടക്കിയതായി ഐതിഹ്യം അവകാശപ്പെടുന്നു. ഇതേ ഭരതനോടു ബന്ധപ്പെട്ടാവണം ഭാരതനാമം നിലവിൽ വന്നത്.

ഇന്ത്യക്ക് പൗരാണിക സാഹിത്യങ്ങളിൽ മറ്റൊരു പേരുകൂടി കാണുന്നു -'ആര്യാവർത്തം.' ആര്യം എന്ന വാക്കിന്റെ അർഥം പവിത്രം, ശ്രേഷ്ഠം, ഉന്നതം എന്നൊക്കെയാണ്. ആര്യജനത്തിന്റെ അധിവാസം മൂലം പുണ്യമായിത്തീർന്നതുകൊണ്ടാവണം ഇന്ത്യക്ക് ആ പേർ വന്നത്. പക്ഷേ, ഹിമവാനും വിന്ധ്യനും മധ്യേയുള്ള ഉത്തരമേഖലയാണ് ആര്യാവർത്തം എന്ന പേരിൽ അറിയപ്പെട്ടിരുന്നതെന്നും ദക്ഷിണേന്ത്യ ആര്യാവർത്തത്തിനു പുറത്തായിരുന്നുവെന്നും ചരിത്രകാരന്മാർ പറയുന്നു. ഋഗ്വേദത്തിന്റെയും യജുർവേദത്തിന്റെയും കാലത്ത് ആര്യൻ ജനതയുടെ അധിവാസം ഉത്തരേന്ത്യയിൽ പരിമിതമായിരുന്നുവത്രേ.

## ഇന്ത്യാചരിത്രത്തിലെ വിവിധ ഘട്ടങ്ങൾ

ഇന്ത്യൻ പുരാണ കഥകളെ അടിസ്ഥാനമാക്കി ചരിത്രാതീത സംഭവങ്ങളെ വ്യാഖ്യാനിച്ചൊപ്പിക്കുവാൻ അടുത്ത കാലത്തായി ഒരു ശ്രമം നടക്കുന്നുണ്ട്. അതിന്റെ ഒരുദ്ദേശ്യം ലോകത്തെങ്ങുമുള്ള സംസ്കാര നാഗരികതകളുടെ ആദിമ ശില്പികൾ ഭാരതീയരാണെന്ന് വരുത്തലാണ്. ഇതിന് രണ്ടു വശങ്ങളുണ്ട്. ഒന്ന് അഭിമാനത്തിന്റേതും മറ്റേത് അപമാനത്തിന്റേതുമാണ്. ലോകത്തുണ്ടായ നിർമാണ പ്രവർത്തനങ്ങളുടെ അവകാശികൾ ഇന്ത്യക്കാരാണെങ്കിൽ, സംഹാര പ്രവർത്തനങ്ങളുടെ ഉത്തരവാദികളും അവരാണെന്നു വരും. എന്നാൽ രണ്ടാമതുപറഞ്ഞ ഫലം ഒട്ടും അഭിമാനകരമല്ല തന്നെ.

ഈ ചിന്താഗതിക്കാരിൽ ചിലർ അവകാശപ്പെടുന്നത് ഭാരതത്തിൽനിന്നാണ് മനുഷ്യചരിത്രത്തിന്റെ ആരംഭമെന്നാണ്. മനുഷ്യോത്പത്തി മുതൽ ക്രി. മു. 6000 വരെയാണ് ഭാരതചരിത്രത്തിന്റെ ഒന്നാമത്തെ ഘട്ടമെന്ന് അവർ വാദിക്കുന്നു. ക്രി. മു. 6000-ലാണത്രെ മഹാ പ്രളയമുണ്ടായത്. പ്രളയത്തിൽ രക്ഷപ്രാപിച്ച ഏക വ്യക്തി വൈവസ്വത മനു (വിവ

സ്വാന്റെ പുത്രനായ മനു) ആണെന്നു പുരാണങ്ങൾ പറയുന്നു. അതുപോലെ ആദ്യത്തെ മനുഷ്യവ്യക്തിയും ഒരു മനുവായിരുന്നു: സ്വയംഭുവ മനു. ഇങ്ങനെ പുരാണങ്ങളനുസരിച്ച് പതിനാലു മനുക്കൾ (ചതുർദശ മനുക്കൾ) ഉണ്ട്.

ബൈബിൾ പ്രകാരം മനുഷ്യവംശത്തിന്റെ ആദിപിതാവായ ആദാം ക്രി. മു. 4004-ലാണ് സൃഷ്ടിക്കപ്പെട്ടത്. എന്നാൽ ഇന്ത്യൻ പുരാണപ്രകാരം, സ്വയംഭുവ മനുവിന്റെ കാലം കൃതയുഗത്തിന്റെ ആരംഭത്തിലാണ്. പുരാണങ്ങളെ ഉദ്ധരിച്ച് 'ആര്യഭാരതം' എന്ന കൃതിയിൽ ശ്രീ. എം. രാമകൃഷ്ണൻ നായർ പറയുന്നു: "കൃതയുഗത്തിലെ മനു മുതലുള്ള വംശ പരമ്പരയാണ് നമ്മുടേത് എന്ന പുരാണത്തെ നിഷേധിക്കാൻ ആധുനികചരിത്രകാരന്റെ കയ്യിൽ കോപ്പില്ല."[6] അദ്ദേഹം തുടരുന്നു: "മനു മുതൽ ശ്രീകൃഷ്ണൻവരെ 94 തലമുറയേ പുരാണങ്ങളിൽ വർണിക്കപ്പെട്ടിട്ടുള്ളൂ."[7] ശ്രീകൃഷ്ണന്റെ കാലം കലിയുഗമാരംഭത്തിലത്രെ: "ശ്രീകൃഷ്ണന്റെ ജീവിതകാലത്ത് ക്രി. മു. 3104-ൽ കലി ആരംഭിക്കുന്നു."[8]

പുരാണത്തിലെ പ്രസ്തുത പ്രസ്താവനകളെ നമുക്കൊന്നു വിശകലനം ചെയ്തുനോക്കാം. പുരാണത്തിൽ നാലു യുഗങ്ങളായി കാലം വിഭജിക്കപ്പെട്ടിരിക്കുന്നു: കൃതയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം. ഓരോ യുഗത്തിന്റെയും കാലയളവും കണക്കാക്കിയിട്ടുണ്ട്. കൃതയുഗം 4800 ദിവ്യവർഷം. ഒരു ദിവ്യവർഷം 360 മനുഷ്യവർഷം. അപ്പോൾ കൃതയുഗം 17,28,000 മനുഷ്യവർഷമായിരിക്കും. ത്രേതായുഗം 3600 ദിവ്യവർഷം (12,96,000 മനുഷ്യ വർഷം). ദ്വാപരയുഗം 2400 ദിവ്യവർഷം (8,64,000 മനുഷ്യവർഷം). കലിയുഗം 1200 ദിവ്യവർഷം (4,32,000 മനുഷ്യ വർഷം). അപ്പോൾ നാലുംചേർന്ന ചതുര്യുഗം 43,20,000 മനുഷ്യവർഷമായിരിക്കും. ഇത്രയും കാലം കഴിയുമ്പോൾ ലോകമവസാനിച്ച് വീണ്ടും സൃഷ്ടിയാരംഭിക്കുമെന്നാണ് പുരാണമതം. ശ്രീകൃഷ്ണന്റെയും സ്വയംഭുവ മനുവിന്റെയും ഇടക്കുള്ള കാലയളവ് 38 ,88,000 മനുഷ്യവർഷമാണെന്നു മേൽ കണക്കുകൊണ്ട് കാണുന്നു. എന്നാൽ സ്വയംഭുവ മനുവിന്റെയും ശ്രീകൃഷ്ണന്റെയും ഇടക്കു പുരാണ പ്രകാരം 94 തലമുറ മാത്രമാണുള്ളത്. അപ്പോൾ ഒരു തലമുറയുടെ ശരാശരി കാലയളവ് നാല്പത്തൊന്നായിരത്തിമുന്നൂറിൽ പരം മനുഷ്യവർഷമാണെന്നുവരുന്നു. ഇതെങ്ങനെ മനുഷ്യബുദ്ധി സമ്മതിക്കും?

കൂടാതെ രാമായണകഥാനായകനായ ശ്രീരാമന്റെ കാലം ത്രേതായുഗത്തിന്റെ അവസാനമാണെന്ന് കാണുന്നു.[9] മഹാഭാരതത്തിലെ ഒരു പ്രധാന കഥാപാത്രമായ ശ്രീകൃഷ്ണന്റെ ജനനം കലിയുഗത്തിന്റെ ആരംഭത്തിൽ ക്രി. മു. 3104-ലാണെന്നും പറയുന്നു.[10] ഈ രണ്ട് കാലഘട്ടങ്ങൾക്കിടയിൽ പുരാണപ്രകാരം ദ്വാപരയുഗം എന്ന അതിദീർഘമായ ഒരു ഘട്ടം കഴിയുന്നുണ്ട്: 8,64,000 മനുഷ്യവർഷം! രാമായണ കഥാനായകനായ ശ്രീരാമനും പത്നി സീതയും ജീവിച്ചിരുന്നത് ഇത്രയും വിദൂരമായ ഒരു കാലത്തായിരുന്നുവെന്നോ?

ഇമ്മാതിരി ചില പ്രശ്നങ്ങളാണ് പുരാണകഥകളുടെ അടിസ്ഥാനത്തിൽ ചരിത്ര നിർമാണം നടത്താനുദ്യമിക്കുന്നവർക്ക് അഭിമുഖീകരി

ക്കേണ്ടി വരുന്നത്. അതിനാൽ പുരാണകഥകളെ ആധാരമാക്കി ചരിത്രം നിർമിക്കുന്നത് തികച്ചും അശാസ്ത്രീയമാകുന്നു. പ്രസിദ്ധ ചരിത്രകാരനായ ഡോ. താരാചന്ദ് ഇന്ത്യാചരിത്രത്തെ വിഭജിച്ചിട്ടുള്ളത് അഞ്ചു ഘട്ടങ്ങളായിട്ടാണ്. ഈ വിഭജനം കൂടുതൽ യുക്തിയുക്തമായി തോന്നുന്നു. അദ്ദേഹം ഓരോ ഘട്ടത്തിന്റെയും പ്രധാന സവിശേഷതകളും ആ ഘട്ടത്തിലെ ചരിത്ര നിർമാണത്തിനാധാരമായ കരുക്കളും തെളിവുകളും പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ചരിത്രാതീതകാലമെന്നു വിശേഷിപ്പിക്കപ്പെടുന്ന പ്രഥമഘട്ടത്തിലെ സംഭവങ്ങൾക്കൊന്നും പുരാണകഥകളെയല്ല, പുരാതനാവശിഷ്ടങ്ങളെയാണ് അദ്ദേഹം ആശ്രയിക്കുന്നത്. അദ്ദേഹത്തിന്റെ കാലവിഭജനത്തിന്റെ ഒരു സംക്ഷിപ്ത വിവരണം ചുവടെ കാണിക്കുന്നു.

1. മനുഷ്യോത്പത്തി മുതൽ ക്രി. മു. 3500 വരെയുള്ള കാലം. ശിലകളും ലോഹങ്ങളും കൊണ്ടുള്ള ആയുധങ്ങളിൽനിന്നും ഉപകരണങ്ങളിൽനിന്നും ആഭരണങ്ങളിൽനിന്നും മറ്റുമാണ് പ്രസ്തുത ഘട്ടത്തിന്റെ ചരിത്രം നമുക്ക് ലഭിക്കുന്നത്. മണ്ണുകൊണ്ടുണ്ടാക്കിയ പാത്രങ്ങൾ, പ്രതിമകൾ, അക്കാലത്തെ ശവസംസ്കാര സ്ഥലങ്ങളിൽനിന്ന് കണ്ടെടുത്ത അവശിഷ്ടങ്ങൾ, പാറക്കല്ലുകളിലും ഗുഹാഭിത്തികളിലും നിർമിതമായ ചിത്രങ്ങൾ മുതലായ പുരാവസ്തുക്കൾ നമുക്ക് ധാരാളം കിട്ടിയിട്ടുണ്ട്. ഈ ഘട്ടത്തിൽ പ്രാകൃതജീവിതത്തിൽനിന്നു മനുഷ്യൻ പതുക്കെപ്പതുക്കെ പുരോഗമിച്ചുവരുന്നേയുണ്ടായിരുന്നുള്ളൂ. ചരിത്രാതീതകാലം എന്ന് പറയുമ്പോൾ നാം പൊതുവിൽ വിവക്ഷിക്കാറുള്ളത് ഈ ഘട്ടമാണ്.

2. ക്രി. മു. 3500 മുതൽ ക്രി. മു. 600 വരെയുള്ള കാലം. ഈ രണ്ടാം ഘട്ടത്തിലാണ് ആര്യൻ ജനവർഗങ്ങൾ ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ചതും അവരുടെ സംസ്കാരവും ഭാഷയും സാഹിത്യവും മതവുമൊക്കെ ഇവിടെ വേരുറച്ചതും. ഈ ഘട്ടത്തിലെ ഇന്ത്യാചരിത്രത്തിനാസ്പദമായിട്ടുള്ളത് പുരാതനങ്ങളായ സ്മാരകങ്ങളും അവശിഷ്ടങ്ങളും സംസ്കൃതത്തിലെ പ്രാചീന സാഹിത്യകൃതികളും മറ്റുമാണ്. ഈ കാലത്തിന് ആര്യന്മാരുടെ അധിവാസഘട്ടം എന്നു പറയാം.

3. ക്രി. മു. 600 മുതൽ ക്രി. പി. 700 വരെയുള്ള കാലം. ഇക്കാലത്താണ് പുതിയ ജനവർഗങ്ങൾ ഇന്ത്യയിൽ കടന്നുവന്ന് അധിവാസമുറപ്പിച്ചത്. നൂതനങ്ങളായ സംസ്കാരങ്ങളും മതങ്ങളും തത്ത്വചിന്താപ്രസ്ഥാനങ്ങളുമെല്ലാം ഉടലെടുത്തതും ഈ ഘട്ടത്തിലാണ്. ഭാരതത്തിൽ വ്യവസ്ഥാപിതമായ ഭരണകൂടങ്ങൾ ഇദംപ്രഥമമായി നിലവിൽ വരികയും തകർന്നു പോവുകയും ചെയ്തതും ഈ ഘട്ടത്തിൽതന്നെ. വിദേശികളുടെ സഞ്ചാരക്കുറിപ്പുകൾ, കൃതികൾ, നമ്മുടെതന്നെ ശിലാലിഖിതങ്ങൾ, നാണയങ്ങൾ, സ്മാരകങ്ങൾ, സാഹിത്യകൃതികൾ എന്നിവ ഈ ഘട്ടത്തിന്റെ ചരിത്ര നിർമാണത്തെ സഹായിക്കുന്നു.

4. ക്രി. 7-ാം ശതകം മുതൽ മുഗൾസാമ്രാജ്യത്തിന്റെ പതനം വരെയുള്ള കാലം. ഈ ഘട്ടത്തിലാണ് ഭാരതത്തിൽ മുസ്‌ലിംകൾ ആധിപത്യം സ്ഥാപിച്ചത്. ബ്രിട്ടീഷ്കാരുടെ ആധിപത്യം ആരംഭിച്ചതും ഈ

ഘട്ടത്തിലെ പ്രധാന സംഭവമായി കണക്കാക്കാം. പേർഷ്യൻഭാഷയിലെ ചരിത്രകൃതികൾ, സഞ്ചാരികളുടെ യാത്രാവിവരണങ്ങൾ, വിവിധ ഇന്ത്യൻ ഭാഷകളിലെ സാഹിത്യകൃതികൾ, നാണയങ്ങൾ, ശിലാലിഖിതങ്ങൾ- ഇവയാണ് ഈ കാലത്തെ ചരിത്രത്തിന് ആധാരം. ഇന്ത്യാ ചരിത്രത്തിലെ 'മധ്യകാലം' എന്ന് വിളിക്കുന്നത് ഈ ഘട്ടത്തെയാണ്.

5. നാലാം ഘട്ടം അവസാനിക്കുന്നത് 18-ാം ശതകത്തിലത്രെ. ആധുനിക ഘട്ടമെന്നു പറയുന്നത് അതിനുശേഷമുള്ള കാലത്തെപ്പറ്റിയാണ്. ഇന്ത്യാരാജ്യം ഒരേ ഭരണകൂടത്തിൻ കീഴിൽ ഏകീകരിക്കപ്പെട്ടുവെന്നതാണ് ഈ ഘട്ടത്തിന്റെ സവിശേഷത. അതോടെ ഇന്ത്യയുടെ പാരമ്പര്യസംസ്കാരം പാശ്ചാത്യൻ സ്വാധീനത്തിൽ വരികയും പുതിയ സരണി വെട്ടിത്തെളിയിക്കപ്പെടുകയും ചെയ്തു. ഇന്ത്യയിൽ ദേശീയ പ്രസ്ഥാനമാരംഭിച്ചതും ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചതും ഇക്കാലത്താണ്. ഇക്കാലത്തിലെ ചരിത്രം വ്യവസ്ഥാപിതമായിത്തന്നെ എഴുതപ്പെട്ടിട്ടുണ്ട്.

### കുറിപ്പുകൾ

1. അഹ്‌ലെ ഹിന്ദ്കീ മുഖ്തസർ താരീഖ് by ഡോ. താരാചന്ദ് പേജ് 38
2. വിശ്വവിജ്ഞാനകോശം വാള്യം 1 പേജ് 809
3. ഇന്ത്യയുടെ ആത്മാവ് പേജ് 10
4. Ibid P. 12
5. ഇന്ത്യയെ കണ്ടെത്തൽ പേജ് 95
6. ആര്യഭാരതം പേജ് 30
7. Ibid P. 30
8. Ibid P. 29
9. Ibid P. 29
10. Ibid P. 29

## അധ്യായം ആറ്

# ഭാരതീയ മതസാഹിത്യങ്ങൾ

**വ**ളരെയധികം മതഗ്രന്ഥങ്ങളുണ്ട് ഭാരതീയ ജനതയ്ക്ക്. ഇത്രയേറെ പുരാതന മതസാഹിത്യങ്ങളുടെ ഉടമകളായ മറ്റൊരു ജനവിഭാഗം ലോകത്തെവിടെയും കാണപ്പെടുന്നതല്ല. ചില ഗ്രന്ഥങ്ങൾക്ക് നാലും അഞ്ചും സഹസ്രാബ്ദങ്ങളുടെ പഴക്കമുണ്ട്.

വേദസംഹിതകളാണ് ഭാരതീയരുടെ ഏറ്റവും പ്രാചീന സാഹിത്യങ്ങൾ. സംഹിതകളോടു ബന്ധപ്പെടുന്ന ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ എന്നീ സാഹിത്യങ്ങളും വൈദികസാഹിത്യസംഘാതത്തിലാണുൾപ്പെടുത്തപ്പെട്ടിരിക്കുന്നത്. കൂടാതെ ഇതിഹാസങ്ങൾ, പുരാണങ്ങൾ, ദർശനസൂത്രങ്ങൾ, സ്മൃതികൾ, അല്ലെങ്കിൽ ധർമശാസ്ത്രങ്ങൾ-അങ്ങനെ എണ്ണിത്തിട്ടപ്പെടുത്തുക എളുപ്പമല്ലാത്ത പ്രാചീനഗ്രന്ഥങ്ങൾ! ഇവയിൽ പലതും ഇന്ന് ഉപലബ്ധങ്ങളാണുതാനും. പ്രാചീന

ഭാരതീയരെപ്പറ്റിയും അവരുടെ മതപരവും സാംസ്കാരികവുമായ ജീവിതത്തെപ്പറ്റിയും പഠിക്കുവാൻ മേൽപറഞ്ഞ കൃതികൾ വളരെ ഉപകരിക്കുമെന്നതിൽ സംശയമില്ല. എന്നാൽ ഇവയൊന്നും ശരിയായ ചരിത്രഗ്രന്ഥമല്ല. പണ്ഡിറ്റ് ജവഹർലാൽനെഹ്റു എഴുതിയത് എത്രയും ശരിയാണ്: "വേദങ്ങൾ, ഉപനിഷത്തുകൾ, രാമായണം, മഹാഭാരതം എന്നിങ്ങനെ ചില മഹാ ഗ്രന്ഥങ്ങൾ അവർ (ഇന്തോ ആര്യന്മാർ) രചിച്ചു വച്ചിട്ടുണ്ട്. നമ്മുടെ പൂർവികന്മാരുടെ നടപടിക്രമങ്ങളേയും ആചാരമര്യാദകളെയും ചിന്താസരണികളെയും അവ നമുക്ക് വിവരിച്ചുതരുന്നു. എങ്കിലും അവ ശരിക്കുള്ള ചരിത്രമാണെന്നു പറഞ്ഞുകൂടാ. സംസ്കൃതഭാഷയിലുള്ള ഏക ചരിത്രഗ്രന്ഥം കൽഹണന്റെ 'രാജതരംഗിണി'യത്രെ. കാശ്മീരിന്റെ ചരിത്രമാണത്."[1]

ഭാരതീയമതസാഹിത്യങ്ങളെപ്പറ്റി ഒരു വിഹഗവീക്ഷണം നടത്തുന്നത് പിന്നീട് പ്രസ്താവിക്കുന്ന വിഷയങ്ങളുടെ പ്രാധാന്യവും സ്ഥാനവും ഗ്രഹിക്കുന്നതിനുപകരിക്കും. അതിനാൽ വൈദികസാഹിത്യത്തിലെ ഓരോ സംഘാതത്തെപ്പറ്റിയും ലഘുവായി നമുക്കൊന്നു പരിചയപ്പെടാം.

## വേദസംഹിതകൾ

അറിവ് എന്നർഥമുള്ള 'വിദ്' എന്ന ധാതുവിൽനിന്നാണ് വേദശബ്ദത്തിന്റെ നിഷ്പത്തി. പക്ഷേ, സാങ്കേതികമായി വെളിപാടു മുഖേന ലഭിച്ച ദിവ്യമായ അറിവിന് മാത്രമേ വേദമെന്ന് പേരുള്ളൂ. വേദങ്ങൾ ഈശ്വരപ്രോക്തമാണെന്നത്രെ ഭാരതീയരുടെ വിശ്വാസം.

ഭാരതീയവേദസാഹിത്യത്തിൽ അനേക ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. അവയൊക്കെ ഒരേ കാലഘട്ടത്തിൽ നിലവിൽ വന്നവയല്ല. ഉദ്ദേശം രണ്ടായിരത്തോളം വർഷങ്ങൾ വരുന്ന ഒരു സുദീർഘ കാലഘട്ടത്തിനുള്ളിൽ പലപ്പോഴായി നിലവിൽവന്ന ഒരു സാഹിത്യപ്രപഞ്ചമാണ് വേദങ്ങൾ. ഈ സാഹിത്യസംഘാതത്തെ ചില പരിഗണനകൾ വച്ച് പണ്ഡിതലോകം പല തരങ്ങളായി പകുത്തിട്ടുണ്ട്. പ്രധാനവിഭജനം സംഹിതകളും ബ്രാഹ്മണങ്ങളുമായിട്ടാണ്. സംഹിതകളാണ് ഏറ്റവും പ്രാചീന ഗ്രന്ഥങ്ങൾ. അക്കൂട്ടത്തിൽ ഋഗ്വേദ സംഹിതയത്രേ ഏറ്റവും പുരാതനം. അതിന് ക്രി. മു. 3500 കൊല്ലം മുതൽ ക്രി. മു. 1500 കൊല്ലംവരെ കാലപ്പഴക്കം ഗവേഷക പണ്ഡിതന്മാർ കൽപിച്ചിട്ടുണ്ട്. പാശ്ചാത്യൻ പണ്ഡിതന്മാരുടെ പൊതുവായ അഭിപ്രായം ബി. സി. 2000 മുതൽ 1500 വരെയുള്ള ഒരു കാലഘട്ടത്തിലാണ് ഋഗ്വേദസംഹിത നിലവിൽ വന്നിട്ടുള്ളതെന്നാണ്. ഭാരതീയ പണ്ഡിതനായ ബാലഗംഗാധരതിലകൻ ഋഗ്വേദത്തിന് ക്രി. മു. 3500 വർഷത്തെ പഴമ കൽപിക്കുന്നു.

അക്ഷരാഭ്യാസം നിലവിൽ വരുന്നതിനു മുമ്പ് ഒരു ഇടയ വർഗമായ (Postoral People) ആര്യന്മാർ വേദങ്ങൾ സുരക്ഷിതമായി നിലനിർത്തിപ്പോന്നതിൽ കാണിച്ച ശുഷ്കാന്തിയും നിഷ്കർഷയും അദ്ഭുതാവഹം തന്നെ. അത്യന്തം സൂക്ഷ്മതയോടെ പദാനുപദം ഹൃദിസ്ഥമാക്കിയും അടിക്കടി ആവർത്തിച്ചു ചൊല്ലിയും മറ്റു രൂപത്തിലും തലമുറയായി

പകർന്നു കൊടുത്തുകൊണ്ടാണ് സംഹിതകൾ സുരക്ഷിതമായി നില നിർത്തിപ്പോന്നത്. ഋഗ്വേദസംഹിതക്ക് വള്ളത്തോൾ എഴുതിയ വിവർത്ത നത്തിന്റെ ആമുഖത്തിൽ സർദാർ കെ.എം. പണിക്കർ പറയുന്നു: "വേദ ത്തിന് പാഠഭേദങ്ങളില്ല. ഇത്ര പുരാതനവും ഭാരതത്തിലാകെ പ്രചരി ക്കുന്നതുമായ ഒരു ബൃഹദ്ഗ്രന്ഥത്തിന് പാഠഭേദങ്ങളില്ലാതിരിക്കുന്നത് ആശ്ചര്യമാണല്ലോ. ശ്രുതിവാക്യങ്ങൾക്കു വ്യത്യാസം വരാതിരിക്കാനായി ആദ്യകാലം മുതൽക്കേ ചെയ്ത നിഷ്കർഷകൾ കൊണ്ടാണ്, സർവത ശ്ശുദ്ധവും എല്ലാവരും അംഗീകരിക്കുന്നതുമായ ഒരു പാഠം ഇന്ന് നിലവി ലിരിക്കുന്നത്."[2]

തുടർന്ന് ആ നിഷ്കർഷകൾ എന്തായിരുന്നുവെന്നും അദ്ദേഹം വിവ രിക്കുന്നു: "വേദത്തിന് പദപാഠം എന്നൊന്നുണ്ട്. അതായത്, സംഹിത യിലുള്ള എല്ലാ വാക്കുകളെയും സന്ധിയിലും സമാസത്തിലുംനിന്ന് വേർപെടുത്തി പ്രത്യേകമായി എടുക്കുന്നു. ഇതിനെത്തുടർന്നു ക്രമപാഠം എന്നു വേറെയൊന്നുണ്ട്. പദപാഠത്തിലെ ഓരോ വാക്കും എടുത്ത് അതിന്റെ മുമ്പിലത്തെ വാക്കും പിമ്പിലത്തെ വാക്കും കൂട്ടിച്ചേർത്തുള്ള പാഠമാണ് അത്. അതിനെത്തുടർന്നാണ് ജടാപാഠം. ജടാപാഠമെന്നാൽ കൂട്ടിയിണക്കിയ പാഠമെന്നർഥം. ഇതിൽ തെറ്റ് കടന്നുകൂടാതിരിക്കാനാണ് ഘനപാഠം. പദപാഠവും ക്രമപാഠവും അങ്ങോട്ടുമിങ്ങോട്ടും മുമ്പോട്ടും പിമ്പോട്ടും കൂട്ടിയിണക്കിയാണ് ഘനപാഠം. പദപാഠത്തിൽ പ്രത്യേക മായി അപഗ്രഥിച്ചിട്ടുള്ള വാക്കുകളെ തിരികെ കൂട്ടിയിണക്കി സംഹിത യാക്കുന്നതിനുള്ള നിയമങ്ങളത്രെ പ്രതിശാഖ്യം. ഇവക്കെല്ലാം പുറമേ, ഋഗ്വേദത്തിന് ഒരനുക്രമണികയുണ്ട്. അതിൽ ഓരോ മന്ത്രവും അതിന്റെ ഋഷി, ഛന്ദസ്സ്, ദേവത എന്നിവയും സംഹിതയിലുള്ള ക്രമത്തിൽ കൊടു ത്തിരിക്കുന്നു. ഇത്രയും വലിയ നിഷ്കർഷ ലോകത്തിൽ വേറെ ഒരു ഗ്രന്ഥത്തിനും ഉണ്ടായിട്ടില്ലതന്നെ. ഇതിൻഫലമായി മുവ്വായിരത്തഞ്ഞൂ റുവർഷത്തിൽ കുറയാതെ പഴക്കമുള്ള സംഹിതയുടെ പാഠം ഇന്നും പരിശുദ്ധമായിത്തന്നെയിരിക്കുന്നു."[3]

ഈ വായനാരീതിയെപ്പറ്റി അൽബീറൂനിയും സൂചിപ്പിച്ചിട്ടുണ്ട്.[4] എന്നാൽ എല്ലാ സംഹിതകൾക്കും ഈ പരിശുദ്ധി അവകാശപ്പെട്ടുകൂടാ. എന്തെന്നാൽ ശുക്ലയജുർവേദത്തിന് വ്യത്യസ്ത പാഠങ്ങളുണ്ടെന്ന് നിരൂ പകന്മാർ സമർഥിക്കുന്നു. രാഹുൽ സാംകൃത്യായൻ എഴുതുന്നു: "അവർ വേദങ്ങളുടെ ഛന്ദസ്സുകളും (വൃത്തങ്ങൾ) വ്യാകരണവും ഉച്ചാരണവും സ്വരങ്ങൾപോലും ഹൃദിസ്ഥമാക്കിവച്ചതാലോചിക്കുമ്പോൾ ആശ്ചര്യം തോന്നിപ്പോവും. അസാധാരണമായ ഒരു കൃത്യമായിരുന്നു അത്. എന്നാൽ ഇന്നും അതേപ്രകാരം ശുദ്ധമായ രൂപത്തിൽ മന്ത്രങ്ങൾ ലഭി ച്ചിട്ടുണ്ടെന്ന് ഇതിനർഥമില്ല. അങ്ങനെയാണെങ്കിൽ ശുക്ലയജുർവേദസം ഹിതയിൽ മാധ്യന്ദിനന്റേയും കണ്വന്റേയും വ്യത്യസ്ത ശാഖകളിൽ പാഠ ഭേദമുണ്ടാകുമായിരുന്നില്ല."[5]

സംഹിതകൾ നാലു ഗ്രന്ഥങ്ങളാണ്. 1. ഋക്, അഥവാ ഋഗ്വേദസം

ഹിത. 2. യജുസ്സ്, അഥവാ യജുർവേദസംഹിത. ഇതുതന്നെ രണ്ടുപക്ഷങ്ങളായി തിരിച്ചിട്ടുണ്ട്. ഒന്ന് ശുക്ലയജുർവേദം; മറ്റേതു കൃഷ്ണയജുർവേദം. 3. സാമം, അഥവാ സാമവേദസംഹിത 4. അഥർവം, അഥവാ അഥർവവേദസംഹിത.

ഋഗ്വേദം, യജുർവേദം, സാമവേദം എന്നീ മൂന്നെണ്ണം 'ത്രയീ' എന്ന പേരിൽ അറിയപ്പെടുന്നു. അമരകോശം എന്ന സംസ്കൃത നിഘണ്ടു പറയുന്നു: "ഇതി വേദാ സ്ത്രയ സ്തയീ."

അഥർവവേദസംഹിത വളരെ പിന്നീടാണ് നിലവിൽ വന്നത്. ബുദ്ധന്റെ കാലത്തിന് മുമ്പ് വേദപാണ്ഡിത്യം നേടിയിരുന്ന മഹാപണ്ഡിതന്മാരെ 'ത്രയീ പാരംഗതർ' എന്നു വിളിച്ചുവന്നിരുന്നതിൽ നിന്നു തന്നെ മൂന്നു വേദങ്ങൾക്കേ അന്ന് പ്രാമാണ്യം കൽപിച്ചിരുന്നുള്ളൂ എന്ന് അനുമാനിക്കാം. സാംകൃത്യായൻ എഴുതുന്നു: "ബുദ്ധന്റെ കാലം (ക്രി. മു. 563-483) വരെ വേദങ്ങൾ മൂന്നാണെന്ന് കരുതപ്പെട്ടിരുന്നു. സുശിക്ഷിതരായ ബ്രാഹ്മണപണ്ഡിതന്മാരെ 'ത്രയീപാരംഗതർ' (തിന്നം വേദാനാം പാരഗു-ത്രീണാം വേദാനാം പാരഗാഃ) എന്നു വിളിച്ചിരുന്നു."[6]

സംഹിതകൾ എണ്ണത്തിൽ നാലുണ്ടെങ്കിലും ആദ്യത്തേതിൽനിന്ന് മറ്റുള്ളവയിലേക്ക് ധാരാളം മന്ത്രങ്ങൾ പകർത്തപ്പെട്ടിട്ടുണ്ട്. സാമവേദസംഹിതയിൽ 75 മന്ത്രങ്ങളൊഴിച്ചു ബാക്കിയുള്ളതെല്ലാം ഋഗ്വേദത്തിൽനിന്നെടുത്തിട്ടുള്ളതാണ്. യജ്ഞങ്ങളിൽ ചൊല്ലേണ്ടതിനായിട്ടാണ് അവ സംഗ്രഹിച്ചിട്ടുള്ളത്. ശുക്ലയജുർവേദത്തിലും ധാരാളം ഋഗ്വേദമന്ത്രങ്ങൾ പകർന്നിട്ടുണ്ട്. ശുക്ല യജുർവേദസംഹിത വളരെ പിന്നീട് എഴുതിച്ചേർത്തതാണെന്നും അതിന്റെ കർത്താവ് യാജ്ഞവല്ക്യമുനി (ക്രി. മു. 650)യാണെന്നും ചില പണ്ഡിതന്മാർക്കഭിപ്രായമുണ്ട്. യാജ്ഞവല്ക്യനാൽ നിർമിതമായ ആ ഭാഗത്തിന് 'വാജസനേയസംഹിത' എന്നും പേരുണ്ട്.

## ബ്രാഹ്മണങ്ങൾ

സംഹിതകൾക്ക് വളരെ ശേഷമാണ് ബ്രാഹ്മണങ്ങൾ നിലവിൽ വന്നിട്ടുള്ളത്. സംഹിതകളും ബ്രാഹ്മണങ്ങളും തമ്മിലുള്ള കാലവ്യത്യാസം 200 മുതൽ 600 വരെ കൊല്ലങ്ങളാണെന്ന് പണ്ഡിതന്മാരിൽ ചിലർ അഭിപ്രായപ്പെടുന്നു. ഒരു പാശ്ചാത്യൻ വേദപണ്ഡിതനായ മാർട്ടിൻ ഹേഗ് ഐതരേയബ്രാഹ്മണത്തിന്റെ ആംഗലഭാഷ്യത്തിന്റെ അവതാരികയിൽ കുറിച്ചിട്ടുള്ളത് ഇപ്രകാരമാണ്: "ബ്രാഹ്മണങ്ങളിൽ ഭൂരിഭാഗത്തിന്റെയും നിർമാണം ബി. സി. 1400-ന്റെയും 1200-ന്റെയും ഇടയിലായിരുന്നുവെന്ന് പറയുവാൻ നാം മടിക്കുന്നില്ല. സംഹിതകൾക്ക് ബ്രാഹ്മണങ്ങളുടെ കാലത്തെക്കാൾ 200 വർഷം മുതൽ 500-600 വർഷം വരെയുള്ള ഒരു കാലഘട്ടത്തിന്റെ പഴമ വേണ്ടിവരും. അങ്ങനെ സംഹിതകൾ മിക്കവാറും 1400 ബി.സി.ക്കും 2000 ബി.സി.ക്കും ഇടക്കുള്ള കാലഘട്ടത്തിലുണ്ടായിരുന്നവയാണെന്ന് നമുക്ക് കിട്ടുന്നു."[7]

ബ്രാഹ്മണങ്ങൾ സംഹിതകൾക്കു ശേഷം ഉണ്ടായതാണെങ്കിലും

വേദപ്രപഞ്ചത്തിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു. സംഹിതയും ബ്രാഹ്മണവും തമ്മിൽ വ്യത്യാസമുണ്ട്. സംഹിതകൾ മിക്കവാറും പദ്യരൂപത്തിലാണ്. ബ്രാഹ്മണങ്ങൾ ഗദ്യരൂപത്തിലും. ബ്രാഹ്മണങ്ങളുടെ മുഖ്യപ്രവൃത്തി സംഹിതകളിലെ മന്ത്രങ്ങളെ വ്യാഖ്യാനിക്കലാണ്. യജ്ഞ (യാഗ) വിധികളും അവയിൽ മന്ത്രങ്ങൾക്കുള്ള സ്ഥാനവും ബ്രാഹ്മണങ്ങൾ വിവരിക്കുന്നു.

ഓരോ സംഹിതക്കും ഒന്നോ അതിലധികമോ ബ്രാഹ്മണങ്ങളുണ്ട്. ഋഗ്വേദത്തിന് ഐതരേയം, കൗഷീതകി എന്നീ രണ്ടു ബ്രാഹ്മണങ്ങളും സാമവേദത്തിന് താണ്ഡ്യമഹാബ്രാഹ്മണം, അഥവാ പഞ്ചവിംശം, ഷഡ്വിംശം, ജൈമിനീയം എന്നീ മൂന്നു ബ്രാഹ്മണങ്ങളും ശുക്ലയജുർവേദത്തിന് ശതപഥ ബ്രാഹ്മണവും കൃഷ്ണയജുർവേദത്തിന് തൈത്തിരീയ ബ്രാഹ്മണവും അഥർവവേദത്തിന് ഗോപഥവുമാണ് ഇന്നറിയപ്പെടുന്ന ബ്രാഹ്മണങ്ങൾ. ആദി ആര്യന്മാരുടെ ആരാധനാസമ്പ്രദായങ്ങൾ പ്രായേണ യാഗങ്ങളും യജ്ഞങ്ങളുമായിരുന്നു. ഇന്നു നാം 'ബലി' എന്നു പറയുന്ന കർമത്തിന്റെ പുരാതന രൂപമാകുന്നു യജ്ഞം. യജ്ഞ രീതികൾ പലതായിരുന്നു. യജ്ഞങ്ങളിൽ പശു, ആട്, കുതിര മുതലായ മൃഗങ്ങളെ വധിച്ചു ഹോമിച്ചിരുന്നു.

ഇത്രയും വിവരിച്ചതിൽനിന്ന് സംഹിതകളും ബ്രാഹ്മണങ്ങളും ചേർന്നതാണ് വൈദികസാഹിത്യം എന്ന് വ്യക്തമായല്ലോ. വേദങ്ങളെ മന്ത്രങ്ങളായും ബ്രാഹ്മണങ്ങളായും വിഭജിച്ചിട്ടുണ്ടെന്ന് ജൈമിനി (ക്രി. 300) പറയുന്നു.[8] എന്നാൽ ആധുനിക കാലത്തുടലെടുത്ത ചില ഹൈന്ദവ നവോത്ഥാനപ്രസ്ഥാന നേതാക്കൾ വേദമെന്നത് സംഹിത മാത്രമാണെന്ന് വാദിച്ചിട്ടുണ്ട്. ആര്യസമാജ സ്ഥാപകനായ ശ്രീ. ദയാനന്ദ സരസ്വതി അക്കൂട്ടത്തിൽ പ്രശസ്തനത്രേ. എന്നാൽ ചുരുക്കം പേരല്ലാതെ ഈ നവീന വാദം അംഗീകരിക്കുന്നില്ല. പ്രഗല്ഭ പണ്ഡിതനായ ശ്രീ. വിവേകാനന്ദസ്വാമി ദയാനന്ദന്റെ പ്രസ്തുത നിലപാടിനെ ചോദ്യം ചെയ്തിട്ടുണ്ട്. 'വിവേകാനന്ദസ്വാമികളുടെ എഴുത്തുകൾ' എന്ന പ്രസിദ്ധീകരണത്തിൽ പറയുന്നത് നോക്കുക: "വേദങ്ങൾ സംഹിതകൾ മാത്രമാണെന്നുള്ള ആദർശം വളരെ ആധുനികവും പരേതനായ ശ്രീ. ദയാനന്ദസ്വാമികളാൽ ഉന്നയിക്കപ്പെട്ടതുമാകുന്നു. ഇത് സാധാരണ ജനങ്ങളുടെ ഇടയിൽ അംഗീകരിക്കപ്പെട്ടുമില്ല. സംഹിതയിൽ പുതിയ അർഥ കൽപന ചെയ്തു കൊണ്ട് വൈദിക സിദ്ധാന്തത്തെ മുഴുവൻ വ്യാഖ്യാനിക്കാൻ ഉദ്ദേശിച്ചാണ് ഈ കാര്യം ഇങ്ങനെ ചെയ്തിട്ടുള്ളത്. എന്നാൽ വൈഷമ്യങ്ങൾ അപ്പോഴും അവശേഷിച്ചതേയുള്ളൂ. ഈ സിദ്ധാന്തങ്ങളും അർഥ കല്പനകളുമെല്ലാമുണ്ടായിട്ടു കൂടി ബ്രാഹ്മണങ്ങളുടെ അടിസ്ഥാനത്തിലേക്ക് തന്നെ പിന്നെയും നിപതിക്കുകയാണ് ചെയ്തത്."[9]

ഋഗ്വേദത്തിന്റെ ആംഗലഭാഷാവിവർത്തകനായ മി. ടി.കെ. ഗ്രീഫിത്ത് തന്റെ ആമുഖക്കുറിപ്പിൽ പറയുന്നു: "പ്രാർഥനകളും സ്തുതികളുമടങ്ങിയ മന്ത്രങ്ങൾ, മന്ത്രങ്ങളുടെ പ്രയോഗങ്ങളും വിശദീകരണങ്ങളു

മുൾക്കൊള്ളുന്ന ബ്രാഹ്മണങ്ങൾ എന്നീ ക്രമത്തിൽ വേദങ്ങൾ നാലും ഈരണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു."[10]

'ആപസ്തംബം' എന്ന ധർമ ശാസ്ത്രത്തിൽ പറയുന്നു: "മന്ത്ര ബ്രാഹ്മണയോർവേദ നാമധേയഃ" (വേദമെന്നത് മന്ത്രങ്ങളുടെയും ബ്രാഹ്മണങ്ങളുടെയും നാമധേയമാണെന്ന് സാരം.)

ആകയാൽ മന്ത്രവിഭാഗവും ബ്രാഹ്മണ വിഭാഗവും വേദങ്ങളിൽ പെട്ടതാണെന്ന് പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

## ആരണ്യകങ്ങൾ അഥവാ വന്യകൃതികൾ

ബ്രാഹ്മണങ്ങളോട് പില്ക്കാലത്ത് ചേർക്കപ്പെട്ട ഗ്രന്ഥപരമ്പരക്കാണ് 'ആരണ്യകങ്ങൾ' എന്ന് പറയുന്നത്. അരണ്യ (വന)ത്തിൽവെച്ചു ശിഷ്യന്മാർക്കുപദേശിച്ചു കൊടുത്ത വിജ്ഞാനമടങ്ങിയതുകൊണ്ടാവണം ഈ ഗ്രന്ഥസമൂഹത്തിന് ആരണ്യകങ്ങളെന്ന പേരുണ്ടായത്. എല്ലാ വേദങ്ങളോടും ബന്ധപ്പെട്ട് ആരണ്യമുണ്ടെന്ന് പറയപ്പെടുന്നു. എന്നാൽ ഇന്നു പലബ്ധമായ ആരണ്യകങ്ങളിൽ നാലെണ്ണമാണ് പ്രത്യേക പ്രാധാന്യമുള്ളവ.

1. ഐതരേയാരണ്യകം. ഇത് ഋഗ്വേദവുമായി ബന്ധപ്പെട്ട ഐതരേയ ബ്രാഹ്മണത്തിലെ ആരണ്യകമാണ്. അഞ്ച് പഞ്ചികയും പതിനഞ്ച് അധ്യായവും- ഇങ്ങനെയാണ് ഐതരേയാരണ്യകത്തിന്റെ ക്രമീകരണം.

2. കൗഷീതക്യാരണ്യകം. ഇത് കൗഷീതകിബ്രാഹ്മണത്തിന്റെ ഒരു ഭാഗമാകുന്നു. ഐതരേയ ബ്രാഹ്മണത്തിലെ വിഷയങ്ങളാണ് ഇതിലും പ്രതിപാദിച്ചിട്ടുള്ളത്. രമണീയ ഭാഷയിൽ അവ വിശദീകരിച്ചിട്ടുണ്ടെന്ന് മാത്രം.

3. തൈത്തിരീയാരണ്യകം. തൈത്തിരീയ ബ്രാഹ്മണത്തോടു ചേർന്ന ആരണ്യകമാണത്. പത്ത് അധ്യായങ്ങളുണ്ട്.

4. ബൃഹദാരണ്യകം. യജുർവേദവുമായി ബന്ധപ്പെട്ട ശതപഥ ബ്രാഹ്മണത്തിന്റെ അവസാന കാണ്ഡമാണിത്. മറ്റുള്ളവയെ അപേക്ഷിച്ച് പരിമാണത്തിൽ ബൃഹത്തായതുകൊണ്ടാണ് ഇതിന്ന് ബൃഹദാരണ്യകം എന്ന പേർ സിദ്ധിച്ചത്.

## ഉപനിഷത്തുകൾ

ആരണ്യകങ്ങളെ തുടർന്നുവന്ന ഭാഗമാണ് ഉപനിഷത്തുകൾ. ഓരോ വേദസംഹിതാഭാഗത്തിനും ബ്രാഹ്മണവും ഓരോ ബ്രാഹ്മണത്തിനും ആരണ്യകവും ഓരോ ആരണ്യകത്തിനും ഉപനിഷത്തുമുണ്ടെന്നാണ് മാമൂൽമതം.

'ഉപ', 'നി' എന്നീ രണ്ടു ഉപസർഗങ്ങൾ 'സദ്' എന്ന ധാതുവോട് ചേർന്നുളവായ ഒരു വാക്കാണ് 'ഉപനിഷത്.' ഉപ: അടുത്തു. നി: ഗാഢം. സദ്: ഇരിക്കുക-ഇതാണ് പിരിച്ചെടുക്കുമ്പോൾ ആ വാക്കിനർഥം. പക്ഷേ, എല്ലാം ചേരുമ്പോൾ (ഗുരുവിന്റെ) അടുത്തിരുന്നു ശ്രദ്ധയോടെ പഠിക്കൽ എന്നർഥം വരുന്നു. ആധ്യാത്മിക ഗുരു തന്റെ അടുത്തിരുന്നു പഠിക്കുന്ന

ശ്രദ്ധാലുവായ ശിഷ്യനോട് ഉപദേശിച്ച, അതിഗൂഢമായ വിദ്യകളടങ്ങിയതിനാലാണ് ഉപനിഷത്തിന് ആ നാമം വന്നതെന്ന് വിചാരിക്കപ്പെടുന്നു.

ഉപനിഷത്തുകൾക്ക് "വേദാന്തം" എന്നും പേരുണ്ട്. വേദത്തിന്റെ അന്ത്യത്തിൽ ഉപനിഷത്ത് വരുന്നതുകൊണ്ടാണ് വേദാന്തം എന്നു പറയുന്നത്. വേദാന്തത്തിന് വേദത്തിന്റെ അവസാനം എന്നർഥത്തിന് പുറമേ, വേദത്തിൽ നിന്ന് അന്തിമമായി ഗ്രഹിക്കേണ്ട തത്ത്വം എന്നും അർഥമാവാം. എന്തെന്നാൽ വേദത്തിലെ പ്രധാനതത്ത്വമായ ബ്രഹ്മവിദ്യയാണ് ഉപനിഷത്തുകളിലെ പ്രതിപാദ്യം. വേദത്തിന്റെ കർമകാണ്ഡമാണ് ബ്രാഹ്മണമെങ്കിൽ ജ്ഞാനകാണ്ഡമാണ് ഉപനിഷത്ത്.

ഉപനിഷച്ഛബ്ദാർഥം ഇതാണെങ്കിലും, പിന്നീട് ബ്രഹ്മവിദ്യയുൾക്കൊള്ളുന്ന ഏത് ഗ്രന്ഥവും ഉപനിഷത്തായി വ്യവഹരിക്കപ്പെട്ടു. അങ്ങനെ നിരവധി ഗ്രന്ഥങ്ങൾ ഉപനിഷത്തെന്ന പേരിൽ വിരചിതമായി. അക്ബർ ചക്രവർത്തിയുടെ കാലത്തെ (ക്രി. 1542-1605) പണ്ഡിതന്മാർ ഒരു ഗ്രന്ഥമെഴുതുകയും അല്ലാഹുവിന്റെ കാര്യങ്ങളുൾക്കൊള്ളിക്കുകയും ചെയ്തു. അതിനാൽ അതിനെ 'അല്ലോപനിഷത്ത്' എന്നു പേരിട്ടു. ഇങ്ങനെ നിരവധി ഉപനിഷദ്ഗ്രന്ഥങ്ങൾ പിൽക്കാലത്ത് വിരചിതങ്ങളായിട്ടുണ്ട്. ഉപനിഷത്തുകളുടെ ആകെ സംഖ്യ 200-ഓളം വരുമത്രേ. ബോംബെയിലെ നിർണയസാഗർ പ്രസ്സുകാർ 112 ഉപനിഷത്തുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഋഗ്വേദത്തിന് 21-ഉം യജുർവേദത്തിന് 109-ഉം സാമവേദത്തിന് 1000-വും അഥർവവേദത്തിന് 21-ഉം ശാഖകളുണ്ടെന്നും ഓരോ ശാഖക്കും അനുബന്ധമെന്ന നിലയിൽ ഓരോ ഉപനിഷത്തുണ്ടെന്നും ശ്രീരാമൻ ഹനുമാനെ അറിയിക്കുന്നതായി മുക്തികോപനിഷത്തിൽ വിവരിച്ചിട്ടുണ്ട്. [11]

ഉപനിഷത്തുകളിൽ ഏറ്റവും പ്രാചീനവും പ്രാമാണികവുമായത് പതിമൂന്നെണ്ണമത്രെ. ബി. സി. 700-നും 100-നുമിടക്കാണ് അവ രചിക്കപ്പെട്ടിട്ടുള്ളതെന്ന് സാംകൃത്യായൻ അഭിപ്രായപ്പെടുന്നു. ഡോ. രാധാകൃഷ്ണന്റെയും ഡോ. ടി. എം.പി. മഹാദേവന്റെയും അഭിപ്രായത്തിൽ പ്രാചീനോപനിഷത്തുകളുടെ കാലം ബുദ്ധന് മുമ്പും ബി. സി. 1000-മാണ്ടിനിപ്പുറവുമാണ്.

## വൈദിക സാഹിത്യം എന്നാൽ

വൈദികസാഹിത്യം എന്നു പറയുമ്പോൾ ഇന്നുദ്ദേശിക്കപ്പെടുന്നത് മന്ത്രങ്ങളും ബ്രാഹ്മണങ്ങളും ആരണ്യകങ്ങളും ഉപനിഷത്തുകളുമാണ്. ഇവ അപൗരുഷേയങ്ങളും അകർത്തൃകങ്ങളും ബ്രഹ്മപ്രോക്തങ്ങളുമാണെന്നത്രെ പ്രാചീന ഭാരതീയരുടെ വിശ്വാസം. അതിനാൽ അവയ്ക്കു 'ശ്രുതി' (ബ്രഹ്മാവിൽ നിന്ന് ഋഷിമാർ നേരിട്ടു കേട്ടത്) എന്ന് പേരായി. 'ശ്രുതി' എന്ന നാമത്തിന് മറ്റൊരർഥവും കൽപിക്കപ്പെടുന്നുണ്ട്. തലമുറ തലമുറയാ വക്ത്രാനുവക്ത്രമായി പകർന്നുവന്നത് എന്ന്. അക്ഷരാഭ്യാസം നിലവിൽ വരുന്ന കാലത്തിന് മുമ്പ്, ഒരു ഇടയ വർഗമായി ചുറ്റിനടന്നിരുന്ന ആര്യവർഗത്തിന്റെ പ്രാചീനസാഹിത്യമാണല്ലോ വേദ

ങ്ങൾ; വിശേഷിച്ചും സംഹിതാഭാഗങ്ങൾ. തങ്ങളുടെ അമൂല്യമായ വിജ്ഞാനസമ്പത്ത് ആ വിഭാഗം സംരക്ഷിച്ചു വന്നത് ഓർമശക്തിയുടെ ഏക സഹായം കൊണ്ടാണെന്ന് സ്പഷ്ടം. ശ്രവണം വഴിയാണ് പിൻതലമുറകൾ മുൻതലമുറകളിൽ നിന്ന് അവ പകർന്നെടുത്തത്. അതുകൊണ്ടാവണം വേദങ്ങൾ 'ശ്രുതി' (കേൾക്കപ്പെട്ടത്) എന്ന പേരിൽ പ്രസിദ്ധമായത്.

മുസ്‌ലിംകൾ ഖുർആന് കല്പിക്കുന്ന അതേ സ്ഥാനമാണ് പ്രാചീന ഭാരതീയർ വേദങ്ങൾക്കും കല്പിച്ചിരുന്നത്. അതിനാൽ സൃഷ്ടി എന്നർഥമുള്ള 'കൃതം' എന്ന് വിശേഷിപ്പിക്കുന്നത് വേദത്തെസ്സംബന്ധിച്ചിടത്തോളം അനാദരമായി അവർ കരുതിയിരുന്നു. ഖുർആനെ 'മഖ്‌ലൂഖ്' (സൃഷ്ടി) എന്ന് വിശേഷിപ്പിക്കുന്നതിനെ മുസ്‌ലിംകൾ കാണുന്നതും അതേ നിലയിലാണല്ലോ. സംസ്കൃത മഹാകവിയായ കാളിദാസൻ ഒരിക്കൽ 'മന്ത്രകൃത' എന്നുപയോഗിച്ചു പോയി. ഭവഭൂതി നെറ്റി ചുളിച്ചു വെറുപ്പ് പ്രകടിപ്പിച്ചു. 'മന്ത്രകൃത' എന്ന് പറവാൻ പാടില്ല എന്നായിരുന്നു ഭവഭൂതിയുടെ പക്ഷം. എന്തെന്നാൽ ഋഷിമാർ മന്ത്രങ്ങളെ രചിച്ചവരല്ല; ദർശിച്ചവർ മാത്രമാണ്.[12]

മന്ത്രങ്ങൾ ഓരോരോ ഋഷിമാരാൽ ആവിഷ്കൃതങ്ങളാണ്. അവ പ്രായേണ കവിതാ രൂപത്തിലത്രെ. അവയിൽ സ്തുതികളും പ്രാർഥനകളുമാണ് സ്ഥൂലദൃഷ്ടികൾക്ക് കാണാൻ കഴിയുന്നത്. എന്നാൽ അവക്ക് പിറകിൽ ഗംഭീരവും നിഗൂഢവുമായ ആശയങ്ങൾ നിലകൊള്ളുന്നു. മന്ത്രദ്രഷ്ടാക്കളായ മഹർഷിമാർ വാദിച്ചിരുന്നു: "എന്നിൽ ഈശ്വരൻ പ്രവേശിച്ചിരിക്കുന്നു" എന്ന്.[13] ഇതു വഴി സംഹിതകൾ ഈശ്വരവചനമാണെന്നും സ്വയം കൃതമല്ലെന്നും വാദിക്കുകയാണ് അവർ ചെയ്തത്. അതിനാൽ മന്ത്രങ്ങളെ ആ നിലക്ക് തന്നെ വിലയിരുത്തേണ്ടിയിരിക്കുന്നു.

## പ്രധാന ഉപനിഷത്തുകൾ

വേദങ്ങളുടെ അവസാന ഭാഗമാണ് ഉപനിഷത്തുകളെന്നും അതിനാൽ അവക്ക് വേദാന്തം എന്ന് പേരുണ്ടെന്നും നാം കണ്ടു. പ്രധാന ഉപനിഷത്തുകളെ കാലനിർണയം ചെയ്തു, നാലു പാദങ്ങളിലായി സാംകൃത്യായൻ തരം തിരിച്ചിട്ടുണ്ട്. അതിങ്ങനെയാണ്:

1. പ്രഥമപാദത്തിലെ ഉപനിഷത്തുകൾ (ക്രി. മു. 700): (i) ഈശം (ii) ഛാന്ദോഗ്യം (iii) ബൃഹദാരണ്യകം.

2. ദ്വിതീയപാദത്തിലെ ഉപനിഷത്തുകൾ (ക്രി. മു. 600-500): (iv) ഐതരേയം (v) തൈത്തിരീയം.

3. തൃതീയപാദത്തിലെ ഉപനിഷത്തുകൾ (ക്രി.മു.500-400): (vi) പ്രശ്നം (vii) കേനം (viii) കഠം (ix) മുണ്ഡകം (x) മാണ്ഡൂക്യം.

4. ചതുർഥപാദത്തിലെ ഉപനിഷത്തുകൾ (ക്രി. മു. 200-100): (xi) കൗഷീതകി (xii) മൈത്രി (xiii) ശ്വേതാശ്വതരം.

ഇവിടെ ഓരോ സംഹിതയോടും ബന്ധപ്പെട്ടു നിൽക്കുന്ന

ബ്രാഹ്മണം, ആരണ്യകം, ഉപനിഷത്ത് എന്നിവയുടെ ഒരു പട്ടിക കാണിക്കാം.

## വൈദിക സാഹിത്യ പട്ടിക

| സംഹിത | ബ്രാഹ്മണം | ആരണ്യകം | ഉപനിഷത്ത് |
|---|---|---|---|
| ഋഗ്വേദം | 1 ഐതരേയം<br>2 കൗഷീതകി | 1 ഐതരേയം<br>2 കൗഷീതകി | 1 ഐതരേയം<br>2 കൗഷീതകി |
| സാമവേദം | 1 താണ്ഡ്യമഹാ, അഥവാ<br>2 ഷഡ്വിംശം<br>3 ജൈമിനീയം | ജൈമിനീയോപ നിഷദ് ബ്രാഹ്മണം പഞ്ചവിംശം | 1 ഛാന്ദോഗ്യം<br>2 കേനം |
| ശുക്ലയജുർ വേദം | ശതപഥം | | 1ബൃഹദാരണ്യകം<br>2 ഈശം |
| കൃഷ്ണയജുർ വേദം | തൈത്തിരീയം | തൈത്തീരീയം | 1 തൈത്തിരീയം<br>2 കഠം<br>3 മൈത്രി<br>4 ശ്വേതാശ്വതരം |
| അഥർവവേദം | ഗോപഥം | | 1 പ്രശ്നം<br>2 മുണ്ഡകം<br>3 മാണ്ഡൂക്യം |

**കുറിപ്പ് :** ഈശോപനിഷത്ത് ശുക്ലയജുർവേദത്തിന്റെ അവസാനത്തെ അധ്യായമായാണ് ഇന്ന് നമുക്ക് ലഭിക്കുന്നത്. ഐതരേയം, കൗഷീതകി, ഛാന്ദോഗ്യം, കേനം, ബൃഹദാരണ്യകം, തൈത്തിരീയം എന്നിവയും ഒരു ബ്രാഹ്മണത്തിന്റെയോ ആരണ്യകത്തിന്റെയോ അംശമായിട്ടാണ് നാം കാണുന്നത്. എന്നാൽ കഠം, ശ്വേതാശ്വതരം, പ്രശ്നം, മുണ്ഡകം എന്നിവ അങ്ങനെയല്ല. അവയും നഷ്ടപ്പെട്ടുപോയ ഏതോ ബ്രാഹ്മണത്തിന്റെയോ ആരണ്യകത്തിന്റെയോ അനുബന്ധങ്ങളായിരുന്നിരിക്കണം. പക്ഷേ, ആ ബ്രാഹ്മണങ്ങളും ആരണ്യകങ്ങളും ഇന്ന് ഉപലബ്ധങ്ങളല്ല. മൈത്രിയും മാണ്ഡൂക്യവും പ്രധാന ഉപനിഷത്തുകളുടെ പട്ടികയിൽ പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടവയാണെന്ന് നിരൂപകന്മാർ കരുതുന്നു.

## സ്മൃതികൾ

മറ്റൊരു തരം മതസാഹിത്യ സംഘാതത്തിനാണ് 'സ്മൃതി' എന്ന് പറയുന്നത്. ഇവയിൽ മുഖ്യമായും ഹിന്ദുക്കളുടെ ആചാരസമ്പ്രദായങ്ങളാണ് പ്രതിപാദിച്ചിട്ടുള്ളത്. അതിനാൽ അവ 'ധർമ'ശാസ്ത്രം എന്ന പേരിലും അറിയപ്പെടുന്നു. ശ്രുതിയെപ്പോലെത്തന്നെ, സ്മൃതിയും ആധികാരികവും പ്രമാണയോഗ്യവും തന്നെ. ഇരുപത് സ്മൃതികൾ ഇന്ന് നിലവിലുണ്ട്. 1. മനു 2. അത്രി 3. കാശ്യപൻ 4. ഹാരീതകൻ 5. യാജ്ഞവൽക്യൻ 6. ഉശനസ് 7. അംഗിരസ് 8. യമൻ 9. ആപസ്തംബൻ 10. സംവർത്തകൻ 11. കാത്യായൻ 12. ബൃഹസ്പതി 13. പരാശരൻ 14. ഗാർഗ്യൻ 15. ശംഖൻ 16. ലിഖിതൻ 17. ഭക്ഷൻ 18. ഗൗതമൻ 19. ശതപഥൻ 20. വസിഷ്ഠൻ എന്നീ ആചാര്യന്മാരുടെ പേരിലാണ് അവ അറിയപ്പെടുന്നത്. ആർ.സി. ഡറ്റ് പറയുന്നു: "ഇവയിൽ ഏറ്റവും പ്രാചീനങ്ങളായി അറിയപ്പെടുന്നവ ആപസ്തംബധർമസൂത്രവും ഗൗതമധർമസൂത്രവും വസിഷ്ഠധർമസൂത്രവുമാണ്. ബുദ്ധന്റെ കാലത്തോടടുത്ത് മനുസ്മൃതിയും രചിക്കപ്പെട്ടു. ഇടക്കാലത്തുണ്ടായ പരാശരസ്മൃതിയുൾപ്പെടെ മറ്റെല്ലാ ധർമശാസ്ത്രങ്ങളും പിൽക്കാലങ്ങളിൽ നിർമിതമായിട്ടുള്ളതാണ്."[14]

"ഗൗതമൻ, ബോധായനൻ, ആപസ്തംബൻ, വസിഷ്ഠൻ എന്നിവരുടെ ധർമസൂത്രങ്ങൾക്ക് ബി.സി. 600-300 വരെ പഴമ കൽപിക്കാവുന്നതാണ്. അവയിൽ ഗൗതമസൂത്രത്തിന് കൂടുതൽ പഴക്കം കൂടും."[15]

## ഇതിഹാസങ്ങൾ

ഭാരതീയരുടെ മറ്റൊരു സാഹിത്യ സംഘാതമാണ് ഇതിഹാസങ്ങൾ. പുരാവൃത്തം, അഥവാ പുരാതന കഥ എന്നാണ് ഈ വാക്കിനർഥം. കഥാകഥനരീതിയാണ് ഇവയിൽ സ്വീകരിച്ചിരിക്കുന്നത്. അവ ധർമം, അർഥം, കാമം, മോക്ഷം എന്നീ കാര്യങ്ങളെ ഉപദേശിക്കുന്നു. രാമായണം, മഹാഭാരതം എന്നീ രണ്ടു ബൃഹത് കാവ്യങ്ങളാണ് ഇന്ന് ഇതിഹാസ നാമത്തിൽ അറിയപ്പെടുന്നത്. രാമായണത്തിൽ അയോധ്യ ഭരിച്ചിരുന്ന രാജവംശത്തിന്റെയും, മഹാഭാരതത്തിൽ ഹസ്തിനപുരം കേന്ദ്രമാക്കി ഭരിച്ചിരുന്ന രാജവംശത്തിന്റെയും വീരോചിത കഥകളാണ് പ്രപഞ്ചനം ചെയ്തിട്ടുള്ളത്. രാമായണം ഒന്നല്ല; പലതുണ്ട്. വാല്മീകി, തുളസീദാസൻ, കമ്പൻ എന്നിവരെല്ലാം രാമായണം രചിച്ചിട്ടുണ്ട്. കൂടാതെ ആധ്യാത്മികരാമായണം എന്ന മറ്റൊന്നുമുണ്ട്. എന്നാൽ വേദവ്യാസമുനി എഴുതിയതെന്ന് വിചാരിക്കപ്പെടുന്ന മഹാഭാരതം ഒന്നേയുള്ളൂ. അതിൽ ഒരു ലക്ഷത്തിൽപരം ശ്ലോകങ്ങളുണ്ട്. ഗുണാഢ്യൻ വൈശാലി ഭാഷയിൽ രചിച്ച 'ബൃഹദ് കഥ' യും അതിൽ നിന്ന് സംസ്കൃതത്തിലേക്ക് പരാവർത്തനം ചെയ്ത 'കഥാസരിത്സാഗര'വും ഇതിഹാസമായി കണക്കാക്കപ്പെടുന്നില്ല. എന്തെന്നാൽ അതിന് പൊതുവായ ഒരു കഥാ തന്തുവില്ല. അതിൽ പ്രതിപാദിക്കപ്പെട്ട കഥകൾ വീര കഥകളുമല്ല. കൂടാതെ ധർമം, അർഥം, കാമം, മോക്ഷം എന്നീ ഗുണങ്ങൾ സാധിക്കുന്നതിനെപ്പറ്റി വിവരിച്ചിട്ടുമില്ല. എന്നാൽ പ്രസ്തുത ലക്ഷണങ്ങൾ തികഞ്ഞവയാണ് രാമാ

യണവും മഹാഭാരതവും. സുപ്രസിദ്ധ ആധ്യാത്മിക കൃതിയായ ഭഗവദ്ഗീത മഹാഭാരതത്തിന്റെ ഒരു ഭാഗമാണ്.

## പുരാണങ്ങൾ

ഭാരതീയരുടെ മറ്റൊരു മതസാഹിത്യസംഘാതമാണ് പുരാണങ്ങൾ. ഇവയിൽ സർഗം (ലോകസൃഷ്ടി), പ്രതിസർഗം (നാശം), വംശം, മന്വന്തരങ്ങൾ (മനുക്കളുടെ വാഴ്ചകാലങ്ങൾ), വംശാനുചരിതം (വംശങ്ങളുടെ തുടർച്ചയായ ചരിത്രം) ഇങ്ങനെ അഞ്ചു വിഷയങ്ങളാണ് മുഖ്യമായും പ്രതിപാദിച്ചിരിക്കുക. പുരാണങ്ങൾ പതിനെട്ടാണ്. 1. ബ്രഹ്മം 2. പാദ്മം 3. വിഷ്ണുപുരാണം 4.വായവ്യം 5. മഹാഭാഗവതം 6. നാരദീയം 7. മാർക്കണ്ഡേയം 8. ആഗ്നേയം 9.ഭവിഷ്യം 10. ബ്രഹ്മവൈവർത്തം 11. ലൈംഗികം 12. വാരാഹം 13. സ്കാന്ദം 14. വാമനം 15. കൗർമം 16. മാത്സ്യം 17. ഗാരുഡം 18. ബ്രഹ്മാണ്ഡം എന്നിവയത്രേ അത്.

## വേദാംഗങ്ങൾ

വേദങ്ങളുടെ ഉള്ളടക്കത്തോടല്ലെങ്കിലും അവയുമായി ബന്ധപ്പെടുന്ന മറ്റു ചില കൃതികളുണ്ട്. ഇവക്ക് വേദാംഗമെന്ന് പറയുന്നു. വേദോക്തമായ കർമങ്ങൾ വഴിപോലെ അനുഷ്ഠിക്കുവാൻ സഹായിക്കുന്നവയത്രേ പ്രസ്തുത വകുപ്പ്. ശിക്ഷ, വ്യാകരണം, ഛന്ദസ്സ്, നിരുക്തം, ജ്യോതിഷം, കൽപം എന്നീ ആറ് വിഷയമാണ് വേദാംഗങ്ങളിൽ ഉൾക്കൊള്ളുന്നത്. അതിനാൽ 'വേദാംഗഷൾക്കം' എന്ന പേരിൽ അവ വിളിക്കപ്പെടുന്നു. ശിക്ഷ വേദവാക്യങ്ങളുടെ ഉച്ചാരണം തുടങ്ങിയ കാര്യങ്ങളെ സംബന്ധിക്കുന്നതും, വ്യാകരണം വേദഭാഷ തെറ്റുകൂടാതെ ഉപയോഗിക്കേണ്ടുന്നതിനാവശ്യമായ നിയമങ്ങളെ സംബന്ധിക്കുന്നതും, ഛന്ദസ്സ് വേദത്തിലെ കവിതകളുടെ വൃത്തം മുതലായവയെസ്സംബന്ധിക്കുന്നതുമാണ്. വേദത്തിലെ കടുത്ത പദങ്ങളുടെ അർഥം കൊടുക്കുന്ന നിഘണ്ടുവിനാണ് നിരുക്തമെന്ന് പേർ. യാസ്കാചാര്യന്റെ നിരുക്തം ഉദാഹരണം. ജ്യോതിഷമെന്നാൽ നക്ഷത്രഗണിതശാസ്ത്രം അഥവാ ഗ്രഹശാസ്ത്രം (Astrology) ആണ്. ആചാരക്രമങ്ങളെ വിവരിക്കുന്ന ശാസ്ത്രമാണ് കൽപം.

## ഷഡ്ദർശനങ്ങൾ

ഇതിനുപുറമേ ഒട്ടനവധി ദർശനകൃതികൾ നിലവിൽ വന്നിട്ടുണ്ട്. ദർശനകൃതികൾ അസംഖ്യമാണ്. എന്നാൽ ആറ് ദർശനങ്ങൾ കൂടുതൽ പ്രാധാന്യമർഹിക്കുന്നു. സാംഖ്യം, യോഗം, ന്യായം, വൈശേഷികം, പൂർവമീമാംസ, ഉത്തരമീമാംസ എന്നിവയാണിവ. ഇവക്ക് 'ഷഡ്ദർശനങ്ങൾ' എന്നു പേർ. ഓരോ ദർശനത്തെക്കുറിച്ചും നിരവധി കൃതികൾ നിലവിലുണ്ട്.

ഭാരതീയ പുരാതനസാഹിത്യത്തെ ലഘുവായി പരിചയപ്പെടുത്തുകയാണ് ഈ അധ്യായത്തിൽ ചെയ്തിട്ടുള്ളത്. തുടർന്നു പ്രതിപാദിക്കാൻ പോവുന്ന വിഷയങ്ങളുടെ പ്രാമാണ്യവും ആധികാരികതയും മനസ്സിലാക്കേണ്ടതിന് ഈ ചുരുങ്ങിയ വിവരണം ഉപകരിക്കും.

## കുറിപ്പുകൾ

1. വിശ്വചരിത്രസംഗ്രഹം പേജ് 11
2. ആമുഖം പേജ് 4
3. Ibid P. 5
4. അൽബീറൂനി കണ്ട ഇന്ത്യ പേജ് 83
5. വിശ്വദർശനങ്ങൾ പേജ് 543
6. Ibid P. 553
7. അവതാരിക പേജ് 35, 36
8. ഉദ്ധരണം: വിശ്വദർശനങ്ങൾ പേജ് 543
9. എഴുത്തു നമ്പർ 240-മായാവതിപ്പതിപ്പ് (1940)
10. ഉദ്ധരണം: ഇന്ത്യയിലെ വർണസമരം പേജ് 71
11. വിശ്വവിജ്ഞാനകോശം വാള്യം 2, പേജ് 591
12. ഭാരതീയ തത്ത്വചിന്ത by ദേവിപ്രസാദ് ചട്ടോപാധ്യായ പേജ് 339 നോക്കുക.
13. Ibid P. 336
14. History of Civilization of Ancient India P. 136
15. Ibid P. 133

അധ്യായം ഏഴ്

# വർഗ വിഭജനം

**ലോ**കത്തുള്ള മനുഷ്യരെയെല്ലാം ചരിത്രകാരന്മാർ ചില അടിസ്ഥാന വർഗങ്ങളായി തിരിച്ചു നിർത്തുവാൻ ശ്രമിച്ചിട്ടുണ്ട്. ശരീരാകൃതി, ഭാഷാ സാജാത്യം എന്നിവയുടെ അടിസ്ഥാനത്തിലാണ് ആധുനിക ചരിത്രകാരന്മാർ വർഗവിഭജനത്തിനുദ്യമിച്ചിട്ടുള്ളത്. എന്നാൽ പുരാതന ചരിത്രകാരന്മാർ ആളുകളെ തരം തിരിച്ചിരുന്നത് വംശ പാരമ്പര്യത്തിന്റെയോ മതവിശ്വാസത്തിന്റെയോ അടിസ്ഥാനത്തിലായിരുന്നു. ഏതായാലും വർഗ വിഭജനം ശാസ്ത്രീയമാണെന്ന് പറഞ്ഞുകൂടാ. എന്തെന്നാൽ സങ്കരവർഗമല്ലാതെ ഇന്ന് ലോകത്തെവിടെയും അവശേഷിക്കുന്നില്ലെന്നതാണ് യാഥാർഥ്യം.

## വർഗസിദ്ധാന്തം

ഒരു ഫ്രഞ്ചുപ്രഭുവും അറുപിന്തിരിപ്പനുമായിരുന്ന കോമ്ട് ഡി. ഗോബിനോവാണ് യൂറോപ്പിൽ ആദ്യമായി വർഗസിദ്ധാന്തം ഉന്നയിച്ചത്. ക്രി. 1853-ൽ അദ്ദേഹം നോർഡിക്ക് വർഗവാദം ആവിഷ്കരിച്ചു. യൂറോപ്പിലെ സകലമാന സാംസ്കാരിക പുരോഗതികൾക്കും നിർമാണ

പ്രവർത്തനങ്ങൾക്കും സാക്ഷാൽ ഹേതുഭൂതന്മാർ വെളുത്തനിറമുള്ള, ദീർഘകായരായ നോർഡിക്ക് വർഗമാണെന്നും, അവർക്കല്ലാതെ ജന നായകത്വം വഹിക്കാനർഹതയില്ലെന്നും അദ്ദേഹം വാദിച്ചു. പാശ്ചാത്യൻ ജനത ആ വാദം സഹർഷം സ്വാഗതം ചെയ്തു. സ്വല്പം താമസിച്ചാ ണെങ്കിലും ജർമൻകാർ പ്രസ്തുത സിദ്ധാന്തം സ്വായത്തമാക്കിയതോടെ അപകട മേഖല ബഹുദൂരം വ്യാപിക്കുകയാണുണ്ടായത്. യൂറോപ്പിൽ മാത്രമല്ല ഈജിപ്ത്, മെസൊപൊട്ടേമിയ, ഇന്ത്യ എന്നു വേണ്ട ലോക ത്തെവിടെ സംസ്കാരവും നാഗരികതയും വളർന്നിട്ടുണ്ടോ, അവിടെ യെല്ലാം അതിനുള്ള കാരണക്കാർ ആര്യവർഗമാണെന്ന് അവർ വാദിച്ചു. ഹിറ്റ്ലറും അദ്ദേഹത്തിന്റെ ശാസ്ത്രകാരന്മാരും ചരിത്രകാരന്മാരും പ്രസ്തുത വാദം പ്രചരിപ്പിക്കുവാൻ എടുത്ത തന്ത്രങ്ങൾക്കും അടവു കൾക്കും കയ്യും കണക്കുമില്ല. ആര്യന്മാരുടെ ചിഹ്നമായിരുന്നു സ്വസ്തികം. തങ്ങൾ ആര്യന്മാരാണെന്ന അവകാശവാദത്തിൻമേൽ നാസികൾ സ്വസ്തികത്തെ ഔദ്യോഗിക ചിഹ്നമായി അംഗീകരിച്ചു.

വാസ്തവത്തിൽ വർഗമേധാവിത്വത്തിന്റെ ആദ്യത്തെ ഉപജ്ഞാതാ ക്കൾ ഇസ്രായേൽ വർഗമായിരുന്നു. ബൈബിൾ പഴയ നിയമവും മറ്റ് ജൂതസാഹിത്യങ്ങളും ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. 'യഹോവയുടെ ജനം' എന്നാണ് തങ്ങളെ ഇസ്രായേൽക്കാർ വിശേഷിപ്പിക്കാറുള്ളത്. ഈ സംഗതി ഖുർആനും ചൂണ്ടിക്കാണിച്ചിട്ടുണ്ട്: "ഞങ്ങൾ ദൈവപുത്രന്മാരും ദൈവത്തിന്റെ ഇഷ്ടജനങ്ങളുമാണെന്ന് ജൂതക്രിസ്ത്യാനികൾ അവകാ ശപ്പെട്ടിരിക്കുന്നു!"[1]

ലോകവാഴ്ചക്ക് ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ഒരു വർഗമാണ് തങ്ങളെന്ന് യഹൂദികൾ വിശ്വസിച്ചിരുന്നതായി 'ലോകച രിത്ര'ത്തിൽ ശ്രീ. കെ.വി. ഗോപാലമേനോനും എഴുതിയിരിക്കുന്നു.[2]

പാശ്ചാത്യരിലേക്ക് ഈ വർഗമേധാവിത്വസിദ്ധാന്തം സംക്രമിച്ചത് ജൂത ന്മാരിൽനിന്നും ഗ്രീക്കുകാരിൽനിന്നുമാണ്. പാശ്ചാത്യരുടെ ആധ്യാത്മിക നേതൃത്വം യഹൂദന്മാർക്കായിരുന്നു. ഭൗതിക നായകത്വം ഗ്രീക്കു കാർക്കും. എന്നാൽ തങ്ങളാൽ ഉന്നിതമായ ഈ വർഗമേധാവിത്വം അവ സാനം യഹൂദന്മാർക്കുതന്നെ എതിരായി പ്രയോഗിക്കപ്പെട്ടുവെന്നത് ചരി ത്രവൈചിത്ര്യമത്രെ. ഹിറ്റ്ലറും അദ്ദേഹത്തിന്റെ നാസിപ്പടയും യഹൂദ ന്മാരെ കൂട്ടക്കൊല നടത്തി. തന്മൂലം അവരിൽ വലിയൊരു വിഭാഗത്തിന് ജർമനിയെയും അവിടത്തെ തങ്ങളുടെ ബന്ധുമിത്രാദികളെയും സമ്പ ത്തുക്കളെയും ഉപേക്ഷിച്ചു അലഞ്ഞു തിരിയേണ്ടി വന്നു. ഉന്നത ശീർഷ നായ ഒരു ശാസ്ത്രനായകനായിരുന്നു റോബർട്ട് ഐൻസ്റ്റൈൻ. ജൂത നായ ഏക കാരണത്താൽ അദ്ദേഹത്തിനുപോലും ജർമനി അഭയം നൽകിയില്ല. 'വാളെടുത്തവൻ വാളാൽ നശിക്കും' എന്നാണല്ലോ ആപ് തവാക്യം.

വർഗമേധാവിത്വത്തിൽ ഊറ്റംകൊണ്ടിരുന്ന ഈ നാസികളുടെ ഗതി അവസാനം എന്തായി എന്ന് കഴിഞ്ഞ രണ്ടാം മഹായുദ്ധത്തിൽ ലോകം

കണ്ടതാണ്. പക്ഷേ, അവരുടെ പിന്തിരിപ്പൻ സിദ്ധാന്തങ്ങളും വർഗീയ വാദവും പരിഷ്കൃതരാജ്യങ്ങളിൽ പോലും ഇന്നും സജീവമായി നില കൊള്ളുന്നു. തെക്കേ ആഫ്രിക്കയിലും അമേരിക്കയിലും വെളുത്ത വർഗ ക്കാർ കറുത്തവരോട് അനുവർത്തിക്കുന്ന ക്രൂരനയം കുപ്രസിദ്ധമാ ണല്ലോ.

വർഗവിഭജന സിദ്ധാന്തത്തിന് ശാസ്ത്രീയമായ യാതൊരടിത്തറയു മില്ലെന്നും അത് ചില സമുദായങ്ങളുടെ മായാസൃഷ്ടി മാത്രമാണെന്നും ഐക്യരാഷ്ട്ര സംഘടനയുടെ ഒരു ലഘുപത്രിക സയുക്തികം തെളി യിച്ചിട്ടുണ്ട്.[3]

നരവംശശാസ്ത്രകാരന്മാരും ആധുനിക ചരിത്രകാരന്മാരും തൊലി യുടെ നിറം, ശരീരത്തിന്റെ ഉയരം, തലമുടിയുടെയും മൂക്കിന്റെയും ആകൃതി ആദിയായ ചില ലക്ഷണങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് മനുഷ്യരെ വിവിധ വർഗങ്ങളായും വർണങ്ങളായും തരംതിരിക്കാൻ ഉദ്യ മിച്ചിട്ടുള്ളത്. എന്നാൽ അവർ സ്വരൂപിച്ച ലക്ഷണങ്ങളെല്ലാം തികഞ്ഞ, കലർപ്പില്ലാത്ത ഒരു ശുദ്ധവർഗത്തെ ചൂണ്ടിക്കാണിക്കുവാൻ ലോകത്തി ന്നില്ല. ഇന്നുള്ള ഏത് വർഗവും സങ്കരമത്രേ.

## വർണമേധാവിത്വം ഇന്ത്യയിൽ

വർണാശ്രമധർമത്തിനും വർഗമേധാവിത്വസിദ്ധാന്തത്തിനും കുപ്ര സിദ്ധി നേടിയ ഒരു രാജ്യമാണ് നിർഭാഗ്യവശാൽ നമ്മുടെ ഇന്ത്യ. അതി പ്രാക്തന കാലം മുതൽ ഇവിടെ ദേവാസുരയുദ്ധങ്ങളും ആര്യദസ്യുസം ഘർഷങ്ങളും ജാതിപ്പോരുകളും വർണസമരങ്ങളും നടമാടി വരുന്നു. ഈ സംഘട്ടനങ്ങളിൽ ആഹുതിചെയ്യപ്പെട്ട മനുഷ്യാത്മാക്കൾക്ക് കൈയും കണക്കുമില്ല. ഇതൊരു അനിഷേധ്യ ചരിത്രസത്യം മാത്രമാണ്. ആര്യന്മാരുടെ ഏറ്റവും പ്രാചീന സാഹിത്യമെന്ന് മിക്ക ചരിത്ര ഗവേഷ കൻമാരും സമ്മതിക്കുന്ന ഋഗ്വേദത്തിൽ തന്നെ ചാതുർവർണ്യത്തിന് അടി ത്തറ പാകിയതായി കാണാം.[4]

ഇതിന്റെ അടിസ്ഥാനത്തിലാവണം അനന്തര കാലത്ത് ഭാരതത്തിൽ ചാതുർവർണ്യ വ്യവസ്ഥ നടപ്പിലായത്. ആ ധർമത്തിൽ ഏറ്റവും ഉന്നത വർണം അഥവാ ജാതി ബ്രാഹ്മണരായിരുന്നു. കാരണം, അവർ ബ്രഹ്മാ വിന്റെ ശ്രേഷ്ഠാംഗമായ മുഖമാണ്. ഏറ്റവും താഴ്ന്ന വർണം ശൂദ്രന്മാരും. ഇവർ ബ്രഹ്മാവിന്റെ കാലാണ്. ബ്രാഹ്മണന്മാർക്ക് പ്രത്യേകാവകാശ ങ്ങളും പദവികളുമുണ്ടായിരുന്നു. അവ ധർമസൂത്രങ്ങൾ വിശദീകരിച്ചി ട്ടുമുണ്ട്. ജാതി വ്യത്യാസാടിസ്ഥാനത്തിലുള്ള ധാർമിക നടപടികൾ ഒരു കാലത്ത് ഭാരതത്തിൽ നിലവിലിരുന്നതാണെന്നതിൽ ചരിത്രം സംശയി ക്കുന്നില്ല. എന്നാൽ ചാതുർവർണ്യ വ്യവസ്ഥിതിക്ക് പുതിയൊരു വ്യാഖ്യാനം ഇന്നത്തെ ഉത്പതിഷ്ണുക്കൾ കൊടുത്തു കാണുന്നുണ്ട്. പുരാതനഹൈന്ദവ സാഹിത്യത്തിൽ മനുഷ്യരെ നാലു ജാതിയായി തിരി ച്ചിട്ടുള്ളത് ജനനത്തിന്റെയോ വർഗത്തിന്റെയോ അടിസ്ഥാനത്തില ല്ലെന്നും, കർമങ്ങളുടെയും ഗുണങ്ങളുടെയും അടിസ്ഥാനത്തിലാണെ

ന്നുമാണ് അവരുടെ വ്യാഖ്യാനം. ഇതിനുപോദ്ബലകമായി പുരാതന സാഹിത്യങ്ങളിൽനിന്ന് ചില ഉദ്ധരണികളും അവർ എടുത്തുകാണിക്കുന്നുണ്ട്. ഉദാഹരണത്തിന് ഭഗവദ്ഗീതയിൽനിന്ന് ഈ ശ്ലോകം ഉദ്ധരിക്കുന്നു:

"ചാതുർവർണ്ണ്യം മയാ സൃഷ്ടം
ഗുണകർമ്മ വിഭാഗശഃ
തസ്യകർത്താരമപി മാം
വിദ്ധ്യകർത്താരമവ്യയം."[5]

(ഗുണങ്ങളെയും കർമങ്ങളെയും വിഭജിച്ചു നാലു വർണങ്ങൾ [ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നീ ജാതികൾ ] എന്നാൽ സൃഷ്ടിക്കപ്പെട്ടു. ഇങ്ങനെ ചാതുർവർണ്യസൃഷ്ടിയുടെ കർത്താവാണെങ്കിലും, ഞാൻ ഒന്നിന്റെയും കർത്താവല്ലാത്ത അവ്യയനാകുന്നു.)

ഇതുപോലെ മഹാഭാരതത്തിൽനിന്നും ഒരു ശ്ലോകം ഉദ്ധരിച്ചു കാണുന്നു:

"ഏകവർണ്ണമിദം പൂർണ്ണം
വിശ്വമാസീദ് യുധിഷ്ഠിര
കർമ്മക്രിയാ വിശേഷേണ
ചാതുർവർണ്യം പ്രതിഷ്ഠിതം."

ആശയം ഏതാണ്ട് മേൽപറഞ്ഞതുതന്നെ.

മേൽകാണിച്ച പുത്തൻ വ്യാഖ്യാനത്തിന്റെ ശരിയും തെറ്റും ഇവിടെ പരിശോധിക്കേണ്ടതില്ല. എന്നാൽ ഈ വ്യാഖ്യാനം ആയിരക്കണക്കിന് വർഷങ്ങൾ ഭാരതത്തിൽ നിലനിന്നുപോന്ന വർണസമരത്തെ നിഷേധിക്കുവാൻ പര്യാപ്തമല്ല. അതൊരു ചരിത്രവസ്തുതയായി അവശേഷിക്കുക തന്നെ ചെയ്യുന്നു.

## വർഗമേധാവിത്വം ഇസ്ലാമിക ദൃഷ്ട്യാ

മാനവസമത്വത്തിന്റെയും വിശ്വസാഹോദര്യത്തിന്റെയും മതമത്രേ ഇസ്‌ലാം. ഇസ്‌ലാമിക ദൃഷ്ട്യാ മനുഷ്യരെല്ലാം ഒരേ അച്ഛനമ്മമാരുടെ സന്തതികളും ഏകോദരസഹോദരങ്ങളുമാകുന്നു. ഖുർആനിൽ അല്ലാഹു പറയുന്നു: "ഹേ മാനവ സമുദായമേ, ഒരു പുരുഷനിൽ നിന്നും ഒരു സ്ത്രീയിൽനിന്നുമാണ് നിങ്ങളെ നാം സൃഷ്ടിച്ചത്. നാം നിങ്ങളെ പല വർഗങ്ങളും ഗോത്രങ്ങളുമാക്കിവെച്ചത് നിങ്ങൾ പരസ്പരം തിരിച്ചറിയേണ്ടതിനു വേണ്ടിയത്രേ. ദൈവത്തിങ്കൽ നിങ്ങളിലേറ്റവും ശ്രേഷ്ഠൻ കൂടുതൽ ദൈവഭക്തിയുള്ളവനാകുന്നു, നിശ്ചയം."[6]

മാനവസമത്വത്തെപ്പറ്റി ഒരു തത്ത്വപ്രഭാഷണം നടത്തി വിരമിക്കുകയല്ല പ്രവാചകൻ ചെയ്തത്. ആ സിദ്ധാന്തം പ്രവൃത്തി മുഖേന നടപ്പിൽവരുത്തുകയും ചെയ്തു. ഖുറൈശീവംശജർക്ക് അറബികൾക്കിടയിലുണ്ടായിരുന്ന ബഹുമാന്യസ്ഥാനം പ്രസിദ്ധമാണ്. അവരുടെ കൂട്ടത്തിൽപ്പെട്ട കന്യകയും കുലീനയുമായ സൈനബിനെ പ്രവാചകൻ,

മുൻപൊരു അടിമയായിരുന്ന സൈദിന് വേളികഴിച്ചുകൊടുത്തു. എന്നാൽ ആ വിവാഹബന്ധം വളരെക്കാലം തുടർന്നു നിന്നില്ല. സംഗതിവശാൽ സൈദ് സൈനബിനെ വിവാഹബന്ധത്തിൽ നിന്ന് മോചിപ്പിച്ചു. അനന്തരം ആ കുലീനയെ വിവാഹം ചെയ്തത് പ്രവാചകൻ തന്നെയാണ്. ഈ മാതൃകാനടപടി വഴി അദ്ദേഹം ഇസ്ലാമിലെ സമത്വസിദ്ധാന്തം അർഥശങ്കക്കിടം നൽകാത്ത വിധത്തിൽ നടപ്പിൽ വരുത്തുകയാണ് ചെയ്തത്. മനുഷ്യസമത്വത്തെ സ്ഥിരീകരിക്കുന്ന ഇത്തരം നടപടികൾ എത്രവേണമെങ്കിലും പ്രവാചകന്റെ ചര്യയിൽനിന്നെടുത്തുദ്ധരിക്കാനുണ്ട്.

പ്രവാചകന്റെ വിയോഗാനന്തരം മഹത്തായ പ്രസ്തുത ഇസ്ലാമിക സിദ്ധാന്തത്തിന്റെ പ്രയോഗവൽക്കരണത്തിൽ അനുയായികൾക്ക് ചില പാകപ്പിഴകൾ സംഭവിച്ചു. അവസാനം ഇസ്ലാമിക ശക്തിയുടെ ദൗർബല്യത്തിന് അത് കാരണമായി ഭവിക്കുകയും ചെയ്തു. പ്രവാചകനു ശേഷം ഭരണനേതൃത്വത്തിന്റെ അർഹന്മാർ ഖുറൈശിത്തറവാട്ടുകാരാണെന്നും, ഖുറൈശികളുടെ കൂട്ടത്തിൽതന്നെ പ്രവാചകന്റെ ഏറ്റവും അടുത്ത കുടുംബങ്ങളാണെന്നുമുള്ള ചില വാദങ്ങളും പ്രതിവാദങ്ങളും പൊട്ടിപ്പുറപ്പെടുകയും അതിന്റെ പേരിൽ കക്ഷികൾ രൂപം പ്രാപിക്കുകയും നിരവധി സംഘട്ടനങ്ങൾ നടമാടുകയും ചെയ്തു. ഇതു കാണിക്കുന്നത്, വർഗമേധാവിത്വവാദവും വംശമേന്മാസിദ്ധാന്തവും എത്ര പരിഷ്കരിച്ച സമുദായത്തെയും നശിപ്പിക്കാൻ പോരുന്ന മഹാമാരകങ്ങളാണെന്നത്രെ.

എന്നാൽ വർഗങ്ങളുടെയും ഗോത്രങ്ങളുടെയും അസ്തിത്വം ഒരു യാഥാർഥ്യമാണ്. വർഗീയാടിസ്ഥാനത്തിലുള്ള മേധാവിത്വ സിദ്ധാന്തത്തെ മാത്രമാണ് ഇസ്ലാം നിഷേധിക്കുന്നത്; വർഗങ്ങളുടെയും വംശങ്ങളുടെയും അസ്തിത്വ ത്തെയല്ല. അതംഗീകരിക്കുകയും അതിന്റെ ആവശ്യകത വിവരിക്കുകയുമാണ് ഖുർആൻ ചെയ്തിട്ടുള്ളത്. പരസ്പരം തിരിച്ചറിയുവാൻ വർഗവിഭജനം ഉതകുന്നു. ആകയാൽ ചരിത്രകാരൻമാർക്ക് വർഗവിഭജനം ഒരാവശ്യമാണ്. ചരിത്രകാരന്മാർ വർഗവിഭജനത്തിന്റെ അടിസ്ഥാനത്തിലാണ് ചരിത്രരചന നടത്തിയിട്ടുള്ളതും.

ചില അടിസ്ഥാന സവിശേഷതകളെ ആസ്പദമാക്കി മാനവരാശിയെ വിവിധ വർഗങ്ങളായി ചരിത്രകാരന്മാർ തരം തിരിച്ചിരിക്കുന്നു. പ്രധാനമായും നാലു കാര്യങ്ങളാണ് ഈ വിഭജനത്തിനാസ്പദമാക്കി കാണുന്നത്. 1. വംശപാരമ്പര്യം 2. ഭാഷ 3. ശരീരാകൃതി 4. സാംസ്കാരികാചാരങ്ങൾ. ഇവയോരോന്നിനെപ്പറ്റിയും ഇവിടെ സംക്ഷിപ്തമായി വിവരിക്കാം:

## വംശപാരമ്പര്യം

ബൈബിളും പ്രാചീനചരിത്രകാരന്മാരും വംശപാരമ്പര്യത്തെ അടിസ്ഥാനമാക്കിയാണ് ചരിത്രസംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. ബൈബിളിന്റെയും പ്രാചീന മുസ്ലിം ചരിത്രകാരന്മാരുടെയും വീക്ഷണത്തിൽ ലോകത്തെങ്ങുമുള്ള മനുഷ്യമഹാജനസഞ്ചയം ആദിയിൽ

ഏകവംശമായിരുന്നു. ഒരേ അച്ഛന്റെയും അമ്മയുടെയും മക്കൾ. ആദിമ മനുഷ്യന്റെ പേരത്രെ 'ആദാം' അഥവാ 'ആദം.' അദ്ദേഹത്തിൽ നിന്നു ദൈവം ഒരു സ്ത്രീയെ സൃഷ്ടിച്ചു. അവരുടെ പേരാണ് 'ഹവ്വ.' അവരെ ദൈവം ആദമിന് ഇണയാക്കി. ആ രണ്ടു ദമ്പതിമാരിൽനിന്നാണ് മനുഷ്യസമുദായം ജന്മംകൊണ്ടത്.

മനുഷ്യവംശം പെരുകി. അവർ നാനാദിക്കുകളിലേക്കു വ്യാപിക്കാൻ തുടങ്ങി. ഒരു വിഭാഗം അതിക്രമം പ്രവർത്തിച്ചതിനാൽ അവരോടു ദൈവത്തിന് അനിഷ്ടം ഉളവായി. അതിക്രമികളെ ഒരു പാഠം പഠിപ്പിക്കുവാൻ ദൈവം നിശ്ചയിച്ചു. ഒരു മഹാ ജലപ്രളയം!

### ജലപ്രളയ കഥ

മനുഷ്യരുടെ ഇടയിൽ നീതിയുള്ളവനും സാത്വികനുമായ ഒരു വ്യക്തിയുണ്ടായിരുന്നു-ലാമക്കിന്റെ പുത്രനായ നോഹ. അദ്ദേഹത്തിന് ദൈവത്തിങ്കൽനിന്ന് നിർദേശമുണ്ടായി: "സകല ജഡത്തിന്റേയും അവസാനം എന്റെ മുൻപിൽ വന്നിരിക്കുന്നു; ഭൂമി അവരാൽ അതിക്രമംകൊണ്ടു നിറഞ്ഞിരിക്കുന്നു; ഞാൻ അവരെ ഭൂമിയോടുകൂടി നശിപ്പിക്കും; നീ ഗോഫർമരംകൊണ്ടു ഒരു പെട്ടകം ഉണ്ടാക്കുക."[7]

നോഹ പെട്ടകം ഉണ്ടാക്കി. അദ്ദേഹവും കുടുംബവും അതിൽ കയറി. അതിൽ ഭൂമിയിലുള്ള മൃഗങ്ങളിൽനിന്നും ആകാശത്തിലുള്ള പറവകളിൽനിന്നും ആണും പെണ്ണുമായി ഈരണ്ട് ഇണകളെയും കയറ്റി. നാല്പതു രാവും നാല്പതു പകലും മഴപെയ്തു. ഒരു മഹാ ജലപ്രളയം! സകല ജീവജാലങ്ങളും പ്രളയത്തിൽ നശിച്ചു. നോഹയും പെട്ടകത്തിൽ കയറിയവരും മാത്രം രക്ഷപ്പെട്ടു. വെള്ളം അതിന്റെ കൃത്യം നിറവേറ്റിയശേഷം പിൻവലിഞ്ഞു. നോഹയും അനുയായികളും കപ്പലിൽ നിന്നിറങ്ങി. അനന്തരം നോഹയുടെ പിന്മുറക്കാരാണ് ഭൂതലമെങ്ങും വ്യാപിച്ചത്: "ഭൂമിയിൽ ഉണ്ടായിരുന്ന സകല ജീവജാലങ്ങളും നശിച്ചു പോയി;..... നോഹയും അവനോടുകൂടെ പെട്ടകത്തിലുണ്ടായിരുന്നവരും മാത്രം ശേഷിച്ചു. വെള്ളം ഭൂമിയിൽ നൂറ്റമ്പതു ദിവസം പൊങ്ങിക്കൊണ്ടിരുന്നു."[8]

ബൈബിളിൽ വർണിക്കപ്പെട്ട ഈ പ്രളയകഥ മൊത്തത്തിൽ ഖുർആനും ഉദ്ധരിച്ചിട്ടുണ്ട്-വിശദാംശങ്ങളിൽ ഏറക്കുറേ വൈവിധ്യമുണ്ടെങ്കിലും. ഇത്തരമൊരു പ്രളയകഥ പ്രാചീന ഭാരതീയസാഹിത്യങ്ങളിലും സ്ഥലംപിടിച്ചതായി കാണാം.

### ചരിത്രപരത

നോഹയുടെ കാലത്ത് സംഭവിച്ചതായി പറയുന്ന പ്രളയകഥ ലോകപ്രസിദ്ധമാണെങ്കിലും, അത് സംഭവിച്ചതു തന്നെയോ എന്ന് പലരും സംശയിക്കുന്നു. എന്നാൽ ഈ അടുത്ത കാലത്ത് ഏഷ്യാമൈനറിൽ കണ്ടെത്തിയ ഒരു കപ്പലിന്റെ അവശിഷ്ടം പ്രസ്തുത കഥയുടെ സംഭവ്യതയിലേക്ക് അല്പം വെളിച്ചം വീശുന്നുണ്ട്. ശ്രീ. ടി.സി. ശങ്കരമേ

നോൻ അദ്ദേഹത്തിന്റെ 'ശദാബ്ദങ്ങൾക്കപ്പുറത്തുനിന്നുള്ള ശബ്ദങ്ങൾ' എന്ന കൃതിയിൽ എഴുതുന്നു: "ഒരു ലോകപ്രളയത്തെപ്പറ്റിയും നോഹയുടെ കപ്പലിനെപ്പറ്റിയും ക്രിസ്തുമതചരിത്രത്തിലുള്ള കഥ പലർക്കും സുപരിചിതമായിരിക്കുമല്ലോ. ലോകം മുഴുവൻ ഒരു മഹാപ്രളയത്തിൽ മുങ്ങിയെന്നും നോഹയുടെ കപ്പലിൽ ഏതാനും മനുഷ്യരും മൃഗങ്ങളും രക്ഷപ്പെട്ടുവെന്നുമാണ് കഥ. ഈ സംഭവങ്ങൾ വാസ്തവത്തിൽ നടന്നവയാണെന്നതിന് ആവശ്യമുള്ളിടത്തോളം തെളിവുകൾ ഇതുവരെ ലഭിച്ചിരുന്നില്ല. പക്ഷേ, അടുത്ത കാലത്ത് ഏഷ്യാമൈനറിൽ അരാറാറ്റ് (Araraat) പർവതനിരകളുടെ ഇടയിൽ ഏകദേശം ആറായിരം അടി ഉയരമുള്ളൊരു മുകൾനിരപ്പിൽ, ഒരു കപ്പലിന്റെ വില്ലി മാതിരി ഒരു സാധനം കണ്ടെത്തിയിരിക്കുന്നു. നിലനിരപ്പിൽനിന്ന് ലേശം ഉയർന്നു നിൽക്കുന്നതും കുറച്ചു തടിച്ചതുമായ ഒരു രേഖപോലെ മാത്രമാണത് ഇപ്പോൾ കാണപ്പെടുന്നത്. കല്ലും മണ്ണും ലാവയും നിറഞ്ഞു ഉറച്ചു കിടക്കുകയാണ് മറ്റുഭാഗങ്ങളെല്ലാം. ഏകദേശം നാനൂറ്റമ്പതടി നീളവും നൂറ്റമ്പതടി വീതിയുമുള്ള ഒരു താമരയിതളിന്റെ ആകൃതിയാണ് ഭീമമായ ഈ വില്ലിക്കുള്ളത്. ഏകദേശം പതിനെട്ടടി കുഴിച്ചപ്പോൾ അതിന്റെ അടിഭാഗം കണ്ടു. നോഹയുടെ കപ്പലിന്റെ അളവുകൾ കേട്ടുകേൾവി പ്രകാരം നമുക്കറിയാം. അവ ഈ അളവുകളോട് യോജിക്കുന്നുണ്ട്. തുർക്കിയിലെ വ്യോമസേനാംഗങ്ങളാണ് ആദ്യമായി ഈ സാധനം കണ്ടെത്തിയത്. അവരുടെ സൈന്യവകുപ്പ് വക ഗവേഷണശാലയിൽ കൂടുതൽ വിവരങ്ങൾ ശേഖരിച്ചുവരുന്നു."[9]

നോഹയുടെ പെട്ടകം അവസാനം അരാറാത്ത് പർവതത്തിൽ ചെന്നുറച്ചതായി ഉത്പത്തിപുസ്തകം[10] വ്യക്തമാക്കിയിട്ടുണ്ട്. പക്ഷേ, 'അൽജൂദീ' എന്നിടത്താണ് കപ്പലുറച്ചതെന്നു ഖുർആൻ പറയുന്നു. ഈ വൈവിധ്യം മൗലാനാ അബുൽ കലാം ആസാദ് തന്റെ 'തർജുമാനുൽ ഖുർആൻ' എന്ന ഉർദു ഭാഷ്യത്തിൽ പരിഹരിച്ചിട്ടുണ്ട്. അരാറാറ്റ് പർവതത്തിലെ 'ജൂദീ' എന്നുപേരായ ശിഖരത്തിലാണ് അവസാനം കപ്പൽ ഉറച്ചതെന്ന് അദ്ദേഹം സമർഥിക്കുന്നു.[11] ആകയാൽ നോഹയുടെ കാലത്തുണ്ടായതായി പറയുന്ന പ്രളയകഥ ഒരു ചരിത്ര വസ്തുതയാവാൻ സാധ്യതയുണ്ടെന്ന് പ്രസ്തുത കണ്ടുപിടിത്തം തെളിയിക്കുന്നു.

## താവഴികൾ

നോഹയുടെ കാലത്തെ പ്രളയത്താൽ കപ്പലിൽ രക്ഷപ്പെട്ട അദ്ദേഹത്തിന്റെ കുടുംബമൊഴിച്ചു മറ്റേവരും നിശ്ശേഷം നശിച്ചുവെന്നാണ് ബൈബിൾ മതം. അതനുസരിച്ചു പിന്നീടുണ്ടായ മനുഷ്യരൊക്കെ നോഹയുടെ സന്താനപരമ്പരയിൽപെട്ടവരാണ്. കപ്പലിൽനിന്ന് പുറത്തുവന്ന കാലത്ത് നോഹക്കു മൂന്നു പുത്രന്മാരാണുണ്ടായിരുന്നത്: ശേം, ഹാം, യാഫെത്ത്. ഇവരുടെ താവഴിപ്പട്ടിക ഏറക്കുറേ ഉത്പത്തിപുസ്തകത്തിൽ വിവരിച്ചു കാണാം. ബൈബിൾ കർത്താക്കളായ യഹൂദന്മാർക്ക് തങ്ങളുടെ വംശമായ ഇസ്രായേലിന്റെ താവഴിവിവരണത്തിൽ പ്രത്യേക

താൽപര്യമുണ്ടായിരുന്നതിനാൽ അവർ ആ ഭാഗം സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ശേമിന്റെ വംശപരമ്പരയിലാണ് ഇസ്രായേൽ ഉൾപ്പെട്ടിട്ടുള്ളത്. ഹാമിന്റെയും യാഫെത്തിന്റെയും പരമ്പരകളെപ്പറ്റി ഹ്രസ്വമായി മാത്രമേ ബൈബിൾ പ്രതിപാദിച്ചിട്ടുള്ളൂ. ബൈബിൾ കാണിക്കുന്ന പ്രകാരം ആ മൂന്നു വംശപരമ്പരകളും ചുവടെ വിവരിക്കാം:

## യാഫെത്തിന്റെ വംശപരമ്പര

നോഹയുടെ പുത്രനായ യാഫെത്തിന് ഏഴു പുത്രന്മാരുണ്ടായി: 1. ഗോമെർ 2. മഗോഗ് 3. മാദായി 4. യാവാൻ 5. തൂബാൽ 6. മേശെക്ക് 7. തീരാസ്. ഇവരിൽ ഗോമെറിന്റെയും യാവാന്റെയും പിന്മുറക്കാരെ മാത്രമാണ് ഉത്പത്തിപ്പുസ്തകം എടുത്തുപറഞ്ഞിട്ടുള്ളത്.

ഗോമെറിന് മൂന്ന് പുത്രന്മാർ ജാതരായി: 1. അസ്കനാസ് 2. രീഫത്ത് 3.തോഗർമ്മാ.

യാവാന്റെ പുത്രന്മാർ നാലു പേരായിരുന്നു: 1. എലീശാ 2. തർശീശ് 3.കിത്തീം 4. ദോദാനീം.

യാഫെത്ത് സന്തതികൾ ദ്വീപുകളിലാണ് അധിവാസമുറപ്പിച്ചതെന്നു കൂടി ഉത്പത്തി വ്യക്തമാക്കിയിട്ടുണ്ട്.

## ഹാമിന്റെ വംശപരമ്പര

നോഹയുടെ മറ്റൊരു പുത്രനായ ഹാമിന് നാല് പുത്രന്മാരുണ്ടായി: 1. കൂശ്-ഇദ്ദേഹമാണ് അബ്സീനിയക്കാരുടെ പിതാമഹൻ 2. മിസ്രയീം-പുരാതന ഈജിപ്തുകാരുടെ പിതാമഹൻ. 3. പൂത്ത്. 4. കനാൻ- ഫിനീഷ്യക്കാരുടെ പിതാമഹൻ.

കൂശിന് അഞ്ചു പുത്രന്മാർ ജാതരായി: 1. സെബാ 2. ഹവീലാ 3. സെബ്താ 4. രമാ 5. സെബ്തക്കാ.

രമായുടെ പുത്രന്മാർ രണ്ടുപേർ. ശാബാ, ദെദാൻ.

ബാബേൽ (ബാബിലോൺ), എരെക്ക് (ഇറാഖ്), അക്കാദ് (കാൽഡിയ), കൽനെ എന്നീ നഗരങ്ങളുൾപ്പെടുന്ന ശീനാർദേശത്തെ ഭരിച്ചിരുന്ന നിംറോദു വംശം കൂശിന്റെ താവഴിക്കാരായിരുന്നു.

ഹാമിന്റെ മറ്റൊരു പുത്രനായ മിസ്രയീമിന് ഏഴ് പുത്രന്മാർ ജനിച്ചു: 1. ലൂദീം 2. അനാമീം 3. ലഹാബീം 4. നഫ്തൂഹീം 5. പത്രൂസീം 6. കസ്ളൂഹീം 7. കഫ്തോരീം. ഫിലസ്തീനിൽ പാർപ്പുറപ്പിച്ചിരുന്ന ഫെലിസ്ത്യരുടെ പിതാമഹൻ കസ്ളൂഹീമായിരുന്നു.

ഹാമിന്റെ വേറൊരു പുത്രനായ കനാൽ പതിനൊന്നു പുത്രന്മാരെ ജനിപ്പിച്ചു: 1. സീദോൻ 2. ഹേത്ത് 3. യെബൂസ്യൻ 4. അമോര്യൻ 5. ഗിർഗശ്യൻ 6. ഹിവ്യൻ 7. അർക്ക്യൻ 8. സീന്യൻ 9. അർവ്വാദ്യൻ 10. സെമാര്യൻ 11. ഹമാത്യൻ.

## ശേമിന്റെ വംശപരമ്പര

യാഫെത്തിന്റെ ജ്യേഷ്ഠസഹോദരനായ ശേമിന് അഞ്ചു പുത്രന്മാർ ജാതരായി: 1. ഏലാം-പ്രാചീന ഇറാൻകാരുടെ കുലപതി. 2. അശ്ശൂർ-

അസ്സീരിയന്മാരുടെ കുലപതി. 3. അർപ്പക്ഷാദ്. 4. ലൂദ്. 5. അരാം.

ഇക്കൂട്ടത്തിൽ അർപ്പക്ഷാദിന്റെയും അരാമിന്റെയും താവഴികളെ സ്സംബന്ധിച്ചുമാത്രമേ ബൈബിൾ വിവരിക്കുന്നുള്ളൂ. അരാമിന്റെ പിന്മുറയെക്കുറിച്ചു ഇത്രമാത്രമാണ് വിവരിച്ചിട്ടുള്ളത്:

അരാമിന്റെ പുത്രന്മാർ നാലുപേർ:1. ഊസ് 2. ഹൂൾ 3. ഗേഥെർ 4. മശ്

എന്നാൽ അർപ്പക്ഷാദിന്റെ വംശപരമ്പരയെപ്പറ്റി സുദീർഘമായി പ്രതിപാദിച്ചിട്ടുണ്ട്. ഇസ്രായേൽ വംശം അർപ്പക്ഷാദിന്റെ താവഴിയിൽപെട്ടതായിരുന്നു. അതാവണം അതിന് കാരണം.

അർപ്പക്ഷാദ് ശാലഹിനെയും, ശാലഹ് ഏബെരിനെയും ഉത്പാദിപ്പിച്ചു. (ഇതേ ഏബെരിനോടു ബന്ധപ്പെട്ടാണ് എബ്രായവംശവും എബ്രായഭാഷയും [ഹിബ്രു] ഉദ്ഭവിച്ചത്.)

ഏബെറിന് രണ്ടു പുത്രന്മാർ ജാതരായി. പേലഗും യോക്താനും (അഥവാ, തെക്കൻ അറബികളുടെ കുലപതിയായ ഖഹ്ത്താൻ.)

പേലഗിൽനിന്ന് രയൂ, രയൂവിൽനിന്ന് ശരൂഗ്, ശരൂഗിൽനിന്ന് നാഹോർ, നാഹോരിൽനിന്ന് തേരഹ് (അഥവാ ആസർ), തേരഹിൽനിന്ന് അബ്രഹാം (ഇബ്റാഹീം), നാഹോർ, ഹാരാൻ എന്നിവർ യഥാക്രമം ജന്മമെടുത്തു.

അബ്രഹാമിന് മൂന്നു ഭാര്യമാരുണ്ടായിരുന്നു. 1. മിസ്രുകാരിയായ ഹാഗാർ. ഇവരുടെ പുത്രനാണ് യിശ്മായേൽ. 2. സാറാ. ഇവരിൽനിന്നാണ് യിസ്ഹാക് ജാതനായത്. 3. കത്തൂറാ. ഇവരിൽനിന്ന് ആറു പുത്രന്മാർ ജനിച്ചു: i) സിമ്രാൻ ii) യോക്ശാൻ iii) മെദാൻ iv) മിദ്യാൻ v) യിശ്ബാക്ക് vi) ശൂവഹ്.[12]

## നിരൂപണം

ബൈബിളിലെ പ്രസ്തുത വംശവിവരപ്പട്ടിക പല പാശ്ചാത്യൻ പണ്ഡിതന്മാരുടെയും നിരൂപണത്തിന് പാത്രമായിട്ടുണ്ട്. ഒരു വിഭാഗം അതുപറ്റെ അവിശ്വസനീയമായി തള്ളുന്നു. മറ്റൊരു വിഭാഗത്തിന്റെ അഭിപ്രായത്തിൽ ഈ വർഗവിഭജനം വംശപരമോ ഭാഷാപരമോ അല്ല; മറിച്ച് രാഷ്ട്രീയവും ഭൂമിശാസ്ത്രപരവും മാത്രമാണ്. എന്നാൽ ശാസ്ത്രീയമായ അന്വേഷണത്തിന്റെ ശേഷം ബൈബിളിൽ പറഞ്ഞ നാമങ്ങൾ മിക്കതും ചരിത്രപരമാണെന്നു തെളിഞ്ഞിട്ടുണ്ട്. മൗലാനാ സയ്യിദ് സുലൈമാൻ നദ്‌വി എഴുതുന്നു: "ഉത്പത്തിപുസ്തകത്തിലെ വംശവിവരപ്പട്ടികയെക്കുറിച്ചു സാമാന്യമായി വീക്ഷിക്കുമ്പോൾ, ഫലസ്തീനിലും പരിസരങ്ങളിലും അധിവസിച്ചിരുന്ന ജനവിഭാഗങ്ങളെയും സ്ഥലങ്ങളെയും പറ്റി മാത്രമാണ് അതിൽ പ്രസ്താവിച്ചിട്ടുള്ളതെന്ന് മനസ്സിലാവുന്നു. ഉദാഹരണമായി സിറിയ, അസ്സീരിയ, ബാബിലോണിയ, കാൽഡിയ, മിഡിയ, സീസാനിയാ, ഈജിപ്ത്, ഡമാസ്കസ്സ്, ലിബിയ, ആഫ്രിക്ക, സീനാ, അറേബിയ മുതലായ ഫലസ്തീനിനോടടുത്ത പ്രദേശങ്ങളെക്കുറിച്ചാണ് അതിൽ പ്രതിപാദിച്ചിട്ടുള്ളത്. ആ ലിസ്റ്റിൽ വ്യക്തികളുടെ നാമങ്ങൾക്കു പകരം സമുദായ നാമങ്ങളാണ് കാണിച്ചിട്ടുള്ളത്.

വ്യക്തികളുടെ നാമങ്ങളായി കാണിച്ചതുപോലും വാസ്തവത്തിൽ സമുദായങ്ങളുടെ നാമങ്ങളാണ്. ആ സമുദായങ്ങളുടെ വാസസ്ഥലങ്ങൾ ഇപ്പോഴും ഫലസ്തീന്റെ അയൽപക്കത്ത് സ്ഥിതിചെയ്യുന്നുവെന്നത് നമ്മുടെ അഭിപ്രായത്തെ ഉപോദ്ബലപ്പെടുത്തുന്നു."[13]

## ഭാഷാ വർഗങ്ങൾ

ഇന്നു ലോകത്തുള്ള എല്ലാ ഭാഷകളും ഏതോ ഒരു മൂലഭാഷയിൽനിന്ന് പിരിഞ്ഞു, സാഹചര്യങ്ങളുടെ മാറ്റത്തിന് വശംവദമായി രൂപാന്തരപ്പെട്ടതാണെന്ന് ഊഹിക്കപ്പെടുന്നു. എന്നാൽ അനുകൂലമായ ശാസ്ത്രീയ തെളിവൊന്നും ഈ സങ്കൽപത്തിനിതുവരെ ലഭിച്ചിട്ടില്ല. എന്നിരിക്കിലും ഇന്നുള്ള അസംഖ്യം ഭാഷകളെ ചുരുക്കം ചില മൂലഭാഷകളായി തരംതിരിക്കാൻ കഴിയുമെന്ന് ഭാഷാ ഗവേഷകന്മാർ അവകാശപ്പെടുന്നു. ഭാഷകളുടെ സാജാത്യ വൈജാത്യമാണ് ഈ വിഭജനത്തിന് നിദാനം.

ഏതാണ്ട് ഒമ്പതു വർഗമായി ഭാഷകളെ ഗവേഷകന്മാർ വിഭജിച്ചിട്ടുണ്ട്:

1. ആര്യൻ ഭാഷകൾ. സംസ്കൃതം, ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമൻ, സ്പാനിഷ്, ഇറ്റാലിയൻ, ഗ്രീക്ക്, ലാറ്റിൻ, റഷ്യൻ, ആർമീനിയൻ, പേർഷ്യൻ എന്നിവയെല്ലാം ആര്യൻ ഭാഷകളിലുൾപ്പെടുന്നു. ഇവയുടെ പല മൂലധാതുക്കളും ഒന്നാണെന്നും വ്യാകരണവും വാചകഘടനയും ഏതാണ്ട് ഒരേ തോതിലാണെന്നും ഗവേഷകന്മാർ അഭിപ്രായപ്പെടുന്നു.

2. സെമിറ്റിക് ഭാഷകൾ. ഹിബ്രു, അറബി, അബ്സീനിയൻ, അസ്സീരിയൻ, ഫിനീഷ്യൻ എന്നീ ഭാഷകളും അവയോടു ചേർന്ന മറ്റു ചില ഭാഷകളും ഇതിൽ പെടുന്നു. ഇവയിലെ പല ധാതുക്കളും വ്യാകരണവും വാചകഘടനയും ആര്യൻഭാഷകളിൽനിന്നും തുലോം വ്യത്യസ്തമാണെന്നും അതിനാൽ ഭിന്നമായ മറ്റൊരു ഭാഷാകുടുംബത്തിലാണ് അവയുടെ സ്ഥാനമെന്നും അവർ കാണുന്നു. സെമിറ്റിക് വർഗക്കാർ തെക്കൻ അറേബ്യയിലും ആഫ്രിക്കയുടെ വടക്കുകിഴക്കു ഭാഗങ്ങളിലുമാണ് ആദിയിൽ താമസമുറപ്പിച്ചിരുന്നതെന്നും ഊഹിക്കപ്പെടുന്നു.

3. ഹാമിറ്റിക് ഭാഷകൾ. പുരാതന ഈജിപ്തുകാർ, കോപ്റ്റിക് (ഖിബ്ത്ത്) വംശക്കാർ, ബെർബറികൾ, സോമാലികൾ, കിഴക്കൻ ആഫ്രിക്കയിൽ അധിവസിച്ചിരുന്ന എത്യോപ്യക്കാർ ആദിയായ വർഗങ്ങൾ സംസാരിച്ച ഭാഷകൾ ഈ വർഗത്തിൽപ്പെടുന്നു.

4. ടുറേനിയൻ, അഥവാ യൂറൽ-ആൾട്ടേയിക് ഭാഷകൾ. ലാപ്പ്ലാണ്ടിലെ ഭാഷ, സൈബീരിയയിലെ ചില ഭാഷകൾ, മാഗിയാർ ടർക്കിഷ് ഭാഷ, അഥവാ ടാർടർ-മഞ്ചു, മുഗൾ ഭാഷകൾ ആദിയായവ ഈ വർഗത്തിൽ പെട്ടതാണെന്നും, കൊറിയൻഭാഷയും ദ്രാവിഡഭാഷയും തമ്മിൽ സാരൂപ്യമുണ്ടെന്നും ചിലർ അഭിപ്രായപ്പെടുന്നു.

5. ചീനാഭാഷകൾ. ഏഷ്യയുടെ തെക്കുകിഴക്കുള്ള പ്രദേശങ്ങളിൽ

വസിക്കുന്ന ജനങ്ങൾ സംസാരിക്കുന്ന ചീന, ബർമ, സയാം, ടിബറ്റ് മുതലായ ഭാഷകൾ ഈ വർഗത്തിൽപെടുന്നു. ഈ ഭാഷാവർഗങ്ങളും മേൽപറഞ്ഞ ഭാഷകളും തമ്മിലുള്ള അന്തരം അത്യന്തം അഗാധമാണ്. പീക്കിങ്ങിൽ സംസാരിക്കുന്ന ചീനാഭാഷയിൽ 420 മൂലപദങ്ങൾ മാത്രമേ ഉള്ളൂവത്രെ.

6. അമേരിക്കനിന്ത്യൻഭാഷകൾ. അമേരിക്കയിലെ പ്രാചീന നിവാസികൾ 'റഡ് ഇന്ത്യൻസ്' എന്ന പേരിലാണ് അറിയപ്പെടുന്നത്. അവർ സംസാരിക്കുന്ന വിവിധതരം ഭാഷകളാണ് ഇവിടെ വിവക്ഷിക്കുന്നത്.

7. ബാൻറ്റുഭാഷകൾ. ആഫ്രിക്കയിൽ ഭൂമധ്യരേഖയുടെ അല്പം വടക്കു മുതൽ തെക്കെ അറ്റം വരെയുള്ള ജനങ്ങൾ സംസാരിക്കുന്നത് പ്രസ്തുത ഭാഷകളാണ്.

8. ദ്രാവിഡഭാഷകൾ. തമിഴ്, തെലുങ്ക്, മലയാളം, കർണാടകം, തുളു, കൊടക്, തുദവ, കോട, ഗോണ്ഡ്, ബ്രാഹുയി എന്നിവ ദ്രാവിഡ ഭാഷാവർഗത്തിൽ പെടുന്നു.

9. മലയാ-പോളിനേഷ്യൻഭാഷകൾ.

ഭാഷാടിസ്ഥാനത്തിലുള്ള വർഗവിഭജനം അങ്ങേയറ്റം സങ്കീർണമാണ്. അതിന് ശാസ്ത്രീയമായ അടിസ്ഥാനമൊട്ടില്ലതാനും.

## ശരീരാകൃതി

വർഗീകരണത്തിന് ആധുനിക ചരിത്രകാരന്മാർ സ്വീകരിച്ച മറ്റൊരവലംബം ശരീരാകൃതിയാകുന്നു. രോമം, നിറം, പൊക്കം, തലയുടെയും മൂക്കിന്റെയും വലുപ്പം മുതലായ ലക്ഷണങ്ങളെ ആസ്പദമാക്കി മാനവരാശിയെ അവർ വിവിധ വർഗങ്ങളായി തരം തിരിച്ചിരിക്കുന്നു.

1. കൊക്കേഷ്യൻ വർഗങ്ങൾ. ഇവർതന്നെ മൂന്ന് ഉപവർഗങ്ങളുണ്ട്. i) നോർഡിക്ക് ii) ആൽപൈൻ iii) മധ്യധരണി.

2. മങ്കോൾ: മഞ്ഞനിറക്കാർ.

3. നീഗ്രോ: കറുത്തവർഗങ്ങൾ.

ചെമ്പിച്ച തലമുടി, വെളുത്തനിറം, നീണ്ട തലയും മൂക്കും, ഉയർന്ന ശരീരം- ഇവയാണ് നോർഡിക്കു വർഗങ്ങളുടെ സാമാന്യ ലക്ഷണങ്ങൾ. നോർവെ, സ്വീഡൻ, പോളണ്ട്, വടക്കൻജർമനി, തെക്കൻ റഷ്യ എന്നിവിടങ്ങളിലാണ് ഈ വർഗങ്ങളെ സാധാരണ കാണുന്നത്.

വെളുത്ത നിറം, ഉരുണ്ട തല എന്നിവയാണ് ആൽപൈൻ വർഗങ്ങളുടെ ലക്ഷണമായി കണക്കാക്കിയിട്ടുള്ളത്. സ്വിറ്റ്സർലാണ്ട്, തെക്കൻ ജർമനി, റഷ്യ, ഫ്രാൻസ്, വടക്കൻ ഇറ്റലി, പേർഷ്യ, പാമീർ പീഠഭൂമി എന്നിവിടങ്ങളിലാണ് ഈ വർഗങ്ങളെ കാണുക.

ഇരുനിറം, കറുത്ത തലമുടി, നീണ്ട തല ഇവയത്രെ മധ്യധരണി വർഗങ്ങളുടെ സവിശേഷതകൾ. പ്രാചീന സുമേരിയന്മാരും ദ്രാവിഡന്മാരും ഈ വർഗത്തിൽ പെട്ടവരാണെന്നു പറയുന്നു.

മഞ്ഞനിറം, ചുരുളാത്ത തലമുടി, കുറഞ്ഞരോമം, ഉരുണ്ടതല,

ഉയർന്ന കവിളെല്ലുകൾ, പരന്ന മുഖം, മധ്യമമായ ഉയരം, ഉറപ്പും കട്ടിയുമുള്ള ശരീരം എന്നിവയാണ് മഞ്ഞവർഗങ്ങളുടെ ലക്ഷണങ്ങൾ. ഹിമാലയത്തിന്റെ ദക്ഷിണപ്രദേശങ്ങളിലും ചീന മുതൽ അമേരിക്കവരെയും ഈ വർഗങ്ങളെ കാണുന്നു. അമേരിക്കയിലെ റെഡ്ഇൻഡ്യൻസ് ഈ വർഗത്തിൽ പെട്ടവരാകുന്നു.

68 ഇഞ്ച് ഉയരം, പഞ്ഞിപോലെയുള്ള തലമുടി, കറുത്ത നിറം, ഉറച്ച ശരീരം, നീളം കുറഞ്ഞ കാലുകൾ, നീണ്ട കൈകൾ, തടിച്ചു മേലോട്ടു മടങ്ങിയ ചുണ്ടുകൾ, ഉന്തിയ നെറ്റി, പരന്ന മൂക്ക് എന്നിവയത്രെ നീഗ്രോകളുടെ സാമാന്യ ലക്ഷണങ്ങൾ. ഇവരിൽ രണ്ടു പ്രധാന ശാഖകളുണ്ട്. ഒരു കൂട്ടരെ ആഫ്രിക്കയിലും മറ്റെ കൂട്ടരെ മലേഷ്യയിലും കാണുന്നു. എന്നാൽ, ആഫ്രിക്കയിലുള്ളവരാണത്രെ ലക്ഷണമൊത്ത യഥാർഥ നീഗ്രോകൾ. മലേഷ്യാ നീഗ്രോകളുടെ നിറം ഏതാണ്ട് ചോക്കലൈറ്റും ഉയരം മധ്യമവുമാണ്.[14]

ആധുനിക ചരിത്രകാരന്മാർ വർഗ വിഭജനത്തിന് അടിസ്ഥാനമായി അംഗീകരിച്ച സവിശേഷതകളാണ് ഇത്രയും വിവരിച്ചത്. ഇനി മറ്റൊരു തരത്തിലും ജനങ്ങളെ വിഭജിക്കാം. മതസംസ്കാരങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ് ആ വിഭജനം.

## മതവർഗങ്ങൾ

ഖുർആനിൽ ചില മതവർഗങ്ങളെ എണ്ണിപ്പറഞ്ഞിട്ടുണ്ട്. മുഅ്മിനുകൾ, മുശ്‌രിക്കുകൾ, യഹൂദന്മാർ, സാബികൾ, ക്രിസ്ത്യാനികൾ, മജൂസികൾ.

1. മുഅ്മിനുകൾ: ശരിയായ ഏകദൈവത്വവും യഥാർഥമായ ഒരു ദൈവികപ്രമാണവും അംഗീകരിച്ചു ജീവിക്കുന്നവർ. ഖുർആന്റെ അവതരണകാലത്ത് മുഹമ്മദ്നബി (സ) യുടെ അനുയായികളായ മുസ്‌ലിംകളായിരുന്നു ഇവർ.

2. ഏകദൈവത്വമംഗീകരിക്കാത്തവരും, യാതൊരു ദൈവിക ഗ്രന്ഥത്തിന്റെയും അനുയായികളല്ലാത്തവരുമായ വിഭാഗം. ഇവർ ഖുർആന്റെ ഭാഷയിൽ 'മുശ്‌രിക്കുകൾ' എന്ന പേരിൽ അറിയപ്പെടുന്നു.

3. ഏകദൈവത്വസിദ്ധാന്തം അതിന്റെ സാക്ഷാൽ അർഥത്തിൽ അംഗീകരിക്കുകയോ ശരിയായ, കലർപ്പില്ലാത്ത ഒരു ദിവ്യപ്രമാണം കൈവശം വയ്ക്കുകയോ ചെയ്യുന്നില്ലെങ്കിലും ഏതോ തരത്തിലുള്ള ഏകത്വവും ദിവ്യപ്രമാണവും അംഗീകരിച്ചിട്ടുള്ളവർ. ഇവരെ ഖുർആൻ 'അഹ്‌ലുൽ കിതാബ്' (വേദക്കാർ) എന്നാണ് വിളിച്ചിരിക്കുന്നത്. ഖുർആൻ അവതരിച്ച കാലത്ത് ഇക്കൂട്ടത്തിൽ പെട്ട നാലു വിഭാഗങ്ങളാണ് രംഗത്തുണ്ടായിരുന്നത്.

i) യഹൂദന്മാർ. ഇവർ ബൈബിൾ പഴയ നിയമത്തിന്റെ പാരമ്പര്യാവകാശികളാണ്.

ii) ക്രിസ്ത്യാനികൾ. ഇവർ ബൈബിൾ പുതിയ നിയമത്തിൽ വിശ്വ

സിക്കുന്നവരാണ്. എന്നാൽ ജൂതന്മാർ ഉസൈർ (യസ്രാ) ദൈവപുത്ര നാണെന്നും, ക്രിസ്ത്യാനികൾ യേശുക്രിസ്തു ദൈവപുത്രനാണെന്നും വാദിക്കുന്നതായി ഖുർആൻ ആരോപിച്ചിട്ടുണ്ട്. അതുകൊണ്ട് ബഹുദൈ വവാദപരമായ വിശ്വാസാചാരങ്ങൾ വച്ചുപുലർത്തുന്നവരെങ്കിലും, ഒരു വേദം അംഗീകരിച്ചവരാണെങ്കിൽ അവർ വേദക്കാരാണെന്നു വരുന്നു.

iii) സാബികൾ. ഇവർ നൂഹുനബിയുടെയും ശീഥുനബിയുടെയും ശരീഅത്തിൽ വിശ്വസിക്കുന്നതായി അവകാശപ്പെടുന്നു. പ്രസിദ്ധ മുസ്ലിം ചരിത്രകാരനായ ഇബ്നുന്നദീം അദ്ദേഹത്തിന്റെ 'അൽഫി ഹ്രസ്തി'ൽ ഇവരുടെ വിശ്വാസാചാരങ്ങളെപ്പറ്റി സുദീർഘമായി പ്രതി പാദിച്ച കൂട്ടത്തിൽ എഴുതിയിരിക്കുന്നു: "ഇബ്റാഹീംനബി (അ)യുടെ മുമ്പുള്ള നൂഹുനബി (അ) യുടെയും ശീഥുനബി (അ)യുടെയും അനു യായികളാണ് തങ്ങളെന്ന് സാബികൾ അവകാശപ്പെടുന്നു. ശീഥിന്റെ മത ഗ്രന്ഥം അവരുടെ വശമുണ്ട്. അതിൽ ധാർമിക കാര്യങ്ങളാണ് പ്രതിപാ ദിച്ചിട്ടുള്ളത്."[15]

iv) മജൂസികൾ. സുരതുഷ്ട്രന്റെ അനുയായികളും 'അവെസ്ത'യിൽ വിശ്വസിക്കുന്നവരുമായ പുരാതന ഇറാനികളാണിവർ. ഇറാനിയൻഭാ ഷയിൽ പുരോഹിതന് 'മഗ്' എന്നും 'മഗാഗ്' എന്നും പറയുന്നു. അറ ബിയിൽ ഗകാരമില്ല. അതിനാൽ മഗാഗിനെ അറബികൾ 'മജൂസ്' എന്നു ച്ചരിച്ചു. ഖുർആൻ അവതരിച്ച കാലത്ത് മജൂസികൾ 'ദ്വന്ദ്വ വാദി'[Ditheists]കളായിരുന്നു. അതായത്, നന്മയുടെ ശക്തിയായ പ്രകാ ശത്തിലും തിന്മയുടെ ശക്തിയായ അന്ധകാരത്തിലും വിശ്വസിക്കുന്ന വർ. പ്രകാശശക്തിക്ക് 'അഹുരമസ്ദ്' എന്നും അന്ധകാരശക്തിക്ക് 'അഹ്റീമാൻ' എന്നുമാണ് അവർ പറഞ്ഞിരുന്നത്. അഹുരമസ്ദിന്റെ പ്രതീകമെന്ന നിലയിൽ 'അഗ്നി'യെ അവർ ആരാധിച്ചിരുന്നു.

രണ്ടാം ഖലീഫ ഉമറുബ്നുൽ ഖത്താബി (റ)ന്റെ ഭരണകാലത്ത് ഇറാൻ ഇസ്ലാമികരാഷ്ട്രത്തിന്റെ ഒരു ഭാഗമായിത്തീർന്നു. മജൂസികളെ എങ്ങനെ വിലയിരുത്തണമെന്നും അവരുമായി എങ്ങനെ വർത്തിക്കണ മെന്നും ഖലീഫക്ക് മനസ്സിലായില്ല. മറ്റു നബിശിഷ്യന്മാരോട് അന്വേഷിച്ചു. തദവസരം അബ്ദുർറഹ്മാനിബ്നു ഔഫ് (റ) ഇങ്ങനെ പറഞ്ഞു: "അഹ്ലുൽകിതാബി (വേദമുള്ളവർ )നോടുള്ള അതേ നയവിശേഷം മജൂ സിനോടും അനുവർത്തിക്കുകയെന്നു റസൂൽ (സ) തിരുമേനി അരുളി യത് ഞാൻ കേട്ടു എന്നിതാ സാക്ഷ്യം വഹിക്കുന്നു!"[16] ഇമാം ശാഫി ഈയത്രെ ഈ സംഭവത്തിന്റെ ഉദ്ധാരകൻ. ഇപ്രകാരം തന്നെ മജൂസി കൾ വേദക്കാരാണ് എന്ന് ഉമറി(റ)നെ അലിയ്യുബ്നു അബീതാലിബ് (റ) ഉണർത്തിയതായി മറ്റൊരു റിപ്പോർട്ടും കാണാം.[17] ചുരുക്കത്തിൽ, ഖുർആനിക വീക്ഷണത്തിൽ മൂന്നു മതവിഭാഗങ്ങളാണുള്ളത്: 1. മുഅ ്മിനുകൾ 2. അഹ്ലുൽ കിതാബ് 3. മുശ്രിക്കുകൾ. അഹ്ലുൽ കിതാബ് (വേദക്കാർ) നാലു വിഭാഗമാണ്: ജൂതന്മാർ, ക്രിസ്ത്യാനികൾ, സാബി കൾ, മജൂസ്. ഖുർആൻ പറയുന്നു: "മുഅ്മിനുകൾ (യഥാർഥ വിശ്വാ

സികൾ), യഹൂദന്മാർ, സാബികൾ, ക്രിസ്ത്യാനികൾ, മജൂസ് (സുരതുഷ്ട്രമതക്കാർ), മുശ്രിക്കുകൾ (വിഗ്രഹപൂജകന്മാർ) എന്നീ വിഭാഗങ്ങൾക്കിടയിൽ പുനരുത്ഥാന ദിവസം അല്ലാഹു ശരിയായ തീരുമാനം കൽപിക്കുന്നതാണ്. സർവസാക്ഷിയത്രെ അല്ലാഹു!”[18]

## കുറിപ്പുകൾ

1. ഖുർആൻ 5 :18
2. ലോകചരിത്രം വാള്യം 1, പേജ് 56
3. United Nations Bulletin Vol. ix, No.3
4. ഋഗ്വേദം മണ്ഡലം 10, സൂക്തം 90, ഋ 5, 11, 12 നോക്കുക.
5. ഗീത, ജ്ഞാനകർമ സന്യാസയോഗം ശ്ലോകം 13
6. ഖുർആൻ 49: 13
7. ഉൽപത്തി 6: 13
8. Ibid 7: 23, 24
9. ശതാബ്ദങ്ങൾക്കപ്പുറത്തുനിന്നുള്ള ശബ്ദങ്ങൾ പേജ് 86, 87
10. ഉത്പത്തി 8: 4
11. തർജുമാനുൽ ഖുർആൻ വാള്യം 2, പേജ് 193 നോക്കുക.
12. ഇത്രയും വിവരങ്ങൾക്ക് ഉത്പത്തി 9, 10, 25 എന്നീ അധ്യായങ്ങൾ നോക്കുക.
13. അർദുൽ ഖുർആൻ വാള്യം 1, പേജ് 105, 106
14. ലോകചരിത്രം വാള്യം 1, പേജ് 58-64 നോക്കുക.
15. ഉദ്ധരണം: അർദുൽ ഖുർആൻ വാള്യം 2, പേജ് 195,196
16. മുൻതഖൽ അഖ്ബാർ by അബ്ദുസ്സലാമിബ്നുതൈമിയ, ബാബുൽജിസ്യഃ
17. നൈലുൽ ഔത്താർ വാള്യം 8, പേജ് 57 നോക്കുക.
18. ഖുർആൻ 22: 17

### അധ്യായം എട്ട്

# സിന്ധുതട സംസ്കാരം

**ഭാ**രതീയ സംസ്കാരത്തിന്റെ ആദിമശിൽപികൾ ആര്യന്മാരാണെന്നും ആ ജനവർഗത്തിന്റെ ആഗമനത്തിനു മുമ്പ് ഇന്ത്യക്കൊരു നാഗരിക ചരിത്രമുണ്ടായിരുന്നില്ലെന്നും ചരിത്രകാരന്മാർക്കൊരു ധാരണയുണ്ടായിരുന്നു. എന്നാൽ ഈ നൂറ്റാണ്ടിന്റെ തൃതീയദശകത്തിൽ പഞ്ചാബിന്റെയും സിന്ധിന്റെയും ചില ഭാഗങ്ങളിൽ നടന്ന ഉത്ഖനന ഗവേഷണം പ്രസ്തുത ധാരണ അപ്പടി അബദ്ധമാണെന്നും ആര്യന്മാരുടേതിനെക്കാൾ പുരോഗമിച്ചതും വളർച്ച പ്രാപിച്ചതുമായ ഒരു നാഗരികതയുടെ ഉടമകളായിരുന്നു ഭാരതീയരെന്നും അസന്ദിഗ്ധമാംവിധം തെളിയിക്കുകയുണ്ടായി. പ്രസ്തുത നാഗരികതയാണ് 'സിന്ധു തടസംസ്കാരം' എന്ന പേരിനാൽ ഇന്നു വിളിക്കപ്പെടുന്നത്.

## മോഹൻജദാറോയും ഹരപ്പയും

കറാച്ചിയുടെ വടക്ക് ഏതാണ്ട് ഇരുനൂറ് നാഴിക അകലെ സ്ഥിതി ചെയ്യുന്ന ഒരു സ്ഥലമാണ് മോഹൻജദാറോ. ലാഹോറിൽനിന്ന് ഉദ്ദേശം നൂറുനാഴിക തെക്ക് ഹരപ്പയും കിടക്കുന്നു. മോഹൻജദാറോ സിന്ധുനദിയുടെ പടിഞ്ഞാറുഭാഗത്തും ഹരപ്പ രാവിനദിയുടെ കിഴക്കു ഭാഗത്തുമാണ് സ്ഥിതിചെയ്യുന്നത്. ഹരപ്പയിൽനിന്നും അഞ്ചാറുനാഴിക അകലത്താണ് രാവിനദി ഇന്നുള്ളതെങ്കിലും പുരാതനകാലത്ത് പട്ടണത്തിന്റെ നന്ന അടുത്തുകൂടിയാണ് അത് ഒഴുകിയിരുന്നതെന്ന് വിദഗ്ധന്മാർ അഭിപ്രായപ്പെടുന്നു. അതുകൊണ്ടാവണമല്ലോ പട്ടണ നിർമാണത്തിന് ആ സ്ഥലം അന്ന് തിരഞ്ഞെടുത്തത്. ഹരപ്പയുടെയും മോഹൻജദാറോയുടെയും ഇടക്ക് ഏകദേശം നാനൂറു നാഴിക ദൂരം കാണും.

മരിച്ചവരുടെ മേട് എന്നത്രെ മോഹൻജദാറോ എന്ന വാക്കിനർഥം. മോഹൻജദാറോ, ഹരപ്പ എന്നീ പേരുകൾ ഇന്നത്തെ നിവാസികൾ ഇട്ടവയാണ്. അവയുടെ പ്രാചീന നാമങ്ങൾ അറിയപ്പെട്ടിട്ടില്ല. സിന്ധിൽ ലാർക്കാനാ ജില്ലയിൽ സ്ഥിതിചെയ്യുന്ന മോഹൻജദാറോയും പശ്ചിമ പഞ്ചാബിൽ മോണ്ട്ഗോമറി ഡിസ്ട്രിക്ടിലുള്ള ഹരപ്പയും 1947 മുതൽ പാകിസ്താന്റെ അതിർത്തിക്കുള്ളിലാണെന്ന സംഗതി ഇവിടെ സ്മരണീയമാണ്. അവ രണ്ടും ഇന്നു പട്ടണങ്ങളല്ല; കേവലം ഗ്രാമങ്ങളാണ്. എന്നാൽ ആ ഗ്രാമങ്ങളിലെ മേടുകൾ രണ്ടു പുരാതന നാഗരികതകൾക്കു സാക്ഷ്യം വഹിക്കുന്നു.

1922-1927 കാലഘട്ടത്തിൽ ആ രണ്ടു മേടുകളിൽ നടത്തപ്പെട്ട ഉത്ഖനന ഗവേഷണം വഴി അതിപ്രാചീനമായ രണ്ടു നഗരങ്ങളുടെ ചരിത്രം വെളിച്ചത്തു കൊണ്ടുവരപ്പെട്ടു. ഉത്ഖനനത്തിൽ ഉപലബ്ധമായ അവശിഷ്ടങ്ങളെക്കുറിച്ച വിദഗ്ധമായ പര്യവേക്ഷണമാണ് ഇവിടെ സംക്ഷിപ്തമായി പകർത്തുവാനുദ്ദേശിക്കുന്നത്.

## നഗരസംവിധാനം

ഇരുസ്ഥലങ്ങളിലും പട്ടണങ്ങളിലും ഒന്നിൻമീതെ മറ്റൊന്നായി പണിതുവന്നതിന്റെ ലക്ഷണങ്ങൾ ഖനനത്തിൽ കണ്ടെത്തിയിട്ടുണ്ട്. മോഹൻജ

ദാറോയിൽ ഏതാണ്ട് ഒമ്പത് 'അടക്കുകൾ' അഥവാ 'നിലകൾ' ഇതു വരെ കണ്ടെത്തിയിരിക്കുന്നു. ഓരോ അടക്കിലും നഗരനിർമാണാവശിഷ്ടങ്ങളുണ്ട്. ഹരപ്പയിലാകട്ടെ, ആറു നിലകൾ കണ്ടെത്തി. ഓരോ പട്ടണവും നശിച്ചു മൺമറഞ്ഞശേഷം അതിന്റെ അവശിഷ്ടങ്ങളുടെ മുകളിൽ വീണ്ടും പുതുതായി നഗരനിർമാണം ചെയ്തിരിക്കയാണ്.

മോഹൻജദാറോയിലെയും ഹരപ്പയിലെയും നഗരങ്ങൾക്ക് ഒരേ തരത്തിലുള്ള പ്ലാനാണ് കാണുന്നത്. രണ്ടിന്റെയും പടിഞ്ഞാറുഭാഗം കോട്ടയുടെ ആകൃതിയിൽ കെട്ടിയുയർത്തിയിരിക്കുന്നു. കോട്ടയുടെ തെക്കുവടക്കുള്ള നീളം സുമാർ 500 വാരയും, കിഴക്കുപടിഞ്ഞാറുള്ള വീതി ഏതാണ്ട് 300 വാരയുമാണ്. കോട്ടത്തളം, ചുറ്റുമുള്ള സമതലത്തിൽനിന്ന് ഏകദേശം ആറാളുടെ പൊക്കത്തിലാണ്. ഇഷ്ടികകൊണ്ടാണ് കോട്ട കെട്ടിടങ്ങൾ പടുത്തിട്ടുള്ളത്. വെയിലിൽ ഉണക്കിയതും ചൂളയിൽ ചുട്ടെടുത്തതും-അങ്ങനെ രണ്ടു വിധത്തിലുമുണ്ട് ഇഷ്ടികകൾ. ചില കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടാൽ അവ ദേവാലയങ്ങളോ പൊതുസമ്മേളന സ്ഥലങ്ങളോ ആയിരുന്നുവെന്നു തോന്നും. നിരവധി തൂണുകളുള്ള ഒരു മണ്ഡപം ഖനനത്തിൽ കാണായി. ഇവയൊന്നും സ്വകാര്യമായ ആവശ്യം മുൻനിർത്തി പണിതതാവാൻ തരമില്ലെന്നത്രെ വിദഗ്ധാഭിപ്രായം.

കോട്ടയുടെ നിർമാണരീതി കൂടുതൽ വ്യക്തമായി മനസ്സിലാക്കുവാൻ സാധിച്ചത് ഹരപ്പയിലാണ്. 45 അടി കനത്തിൽ, ചുടാത്ത ഇഷ്ടികകൊണ്ട് കോട്ടമതിൽ കെട്ടിപ്പൊക്കിയിരിക്കുന്നു. അതിനുപുറമേ, ചുട്ട ഇഷ്ടിക കൊണ്ട് ആറ് അടി കനത്തിൽ മതിൽ മൂടിയിട്ടുണ്ട്. മതിലിന്റെ മുകളിൽ ഇടക്കിടക്ക് തളങ്ങൾ കാണുകയുണ്ടായി. പട്ടാളക്കാർക്കിരുന്ന് ആയുധപ്രയോഗം നടത്തുവാൻവേണ്ടിയാവണം അങ്ങനെ ഏർപ്പെടുത്തിയിട്ടുള്ളത്. കോട്ടക്കകം 20-25 അടി ഉയർത്തിയിരുന്നു.

കോട്ടയുടെ വടക്കെ മതിലിനു നേരെ പുറത്തായി രണ്ടു വരി വീടുകൾ കാണുന്നു. തൊഴിലാളികളുടെ 'കൂലി ലൈൻ' പോലെതോന്നും. ഓരോ വീടിനും ഈരണ്ടു മുറികൾ. എല്ലാ വീടിന്റെയും നിർമാണരീതി ഒന്നുതന്നെ. അവ പത്തുപതിനാറെണ്ണം കാണും. തൊഴിലാളികളുടെ പ്രസ്തുത കൂലിലൈനിനടുത്ത് ധാന്യം ശേഖരിച്ചുവയ്ക്കുവാൻ ഉതകുമാറുള്ള വലിയ പത്തായങ്ങൾ; അല്ലെങ്കിൽ നിലവറകൾ ഉണ്ട്. നിലത്തുനിന്ന് സ്വൽപം ഉയർത്തിക്കെട്ടിയ തിണ്ണകളിലാണ് ആ അറകൾ. തിണ്ണക്ക് ഉദ്ദേശം 200 അടി നീളവും 150 അടി വീതിയും കാണും. അതിനടുത്ത് ഇഷ്ടികകൊണ്ടുള്ള തിണ്ണകൾ വേറെയുമുണ്ട്. വൃത്താകൃതിയിൽ നിർമിതമായ ഇവക്ക് ഏതാണ്ട് 10 അടി വ്യാസമുണ്ട്. ഓരോ തിണ്ണയുടെയും മധ്യത്തിൽ മരംകൊണ്ടുള്ള വലിയ ഉരൽ വച്ചിരുന്നതായി തോന്നും. അറകളിൽ ശേഖരിച്ചിരുന്ന ധാന്യം പൊടിച്ചുണ്ടാക്കാനുള്ള സജ്ജീകരണമായിരുന്നിരിക്കാം അത്. അങ്ങനെ ഓരോ വരിയിലും ആറാറായി രണ്ടു വരിയിൽ പന്ത്രണ്ടു പത്തായങ്ങൾ കാണപ്പെട്ടു. ഓരോന്നിന്റെയും നീളം

50 അടിയും വീതി 20 അടിയുമാണ്. മോഹൻജദാറോയിലെ കോട്ടയ്ക്കകത്തും ഇതേ രീതിയിലും വലുപ്പത്തിലുമുള്ള പത്തായങ്ങൾ ഉണ്ടായിരുന്നു.

കോട്ടകളുടെയും അവയ്ക്കകത്തുള്ള പത്തായങ്ങളുടെയും മറ്റും സാദൃശ്യത്തിൽനിന്ന് ഒരു സംഗതി അനുമാനിക്കാവുന്നതാണ്: മോഹൻജദാറോയിലെയും ഹരപ്പയിലെയും ഭരണനേതൃത്വം ഒരേ ഹസ്തത്തിലാണ് സ്ഥിതിചെയ്തിരുന്നത്. ഭരണനേതാക്കന്മാർ ഈ കോട്ടകൾക്കകത്താണ് വസിച്ചിരുന്നതെന്നും ഊഹിക്കേണ്ടിയിരിക്കുന്നു. തൊഴിലാളികളെ അവർ സമർഥമായി നിയന്ത്രിച്ചിരുന്നു.

പ്രസ്തുത കോളനിക്കകത്ത് കൊല്ലൻ, മൂശാരി മുതലായ ലോഹപ്പണിക്കാരുടെ ഉലകളുടെയും ചൂളകളുടെയും അവശേഷങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പട്ടണവാസികൾക്ക് ജീവിക്കണമെങ്കിൽ ആ സാമ്രാജ്യത്തിൽ ധാരാളം ധാന്യം കൃഷിചെയ്യേണ്ടിയിരിക്കുന്നു. ഹരപ്പൻ സാമ്രാജ്യത്തിൽ വമ്പിച്ച തോതിൽ കൃഷി നടന്നിരുന്നു. ഗോതമ്പും യവവുമായിരിക്കണം തദ്ദേശീയരുടെ സാധാരണ ഭക്ഷ്യവിഭവങ്ങൾ. ചെമ്പുകൊണ്ടും പിച്ചളകൊണ്ടുമുള്ള കൃഷിയുപകരണങ്ങൾ ധാരാളം ഖനനത്തിൽ കണ്ടെത്തിട്ടുണ്ട്. ധാന്യം മാത്രമല്ല അവർ ഉപയോഗിച്ചിരുന്നത്; മത്സ്യവും കോഴി, ആട്, പന്നി, പശു ആദിയായവയുടെ മാംസവും അവർക്ക് പഥ്യാഹാരമായിരുന്നു. ഇവയുടെ ചിഹ്നങ്ങളും എല്ലുകളും അവിടെനിന്ന് കണ്ടുകിട്ടുകയുണ്ടായി. ആന, നായ, പൂച്ച, പൂഞ്ഞയുള്ളതും പൂഞ്ഞയില്ലാത്തതുമായ കാലികൾ, കഴുത എന്നീ ജന്തുക്കളും ഹരപ്പാസാമ്രാജ്യവാസികൾക്ക് സുപരിചിതമായിരുന്നു. അവിടെ നിന്ന് കണ്ടെടുത്ത മുദ്രകളിൽ അവയുടെ ചിത്രങ്ങൾ കാണുന്നു. വന്യമൃഗങ്ങളിൽ കണ്ടാമൃഗം, കാട്ടി, കരടി, മാൻ, പുലി എന്നിവയും അവരുടെ പരിചിതവൃത്തത്തിൽനിന്നു പുറത്തല്ലായിരുന്നു. അവയുടെ ചിത്രങ്ങൾ അവിടെനിന്നു കിട്ടിയ മുദ്രകളിലും പാത്രങ്ങളിലും കാണുന്നുണ്ട്. കൂടാതെ, പ്രസ്തുത ജീവികളുടെ എല്ലിൻകഷണങ്ങളും കണ്ടെത്തിയിട്ടുള്ളതായി ഖനനാധികൃതർ അവകാശപ്പെടുന്നു.

## കൃത്രിമ കുളവും കുളിമുറികളും

മോഹൻജദാറോയിലും ഹരപ്പയിലും പൊതുജനങ്ങൾക്കു കുളിക്കുവാനുള്ള കുളങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഗവേഷകന്മാരുടെ ദൃഷ്ടിയിൽ അവയാണ് ഏറ്റവും കൗതുകകരമായിട്ടുള്ളത്. അടിയും നാലുഭാഗങ്ങളും വെള്ളം ചോർന്നു പോവാത്തവിധം ഭദ്രമായി അടച്ചിരുന്നു. ഹരപ്പയിലെ ജലാശയത്തിന് 39 അടി നീളവും (തെക്കുവടക്ക്) 23 അടി വീതിയും ചുറ്റുമുള്ള തളത്തിൽനിന്ന് 8 അടി ആഴവുമുണ്ട്. ഇറങ്ങുവാൻ ഇഷ്ടികകൊണ്ട് പടുത്ത പടികൾ. അവ തെക്കുഭാഗത്തും വടക്കുഭാഗത്തുമുണ്ട്. പടികളിന്മേൽ പലകകൾ പതിച്ചിരുന്നു. ജിപ്സം (Gypsum) പ്ലാസ്റ്ററിൽ കുത്തനെ നിരത്തിയ, ചൂളയിൽ ചുട്ട ഇഷ്ടിക ഒരു നിരപ്പ്, അതിന് താഴെ ഒരിഞ്ചുകനത്തിൽ പരത്തിയ കന്മദം,

അതിനും താഴെ ഒരുനിരപ്പു ചുട്ട ഇഷ്ടിക, അതിന് കീഴെ ചുടാത്ത ഇഷ്ടിക-ഇങ്ങനെയാണ് കുളത്തിന്റെ അടിത്തട്ട് നിർമിച്ചിരിക്കുന്നത്. വെള്ളം ലവലേശം ചോർന്നുപോവാതിരിക്കേണ്ടതിനാവണം ഇത്ര കെങ്കേമമായി അതു വിതാനിച്ചിട്ടുള്ളത്. അടിത്തട്ടിനെന്നപോലെ നാലു ഭാഗത്തുള്ള ഭിത്തികൾക്കും ചോർച്ച തടയാനുള്ള ഭദ്രമായ ഏർപ്പാടുണ്ട്.

കുളത്തിന്റെ തെക്കുപടിഞ്ഞാറുമൂലയിൽ, അടിയിൽകൂടി ചീത്ത വെള്ളം ഒഴുക്കിക്കളയാനുള്ള വലിയ അഴുക്കുചാലുണ്ട്. അതിന്റെ വായ്ഭാഗത്തിന് 6 അടി ആഴം കണ്ടു. അഴുക്കുചാലിന്റെ മേൽഭാഗം ഏതാണ്ട് കമാനാകൃതിയിൽ ഇഷ്ടികകൊണ്ടു മൂടിയിട്ടുണ്ട്. കുളത്തിന്റെ ചുറ്റും വിശാലമായ തളമാണ്. അതിന്റെ മൂന്നു ഭാഗങ്ങളിലും കുളിമുറികൾ വരിവരിയായിനിൽക്കുന്നു. ഓരോ കുളിമുറിക്കു 9 1/4 അടി നീളവും 6 അടി അകലവുമുണ്ട്. അതിൽനിന്ന് അശുദ്ധജലം പുറത്തേക്ക് കൊണ്ടുപോവാനുള്ള ഓവുചാലുണ്ട്. കുളത്തിനടുത്തുതന്നെയുള്ള തെരുവീഥിയിൽ ഇതേ രീതിയിലുള്ള വേറെ രണ്ടുവരി കുളിമുറികൾ കാണാം. ഓരോ കുളിമുറിയിൽനിന്നും മേലെ നിലയിലേക്ക് കയറിപ്പോകാനുള്ള ഇഷ്ടികകൊണ്ടു പടുത്ത കോവണിപ്പടികളുണ്ട്. ഒരു കുളിമുറിയിൽനിന്നു നോക്കിയാൽ എതിരെയുള്ള കുളിമുറിയിലേക്ക് കാണാൻ പറ്റാത്ത വിധത്തിലാണ് വാതിലുകൾ വച്ചിരുന്നത്. വലിയ കുളത്തിലേക്കു വെള്ളം നിറച്ചിരുന്നത് തെക്കു ഭാഗത്ത് ഒരു മുറിയിലുള്ള, ഇരട്ട ഇഷ്ടികക്കെട്ടുകളോടു കൂടിയ ഒരു കിണറ്റിൽനിന്നാണ്. മതസംബന്ധമായ എത്രയും പ്രധാനപ്പെട്ട ക്രിയകൾക്കാണ് പ്രസ്തുത കുളം ഹരപ്പന്മാർ ഉപയോഗിച്ചിരുന്നതെന്നു വിദഗ്ധന്മാർ അനുമാനിക്കുന്നു.

മോഹൻജദാറോയിലെ കുളത്തിന്റെ സ്ഥിതിയും ഏതാണ്ടിങ്ങനെ തന്നെയാണ്. കുളത്തിനു ചുറ്റും മുറ്റം; മുറ്റത്തിന്റെ നാനാഭാഗത്തും കോലായകൾ; കോലായകളുടെ പിറകിൽ ചുറ്റും കുളിമുറികൾ; കുളിമുറികളിൽ ചിലതിൽ ആവികൊണ്ടു വിയർപ്പിച്ചു കുളിക്കുവാനുള്ള ഏർപ്പാടുകളും കാണുകയുണ്ടായി.

പട്ടണത്തിലെ തെരുവീഥികൾ ശരിക്ക് കിഴക്കുപടിഞ്ഞാറും തെക്കുവടക്കുമായി കിടക്കുന്നു. വലിയതിന് ഏതാണ്ട് 30 അടി വീതിയുണ്ട്. ഇതു കൂടാതെ വീതി കുറഞ്ഞ വഴികളും ഇടവഴികളും ധാരാളമുണ്ട്. ശരിക്കു പ്ലാൻചെയ്ത് നിർമിച്ചതായിരുന്നു പ്രസ്തുത നഗരങ്ങൾ എന്ന കാര്യത്തിൽ സംശയമില്ല.

## വീടുകൾ

മോഹൻജദാറോ അവശിഷ്ടങ്ങൾ ഏകദേശം ഒരു ചതുരശ്ര നാഴിക പരന്നുകിടക്കുന്നു. വീടുകൾ ധാരാളമുണ്ട്. അധികവും ഇരുനിലകെട്ടിടങ്ങളാണ്. ചൂളയിൽ ചുട്ട ഇഷ്ടിക കൊണ്ടാണ് വീടുകൾ പണിതിരുന്നത്. ചില വീടുകളുടെ ഉള്ളിൽ നടുമുറ്റവും നടുമുറ്റത്തിനു ചുറ്റുമായി അടുക്കള, കലവറ, കുളിമുറി മുതലായവയും കാണാം. കിണർ എല്ലാ വീട്ടിലുമുണ്ട്. മാളികമുകളിൽ നിന്ന് കുഴലുകൾ വഴിക്കാണ് മലിനവെള്ളം

കീഴ്പോട്ടു കൊണ്ടുവന്നിരുന്നത്. കുളിമുറികളിൽ നിന്നും മറ്റുമുള്ള അശുദ്ധജലം അടിയിലുള്ള അഴുക്കുചാലുകൾ വഴി തെരുവീഥിയിലെ വലിയ ഓവുചാലുകളിൽ ചെന്നുചേരുന്നു. അടിക്കാട്ട് മുതലായ ചപ്പുചവറുകൾ നിക്ഷേപിക്കാൻ ഓരോ വീടിന്റെയും അടുത്ത് പ്രത്യേകപാത്രം വച്ചിട്ടുണ്ടായിരുന്നു. അഴുക്കുചാലുകൾ വൃത്തിയാക്കാനുള്ള ഏർപ്പാടുകളുമുണ്ടായിരുന്നു.

ഹരപ്പയിലെ വലിയ കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ വിദഗ്ധപരിശോധനക്ക് വിധേയമായി. അവയിൽ ഏറ്റവും വലുതിന് 169 അടി നീളവും 135 അടി വീതിയുമുണ്ട്. ചൂളക്ക്വച്ച ഇഷ്ടികകൾ തന്നെയാണ് പ്രസ്തുത കെട്ടിടനിർമാണത്തിനുപയോഗിച്ചിരുന്നത്. ഇഷ്ടികകൾ ആവശ്യാനുസൃതം വിവിധ ആകൃതിയിൽ രൂപപ്പെടുത്തിയിരുന്നു. കുളിമുറികളും കക്കൂസുകളും കിണറുകളും വീടുകൾക്കകത്തുതന്നെയായിരുന്നു. ചില വീടുകളിൽ കസേരയിലെന്നപോലെ ഇരുന്നുപയോഗിപ്പാൻ പറ്റുന്ന കക്കൂസുകളും കാണപ്പെടുകയുണ്ടായി. ഗവേഷകനായ വീലർ അവയെ Built in seat Latrines എന്നാണ് വർണിച്ചിരിക്കുന്നത്.

ഭേദപ്പെട്ട വീടുകളിൽ നടുമുറ്റമുണ്ടായിരുന്നുവെന്ന് പറഞ്ഞുവല്ലോ. നടുമുറ്റത്തിനു ചുറ്റും പല വലുപ്പത്തിലുള്ള മുറികളുണ്ടായിരുന്നു. എന്നാൽ തൊഴിലാളികളുടെ വീടുകൾക്കെല്ലാം ഒരേ ആകൃതിയാണ് കാണപ്പെട്ടത്. ഓരോ വീടിനും 20 അടി നീളവും 12 അടി വീതിയുമുള്ള ഈരണ്ടു മുറികളുണ്ടായിരുന്നു. ഭിത്തികളുടെ ഘനം പരിശോധിച്ചവർക്ക് അവയ്ക്കു മുകളിൽ മാളിക പടുത്തുയർത്താൻ വഴിയില്ലെന്നാണ് മനസ്സിലായത്. കുളിമുറികൾ തൊഴിലാളി ഭവനങ്ങൾക്കുമുണ്ടായിരുന്നു. അവയിൽനിന്ന് വെള്ളം എളുപ്പത്തിൽ ഒഴുക്കാൻ തക്കവിധം, ഇഷ്ടികകൊണ്ടു പടുത്ത കാനകളുമുണ്ടായിരുന്നു. സിന്ധുനദീതടസംസ്കാരത്തിൽ കുളിക്കും കുളിമുറിക്കും നല്കപ്പെട്ട പ്രാധാന്യം സർവത്ര വ്യക്തമായിരുന്നു.

## ദേഹപ്രകൃതിയും വേഷഭൂഷാദികളും

പ്രസ്തുത ഗൃഹങ്ങളിൽ താമസിച്ചിരുന്ന ജനങ്ങൾ കാഴ്ചയിൽ എങ്ങനെയുള്ളവരായിരുന്നു? അവരുടെ മുഖഭാവം, വലുപ്പം, വസ്ത്രധാരണരീതി എന്നിവയെപ്പറ്റി അവശിഷ്ടങ്ങൾ എന്തു സൂചിപ്പിക്കുന്നു?

അന്നത്തെ ശ്മശാനങ്ങളിൽനിന്നുപലബ്ധമായ അസ്ഥികൾ സൈന്ധവന്മാരുടെ വലുപ്പം കുറിക്കുന്നു. പാത്രങ്ങളിലും ചുമരുകളിലും മറ്റും ചിത്രണംചെയ്ത രൂപങ്ങൾ, പാവകൾ എന്നിവ അവരുടെ മുഖാകൃതിയിലേക്കു വെളിച്ചം വീശുന്നു. അതുപോലെ അവരുടെ വേഷഭൂഷണസമ്പ്രദായത്തെയും സാമാന്യവർണത്തേയും അലങ്കാരരീതിയെയും സംബന്ധിച്ച സൂചനയും ആ ചിത്രങ്ങളിൽനിന്ന് ലബ്ധമാവുന്നു.

നല്ല നാസികയോടുകൂടിയതും സ്വല്പമൊന്നു നീണ്ടതുമായിരുന്നു സൈന്ധവന്മാരുടെ മുഖാകൃതി. ചിത്രങ്ങളിൽ അവരെ കാണുന്നത് കുറച്ചൊരു തവിട്ടുനിറത്തിലാണ്. മുടി കറുത്തതുതന്നെ. അധികകൂറും കൃശ

ഗാത്രരാണ്. പുരുഷന്മാർ സാധാരണ താടി വളർത്തുക പതിവാണ്. അവരുടെ തലമുടി പിറകോട്ടു വലിച്ചുകെട്ടിയിരുന്നു. വിചിത്രമായ തുന്നപ്പണികളോടുകൂടിയ (Embroidery) ഒരു തരം ഉടുപ്പാണ് അവർ ധരിച്ചിരുന്നത്. പക്ഷേ, വലത്തു തോൾ മൂടിയിരുന്നില്ല. മോഹൻജദാറോയിൽനിന്ന് കണ്ടെടുത്ത ഒരു മാവുകല്ലു പ്രതിമയിൽ ക്ലാവർ അടയാളങ്ങൾ നിറഞ്ഞ ഒരുത്തരീയം കാണുന്നു. ആ മനുഷ്യപ്രതിമയുടെ വലത്തെ തോൾ മറച്ചിരുന്നില്ല.

കൂട്ടത്തിൽ പറയട്ടെ: ക്ലാവർ മെസൊപൊട്ടേമിയ, ക്രീറ്റ് മുതലായ പ്രാചീന സംസ്കാരങ്ങളിൽ വളരെ പാവനമായി കരുതപ്പെട്ടിരുന്ന ഒരു ചിഹ്നമാണ്. സിന്ധു നദീതടവാസികളും മെസൊപൊട്ടേമിയക്കാരും തമ്മിൽ അടുത്ത ബന്ധമുണ്ടായിരുന്നുവെന്ന് കരുതുന്ന നിരീക്ഷകന്മാരുടെ അഭിപ്രായത്തിനുപോദ്ബലകമാണ് പ്രസ്തുത ചിഹ്നം.

സൈന്ധവന്മാർ തങ്ങളുടെ തലമുടി പല രൂപത്തിലും ഒതുക്കിവെച്ചിരുന്നുവെന്നു മനസ്സിലാകുന്നു. ചിലർ താടിയും തലമുടിയും കത്രിച്ച്, മീശ പറ്റെ വടിച്ചുകളയുമായിരുന്നു. താടി നീളെ വളർത്തുകയും മീശ വടിച്ചുകളയുകയും ചെയ്യുന്ന ഈ ഫാഷൻ പുരാതന സുമേരിയന്മാരും സ്വീകരിച്ചിരുന്നതായി വിദഗ്ധൻമാർ പ്രസ്താവിക്കുന്നു. സ്ത്രീകൾ തങ്ങളുടെ തലമുടി ഒരുണ്ടപോലാക്കി, പിമ്പുറത്ത് നാട കൊണ്ട് കെട്ടിവെക്കുകയായിരുന്നു പതിവ്. മുടി ചീകി മിനുസപ്പെടുത്തുന്നതിന് ആനക്കൊമ്പുകൊണ്ടും മറ്റുമുള്ള ചീർപ്പുകളുപയോഗിച്ചിരുന്നു. ചെമ്പുതകിടു തേച്ചു തെളിയിച്ച് കണ്ണാടിയായി ഉപയോഗിക്കുക പതിവായിരുന്നു. അത്തരം വാൽക്കണ്ണാടിയും ക്ഷൗരക്കത്തിയും ഖനനത്തിൽ ഉപലബ്ധമായിട്ടുണ്ട്.

സിന്ധുതടവാസികളുടെ ആഭരണങ്ങളെക്കുറിച്ച് അവിടെ നിന്നു കിട്ടിയ ചിത്രങ്ങളും പാവകളും ചില വിവരങ്ങൾ നൽകിയിട്ടുണ്ട്. മൂന്നും നാലും ഇഴകളുള്ള മാലകൾ, വളകൾ എന്നിവ അവയിൽ പ്രാധാന്യം അർഹിക്കുന്നു. സ്വർണം കൊണ്ടും വെള്ളികൊണ്ടുമുള്ള മൂക്കുത്തികൾ, മോതിരങ്ങൾ, കടകങ്ങൾ, മാലകൾ എന്നിവ ഉത്ഖനനത്തിൽ കിട്ടിയിട്ടുണ്ട്. ഇഴകൾ കൂടുതലുള്ള മാലകൾ കെട്ടുപിണയാതിരിപ്പാനായി ഇടക്കിടക്കു പടികൾ വച്ചു പിടിപ്പിച്ചിരുന്നു. മാലകളിൽ സ്വർണമണികൾക്കു പുറമേ, രത്നങ്ങളും പതിച്ചിരുന്നു. അദ്ഭുതകരമായിരുന്നു ആഭരണങ്ങളുടെ പണിത്തരം. മോഹൻജദാറോ ഖനനഗവേഷണത്തിന്റെ ഡയരക്ടർജനറലായിരുന്ന സർ ജോൺ മാർഷൽ 1934-ാമാണ്ടിൽ എഴുതിയ പുസ്തകത്തിൽ അവയെ ഇങ്ങനെ വർണിച്ചിട്ടുണ്ട്: “ഈ ആഭരണങ്ങൾ അയ്യായിരം സംവത്സരങ്ങൾക്കു മുൻപുണ്ടാക്കിയവയല്ല, ലണ്ടൻ പട്ടണത്തിലെ പ്രമുഖരായ ആഭരണശിൽപികൾ ഇന്നുണ്ടാക്കിയവയാണെന്നു തോന്നിപ്പോകുന്നു!”

ആഭരണങ്ങളുടെ മട്ടും പകിട്ടും അത്രയേറെ ആധുനികമായിരിക്കുന്നുവെന്നു സാരം. ആഭരണങ്ങളും വസ്ത്രങ്ങളും ഭംഗിയായി അണിയാനും മുടി വാർന്നു കെട്ടിയിടാനും കൺമഷിയെഴുതാനും സിന്ധു തട

വാസിനികളായ സ്ത്രീകൾക്ക് നന്നായറിയാമായിരുന്നു. അത്തരം ആവശ്യത്തിനാവണം അവർ ചെമ്പു കണ്ണാടികൾ ഉപയോഗിച്ചിരുന്നത്.

## കളിക്കോപ്പുകൾ

കുട്ടികൾക്കു കളിക്കാനുള്ള കോപ്പുണ്ടാക്കുന്നതിൽ സിന്ധു തടവാസികൾ ശ്രദ്ധാലുക്കളായിരുന്നു. പാവകൾ, മൃഗരൂപങ്ങൾ, ഗോട്ടികൾ, കളിമൺവണ്ടികൾ, കുരങ്ങുകൾ, കിലുക്കകൾ, പക്ഷിരൂപത്തിലുള്ള പീപ്പികൾ അങ്ങനെ ധാരാളം കളിപ്പാട്ടങ്ങൾ ഹരപ്പയിൽനിന്നു കണ്ടെടുത്തിട്ടുണ്ട്. ഇവ കൂടാതെ വേറെ അനവധി മൺപ്രതിമകളും ഉപലബ്ധമായിരിക്കുന്നു. എല്ലാം കളിപ്പാട്ടമാവാൻ തരമില്ലെന്നും ചിലതെങ്കിലും ദേവതകളുടേതാവണമെന്നുമാണ് ചില ഗവേഷകന്മാരുടെ അഭിപ്രായം. ഹരപ്പയിൽനിന്നു കിട്ടിയ ഒരു സ്ത്രീരൂപത്തിന്മേൽ കാണുന്ന അരഞ്ഞാണുകൾ ചരിത്രകാലത്തുണ്ടാക്കിയ മിക്ക ശില്പങ്ങളിലും കാണാനുണ്ടെന്നു വിദഗ്ധന്മാർ പറയുന്നു. അക്കാലത്തെ അലങ്കാരശൈലി പില്ക്കാലങ്ങളിലും തുടർന്നുവന്നുവെന്നാണ് ഇതിനർഥം.

ഓടുകൊണ്ട് വാർത്തെടുത്ത ഒരു നർത്തകിയുടെ പ്രതിമ മോഹൻജദാറോ ശിൽപങ്ങളുടെ കൂട്ടത്തിൽ സവിശേഷ പ്രാധാന്യമർഹിക്കുന്നു. ആ നർത്തകി കേവലം നഗ്നയാണ്. അവളുടെ ഇടത്തെ കയ്യിന്മേൽ തോൾ മുതൽ മണിക്കണ്ടം വരെ വളയിട്ടിട്ടുണ്ട്. ആദിവാസിവർഗത്തിൽപ്പെട്ട ഒരു ദാസിയുടെ ചിത്രീകരണമാവാം ആ പ്രതിമയെന്നു ചിലർ അനുമാനിക്കുന്നു. ഇതേ മാതിരി വളകളണിഞ്ഞ മൺപ്രതിമകൾ ബലൂചിസ്താനിലെ കുല്ലിപട്ടണം ഖനനം ചെയ്തപ്പോഴും കിട്ടിയിട്ടുണ്ട്.

## ക്ഷേത്രവും ദേവാലയവും

മോഹൻജദാറോയിൽ ക്ഷേത്രമോ ആരാധനാലയമോ ഇല്ലെന്നായിരുന്നു അവിടെ ആദ്യം ഖനനം നടത്തിയവരുടെ അഭിപ്രായം. ഡോക്ടർ വീലർ സ്ഥലം വീണ്ടും പരിശോധിച്ചപ്പോൾ അവിടത്തെ വലിയ കെട്ടിടം ഒരു ക്ഷേത്രമായിരിക്കാമെന്ന് ഊഹിച്ചു. ആ കെട്ടിടത്തിൽനിന്നും പരിസരത്തുനിന്നുമാണ് നിരവധി ശിൽപങ്ങൾ ലഭിച്ചത്. ആ എടുപ്പിന്റെ നീളം അമ്പത്തിരണ്ട് അടിയും വീതി നാല്പതടിയും ചുമരിന്റെ കനം നാല് അടിയുമായിരുന്നു. രണ്ട് പടിവാതിലുകളും അവയിലേക്ക് കയറിച്ചെല്ലുവാനായി വിസ്താരത്തിലുള്ള രണ്ടു പടികളും അതിനുണ്ട്. പ്രവേശനദ്വാരം കടന്നാൽ വിശാലമായ ഒരു തളം കാണാം. തളത്തിന്റെ നടുക്ക് ഒരു തറയും-ആൽത്തറ മാതിരി. പടിവാതിലിന്റെ അടുത്തുള്ള ഒരു മുറിയിൽനിന്നാണ് താടിക്കാരനായ ഒരു പുരുഷന്റെ പ്രതിമ കിട്ടിയത്. കൂടാതെ ഇരിക്കുന്ന ഒരു മനുഷ്യപ്രതിമയും കണ്ടെടുത്തിട്ടുണ്ട്. അതിന് തലയുണ്ടായിരുന്നില്ല. കോവണിയുടെ ഏറ്റവും മീതെയുള്ള പടിയുടെ അടുത്തുനിന്നാണ് ആ തലയില്ലാരൂപം കിട്ടിയത്. ആകപ്പാടെ ഒരു ദേവാ

* ശ്രീ. കെ.വി. ഗോപാലമേനോന്റെ 'ലോകചരിത്രം' ഒന്നാം ഭാഗം, ഡോക്ടർ എ. അയ്യപ്പന്റെ 'ഭാരതപ്പഴമ,' ശ്രീ. ടി.സി. ശങ്കരമേനോന്റെ 'ശതാബ്ദങ്ങൾക്കപ്പുറത്തുനിന്നുള്ള ശബ്ദങ്ങൾ' എന്നീ കൃതികളും മറ്റുമാണ് ഈ അധ്യായത്തിൽ പ്രതിപാദിച്ച വിവരങ്ങൾക്കാസ്പദം.

ലയത്തിന്റെ സ്വഭാവം അതിനുണ്ടെന്നു തോന്നും.

## മുദ്രകൾ

മോഹൻജദാറോയിൽനിന്ന് കണ്ടെടുത്ത മുദ്രകൾ അനവധിയാണ്. 1200-ഓളമെത്തും അവയുടെ സംഖ്യ. എഴുത്തും വായനയും അറിയുന്ന ഒരു സംസ്കൃത സമുദായമായിരുന്നു സിന്ധുതടവാസികൾ എന്ന് ആ മുദ്രകളിൽ കൊത്തിയ വരികൾ കുറിക്കുന്നു. തങ്ങളുടെ സാധനങ്ങളിന്മേലും കച്ചവടസാമാനങ്ങളിന്മേലും അടയാളപ്പെടുത്തേണ്ടതിനു വേണ്ടിയാവണം സൈന്ധവന്മാർ പ്രസ്തുത മുദ്രകൾ നിർമിച്ചിരുന്നത്. സമചതുരത്തിലും ദീർഘചതുരത്തിലും മാവുകല്ലുകൊണ്ടുണ്ടാക്കിയ ഈ മുദ്രകൾക്ക് മുക്കാലംഗുലം മുതൽ ഒരംഗുലം വരെ നീളമുണ്ട്. ആവശ്യത്തിനൊത്ത്, പല അളവിൽ കല്ലറുത്ത്, മിനുസപ്പെടുത്തി, അതിന്മേൽ അക്ഷരങ്ങളും ചിത്രങ്ങളും കൊത്തി, ഒരു തരം ചാരക്കൂട്ടു തേച്ചു, തീയിൽ ചുട്ടെടുത്തതാകുന്നു അവ. പിഞ്ഞാണസമാനം വെള്ളയായി തിളങ്ങുന്ന, ചിത്രങ്ങളുള്ള മുദ്രകളാണ് അധികകൂറും. മനുഷ്യരൂപം, നരമൃഗരൂപം (പാതി മനുഷ്യന്റേതും പാതി മൃഗത്തിന്റേതുമായ രൂപം), മൃഗരൂപം (കാളയുടെയും പുലിയുടെയും കാട്ടിയുടെയും കണ്ടാമൃഗത്തിന്റെയും മറ്റും രൂപം) ഇങ്ങനെ പല ചിത്രങ്ങളും അവയിൽ കാണുന്നുണ്ട്. പല മുദ്രകളിലും ഒറ്റക്കൊമ്പുള്ള ഒരു മൃഗത്തിന്റെ ചിത്രമാണ് കാണുന്നത്. മനുഷ്യന്റെ മുഖവും ആനയുടെ കൊമ്പും തുമ്പിക്കൈയും കാളയുടെ കൊമ്പും ആടിന്റെ കാലുകളും പുലിയുടെ പിൻകാലുകളുമുള്ള ചിത്രങ്ങളുമുണ്ട്.

ഇക്കൂട്ടത്തിൽ എടുത്തുപറയാവുന്ന മൂന്നു മുദ്രകൾ മോഹൻജദാറോയിൽനിന്ന് കിട്ടിയിട്ടുണ്ട്. മൂന്നു മുഖങ്ങളുള്ള ആ മൂർത്തി ഉയരം കുറഞ്ഞ ഒരു പീഠത്തിന്മേൽ ആസനസ്ഥനായിരുന്നു. ജോൺ മാർഷലും മറ്റും പശുപതി ശിവന്റെ രൂപമാണതെന്ന് ബലമായി സംശയിക്കുന്നു. ഈ ശൈവപീഠത്തിന്റെ നേരെ താഴെയായി രണ്ടു മാനുകളുടെ ചിത്രം കാണാം. ബുദ്ധ വിഗ്രഹത്തിന്റെ താഴെ ചിലപ്പോൾ ഇങ്ങനെ മാനുകളെ ചിത്രീകരിച്ചു കാണാറുണ്ട്. ഇന്ത്യയിലെ അവൈദികമതത്തിന്റെ തുടർച്ചയായിരുന്നു, ബുദ്ധമതവും ജൈനമതവും എന്ന് അഭിപ്രായമുണ്ടായിരുന്ന ചില പണ്ഡിതന്മാരുണ്ട്. അവരുടെ പക്ഷത്തിനുപോദ്ബലകമായ ഒരു തെളിവാകുന്നു ഈ മാൻ ചിത്രങ്ങൾ.

ഇതുപോലെ ഒരു ഭാഗത്ത് മൃഗരൂപവും മറുഭാഗത്ത് ചിത്രാക്ഷരങ്ങളും (Pictographs)ഉള്ള ചെമ്പുതകിടുകൾ-ഹരപ്പാ കാലത്തിന്റെ അവസാനദശയുടേത്-കിട്ടിയിട്ടുണ്ട്. ഇവ നാണ്യങ്ങളോ 'രക്ഷകളോ' ആയിരിക്കാമെന്നാണ് വിദഗ്ധന്മാരുടെ അനുമാനം.

## ഗൃഹോപകരണങ്ങൾ

കത്തികൾ പലതരം, തുളയുള്ളതും തുളയില്ലാത്തതുമായ കോടാലികൾ, വെങ്കലംകൊണ്ടുള്ള മഴു, ഉളി, ഈർച്ചവാൾ, കൊടിൽ, ചൂണ്ടൽ,

സൂചി, അരിവാൾ, പാത്രങ്ങൾ എന്നീ ഗൃഹോപകരണങ്ങളും ധാരാളം കിട്ടുകയുണ്ടായി. പാത്രനിർമാണം സിന്ധുതടവാസികളുടെ പ്രധാന തൊഴിലായിരുന്നു എന്നു സംശയിക്കപ്പെടുന്നു. ചെമ്പ്, ഓട്, പിച്ചള, കളിമണ്ണ് എന്നിവകൊണ്ട് വിവിധ വലുപ്പത്തിലും ആകൃതിയിലും നിർമിച്ചിട്ടുള്ള ധാരാളം പാത്രങ്ങൾ ഖനനത്തിൽ കൈവന്നിട്ടുണ്ട്. പാത്രങ്ങളിൽ ചിലതിന്മേൽ മിനുസപ്പെടുത്തിയതോ അല്ലാത്തതോ ആയ ചിത്രങ്ങളും കാണുന്നു. ലോഹപാത്രങ്ങളെ സംബന്ധിച്ച ഗവേഷണത്തിൽനിന്ന്, അവ മൂശയിൽ വാർത്തെടുക്കുന്നതിനും ചുറ്റിക കൊണ്ടടിച്ചു പാകപ്പെടുത്തുന്നതിനും സിന്ധുതടവാസികൾക്കറിയാമായിരുന്നുവെന്ന് മനസ്സിലായിട്ടുണ്ട്.

കച്ചവടക്കാർ ഉപയോഗിച്ചിരുന്ന തൂക്കക്കട്ടികൾ ധാരാളം കണ്ടെടുത്തിട്ടുണ്ട്. കല്ലുകൊണ്ടാണ് അവ ഉണ്ടാക്കിയിട്ടുള്ളത്. ഭാരം കുറഞ്ഞ കട്ടികളും ഭാരം കൂടിയ കട്ടികളുമുണ്ട്. ലഘുവായ കട്ടികളായിരുന്നിരിക്കണം, സ്വർണവും വെള്ളിയും ആഭരണങ്ങളും തൂക്കിക്കണക്കാക്കുവാൻ ഉപയോഗിച്ചിരുന്നത്. ഘനചതുരത്തിലാണ് ചെറുകട്ടികൾ. അവയുടെ അനുപാതം 1, 2, 8, 16, 32, 12800 എന്ന മട്ടിലാണ്. നീളം അളക്കുന്നത് 12 മുതൽ 13 $^{4}/_{5}$ അംഗുലംവരെ നീളമുള്ള അടികൊണ്ടും 20 $^{3}/_{10}$ മുതൽ 20 $^{4}/_{5}$ അംഗുലം വരെ നീളമുള്ള മുഴം കൊണ്ടുമായിരുന്നു.

ഹരപ്പൻ സംസ്കാരത്തിലെ വസ്തുക്കൾ-കോട്ടകൾ, വീഥികൾ, കെട്ടിടങ്ങൾ, ജലാശയങ്ങൾ മുതലായവ-ഉണ്ടാക്കുവാനുപയോഗിച്ച സാമഗ്രികൾ ചെമ്പുകൊണ്ടും വെങ്കലംകൊണ്ടും നിർമിച്ചവയായിരുന്നു. ഇരുമ്പായുധങ്ങൾ അക്കാലത്തുണ്ടായിരുന്നില്ലെന്നു വേണം വിചാരിക്കുക. യുദ്ധസാമഗ്രികളുടെ ലിസ്റ്റിൽ പെടുത്താവുന്ന വളരെ കുറച്ചുമാത്രമേ കിട്ടിയിട്ടുള്ളൂ. കുന്തം, പരശു, അസ്ത്രം, വാൾ, കവണക്കല്ല് മുതലായവയാണത്. ഭംഗിയായി ചിത്രങ്ങൾ വരച്ച മൺപാത്രങ്ങളാണ് ഹരപ്പന്മാർ നിത്യേന ഉപയോഗിച്ചിരുന്നത്.

ഈജിപ്തും ഇറാഖും പരുത്തിത്തുണി ഉണ്ടാക്കുന്നതിന് എത്രയോ മുമ്പുതന്നെ ഹരപ്പാസാമ്രാജ്യത്തിൽ അതു നെയ്തുണ്ടാക്കിയിരുന്നതായി തെളിഞ്ഞിട്ടുണ്ട്. ചുകപ്പു ചായം കൊടുത്ത ഒരു തുണിക്കഷണം മോഹൻജദാറോയിൽനിന്നു കിട്ടുകയുണ്ടായി. ലോകത്തിലെ ഏറ്റവും പുരാതനമായ പരുത്തി വസ്ത്രമായിരുന്നു അതെന്ന് വിദഗ്ധന്മാർ അഭിപ്രായപ്പെടുന്നു. ഇന്ത്യയിൽനിന്നു പുറം രാജ്യങ്ങളിലേക്ക് അയച്ചിരുന്ന ചരക്കുകളിൽ ഏറ്റവും പ്രധാനമായത് പരുത്തിവസ്ത്രങ്ങളായിരുന്നുവെന്നും അവർ പറയുന്നു. യവനന്മാർ പരുത്തിക്കു കൊടുത്തിരുന്ന നാമം 'സിന്ധോൺ' എന്നാണ്. സിന്ധിൽനിന്ന് ഇറക്കുമതി ചെയ്തിരുന്നതുകൊണ്ടാവണം പരുത്തിക്ക് അവിടെ ആ പേർ കിട്ടിയത്.

## വിദേശബന്ധം

മോഹൻജദാറോയിലെയും ഹരപ്പയിലെയും പൂർവനിവാസികൾ തങ്ങളുടെ തൊഴിലുകൾക്കും ജീവിതത്തിനുമാവശ്യമായ അസംസ്കൃ

ത പദാർഥങ്ങൾ വാങ്ങുന്നതിനും തങ്ങളുണ്ടാക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിനും പല രാജ്യങ്ങളുമായി ബന്ധം പുലർത്തിപ്പോന്നിരുന്നു. ഇന്ത്യയിൽതന്നെ തെക്കും കിഴക്കുമുള്ള പ്രദേശങ്ങളുമായി അവർ വ്യാപാരബന്ധം സ്ഥാപിച്ചിരുന്നു. ഇന്ത്യക്കു പുറമെ, അഫ്ഗാനിസ്ഥാൻ, ഇറാഖ്, പേർഷ്യ മുതലായ നാടുകളുമായും അവർ വ്യാപാരബന്ധം പുലർത്തിപ്പോന്നു. അഫ്ഗാനിസ്ഥാനിൽനിന്നും രാജസ്ഥാനിലെ ഖത്രിയിൽനിന്നും ചെമ്പ്, മൈസൂരിൽനിന്ന് സ്വർണം, ഇറാഖിൽനിന്ന് നീലക്കല്ല്, പാമീറിൽനിന്നും പേർഷ്യയിലെ ഖുറാസാനിൽ നിന്നും ജെയ്ഡ് അങ്ങനെ പലതും അവർ ഇറക്കുമതി ചെയ്തിരുന്നു. പരുത്തിത്തുണിയും സുഗന്ധദ്രവ്യങ്ങളുമായിരുന്നു സിന്ധിൽനിന്നുള്ള പ്രധാന കയറ്റുമതിച്ചരക്കുകൾ. ഊർ, ലാഗാഷ്, സൂസ, ടെൽആസ്മാർ മുതലായ അതിപ്രാചീന നഗരങ്ങളിൽനിന്ന് ഇന്ത്യൻ വ്യാപാരികളുടെ മുദ്രകൾ കിട്ടിയത്തന്നെ ഇതിന് തെളിവാണ്. ലാഗാഷിന്റെ അടുത്തുനിന്ന് കിട്ടിയ ഒരു ഇന്ത്യൻ മുദ്ര ഒരു തുണിക്കെട്ടിന്മേൽനിന്നാണ് കണ്ടെടുത്തത്. ഹരപ്പയിൽനിന്നു കിട്ടിയ ഒരു പാത്രക്കഷണത്തിന്മേലും ഒരു മുദ്രമേലും പെട്ടകത്തിന്റെ ചിത്രം കാണുകയുണ്ടായി. കടൽയാത്ര സിന്ധുതടവാസികൾക്ക് സുപരിചിതമായിരുന്നുവെന്ന് അതിൽനിന്നും അനുമാനിക്കാം.

## ശ്മശാനങ്ങൾ

ശ്മശാനങ്ങളിൽ ശവത്തോടൊപ്പം, മരിച്ച ആളിനുവേണ്ടി പാത്രങ്ങളിൽ ഭക്ഷണസാധനങ്ങൾ, ആഭരണങ്ങൾ മുതലായവ നിക്ഷേപിച്ചുകാണുന്നു. ഈ സമ്പ്രദായത്തിൽനിന്ന് ഹരപ്പൻ ജനങ്ങൾക്കു മരണാനന്തരജീവിതത്തിൽ വിശ്വാസമുണ്ടായിരുന്നുവെന്നു തെളിയുന്നു. ഒരു ശവക്കുഴിയിൽ ശവം പായയിൽ പൊതിഞ്ഞു, മരംകൊണ്ടുണ്ടാക്കിയ പെട്ടിയിൽവെച്ച് മറമാടിയതായി കാണുകയുണ്ടായി. പ്രാചീന ഇറാഖിലും ശവം ഇങ്ങനെ പെട്ടിയിലാണ് അടക്കം ചെയ്തിരുന്നതെന്ന് ഗവേഷകന്മാർ പറയുന്നു.

ഹരപ്പാനഗരത്തിലെ ഒരു ശ്മശാനത്തിന്റെ ഏതാനും ഭാഗങ്ങൾ ഖനനം ചെയ്തപ്പോൾ ശവങ്ങൾ മിക്കവയും തല വടക്കോട്ടാക്കിയാണ് മറവുചെയ്തതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ചിലതിൽ പാത്രങ്ങളും ചെമ്പുകൊണ്ടുള്ള ആയുധങ്ങളും മുഖക്കണ്ണാടികളും മണികളും ഇത്തിൾ സ്പൂണുകളും മറ്റും കാണുകയുണ്ടായി. ഒരു കുഴിയുടെ നാലു ഭാഗങ്ങളും ഇഷ്ടികകൊണ്ടു പടുത്തിരുന്നു. ഒരു സ്ത്രീയുടെ ശവം ഏഴടി നീളമുള്ള ദേവദാരു മരത്തിന്റെ തടി കുഴിച്ചുണ്ടാക്കിയ പെട്ടിയിലാണ് അടക്കം ചെയ്തിരുന്നത്. മരം ദ്രവിച്ചു പൊടിയായിപ്പോയിരുന്നു. എങ്കിലും പെട്ടിയുടെ മരവും ആകൃതിയും വീലർക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഈ ഹരപ്പൻ സ്ത്രീ കാതുകളിലും വലത്തെ കൈയിന്റെ നടുവിരലിലും ചെമ്പുമോതിരങ്ങൾ അണിഞ്ഞിരുന്നു.

## കാലനിർണയം

ഹരപ്പയിലും മോഹൻജദാറോയിലും നടത്തിയ ഖനനക്രിയകൾക്ക്

നേതൃത്വം വഹിച്ച സർ. ജോൺ മാർഷൽ ഹരപ്പാ നാഗരികതയുടെ കാലം ഏതാണ്ട് ക്രി. മു. 2500 ആണെന്ന് അഭിപ്രായപ്പെടുകയുണ്ടായി. മോഹൻജദാറോയിലെ ചില മുദ്രകൾ പ്രാചീന മെസൊപൊട്ടേമിയൻ നഗരങ്ങളിൽനിന്നു കിട്ടിയിരുന്നു. ആ മുദ്രകളോടൊപ്പം മെസൊപൊട്ടേമിയയിൽനിന്ന് കണ്ടെടുത്ത മറ്റു ചില വസ്തുക്കളുടെ കാലം നിർണയിക്കപ്പെട്ടിരുന്നതിനാൽ, ഹരപ്പാസംസ്കാരത്തിന്റെ കാലവും അതായിരിക്കണമെന്ന് അദ്ദേഹം ഊഹിച്ചു.

ഇയ്യിടെ അഫ്ഗാനിസ്ഥാനിൽ മുണ്ഡീഗഡ് ഗ്രാമത്തിൽ ഫ്രഞ്ചുകാർ ഖനനം നടത്തി. ഹരപ്പൻസംസ്കാരത്തിനു മുമ്പേയുള്ള ഒരു ഗ്രാമത്തിന്റെ മേലായിരുന്നു ഹരപ്പാനാഗരികത അവിടെ സ്ഥാപിതമായത്. കാർബൺ-14 പരീക്ഷണംകൊണ്ട് ഹരപ്പൻ സംസ്കാരത്തിന്റെ ആരംഭം ക്രി. മു. 2700-ാമാണ്ടിലാണെന്നു നിശ്ചയിക്കുവാൻ പ്രസ്തുത ഗവേഷകന്മാർക്ക് സാധിച്ചു. സർ മാർഷലിന്റെ ഊഹം ഒരുമാതിരി ശരിയായിരുന്നുവെന്ന് ഇതു തെളിയിക്കുന്നു.

5000 കൊല്ലം പഴമയുള്ള സിന്ധുതടസംസ്കാരം നമ്മുടെ ദൃഷ്ടിയിൽപെടുന്നതു പൂർണത പ്രാപിച്ച ഒരു നാഗരികതയായിട്ടാണ്. അതിനാൽ ആ സംസ്കാരത്തിന്റെ ആരംഭം അക്കാലത്തിനും എത്രയോ മുമ്പായിരിക്കണമെന്ന കാര്യത്തിൽ സംശയമില്ല.*

അധ്യായം ഒമ്പത്

# ആര്യ-ദസ്യു പ്രശ്നം

**ഭാ**രതീയ സംസ്കാര ചരിത്രത്തിൽ അതിരൂക്ഷമായ വിവാദത്തിനിടവരുത്തിയ ഒരു വിഷയമാകുന്നു ആര്യ-ദസ്യുപ്രശ്നം. ഭാരതത്തിലെ ഏറ്റവും പ്രാചീനസാഹിത്യമെന്ന് നിരൂപകന്മാർ ഐകകണ്ഠ്യേന സമ്മതിച്ച ഋഗ്വേദത്തിൽ, രണ്ടു വിഭാഗങ്ങൾക്കിടയിൽ നടമാടിയിരുന്ന സമരസംഘട്ടനങ്ങളുടെ വിവരണം കാണാം. 'ആര്യന്മാർ' എന്നും 'ദസ്യുക്കൾ' എന്നും പറഞ്ഞുവരുന്ന പ്രസ്തുത രണ്ടു വിഭാഗങ്ങളാരായിരുന്നു? ഇതെപ്പറ്റി സ്വൽപം പ്രതിപാദിക്കേണ്ടതുണ്ട്.

വേദകർത്താക്കൾ അല്ലെങ്കിൽ 'വേദദ്രഷ്ടാക്കൾ' ആര്യ വിഭാഗത്തിൽ പെട്ടവരായിരുന്നുവെന്ന കാര്യം നിസ്തർക്കമത്രെ. വേദങ്ങളിൽ ഏറ്റവും പ്രാചീനമായത് ഋഗ്വേദസംഹിതയാണെന്ന വിഷയത്തിലും പക്ഷാന്തരമില്ല. അതിനാൽ ഋഗ്വേദം നൽകുന്ന സൂചനകളെ ആധാരമാക്കി പ്രസ്തുത പ്രശ്നത്തിന് ഉത്തരം കാണാൻ ശ്രമിക്കുന്നതാവും ഉത്തമം.

വേദകർത്താക്കളായ ആര്യന്മാർക്ക് ഇന്ത്യയിൽ പ്രബലമായ ഒരു എതിർശക്തിയെ അഭിമുഖീകരിക്കേണ്ടി വന്ന വസ്തുത ഋഗ്വേദത്തിൽ

അങ്ങുന്നിങ്ങോളം പ്രതിപാദിച്ചു കാണുന്നു. ഈ ശത്രുസമൂഹത്തെ വേദം 'ദസ്യുക്കൾ' എന്ന പരിഹാസപ്പേരിലാണ് വിളിച്ചിരിക്കുന്നത്. ദസ്യു എന്നാൽ ദാസൻ, ശത്രു എന്നൊക്കെയാണ് അർഥം. ചിലപ്പോൾ 'ദാസൻ' എന്നും 'അസുരൻ' എന്നും ആ വിഭാഗത്തെ വിളിച്ചതായി കാണാം. വേദങ്ങൾക്ക് വളരെ ശേഷം നിലവിൽ വന്ന കൃതികളാണ് 'സ്മൃതികൾ' അഥവാ ധർമശാസ്ത്രങ്ങൾ. അവയിൽ പ്രസ്തുത വിഭാഗത്തെ 'പിശാചന്മാർ', 'രാക്ഷസന്മാർ', 'വൃഷളന്മാർ', 'ചണ്ഡാലന്മാർ', 'ശൂദ്രന്മാർ' എന്നും മറ്റുമാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ആകയാൽ പ്രസ്തുത വിഭാഗം ആര്യവൈരികളായിരുന്നുവെന്ന് തീർച്ച. ഈ രണ്ടു വിഭാഗങ്ങൾക്കിടയിൽ നിരന്തരം യുദ്ധങ്ങളും കൊള്ളകളും നടന്നിരുന്നതായി വേദം ആവർത്തിച്ചാവർത്തിച്ചു പറയുന്നുണ്ട്. യുദ്ധങ്ങളിൽ ആര്യവിഭാഗത്തിന്റെ പക്ഷത്താണ് വിജയമുണ്ടായിരുന്നതെന്നും വേദം അവകാശപ്പെടുന്നു.

ആര്യന്മാരും ദസ്യുക്കളും ഒരേ വർഗക്കാരായിരുന്നുവോ? ആയിരുന്നുവെന്നാണ് ഇന്ന് ചില ഹൈന്ദവ ഗ്രന്ഥകാരന്മാർ വാദിക്കുന്നത്. ആര്യ-ദസ്യുസമരങ്ങൾ കേവലം കുടുംബകലഹങ്ങളായിരുന്നുവെന്ന് അവർ സിദ്ധാന്തിക്കുന്നു. എന്നാൽ ബഹുഭൂരിപക്ഷം ചരിത്രഗവേഷകന്മാരുടെയും നിഗമനം അവർ തികച്ചും ഭിന്നമായ രണ്ടു വർഗങ്ങളായിരുന്നുവെന്നത്രെ. അവർക്കിടയിൽ നടമാടിയിരുന്നതായി ആര്യവേദങ്ങളിൽ പറയുന്ന സമരങ്ങൾ വർഗീയവും വർണപരവുമായ സമരങ്ങളായിരുന്നു എന്നും ഇവർ സമർഥിക്കുന്നു.

നമുക്കീ വിവാദത്തിൽ സവിശേഷമായ താത്പര്യമൊന്നുമില്ലെങ്കിലും, ചരിത്രവസ്തുതയെ ആ നിലയ്ക്കു തന്നെ കാണുകയെന്നതാണ് നീതിയുടെ താത്പര്യമെന്നു നാം വിശ്വസിക്കുന്നു. അതിനാൽ ആര്യ- ദസ്യു പ്രശ്നത്തെപ്പറ്റി കിട്ടിയേടത്തോളം തെളിവിന്റെ അടിസ്ഥാനത്തിൽ ഒരു പരാമർശം നടത്താൻ ഇത്തരുണത്തിൽ ധൈര്യപ്പെടുന്നു.

ആര്യന്മാരും ദസ്യുക്കളും തമ്മിൽ മതപരമായ ഭിന്നതയുണ്ടായിരുന്നുവെന്ന് പ്രഥമ ദൃഷ്ടിയിൽതന്നെ കാണാവുന്നതാണ്. ആര്യന്മാർ ആരാധിച്ചിരുന്ന ദേവന്മാരെ ദസ്യുക്കൾ അംഗീകരിച്ചിരുന്നില്ല. ആര്യദേവന്മാരിൽ പ്രധാനിയായിരുന്നു 'ഇന്ദ്രൻ.' ഋഗ്വേദത്തിൽ ഇന്ദ്രനെ സ്തുതിച്ചു പാടിയ മന്ത്രങ്ങൾക്ക് കണക്കില്ല. ദസ്യുക്കളെയും അവരുടെ നഗരങ്ങളെയും രാജാക്കന്മാരെയും തകർത്തു തരിപ്പണമാക്കുകയെന്നതായിരുന്നു ഇന്ദ്രന്റെ മുഖ്യകൃത്യം. അതിനാൽ ഇന്ദ്രന് 'പുരന്ദരൻ' (നഗരവിധ്വംസകൻ) എന്നൊരു സ്ഥാനപ്പേരു തന്നെ വേദം നൽകുകയുണ്ടായി. ഇന്ദ്രന്റെ അപദാനങ്ങൾ കീർത്തിച്ച കൂട്ടത്തിൽ വേദം പറയുന്നു:

"സസാനാത്യാം ഉതസൂര്യ സസാനേ-
ന്ദ്രഃ സസാന പുരുഭോജസ ഗാം!
ഹിരണ്യമുത്യഭോഗം സസന
ഹത്വീ ദസ്യൂൻ പ്രാര്യവർണ്ണമാവത്!"[1]

ഈ ഋക്കിനെ മഹാകവി വള്ളത്തോൾ പദ്യത്തിൽ വിവർത്തനം ചെയ്തിരിക്കുന്നതു നോക്കുക:

"നൽകി,യശ്വങ്ങളെ; നൽകി, ദിനേശനെ;
നൽകി,യിന്ദ്രൻ പുരുഭോഗ്യയാം ഗോവിനെ;
നൽകി, പൊന്നിന്മുതൽ; ദസ്യുക്കളെക്കൊന്നു
നന്നായി രക്ഷിച്ചിതാര്യവർണ്ണങ്ങളെ!"

ഇന്ദ്രൻ ആര്യന്മാരുടെ പ്രതിയോഗികളായിരുന്ന ദസ്യുക്കളെ കൊന്നുവെന്നും ആര്യവർണങ്ങളെ രക്ഷിച്ചുവെന്നുമാണ് ഇവിടെ പറയുന്നത്. 'ആര്യവർണങ്ങൾ' എന്നു വിശേഷാൽ പറഞ്ഞതിൽനിന്ന് വർണ (വർഗ) വിദ്വേഷമാണ് ഈ സമരത്തിന്റെ പിറകിൽ പ്രവർത്തിച്ചതെന്ന് ഊഹിക്കാം. പിൽക്കാലത്ത് ആര്യന്മാർ ഇന്ത്യയിൽ നടപ്പിൽവരുത്തിയ 'ചാതുർവർണ്യവ്യവസ്ഥിതി' പ്രസ്തുത അനുമാനത്തിനു പ്രാബല്യം നൽകുന്നുണ്ട്താനും. ആകയാൽ വേദത്തിൽ വർണിച്ച ആര്യ- ദസ്യു സംഘർഷം ഇവിടെ രൂഢമൂലമായിത്തീർന്ന വർണസമരത്തിന്റെ തുടക്കത്തെയാണ് കുറിക്കുന്നത്. ഇന്ന് അമേരിക്കയിലും സൗത്താഫ്രിക്കയിലും നടമാടുന്ന, കറുത്ത വർഗക്കാരും വെള്ളക്കാരും തമ്മിലുള്ള വർണസമരംപോലെ തന്നെയായിരുന്നു അതും.

## സംഘർഷത്തിന്റെ രൂക്ഷത

ആര്യ-ദസ്യു സംഘർഷത്തിന്റെ രൂക്ഷത തുല്യതയില്ലാത്തതായിരുന്നു. ആര്യന്മാരെക്കാൾ സംസ്കൃതിയും നാഗരികതയും പ്രാപിച്ച ഒരു വിഭാഗമായിരുന്നു ദസ്യുക്കൾ. അവരുടെ ശക്തിയും പ്രതാപവും അവഗണിക്കാൻ ആര്യന്മാർക്ക് കഴിഞ്ഞില്ല. സുഭദ്രമായ കോട്ടകളും സുസംസ്കൃതമായ പട്ടണങ്ങളും അസൂയാർഹമായ ഭരണസംവിധാനവും അവർക്കുണ്ടായിരുന്നുവെന്ന് വേദം തന്നെ സമ്മതിക്കുന്നു. ആര്യന്മാർക്കാകട്ടെ, അതൊന്നും അവകാശപ്പെടാനുണ്ടായിരുന്നില്ല.

എന്നിരുന്നാലും യുദ്ധങ്ങളിൽ അടിക്കടി പരാജയമാണ് ദസ്യുക്കൾക്ക് നേരിട്ടുകൊണ്ടിരുന്നത്. ഒരുവേള അവർക്കിടയിൽ വേണ്ടത്ര ഐക്യവും യോജിപ്പുമുണ്ടായിരുന്നില്ലായിരിക്കാം. എന്നാൽ വേദദ്രഷ്ടാക്കളായ ഋഷിമാർ ആ പരാജയത്തിൽ കാണുന്ന കാരണം മറ്റൊന്നാണ്. സർവശക്തനായ ഇന്ദ്രൻ തമ്പുരാന്റെ അപ്രതിരോധ്യമായ കഴിവും മിടുക്കും!

ദസ്യുക്കൾ വിവിധ വിഭാഗക്കാരായിരുന്നു. ആ വിഭാഗങ്ങളുടെ പേരുകൾ വേദത്തിൽ എടുത്തുപറഞ്ഞിട്ടുണ്ട്. ശിമ്യുക്കൾ, കീകതർ, അജന്മാർ, ശിഗ്രുക്കൾ, യക്ഷുക്കൾ എന്നീ വിഭാഗങ്ങൾ അക്കൂട്ടത്തിൽപെടുന്നു. അവർക്ക് ചില രാജാക്കന്മാരും നേതാക്കന്മാരുമുണ്ടായിരുന്നു. ശംബരൻ, വർച്ചിസ്സ്, ധുനി, ചുമുറി, പിപ്ര്, ഇലീബസൻ, കൃഷ്ണൻ, ശുഷ്ണൻ എന്നീ രാജാക്കന്മാർ സുപ്രസിദ്ധരായിരുന്നു. ശംബരന് നൂറുക്കണക്കായ 'പുരങ്ങൾ' (നഗരങ്ങൾ) ഉണ്ടായിരുന്നു. അവ കരിങ്കല്ലുകൊണ്ടാണ് നിർമിച്ചിരുന്നതെന്നും വേദം സമ്മതിക്കുന്നു:

"ആർ ശംബരന്റെ നൂറു പുരാതന നഗരങ്ങളെ വജ്രംകൊണ്ട് പിളർത്തിയോ, ആർ വർച്ചിയുടെ നൂറായിരത്തെ വീഴിച്ചുവോ, ആ ഇന്ദ്രന് സോമം കൊണ്ടുവരുവിൻ!"[2]

ആര്യന്മാർ യാഗത്തിൽ തങ്ങളുടെ ദേവതകൾക്കർപ്പിച്ചിരുന്ന ഒരു തരം വിശുദ്ധപാനീയമാണ് സോമം. ഇന്ദ്രദേവന് അർപ്പിക്കാൻ സോമം കൊണ്ടുവരാൻ പ്രസ്തുത മന്ത്രത്തിൽ ഋഷി ആവശ്യപ്പെടുന്നു. കാരണം, അദ്ദേഹത്തിന്റെ ശക്തി മൂലമാണ് കരിങ്കല്ലുകൊണ്ട് നിർമിതമായ ദസ്യു കോട്ടകൾ തകർക്കുവാൻ ആര്യന്മാർക്കു കഴിഞ്ഞത്:

"ഇന്ദ്രൻ കരിങ്കൽപ്പണിയാമീരമ്പതു പുരങ്ങളെ,
ഹവിസ്സു നല്കിയ ദിവോദാസന്നായിപ്പൊതുക്കിനാൻ!"[3]

ദിവോദാസൻ ഒരു ആര്യരാജാവായിരുന്നു. അദ്ദേഹം ഇന്ദ്രന് ഹവിസ്സ് (യജ്ഞം, അഥവാ യാഗം) നല്കി. അതിനാൽ ദിവോദാസന്റെ ശത്രുവായ ശംബരൻ കരിങ്കല്ലുകൊണ്ട് പണിയിച്ച നൂറു ദുർഗങ്ങളെ ഇന്ദ്രൻ തകർത്തു തരിപ്പണമാക്കി. ഇതാണ് പ്രകൃതമന്ത്രത്തിലെ പ്രമേയം.

കരിങ്കല്ലുകൊണ്ടു മാത്രമല്ല, ഇരുമ്പുകൊണ്ടും അക്കാലത്ത് കോട്ടകൾ നിർമിച്ചിരുന്നതായി വേദം സൂചിപ്പിക്കുന്നുണ്ട്:

"മുമ്പ് ഒരു നൂറു ഇരുമ്പുകോട്ടകളിൽ ഞാൻ (വാമദേവൻ ഋഷി) പാർത്തിരിക്കുന്നു...."[4]

ദസ്യുക്കൾക്കെതിരെ ഇരുമ്പു കോട്ടകളായിത്തീരണമെന്നു ഒരു മന്ത്രത്തിൽ, അഗ്നിദേവനോട് ഋഷിമാർ പ്രാർഥിക്കുന്നു:

"ഞങ്ങൾക്കാൾക്കാരെ രക്ഷിപ്പാന,പ്രധർഷിതനാംഭവാൻ പരം പരന്ന പെരിയോരിരിമ്പു പുരിയാകണം!"[5]

അതിനാൽ ഇരുമ്പ് വേദകർത്താക്കൾക്ക് സുപരിചിതമായിരുന്നു. വമ്പിച്ചൊരു ശക്തിയായിരുന്നു ദസ്യുക്കൾ. പക്ഷേ, ആര്യന്മാരുമായുള്ള പോരാട്ടങ്ങളിൽ അവരുടെ പക്കൽ വേണ്ടത്ര ആയുധങ്ങൾ ഉണ്ടായിരുന്നില്ലെന്നു തോന്നുന്നു. പരിഷ്കരിച്ച ഇരുമ്പായുധങ്ങൾക്കായിരുന്നു അക്കാലത്ത് പ്രാധാന്യം. ഇരുമ്പിന് സ്വർണത്തെക്കാളധികം വിലയുള്ള ഒരു കാലം ചരിത്രത്തിൽ കഴിഞ്ഞുപോയിട്ടുണ്ട്. അസുരന്മാരുടെ വശം പരിഷ്കൃതായുധങ്ങളില്ലായിരുന്നുവെന്ന് വേദത്തിൽ നിന്ന് മനസ്സിലാകുന്നു:

"ഇന്ദ്ര, ഭവാന്റെ തിളങ്ങുന്ന വില്ലിനേയും മരുത്സംഘത്തേയും വജ്രത്തേയും ആരെതിർക്കും? ഋജീഷിൻ, ആയുധമില്ലാത്ത, ദേവദ്വേഷികളായ അസുരന്മാരെ നിന്തിരുവടി ചക്രംകൊണ്ട് ആട്ടിപ്പായിച്ചാലും!"[6]

എന്നാൽ ഇന്ദ്രന്റെ പക്ഷക്കാർക്കതുണ്ടായിരുന്നു. വജ്രം, ചക്രം മുതലായ പരിഷ്കൃത ഇരുമ്പായുധങ്ങളാണ് അവരുടെ വശമുണ്ടായിരുന്നത്.

"ഇന്ദ്രന്റെ മുറുകെപ്പിടിച്ച വജ്രം ഇരുമ്പാണ്; ഇന്ദ്രന്റെ കൈകൾക്ക് വളരെയുണ്ട് ബലം!....."[7]

## അസുര നേതാക്കന്മാരുടെ വിനാശം

അസുരരാജാക്കന്മാരെയും അവരുടെ സേനാവ്യൂഹങ്ങളെയും നശിപ്പിച്ച കഥകളാൽ നിർഭരമാണ് വേദമന്ത്രങ്ങൾ. രാജാക്കന്മാരുടെ കൂട്ടത്തിൽ പേരുകേട്ട ഒരാളായിരുന്നു ശംബരൻ. അദ്ദേഹത്തിന്റെ നൂറുപുരങ്ങൾ തരിപ്പണമാക്കിയതിൽ ഋഷിമാർക്ക് ഇന്ദ്രനോടുള്ള കടപ്പാട് അപാരമായിരുന്നു. ആ കഥ ഋഗ്വേദത്തിൽ പലവുരു ആവർത്തിച്ചിരിക്കുന്നു.

മറ്റൊരു അസുരരാജാവായിരുന്നു വർച്ചി അഥവാ വർച്ചിസ്. നൂറായിരം വരുന്ന അദ്ദേഹത്തിന്റെ സൈന്യശക്തിയെ ഇന്ദ്രൻ തകർത്ത കഥ നാം മുമ്പു സൂചിപ്പിച്ചു. എന്നാൽ അത്രയൊന്നുമായിരുന്നില്ല വർച്ചിയുടെ സൈനികബലം. അദ്ദേഹത്തിന്റെ അഞ്ചുലക്ഷം ജനങ്ങളെ തല്ലിത്തകർത്തതായി മറ്റൊരിടത്ത് വേദം അവകാശപ്പെടുന്നു:

"പോരാ, തേർവട്ടഴികളെപ്പോലെ തല്ലിത്തകർത്തു, നീ
വിധ്വംസിയാം വർച്ചിയുടെയഞ്ചുലക്ഷം ജനങ്ങളെ!"[8]

പിന്നൊരു അസുരരാജാവ് കൃഷ്ണനായിരുന്നു. അംശുമതീനദിയുടെ തീരത്തായിരുന്നു അദ്ദേഹത്തിന്റെ രാജധാനി. അദ്ദേഹത്തെ തന്റെ പതിനായിരം പടയാളികളോടുകൂടി ഇന്ദ്രൻ തമ്പുരാൻ നശിപ്പിച്ചതായി വേദം അഭിമാനിക്കുന്നു:

"ദ്രുതസഞ്ചാരിയായ കൃഷ്ണൻ പതിനായിരം ആളുകളോടുകൂടി അംശുമതീ തീരത്തു പാർത്തിരുന്നു. അതറിഞ്ഞു മനുഷ്യസ്നേഹിയായ ഇന്ദ്രൻ അട്ടഹാസമിടുന്ന അവങ്കൽ ചെന്നെത്തി, കൊലപടകളെ കൊന്നൊടുക്കി!"

"അംശുമതീനദിയുടെ ഒരു വിപുലമായ നിഗൂഢ സ്ഥലത്ത്, ആകാശത്തെന്നപോലെ, നിവസിക്കുന്ന ദ്രുതസഞ്ചാരിയായ കൃഷ്ണനെ ഞാൻ (ഇന്ദ്രൻ) കണ്ടെത്തി......"

"ദ്രുതസഞ്ചാരി അംശുമതീസമീപത്തു മിന്നിത്തിളങ്ങിക്കൊണ്ടു ദേഹം തടിപ്പിച്ചുപോന്നു. ഇന്ദ്രനാകട്ടെ, ബൃഹസ്പതിയോടൊന്നിച്ച്, എതിർത്തെത്തിയ അസുരപ്പടകളെ നിഹനിച്ചു!"[9]

വേറൊരു ദാസരാജാവായിരുന്നു ശുഷ്ണൻ. അദ്ദേഹവും ഇന്ദ്രനാൽ വധിക്കപ്പെട്ടു. അദ്ദേഹത്തിന്റെ കണക്കില്ലാത്ത ഗോസമ്പത്ത് ഇന്ദ്രൻ സ്വസാമർഥ്യംകൊണ്ടു പിടിച്ചുപറ്റി.

"അതേ, വജ്രിൻ, അവിടന്നു വജ്രം കൊണ്ട് ശുഷ്ണന്റെ നിസ്തുല്യമായ ബലം കൂസാതെ നശിപ്പിച്ചുവല്ലോ; അവിടന്ന് ആയുധങ്ങൾകൊണ്ടു കൊന്നു. ഇന്ദ്രാ, അവിടന്ന് ബുദ്ധികൊണ്ടു ഗോക്കളെ നേടി!"[10]

പശുക്കളായിരുന്നു അന്നത്തെ സമ്പദ്സമൃദ്ധിക്കാസ്പദം. ഒരാൾക്കെത്ര പൈക്കളുണ്ടോ അത്രയും ധനാഢ്യനായി അയാൾ ഗണിക്കപ്പെടും. അതാണിവിടെ ഗോക്കളെ നേടി എന്നു പറഞ്ഞതിന്റെ പശ്ചാത്തലം. ശത്രുനിഗ്രഹത്തെക്കാൾ മന്ത്രദ്രഷ്ടാക്കളായ ഋഷിമാർക്കു കൂടുതൽ പ്രധാനം ഗോസമ്പത്തു നേട്ടമായിരുന്നുവെന്ന് തോന്നും. മിക്കവാറും മന്ത്രങ്ങളിൽ ധനദാനത്തിനുവേണ്ടിയുള്ള പ്രാർഥന കാണാം.

ശുഷ്ണൻ വമ്പിച്ച ധനപ്രഭുവായിരുന്നു. യുദ്ധത്തിൽ അദ്ദേഹത്തിന്റെ സമ്പത്ത് മുഴുവൻ തരിപ്പണമായി:

"പോരാ, ചിന്നിച്ചിതെ,മ്പാടും ശുഷ്ണന്റെ മുതൽ ധൃഷ്ണ, നീ അവന്റെയാ നഗരികളവമർദ്ദിച്ച വേളയിൽ!"[11]

ആര്യശത്രുക്കളിൽ മറ്റൊരു പ്രധാനിയായിരുന്നു പിപ്രു. ഇദ്ദേഹം പ്രതാപശാലിയും മഹാ ശക്തനുമായിരുന്നു. ആര്യദേവനായ ഇന്ദ്രൻ അദ്ദേഹത്തെയും തമർത്തി. തന്മൂലം 'പിപ്രുഘ്നൻ' എന്നൊരു ബഹുമതിയും ഇന്ദ്രനു ലബ്ധമായി:

"ചീർത്ത മൃഗയനെക്കീഴ്പ്പെടുത്തി, യ്റ്ജി-
ശ്വാവാം വിദഥിപുത്രന്നു പിപ്രുഘ്ന, നീ;
കൊന്നൂ, കറുമ്പരെയമ്പതിനായിരം;
ശ്രീയെജ്ജരപോലുടച്ചൂ, പുരങ്ങളെ!"[12]

അതായത്, വിദഥിയുടെ പുത്രനും ആര്യരാജാവുമായ ഋജിശ്വാവുമായി നടന്ന പോരാട്ടത്തിൽ ശത്രുക്കളായ മൃഗയനെയും പിപ്രുവിനെയും ഇന്ദ്രൻ പരാജയപ്പെടുത്തി. കൂടാതെ, അമ്പതിനായിരം അസുരപ്പട(കറുമ്പർ)കളെയും കൊന്നു മുടിച്ചു. യൗവനത്തെ ജരയും വാർധക്യവും നശിപ്പിക്കുമല്ലോ. അതു പോലെ ശത്രുക്കളുടെ നഗരങ്ങളെ ഇന്ദ്രൻ തരിപ്പണമാക്കി.

ദഭീതി എന്ന ആര്യനേതാവിനുവേണ്ടി വേറൊരു മുപ്പതിനായിരത്തെ ഇന്ദ്രൻ കൊന്നൊടുക്കി:

"ഉറക്കിനാൻ, മുപ്പതിനായിരം വിധ്വംസശീലരെ
ശാസ്ത്രംചാട്ടിദ്ദ, ഭീതിക്ക് വേണ്ടി, യിന്ദ്രൻ മുടുക്കിനാൽ!"[13]

ഇങ്ങനെ അസുര നശീകരണ കഥകൾ നിറഞ്ഞ മന്ത്രങ്ങൾ നിരവധിയാണ്.

## സംഘർഷ കാരണം

വേദങ്ങൾ ആര്യന്മാരെ ദേവന്മാരായും അനാര്യന്മാരെ അസുരന്മാരായുമാണ് സങ്കൽപിച്ചിരിക്കുന്നത്. അതിനാൽ ദേവാസുരയുദ്ധങ്ങൾ എന്നാണ് പ്രസ്തുത സംഘട്ടനങ്ങളെ വിശേഷിപ്പിക്കുന്നത്. എന്നാൽ എന്തായിരുന്നു ഈ ദേവാസുര സംഘർഷ ഹേതു? ഈ പ്രശ്നത്തിനുള്ള ഉത്തരം വേദം നൽകുന്നുണ്ട്. അതിപ്രധാനമായ കാരണം മതപരം തന്നെ. അസുരന്മാർ 'ശിശ്നദേവ'ന്മാർ (ദേവവിദ്വേഷികൾ) ആയിരുന്നു. ആര്യന്മാരുടെ ഇന്ദ്രനെയോ വരുണനെയോ മറ്റോ അസുരന്മാർ സേവിച്ചിരുന്നില്ല. അകർമികളുമായിരുന്നു. യാഗങ്ങളും യജ്ഞങ്ങളും നടത്തിയിരുന്നില്ല. ഇതായിരുന്നു മുഖ്യ വിദ്വേഷ കാരണം.

പക്ഷേ, മതപരമായ ഈ കാരണത്തോടൊപ്പം വേറെയും കാരണങ്ങളുണ്ടാവണം. ആര്യന്മാർ ഇവിടെ കോളണി സ്ഥാപിക്കാനാണ് ശ്രമിച്ചിരുന്നത്. ദസ്യുക്കൾക്കതു സമ്മതമായിരുന്നില്ല. കൂടാതെ ആര്യന്മാർ വിദേശികളായിരുന്നു; അനാര്യന്മാരോ, സ്വദേശികളും. ആര്യന്മാർ ഒരു

പ്രത്യേക ജാതിക്കാരും വർണക്കാരുമായിരുന്നു. ദസ്യുക്കൾ അവരിൽനിന്ന് വ്യത്യസ്തരും. ഇങ്ങനെ മതം, സംസ്കാരം, ആചാരം, പാരമ്പര്യം, വർണം, ശരീരാകൃതി, ദേശീയത എല്ലാം കൊണ്ടും ഭിന്ന വിഭാഗങ്ങളായിരുന്നു ആര്യാനാര്യവർഗങ്ങളെന്ന് വേദത്തിൽനിന്നുതന്നെ തെളിയും.

വർഗവിഭജനത്തിന് ആധുനിക നരവംശ ശാസ്ത്രജ്ഞന്മാർ ആധാരമാക്കുന്നത് പ്രധാനമായും രണ്ടു കാര്യങ്ങളാണ്: 1. ശരീരാകൃതി. 2. ഭാഷാവൈജാത്യം. ശരീര ലക്ഷണങ്ങളിൽ തൊലിയുടെ നിറത്തിനും മൂക്കിന്റെയും തലയുടെയും വലുപ്പത്തിനും തലനാരിന്റെ ആകൃതിക്കുമാണ് കൂടുതൽ പ്രാധാന്യം നൽകിക്കാണുന്നത്. അതിനാൽ ആര്യ-ദസ്യു പ്രശ്നത്തെ വർഗവിഭജന സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ നമുക്കു പരിശോധിക്കാം.

## ശാരീരിക ലക്ഷണം

ദസ്യുക്കളുടെ ശരീരാകൃതിയിൽനിന്നും തുലോം വ്യത്യസ്തമായിരുന്നു ആര്യന്മാരുടേത്. ആര്യഗോത്രക്കാർ പൊതുവിൽ വെളുത്ത തൊലിയുള്ളവരും വലത്തു കുടുമ്മ വച്ചവരുമായിരുന്നു. അനാര്യന്മാരോ, കറുത്ത വർണമുള്ളവരും. വേദദ്രഷ്ടാക്കളായ മഹർഷിമാരിൽ ഒരു പ്രധാനിയാണ് വസിഷ്ഠൻ. ഇദ്ദേഹത്തിന്റെ പേരിൽ നിരവധി സൂക്തങ്ങളുണ്ട് ഋഗ്വേദത്തിൽ. സ്വജനത്തെ ആഹ്വാനംചെയ്തുകൊണ്ട് വസിഷ്ഠൻ പറയുന്നതു നോക്കുക:

“വെളുത്ത നിറവും വലത്തു കുടുമ്മയുമുള്ള കർമപൂരകന്മാർ എന്നെ സന്തോഷിപ്പിച്ചുവല്ലോ; അതിനാൽ യജ്ഞത്തിൽ നിന്നെഴുന്നേറ്റ് ഞാൻ നേതാക്കളോട് പറയുന്നു: വസിഷ്ഠന്മാർ എങ്കൽനിന്ന് അകലെപ്പോകരുത്!”[14]

യജ്ഞം നടത്തുമ്പോൾ ചുരുങ്ങിയത് നാലു പുരോഹിതന്മാരെങ്കിലുമുണ്ടായിരിക്കും. അവർക്ക് താന്താങ്ങൾ നിർവഹിക്കുന്ന കൃത്യമനുസരിച്ചു പേരുകളുണ്ട്. അധ്വര്യു, ബ്രഹ്മാവ്, ഉദ്ഗാതാവ്, ഹോതാവ്! ‘ഋത്വിക്കുകൾ’ എന്നാണ് ഈ പുരോഹിതവൃന്ദത്തെ സാമാന്യേന വിളിക്കുക. വസിഷ്ഠന്റെ മേൽ മന്ത്രത്തിൽ, കർമപൂരകരായ വസിഷ്ഠവംശജരെല്ലാം വെള്ളനിറക്കാരും വലത്തു കുടുമ്മവച്ചവരുമാണെന്നു പറഞ്ഞതിൽ നിന്നും ആര്യവർഗത്തിന്റെ ശരീരാകൃതി അതായിരുന്നുവെന്നൂഹിക്കാം. ദസ്യുക്കളിൽനിന്ന് സ്വന്തം ജനത്തെ വേർതിരിച്ചു കാണിപ്പാനാവണം വസിഷ്ഠൻ അങ്ങനെ വിശേഷിപ്പിച്ചത്.

രണ്ടായിരം കൊല്ലത്തെ പഴമ നിർണയിക്കപ്പെടുന്ന ഒരു സംസ്കൃത കൃതിയാണ് ‘പാണിനീയ മഹാഭാഷ്യം.’ അതിൽ പതഞ്ജലി ബ്രാഹ്മണരെ വർണിച്ചത് ഈ വാക്കുകളിലാണ്: “ഗൗരം ശുച്യാചാരം പിംഗളം കപില കേശം ദൃഷ്ടാധ്യവസ്യതി ബ്രാഹ്മണോയമതി!”[15]

ഈ വരികളിൽനിന്നും ക്രിസ്തുവിനോടടുത്ത കാലത്തുള്ള ബ്രാഹ്മണർ (ആര്യവർഗം) പോലും വെള്ളക്കാരും ചെമ്പൻ തലമുടിയുള്ളവരു

മായിരുന്നുവെന്ന് വ്യക്തം. എന്നാൽ ശുദ്ധ ആര്യവർഗക്കാരല്ല, സങ്കര ജാതിക്കാരായിരുന്നു അന്നുണ്ടായിരുന്നത്. എന്നിട്ടുപോലും അവരുടെ നിറത്തിനോ തലമുടിക്കോ വലിയ മാറ്റം വന്നില്ലെങ്കിൽ, ശുദ്ധവർണക്കാരായിരുന്ന വേദ കാലത്തെ ആര്യന്മാരുടെ സ്ഥിതി അനുമാനിക്കാനേയുള്ളൂ.

ദസ്യുക്കളുടെ ശരീരാകൃതിയെപ്പറ്റിയും ഋഗ്വേദത്തിൽ ചില സൂചനകൾ കാണാം. ദസ്യുവിന്റെ നിറം കറുപ്പായിരുന്നു. അതിനാൽ അവനെ 'കൃഷ്ണൻ' (കറുത്തവൻ) എന്നു ഋഗ്വേദം വിശേഷിപ്പിച്ചിരിക്കുന്നു:

"ഇന്ദ്രഃസമത്സു യജമാനമാര്യത പ്രാവദ്വിശ്വേഷ്ഠം.
ശതമൂതി രാജിഷുസ്വർമ്മീല-ഹേഷ്വാജിഷു
മനവേ ശാസദ-വ്രതാന്ത്വചം കൃഷ്ണാമരന്ധയത്
ദശന്ന വിശ്വം തതൃഷാണമോഷതി ന്യർശസാനമോഷതി!"[16]

ഈ ഋക്കിനെ മഹാകവി വള്ളത്തോൾ വിവർത്തനം ചെയ്തത് ഇങ്ങനെയാണ്:

"നൂറു രക്ഷകളുള്ള ഇന്ദ്രൻ യജമാനനായ ആര്യനെ പരുക്കുപെടുത്തുന്ന പോരുകളിലെല്ലാം-സ്വർഗപ്രദങ്ങളായ പോരുകളിലും-രക്ഷിച്ചു പോരുന്നു. അവിടന്നു മനുഷ്യർക്കു വേണ്ടി കർമരഹിതരെ ശിക്ഷിച്ചു; കൃഷ്ണന്റെ തോലുരിഞ്ഞു കത്തിച്ചു; ദ്രോഹികളെ ചുട്ടെരിച്ചു; ഹിംസാപരരെയെല്ലാം ചുട്ടെരിച്ചു!"

ഇതിലെ കൃഷ്ണശബ്ദം ഒരു വ്യക്തിനാമമല്ല പ്രത്യുത, വർണവാചിയത്രെ. ആര്യനെ 'യജമാനൻ' (യജ്ഞം കഴിക്കുന്നവൻ) എന്നു വിശേഷിപ്പിച്ചപോലെ ദസ്യുക്കളെ കർമരഹിതർ (യജ്ഞമില്ലാത്തവർ), 'ഹിംസാപരർ' (ദ്രോഹികൾ) എന്നും വിശേഷിപ്പിച്ചിരിക്കുന്നു. അക്കൂട്ടത്തിലാണ് 'കൃഷ്ണൻ' എന്ന പദവും പ്രയോഗിച്ചിട്ടുള്ളത്. ആകയാൽ അസുരന്റെ ഒരു പ്രകടമായ സവിശേഷതയായിരുന്നു കൃഷ്ണത്വം (കറുപ്പുനിറം) എന്ന് അനുമാനിക്കാം.

വർഗവിഭജനത്തിന് നിദാനമായി വിചാരിക്കപ്പെടുന്ന ലക്ഷണങ്ങളിൽ മൂക്കിന്റെ ആകൃതിയും പെടുന്നു. അനാര്യന്മാരുടെ മൂക്ക് പതുങ്ങിയതും ആര്യന്മാരുടേത് ഉയർന്നു നീണ്ടതുമായിരുന്നു. ഋഗ്വേദം ദസ്യുക്കളെ 'അനാസാ' എന്ന് വിശേഷിപ്പിച്ചത് അതുകൊണ്ടായിരിക്കണം. വേദം പറയുന്നു:

"പ്രാന്യച്ചക്രമാവൃഹഃ സൂരസ്യ കൃത്സാത്യാന്യ ദ്വരിവോയ ാതവേƒകഃ

അനാസോ ദസ്യുരമൃണോ വധേന നി ദുര്യോണ ആവൃണമൃധ്രവചഃ"[17]

ഈ ഋക്കിന് വള്ളത്തോളിന്റെ തർജമ ഇങ്ങനെയാണ്:

"അങ്ങു സൂര്യന്റെ ഒരു തേർച്ചക്രം വേർപ്പെടുത്തി; മറ്റതു കുത്സനു ധനം നേടാൻ വച്ചു. കൂറ്റില്ലാത്ത കൂടലരെ അങ്ങ് ആയുധംകൊണ്ടു

ഹനിച്ചു- യുദ്ധത്തിൽ നാക്കറുത്തു കൊന്നു!"

'അനാസോ ദസ്യുഃ' എന്നതിന് 'കൂറ്റില്ലാത്ത കൂടലർ' എന്നാണ് വള്ളത്തോൾ അർഥം കൊടുത്തിരിക്കുന്നത്. എന്നാൽ മറ്റു ചിലർ 'മൂക്കില്ലാത്ത ദസ്യുക്കൾ' എന്ന അർഥമാണ് അതിനു സ്വീകരിച്ചിട്ടുള്ളത്. അതായത്, ആര്യന്മാരെ അപേക്ഷിച്ച് ചെറുമൂക്കന്മാരായിരുന്നു ദസ്യുക്കളെന്ന് സിദ്ധം.

ചുരുക്കത്തിൽ മതം, ഭാഷ, സംസ്കാരം, ആചാരം, ശരീരാകൃതി-അങ്ങനെ എല്ലാത്തിലും ആര്യന്മാരിൽനിന്ന് ഭിന്നമായ ഒരു പ്രത്യേക വർഗമായിരുന്നു ദസ്യുക്കൾ. അതിനാൽ അവർ തമ്മിൽ നടന്നതായി വേദം ചൂണ്ടിക്കാണിക്കുന്ന സംഘർഷം ഇന്നു ചിലർ വാദിക്കുംപോലെ വെറുമൊരു കുടുംബകലഹമായി വിചാരിക്കാൻ വയ്യ.

## പണ്ഡിതന്മാരുടെ അഭിപ്രായം

ഭാരതീയ ദർശനങ്ങളെപ്പറ്റി അവഗാഢമായ പഠനം നടത്തിയ ഭാരതീയ മഹാപണ്ഡിതനായ ഡോ. രാധാകൃഷ്ണൻ എഴുതുന്നു: "ആര്യന്മാരെന്നും ദസ്യുക്കളെന്നും പറഞ്ഞുവന്നിരുന്നത് രക്തബന്ധത്തെയും പാരമ്പര്യത്തെയും ആസ്പദമാക്കിയുള്ള രണ്ടു വിഭിന്നവർഗക്കാരെക്കുറിച്ചാണ്."[18]

മറ്റൊരു പണ്ഡിതനായ സി.വി. വൈദ്യ (C.V. Vaidya) പറയുന്നു: "ജേതാക്കളായി ഇന്ത്യയിൽ പ്രവേശിച്ച ആര്യന്മാർ വെളുത്ത നിറവും ഉയർന്ന മൂക്കുമുള്ളവരായിരുന്നു. ഇവിടെ കീഴ്പ്പെടുത്തപ്പെട്ട ദസ്യുക്കളാകട്ടെ, ചെറിയ മൂക്കും കറുത്ത നിറവുമുള്ളവരും".[19]

വള്ളത്തോളിന്റെ ഋഗ്വേദ സംഹിതക്ക് ആമുഖം എഴുതിയ പരേതനായ ശ്രീ. കെ.എം. പണിക്കർ പ്രസ്താവിക്കുന്നതു നോക്കുക: "ദസ്യുക്കളുടെ രാജാക്കന്മാരിൽ പലരുടെയും പേർ ഋഗ്വേദത്തിലുണ്ട്. ധുനി, ചുമരി, പിപ്രു, വർച്ചിസ്, ശംബരൻ മുതലായവർ പരാക്രമികളായിരുന്നുവെന്ന് ആര്യന്മാരും സമ്മതിക്കുന്നു. ദസ്യുജനതയിലെ പല വിഭാഗങ്ങളിൽ ശിമ്യുക്കൾ, കീകതർ, ശിഗ്രുക്കൾ, യക്ഷുക്കൾ എന്നിവർക്കാണ് പ്രാധാന്യം. അവരുടെ മൂക്ക് പതുങ്ങിയതെന്നും (അനാസർ) നിറം കറുത്തതെന്നും വിശേഷാൽ പറഞ്ഞിട്ടുള്ളതിനാൽ, ഇപ്പോഴത്തെ 'ദ്രാവിഡജാതി'യിൽ പെട്ടവരായിരുന്നു അവർ എന്നൂഹിക്കാം. അവർ 'അനാര്യ'മായ ഒരു ഭാഷയാണ് സംസാരിച്ചിരുന്നത്. അകർമികളായിരുന്നു; യാഗാദികൾ കഴിച്ചിരുന്നില്ല; ഇന്ദ്രാദിദേവന്മാരെ പൂജിച്ചിരുന്നില്ല.....'ശിശ്നദേവാഃ' എന്ന് അവരെ അധിക്ഷേപിച്ചിട്ടുണ്ട്."[20]

ഒരു പാശ്ചാത്യൻ പണ്ഡിതനായ അരോസ്മിത്ത് (Arrow Smith) എഴുതുന്നു: "ദസ്യുക്കൾ വ്യക്തമായും പഞ്ചാബിലെ പൂർവനിവാസികളായിരുന്നു... ആര്യന്മാരുടെ ആക്രമണകാലത്ത് ദ്രാവിഡഭാഷ സംസാരിക്കുന്ന ജനങ്ങളെ പഞ്ചാബിൽ കണ്ടിരുന്നു എന്ന നിഗമനത്തിൽ നമുക്കെത്തിച്ചേരാവുന്നതാണ്. കാഴ്ചയിലും സംസാരത്തിലും അവർ ആര്യന്മാരിൽനിന്നും ഭിന്നരായിരുന്നു. ആര്യന്മാരുടെ നിറം വെളുപ്പും ദസ്യുക്കളു

ടേത് കറുപ്പുമായിരുന്നു."[21]

## ദസ്യുക്കൾ ദ്രാവിഡരായിരുന്നു

ദ്രാവിഡന്മാരുടെ കേന്ദ്രമായി ചരിത്രകാരന്മാർ കണക്കാക്കുന്നത് തെക്കെ ഇന്ത്യയെയാണ്. വിശേഷിച്ചും തമിഴ്നാട്, ആന്ധ്ര, കേരളം, മൈസൂർ മുതലായ പ്രദേശങ്ങളെ. എന്നാൽ വടക്കെ ഇന്ത്യയിൽ പലേടങ്ങളിലും പുരാതനകാലത്ത് ദ്രാവിഡന്മാർ പാർപ്പുറപ്പിച്ചിരുന്നതായി ചരിത്രഗവേഷകന്മാർ അഭിപ്രായപ്പെടുന്നു. ഇതനുസരിച്ച് വേദത്തിൽ വർണിക്കപ്പെട്ട ദസ്യുവർഗം ദ്രാവിഡന്മാരായിരിക്കുവാൻ ന്യായമുണ്ട്. ശ്രീ. സി.വി. വൈദ്യ അഭിപ്രായപ്പെടുന്നു: "ദസ്യുക്കൾ ദ്രാവിഡരായിരുന്നു. എന്നാൽ ഋഗ്വേദത്തിൽ ആ പേർ എടുത്തു പറഞ്ഞുകാണുന്നില്ല. അതേയവസരത്തിൽ ആര്യനാമമാകട്ടെ, നിരവധി തവണ ആവർത്തിച്ചിട്ടുണ്ടുതാനും."[22]

മറ്റൊരു പണ്ഡിതൻ എഴുതുന്നു: "ദ്രാവിഡന്മാർ ഒരു കാലത്ത് പഞ്ചാബ്, സിന്ധു, ബലൂചിസ്ഥാൻ എന്നീ പ്രദേശങ്ങളുൾപ്പെടെ ഇന്ത്യാരാജ്യം മുഴുവൻ നിവസിച്ചുകൊണ്ട്, ക്രമത്തിൽ മെസൊപൊട്ടേമിയവരെ കുടിയേറിപ്പാർത്തിരുന്നതായി പറയാവുന്നതാണ്. ബലൂചിസ്ഥാനിലുള്ള 'ബ്രാഹ്വി' ജനവിഭാഗം ഇന്നും ദ്രാവിഡഭാഷയാണ് സംസാരിച്ചു വരുന്നതെന്നുള്ള വസ്തുത ഈ വീക്ഷണഗതിക്കുപോദ്ബലകമത്രെ. സിന്ധുതടവാസികൾ ആര്യന്മാരായിരുന്നുവെന്ന സിദ്ധാന്തത്തിന് അനുകൂലികൾ വളരെ വിരളമാണ്."[23]

ഈ ശതകത്തിന്റെ തൃതീയ ദശകത്തിൽ സിന്ധുനദീതടങ്ങളിൽ നടത്തപ്പെട്ട ഉത്ഖനനഗവേഷണംവഴി ആര്യ സമൂഹത്തിന്റേതിനെക്കാൾ പുരാതനവും പുരോഗമിച്ചതുമായ ഒരു സംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തുകയുണ്ടായി. 'സിന്ധുതടസംസ്കാരം' എന്നത്രെ ഗവേഷകന്മാർ അതിന് പേരു കൊടുത്തിരിക്കുന്നത്. അയ്യായിരത്തിൽപരം വർഷങ്ങളുടെ പഴമ കണക്കാക്കപ്പെടുന്ന ആ സംസ്കാരത്തിന്റെ ശിൽപികൾ ഭാരതത്തിലെ ആദിവാസികളായ ദ്രാവിഡരായിരുന്നുവെന്ന് പല വിദഗ്ധന്മാരും അനുമാനിക്കുന്നു.

"അയ്യായിരം വർഷങ്ങൾക്കുമുമ്പ് ഇന്ത്യയിൽ സിന്ധുസംസ്ഥാനത്തിൽ, 'ലർക്കാന' ജില്ലയിൽ നിലനിന്നുവന്ന 'മോഹൻജദാറോ' നഗരിയും പഞ്ചാബിൽ 'മോണ്ഡ്ഗോമറി' ജില്ലയിൽ നിലവിലിരുന്ന 'ഹരപ്പാ' നഗരിയും ഇതിനിടെ വെളിച്ചത്തു കൊണ്ടുവരപ്പെടുകയുണ്ടായി. അതോടെ ഇന്ത്യൻ സംസ്കാരങ്ങൾക്കെല്ലാം നിദാനം വൈദിക നാഗരികതയാണെന്ന പഴയ സിദ്ധാന്തം അസ്വീകാര്യമായി ഭവിച്ചു. പ്രസ്തുത സിന്ധുതടനാഗരികത ഈ രാജ്യത്തിന്റേതു തന്നെയായിരുന്നു. ഇവിടത്തെ മറ്റെല്ലാ നാഗരികതകളുടെയും വളർച്ചക്ക് ഹേതുവായിരുന്നത് അതാണെന്ന കാര്യത്തിൽ സംശയമില്ല. അവസാനം ഈ സൈന്ധവ നാഗരികത ഏതു വർഗത്തിന്റെതായിരുന്നു എന്ന ചോദ്യം ഉദിക്കുന്നു. ആ സംസ്കാരത്തിന്റെ ശിൽപികൾ ദ്രാവിഡന്മാരായിരുന്നു എന്നാണ്

പ്രബലമായ ഒരുപക്ഷം. മറ്റൊരു പക്ഷം ഇതത്രെ: ദ്രാവിഡന്മാരും സുമേരിയന്മാരും ഒരേ വർഗക്കാരായിരുന്നു."[24]

സൈന്ധവസംസ്കാരശിൽപികൾ ദ്രാവിഡരായിരുന്നു എന്നു മാത്രമല്ല, മെസൊപൊട്ടേമിയയിൽ ഏറ്റവുമാദിയിൽ സംസ്കാരസൗധം കെട്ടിപ്പൊക്കിയ സുമേരിയാവർഗത്തിൽ പെട്ടവരാണ് ദ്രാവിഡർ എന്നും ഒരു വിഭാഗം അവകാശപ്പെടുന്നു. വർഗശാസ്ത്രത്തിൽ ഈ നിഗമനത്തെ ഉപോദ്ബലപ്പെടുത്തുന്ന തെളിവുണ്ട്. ശ്രീ. കെ.വി. ഗോപാലമേനോൻ എഴുതുന്നു: "ഇരുനിറം, കറുത്തതലമുടി, നീണ്ട തല ഇവയത്രെ മധ്യധരണിവർഗങ്ങളുടെ പ്രത്യേക ലക്ഷണങ്ങൾ. പുരാതന സുമേരിയന്മാരും ദ്രാവിഡരും ഈ വർഗത്തിൽ ഉൾപ്പെട്ടവരാകുന്നു."[25]

ദ്രാവിഡന്മാരും സുമേരിയന്മാരും തമ്മിലുള്ള ബന്ധത്തിന്റെ ആരംഭം ക്രി. മു. 6000-നും മുമ്പായിരുന്നു. ജയസ്വലാൽ എഴുതുന്നു: "മറ്റൊരു വിഭാഗം ഭൂഗർഭശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നത് ഇതാണ്: ബി.സി. 6000-ാമാണ്ടുമുതൽക്കുതന്നെ ഇന്ത്യയും സുമേരിയയുമായി വ്യാപാരബന്ധം നടന്നിരുന്നു. അവർ തമ്മിൽ ഭാഷാപരമായും വർഗശാസ്ത്രപരമായും (Ethnic) മറ്റും സാദൃശ്യം വഹിക്കുന്നുണ്ട്!"[26]

സുമേരിയന്മാരും ദ്രാവിഡന്മാരും ഒരേ വർഗമായിരുന്നുവെന്നും അവർ തമ്മിൽ അതിപ്രാചീനകാലം മുതൽ അടുത്ത സമ്പർക്കമുണ്ടായിരുന്നുവെന്നും ഉള്ള അഭിപ്രായത്തെ പ്രബലപ്പെടുത്തുന്ന ഒട്ടേറെ തെളിവുകളുണ്ട്. പക്ഷേ, അവയെല്ലാം പകർത്തുവാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. എന്നാൽ ദ്രാവിഡം എന്ന പദത്തിന്റെ ഉദ്ഭവത്തെപ്പറ്റി ഒരു വാക്കു പറയുവാൻ ആഗ്രഹിക്കുന്നു.

## തിരുയാഫിഥും ദ്രാവിഡും

ബൈബിളിലെ വംശവിവരണം നാം മുമ്പ് സംക്ഷിപ്തമായി ഉദ്ധരിച്ചിട്ടുണ്ട്. അതിൽ പ്രളയകാലത്തിനു ശേഷമുള്ള മനുഷ്യവർഗങ്ങളെല്ലാം പ്രളയകഥാനായകനായ നോഹയുടെ പിന്മുറക്കാരാണെന്ന് അവകാശപ്പെടുന്നു. നോഹക്കു മൂന്നു പുത്രന്മാരാണുണ്ടായിരുന്നത്: ശേമും ഹാമും യാഫെത്തും. ബൈബിൾ കർത്താക്കളായ യഹൂദന്മാർ ശേമിന്റെ പിൻമുറക്കാരാകുന്നു. അതുകൊണ്ട് ശേമിന്റെ സന്താന പരമ്പരയെപ്പറ്റി ബൈബിൾ സുദീർഘമായി പ്രസ്താവിച്ചു. ഹാമിന്റെ പിന്മുറക്കാരെപറ്റിയും താരതമ്യേന നന്നായി പ്രതിപാദിച്ചിട്ടുണ്ട്. ആ താവഴിക്കാർക്ക് യഹൂദന്മാരുമായി അടുത്ത സമ്പർക്കമുണ്ടായിരുന്നു. ഈജിപ്തുകാർ, അബ്സീനിയ (എത്യോപ്യ)ക്കാർ മുതലായവർ ഹാമിന്റെ പിൻമുറയിൽപ്പെടുന്നു. എന്നാൽ യാഫെത്തിന്റെ പിൻമുറക്കാരെപ്പറ്റി ബൈബിൾ കാര്യമായൊന്നും പ്രസ്താവിച്ചു കാണുന്നില്ല. അവർ ദ്വീപുകളെയാണ് അധിവാസതാവളങ്ങളായി സ്വീകരിച്ചതെന്നുമാത്രം പറഞ്ഞു വിട്ടുകളഞ്ഞിരിക്കുകയാണ്. ഇതിന്റെ അർഥം ജൂതന്മാർക്ക് യാഫെത്തിന്റെ പിന്മുറയുമായി സമ്പർക്കമൊന്നുമുണ്ടായിരുന്നില്ല എന്നത്രേ.

ഇന്ത്യ പഴയ കാലം മുതൽ ഒരുപദ്വീപ് എന്ന പേരിൽ പ്രസിദ്ധമായി

രുന്നു. അപ്പോൾ യാഫെത്ത്താവഴിക്കാർ ഇന്ത്യയിൽ വന്ന് അധിവാസ മുറപ്പിച്ചെന്നു വിചാരിക്കുന്നതിൽ തെറ്റൊന്നുമില്ല. നോഹയുടെ മതപ്ര ബോധനം സുമേരിയന്മാരോടായിരുന്നു. ജലപ്രളയത്തിൽനിന്ന് രക്ഷപ്പെ ടേണ്ടതിനായി അദ്ദേഹം നിർമിച്ച പെട്ടകത്തിന്റേതെന്ന് ഊഹിക്കപ്പെടുന്ന അവശിഷ്ടം അരാറാത്ത് പർവതത്തിൽ കണ്ടെത്തിയതായി നാം മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. സുമേരിയന്മാരെ ലക്ഷ്യം വച്ചുകൊണ്ടാണ് നോഹാ പ്രവാചകൻ പ്രബോധനസംരംഭം നടത്തിയിരുന്നതെന്ന ആധുനിക മുസ്‌ലിം ഗവേഷകന്മാരുടെ അഭിപ്രായത്തിനുപോദ്ബലകമാണ് പ്രസ്തുത കണ്ടുപിടിത്തം. യൂഫ്രട്ടീസ് നദിയുടെയും ടൈഗ്രീസ് നദി യുടെയും ഇടക്കാണ് സുമേരിയർ വസിച്ചിരുന്നതെന്ന് അവിടെ നടത്ത പ്പെട്ട ഉത്ഖനന ഗവേഷണം തെളിയിച്ചിട്ടുണ്ട്. അതിനാൽ നോഹയും കുടുംബവും വംശപരമായി സുമേരിയരായിരുന്നുവെന്നു തീരുമാനിക്കാം.

ഇന്ത്യയിലും ഒരു പ്രളയകഥ പ്രചരിച്ചിട്ടുണ്ട്. ഇന്ത്യൻ പ്രളയകഥാ നായകൻ മനുവത്രെ. മനു ദ്രാവിഡന്മാരുടെ ഈശ്വരൻ അല്ലെങ്കിൽ നാഥൻ ആയിരുന്നു. ‘സത്യവ്രതൻ’ എന്നപേരിൽ അറിയപ്പെട്ട അദ്ദേ ഹത്തെ മഹാഭാരതം ‘ദ്രാവിഡേശ്വരഃ’ എന്ന് വിശേഷിപ്പിച്ചിരുന്നു:

“യോസൗ സത്യവ്രതോനാമ രാജർഷിർ ‘ദ്രവിഡേശ്വരഃ’
ജ്ഞാനം യോഽതീത കല്പാന്തേ ലേഭേ പുരുഷസേവയാ!”[27]

മനു ദ്രാവിഡന്മാരുടെ നേതാവും അധിപതിയുമായിരുന്നുവെങ്കിൽ പ്രളയകഥ ഇന്ത്യയിൽ പ്രചരിപ്പിച്ചത് ദ്രാവിഡരാണെന്ന് അനുമാനിക്കാം. പക്ഷേ, ഇന്ത്യൻ സാഹചര്യത്തിനനുരൂപമായ വിധത്തിലാണ് ആ കഥ ഇവിടെ പ്രചരിപ്പിക്കപ്പെട്ടത്. ഇന്ത്യൻ പ്രളയ കഥയനുസരിച്ച് മനുവിന്റെ കപ്പൽ വെള്ളപ്പൊക്കത്തിനു ശേഷം ഉറച്ചത് ഹിമാലയ പർവതത്തിലാണ്; അരാറാത്ത് പർവതത്തിലല്ല. എന്നിരുന്നാലും കഥാബീജത്തിൽ പറയ ത്തക്ക വ്യത്യാസം കാണാനില്ല. പിന്നെയുള്ളത് മനുവും നൂഹും തമ്മി ലുള്ള ബന്ധമെന്ത് എന്നുള്ളതാണ്. നൂഹ് എന്ന പേരിനോടു മഹാൻ എന്നർഥമുള്ള ‘മ’ ചേർന്നാൽ ‘മാനൂഹ്’ എന്നാവും; മാബലിപോലെ. അങ്ങനെ മാനൂഹ് ലോപിച്ച് ‘മനു’വായി എന്നൂഹിക്കുവാൻ ന്യായമുണ്ട്. ഇതേ പ്രകാരം യാഫിഥും ദ്രാവിഡും തമ്മിലും ഉച്ചാരണ സാദൃശ്യമുണ്ട്. ഫ, വ, ത, ഥ, ദ, ഡ എന്നീ വർണങ്ങൾ ഭാഷകളിൽ അന്യോന്യം മാറി യുച്ചരിക്കപ്പെടുക സർവ സാധാരണമാണ്. സംസ്കൃതത്തിലെ ‘വേദഃ’ അറബികൾക്ക് ‘ഫീദാ’യാണ് . കേരളത്തിലെ കാസർഗോഡ് അറബി ഗ്രന്ഥങ്ങളിൽ ‘കാൻജിറൂത്താ’ണ്. പുണ്യ നാമങ്ങൾ ‘തിരു’ എന്ന വിശേ ഷണ സഹിതം ഉച്ചരിക്കുക മുമ്പുകാലം മുതൽ തുടർന്നുവരുന്ന ഒരു സമ്പ്രദായമത്രേ. തിരുവിനെ ‘തൃ’ എന്നും ‘ശ്രീ’ എന്നും മാറിയുച്ചരിച്ചും കാണാം. ആകയാൽ ‘യാഫിഥ്’ എന്ന സുമേരിയൻ പദത്തോട് ബഹു മാന സൂചകമായ തിരുചേർന്നുണ്ടായതാവണം ‘ദ്രാവിഡം’ എന്നു കരു തുവാൻ വകയുണ്ട്. തിരുയാഫിഥ് അവസാനം ദ്രാവിഡമായിത്തീർന്ന താവാം.

മഹാനായ നൂഹു നബി(അ)യുടെ അനന്തരവന്മാരാണ് ദ്രാവിഡർ എന്നൂഹിക്കാം. അദ്ദേഹത്തിന്റെ മതക്കാരാണ് ഖുർആനിൽ പറഞ്ഞ 'സാബിക'ളെന്ന് മുസ്ലിം പണ്ഡിതന്മാരിൽ ചിലർക്ക് അഭിപ്രായമുണ്ട്. സൈന്ധവ സംസ്കാരത്തിലെ മതം സാബിമതമായിരുന്നുവെന്ന് ഉത്ഖനനം വഴി കിട്ടിയ അവശിഷ്ടങ്ങൾ തെളിയിക്കുന്നു. അതേപ്പറ്റി പിന്നീട് പ്രസ്താവിക്കുന്നതാണ്.

## കുറിപ്പുകൾ

1. ഋഗ്വേദം മണ്ഡലം 3, സൂക്തം 34, ഋക്ക് 9
2. Ibid, മണ്ഡലം 2, സൂക്തം 14, ഋക്ക് 6
3. Ibid, മണ്ഡലം 4, സൂക്തം 30, ഋക്ക് 20
4. Ibid, മണ്ഡലം 4, സൂക്തം 27, ഋക്ക് 1
5. Ibid, മണ്ഡലം 7, സൂക്തം 15, ഋക്ക് 14
6. Ibid, മണ്ഡലം 8, സൂക്തം 96, ഋക്ക് 9
7. Ibid, മണ്ഡലം 8, സൂക്തം 96, ഋക്ക് 3
8. Ibid, മണ്ഡലം 4, സൂക്തം 30, ഋക്ക് 15
9. Ibid, മണ്ഡലം 8, സൂക്തം 96, ഋക്ക് 13-15
10. Ibid, മണ്ഡലം 8, സൂക്തം 96, ഋക്ക് 17
11. Ibid, മണ്ഡലം 4, സൂക്തം 30, ഋക്ക് 13
12. Ibid, മണ്ഡലം 4, സൂക്തം 16, ഋക്ക് 13
13. Ibid, മണ്ഡലം 4, സൂക്തം 16, ഋക്ക് 13
14. Ibid, മണ്ഡലം 7, സൂക്തം 33, ഋക്ക് 1
15. പാണിനീയമഹാഭാഷ്യം: 2, 2, 6
16. ഋഗ്വേദം മണ്ഡലം 1, സൂക്തം 130, ഋക്ക് 8
17. Ibid, മണ്ഡലം 5, സൂക്തം 29, ഋക്ക് 10
18 Indian Phylosophy Vol. I, P. 112
19. History of Sanskrit Literature, Vedic period-by C.V. Vaidya M.A. Vice Chanceller Tilak University, Poona.
20. ആമുഖം പേജ് 24
21. Religion of Rigveda P. 37
22. History of Sanskrit Literature Vedic Period
23. Advanced History of India P. 23
24. Ibid
25. ലോകചരിത്രം വാല്യം 1, പേജ് 60
26. Hindu Cvilization- by Jayaswalal
27. മഹാഭാരതം സ്കന്ദം 9 നോക്കുക.

## അധ്യായം പത്ത്

# സിന്ധുതടവും മെസൊപൊട്ടേമിയയും

**സി**ന്ധുതാഴ്‌വരയിൽ സംസ്കാരസൗധം പടുത്തുയർത്തിയ ജനങ്ങളും മെസൊപൊട്ടേമിയായിലെ സുമേരിയന്മാരും തമ്മിൽ അടുത്ത ബന്ധമുണ്ടായിരുന്നതായി ഗവേഷക പണ്ഡിതന്മാർ സമർഥിച്ചിട്ടുണ്ട്. കേവലം വ്യാപാരബന്ധം മാത്രമായിരുന്നില്ല അത്; അതിൽ കവിഞ്ഞ് സാംസ്കാരികവും ധാർമികവും വർഗശാസ്ത്രപരവുമായ ബന്ധം കൂടി അവർക്കു തമ്മിലുണ്ടായിരുന്നു. മി. ഗോർഡൻ ചൈൽഡ് എഴുതിയത് നോക്കുക: "സിന്ധുതടത്തിലെ ഈ ജനങ്ങൾക്ക് അക്കാലത്തെ സുമേരിയൻ പരിഷ്കാരവുമായി പല സമ്പർക്കങ്ങളുമുണ്ടായിരുന്നു. അക്കാഡനിൽ ഒരിന്ത്യൻ കോളനി - കച്ചവടക്കാരുടേതാകണം- ഉണ്ടായിരുന്നതിന് കൂടി തെളിവുകളുണ്ട്. സിന്ധുനഗരങ്ങളിലെ ചില വ്യവസായോൽപ്പന്നങ്ങൾ ടൈഗ്രീസ്-യൂഫ്രട്ടീസ് നദികളോട് ബന്ധപ്പെട്ട് കിടക്കുന്ന കമ്പോളങ്ങളിൽ ചെന്നെത്തി. പകരം ഏതാനും സുമേരിയൻ കലാവിരുതുകൾ, ഒരു നാളമുദ്ര എന്നിവ സിന്ധുദേശം പകർത്തിയെടുത്തു. അസംസ്കൃതപദാർഥങ്ങളിലും ആഡംബരവസ്തുക്കളിലും മാത്രമല്ല കച്ചവടം നടത്തിയിരുന്നത്; അറബിക്കടൽത്തീരങ്ങളിൽ നിന്ന് പതിവായി ഇറക്കുമതി ചെയ്യപ്പെട്ടുവന്ന മത്സ്യം മോഹൻജദാരോവിലെ ഭക്ഷ്യവിഭവങ്ങളെ പോഷിപ്പിച്ചു."[1]

ഭാരതീയ പണ്ഡിതനായ ശ്രീ. രാഹുൽ സാംകൃത്യായൻ പറയുന്നു: "മെസൊപൊട്ടേമിയയിലെ പുരാതനപരിഷ്കൃതജനതയെപ്പോലെ, സാമന്തവ്യവസ്ഥാധിഷ്ഠിതമായ ഒരു സമുദായമാണ് സിന്ധുതാഴ്‌വരയിലുണ്ടായിരുന്നത്. കൃഷി, ശില്പവേല, വാണിജ്യം എന്നിവയിൽ നിപുണന്മാരായിരുന്നു അവർ. താമ്രയുഗം ! ഈ കാലങ്ങളിൽ ജീവിച്ചിരുന്നിട്ടുപോലും, അവർ വളരെ പുരോഗതി പ്രപിച്ചു. സാംഗോപാംഗമായ ഒരു ധർമവും ഒരു ചിത്രലിപിയും അവർക്കുണ്ടായിരുന്നു. ചിത്രലിപിബദ്ധമായ നാണയങ്ങളും മറ്റ് വസ്തുക്കളും ലഭിച്ചിട്ടുണ്ടെങ്കിലും ഇതുവരെ അവ വായിക്കുവാൻ കഴിഞ്ഞിട്ടില്ല. എങ്കിലും മറ്റ് പരീക്ഷണങ്ങൾകൊണ്ട് അറിയാൻ സാധിച്ചിട്ടുള്ളത് സിന്ധുനാഗരികത്വം അസുര- കാൽഡിയ (Assyrian- Chaldean) നാഗരികത്വത്തിന്റെ സമകാലികം മാത്രമല്ല, ഭഗിനിയുമായിരുന്നു എന്നാണ്. രണ്ടിലേയും ധാർമിക ഭാവനകൾക്ക് വളരെ അടുപ്പമുണ്ടായിരുന്നു."[2]

സിന്ധുനദീതടത്തിൽ അസ്സീരിയയിലെ (മെസൊപൊട്ടേമിയ) ഒരു പരിഷ്കൃത വിഭാഗം കുടിയേറിപ്പാർത്തിരുന്നുവെന്ന്കൂടി സാംകൃത്യായന് അഭിപ്രായമുണ്ട്: "ഗ്രന്ഥകർത്താവിന്റെ 'മനുഷ്യസമുദായം' എന്ന പുസ്തകത്തിൽ, ആര്യന്മാർ ഇന്ത്യയിൽ വരുന്നതിന് മുമ്പ് സിന്ധു താഴ്‌വരയിൽ അസ്സീരിയയിലെ ഒരു പരിഷ്കൃതവിഭാഗം വസിച്ചിരുന്നുവെന്നും,

അവരുടെ സമുദായം അഫ്ഗാനിസ്ഥാനിൽ കടക്കാൻ തുടങ്ങിയ പ്രാചീനാര്യ സമുദായത്തെ അപേക്ഷിച്ചു കൂടുതൽ സമുന്നതാവസ്ഥ പ്രാപിച്ചിരുന്നുവെന്നും പ്രസ്താവിച്ചിട്ടുണ്ട്."[3]

ആകയാൽ സിന്ധുതടത്തിൽ സംസ്കാരത്തിന്റെ രമ്യഹർമ്യം കെട്ടിപ്പടുത്തവരും മെസൊപൊട്ടേമിയയിൽ നഗരരാഷ്ട്രങ്ങൾ സ്ഥാപിച്ചവരും ഒരേ വിഭാഗത്തിൽപ്പെട്ടവരായിരുന്നു എന്ന് വിചാരിക്കുവാൻ ന്യായമുണ്ട്. മോഹൻജദാറോവിൽ നിന്ന് കൊണ്ടുപോയ മുദ്രകളിൽ ചിലത്, ബാഗ്ദാദിന് വടക്ക് കിഴക്കു അമ്പത് നാഴിക അകലെയുള്ള 'ടെൽആസ്മാർ' എന്നിടത്ത്നിന്ന് ഖനനത്തിൽ കിട്ടുകയുണ്ടായി. ഇവയോടൊന്നിച്ചു ലഭിച്ച മറ്റു സാധനങ്ങളുടെ കാലം ഇതര ലക്ഷ്യങ്ങളിൽ നിന്ന് നിർണയിക്കുവാൻ സാധിച്ചതുകൊണ്ടാണ്, സിന്ധുതടസംസ്കാരത്തിന്റെ കാലം ബി. സി. 2500 ആണെന്ന് സർ ജോൺ മാർഷൽ അഭിപ്രായപ്പെട്ടത്. ആകയാൽ ഇന്ത്യയും ആ പ്രദേശങ്ങളും തമ്മിൽ അക്കാലത്തുണ്ടായിരുന്ന ബന്ധത്തിന് ഒരുത്തമ തെളിവാണ് പ്രസ്തുത മുദ്രകൾ.

## മെസൊപൊട്ടേമിയ

ഏഷ്യാ വൻകരയുടെ മധ്യപടിഞ്ഞാറു ഭാഗത്ത് 'ആർമീനിയ' എന്നൊരു പർവതമുണ്ട്. ഇതിന്റെ തെക്കേ ചരിവിൽ നിന്നും യൂഫ്രട്ടീസ്, ടൈഗ്രീസ് എന്നീ രണ്ടു നദികൾ പുറപ്പെടുന്നു. അവ വ്യത്യസ്തങ്ങളായ രണ്ടു മാർഗങ്ങളിലൂടെ ഒഴുകി, 'ഷട്ടൽ ആരബ്' (ശത്തുൽ അറബ്) എന്നിടത്ത് സന്ധിക്കുകയും അങ്ങനെ പേർഷ്യൻ ഉൾക്കടലിൽ ചെന്ന് ചേരുകയും ചെയ്യുന്നു. പ്രസ്തുത രണ്ട് നദികൾക്കിടയിലുള്ള സ്ഥലത്തിന് പില്ക്കാലത്ത് ഗ്രീക്കുകാർ 'മെസൊപൊട്ടേമിയ' എന്ന് പേരിട്ടു. (മെസൊ- ഇടക്കുള്ളത് ; പൊട്ടേമിയ- നദികളുടെ). ഇതേ ഭൂവിഭാഗത്തിന് ഹിബ്രു ഭാഷയിൽ 'നഹ്റായീം' എന്നാണ് പറഞ്ഞിരുന്നത്. 'നദികൾ' എന്നാണ് അതിന്റെ അർഥം. അറബികൾ അതിനെ 'മാബൈനന്നഹ്റൈൻ' (നദികൾക്കിടയിലുള്ളത്) എന്നും 'ഇറാഖ്' എന്നുമാണ് വിളിച്ചിരുന്നത്. ഇറാഖ് എന്ന പേർ ഇന്നും നിലനിൽക്കുന്നു. എന്നാൽ സുമേരിയൻ ഭാഷയിൽ ആ ഭൂഭാഗത്തിന് 'സുബർ' എന്നായിരുന്നു പേർ. സുബർ പിന്നീട് വടക്കൻ സിറിയക്കുപയോഗിച്ചുവന്നു. ആ ശബ്ദം ലോപിച്ചു അവസാനം 'സുരിയ', 'സ്വരാ', 'സിറിയ' എന്നൊക്കെയായി മാറി.

മെസൊപൊട്ടേമിയയുടെ വടക്കുഭാഗം ഉയർന്ന മലനാടാണ്. എന്നാൽ തെക്കുഭാഗം താഴ്ന്ന ചതുപ്പുനിലങ്ങളത്രെ. ഈ ഭാഗത്തിന് പുരാതന കാലത്ത് 'ബാബേൽ' എന്നായിരുന്നു പേർ. 'ബാബ്' എന്നാൽ പടിവാതിൽ എന്നും 'ഏൽ' എന്നാൽ 'ദൈവം' എന്നുമാണ് ഹിബ്രുവിൽ അർഥം. ദൈവത്തിന്റെ പടിവാതിൽ എന്ന അർഥത്തിലാവണം ആ പേർ അതിനു ലഭിച്ചത്. 'മർദൂക്' എന്ന ദേവന്റെ നഗരമായിരുന്നു അക്കാലത്ത് ബാബേൽ. ഗ്രീക്കു ചരിത്രകാരന്മാർ ബാബേലിനെ 'ബാബിലോണിയ' എന്ന് വിളിച്ചു.

അറിയപ്പെട്ട സംസ്കാരങ്ങളിൽ ഏറ്റവും പുരാതനമായിട്ടുള്ളത് ഈ

പ്രദേശത്ത് വളർന്നുവന്ന സംസ്കാരമാണെന്ന് ചരിത്രകാരന്മാർ പറയുന്നു. 'സുമേരിയൻ സംസ്കാരം' എന്ന പേരിൽ ഇന്നതറിയപ്പെടുന്നു. എച്ച്. ജി. വെത്സ് എഴുതുന്നു: "മെസൊപൊട്ടേമിയയുടെ (ഇറാഖ്) തെക്കു ഭാഗങ്ങളിലും ഈജിപ്തിലുമാണ് ആദ്യമായി പട്ടണങ്ങളും ക്ഷേത്രങ്ങളും ജലസേചന പദ്ധതികളും, വെറുമൊരു ഗ്രാമ്യനഗരത്തിൽനിന്നൽപം ഉയർന്ന ഒരു സാമുദായിക ഘടനയുടെ മറ്റു ലക്ഷണങ്ങളും പ്രത്യക്ഷപ്പെടുന്നത്."[4]

ഉദ്ദേശം ക്രി. മു. 6000-മാണ്ടിന് മുമ്പുതന്നെ ആ ഭൂഭാഗത്ത് മനുഷ്യർ അധിവാസമുറപ്പിച്ചിരുന്നു. അക്കാലത്ത് ഏറ്റവും ഫലഭൂയിഷ്ഠമായിരുന്നു പ്രസ്തുത പ്രദേശങ്ങൾ. വെത്സ്തന്നെ പറയട്ടെ: "ഉദ്ദേശം ക്രി. മു. 6000-മാണ്ടിനോ, 7000-മാണ്ടിനോ അടുത്ത് ഏഷ്യയിലെ ഫലപുഷ്ടങ്ങളായ പ്രദേശങ്ങളിലും നൈൽതീരത്തിലും പെറുസംസ്കാരത്തോടു കിടനിൽക്കുന്ന അർധസംസ്കാരത്തോടുകൂടിയ മനുഷ്യസമുദായങ്ങൾ ആവിർഭവിച്ചു കഴിഞ്ഞിരുന്നു."[5]

ക്രിസ്തുവിന് മുമ്പ് ആറാം സഹസ്രാബ്ദത്തിൽതന്നെ മെസൊപൊട്ടേമിയയിൽ രാജവംശങ്ങൾ ഭരണം നടത്തിയിരുന്നുവെന്നു തെളിഞ്ഞിട്ടുണ്ട്. അപ്പോൾ അവിടെ മനുഷ്യസംസ്കാരം അതിനുമെത്രയോ മുമ്പ് ആരംഭിച്ചിട്ടുണ്ടാവണമല്ലോ.

## സുമേരിയൻ സംസ്കാരം

തവിട്ടുനിറത്തോടും മുന്നോട്ടുന്തിനിൽക്കുന്ന മൂക്കോടും കൂടിയ ഒരു ജനതയായിരുന്നു സുമേരിയന്മാർ. അവർ ഒരുതരം ലിപി ഉപയോഗിച്ചിരുന്നു. പരിഷ്കാരത്തിന്റെ ഒന്നാമത്തെ ചവിട്ടുപടിയാണല്ലോ എഴുത്തും വായനയും. സുമേരിയൻ അക്ഷരമാല ആധുനിക ചരിത്രഗവേഷകന്മാർക്ക് വായിക്കാൻ കഴിഞ്ഞു. സുമേരിയ ബ്രോൺസിന്റെ ഉപയോഗം കണ്ടുപിടിച്ചിരുന്നു. വെയിലിൽ ഉണക്കിയ ഇഷ്ടികകൊണ്ട് അവർ ക്ഷേത്രഗോപുരങ്ങൾ നിർമിച്ചു. എഴുതുവാൻ ഉപയോഗിച്ചത് കളിമണ്ണു കൊണ്ടുണ്ടാക്കിയ ഫലകങ്ങളായിരുന്നു. കന്നുകാലികൾ, ചെമ്മരിയാടുകൾ, കോലാടുകൾ, കഴുതകൾ മുതലായ മൃഗങ്ങളെ അവർ വളർത്തിയിരുന്നു. എന്നാൽ കുതിരയെ അവർ പോറ്റിയിരുന്നില്ലെന്നാണ് എച്ച്. ജി. വെത്സിന്റെ അഭിപ്രായം. രോമം കൊണ്ടുണ്ടാക്കിയ വസ്ത്രങ്ങളാണ് സുമേരിയന്മാർ ധരിച്ചിരുന്നത്. തല മൊട്ടയടിച്ച് താടി വളർത്തുകയായിരുന്നു സുമേരിയൻ പുരുഷന്മാരുടെ സമ്പ്രദായം.

സുമേരിയന്മാർക്ക് പല നഗരങ്ങളുമുണ്ടായിരുന്നു. അവ ഓരോന്നും സ്വതന്ത്രമായിരുന്നു താനും. ഓരോ നഗരത്തിനും അതിന്റേതായ ദൈവങ്ങളും പുരോഹിതന്മാരുമുണ്ടായിരുന്നു. രാഷ്ട്രം ദൈവത്തിന്റേതാണെന്നായിരുന്നു സങ്കല്പം. ഭൂമി ഒട്ടു മുക്കാലും ദേവസ്വമായിരുന്നു. ദൈവസ്വത്തുക്കളുടെ പരിചാരകരോ പാട്ടക്കാരോ സേവകരോ ആയിരുന്നു അവിടത്തെ ജനത.

ദേവസ്വത്തുക്കളുടെ പ്രത്യക്ഷ ഭരണകർത്താക്കൾ പുരോഹിതന്മാ

രായിരുന്നു. ദൈവങ്ങളെ പ്രതിനിധാനം ചെയ്തിരുന്നതും അവരത്രെ. അവർ മുഖേനയാണ് ദൈവശാസനം ലഭിച്ചിരുന്നത്. ദേവസ്വത്തുക്കളുടെ വരവു ചെലവു കണക്കുകൾ അവർ കൃത്യമായി രേഖപ്പെടുത്തി സൂക്ഷി ച്ചിരുന്നു. ഇതേ ആവശ്യാർഥമായിരുന്നു അവർ ലിപി കണ്ടുപിടിച്ചത്. ലിപിയുടെ കണ്ടുപിടിത്തമാണ് സുമേരിയയുടെ പ്രധാന സംഭാവന.

സുമേരിയന്മാർ വലിയ പ്രയത്നശാലികളായിരുന്നുവെന്നതിൽ സംശ യമില്ല. നാട്ടിന്റെ അന്നത്തെ കാലാവസ്ഥ ഭയങ്കരമായിരുന്നു. ഇടയ്ക്കിടെ വെള്ളപ്പൊക്കം. ഗതാഗതയോഗ്യമല്ലാത്ത ചതുപ്പുനിലങ്ങൾ. സുമേരിയർ ആ കാലാവസ്ഥയെ നിയന്ത്രിച്ചു. അവർ സമർഥമായ ജലസേചന പദ്ധ തികൾ ഏർപ്പെടുത്തി. യൂഫ്രട്ടീസിന്റെയും ടൈഗ്രീസിന്റെയും വെള്ളം കവിഞ്ഞൊഴുകുമ്പോഴാണ് വെള്ളപ്പൊക്കമുണ്ടായിരുന്നത്. ഈ പ്രതി സന്ധിയെ അവർ സമർഥമായി നേരിട്ടു. ആ രണ്ടു നദികൾക്കു മധ്യേ മൂന്നു വലിയ കനാലുകൾ കീറി; അവയെ പരസ്പരം ബന്ധിപ്പിച്ചു. കനാ ലുകളിൽനിന്ന് വെള്ളം കൃഷിസ്ഥലങ്ങളിലേക്കു കൊണ്ടുപോകേണ്ട തിനായി കൈത്തോടുകളുമുണ്ടാക്കി. അങ്ങനെ ആ ഭൂവിഭാഗം ക്ഷേമൈ ശ്വര്യങ്ങളുടെ വിളനിലമായി മാറി. സുമേരിയരുടെ ഈ ജലസേചന പദ്ധതി ആധുനിക ചരിത്രകാരന്മാരെ ആശ്ചര്യ പരതന്ത്രരാക്കിയിട്ടുണ്ട്.

ഇതു കാരണം സുമേരിയൻ വയലുകളിൽ ഗോതമ്പ് മുതലായ ധാന്യ ങ്ങൾ സമൃദ്ധമായി വിളഞ്ഞു. ക്രി. മു. 485-425-ൽ ജീവിച്ച പ്രസിദ്ധ ഗ്രീക്ക് ചരിത്രകാരനായ ഹേറോഡോട്ടസ് (Herodotes) എഴുതിവെച്ചിരി ക്കുന്നതു നോക്കുക: “ധാന്യത്തിന് ഇരുനൂറ് മേനി വിളവുണ്ടായിരുന്നു. ഗോതമ്പുനെല്ലിന്റെയും ബാർളിനെല്ലിന്റെയും ഒരിലക്ക് പലപ്പോഴും നാലു വിരലുകളുടെ വീതിയുണ്ടായിരുന്നു. ചോളത്തിന്റെയും കടുകിന്റെയും കറ്റകൾക്ക് അദ്ഭുതകരമായ നീളമുണ്ടായിരുന്നു.”[6]

ആകയാൽ സുമേരിയന്മാരുടെ വയലുകളിൽ വിളയുന്ന ധാന്യം സ്വന്തം ആവശ്യം കഴിച്ച് വളരെയേറെ മിച്ചം വന്നിരിക്കണം. ഈ മിച്ച ധാന്യം ഇതര ദേശങ്ങളിലേക്ക് കയറ്റിയയക്കാനുള്ള ഉദ്യമത്തിൽനി ന്നാവാം മെസൊപൊട്ടേമിയയിൽ വ്യാപാരം ആരംഭിച്ചതും അഭിവൃദ്ധി പ്രാപിച്ചതും. ശ്രീ. കെ. വി. ഗോപാലമേനോൻ എഴുതുന്നു: “അവരുടെ വ്യാപാരം 1200 നാഴിക അകലെ കിടക്കുന്ന സിന്ധുപ്രദേശങ്ങൾവരെ വ്യാപിച്ചു.”[7]

## മെസൊപൊട്ടേമിയൻ ചരിത്രത്തിന്നാധാരം

ക്രി. മു. 669-626-ൽ അസ്സീരിയ ഭരിച്ച അഷൂർബാനിപാൽ രാജാ വിന്റെ രാജധാനി സ്ഥിതിചെയ്തിരുന്ന സ്ഥലം ഖനനം ചെയ്തപ്പോൾ മുപ്പതിനായിരത്തോളം ശിലാലിഖിതങ്ങൾ കണ്ടുകിട്ടി. കളിമണ്ണുകൊ ണ്ടുണ്ടാക്കിയ ആ ഫലകങ്ങളിൽ എഴുതിവച്ച കാര്യങ്ങൾ ഗവേഷ കൻമാർക്ക് വായിച്ചു മനസ്സിലാക്കുവാൻ സാധിച്ചു. മെസൊപൊട്ടേമിയ ക്കാരുടെ ചരിത്രത്തെയും സാഹിത്യത്തെയും കുറിച്ചുള്ള ഇന്നത്തെ അറി വിന്റെ പ്രധാന ഉറവിടം അതത്രെ. അഷൂർബാനിപാലിന്റെ കാലത്തുള്ള

സംഭവങ്ങൾ മാത്രമല്ല അതിൽ ഉല്ലേഖനം ചെയ്തിരുന്നത്; അദ്ദേഹത്തിന്റെ ആജ്ഞപ്രകാരം എഴുത്തുകാർ അതിനുമുമ്പുള്ള രേഖകളുടെ പകർപ്പുകളും തയ്യാറാക്കിവച്ചിരുന്നു. അതിനാൽ ആ പ്രദേശങ്ങളെപ്പറ്റിയുള്ള സുദീർഘമായ ചരിത്രം ഗവേഷകന്മാർക്ക് കൈപ്പറ്റാൻ കഴിഞ്ഞു.

സുമേരിയൻ സംസ്കാരത്തിന് പഴക്കംചെന്ന കാലത്ത്, അതായത്, ക്രി. മു. 2300-നടുത്ത് അവിടത്തെ പുരോഹിതന്മാരും ചരിത്രകാരന്മാരും രാജ്യത്തിന്റെ പുരാതനചരിത്രത്തെപ്പറ്റി ഒരു അന്വേഷണം നടത്തിയിരുന്നു. അവിടെ ഭരണം നടത്തിയിരുന്ന രാജാക്കന്മാരുടെ ഒരു പട്ടിക അങ്ങനെ ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ പട്ടിക അതേപടി സ്വീകരിക്കുവാൻ തരമില്ലെന്നാണ് ആധുനിക ചരിത്രകാരന്മാരുടെ അഭിപ്രായം. ആ പട്ടിക പ്രകാരം ജലപ്രളയത്തിന് മുമ്പുള്ള രാജാക്കന്മാരുടെ വാഴ്ചക്കാലം 4,32,000 കൊല്ലമാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇത്തരം കണക്കുകൾ വെറും സാങ്കല്പികമാവാനേ തരമുള്ളൂ. അതിനാൽ പ്രസ്തുത കണക്ക് ഇന്നത്തെ ചരിത്ര വിദ്യാർഥികൾക്ക് സ്വീകാര്യമല്ല. പകരം ചരിത്രാവശിഷ്ടങ്ങളിൽനിന്ന് കിട്ടുന്ന വസ്തുതകളാണ് സുമേരിയൻ ചരിത്രത്തിനാധാരമായി സ്വീകരിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ഇങ്ങനെ കൂടുതൽ വസ്തുനിഷ്ഠമായ കണക്കുകൾ വച്ചുനോക്കുമ്പോൾതന്നെ സുമേരിയൻ സംസ്കാരത്തിന് വളരെ പഴക്കം കാണാം. പശ്ചിമേഷ്യയിലെ ഏറ്റവും പുരാതനമായ സംസ്കാരം സുമേരിയൻ സംസ്കാരം തന്നെയായിരുന്നു. ക്രി. മു. 5262-ൽ നിപ്പൂറിലും ക്രി. മു. 4500-ൽ കിഷിലും ക്രി.മു. 3500-ൽ ഊറിലും രാജവാഴ്ച നടന്നിരുന്നതായി തെളിഞ്ഞിട്ടുണ്ടെന്ന് മെസൊപൊട്ടേമിയൻ സാഹിത്യ ചരിത്രകാരനായ ശ്രീ. കൃഷ്ണ ചൈതന്യ രേഖപ്പെടുത്തുന്നു.[8]

അഷൂർബാനിപാൽ ശേഖരിച്ചുവച്ച ലിഖിതങ്ങളിൽ പല വിഷയങ്ങളെയും സ്പർശിക്കുന്ന രേഖകളുണ്ടായിരുന്നു. ഗണിതം, തത്ത്വശാസ്ത്രം, ചരിത്രം, ജ്യോതിഷം, മന്ത്രവാദം, അർഥശാസ്ത്രം, നിരുക്തം (നിഘണ്ടു), സ്തോത്രമാലകൾ, പാട്ടുകൾ, കാവ്യങ്ങൾ, ഇതിഹാസങ്ങൾ അങ്ങനെ പലതും. അക്കൂട്ടത്തിൽ 'ഗിൽഗമേഷ് ചരിതം' എന്നൊരു കാവ്യം പ്രാധാന്യമർഹിക്കുന്നു. ഇതിന് ഒന്നിലധികം പാഠാന്തരങ്ങളുണ്ടായിരുന്നു. ഇതിന്റെ കാലം ഗവേഷകന്മാർ നിർണയിച്ചിട്ടുണ്ട്. ശ്രീ. കൃഷ്ണചൈതന്യ പറയുന്നു: "ഈ കാവ്യത്തിന് ഏതാണ്ട് ക്രി. മു. 3000 കൊല്ലത്തെ പഴക്കമുണ്ട്. ഇതൊരു പൂർണമായ പൗരാണിക കഥയാണ്."[9] നോഹയുടെ പ്രളയകഥ ഇതിൽ പ്രതിപാദിച്ചിരിക്കുന്നതിനാൽ ആ കഥ അക്കാലത്തും സുമേരിയന്മാരുടെ സ്മൃതിപഥത്തിൽ മങ്ങാതെ, മായാതെ നിലനിന്നിരുന്നുവെന്ന് കരുതാവുന്നതാണ്. ലോകചരിത്രകാരൻമാർ എഴുതുന്നു: "ആ കാവ്യത്തിൽ നിന്നാണ് നോഹയുടെ കഥ എടുത്തിരിക്കുന്നതെന്നു ചില ചരിത്രകാരന്മാർ പറയുന്നു. ഏതായാലും ബൈബിളിലെ നോഹയുടെ ചരിത്രം ഇതിൽ പറയുന്ന കഥയുടെ ഒരു നേർപ്പകർപ്പുപോലെ തോന്നും."[10]

ഗിൽഗമേഷിന്റെ ഇതിഹാസത്തിൽ മാത്രമല്ല മറ്റു സുമേരിയൻ സാഹിത്യങ്ങളിലും പ്രസ്തുത കഥ സ്ഥലം പിടിച്ചിട്ടുണ്ട്. ആ സാഹിത്യങ്ങൾ ഗിൽഗമേഷിന്റെ ഇതിഹാസത്തിനും മുമ്പുള്ളതായിരുന്നു. മെസൊപൊട്ടേമിയൻ സാഹിത്യചരിത്രകാരൻ എഴുതുന്നു: "സൃഷ്ടികഥയെപ്പോലെത്തന്നെ ബാബിലോണിയൻ സാഹിത്യത്തിൽ ലോകത്തെയും മനുഷ്യവർഗത്തെയും നശിപ്പിച്ച ഒരു മഹാപ്രളയത്തെപ്പറ്റി അനേകം പാഠാന്തരങ്ങളുണ്ട്. ഇവയിൽ ഏറ്റവും അവസാനത്തേതിൽ, ഈ കഥ ഗിൽഗമേഷിന്റെ ധീരകൃത്യങ്ങളെപ്പറ്റിയുള്ള നീണ്ട കവിതയിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു."[11]

ആകയാൽ ബൈബിൾ നിലവിൽവരുന്നതിന് എത്രയോ മുമ്പുമുതൽ പ്രാചീന സാഹിത്യങ്ങളിൽ സ്ഥലം പിടിച്ച ഒന്നാണ് നോഹയുടെ കാലത്തുണ്ടായ പ്രളയകഥ. സുമേരിയന്മാരിൽനിന്നാവണം മറ്റുപലരും അതു പകർത്തിയെടുത്തത്. അതിനാൽ പ്രളയകഥാനായകനായ നോഹ ഒരു സുമേരിയനായിരുന്നു എന്ന് കൽപിക്കുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല. നോഹാപ്രവാചകൻ മതപ്രബോധനം നടത്തിയിരുന്നത് ഈ ജനപദത്തോടായിരുന്നുവെന്നും ചരിത്രകാലത്തെ സുമേരിയന്മാർ അദ്ദേഹത്തിന്റെ പിൻഗാമികളായിരുന്നുവെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ നോഹയുടെ പെട്ടകത്തിലുണ്ടായിരുന്ന ഏതാനും മനുഷ്യരും ജന്തുക്കളുമല്ലാതെ മറ്റാരും ഭൂമിയിൽ അവശേഷിക്കാത്തവിധം, പ്രളയത്തിൽ സർവരും നശിച്ചുപോയി എന്നും പെട്ടകത്തിലുണ്ടായിരുന്നവർ നോഹയും കുടുംബവുമായിരുന്നുവെന്നും ബൈബിൾ പറയുന്നു.[12]

പുരാതനകാലത്ത് മെസൊപൊട്ടേമിയയിൽ നാലു ദേശീയതകൾ വാഴുകയും നശിക്കുകയും ചെയ്തതായി ചരിത്രത്തിൽ കാണുന്നു: സുമേരിയ, അക്കാഡിയ, ബാബിലോണിയ, അസ്സീരിയ. എന്നാൽ അക്കാഡിയക്കാരും ബാബിലോണിയക്കാരും അസ്സീരിയക്കാരും സെമിറ്റിക് വർഗത്തിൽപ്പെട്ടവരായിരുന്നു. സുമേരിയക്കാർ മാത്രം ആ വർഗത്തിൽ പെട്ടവരായിരുന്നില്ല. സുമേരിയരുടെ ഉദ്ഭവം ആധുനിക ഗവേഷകന്മാർക്ക് ഇനിയും തീരുമാനിക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷേ, ഇന്ത്യയിലെ സിന്ധുതടസംസ്കാര ശില്പികളുമായി അവർക്ക് അടുത്തബന്ധമുണ്ടായിരുന്നു. കൃഷ്ണചൈതന്യ എഴുതുന്നു: "ഇന്ത്യയിലെ ആര്യന്മാർക്കു മുമ്പുണ്ടായിരുന്ന നിവാസികളുമായി- മോഹൻജദാറോവിലും ഇൻഡസ്താഴ്വരയിലെ ഹരപ്പയിലും പഞ്ചാബിലെ റുപാറിലും രാജസ്താനിലെ സരസ്വതീനദീതടത്തിലും മൈസൂരിൽപോലും കുഴിച്ചെടുക്കപ്പെട്ട അവശിഷ്ടങ്ങളുടെ ഉടമകളായ നിവാസികളുമായി- ഇവർക്കുള്ള ബന്ധംകാണിക്കുന്ന തെളിവുകളുണ്ട്."[13]

ഭാരതീയ സാഹിത്യത്തിലും ഒരു പ്രളയകഥ സ്ഥലം പിടിച്ചിട്ടുണ്ടല്ലോ. ഇതുപോലെ ജൂതന്മാർ, അറബികൾ മുതലായ ഇതര ജനതകളിലും ആ കഥ പ്രചരിച്ചിട്ടുണ്ട്. അതിനാൽ ആ ജനപദങ്ങളെല്ലാം ഒരേ തറവാ

ട്ടിൽ നിന്ന് ഭാഗം പിരിഞ്ഞുപോന്നവരാവാമെന്ന് അനുമാനിക്കുവാൻ ന്യായം കാണുന്നു. പ്രളയത്തിനുശേഷം ലോകത്തുണ്ടായ മനുഷ്യസമുദായങ്ങളെല്ലാം നോഹയുടെ സന്താനപരമ്പരയിൽപ്പെടുന്നവരാണെന്ന ബൈബിളിന്റെ അവകാശവാദത്തെ തള്ളിക്കളയണമെന്നില്ല. പക്ഷേ, ഈ വിഷയകമായി ഇനിയും ഗവേഷണപരമ്പര നടത്തേണ്ടിയിരിക്കുന്നു.

## മതവിശ്വാസം

ക്രിസ്തുവിന് ഒമ്പത് നൂറ്റാണ്ട് മുമ്പ് മെസൊപൊട്ടേമിയയിലെ പുരോഹിതന്മാർ അവരുടെ ദേവഗണത്തിന്റെ ഒരു പട്ടിക തയ്യാറാക്കി. അതിൽ 65,000 ദേവതകളെപ്പറ്റി പറയുന്നുണ്ട്. ഹൈന്ദവപുരാണങ്ങൾ മുപ്പത്തിമുക്കോടി ദേവൻമാരെപ്പറ്റി പറയുന്ന സ്ഥിതിക്ക് ഇതിൽ അദ്ഭുതപ്പെടാനൊന്നുമില്ല. എന്നാൽ ആദിയിൽ ഇത്രയധികം ദൈവങ്ങളൊന്നും സുമേരിയന്മാർക്കില്ലായിരുന്നു. ചരിത്രം നാലു ജനവിഭാഗങ്ങളെ ഒന്നിപ്പിച്ചപ്പോൾ ഓരോ വിഭാഗത്തിന്റെയും ദൈവങ്ങൾ കൂട്ടുചേർന്ന് പെരുകിയതാവണമെന്ന് അനുമാനിക്കപ്പെടുന്നു. ഏകത്വവിശ്വാസത്തിന്റെ സൂചനയും സുമേരിയൻ സംസ്കാരത്തിന്റെ അടിത്തട്ടിൽ ഒളിഞ്ഞുകിടക്കുന്നതായി നാം കാണുന്നു. സുമേരിയരുടെ ദൈവത്തിന്റെ പേർ 'എൻലിൽ' എന്നായിരുന്നു. എൻലിലിനെയാണ് ആദിയിൽ അവർ ആരാധിച്ചിരുന്നത്. ശ്രീ. കൃഷ്ണ ചൈതന്യ എഴുതുന്നു: "ഈ പ്രദേശത്ത് ആദ്യമായി ആരാധിക്കപ്പെട്ടു തുടങ്ങിയ ദേവൻ 'എൻലിൽ' ആണെന്ന് തോന്നുന്നു. എന്തെന്നാൽ അദ്ദേഹം സുമേരിയന്മാരുടെ ദൈവമായിരുന്നു."[14]

ഇതുപോലെ ബാബിലോണിയക്കാരുടെ ദേവനായിരുന്ന 'മർദൂക്കി'നെസ്സംബന്ധിച്ച വിഭാവനയിലും ഏകത്വത്തിന്റെ സങ്കൽപം കാണാം. മർദൂക്കാണ് അവരുടെ വിശ്വാസത്തിൽ സൃഷ്ടികർത്താവ്. മർദൂക്കിന്റെ ആരാധനയാണ് മനുഷ്യസൃഷ്ടിയുടെ ലക്ഷ്യം. ശ്രീ. കെ.വി. ഗോപാലമേനോന്റെ ഭാഷയിൽ, "ബാബിലോൺകാരുടെ ദൈവമായ മർദൂക്കിന് പ്രാധാന്യം കിട്ടി. അവസാനം സൃഷ്ടികർത്താവുമായി. ഇങ്ങനെ നാനാത്വത്തിൽനിന്ന് ഏകത്വത്തിലേക്കുള്ള അധ്യാത്മചിന്തയുടെ സാധാരണ ചരിത്രഗതി ഇവിടെ കാണുന്നു."[15]

ഈ വ്യാഖ്യാനം നമുക്ക് സ്വീകരിച്ചുകൊള്ളണമെന്നില്ല. നമ്മുടെ അഭിപ്രായത്തിൽ നാനാത്വത്തിൽനിന്ന് ഏകത്വത്തിലേക്കല്ല, ഏകത്വത്തിൽ നിന്ന് നാനാത്വത്തിലേക്കാണ് ദൈവസങ്കൽപചരിത്രത്തിന്റെ ഗതി. പക്ഷേ, ഏകത്വ വിഭാവന മെസൊപൊട്ടേമിയൻ സംസ്കാരത്തിലും സ്ഥലം പിടിച്ചിട്ടുണ്ടായിരുന്നുവെന്ന സംഗതി ഇത്തരുണത്തിൽ പ്രത്യേകം ശ്രദ്ധേയമത്രെ.

ബൈബിളിലെ മനുഷ്യസൃഷ്ടിയുടെ കഥയും മെസൊപൊട്ടേമിയക്കാരുടെ സൃഷ്ടികഥയും തമ്മിൽ വളരെ അടുപ്പമുണ്ട്: കൃഷ്ണചൈതന്യ പറയുന്നു: ''മനുഷ്യസൃഷ്ടിയുടെ മെസൊപൊട്ടേമിയൻ വ്യാഖ്യാനം ബൈബിളിലേതുപോലെത്തന്നെയാണ്. മർദൂക്ക് സ്വയം മുറിപ്പെടുത്തുകയും അതിൽ നിന്നൊഴുകിയ രക്തത്തിൽ മണ്ണുകുഴച്ചു മനു

ഷ്യനെ സൃഷ്ടിക്കുകയും ചെയ്തു."[16]

ബൈബിൾ 'ദൈവരക്തം' എന്ന വാക്കിനുപകരം 'ദൈവസ്വരൂപം' എന്നും 'ജീവശ്വാസം' എന്നുമുള്ള ശൈലികളാണ് സ്വീകരിച്ചിട്ടുള്ളത്.

"ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ച്".... "യഹോവ യായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമിച്ചിട്ട്, അവന്റെ മൂക്കിൽ ജീവശ്വാസം ഊതി; മനുഷ്യൻ ജീവനുള്ള ദേഹി യായിത്തീർന്നു."[17]

ഖുർആനാകട്ടെ, ഇവിടെ മറ്റൊരു ശൈലിയാണ് സ്വീകരിച്ചിരിക്കു ന്നത്.

"അവൻ (ദൈവം) കളിമണ്ണിൽനിന്ന് മനുഷ്യസൃഷ്ടി ആരംഭിച്ചു.... തന്റെ ആത്മാവ് അവനിൽ ഊതി.."[18]

ശൈലികൾ വ്യത്യസ്തങ്ങളെങ്കിലും ആശയം ഒന്നു തന്നെ: ഭൗമി കതയുടെയും ദൈവികചേതനയുടെയും സമഞ്ജസസമ്മിളിതനാണ് മനുഷ്യൻ. അവനിൽ അഭൗമികതയുടെയും ഭൗമികതയുടെയും അംശ ങ്ങൾ കലർന്നിട്ടുണ്ട്. അഭൗമികമായ ദൈവിക ചേതന വളർത്തി, മനു ഷ്യന് ഔന്നത്യത്തിന്റെ ഉത്തുംഗശൃംഗത്തിലെത്താൻ കഴിയും. അതാണ് ദൈവാരാധനയുടെ ലക്ഷ്യം. ദൈവാരാധനക്കുവേണ്ടിയത്രെ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഭൗമികതയുടെ ചളിക്കുണ്ടിൽ ആണ്ടുപോകാതെ, അഭൗമികതയുടെ ഉന്നതപദവിയിൽ എത്തിച്ചേരാ നുള്ള പരിപാടി- അതാണ് ദൈവാരാധന. ഈ ആശയം ഖുർആൻ വ്യക്തമാക്കുന്നുണ്ട്. മനുഷ്യസൃഷ്ടിയുടെ ഉദ്ദേശ്യം ദൈവാരാധനയാ ണെന്ന് അത് പറയുന്നു.[19] സുമേരിയൻ സാഹിത്യവും ഇതു തന്നെ യാണ് സൂചിപ്പിക്കുന്നത്: "ദൈവങ്ങൾക്ക് ആരാധന ആവശ്യമായിത്തോ ന്നിയെന്നും അതിന് ആരുമില്ലാതിരുന്നതിനാലാണ് മനുഷ്യൻ സൃഷ്ടി ക്കപ്പെട്ടതെന്നും (സൃഷ്ടി) കഥയുടെ കൗതുകകരമായ ഒരു ഭാഗം പ്രസ്താവിക്കുന്നു."[20]

അനു, എൻലിൽ, എൻകി, നിഹൂർസാദ്, ഇഷ്ടാർ, ഷമാഷ്, സിൻ, നാന, ഇയ, നബു, അദദ് മുതലായ ഒട്ടനേകം ദേവീദേവന്മാരിൽ മെസൊ പൊട്ടേമിയക്കാർ വിശ്വസിച്ചിരുന്നു. ഇവരെല്ലാം അദൃശ്യശക്തികളും പ്രകൃതി പ്രതിഭാസങ്ങളെ നിയന്ത്രിക്കുന്നവരുമാണെന്ന് അവർ വിശ്വ സിച്ചു. ഇക്കൂട്ടത്തിൽ ഇഷ്ടാറും നാനയും എൻകിയും ദേവിമാരായിട്ടാണ് സങ്കൽപിക്കപ്പെട്ടിരുന്നത്. അനു ദേവന്മാരുടെ മേധാവിയാണ്. അദ്ദേഹ ത്തിന്റെ ആജ്ഞകൾ എൻലിൽ നടപ്പിൽ വരുത്തുന്നു. അനുവിന്റെ സ്ഥാനം പിന്നീട് മർദൂക്കിനായി. എൻകി ഭൂദേവിയാണ്. നിഹൂർസാദാണ് 'അപ്സു' (ജലം) വിനെ നിയന്ത്രിക്കുന്നത്. ഇഷ്ടാർ സൗന്ദര്യദേവിയത്രേ. നാനദേവിയാണ് നഗരം രക്ഷിക്കുന്നത്. ഇയ നാഗരികതയുടെയും ഷമാഷ് സൂര്യന്റെയും സിൻ ചന്ദ്രന്റെയും അദദ് കൊടുങ്കാറ്റിന്റെയും ദേവതക ളത്രേ. ഷമാസിന്റെ സ്ഥാനം ഒടുവിൽ വളരെ ഉയർന്നു. അദ്ദേഹം സർവ ജ്ഞനും സർവസാക്ഷിയുമായി . ഷമാഷിനെക്കുറിച്ചുള്ള ഒരു മെസൊ

പൊട്ടേമിയൻ സ്തോത്രത്തിൽ പറയുന്നു:

"എല്ലാ നാട്ടിലുമുള്ള മനുഷ്യരുടെ ആഗ്രഹങ്ങൾ, അവരുടെ പ്രവൃത്തികൾ എല്ലാം അങ്ങറിയുന്നു; കാണുന്നു."[21]

ഇയ ജലദേവതയും നബു ജ്ഞാനദേവതയുമാണ്. ഇങ്ങനെ ഓരോ പ്രകൃതിപ്രതിഭാസങ്ങൾക്കും പിന്നിൽ ചില ദേവതകളുടെ പ്രവർത്തനം നടക്കുന്നുണ്ടെന്നാണ് അവർ വിശ്വസിച്ചിരുന്നത്.

ഇതു കൂടാതെ തിന്മയും രോഗങ്ങളും വരുത്തുന്ന ചില ദുർദേവതകളുണ്ടെന്നും അവർ വിശ്വസിച്ചിരുന്നു. അവർ പുരുഷന്മാരോ സ്ത്രീകളോ അല്ല. സംഹാരമൂർത്തികളാണ്.

"അഗാധതലങ്ങളിലൊന്നിൽ അവർ ഉയിർക്കൊണ്ടു. അവർ സ്ത്രീയും പുരുഷനുമല്ല; സംഹാര ചണ്ഡവാതങ്ങളാണ് അവർ."[22]

പക്ഷേ ശുദ്ധികർമങ്ങൾകൊണ്ടും മന്ത്രങ്ങൾകൊണ്ടും ദുർദേവതകളെ ആട്ടിയകറ്റാൻ കഴിയുമെന്ന് അവർ ധരിച്ചിരുന്നു.

അദൃശ്യസത്വങ്ങളിലുള്ള വിശ്വാസം നിലവിലുള്ള എല്ലാ മതങ്ങളിലുമുണ്ട്. ഓരോ വിഭാഗവും വിവിധ പേരുകളാണ് നൽകിയിരിക്കുന്നതെന്നേയുള്ളൂ. ബൈബിൾ 'മാലാഖമാർ' എന്നാണ് അവരെ വിളിക്കുന്നത്. ദുർദേവതകളെ 'സാത്താന്മാർ' എന്നും, മുസ്‌ലിംകൾ അവരെ യഥാക്രമം 'മലക്കുകൾ' എന്നും 'ശൈത്താന്മാർ' എന്നും വിളിക്കുന്നു. ഭാരതീയരാകട്ടെ 'ദേവന്മാർ' എന്നും 'അസുരന്മാർ' എന്നുമാണ് പറയുന്നത്. ആകയാൽ അതിപ്രാക്തനകാലം മുതൽ മനുഷ്യരാശി ഇങ്ങനെയുള്ള അഭൗതികാസ്തിത്വങ്ങളിൽ വിശ്വസിച്ചുവരുന്നു.

ഇതുപോലെ ദൈവവിധിയിലും മെസൊപൊട്ടേമിയർക്ക് അചഞ്ചല വിശ്വാസമുണ്ടായിരുന്നു. എൻലിലിന്റെ നഗരിയായ 'നിപ്പൂർ' നിപതിച്ച അവസരത്തിൽ നടന്ന ദീനരോദനം ഇതായിരുന്നു: "ദേവാധിദേവാ, ലോകങ്ങളുടെ അധിനായകാ, ആഴമാണ്ട മനുഷ്യഹൃദയത്തിന്റെ, പവിത്രപദത്തിന്റെ, പ്രപഞ്ചത്തിന്റെ അധീശാ, അത്യുന്നതനായോനേ, ഈ വിലാപം ശ്രവിച്ചാലും ... ശിഥിലീകൃതമായ ക്ഷേത്രങ്ങൾക്ക് വേണ്ടി വിലപനം നടത്തട്ടെ. തകർക്കപ്പെട്ട ദേവാലയങ്ങൾക്ക് വേണ്ടി വിലപനം നടത്തട്ടെ. ആരുടെ പദ്ധതികളുടെ സത്ത, ആരുടെ ചിന്ത മനുഷ്യബുദ്ധിക്കതീതമോ, ആ ദൈവവിധിയുടെ സത്തയാണ് എൻലിൽ....മുകളിൽ സ്വർഗത്തെ നിശ്ചലമാക്കുന്ന ദൈവവിധി; താഴെ ഭൂമിയെ നിശ്ചലമാക്കുന്ന ദൈവവിധി; ദേവഗണങ്ങൾക്കിടയിൽ ഭീതി ജനിപ്പിക്കുന്ന ദൈവവിധി - അതിനൊരു മാന്ത്രികനില്ല![23]

മെസൊപൊട്ടേമിയക്കാരുടെ ധർമാധർമത്തെക്കുറിച്ചുള്ള ചിന്ത ഒരു ബാബിലോണിയൻ പ്രാർഥനയിൽ നിന്ന് അനുമാനിക്കാവുന്നതാണ്: "ഞാൻ ചെയ്ത പാപത്തെ നന്മയായി മാറ്റുക; എന്റെ അപരാധങ്ങളെ കാറ്റടിച്ചു കളയട്ടെ. എന്റെ ദുഷ്കർമഗണങ്ങളെ ഒരു മലിനവസ്ത്രമെന്നപോലെ എന്നിൽ നിന്നും മാറ്റിക്കളയുക. എന്റെ ദൈവമേ, എന്റെ പാപങ്ങൾ ഏഴേഴിരട്ടിയാണെങ്കിലും, എന്റെ പാപങ്ങളെ കഴുകിക്കളയുക.

അവിടത്തെ ഹൃദയം ശിശുക്കളെ പെറ്റു വളർത്തിയ ഒരു മാതാവിന്റെ ഹൃദയം പോലെ സന്തോഷിക്കട്ടെ. ശിശുക്കളെ പെറ്റു വളർത്തിയ മാതാവിനെപ്പോലെ, അവരെ ജനിപ്പിച്ച പിതാവിനെപ്പോലെ അത് സന്തോഷിക്കട്ടെ!"[24]

## മതവും സാമൂഹിക നീതിയും

മെസൊപൊട്ടേമിയ ഭരിച്ചിരുന്ന രാജാക്കന്മാരിൽ പലരും ദൈവവിശ്വാസവും സാമൂഹികനീതിയും തമ്മിൽ ബന്ധമുണ്ടെന്നു ധരിച്ചിരുന്നു. പ്രബുദ്ധരായ പ്രസ്തുത രാജാക്കന്മാരിൽ ഒരാൾ ലഗാഷ് നഗരത്തിലെ ഉറുക്കാജിന ആയിരുന്നു. ഇദ്ദേഹത്തിന്റെ കാലം ക്രി. മു. 2900-മാണ്ടാണെന്ന് ഗവേഷകന്മാർ കണക്കാക്കിയിട്ടുണ്ട്. ഉറുക്കാജിന തന്റെ ജനങ്ങൾക്ക് സ്വാതന്ത്ര്യം നൽകി എന്ന് അവകാശപ്പെടുകയുണ്ടായി. അദ്ദേഹം നടപ്പാക്കിയ നിയമങ്ങളും വ്യവസ്ഥകളും പ്രസ്തുത അവകാശവാദത്തെ ഏറക്കുറേ സാധൂകരിക്കുന്നുണ്ടുതാനും. പാവങ്ങളെയും നിസ്സഹായരെയും ചൂഷണം ചെയ്ത്, അന്നത്തെ ധനികന്മാരും മതാധികാരികളും നിസ്സാരവിലയ്ക്ക് ഭൂമിയും വസ്തുക്കളും കൈവശപ്പെടുത്തിയിരുന്നു. അതുകൊണ്ട് താഴെപറയുന്ന ഒരു നിയമം രാജാവ് നടപ്പാക്കി:

"രാജാവിന്റെ പ്രജക്ക് ഒരു നല്ല കഴുതക്കുട്ടി ജനിക്കുകയും അയാളുടെ മുതലാളൻ അത് 'ഞാൻ വാങ്ങിക്കൊള്ളും' എന്നു പറയുകയും ചെയ്യുന്നപക്ഷം, ഉടമസ്ഥനായ നിർധനന് അത് വിൽക്കാതിരിക്കുന്നതിനുള്ള അവകാശമുണ്ട്. അഥവാ അവൻ വിൽക്കുവാൻ തയ്യാറാണെങ്കിൽ തന്റെ മുതലാളനോട് 'എന്റെ കുടുംബവും എന്റെ മനസ്സും തൃപ്തിപ്പെടുന്നത് വരെ വെള്ളിനാണ്യത്തിൽ വില തരിക' എന്നു പറയാം."[25]

പാവപ്പെട്ടവരുടെ തോട്ടത്തിൽ കടന്ന് മരം മുറിക്കുക, ഫലം പറിച്ചെടുക്കുക മുതലായ അക്രമങ്ങൾ അന്നത്തെ പുരോഹിതന്മാർ ചെയ്തിരുന്നു. ഈ അക്രമത്തേയും ഉറുക്കാജിന നിർത്തൽ ചെയ്തു:

"പാവങ്ങളുടെ മാതാവിന്റെ തോട്ടത്തിലെ മരങ്ങൾ മുറിക്കുകയും ഫലങ്ങൾ പറിച്ചെടുക്കുകയും ചെയ്യുന്നത് പുരോഹിതന്മാരുടെ ഒരു പതിവായിരുന്നു. പാവങ്ങളുടെ മാതാവിന്റെ തോട്ടത്തിൽ പിന്നീട് അയാൾ കടന്നിട്ടില്ല. അയാൾ അവളുടെ വൃക്ഷങ്ങൾ മുറിക്കുകയോ, ഫലങ്ങൾ എടുത്തുകൊണ്ടുപോകുകയോ ചെയ്തിട്ടില്ല."[26]

കീഴ്ക്കോടതികളിൽ നീതിന്ന്യായപാലനം വളരെയധികം അഴിമതികളോടെയാണ് പുരോഹിതന്മാർ നടത്തുന്നതെന്ന് അദ്ദേഹം കണ്ടു. അതും അവസാനിപ്പിച്ചു. മുന്നൂറ് കൊല്ലം കഴിഞ്ഞ് ലഗാഷ് നഗരം ഗുഡിയ എന്ന രാജാവിന്റെ അധീനത്തിൽ വന്നു. അദ്ദേഹം പല പരിഷ്കാരങ്ങളും നടപ്പിൽ വരുത്തി. ഇക്കൂട്ടത്തിലൊന്നായിരുന്നു മാനവസമത്വം. അദ്ദേഹത്തിന്റെ ഒരു ശിലാഫലകത്തിൽ പറയുന്നതു നോക്കുക: "ഏഴു കൊല്ലത്തേക്ക് ഭൃത്യ യജമാനത്തിയോട് തുല്യമായിരുന്നു. അടിമ അവന്റെ ഉടമയോടൊപ്പം പോയി. എന്റെ പട്ടണത്തിലെ ബലഹീനൻ

ബലവാന്റെ അടുക്കൽ വിശ്രമിച്ചു."[27]

ഗുഡിയരാജാവിന്റെ മരണശേഷം ജനങ്ങൾ അദ്ദേഹത്തെ ദൈവത്തെയെന്ന പോലെ ആദരിച്ചുപോന്നിരുന്നു. ഇതു പ്രകാരം ഊർ പട്ടണത്തിൽ ഭരണം നടത്തിയ 'ഊർ എംഗുർ' രാജാവും (ക്രി.മു. 2450) അദ്ദേഹത്തിന്റെ പുത്രൻ ഡുംഗിയും (ക്രി.മു. 2400) ശരിയായ സാമൂഹിക നീതി സ്ഥാപിക്കുകയുണ്ടായി. 58 കൊല്ലം രാജ്യം ഭരിച്ചു ഡുംഗി. ഇതൊക്കെ ദൈവത്താൽ നിർദിഷ്ടമായ തത്ത്വത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവെന്ന് പ്രസ്തുത ഊർ എംഗറിന്റെ ഒരു പ്രഖ്യാപനം തന്നെ തെളിയിക്കുന്നുണ്ട്:

"ഷമാഷിന്റെ ന്യായപ്രമാണങ്ങൾ വഴി ഞാൻ എന്നെന്നേക്കുമായി ന്യായമേർപ്പെടുത്തി! "[28]

ഹമ്മുറാബിയുടെ 'നിയമസംഹിത' ചരിത്രകാരന്മാർക്കിടയിൽ സുപ്രസിദ്ധമാണ്. ക്രി.മു. 2123 മുതൽ 2081 വരെ ബാബിലോണിയ ഭരിച്ച ആ രാജാവിന്റെ നിയമ സംഹിത മുഴുവൻ ഇന്നു നമുക്കു കിട്ടിയിട്ടുണ്ട്. ശിലയിൽ ഉല്ലേഖനം ചെയ്തുവെച്ചതായിരുന്നു അത്. അതിന്റെ മുഖവുരയിൽ പറയുന്നു: "ദേവന്മാരായ അനുവും ബേലും വാഴ്ത്തപ്പെട്ട രാജകുമാരനും ദൈവാരാധകനുമായ ഹമ്മുറാബിയെ വിളിച്ചു ഇപ്രകാരം പറഞ്ഞു: രാജ്യത്തൊട്ടാകെ നീതിന്യായം പാലിക്കുക; ദുഷ്ടന്മാരെയും ദുഷ്പ്രവൃത്തികളെയും ഇല്ലായ്മചെയ്യുക; ബലവാൻ ബലഹീനനെ മർദിക്കുന്നതു തടയുക; ഭൂമിയിൽ വിജ്ഞാനം പകർത്തുക! ബേലിനാൽ വിളിക്കപ്പെട്ട ന്യായാധിപനായ ഹമ്മുറാബി ഞാനാണ്. ജനങ്ങളുടെ ന്യായാധിപനും ദൈവത്തിന് ഇഷ്ടമായ പ്രവൃത്തികൾ ചെയ്യുന്ന ദാസനും ഞാനാണ്. ഞാൻ സമ്പത്സമൃദ്ധി കൈവരുത്തി; ജനങ്ങൾക്ക് വെള്ളം ധാരാളമായി വിതരണം ചെയ്തു; ആപത്ക്കാലത്ത് ഞാൻ അവരെ സഹായിച്ചു."[29]

ഹമ്മുറാബിയുടെ ഭരണത്തിൽ നിയമത്തിന്റെ മുമ്പിൽ എല്ലാവരും സമന്മാരായിരുന്നു. മുഖവുര തുടരുന്നു: "അവശതാപരിഹാരത്തിന് ഹരജികളുമായി വരുന്ന എല്ലാവരും നീതിമാനായ ഒരു രാജാവിന്റെ മുമ്പിലെന്നപോലെ എന്റെ പ്രതിമയുടെ മുമ്പിൽ വരട്ടെ; എന്റെ സ്മാരകത്തിൽ കൊത്തിയിട്ടുള്ള ശിലാലിഖിതങ്ങൾ വായിച്ച്, ആ വിലയേറിയ സൂക്തങ്ങൾ മനസ്സിലാക്കട്ടെ; അവന്റെ സങ്കടങ്ങൾക്ക് എന്റെ ശിലാലിഖിതങ്ങളിൽ പരിഹാരം കണ്ടെത്തട്ടെ; അവന്റെ അവകാശങ്ങൾ മനസ്സിലാക്കുമാറാകട്ടെ; അവന്റെ മനസ്സ് സന്തോഷം കൊണ്ട് നിറയട്ടെ. ഹമ്മുറാബി തന്റെ പ്രജകൾക്ക് പിതാവായ ഒരു നാഥനാകുന്നു. അദ്ദേഹം ഭൂമിയിൽ ശുദ്ധമായ ഒരു ഭരണം ഏർപ്പെടുത്തി."[30]

ഹമ്മുറാബി അവകാശപ്പെട്ടപോലെ പ്രസ്തുത നിയമസംഹിത ഒരു ദൈവിക നിയമസംഹിതയായിരുന്നുവെന്ന് വിചാരിപ്പാൻ ന്യായമുണ്ട്. പിൽക്കാലത്ത് ഇസ്രായേൽ സമുദായത്തിൽ നടപ്പിൽ വന്നതും മോസസ്സിന് അവതരിച്ച് കിട്ടിയതെന്ന് വിശ്വസിക്കപ്പെടുന്നതുമായ നിയമസം

ഹിതക്ക് ഹമ്മുറാബിയുടെ സംഹിതയോടുള്ള കടപ്പാട് ചരിത്രനിരൂപക ന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇസ്‌ലാമിക ശരീഅത്തിനും അതിനോട് അപാരമായ സാദൃശ്യമുണ്ട്. ആകയാൽ പ്രസ്തുത സംഹിതകളെല്ലാം ഒരേ സരിത്തിൽ നിന്ന് നിർഗളിച്ചതാണെന്ന് പറയാവുന്നതാണ്. അതി നാൽ മെസൊപൊട്ടേമിയയിൽ വളർന്നു വികസിച്ച സംസ്കാരം ഒരു പ്രവാചക പ്രബോധനത്തിന്റെ അസ്തിവാരത്തിൽ സ്ഥാപിതമായിരുന്നു എന്ന നിഗമനത്തിലെത്തിച്ചേരാൻ വിഷമമില്ല. കാലചക്രത്തിന്റെ കറക്കം ആ സംസ്കാരത്തിൽ പല മാറ്റങ്ങളും വരുത്തിയിരിക്കാം. അങ്ങനെ പ്രവാ ചകപ്രബോധിതമായ തത്ത്വങ്ങളിൽ നിന്ന് അതു വളരെയധികം വ്യതി ചലിച്ചുപോയതാവാം. ഇതു തന്നെയാണ് മറ്റെല്ലാ ലോകസംസ്കാര ങ്ങൾക്കും സംഭവിച്ചത്.

## ഹമ്മുറാബിയും അമ്രാഫെലും

ജൂതന്മാരും ക്രിസ്ത്യാനികളും മുസ്‌ലിംകളും ഒരുപോലെ പ്രവാച കനെന്നു വിശ്വസിക്കുന്ന അബ്രഹാമി (ഇബ്റാഹീം നബി)ന്റെ ജന്മദേശം ബാബിലോണിയയായിരുന്നു എന്ന് ബൈബിളിൽനിന്ന് വ്യക്തമാവും. ബാബിലോണിയാ രാഷ്ട്രത്തെ 'ശീനാർ' എന്നാണ് ഉത്പത്തിപു സ്തകം[31] വിളിച്ചിരിക്കുന്നത്. അബ്രഹാമിന്റെ കാലത്ത് ശീനാർ ഭരിച്ചി രുന്ന രാജാവിന്റെ പേര് 'അമ്രാഫെൽ' എന്നായിരുന്നു.[32] എന്നാൽ അറബി ഗ്രന്ഥങ്ങൾ 'നിംറൂദ്' എന്നാണ് അന്നത്തെ രാജാവിനെ വിളി ക്കുന്നത്. നിംറൂദ് എന്നത് അക്കാലത്ത് ബാബിലോണിയ ഭരിച്ചിരുന്ന രാജാക്കന്മാരുടെ സ്ഥാനപ്പേരാവണം; 'ഫിർഔൻ' (ഫറോവ), നജ്ജാശി (നേഗസ്), 'ഖൈസർ' (സീസർ), 'കിസ്റാ' എന്നീ പേരുകൾപോലെ തന്നെ. അതിനാൽ നിംറൂദ് പരമ്പരയിലെ ഒരു ചക്രവർത്തിയാവാം അമ്രാ ഫെൽ.

പ്രസ്തുത അമ്രാഫെൽ ആവണം, ശിലാലിഖിതങ്ങളിൽ കണ്ടെ ത്തിയ ഹമ്മുറാബി എന്ന് ചരിത്രാന്വേഷകരിൽ ചിലർക്കഭിപ്രായമുണ്ട്. ഹ-അ, ബ- ഫ എന്നീ വർണങ്ങൾ സെമിറ്റിക്ക് ഭാഷകളിൽ അന്യോന്യം മാറി വരിക സാധാരണമത്രേ. അങ്ങനെ ഹമ്മുറാബി എന്ന ബാബിലോ ണിയൻ സംജ്ഞ ഹിബ്രുഭാഷയിൽ കടന്നുവന്നപ്പോൾ 'അമുറാഫി' ആയി. 'എൽ' ഹിബ്രുവിൽ ദൈവത്തിന്റെ പേരാണ്. എലിനോട് ചേർന്ന് ധാരാളം പേരുകൾ ഹിബ്രുവിൽ കാണാം. ശമുവേൽ, യഹസ്കേൽ, യിസ്രായേൽ എന്നിവ ഉദാഹരണം. അമുറാഫിയോട് ഹിബ്രുശൈലിയ നുസരിച്ച് എൽ ചേർന്ന് അവസാനം അമ്രാഫെൽ ആയിത്തീർന്നതാവാ മെന്നാണ് സയ്യിദ് സുലൈമാൻ നദ്‌വിയുടെ നിഗമനം. അദ്ദേഹം ഈ നിഗമനത്തെ ന്യായീകരിച്ചുകൊണ്ട് പ്രസ്താവിക്കുന്നു: "അമ്രാഫെലും ഹമ്മുറാബിയും ഒരേ ആളാണ് എന്ന നിഗമനത്തിന് വലിയ ഒരു തെളിവ് ഇരുവരുടെയും കാലവും ദേശവും ഏതാണ്ട് ഒന്നായതു കൂടിയാണ്."[33]

പാശ്ചാത്യൻ ചരിത്രകാരനായ ആർ.ഡബ്ല്യു. രാഗർസിനും ഏതാണ്ട് ഇതേ അഭിപ്രായമാണുള്ളതെന്ന് നദ്‌വി സൂചിപ്പിച്ചിട്ടുണ്ട്.[34]

ആകയാൽ പ്രവാചകനായ അബ്രഹാമിന്റെ മതപ്രബോധനത്തിൽനിന്നുയിർകൊണ്ടതാണ് ഹമ്മുറാബിയുടെ നിയമസംഹിത എന്ന് വിചാരിക്കുവാൻ സാധ്യതയുണ്ട്. ഇങ്ങനെ നോക്കുമ്പോൾ മെസൊപൊട്ടേമിയൻ സംസ്കാരത്തിന്റെ അടിയൊഴുക്കുകൾ അവിടങ്ങളിൽ മതപ്രബോധനം നടത്തിയിരുന്ന മഹാ പുരുഷന്മാരുടെ ചിന്താഗതികളും ആശയഗതികളുമാണെന്ന് കാണാവുന്നതാണ്. എന്നാൽ ആ മഹാപുരുഷന്മാരുടെ ജീവചരിത്രങ്ങളും യഥാർഥമതപ്രബോധനങ്ങളും നിർഭാഗ്യവശാൽ നമുക്ക് ഖനനങ്ങളിൽ ലഭിച്ചിട്ടില്ല. അതിലൊട്ടും അദ്ഭുതപ്പെടാനുമില്ലതാനും. കാരണം, തങ്ങളുടെ സ്മാരകങ്ങൾക്കല്ലാതെ മറ്റൊന്നിനും രാജാക്കന്മാരോ പ്രഭുക്കന്മാരോ വില കൽപിക്കുക പതിവില്ലല്ലോ.

സൈന്ധവൻമാരും മെസൊപൊട്ടേമിയരും തമ്മിലുള്ള മതപരമായ അടുപ്പത്തെപ്പറ്റി അടുത്ത അധ്യായത്തിൽ പരിശോധിക്കാം.

## കുറിപ്പുകൾ

1. വാട്ട് ഹാപ്പൻഡ് ഇൻ ഹിസ്റ്ററി പേജ് 112
2. വിശ്വദർശനങ്ങൾ പേജ് 542, 543
3. Ibid P. 540-541
4. ലോകചരിത്ര സംഗ്രഹം പേജ് 68
5. Ibid P. 68
6. ഉദ്ധരണം: മെസൊപൊട്ടേമിയൻ സാഹിത്യചരിത്രം പേജ് 10
7. ലോകചരിത്രം വാല്യം 1, പേജ് 72
8. മെസൊപൊട്ടേമിയൻ സാഹിത്യചരിത്രം പേജ് 14
9. Ibid P. 67
10. ലോകചരിത്രം വാല്യം 1, പേജ് 82
11. മെസൊപൊട്ടേമിയൻ സാഹിത്യചരിത്രം പേജ് 49
12. ഉത്പത്തി 7-ാം അധ്യായം നോക്കുക.
13. മെസൊപൊട്ടേമിയൻ സാഹിത്യചരിത്രം പേജ് 13
14. Ibid P. 26
15. ലോകചരിത്രം വാല്യം 1, പേജ് 86
16. മെസൊപൊട്ടേമിയൻ സാഹിത്യചരിത്രം പേജ് 48
17. ഉത്പത്തി 1: 27, 2: 7
18. ഖുർആൻ 32: 7,9
19. Ibid അധ്യായം 51, സൂക്തം 56 നോക്കുക.
20. മെസൊപൊട്ടേമിയൻ സാഹിത്യചരിത്രം പേജ് 48.
21. Ibid P. 32
22. Ibid P. 29
23. Ibid P. 40
24. Ibid P. 37, 38
25. Ibid P. 86
26. ഉദ്ധരണം: Ibid P. 87
27. ഉദ്ധരണം: Ibid P. 87, 88

28. ഉദ്ധരണം: Ibid P. 88.
29. ഉദ്ധരണം: Ibid P. 88, 89
30. ഉദ്ധരണം: Ibid P. 89
31. ഉത്പത്തി 10:10
32. Ibid 14:1
33. അർദുൽ ഖുർആൻ വാള്യം 1, പേജ് 143
34. Ibid വാള്യം 1, പേജ് 143

അധ്യായം പതിനൊന്ന്

# മതപരമായ അടുപ്പം

**വെ**ങ്കലയുഗത്തിലാണ് സിന്ധുനദീതടസംസ്കാരം തഴച്ചു വളർന്നതെന്ന് ഉത്ഖനന ഗവേഷണം തെളിയിക്കുന്നു. എന്നാൽ അതിന്റെ ആരംഭം അതിനും എത്രയോ നൂറ്റാണ്ടുകൾക്ക് മുൻപായിരിക്കണം. എന്തെന്നാൽ പൂർണ വളർച്ച കൈവന്ന ഒരു സംസ്കാരമായിട്ടാണ് സിന്ധുനാഗരികത്വം നമ്മുടെ അറിവിൽ വരുന്നത്. ഒരു നാഗരികത ആ ദശയിലെത്തണമെങ്കിൽ പല വളർച്ചാഘട്ടങ്ങളെയും പിന്നിടാതെ വയ്യ. പണ്ഡിറ്റ് നെഹ്റുവിന്റെ അനുമാനത്തിൽ അഞ്ചോ ആറോ സഹസ്രാബ്ദങ്ങൾ പഴക്കമുണ്ട് സിന്ധുതട സംസ്കാരത്തിന്.[1]

ഏതാണ്ട് അതേ കാലത്താവണം മെസൊപൊട്ടേമിയൻ സംസ്കാരവും തഴച്ചു വളർന്നത്. സിന്ധുതടവാസികൾക്ക് മെസൊപൊട്ടേമിയക്കാരുമായി അടുത്ത സമ്പർക്കമുണ്ടായിരുന്നുവെന്ന ചരിത്രാന്വേഷകന്മാരുടെ അഭിപ്രായം നാം കണ്ടു. സൈന്ധവന്മാർ സമർഥരായ കടൽയാത്രക്കാരും കച്ചവടക്കാരുമായിരുന്നു. ഖനനത്തിൽ ലഭിച്ച മുദ്രകളിൽ കാണുന്ന കപ്പൽ ചിത്രങ്ങളും, വിവിധ തരത്തിലുള്ള അളവുകളുടെയും തൂക്കങ്ങളുടെയും ചിഹ്നങ്ങളും അതാണ് സൂചിപ്പിക്കുന്നത്. കൂടാതെ മെസൊപൊട്ടേമിയയിലെ ഒരു പുരാതന നഗരമായ ലഗാഷിനടുത്തുനിന്ന് ഒരു തുണിക്കെട്ടിന്റെ അരികിൽ ഒരു ഇന്ത്യൻ മുദ്ര കണ്ടുകിട്ടിയത് വ്യക്തമാക്കുന്നതും അതാണ്.

പരുത്തി നൂലാക്കുവാനും നൂലുകൊണ്ട് വസ്ത്രങ്ങൾനെയ്യുവാനും സിന്ധുതടവാസികൾ പഠിച്ചിരുന്നു. ഖനനത്തിൽ കണ്ടെടുത്ത തുണിക്കഷണം അത് തെളിയിച്ചു. ചുകപ്പ് ചായം കൊടുത്ത് മോടിപിടിപ്പിച്ച ആ തുണി നെയ്ത്തുവ്യവസായത്തിൽ അവർക്കുണ്ടായിരുന്ന പുരോഗതി കാണിക്കുന്നു. ഗ്രീക്കുഭാഷയിൽ പരുത്തിക്കുപയോഗിക്കുന്ന പേർ

'സിന്ധോൻ' എന്നത്രെ. പുരാതനകാലത്ത് പരുത്തിക്കും പരുത്തികൊണ്ടുള്ള വസ്ത്രങ്ങൾക്കും ശ്രുതിപ്പെട്ട രാജ്യം സിന്ധായതിനാലാവണം അതിന് ആ പേർ കിട്ടിയതെന്ന് അനുമാനിക്കപ്പെടുന്നു. ഗ്രീക്കുകാർ പരുത്തിത്തുണി വാങ്ങിയിരുന്നത് സിന്ധിൽ നിന്നായിരിക്കണം.

മെസൊപൊട്ടേമിയയും സിന്ധും തമ്മിലുണ്ടായിരുന്ന ബന്ധത്തെപ്പറ്റി നാം വിവരിച്ചിട്ടുണ്ട്. കേവലം കച്ചവടബന്ധമായിരുന്നില്ല അത്. അതിൽ കവിഞ്ഞ്, സാംസ്കാരികവും മതപരവും കൂടിയായിരുന്നു. സിന്ധുതടവാസികളുടെ മതസങ്കൽപവും സുമേരിയരുടെ മതസങ്കൽപവും തമ്മിൽ വലുതായ സാദൃശ്യമുണ്ട്. ഇതേപ്പറ്റി ജോൺ മാർഷലിന്റെ പക്ഷം ഇതാണ്:

"സിന്ധുതടത്തിലെ ജനങ്ങളുടെ മതത്തിൽ കാണുന്ന പലതും സമാന്തര നിലയിൽ മറ്റു ജനങ്ങളിലും കാണാനുണ്ടെന്നത് ശരിതന്നെയെങ്കിലും, ചരിത്ര കാലത്തിന് മുമ്പുള്ള എല്ലാ മതങ്ങളുടെയും, ചരിത്ര കാലം മുതൽക്കിങ്ങോട്ടുള്ള മിക്ക മതങ്ങളുടെയും സ്ഥിതി ഇതുതന്നെയാണ്."[2]

എന്നാൽ സൈന്ധവന്മാരുടെയും മെസൊപൊട്ടേമിയരുടെയും മതഭാവനകൾ പ്രായേണ ഒന്നായിരുന്നുവെന്നാണ് ചരിത്ര രേഖകളും ഖനനഗവേഷണങ്ങളും തെളിയിച്ചിരിക്കുന്നത്. ശ്രീ. രാഹുൽ സാംകൃത്യായന്റെ അഭിപ്രായത്തിൽ "സിന്ധുനാഗരികത്വം അസുരകാൽദി നാഗരികത്വത്തിന്റെ സമകാലികം മാത്രമല്ല, ഭഗിനിയും കൂടിയായിരുന്നു." കാരണം "രണ്ടിലേയും ധാർമിക ഭാവനകൾക്ക് വളരെ അടുപ്പമുണ്ടായിരുന്നു."[3] മാത്രമല്ല, "ആര്യന്മാർ ഇന്ത്യയിൽ വരുന്നതിന് മുമ്പ് സിന്ധു താഴ്‌വരയിൽ അസ്സീരിയയിലെ ഒരു പരിഷ്കൃതവിഭാഗം നിവസിച്ചിരുന്നു"[4] എന്നുപോലും അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നു. അങ്ങനെയാണെങ്കിൽ സിന്ധുനാഗരികത്വം പടുത്തുയർത്തിയ കരങ്ങൾ സുമേരിയന്മാരുടേതാവാൻ വളരെ സാധ്യതയുണ്ട്. അതിനാൽ സുമേരിയൻ മതവും സൈന്ധവൻ മതവും മൗലികമായി ഒന്നാണെന്ന് വരുന്നു.

ഉദ്ദേശം ക്രി. മു. ആറായിരമാണ്ടിനോ ഏഴായിരമാണ്ടിനോ മുമ്പ് സുമേരിയൻ നാഗരികത ആരംഭിച്ചിരിക്കാമെന്നാണ് ചരിത്രകാരന്മാരുടെ അനുമാനം. അതിന് അനുകൂലമായ തെളിവുകൾ ഖനനത്തിൽ കൈവന്നിട്ടുമുണ്ട്. "കൂടുതൽ വസ്തുനിഷ്ഠമായ കണക്കുകൾ വെച്ചുനോക്കിയാലും സുമേരിയൻ സംസ്കാരം പടിഞ്ഞാറൻ ഏഷ്യയിലെ ഏറ്റവും പുരാതന സംസ്കാരമായി നിലകൊള്ളുന്നു. ക്രി. മു. 5262-ൽ നിപ്പൂറിലും ക്രി. മു. 4500-ൽ കിഷിലും ക്രി. മു. 3500-ൽ ഊറിലും രാജവംശങ്ങൾ ഭരിച്ചിരുന്നതായി തെളിവുണ്ട്. ഈ പ്രദേശത്ത് മനുഷ്യവാസം അതിനെത്രയോ മുമ്പ് ആരംഭിച്ചിരിക്കണമെന്ന് വ്യക്തമാണ്."[5]

ആദ്യമായി സംസ്കാരം സ്ഥാപിതമായതും വളർന്നു വന്നതും നദീതീരങ്ങളിലായിരുന്നു. യൂഫ്രട്ടീസിന്റെയും ടൈഗ്രീസിന്റെയും മധ്യേയുള്ള പ്രദേശം, നൈൽ നദിയുടെ താഴ്‌വാരം, സിന്ധുതടം മുതലായവ ഇക്കൂ

ട്ടത്തിൽ പെടുന്നു. എച്ച്.ജി. വെത്സ് എഴുതിയത് നോക്കുക: "ഉദ്ദേശം ക്രി. മു. 6000–മാണ്ടിനോ, 7000–മാണ്ടിനോ അടുത്ത്, ഏഷ്യയിലെ ഫല പുഷ്ടങ്ങളായ പല പ്രദേശങ്ങളിലും നൈൽത്തീരത്തിലും പെറുസം സ്കാരത്തോട് കിട നിൽക്കുന്ന അർധസംസ്കാരമുള്ള മനുഷ്യ സമുദാ യങ്ങൾ ആവിർഭവിച്ചു കഴിഞ്ഞിരുന്നു...... മെസൊപൊട്ടേമിയയുടെ തെക്കുഭാഗങ്ങളിലും ഈജിപ്തിലുമാണ് ആദ്യമായി പട്ടണങ്ങളും ക്ഷേത്രങ്ങളും ജലസേചന പദ്ധതികളും, വെറുമൊരു ഗ്രാമനഗരത്തിൽ നിന്നൽപം ഉയർന്ന സമുദായഘടനയുടെ മറ്റു ലക്ഷണങ്ങളും പ്രത്യ ക്ഷപ്പെടുന്നത്. അക്കാലത്ത് യൂഫ്രട്ടീസ് നദിയും ടൈഗ്രീസ് നദിയും വിഭിന്ന സരണികളിലൂടെയാണ് പേർഷ്യൻ ഉൾക്കടലിൽ ചെന്നു വീണി രുന്നത്. ഈ രണ്ടു നദികളുടേയും മധ്യേയുള്ള ഭൂഭാഗത്തിലാണ് സുമേ രിയക്കാർ ആദ്യമായി അവരുടെ പട്ടണങ്ങൾ പണിചെയ്തത്."[6]

ചരിത്രാതീതകാലത്ത് സംഭവിച്ചതായി പല മത ഗ്രന്ഥങ്ങളിലും പ്രതി പാദിച്ചു കാണുന്ന ഒരു സംഭവമാണ് ജല പ്രളയം. ഈ കഥ വർഗങ്ങൾ തമ്മിലുള്ള പുരാതന ബന്ധത്തെ ചൂണ്ടിക്കാണിക്കുന്നുണ്ട്. നോഹയുടെ കാലത്ത് സംഭവിച്ചതായി ബൈബിളും ഖുർആനും പറയുന്ന പ്രസ്തുത കഥ മെസൊപൊട്ടേമിയൻ സാഹിത്യങ്ങളിലും സ്ഥലം പിടിച്ചിട്ടുണ്ട്. അഷൂർബനീപാൽ എന്ന അസ്സീരിയൻ രാജാവിന്റെ ഗ്രന്ഥ ശേഖരം ഖന നത്തിൽ കണ്ടുകിട്ടി. അക്കൂട്ടത്തിൽ 'ഗിൽഗമേഷ്' എന്ന ഒരു വീരശൂ രന്റെ ചരിത്രത്തെക്കുറിച്ച ഒരു ഇതിഹാസ കാവ്യവും ഉൾപ്പെടുന്നു. ഈ കാവ്യത്തിന് ഏതാണ്ട് ക്രി. മു. 3000 വർഷത്തെ പഴക്കമുണ്ട്.[7] ബൈബി ളിലെ പ്രളയ കഥ പ്രസ്തുത ഇതിഹാസത്തിൽ നിന്ന് പകർത്തിയതാ ണെന്ന് ചില നിരൂപകന്മാർക്ക് പക്ഷമുണ്ട്. ഏതായാലും 5000 വർഷ ങ്ങൾക്കു മുമ്പ് സുമേരിയന്മാർക്കിടയിൽ പ്രചുരപ്രചാരം സിദ്ധിച്ച ഒരു കഥയായിരുന്നു അത് എന്ന കാര്യത്തിൽ ചരിത്രം സംശയിക്കുന്നില്ല. ഇതൊരു കൽപിത കഥയെന്നാണ് അടുത്ത കാലം വരെ ചരിത്രാന്വേഷ കന്മാർ ധരിച്ചിരുന്നത്. എന്നാൽ ഇയ്യിടെ 'അരാറാത്ത്' പർവത ശിഖര ത്തിൽ കണ്ടെത്തിയ ഒരു പ്രാചീന കപ്പലിന്റെ അവശിഷ്ടം നോഹയു ടേതാവാൻ സാധ്യത തെളിഞ്ഞു വന്നിരിക്കുന്നു. എന്തെന്നാൽ നോഹ യുടെ കപ്പലിന്റെ ആകൃതിയും അളവുകളും ബൈബിളിൽ വിസ്തരിച്ചി ട്ടുണ്ട്. അവ ഈ അളവുകളോട് യോജിക്കുന്നു.[8]

ഇതേ കഥ മറ്റൊരു രൂപത്തിൽ ഇന്ത്യൻ സാഹിത്യങ്ങളിലും സ്ഥലം പിടിച്ചിട്ടുണ്ട്. വൈവസ്വതമനുവാണ് ഇന്ത്യൻ പ്രളയ കഥാനായകൻ. ഇന്ത്യൻ പുരാണ പ്രകാരം മനുക്കൾ പതിനാലുണ്ട്. ഏഴാമത്തെ ദേഹ മാണ് വിവസ്വാന്റെ മകനായ മനു. മനുവിന്റെ വാഴ്ചക്കാലം പുരാണമ നുസരിച്ച് 43,20,000 വർഷമാണ്. ഈ കണക്കിന് മെസൊപൊട്ടേമിയ യിലെ പുരാണവുമായി ബന്ധമുണ്ടെന്നു ചിലർ പറയുന്നു. അവിടത്തെ പുരോഹിത ചരിത്രകാരന്മാർ ഉദ്ദേശം ക്രി.മു. 2300–മാണ്ടിനോടടുത്ത് നാട്ടിന്റെ പൂർവകാലചരിത്രത്തെപ്പറ്റി നടത്തിയ അന്വേഷണഫലം ശിലാ ലിഖിതങ്ങളിൽ രേഖപ്പെടുത്തിവച്ചിരുന്നു. ഈ രേഖയിൽ പറഞ്ഞപ്ര

കാരം, ജലപ്രളയത്തിന് മുമ്പ് സുമേരിയ ഭരിച്ച രാജാക്കന്മാരുടെ കാലം 4,32,000 വർഷങ്ങളാണ്. ഇതേപ്പറ്റി 'വിൽഡുറാന്റി'ന്റെ Our Oriental Heritage (പേ. 119,120) എന്ന കൃതിയെ ഉദ്ധരിച്ചു 'കലിയുഗ'ത്തിന്റെ കർത്താക്കൾ എഴുതുന്നു: "സുമേരിയയിലെ പുരോഹിത ചരിത്രകാരന്മാർ അവരുടെ രാജ്യത്തിന്റെ ഒരു പുരാതന ചരിത്രമുണ്ടാക്കി എന്നും അതനുസരിച്ച് ഒരു പരമ്പരയുടെ വാഴ്ചക്കാലം-ജലപ്രളയത്തിനുമുമ്പുള്ളത്-4,32,000 വർഷങ്ങളാണെന്നും രേഖപ്പെടുത്തിവെച്ചിട്ടുണ്ടെന്നും വിൽഡുറാന്റ് പ്രസ്താവിക്കുന്നു."[9]

ഈ കണക്കിൽ ഒരു പൂജ്യം ചേർത്താൽ ഇന്ത്യൻ പുരാണമനുസരിച്ചുള്ള 'മന്വന്തരം' (മനുവിന്റെ വാഴ്ചക്കാലം) ആയി. അതിനാൽ ഇന്ത്യൻ പുരാണത്തിലെ പ്രസ്തുത മന്വന്തര നിർണയത്തിനാധാരം മെസൊപൊട്ടേമിയൻ പുരോഹിതന്മാരുടെ കണക്കാണെന്നും, അതു പകർത്തിയപ്പോൾ ഒരു പൂജ്യം കൂടിപ്പോയതായിരിക്കണമെന്നും സംശയിക്കാൻ വകയുണ്ട്. ബാബിലോണിയയിലെ ബാൽ ക്ഷേത്രത്തിന്റെ പുരോഹിതനും കാൽഡിയയുടെ ചരിത്രമെഴുതിയ ആളുമായ 'ബെറസൂസി'(Berasus.B.C.400)നെ ഉദ്ധരിച്ചുകൊണ്ട് ജൂതഗ്രന്ഥകാരന്മാരും ഗ്രീക്കുഗ്രന്ഥകാരന്മാരും ഒരു കണക്ക് കൊടുത്തുകാണുന്നുണ്ട്. അതിലും പ്രളയത്തിനു മുമ്പുള്ള രാജാക്കന്മാരുടെ വാഴ്ചക്കാലം 4,32,000 എന്നാണ് കാണിച്ചിരിക്കുന്നത്.[10]

ഏതായാലും പ്രസ്തുത കണക്ക് വെറും സാങ്കൽപികമാണ്. അതിന് ചരിത്രപരമായ അടിസ്ഥാനമൊന്നുമില്ല. പക്ഷേ, ഇന്ത്യൻ പുരാണവും മെസൊപൊട്ടേമിയൻ രേഖകളും തമ്മിലുള്ള അടുപ്പത്തെ അത് തെളിയിക്കുന്നുണ്ട്. നോഹ എന്ന സെമിറ്റിക് നാമവും മനു എന്ന ഇന്ത്യൻ നാമവും തമ്മിലുള്ള സാമ്യം നാം മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. കലിയുഗത്തിന്റെ കർത്താക്കൾ പറയുന്നു: "ബൈബിളിലെ നോഹയും ഇന്ത്യയിലെ വൈവസ്വത മനുവും ഒരാൾ തന്നെയാണ്."[11]

ഇത്തരുണത്തിൽ അറബി ചരിത്രകാരനും ലോകസഞ്ചാരിയുമായിരുന്ന അബുൽ ഹസൻ മസൂദി (മരണം ക്രി. 956)യുടെ അഭിപ്രായം കൂടി രേഖപ്പെടുത്തട്ടെ. അദ്ദേഹം തന്റെ 'മുറൂജുദ്ദഹബ്' എന്ന ചരിത്രഗ്രന്ഥത്തിൽ എഴുതി വെച്ചിരിക്കുന്നതും കാണുക: "നോഹയുടെ പൗത്രന്റെ പുത്രൻ നൂഫിർ തന്റെ കുടുംബസമേതം ഇന്ത്യയിലേക്ക് -സിന്ധിലേക്ക്- യാത്രയായി...... സിന്ധിലെ ജനങ്ങൾ അദ്ദേഹത്തിന്റെ സന്താനപരമ്പരയിൽ പെട്ടവരാകുന്നു."[12]

സിന്ധുതാഴ്വരയിൽ മെസൊപൊട്ടേമിയയിലെ ഒരു പരിഷ്കൃതവിഭാഗം അധിവാസമുറപ്പിച്ചിരുന്നുവെന്ന് രാഹുൽസാംകൃത്യായനും സമർഥിച്ചിട്ടുണ്ടല്ലോ. ആ പരിഷ്കൃത വിഭാഗം നോഹയുടെ പിൻമുറക്കാരായിരിക്കണം. ഇതേ പരിഷ്കൃത വിഭാഗമാവണം, പിൽക്കാലത്ത് ദ്രാവിഡർ എന്ന പേരിൽ അറിയപ്പെട്ടത്. ദ്രാവിഡശബ്ദവും തിരുയാഫിഥും തമ്മിലുള്ള സാദൃശ്യം നാം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. യാഫിഥ് നോഹയുടെ ഒരു പുത്രനായിരുന്നു. യാഫിഥിന്റെ പൗത്രനായ ആമൂർ

ഇന്ത്യൻ അതിർത്തികളിൽ വന്ന് താമസമുറപ്പിച്ചതായി മസൂദി മറ്റൊരിടത്ത് പ്രസ്താവിച്ചിട്ടുണ്ട്."[13]

ചുരുക്കത്തിൽ, സുമേരിയരും ദ്രാവിഡരും വർഗശാസ്ത്രപരമായി ഒരേ വിഭാഗമാണെന്ന പക്ഷമാണ് കൂടുതൽ ശരിയായി തോന്നുന്നത്. ജയസ്വലാൽ എഴുതുന്നു: "മറ്റൊരു വിഭാഗം ഭൂഗർഭശാസ്ത്രജ്ഞന്മാർ പടിഞ്ഞാറൻ ഇന്ത്യയും സുമേരിയയും തമ്മിൽ ബി.സി. 6000-മാണ്ടു മുതൽ തന്നെ കച്ചവടം നടന്നിരുന്നുവെന്നും സുമേരിയരും ദ്രാവിഡരും തമ്മിൽ ഭാഷാപരമായും വർഗശാസ്ത്രപരമായും (Ethnic) മറ്റും സാമ്യം വഹിക്കുന്നുണ്ടെന്നും അഭിപ്രായപ്പെടുന്നു."[14]

'അഡ്വാൻസ്ഡ് ഹിസ്റ്ററി ഓഫ് ഇന്ത്യ' എന്ന കൃതിയിൽ നിന്ന് 'ഇന്ത്യയിലെ വർണസമരം' എന്ന കൃതി ഉദ്ധരിക്കുന്നു: "അവസാനമായി സിന്ധു തടനാഗരികത ഏതു വർഗത്തിനിടയിലാണ് വളർന്നുവന്നതെന്ന ചോദ്യം ഉദിക്കുന്നു. അവർ ദ്രാവിഡന്മാരായിരുന്നു എന്നു ചിലരും, ദ്രാവിഡരും സുമേരിയരുമായ രണ്ടു വിഭാഗക്കാരും (യഥാർഥത്തിൽ) ഒന്നു തന്നെയായിരുന്നു എന്നു മറ്റു ചിലരും അഭിപ്രായപ്പെടുന്നു."[15]

വൈവസ്വത മനുവിനെ ഭാരതീയ സാഹിത്യം 'സത്യവ്രതൻ' എന്നും വിളിക്കാറുണ്ട്. സത്യവ്രതനെ ദ്രാവിഡരുടെ 'ഈശ്വരൻ' (നാഥൻ) എന്ന് മഹാഭാരതം വിശേഷിപ്പിക്കുന്നു:

"സത്യവ്രതോഞ്ജലിഗതാം സഹതോ യേന ഭാരത!
ഉത്സസർജ്ജന ദീതോയേ ശഫരീം ദ്രവിഡേശ്വരഃ"[16]
"യോ സൗ സത്യവ്രതോ നാമ രാജർഷിർ ദ്രവിഡേശ്വരഃ
ജ്ഞാനം യോഽ തീത കല്പാന്തേ ലേഭേ പുരുഷ സേവയാ"[17]

മനു ദ്രാവിഡരുടെ രാജാവും നേതാവുമാണെങ്കിൽ ദ്രാവിഡർ അദ്ദേഹത്തിന്റെ സന്തതികളും അനുയായികളുമായിരുന്നുവെന്നു വരുന്നു. എന്നാൽ മനുവിന്റെ സ്വദേശം ഭാരതമായിരുന്നില്ലെന്നും സുമേരിയയായിരുന്നുവെന്നും, അതുപോലെ മനുവിന്റെ കപ്പൽ പ്രളയാനന്തരം നിന്നത് ഹിമാലയത്തിലല്ലെന്നും അരാറാത്തിലാണെന്നും ധരിക്കേണ്ടിവരും. അക്ഷരാഭ്യാസം പ്രചാരപ്പെടുന്നതിന് മുമ്പ് വക്ത്രാനുവക്ത്രമായി പകർന്നുവന്ന ഒരു കഥയാണ് പ്രളയ സംഭവം. വാർത്താവിനിമയ സൗകര്യങ്ങൾ വളരെയേറെ പ്രചാരപ്പെട്ടിരിക്കുന്ന ഇക്കാലത്തുപോലും ഒരേ സംഭവം വിവിധ രൂപത്തിലാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. എന്നിരിക്കുമ്പോൾ പുരാതനകാലത്തെ ഒരു സംഭവം വ്യത്യസ്ത രൂപത്തിൽ, വിവിധ ഇടങ്ങളിൽ പ്രചരിച്ചതിൽ അദ്ഭുതപ്പെടാനൊന്നുമില്ല. ആകയാൽ മനുവിന്റെ കഥ ഇന്ത്യയിൽ പ്രചരിച്ചത് ഇവിടത്തെ സാഹചര്യത്തിനൊത്ത വിധത്തിലാണെന്ന് കല്പിക്കാനേയുള്ളൂ.

## സൈന്ധവ സംസ്കാരത്തിലെ മതം

ഇവിടെ ഒരു പ്രശ്നത്തിന് ആദ്യമേ ഉത്തരം കാണേണ്ടതുണ്ട്: നോഹ ഒരു ബഹുദൈവത്വ പ്രചാരകനായിരുന്നില്ല. മറിച്ചു ഏകദൈവത്വത്തെ പ്രചരിപ്പിക്കേണ്ടതിനും അതിന്റെ അടിസ്ഥാനത്തിൽ ഒരു ധാർമിക വ്യവ

സ്ഥിതി കെട്ടിപ്പടുക്കേണ്ടതിനുമായി ദൈവത്താൽ നിയോഗിക്കപ്പെട്ട ഒരു പ്രവാചകനായിരുന്നു. എന്നാൽ സൈന്ധവസംസ്കാരത്തിലെ മത വിഭാവനയുടെ സ്ഥിതി അങ്ങനെയല്ല. അവിടെ ലിംഗ പൂജ, ശിവ പൂജ, ദേവീ പൂജ മുതലായ നാനാത്വ സങ്കൽപങ്ങളുടെ ലക്ഷണങ്ങളാണ് നാം കാണുന്നത്. നോഹയുടെ സന്തതികളും അനുയായികളുമായിരുന്നു സിന്ധു തടവാസികളെങ്കിൽ അവർ എങ്ങനെ ബഹുദൈവവാദികളായിത്തീർന്നു?

ഖനനത്തിൽ കൈവന്ന എല്ലാ അവശിഷ്ടങ്ങളും ഒരേ വിഭാഗക്കാരുടേതായിരുന്നുവെന്ന് വിചാരിപ്പാൻ വയ്യ. അവയിൽ ഇവിടത്തെ ആദിവാസികളുടെ സാംസ്കാരികാവശിഷ്ടങ്ങൾക്കും ഒരു പങ്കുണ്ട്. ദേവീപൂജയുടെ സ്മാരകങ്ങളും ശിവവിഗ്രഹങ്ങളും നർത്തകിയുടെ പ്രതിമയും മറ്റും ആദിവാസികളുടെ വകയായിരിക്കാനാണ് കൂടുതൽ സാധ്യത. എന്നാൽ സംസ്കാരസൗധം കെട്ടിപ്പടുത്ത പരിഷ്കൃത വിഭാഗം മെസൊപൊട്ടേമിയയിൽ നിന്ന് ഇവിടെ കുടിയേറിപ്പാർത്തവരാണെന്ന് പറയാം. നമ്മുടെ ഈ സിദ്ധാന്തത്തിനുപോദ്ബലകമാണ് നരവംശശാസ്ത്രജ്ഞന്മാരുടെ നിഗമനം. അവരെ ഉദ്ധരിച്ചു ശ്രീ. വി.ആർ. പരമേശ്വരൻപിള്ള എഴുതുന്നു: "മോഹൻജദാറോവിലും ഹാരപ്പയിലും നിന്ന് ഖനനം ചെയ്തെടുത്ത മനുഷ്യാസ്ഥിപഞ്ജരങ്ങളെ പരിശോധിച്ചു നോക്കിയ നരവംശജ്ഞാനികൾ പറയുന്നത് അവ ഒരേ വർഗത്തിൽപ്പെട്ട മനുഷ്യരുടേതല്ല എന്നാണ്."[18]

സിന്ധുതടത്തിൽ ഏകത്വവിശ്വാസികളുടേതായ ഒരു വിഭാഗം അധിവസിച്ചിരുന്നുവെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. ശ്രീ. പി. തോമസ് തന്റെ 'ഭാരതീയ സാംസ്കാരിക സാമ്രാജ്യ ചരിത്രം' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയതു കാണുക: "സിന്ധുനദീതടവാസികളുടെ മതബോധത്തെക്കുറിക്കുന്ന ക്ലിപ്തരേഖകൾ ഇനിയും കൈവന്നിട്ടില്ല.... ഏകദൈവവിശ്വാസികളായിരുന്നു അവർ എന്ന നിഗമനത്തിലാണ് മിക്കവാറും ഗവേഷകന്മാർ എത്തിച്ചേർന്നിട്ടുള്ളത്."[19]

ഇവരെപ്പറ്റി അടുത്ത അധ്യായത്തിൽ തെളിവു സഹിതം വിശദമായി പ്രതിപാദിക്കാം. എന്നാൽ മെസൊപൊട്ടേമിയയുമായി ഇന്ത്യയുടെ ബന്ധം അതിന്നു മുമ്പ് തന്നെ നിലനിന്നിരുന്നതിനും ശിവപൂജയും മറ്റും ആദി സുമേരിയരിലും നടപ്പുണ്ടായിരുന്നതിനും തെളിവുകളുണ്ട്. നോഹയുടെ കാലത്തും അതിനുമുമ്പും സുമേരിയന്മാർ ആരാധിച്ചിരുന്ന ചില ദേവന്മാർ ഇന്ത്യയിലും ആരാധിക്കപ്പെട്ടിരുന്നു. ശിവപൂജ ആ ഇനത്തിൽപ്പെട്ടതത്രെ.

### ദേവപൂജ

നോഹയുടെ മതപ്രബോധനത്തെപ്പറ്റി ഖുർആൻ പലേടങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. അതിന്റെ ചുരുക്കം ഇതാണ്: നോഹയുടെ ജനത വിഗ്രഹങ്ങളെ പ്രതിഷ്ഠിച്ചു പൂജിച്ചിരുന്നു. വദ്ദ്, സുവാഅ്, യഗൂഥ്, യഊഖ്, നസ്റ് എന്നീ പേരുകളിലാണ് അവരുടെ ദേവന്മാർ അറിയപ്പെട്ടിരുന്നത്. ആ ജനതയെ വിഗ്രഹാരാധനയിൽ നിന്ന് വിരമിപ്പിച്ച്, ഏകദൈവാരാധ

നയിലേക്ക് വിളിപ്പാനായിട്ടാണ് നൂഹ് നബി (അ) നിയുക്തനായത്. പക്ഷേ, അവർ അദ്ദേഹത്തെ ധിക്കരിച്ചു കളഞ്ഞു. അങ്ങനെ അദ്ദേഹം നിരാശപ്പെടുകയും ധിക്കാരികളെ ഒന്നടങ്കം നശിപ്പിക്കുവാൻ ദൈവത്തെ പ്രാർഥിക്കുകയും ചെയ്തു. ദീർഘമായ ആ പ്രാർഥനയിൽ അദ്ദേഹം പറഞ്ഞതായി ഖുർആൻ ഉദ്ധരിക്കുന്നു:

"നാഥാ! ഇവർ എന്നെ ധിക്കരിച്ചിരിക്കുന്നു. ധനവും സന്തതിയും പരാജയമല്ലാതെ മറ്റൊന്നും വർധിപ്പിച്ചിട്ടില്ലാത്തവരെ ഇവർ പിന്തുടർന്നിരിക്കയാണ്. ഇവർ വമ്പിച്ച ഗൂഢതന്ത്രം നടത്തിക്കഴിഞ്ഞു. ഈ നേതാക്കന്മാർ (അനുയായികളോട്) പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ ദേവതകളെ കൈവിടരുത്; വദ്ദിനേയും സുവാഇനേയും യഗൂഥിനേയും യഊഖിനെയും നസ്റിനേയും കയ്യൊഴിക്കരുത്.' അങ്ങനെ ഇവർ വളരെ പേരെ വഴിപിഴപ്പിച്ചുകളഞ്ഞിരിക്കുന്നു."[20]

ഇതിൽനിന്ന് നോഹയുടെ കാലത്തെ സുമേരിയന്മാർ പൂജിച്ചിരുന്ന ദേവന്മാരുടെ നാമങ്ങൾ നമുക്ക് മനസ്സിലായി. ഇതേ ദേവന്മാരെ പിന്നീട് അനിസ്ലാമിക കാലത്തെ ചില അറേബ്യൻഗോത്രങ്ങളും ആരാധിച്ചിരുന്നു. സുപ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവും നബിയുടെ അടുത്ത ശിഷ്യനുമായ അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) പ്രസ്താവിച്ചതായി ഇമാം ബുഖാരി എന്ന ഹദീസ് പണ്ഡിതൻ തന്റെ 'സഹീഹി'ൽ ഉദ്ധരിക്കുന്നു: "പ്രാചീനകാലത്ത് നൂഹിന്റെ ജനം ആരാധിച്ചിരുന്ന ദേവതകളെ പിൽക്കാലത്ത് അറബിഗോത്രങ്ങളും ആരാധിക്കാൻ തുടങ്ങി. വദ്ദ് ദൗമത്തുൽ ജൻദലിലെ കൽബുഗോത്രത്തിന്റെ ദേവനായി. സുവാഅ് ഹുദൈൽ ഗോത്രക്കാരുടെ ആരാധ്യവസ്തുവായി. യഗൂഥ് ആദ്യം മുറാദ് ഗോത്രക്കാരുടെയും പിന്നീട് ബനൂഗുതൈഫ് വംശക്കാരുടെയും ദേവനായിത്തീർന്നു. സബാ(യമൻ)യുടെ സമീപം ജുറൂഫ് എന്നിടത്തായിരുന്നു യഗൂഥു പ്രതിഷ്ഠ. യഊഖിനെ ഹംദാൻവംശക്കാർ പൂജിച്ചു പോന്നു. നസ്റാകട്ടെ, ഹിംയർഗോത്രത്തിൽപെട്ട ദുൽകിലാഇന്റെ ആരാധ്യവസ്തുവായി! (വാസ്തവത്തിൽ) നൂഹിന്റെ ജനതയിലുള്ള ചില സജ്ജനങ്ങളുടെ നാമങ്ങളായിരുന്നു അവ. അവർ മരണമടഞ്ഞു. അവർ ഇരുന്നു ആരാധന നടത്തിയിരുന്ന സ്ഥലങ്ങളിൽ അവരുടെ പ്രതിരൂപങ്ങൾ നിർമിച്ചുവെക്കാൻ (പിൻഗാമികൾക്ക്) പിശാച് തോന്നിച്ചു. അവർ അങ്ങനെ ചെയ്തു. ആ പ്രതിരൂപങ്ങൾക്ക് പ്രസ്തുത മഹാന്മാരുടെ നാമങ്ങൾ നൽകി. പക്ഷേ, അന്ന് അവ ആരാധിക്കപ്പെട്ടിരുന്നില്ല. ഈ തലമുറയും മൺമറഞ്ഞു. വിജ്ഞാനം തേഞ്ഞു മാഞ്ഞു. ഇത്തരുണത്തിൽ ആ പ്രതിമകൾ ആരാധിക്കപ്പെട്ടു തുടങ്ങി!"[21]

സുമേരിയർ ആരാധിച്ചുപോന്ന ദേവന്മാരെ പിൽക്കാലത്ത് അറബികളും ആരാധിക്കാൻ തുടങ്ങിയെന്നാണ് മേൽ പ്രസ്താവിച്ചതിന്റെ ചുരുക്കം. എന്നാൽ അറബികൾ എവിടെ നിന്നാണ് പ്രസ്തുത ആരാധനാ സമ്പ്രദായം സ്വീകരിച്ചത്. സുമേരിയന്മാരിൽ നിന്ന് നേരിട്ടായിരുന്നില്ല. പിന്നെയോ, ഇന്ത്യക്കാരിൽ നിന്നായിരുന്നു. സ്വഹീഹുൽ ബുഖാ

രിയുടെ വ്യാഖ്യാനഗ്രന്ഥമായ 'ഫത്ഹുൽബാരി'യിൽ ഹാഫിളുബ്നു ഹജരിൽ അസ്ഖലാനി, ബഖിയ്യുബ്നു ഖാലിദിനെ ഉദ്ധരിച്ച് എഴുതുന്നു: "പ്രസ്തുത നാമങ്ങൾ ഇന്ത്യയിലേക്ക് പകർന്നു; ഇന്ത്യക്കാർ തങ്ങളുടെ ദേവന്മാർക്ക് ആ പേരുകൾ നൽകി. പിന്നീട് അറേബ്യൻ മണ്ണിലേക്ക് ആ വിഗ്രഹങ്ങൾ കൊണ്ടുവന്നത് അംറുബ്നു ലുഹൈ എന്ന പുരോഹിതനായിരുന്നു."[22]

സിന്ധുതടത്തിൽ നിന്ന് കണ്ടെടുത്ത ഒരു പ്രതിമ ശിവന്റേതാണെന്ന് ജോൺ മാർഷൽ അനുമാനിക്കുന്നു. മാർഷലിനെ ഉദ്ധരിച്ചു കെ. ദാമോദരൻ എഴുതുന്നു: "യോഗികളെപ്പോലെ പദ്മാസനത്തിലിരിക്കുന്ന, മൂന്ന് തലകളുള്ള ഒരു പുരുഷദൈവത്തിന്റെ ബിംബവും കിട്ടിയിട്ടുണ്ട്. ശിവന്റെ പ്രതിമയാണ് അതെന്ന് മാർഷൽ ഊഹിക്കുന്നു."[23]

ആദി ആര്യന്മാരുടെ ദേവഗണത്തിൽ ശിവൻപെടുന്നില്ല. പെട്ടിരുന്നെങ്കിൽ ശിവനെക്കുറിച്ച സ്തോത്രങ്ങളും ഋഗ്വേദത്തിൽ കാണേണ്ടിയിരുന്നു. ഋഗ്വേദമാണല്ലോ ആര്യസാഹിത്യങ്ങളിൽ ഏറ്റവും ആദ്യത്തേത്. എന്നാൽ ശിവനെ സ്തുതിക്കുന്ന ഒറ്റ മന്ത്രവും ഋഗ്വേദത്തിലില്ലെന്നാണ് വിദഗ്ധന്മാരുടെ അഭിപ്രായം. ശ്രീ. ദാമോദരൻ തന്നെ പറയട്ടെ: "ശിവനെപ്പറ്റിയുള്ള ഒറ്റ സ്തോത്രംപോലും ഋഗ്വേദത്തിലില്ല."[24]

കാലാന്തരത്തിൽ ആര്യന്മാരും അനാര്യന്മാരും തമ്മിൽ സന്ധിയിൽ വർത്തിക്കേണ്ടി വന്നു. അക്കാലത്ത് ശിവപൂജയും മറ്റും ആര്യന്മാരും അംഗീകരിച്ചു. വള്ളത്തോളിന്റെ ഋഗ്വേദ വിവർത്തനത്തിന് ആമുഖം എഴുതിയ സർദാർ കെ. എം. പണിക്കരുടെ അഭിപ്രായം കാണുക: "ശിവപൂജയും ദേവീപൂജയും ലിംഗപൂജയും ദസ്യുക്കളിൽ നിന്നാവാം ആര്യന്മാർ സ്വീകരിച്ചത്."[25]

അറബികളുടെ സുവാഅ് ഇന്ത്യക്കാരുടെ ശിവനായിരിക്കണം. നമ്മുടെ വേദവ്യാസനെ 'ബീദബാ'യും ആര്യഭടനെ 'അർജബ്ഹറും' ആക്കിയ അറബികൾ ശിവനെ സുവാ ആക്കിയെങ്കിൽ ഒട്ടും ആശ്ചര്യപ്പെടാനില്ല. ആകയാൽ ശിവപൂജ സുമേരിയയിൽനിന്ന് ഭാരതത്തിലേക്കും ഇവിടെനിന്ന് അറേബ്യയിലേക്കും പകർന്നതാവണം.

അനാര്യൻമാരുടെ മറ്റൊരു ദേവന്റെ പേർ 'വൃത്രൻ' എന്നായിരുന്നു. വൃത്രനെ പുച്ഛിക്കുകയും ഭർത്സിക്കുകയും ചെയ്യുന്ന നിരവധി മന്ത്രങ്ങൾ ഋഗ്വേദത്തിൽ കാണാം. ആര്യന്മാർ ആരാധിച്ചിരുന്ന ഇന്ദ്രന്റെ കൃത്യം വൃത്രവധമായിരുന്നെന്നു തോന്നും. എത്രയോ മന്ത്രങ്ങളിൽ ഇന്ദ്രൻ വൃത്രനെ വധിച്ചതായി പ്രസ്താവിച്ചിട്ടുണ്ട്. അക്കാലത്തെ യുദ്ധങ്ങൾ പ്രത്യക്ഷത്തിൽ മനുഷ്യവർഗങ്ങൾ തമ്മിലാണെങ്കിലും, സങ്കൽപത്തിൽ ദേവന്മാരും അസുരന്മാരും തമ്മിലായിരുന്നുവെന്ന് തോന്നുന്നു. ആര്യന്മാരുടെ ഭാഷയിൽ തങ്ങളും തങ്ങളുടെ ആരാധ്യന്മാരും 'ദേവന്മാരാ'ണ്. ശത്രുക്കളും അവർ പൂജിക്കുന്ന ദൈവങ്ങളും 'അസുരന്മാരും.' അതിനാൽ ആര്യന്മാർ യുദ്ധത്തിൽ ജയിച്ചാൽ അത് ദേവന്മാരുടെ വിജയമായും അസുരന്മാരുടെ പരാജയമായും ഋഷിമാർ കണക്കാക്കിയിരുന്നു. യുദ്ധ

ത്തിൽ അടിക്കടി ജയിച്ചുകൊണ്ടിരിക്കുന്ന ആര്യന്മാർ ശത്രുദേവനായ വൃത്രനെ ഇന്ദ്രൻ വധിച്ചതായി സങ്കൽപിച്ചു. ഋഗ്വേദം പറയുന്നു: "ഇന്ദ്രാ, അവിടന്നു ശുഷ്ണൻ, പിപ്രു, കുയവൻ, വൃത്രൻ എന്നിവരെ കൊന്ന തോടൊപ്പം ശംബരന്റെ പുരങ്ങളും പിളർത്തി!"[26]

ഇന്ദ്രൻ വൃത്രനെ അടിക്കടി പരാജയപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ അദ്ദേഹത്തിന് 'വൃത്രഘ്നൻ', 'വൃത്രസൂദനൻ' എന്നീ സ്ഥാനപ്പേരുകൾ കിട്ടി. ഋഷികൾ പാടുന്നു:

"ഇന്ദ്ര,വൃത്രഘ്നൻ മരുത്സംയുതനഭിജ്ഞൻ നീ-
യൊന്നിച്ചു കുടിച്ചാലും, സോമനീർ ബലവാനേ;

എന്നിട്ടു മുടിച്ചാലും മാറ്ററെ; ദ്രോഹികളെ-
ക്കൊന്നാലു;മെങ്ങൾക്കെങ്ങും തന്നാലുമഭയത്തെ."[27]

ഇന്ദ്രൻ വൃത്രനെ യുദ്ധത്തിൽനിന്നോടിക്കുകയും ആകാശത്ത് വെച്ച് വധിക്കുകയും അങ്ങനെ ആര്യശത്രുക്കളെ പരാജയപ്പെടുത്തുകയും ചെയ്ത ഒരു കഥ ഋഷി അനുസ്മരിക്കുന്നു:

"വൃത്രനെപ്പാരിൽനിന്നോടിച്ചുവല്ലോ നീ,
ശക്തിയാൽത്തൻകോയ്മ കാട്ടിക്കൊണ്ടേ...!
വൃത്രനെ വാനത്തുവച്ചു നീ കൊന്നല്ലോ
ശക്തിയാൽത്തൻകോയ്മ കാട്ടിക്കൊണ്ടേ!"[28]

ആകയാൽ വൃത്രൻ ഒരസുരദേവനായിരുന്നു. അഥവാ ശത്രുപക്ഷ ത്തെസഹായിക്കുന്ന പിശാച്. എന്തെന്നാൽ അദ്ദേഹം അനാര്യന്മാർ ആരാ ധിച്ചിരുന്ന ദേവനായിരുന്നു. അറബികളുടെ 'വദ്ദ്' ഈ വൃത്രനായിരിക്ക ണം. അല്ലെങ്കിൽ ശിവന്റെ തന്നെ മറ്റൊരു പേരായ 'വിധു'വിന്റെ അറബി രൂപവുമാവാം, വദ്ദ്.

ആര്യ സാഹിത്യങ്ങൾ അനാര്യന്മാരേയും അവരുടെ ദേവതകളെയും സാമാന്യേന 'അസുരന്മാർ' എന്നാണ് വിളിച്ചു വന്നിരുന്നത്. എന്നാൽ അസുരശബ്ദത്തിന് ആദിയിൽ ആ ദുരർഥമുണ്ടായിരുന്നില്ലെന്നും, ഒരു ദേവനാമമായിരുന്നു അതെന്നും, ചില രാജവംശത്തിനും ആ പേരുണ്ടാ യിരുന്നുവെന്നും നിഘണ്ടുവിൽ കാണുന്നു. 'ശബ്ദതാരാവലി'യിൽ പറ യുന്നത് നോക്കുക: "അസുരശബ്ദത്തിന് പൂർവകാലത്ത് ദേവൻ എന്നാ യിരുന്നു അർഥം.... ആര്യന്മാർ ഉത്തരേന്ത്യയിൽ കുടിയേറിപ്പാർത്ത കാലത്ത്, അവിടെ രാജ്യഭരണം നടത്തിയിരുന്ന അരച വർഗത്തിൽ പെട്ട വരെയും 'അസുരന്മാർ' എന്നാണ് വിളിച്ചിരുന്നത്."[29]

അതിനാൽ അസുരശബ്ദവും അനാര്യദേവന്റെയും അനാര്യവർഗ ത്തിന്റെയും പൊതുവായ പേരായിരുന്നുവെന്ന് വിചാരിക്കാം. ഈ അസുര ശബ്ദത്തിന്റെ ഉദ്ഭവം 'അഷൂറി'ൽ നിന്നാവണം. മുമ്പു കാലത്ത് അസ്സീ രിയ ഭരിച്ചിരുന്ന രാജവംശത്തെയും അവിടത്തെ പ്രധാന ദേവനെയും 'അഷൂർ' എന്നാണ് വിളിച്ചിരുന്നത്. വിശ്വവിജ്ഞാനകോശത്തിൽ പറ യുന്നു: "അസ്സീരിയൻ ഇതിഹാസങ്ങളനുസരിച്ച് ആ രാജ്യത്തിന്റെ അധി

ദേവനായ അഷൂർ സകലദേവന്മാരുടെയും പിതാവും രാജാവും മനുഷ്യ വംശത്തിന്റെ സൃഷ്ടികർത്താവും വിധികർത്താവും സ്വർഗത്തിന്റെ അധിപതിയും ദേവസേനാപതിയും എല്ലാമായിരുന്നു... പ്രാചീന അസ്സീരിയയുടെ തലസ്ഥാനത്തിന്റെ പേർ അഷൂർ എന്നായിരുന്നു.... അഷൂർ ബാനിപാൽ എന്ന പേരിന്റെ വിവിധ രൂപാന്തരങ്ങൾ പല അസീരിയൻ രാജാക്കന്മാരുടെയും നാമമായിരുന്നു."[30]

അഷൂർ എന്ന നാമത്തിന് പല രൂപാന്തരങ്ങളും സംഭവിച്ചു. അങ്ങനെ ചിലേടത്ത് 'ആസരമാസസ്' എന്നും, ചിലേടത്ത് 'അഹുരമസ്ദൻ' എന്നും, ചിലേടത്ത് 'അശേര' എന്നും ആയി. ശ്രീ. വി.വി.കെ. വാലത്ത് എഴുതുന്നു: "അഷൂർ ബാനിപാലിന്റെ ഗ്രന്ഥശേഖരത്തിൽനിന്ന് അസ്സീരിയയിൽ ആരാധിക്കപ്പെട്ടിരുന്ന ദേവന്മാരുടെ നീണ്ട പട്ടിക കണ്ടുകിട്ടുകയുണ്ടായി. ഒരു ദേവന്റെ പേർ 'ആസരമാസസ്' എന്നാണ്..... ഇത് 'അവസ്താ'യിൽ (ഇറാൻകാരുടെ മതഗ്രന്ഥം) 'അഹുരമസ്ദനാ'യി. അസ്സരൻ സംസ്കൃതത്തിലെ 'അസുരൻ' തന്നെ."[31]

ഇങ്ങനെ രൂപാന്തരപ്പെട്ടുകൊണ്ടിരുന്ന ആ നാമം ചിലേടത്ത് 'നസ്റോക്ക്' എന്നും മറ്റു ചിലേടത്ത് 'നസ്റ്' എന്നുമായിമാറി. മൗലാനാ സയ്യിദ് സുലൈമാൻ നദ്‌വി തന്റെ അർദുൽ ഖുർആനിൽ ഉദ്ധരിക്കുന്നു: "ബാബിലോണിയക്കാരുടെ ദേവന്മാരുടെ കൂട്ടത്തിൽ ഒരു ദേവന്റെ പേർ 'നസ്രോക്ക്' എന്നായിരുന്നു. അദ്ദേഹത്തിന്റെ ഒരു ബിംബം ഖനനത്തിൽ കണ്ടുകിട്ടിയിട്ടുണ്ട്."[32]

ആകയാൽ അസ്സീരിയക്കാരുടെ അഷൂറും, അഷൂർ ബാനിപാലിന്റെ ഗ്രന്ഥശേഖരത്തിൽ കണ്ട ആസരമാസസും, പുരാതന ഇറാനികളുടെ അവസ്തയിൽ കാണുന്ന അഹുരമസ്ദനും, ബാബിലോണിയൻ ദേവനായിരുന്ന നസ്രോക്കും, ബൈബിളിൽ പറഞ്ഞ അശേരയും,[33] ഇന്ത്യക്കാരുടെ അസുരനും ഒന്നു തന്നെയായിരുന്നു. അതുതന്നെയാവണം അറബികളുടെ നസ്റും. ഇന്ത്യക്കാർക്ക് 'യോഗി' എന്നും 'യക്ഷൻ' എന്നും പേരായ ചില ദേവന്മാരുണ്ടായിരുന്നു. ആ നാമങ്ങളുടെ അറബിരൂപമാവാം, യഥാക്രമം 'യഊഖും' 'യഗൂഥും.'

മെസൊപൊട്ടേമിയയിൽ മാത്രമല്ല, പശ്ചിമേഷ്യൻ നാടുകളിൽ മുഴുവനും ആരാധിക്കപ്പെട്ടിരുന്ന ഒരു ദേവനാണ് ബാൽ. ഫലസ്തീനിലും അയൽരാജ്യങ്ങളിലുമെല്ലാം ബാൽ പൂജ പ്രചരിച്ചിരുന്നതായി ബൈബിളിൽനിന്നും മനസ്സിലാകുന്നു. ഏകത്വവിശ്വാസത്തിൽ അടിയുറച്ചുനിന്നിരുന്ന ഇസ്രായേൽ സമുദായവും ബാലാരാധനയിൽ നിന്നൊഴിവായിരുന്നില്ല. ബൈബിൾ പറയുന്നു: "യിസ്രായേൽ ശിത്തീമിൽ പാർക്കുമ്പോൾ ജനം മോവോബ്യാ സ്ത്രീകളുമായി പരസംഗം തുടങ്ങി... യിസ്രായേൽ 'ബാൽപയോരി'നോടു ചേർന്നു. യഹോവയുടെ കോപം യിസ്രയേലിന്റെ നേരെ ജ്വലിച്ചു."[34]

യഹൂദന്മാരുടെ ദേവാലയത്തിലേക്കും ബാലാരാധനയും ബാൽ പ്രതിഷ്ഠകളും സംക്രമിച്ചു. അവസാനം യോശിയാവ് എന്ന ജൂതരാജാവാണ്

ആ സമ്പ്രദായം നിർത്തിയത്. ഈ കഥ ബൈബിൾ വർണിച്ചതു നോക്കുക: "രാജാവ് മഹാപുരോഹിതനായ ഹിൽക്കിയാവോടും രണ്ടാം തരത്തിലുള്ള പുരോഹിതന്മാരോടും വാതിൽ കാക്കുന്നവരോടും, ബാലിനും അശേരെക്കും ആകാശത്തിലെ സകല സൈന്യത്തിനും വേണ്ടി ഉണ്ടാക്കിയ ഉപകരണങ്ങളൊക്കെ യഹോവയുടെ മന്ദിരത്തിൽ നിന്നു പുറത്തുകൊണ്ടുപോകുവാൻ കല്പിച്ചു. യരുശലേമിനു പുറത്തു കിദ്രോൻ പ്രദേശത്തുവെച്ചു അവ ചുട്ടു."[35]

ബാലിനെയും അശേരയേയും (അസുരന്മാർ) ഇസ്രായേൽ സമുദായക്കാരുടെ ദേവാലയങ്ങളിൽ പ്രതിഷ്ഠിച്ചിരുന്നുവെന്ന് ഇതിൽ നിന്നു തെളിഞ്ഞു. അതുപോലെ അറബികളും ബാലാരാധകരായിരുന്നു. വംശപരമായി അറബികൾ രണ്ടു വിഭാഗമായിരുന്നു: ഒന്ന് യോക്താന്റെ, അഥവാ ഖഹ്ത്താന്റെ പിന്മുറക്കാർ; മറ്റത് അദ്നാന്റെ സന്താനപരമ്പര. ഖഹ്ത്താനികളുടെ കേന്ദ്രം യമനും, അദ്നാനികളുടേത് ഹിജാസുമായിരുന്നു. രണ്ട് വിഭാഗക്കാരും ബാലിനെ ആരാധിച്ചിരുന്നു. യമനിൽ പ്രവാചകനായി നിയോഗിക്കപ്പെട്ടിരുന്ന ഇൽയാസ് (ഏലിയ) തന്റെ ജനതയെ ഉദ്ബോധിപ്പിച്ചതായി ഖുർആൻ ഉദ്ധരിക്കുന്നു: "നിങ്ങൾ ബാലിനെ വിളിച്ചു പ്രാർഥിക്കുകയും ഏറ്റവും നല്ലനിലയിൽ സൃഷ്ടി നടത്തുന്നവനെ - നിങ്ങളുടെയും നിങ്ങളുടെ പൂർവ പിതാക്കന്മാരുടെയും ഈശ്വരനായ അല്ലാഹുവിനെ-കയ്യൊഴിക്കുകയും ചെയ്യുന്നുവോ?"[36]

ഈ സൂക്തത്തിൽ നിന്ന് യമൻനിവാസികൾ ഒരു കാലത്ത് ബാൽപൂജകരായിരുന്നുവെന്ന് മനസ്സിലായല്ലോ. ഇനി ഹിജാസുകാരുടെ ബാലാരാധനയെപ്പറ്റി പറയാം. അവർ കഅ്ബയിൽ 360 ദേവന്മാരെവെച്ചു പൂജിച്ചിരുന്നു. കൂട്ടത്തിലൊന്നായിരുന്നു ഹുബുൽ. അത്യുന്നതനായ ദേവൻ എന്നർഥത്തിൽ അദ്ദേഹത്തെ 'ഹുബുലുൽ അഅ്ലാ' എന്നാണ് അവർ വിശേഷിപ്പിച്ചിരുന്നത്. (കൂട്ടത്തിൽ പറയട്ടെ: 360 ബിംബങ്ങൾ സ്ഥാപിക്കാൻ മാത്രം കഅ്ബത്തിന്റെ വ്യാസം മതിയായിരുന്നില്ല. അതിനാൽ അവയിൽ വലിയൊരു പങ്ക് ചിത്രങ്ങൾക്കായിരുന്നു. ഏകദൈവത്വത്തിലധിഷ്ഠിതമായ ഇസ്‌ലാം ആരാധ്യ വസ്തുക്കളുടെ ചിത്രങ്ങൾ നിരോധിച്ച പശ്ചാത്തലം അതത്രെ. എന്നാൽ ഹുബുലുൽ അഅ്ലാക്ക് ഒരു വിഗ്രഹം തന്നെ കഅ്ബയിൽ പ്രതിഷ്ഠിക്കപ്പെട്ടിരുന്നു.)

ഈ ഹുബുൽ മേൽ പ്രസ്താവിച്ച ബാലല്ലാതെ മറ്റാരുമല്ല. ഇംഗ്ലീഷിലെ The എന്ന പ്രത്യയത്തിന്റെ സ്ഥാനത്ത് ഹിബ്രുഭാഷയിൽ പ്രയോഗിക്കുന്ന ഒരു ശബ്ദമാണ് 'ഹു'. ബാൽ ഹിബ്രുവിലേക്ക് കടന്നുവന്നപ്പോൾ 'ഹു' ചേർന്ന് 'ഹുബാലാ'യി. ഇത് അറബിയിലേക്ക് പകർന്നപ്പോൾ 'ഹുബുലു'മായി.

ഇതേ ബാലിനെ പ്രാചീന ഭാരതീയ നിവാസികളും ആരാധിച്ചിരുന്നുവെന്ന് മനസ്സിലാകുന്നു. ആര്യന്മാരുടെ പ്രതിയോഗികളായ ദസ്യുക്കളിൽ 'പണികൾ' എന്നൊരു വ്യാപാരി സമൂഹത്തെ കാണുന്നു. ഇവർ ആരാധിച്ചിരുന്ന ദേവന്റെ പേർ 'വലൻ' എന്നായിരുന്നു. വലന്റെ അക്ര

മത്തെ ഇന്ദ്രൻ വിഫലമാക്കിയെന്ന് ഋഗ്വേദകവികൾ പാടുന്നു:

"ഹേ വജ്രഭൃത്തേ, തുറന്നുവല്ലോ ബഹു-
ഗോവൃദ്ധനായ വലന്റെ ബിലത്തെ നീ."[37]

പണികൾ ആര്യന്മാരുടെ പശുക്കളെ അപഹരിച്ച് ഗുഹകളിൽ ഒളിപ്പിച്ചെന്നും, വലന്റെ മിടുക്കുകൊണ്ടാണ് അവർക്കത് ചെയ്യാൻ കഴിഞ്ഞതെന്നും, എന്നാൽ ആര്യ ദേവനായ ഇന്ദ്രന്റെ കൃപയാൽ വലന്റെ 'ബിലം' (ഗുഹ) തുറന്ന് പശുക്കളെ വിട്ടുകൊണ്ടു വരുവാൻ ആര്യന്മാർക്ക് കഴിഞ്ഞുവെന്നും ഒരു കഥയുണ്ട്. ഇതാണ് പ്രസ്തുത മന്ത്രത്തിലെ പ്രമേയം. പണികളുടെ രാജാവായിരുന്നു ശുഷ്ണൻ. അദ്ദേഹത്തിന് ധാരാളം പുരികൾ (ദുർഗങ്ങൾ) ഉണ്ടായിരുന്നു. ഇന്ദ്രൻ അവയെല്ലാം തല്ലിത്തകർത്തു. തദവസരം പണിപ്പട കൂട്ടത്തോടെ ഓടിക്കളഞ്ഞു. ഋഗ്വേദം പറയുന്നു: "ഇന്ദ്രാ, ഈ യുദ്ധത്തിനു മേധാവിയായ ഹവിസ്സമൃദ്ധങ്കൽനിന്ന് പണികൾ നൂറുനൂറോടെ പാഞ്ഞുപോയി. അങ്ങ് ശേഷി തികഞ്ഞ ശുഷ്ണന്റെ മായകളെ ആയുധങ്ങൾകൊണ്ടു മുച്ചൂടും മുടിച്ചു!"[38]

പശ്ചിമേഷ്യയിലെ ബാലിന്റെ മറ്റൊരു രൂപമായിരുന്നു ഇന്ത്യയിലെ പ്രസ്തുത വലൻ. പശ്ചിമേഷ്യയിൽ ബാലിനെ ആരാധിച്ചിരുന്ന ഫിനീഷ്യരും ഇവിടത്തെ പണികളും ഒരേ വർഗത്തിൽപ്പെട്ടവരായിരിക്കണം. ഫിനീഷ്യർ ബാൽപൂജ നോർവെയുടെ ഉത്തര തീരം വരെ പ്രചരിപ്പിച്ചതായി പ്രൊഫ. നിൽസനെ(Nilsson) ഉദ്ധരിച്ചു വാലത്ത് രേഖപ്പെടുത്തിയിരിക്കുന്നു.[39]

ഇത്രയും പറഞ്ഞതിൽ നിന്ന് ഒരു കാര്യം വായനക്കാരന് മനസ്സിലാക്കാവുന്നതാണ്: ഭാരതവും പശ്ചിമേഷ്യയുമായുള്ള മതപരവും സാംസ്കാരികവുമായ ബന്ധത്തിന് അനേകം സഹസ്രാബ്ദങ്ങളുടെ പഴക്കമുണ്ട്.

## കുറിപ്പുകൾ

1. ഇന്ത്യയെ കണ്ടെത്തൽ പേജ് 91 നോക്കുക.
2. ഉദ്ധരണം: Ibid P. 90
3. വിശ്വദർശനങ്ങൾ പേജ് 452, 453
4. Ibid P. 540
5. മെസൊപൊട്ടേമിയൻ സാഹിത്യ ചരിത്രം പേജ് 14
6. ലോകചരിത്ര സംഗ്രഹം പേജ് 68, 69
7. മെസൊപൊട്ടേമിയൻ സാഹിത്യ ചരിത്രം പേജ് 66
8. ശതാബ്ദങ്ങൾക്കപ്പുറത്ത് നിന്നുള്ള ശബ്ദങ്ങൾ പേജ് 86, 87 നോക്കുക.
9. കലിയുഗം by പോഞ്ഞിക്കര റാഫി, പേജ് 185
10. അർദുൽ ഖുർആൻ വാള്യം 1, പേജ് 134,135 നോക്കുക.
11. കലിയുഗം പേജ് 184
12. മുറൂജുദ്ദഹബ് വാള്യം 2, പേജ് 145
13. Ibid വാള്യം 1, പേജ് 132

14. Hindu Civilization
15. ഇന്ത്യയിലെ വർണ്ണസമരം പേജ് 11
16. മഹാഭാരതം സ്കന്ദം 8
17. Ibid സ്കന്ദം 9
18. പ്രാചീന ലിഖിതങ്ങൾ പേജ് 28
19 ഭാരതീയ സാംസ്കാരിക സാമ്രാജ്യചരിത്രം പേജ് 18
20. ഖുർആൻ 71 : 21-24
21. സ്വഹീഹുൽ ബുഖാരി, കിതാബുത്തഫ്സീർ നോക്കുക.
22. ഫത്ഹുൽ ബാരി വാള്യം 10, പേജ് 294
23. ഇന്ത്യയുടെ ആത്മാവ് പേജ് 20
24. Ibid P. 30
25. ആമുഖം പേജ് 24
26. ഋഗ്വേദം മണ്ഡലം 1, സൂക്തം 103, ഋക്ക് 8
27. Ibid മണ്ഡലം 3, സൂക്തം 47, ഋക്ക് 1, 2
28. Ibid മണ്ഡലം 1, സൂക്തം 80, ഋക്ക് 2
29. ശബ്ദതാരാവലി പേജ് 665
30. വിശ്വവിജ്ഞാനകോശം വാള്യം 1, പേജ് 660
31. ഋഗ്വേദത്തിലൂടെ പേജ് 135
32. അർദുൽ ഖുർആൻ വാള്യം 2, പേജ് 228
33. II രാജാക്കൻമാർ 23: 4
34. സംഖ്യ 25:1, 3
35. II രാജാക്കന്മാർ 23:4
36. ഖുർആൻ 37: 125,126
37. ഋഗ്വേദം മണ്ഡലം 1, സൂക്തം 11, ഋക്ക് 4
38. Ibid മണ്ഡലം 6, സൂക്തം 20, ഋക്ക് 4
39. ഋഗ്വേദത്തിലൂടെ പേജ് 231

## അധ്യായം പന്ത്രണ്ട്

# സാംസ്കാരികൈക്യം

**സു**മേരിയരും സൈന്ധവരും തമ്മിലുള്ള മതപരവും സാംസ്കാരികവുമായ ഐക്യം സുതരാം പ്രകടമാണ്. സുമേരിയർ ആരാധിച്ചിരുന്ന ദേവ

തകളെ ഭാരതീയരും ആരാധിച്ചിരുന്നുവെന്ന് നാം സമർഥിച്ചു. മതപരമായ അടുപ്പത്തിനുള്ള വ്യക്തമായ ദൃഷ്ടാന്തമാണത്. ഇനി നമുക്ക് സാംസ്കാരികൈക്യത്തെക്കുറിച്ചു ചിന്തിക്കാം.

## ശവസംസ്കാരക്രമം

ഒരു സമുദായത്തിന്റെ ശവസംസ്കാര രീതിക്ക് പുരാവസ്തു ഗവേഷകന്മാർ വൻപിച്ച പ്രാധാന്യം കൽപിക്കുന്നുണ്ട്. ആ സമുദായത്തിന്റെ മരണാനന്തരജീവിതഭാവനകൾ പ്രസ്തുത രീതിയിൽ നിന്ന് ഏറക്കുറേ മനസ്സിലാക്കുവാൻ കഴിയുമെന്നതാണ് അതിന് കാരണം. ഉദാഹരണമായി, പുരാതന ഗ്രീക്കുകാർ മൃതശരീരം അടക്കംചെയ്യുന്ന സമയത്ത് ഒരു നാണയം വെക്കുക പതിവായിരുന്നു. അവരുടെ വിശ്വാസപ്രകാരം, മരണാനന്തരം ഒരു നദി (Styx) കടക്കേണ്ടതുണ്ട്. ആ നദി കടത്തിവിടുന്ന 'ഷറോൺ' എന്ന തോണിക്കാരന് കൊടുപ്പാനുള്ള കൂലിയായിരുന്നു പ്രസ്തുത നാണയം. ഇന്ത്യക്കാരിലും ഇമ്മാതിരി ഒരു വിശ്വാസമുണ്ട്. യമലോകത്തിന് (പരലോകത്തിന്) ചുറ്റും ഒരു മഹാ നദിയുണ്ടെന്നും അതിന്റെ പേർ 'വൈതരണി' എന്നാണെന്നും അവർ ധരിക്കുന്നു. മുസ്ലിംകൾ തൽസ്ഥാനത്ത് ഒരു പാലത്തെയാണ് സങ്കൽപിക്കുന്നത്. സ്വർഗത്തിന്റെ ചുറ്റുമുള്ള ആ പാലത്തിന് 'സിറാത്ത്' എന്ന് അവർ പറയുന്നു.

ഇതുപോലെ പുരാതന സുമേരിയൻമാർക്കും മരണാനന്തര ജീവിതത്തിലും അതിലെ ചില രംഗങ്ങളിലും ദൃഢവിശ്വാസമുണ്ടായിരുന്നു. സുമേരിയന്മാരുടെയും സൈന്ധവന്മാരുടെയും ശവസംസ്കാരരീതി മിക്കവാറും ഒന്നായി കാണുന്നതിനാൽ ഇരുവരുടെയും മരണാനന്തര ജീവിതസങ്കൽപങ്ങൾ ഏതാണ്ട് ഒരേതരത്തിലായിരുന്നുവെന്ന് അനുമാനിക്കാം. ഇന്നത്തെ ജാതിഹിന്ദുക്കൾ ശവം ദഹിപ്പിക്കുകയാണല്ലോ പതിവ്. എന്നാൽ സിന്ധുതടവാസികൾ ആ സമ്പ്രദായത്തിന് വിപരീതമായി, ക്രൈസ്തവരെപ്പോലെ ശവം പെട്ടിയിൽ അടക്കം ചെയ്ത് കുഴിച്ചുമൂടുമായിരുന്നു. പുരാതന ഇറാഖുകാരും ഇതേ സമ്പ്രദായമാണ് സ്വീകരിച്ചിരിക്കുന്നതെന്ന് ആധുനിക ഖനനഗവേഷണം തെളിയിച്ചിട്ടുണ്ട്. ഡോ. എ. അയ്യപ്പൻ എഴുതുന്നു:"ശവക്കുഴികളിലൊന്നിൽ ശവം പായയിൽ പൊതിഞ്ഞ്, മരംകൊണ്ടുണ്ടാക്കിയ പെട്ടിയിലാക്കിയാണ് കുഴിച്ചിട്ടിരുന്നത്. പ്രാചീന ഇറാഖിലും ഇങ്ങനെ പെട്ടിയിലാണ് ശവം വെച്ചിരുന്നത്."[1]

മെസൊപൊട്ടേമിയയിൽ ശവശരീരത്തോടൊന്നിച്ച് ആഭരണങ്ങൾ, ആയുധങ്ങൾ, പാത്രങ്ങൾ മുതലായവ കുഴിച്ചിടുന്ന സമ്പ്രദായം നിലനിന്നിരുന്നു. ശ്രീ. ടി.സി. ശങ്കരമേനോൻ എഴുതുന്നു: "1922-ൽ ലിയോനാൾഡ്വൂളി പുരാതനയൂർ (ബാബിലോണിയ) നഗരത്തിനടുത്ത് ഒരു ശവകുടീരം തുറന്നപ്പോൾ എന്തെല്ലാമാണ് അതിനകത്ത് കണ്ടത്! അത്യദ്ഭുതകരമായി പണിതീർത്തിട്ടുള്ള മുടിയാഭരണങ്ങൾ, കർണാഭരണങ്ങൾ, മാലകൾ, വളകൾ, മോതിരങ്ങൾ, നിരവധി സുവർണ പാത്രങ്ങൾ,

പലതരത്തിലുള്ള സംഗീതോപകരണങ്ങൾ, ചതുരംഗത്തിനും മറ്റുമുള്ള കരുക്കൾ, കുതിരസവാരിക്കുള്ള സാധനങ്ങൾ, കുന്തങ്ങൾ, പരിചകൾ, കുറേ സ്വർണ കഠാരികൾ, ദേഹാലങ്കാരത്തിനുള്ള മഷികൾ, ചായങ്ങൾ, വാസനദ്രവ്യങ്ങൾ, ഇവ സൂക്ഷിപ്പാനുള്ള ചെപ്പുകൾ, സൂചികൾ, ഉടുപ്പുകൾ- ഇങ്ങനെ പോകുന്നു നീളമായിട്ടൊരു പട്ടിക."[2] അദ്ദേഹം തുടരുന്നു: "ഏതാണ്ട് 5200 വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന 'ഷൂബ്ആദ്' എന്ന രാജ്ഞിയുടെ ശവകുടീരമായിരുന്നു അത്. പുരാവസ്തു രേഖകളിൽ ഈ കുടീരം പി.ജി. 800 എന്നറിയുന്നു."[3]

സൈന്ധവസംസ്കാരത്തിന്റെ കാലം ഉദ്ദേശം ക്രി.മു. 2700 എന്നാണല്ലോ ഗവേഷകന്മാർ നിർണയിച്ചിട്ടുള്ളത്. അക്കാലത്തിനു മുമ്പ് തന്നെ ഇന്ത്യയിൽ ശവശരീരം മരപ്പെട്ടിയിൽ അടക്കംചെയ്ത് ആഭരണസഹിതം കുഴിച്ചിടുന്ന പതിവുണ്ടായിരുന്നതിന് തെളിവുണ്ട്. ബലൂചിസ്താനിലെ 'നാൾ' എന്നിടത്തുനിന്നു കണ്ടെടുത്ത അവശിഷ്ടങ്ങളെക്കുറിച്ച് ഡോ. എ. അയ്യപ്പൻ പറയുന്നത് കാണുക: "ഹരപ്പാസംസ്കാരത്തിന് അല്പം മുമ്പ്, ബലൂചിസ്താനിലെ 'നാൾ' എന്ന സ്ഥലത്ത് ശവക്കുഴികൾ ഇങ്ങനെ വൃത്തിയായി പടുക്കുന്ന പതിവുണ്ടായിരുന്നു. ഒരു സ്ത്രീയുടെ ശവം ഏഴടി നീളമുള്ള ദേവദാരു മരത്തിന്റെ തടി കുഴിച്ചുണ്ടാക്കിയ പെട്ടിയിലാണ് അടക്കിയിരുന്നത്. മരം ദ്രവിച്ചു പൊടിയായിരുന്നെങ്കിലും, പെട്ടിയുടെ ആകൃതിയും എന്ത് മരമാണെന്നും, ഖനനം ശ്രദ്ധിച്ചു ചെയ്തിരുന്നതുകൊണ്ട് ചിലർക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഈ ഹരപ്പാ സ്ത്രീ കാതുകളിലും വലത്തേ കൈയിന്റെ നടുവിരലിലും ചെമ്പു മോതിരങ്ങൾ അണിഞ്ഞിരുന്നു."[4]

അപ്പോൾ 5000 വർഷങ്ങൾക്ക്മുൻപ് മെസൊപൊട്ടേമിയക്കാരുടേയും പുരാതനേന്ത്യക്കാരുടെയും ശവസംസ്കാര സമ്പ്രദായം ഏതാണ്ട് ഒരുപോലെയായിരുന്നു. മെസൊപൊട്ടേമിയക്കാരെപ്പോലെ ഹരപ്പന്മാരും ശവശരീരങ്ങളോടൊപ്പം മറ്റ് വസ്തുക്കൾ കുഴിച്ചിട്ടിരുന്നുവെന്ന് ഖനനഗവേഷണം തെളിയിച്ചിട്ടുണ്ട്. അയ്യപ്പൻ മറ്റൊരിടത്ത് രേഖപ്പെടുത്തുന്നു: "ഹരപ്പ നഗരത്തിലെ കോട്ടക്ക് തെക്കായി ഉയർന്നു കിടക്കുന്ന സ്ഥലത്ത്, നഗരത്തിലെ ഒരു ശ്മശാനത്തിന്റെ ചില ഭാഗം ഖനനം ചെയ്യുകയുണ്ടായി. അമ്പത്തേഴു കുഴികൾ കുഴിച്ചതിൽ മിക്കവയിലും ശവം വടക്കോട്ടായി മറവുചെയ്തിരുന്നു. (മുസ്ലിം ശവസംസ്കാരക്രമവും ഇങ്ങനെതന്നെ-ഗ്രന്ഥകർത്താ.) അവയോട് കൂടെ പാത്രങ്ങൾ, ചെമ്പ് കൊണ്ടുള്ള ആയുധങ്ങൾ, മണികൾ, ചെമ്പ് കൊണ്ടുള്ള മുഖക്കണ്ണാടികൾ, ഇത്തിൾ സ്പൂണുകൾ മുതലായവയും കുഴിച്ചിട്ടിരുന്നു. ഒരു കുഴിയിൽ ഒരു മൺവിളക്കും കോഴിയുടെ എല്ലുകളും ശവത്തിന്റെ കാലിനടുത്തുനിന്ന് കിട്ടി. വേറൊരു കുഴിക്കു നാലു ഭാഗവും ചുടാത്ത ഇഷ്ടികകൊണ്ടു പടുത്തിരുന്നു."[5]

ആകയാൽ ശവസംസ്കാര രീതിയിൽ സുമേരിയരും പുരാതന ഭാരതീയരും തമ്മിൽ വളരെ സാദൃശ്യം കാണുന്നു. സാംസ്കാരികൈക്യ

ത്തിന്റെ ഒരു പ്രത്യക്ഷ ലക്ഷണമാണിത്.

## ആഭരണ നിർമാണ രീതി

ഇനി നമുക്ക് സൈന്ധവരുടെയും സുമേരിയരുടെയും ആഭരണ നിർമാണ രീതിയിലുള്ള സാദൃശ്യത്തെപ്പറ്റി പരിശോധിക്കാം. മാല, വള, മോതിരം മുതലായ ആഭരണങ്ങൾ ഇരു വിഭാഗക്കാരും നിർമിച്ചിരുന്ന തായി ഖനന ഗവേഷണം തെളിയിക്കുന്നു. കൂടാതെ ആഭരണങ്ങളുടെ പണിത്തരത്തിലും അനൽപമായ സാമ്യമുണ്ടായിരുന്നു. ഒന്നിലധികം ഇഴ കളുള്ള സ്വർണ മാലകൾ ഹരപ്പൻസ്ത്രീകളെപ്പോലെത്തന്നെ സുമേരി യൻ സ്ത്രീകളും അണിഞ്ഞിരുന്നു. ശ്രീ. ടി.സി. മേനോൻ രേഖപ്പെടു ത്തിയതു കാണുക: “(ഹരപ്പയിലെ) ആഭരണങ്ങളെപ്പറ്റി ചിത്രങ്ങൾ, പാവ കൾ എന്നിവ മാത്രമല്ല നമുക്ക് വിവരങ്ങൾ തരുന്നത്. സ്വർണവും വെള്ളിയും കൊണ്ടുണ്ടാക്കിയ മാലകൾ, വളകൾ, മൂക്കുത്തികൾ, മോതി രങ്ങൾ എന്നിവയെല്ലാം ഈ കേന്ദ്രങ്ങളിൽ നിന്ന് കുഴിച്ചെടുത്തിട്ടുണ്ട്. മൂന്നും നാലും വരികളുള്ള മാലകൾ കെട്ടുപിണയാതിരിക്കാൻ ഇടയ്ക്കി ടക്കു പടികൾ ഉറപ്പിച്ചിരിക്കുകയാണ്.”[6]

നാലു വരികളുള്ള സ്വർണമാലകൾ യൂർ പട്ടണത്തിൽ നിന്നും ഖന നത്തിൽ കൈവന്നിട്ടുണ്ട്. ടി.സി. മേനോൻ തന്നെ പറയട്ടെ: “യൂർ പട്ട ണത്തിലെ ചില ശവകുടീരങ്ങളിൽ നിന്നെടുത്ത ചില ആഭരണങ്ങളുടെ കൂട്ടത്തിൽ ചന്ദ്രക്കല പോലെയുള്ള കമ്മലുകൾ, ഒരു ഇല മാല, രത്നം പതിച്ച നാലു വരിയുള്ള ഒരു മാലയിൽ ഒരു പതക്കം തൂക്കിയത് എന്നിവ പെടുന്നു. ഈ ആഭരണങ്ങൾ ഇന്ന് പെൻസിൽവേനിയാ സർവകലാശാ ലയിലെ കാഴ്ചബംഗ്ലാവിൽ നമുക്കു കാണാം.”[7]

ആഭരണ നിർമാണ രീതിയിലുള്ള പ്രസ്തുത സാദൃശ്യം സാംസ്കാ രികൈക്യത്തിലേക്കുള്ള ചൂണ്ടുപലകയത്രേ. അതിനാൽ സുമേരിയരു ടെയും സൈന്ധവരുടെയും സംസ്കാരങ്ങൾക്കുള്ള പരസ്പരബന്ധം അഗാധമായിരുന്നുവെന്ന് മനസ്സിലാകുന്നു.

## വസ്ത്രാലങ്കാര രീതി

സാംസ്കാരികൈക്യത്തിന്റെ മറ്റൊരു ലക്ഷണമാണ് വസ്ത്രാല ങ്കാരരീതിയിലുള്ള സാമ്യം. സുമേരിയരും സിന്ധുതടവാസികളും ക്ലാവർ അടയാളമുള്ള വസ്ത്രങ്ങൾ ധരിച്ചിരുന്നതായി ഉത്ഖനനഗവേഷണം തെളിയിക്കുന്നു. സിന്ധുതടത്തിൽ നിന്ന് ലഭിച്ച ഒരു മനുഷ്യപ്രതിമയെ പ്പറ്റി ഡോ. എ.അയ്യപ്പൻ രേഖപ്പെടുത്തുന്നു: “ഏഴംഗുലം ഉയരത്തിൽ, മാവുകല്ലിൽ കൊത്തിയുണ്ടാക്കിയിട്ടുള്ള ഒരു താടിക്കാരന്റെ നെഞ്ചിനു മേലെയുള്ള ഭാഗം ചിത്രീകരിക്കുന്ന ഒരു ബിംബം പല കാരണ ങ്ങൾകൊണ്ടും വളരെ പ്രധാനമായൊരു ശില്പമാണ്. താടി വെറും വര കൾ മാത്രമാണ്. മേൽമീശ പറ്റെ വടിച്ചു കളഞ്ഞിരിക്കുന്നു. തലമുടി വാഞ്ഞു, ഒരു നാടകൊണ്ട് ഒതുക്കിവെച്ചിരിക്കുന്നു. കണ്ണുകൾ പകുതി അടച്ചിരിക്കുന്നു. ഇടത്തേതോളും നെഞ്ചും ക്ലാവർ പുള്ളികളുള്ള ഒരു

ഷാൾകൊണ്ടു മൂടിയിരിക്കുന്നു. ക്ലാവർ അടയാളം ക്രീറ്റ്, മെസൊപൊട്ടേമിയ മുതലായ പ്രാചീനസംസ്കാരങ്ങളിൽ വളരെ പാവനമായ ഒരു ചിഹ്നമാണ്."[8]

ഒരു തോൾ ഒഴിവാക്കി ഷാൾ ഇടുന്ന ഈ സമ്പ്രദായം ഇന്നു നടപ്പുള്ള ചില മതചടങ്ങുകളിലും നമുക്ക് കാണാവുന്നതാണ്. ഹജ്ജുവേളയിൽ മുസ്‌ലിംകൾ ആ രീതിയിലാണ് മേൽമുണ്ട് ധരിക്കാറുള്ളത്. ബ്രാഹ്മണസമുദായത്തിൽപ്പെട്ട ജാതിക്കാർ പൂണൂൽ ഇടാറുള്ളതും അങ്ങനെതന്നെ.

മതപരമായും സംസ്കാരപരമായും സുമേരിയന്മാരും സൈന്ധവന്മാരും തമ്മിലുള്ള അടുപ്പവും ബന്ധവും കാണിക്കുന്ന ഉദാഹരണങ്ങൾ ഇനിയും കണ്ടെത്താൻ കഴിഞ്ഞേക്കും. ഇതിൽ നിന്നും ഒരു കാര്യം സംശയരഹിതമായി മനസ്സിലാക്കാവുന്നതാണ്: മെസൊപൊട്ടേമിയയിൽ സംസ്കാരത്തിന് അടിത്തറപാകിയ കരങ്ങൾക്ക് സിന്ധുതട സംസ്കാരം പടുത്തുയർത്തിയതിൽ സാരമായ പങ്കുണ്ട്. ബി.സി. ആറായിരം വർഷങ്ങൾക്കു മുമ്പു മുതൽതന്നെ പടിഞ്ഞാറൻ ഇന്ത്യയും സുമേരിയരും തമ്മിൽ വ്യാപാരബന്ധമുണ്ടായിരുന്നുവെന്നും, സുമേരിയരും ദ്രാവിഡരും തമ്മിൽ വർഗ ശാസ്ത്രപരമായ സാമ്യം വഹിക്കുന്നുണ്ടെന്നും മറ്റുമുള്ള ഭൂഗർഭ ശാസ്ത്രകാരന്മാരുടെ അഭിപ്രായങ്ങൾ ഇവിടെ നാം പ്രത്യേകം ഗൗനിച്ചിരിക്കേണ്ടതാണ്.

## പ്രളയകഥയുടെ വ്യാപ്തി

നോഹയുടെ ജനത അധിവസിച്ചിരുന്നത് ടൈഗ്രീസിനും യൂഫ്രട്ടീസിനും ഇടയിൽ എവിടെയോ ആണ്. ഇന്ന് നാം ഇറാഖ് എന്നു പറയുന്നത് ആ ഭൂവിഭാഗത്തിനാണല്ലോ. നോഹ ഒരിക്കലും ഒരു ഇന്ത്യക്കാരനായിരുന്നില്ലെന്ന് വ്യക്തമാണ്. അതിനാൽ ഇന്ത്യൻ കഥാനായകനായ മനു ഒന്നുകിൽ നോഹയല്ല എന്നു വരണം; അല്ലെങ്കിൽ പ്രളയ കഥ അതിന്റെ സാക്ഷാൽ രൂപത്തിലല്ല, ഇന്ത്യൻ സാഹചര്യത്തിനനുകൂലമായ വിധത്തിലാണ് ഇവിടെ പ്രചരിച്ചതെന്ന് വെക്കണം. ഇതിൽ രണ്ടാമത്തെ പക്ഷമാണ് കൂടുതൽ യുക്തമായി തോന്നുന്നത്. ഇത്തരമൊരു പ്രളയകഥ മിക്ക പുരാതന സമുദായങ്ങളിലും പ്രാചീനകാലം മുതൽ പരമ്പരാഗതമായി പ്രചരിച്ചുകാണുന്നുണ്ട്. ഉദാഹരണത്തിന് ഈജിപ്ത്, ചീന, ബർമ, മലേഷ്യ, ഈസ്റ്റിന്ത്യാ ദ്വീപുകൾ, ആസ്ത്രേലിയ, ന്യൂഗിനി, അമേരിക്ക, യൂറോപ്പിലെ വിവിധ രാജ്യങ്ങൾ അങ്ങനെ ഭൂലോകത്തിന്റെ നാനാ ഭാഗങ്ങളിലും പ്രസ്തുത ജലപ്രളയത്തെ സംബന്ധമായ കഥ കാണാം. ചിലേടങ്ങളിലെ പ്രാചീന സാഹിത്യങ്ങളിലും അത് സ്ഥലം പിടിച്ചിട്ടുണ്ട്. എന്നാൽ അത് ഓരോയിടത്തും പ്രചരിച്ചത് അതതിന്റെ സാഹചര്യത്തിനനുരൂപമായ വിധത്തിലാണ്.

ബൈബിളിലും ഖുർആനിലും വിവരിച്ച ആ കഥക്കും വിശദാംശങ്ങളിൽ വ്യത്യാസമുണ്ട്. ബൈബിൾ പ്രകാരം, നോഹയുടെ കപ്പൽ അവസാനം ഉറച്ചത് 'അരാറാത്തിലും' ഖുർആൻ പ്രകാരം 'അൽജൂദി'യിലു

മാണ്.[9] ജൂദി എന്നു പേരായ ഒരു പർവതം മോസലിനോടടുത്ത്, 'ഇബ്നു ഉമർ' എന്ന ദ്വീപിന്റെ ഏതാണ്ട് 40 കിലോമീറ്റർ അകലെ ഇന്നും സ്ഥിതി ചെയ്യുന്നുണ്ട്. പക്ഷേ, അരാറാത്ത് സ്ഥിതിചെയ്യുന്നത് ഏഷ്യാമൈനറിൽ അർമീനിയാ പീഠഭൂമിയിലത്രെ.

എന്നാൽ ഇന്നത്തെ ബൈബിൾ വ്യാഖ്യാതാക്കളുടെ പുതിയ കണ്ടുപിടിത്തത്തിന്റെ വെളിച്ചത്തിൽ പ്രസ്തുത വൈരുധ്യം പരിഹരിക്കാൻ കഴിയുമെന്നാണ് മൗലാനാ അബുൽ കലാം ആസാദിന്റെ നിലപാട്. അദ്ദേഹം തന്റെ 'തർജുമാനുൽ ഖുർആൻ' എന്ന ഖുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൽ എഴുതുന്നത് നോക്കുക: "അർമീനിയാ പർവതം അരാറാത്ത് പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. അതുകൊണ്ട് ആ പർവതത്തെ ബൈബിൾ 'അരാറാത്ത്' എന്ന് വിളിച്ചിരിക്കുകയാണ്. എന്നാൽ നോഹയുടെ കപ്പൽ നിന്ന മലയുടെ പേരാണ് ഖുർആൻ പറഞ്ഞിട്ടുള്ളത്. അത് 'അൽജൂദി' ആകുന്നു. ആധുനിക ബൈബിൾ വ്യാഖ്യാതാക്കന്മാരിൽ ചിലരുടെ അഭിപ്രായത്തിൽ, അരാറാത്ത് പർവത നിരയും ജോർജിയാ പർവത നിരയും തമ്മിൽ കൂട്ടി ബന്ധിപ്പിക്കുന്ന പർവത പംക്തിയുടെ പേരാകുന്നു അൽജൂദി. അലക്സാണ്ടറുടെ കാലത്തുള്ള ചില ഗ്രീക്കു രേഖകളെയാണ് പ്രസ്തുത അഭിപ്രായത്തിന് അവർ ആധാരമാക്കിയിട്ടുള്ളത്. ക്രി. 18-ാം ശതകം വരെ അവിടെ ഒരു ക്ഷേത്രം ഉണ്ടായിരുന്നു. 'കപ്പൽ ക്ഷേത്രം' എന്നായിരുന്നു അതിന്റെ നാമം. ഏതായാലും നോഹയുടെ കാലത്തുണ്ടായ ജലപ്രളയം ഒരു ചരിത്ര വസ്തുത തന്നെയാണ്."[10]

അതെ, നോഹയുടെ കപ്പൽ നിന്നതായി ഖുർആൻ പറയുന്ന ജൂദി പർവതം അർമീനിയയെയും ജോർജിയയെയും ബന്ധിപ്പിക്കുന്ന പർവതപംക്തിയാകുന്നു. അർമീനിയാ പർവതം അരാറാത്തു പ്രദേശത്തായതിനാൽ ബൈബിൾ അതിനെ അരാറാത്ത് എന്ന് വിളിച്ചു. അതോടു തൊട്ടു നീണ്ടുകിടക്കുന്ന പർവത പംക്തിയിലാണ് നോഹയുടെ കപ്പൽ ഉറച്ചത്. അതാണ് ഖുർആനിൽ പറഞ്ഞ അൽജൂദി.

## ചരിത്രത്തിന്റെ മറുവശം

മെസൊപൊട്ടേമിയയും ഭാരതവും തമ്മിലുള്ള മതപരമായ ബന്ധത്തിന്റെ ഒരു വശം മാത്രമാണ് നാം മുമ്പ് പരിശോധിച്ചത്; ബഹുദൈവത്വസങ്കൽപ സംബന്ധിയായ വശം. നോഹയുടെ കാലത്തെ സുമേരിയന്മാർ ആരാധിച്ചിരുന്ന പല ദേവന്മാരും ഭാരതത്തിലും ആരാധിക്കപ്പെട്ടിരുന്നുവെന്ന് നാം സമർഥിക്കുകയുണ്ടായി. ഇനി നമുക്ക് ചിത്രത്തിന്റെ മറുവശം പരിശോധിക്കാം. അതെ, ഏകദൈവത്വത്തെക്കുറിച്ച വശം.

നോഹ ഖുർആന്റെ വീക്ഷണത്തിൽ മഹാനായൊരു ദൈവദൂതനായിരുന്നു. വിഗ്രഹങ്ങളെ ആരാധിച്ചുവന്നിരുന്ന സ്വജനത്തെ ഏകദൈവ വിശ്വാസത്തിലേക്കും തദടിസ്ഥാനത്തിലുള്ള ധാർമിക ജീവിതത്തിലേക്കും ക്ഷണിക്കേണ്ടതിനുവേണ്ടിയാണ് അദ്ദേഹം നിയുക്തനായത്. തന്റെ ദൗത്യം ശരിയാംവണ്ണം അദ്ദേഹം നിറവേറ്റി. പക്ഷേ, അദ്ദേഹത്തെ

സ്വന്തം ജനത അംഗീകരിച്ചില്ല. പ്രത്യുത, ധിക്കരിക്കുകയാണുണ്ടായത്. ചെറിയൊരു ന്യൂനപക്ഷം മാത്രമാണ് അദ്ദേഹത്തെ അംഗീകരിച്ചത്. പ്രസ്തുത ധിക്കാരത്തിനൊരു ശിക്ഷയായിട്ടായിരുന്നു ജലപ്രളയവും തുടർന്നുള്ള നാശങ്ങളും സംഭവിച്ചത്. ജലപ്രളയത്തിൽ രക്ഷപ്പെട്ടത് നോഹയും അദ്ദേഹത്തോടൊപ്പം കപ്പലിൽ കയറിയവരും മാത്രമാണ്. മറ്റുള്ളവരൊക്കെ നശിച്ചു. ഇതാണ് ഖുർആനിൽ പറഞ്ഞതിന്റെ രത്ന ച്ചുരുക്കം.

## നോഹ പ്രഥമ ദൂതൻ

പ്രവാചകന്മാരുടെ ആഗമനത്തിനു മുമ്പു തന്നെ മനുഷ്യ സമുദായം സാമൂഹികജീവിതം നയിച്ചിരുന്നുവെന്നാണ് ഖുർആൻ വ്യക്തമാക്കി യിരിക്കുന്നത്. മനുഷ്യർ സത്പന്ഥാവിൽ ചരിച്ചു വരികയായിരുന്നു. അവർക്കിടയിൽ, ആശയപരമോ, മതപരമോ, ധർമശാസ്ത്രപരമോ, മറ്റോ ആയ കക്ഷിവഴക്കുകളും സംഘട്ടനങ്ങളും ഉണ്ടായിരുന്നില്ല. ഏക സമൂ ഹമായിട്ടാണ് അവർ ജീവിച്ചിരുന്നത്. പിന്നീട് മനുഷ്യ സമൂഹം സ്വാർഥ താൽപര്യങ്ങളുടെ പേരിൽ വിവിധ കക്ഷികളും ചിന്താഗതിക്കാരുമായി പിരിഞ്ഞു. പരസ്പരം സംഘർഷ സംഘട്ടനങ്ങൾ നടത്തി. ഇത്തരുണ ത്തിൽ അവർക്കിടയിൽ സത്യത്തിന്റെയും ധർമത്തിന്റെയും അടിസ്ഥാ നത്തിൽ തീരുമാനം കൽപിക്കേണ്ടതിനായി ദൈവം പ്രവാചകന്മാരെ നിയോഗിക്കുകയും പ്രമാണഗ്രന്ഥം അവതരിപ്പിക്കുകയും ചെയ്തുവെ ന്നാണ് ഖുർആൻ വ്യക്തമാക്കിയിരിക്കുന്നത്: “മനുഷ്യരാശി (മുമ്പ്) ഒരേ യൊരു സമുദായമായിരുന്നു. അനന്തരം അവർ ഭിന്നിച്ചുകളഞ്ഞു.”[11]

പ്രവാചക നിയോഗത്തിന്റെ പശ്ചാത്തലം ചൂണ്ടിക്കാട്ടിയും, വേദഗ്ര ന്ഥത്തിന്റെ ആവശ്യം വിവരിച്ചുംകൊണ്ട് ഖുർആൻ മറ്റൊരിടത്ത് പറ യുന്നു: “മനുഷ്യസമുദായം ഒരേയൊരു സമൂഹമായിരുന്നു. (പിന്നീട് വ്യത്യസ്ത മാർഗാവലംബികളായി അവർ ഭിന്നിച്ചു.) തദവസരം (സന്മാർഗികൾക്കു) സന്തോഷവാർത്തയും (ദുർമാർഗികൾക്ക്) മുന്നറി യിപ്പും നൽകുന്നവരായി പ്രവാചകന്മാരെ അല്ലാഹു നിയോഗിച്ചു. ജന ങ്ങൾ ഭിന്നിച്ചുപോയ പ്രശ്നങ്ങളിൽ അവർക്കിടയിൽ ശരിയായ തീർപ്പു കൽപിക്കേണ്ടതിനായി പ്രവാചകന്മാരോടൊപ്പം, ധർമാനുസാരം വേദവും അവൻ അവതരിപ്പിച്ചു.”[12]

ഉപരിസൂചിത വചനങ്ങൾ സ്പഷ്ടമാക്കിയ പ്രകാരം, ഭൂലോകത്ത് ജനവാസം തുടങ്ങി വളരെ കഴിഞ്ഞാണ് പ്രവാചക നിയോഗവും വേദാ വതരണവുമുണ്ടായത്. അതിനുമുമ്പു തന്നെ മനുഷ്യരാശി ഒരു സമൂഹ മായി - ഉമ്മത്തായി-ജീവിതം നയിക്കാൻ തുടങ്ങിയിരുന്നു. കാലാന്തര ത്തിൽ അവർ ചേരിപിരിഞ്ഞ്, സംഘട്ടനങ്ങളുണ്ടാക്കിയപ്പോൾ അവർക്കി ടയിൽ നീതിയുടെയും ധർമത്തിന്റെയും അടിസ്ഥാനത്തിൽ തീർപ്പു കൽപിക്കുവാനായി പ്രവാചകന്മാരെയും വേദഗ്രന്ഥങ്ങളെയും ദൈവം അയച്ചു. ഇതാണ് ഖുർആൻ നമുക്ക് മനസ്സിലാക്കിത്തരുന്നതെങ്കിലും,

മുസ്‌ലിംകളിൽ വലിയൊരു വിഭാഗം വിശ്വസിക്കുന്നത് ഒന്നാമത്തെ മനുഷ്യൻതന്നെ പ്രവാചകനും ദൈവദൂതനുമായിരുന്നുവെന്നാണ്. ഇതിന്റെ അടിസ്ഥാനം അജ്ഞാതമത്രേ.

ഖുർആനിൽ പ്രവാചകപരമ്പരയെപ്പറ്റി പറഞ്ഞേടങ്ങളിലെല്ലാം നൂഹി (അ)ൽ നിന്നാണ് ആരംഭിച്ചു കാണുന്നത്. ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും തങ്ങളുടെ 'സ്വഹീഹു'കളിൽ ഉദ്ധരിച്ചിട്ടുള്ള ഒരു നബിവചനത്തിൽ നൂഹിനെ 'അവ്വലുർറുസുൽ' (ഒന്നാമത്തെ ദൈവദൂതൻ) എന്നു വിശേഷിപ്പിച്ചിരിക്കുന്നു. അതിനാൽ നോഹയുടെ മുമ്പ് ഒരു റസൂലുണ്ടായിരുന്നില്ല എന്നു സിദ്ധം. മേൽ പ്രസ്താവിച്ച ഖുർആനികാശയത്തോട് ഈ നബിവചനം തികച്ചും യോജിക്കുന്നു.

## ഏകത്വദർശനം

നോഹയുടെ പ്രബോധനം അംഗീകരിച്ചവരാണ് പ്രളയത്തിൽ രക്ഷപ്പെട്ടതെന്ന് നാം പറഞ്ഞു. ഇവർ മിക്കവാറും അദ്ദേഹത്തിന്റെ ബന്ധുക്കളും സന്തതികളുമായിരുന്നു. ഇവരാണ് പിന്നീട് മെസൊപൊട്ടേമിയൻ സംസ്കാരത്തിന്റെയും നാഗരികതയുടെയും അസ്തിവാരം കെട്ടിപ്പൊക്കിയത്. ഇവരുടെ അനന്തരന്മാരിലൊരു വിഭാഗം ഭാരതത്തിൽ വന്ന് അധിവാസമുറപ്പിച്ചെന്ന് മധ്യകാലത്തെ അറബിചരിത്രകാരന്മാരിൽ ചിലർ പറയുമ്പോൾ, ഭാരതീയ പണ്ഡിതനായ രാഹുൽസാംകൃത്യായൻ അതു ശരിവയ്ക്കുന്നു. സ്വാഭാവികമായും ഇവർ ഏകദൈവ വിശ്വാസികളായിരുന്നിരിക്കണം. സിന്ധുതടത്തിൽ സംസ്കാരസൗധം കെട്ടിപ്പടുത്തവരും അവരായിരുന്നിരിക്കാം. അതിലേക്കുപോദ്ബലകമായ തെളിവുകൾ പലതും ഖനനത്തിൽ ലഭിച്ചു. മൗലാനാ അബുൽകലാം ആസാദിന്റെ നിഗമനവും അതു തന്നെയാണ്. അദ്ദേഹം എഴുതിയത് കാണുക: "ഇന്ത്യയിൽ മോഹൻജദാറോയിൽ നിന്ന് ഖനനം വഴി വളരെ പുരാതനാവശിഷ്ടങ്ങൾ ലഭിച്ചിട്ടുണ്ട്. വടക്ക് നിന്ന് ആര്യന്മാർ വന്ന്, അവരുടെ ആധിപത്യം ഇവിടെ സ്ഥാപിക്കുന്നതിന് മുമ്പുള്ള നാഗരികകേന്ദ്രങ്ങളായിരുന്നു മോഹൻജദാറോയും ഹരപ്പയും. അവിടങ്ങളിൽ നിന്ന് ലഭിച്ച പുരാവസ്തുക്കളെസ്സംബന്ധിച്ച പഠനം ഇപ്പോഴും പൂർത്തിയായിട്ടില്ല. എങ്കിലും അവ ഒരു യാഥാർഥ്യം അനാവരണം ചെയ്തിരിക്കുന്നു: ഏറ്റവും പ്രാചീനമായ മനുഷ്യവാസകേന്ദ്രങ്ങളിലൊന്നാകുന്നു ഇന്ത്യ എന്നുള്ളതാണത്. ഇന്ത്യയിലെ ആദിവാസികളെ പിന്നീട് വന്ന ആര്യന്മാർ 'ദസ്യുക്കൾ' എന്ന ഹാസ്യ നാമത്തിലാണ് വിളിച്ചിരുന്നത്. ദസ്യുക്കളുടെ അടിസ്ഥാന ദൈവസങ്കൽപം ഏകത്വത്തിന്റേതായിരുന്നു. അവർ വിഗ്രഹപൂജകരായിരുന്നില്ല. 'ഓം' എന്നായിരുന്നു അവരുടെ ഏകദൈവത്തിന്റെ പേർ. സംസ്കൃതത്തിൽ അതിനു തുല്യമായ പദം 'ഇന്ദുവാൻ' (ഏകൻ) എന്നത്രെ. ആ ഏകദൈവത്തിന്റെ അധികാരം സകല ചരാചരങ്ങളെയും ചൂഴ്ന്നിരുന്നു. ആ മഹാസത്വത്തിന്റെ നിയമമനുസരിച്ചാണ് സർവദേവന്മാരും പ്രവർത്തിക്കുന്നത്. അവന്റെ ഒരു ഗുണം 'ദീദിവികൺ' എന്നായിരുന്നു. ഒരിക്കലും അശ്രദ്ധബാധിക്കാത്ത ദൃഷ്ടിയോട് കൂടിയവൻ എന്നർഥം. തന്നെ

തൂക്കമോ ഉറക്കമോ ബാധിക്കുകയില്ല എന്ന് അല്ലാഹു ഖുർആനിൽ സ്വയം വർണിച്ചതും ഇതേ അർഥത്തിലാണ്."[13]

ഔംകാരത്തെപ്പറ്റി ശ്രീ. കോണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാടിന്റെ 'സംസ്കൃത-മലയാള നിഘണ്ടു'വിൽ പറയുന്നു: "ഔം-ശൂദ്രന്മാരുടെ പ്രണവം."

മന്ത്രങ്ങളുടെ അഥവാ പ്രാർഥനകളുടെ ആരംഭത്തിൽ ഉച്ചരിക്കുന്ന ശബ്ദത്തിനാണ് 'പ്രണവം' എന്നു പറയുന്നത്. ആര്യമതത്തിൽ 'ഓം' എന്നതാണ് പ്രണവം. ഒരു മന്ത്രഗ്രന്ഥമായ ഋഗ്വേദം ഓംകാരത്തിലാണ് ആരംഭിച്ചിട്ടുള്ളത്. ആകയാൽ ഒരു ദൈവനാമമല്ലാതെ മറ്റൊന്നുമല്ല ഓംകാരം. അതാണ് വിശ്വവിജ്ഞാനകോശം പറഞ്ഞതും : "ഓം- പരബ്രഹ്മവാചകമായ പ്രണവം."[14]

മേൽ പറഞ്ഞ സവിശേഷതകളെല്ലാം അനാര്യന്മാരുടെ- ശൂദ്രന്മാരുടെ- പ്രണവത്തിനും ബാധകമാവണം. അനാര്യന്മാരായിരുന്നു ഇന്ത്യയിലെ ആദിവാസികൾ. ആര്യന്മാർ ഇവിടെ വന്ന് ആധിപത്യം സ്ഥാപിക്കുകയും തങ്ങളുടെ ചാതുർവർണ്യ വ്യവസ്ഥിതി നടപ്പാക്കുകയും ചെയ്തപ്പോൾ അനാര്യരായ ആദിവാസികളുടെ സ്ഥാനം ഇങ്ങേയറ്റം താഴ്ത്തപ്പെടുകയും അവർ 'ശൂദ്രന്മാർ' എന്ന ചീത്തപ്പേരിൽ വിളിക്കപ്പെടുകയും ചെയ്തു. ആകയാൽ ഓംകാരം ആര്യന്മാരുടെ ഓംകാരത്തിന്റെ സ്ഥാനത്താണ് നിൽക്കുന്നത്. ഓംകാരം ആര്യന്മാരുടെ പരബ്രഹ്മവാചകമാണെങ്കിൽ ഔംകാരം ആര്യന്മാരുടെ ഏകദൈവത്തെ കുറിക്കുന്ന വാചകമാവുന്നതിൽ അസാംഗത്യമില്ല.

## നോഹയുടെ അനുയായികൾ

അങ്ങനെ സിന്ധുതടത്തിൽ സംസ്കാരസൗധം പടുത്തുയർത്തിയ മെസൊപൊട്ടേമിയർ നോഹയുടെ പിന്മുറക്കാരും അനുയായികളുമായിരുന്നു എന്ന നിഗമനത്തിലാണ് അവസാനമായി നാമെത്തിച്ചേരുന്നത്. മറ്റൊരു വിധം പറഞ്ഞാൽ ഖുർആനിൽ പറഞ്ഞ 'സാബിമത'ക്കാരായിരുന്നു അവർ. സാബിമതത്തിന്റെ സവിശേഷതകൾ ചില മുസ്‌ലിം ഗവേഷകപണ്ഡിതന്മാർ വിവരിച്ചിട്ടുണ്ട്. സാബികൾ ആദിയിൽ ഏകദൈവവിശ്വാസികളായിരുന്നു. പിന്നീട് ഏകത്വവിശ്വാസത്തോടൊപ്പം, ജ്യോതിർഗോളങ്ങൾക്ക് ആത്മാവുണ്ടെന്ന ധാരണയിൽ അവയുടെ മൂർത്തികൾ പ്രതിഷ്ഠിച്ച് ആരാധന നടത്തിത്തുടങ്ങി. എങ്കിലും അവർ ഏകദൈവത്വ സങ്കൽപം പറ്റെ ഉപേക്ഷിച്ചിരുന്നില്ല. സാബിമതത്തിൽ പ്രാർഥനകളും വ്രതങ്ങളുമുണ്ടായിരുന്നു. പ്രാർഥനകളിൽ ഉത്തരധ്രുവത്തെയാണ് അവർ അഭിമുഖീകരിച്ചിരുന്നത്. മൂന്ന് സമയങ്ങളിലാണ് അവർ പ്രാർഥിച്ചിരുന്നത്. ഓരോ പ്രാർഥനക്കും വേണ്ടി കുളിക്കുക പതിവായിരുന്നു.[15]

സിന്ധുതടത്തിൽ നടത്തപ്പെട്ട ഉത്ഖനന ഗവേഷണം വഴി അവിടത്തെ ആദിവാസികൾ കുളിക്കും കുളിപ്പുരക്കും നൽകിയിരുന്ന പ്രാധാന്യം വളരെ വ്യക്തമായിട്ടുണ്ട്. സകല പാർപ്പിടങ്ങൾക്കും കിണറും

കുളിപ്പുരയുമുണ്ടായിരുന്നു. തൊഴിലാളികളുടെ കൂലിലൈനുകൾപോലും അതിൽ നിന്നൊഴിവായിരുന്നില്ല. കുളിമുറികളിൽ നിന്ന് അശുദ്ധജലം പുറത്തേക്ക് കൊണ്ടുപോകുവാനായി അഴുക്കുചാലുകളുമുണ്ടായിരുന്നു. പ്രസ്തുത സംവിധാനങ്ങൾ ആധുനിക ഗവേഷകന്മാരെ അദ്ഭുതപരതന്ത്രരാക്കിയിട്ടുണ്ട്. ശ്രീ. കെ.വി. ഗോപാലമേനോൻ എഴുതിയത് കാണുക: "മോഹൻജദാറോയിലെ അവശിഷ്ടങ്ങൾ ഏതാണ്ട് ഒരു ചതുരശ്ര നാഴിക പരന്നുകിടക്കുന്നു. അതിന്റെ സമവിഭക്തമായ തെരുവീഥികൾക്കും വീടുകൾക്കും അവയിലുള്ള കുളിമുറികൾക്കും തെരുവുകളുടെ അടിയിൽകൂടി പോകുന്ന അഴുക്കുചാലുകൾക്കും അദ്ഭുതകരമായ ഒരാധുനികച്ഛായയുണ്ട്.... വീടുകളുടെ ഉള്ളിലൊരു നടുമുറ്റവും ആ നടുമുറ്റത്തിന് ചുറ്റുമായി അടുക്കള, കലവറ, കുളിമുറി മുതലായവയുമുണ്ട്. കിണർ എല്ലാ വീട്ടിലും കാണുന്നു. കുളിമുറികളിൽ നിന്നും മറ്റുമുള്ള വെള്ളം അടിയിലുള്ള അഴുക്കുചാലുകളിൽ ചെന്നുചേരുന്നു."[16]

വ്യക്തിപരമായ ഈ ഏർപ്പാടുകൾക്ക് പുറമേ കുളിക്കുവാനായി പൊതു കുളങ്ങളും അവർ നിർമിച്ചിരുന്നു. ഗ്രന്ഥകാരൻ തുടരുന്നു:

"എന്നാൽ എല്ലാറ്റിലും കൗതുകമേറിയിട്ടുള്ളത് അവിടത്തെ കെട്ടിപ്പടുത്ത കുളമാകുന്നു. ഈ കുളത്തിനു ചുറ്റും മുറ്റവും ആ മുറ്റത്തിന്റെ നാലു ഭാഗത്തും കോലായകളും കോലായയുടെ പിൻഭാഗത്തായി, ചുറ്റും കുളിമുറികളുമുണ്ട്. കുളിമുറികളിൽ ചിലതിൽ ആവികൊണ്ട് വിയർപ്പിച്ച് കുളിപ്പാനുള്ള ഏർപ്പാടുകളും കാണുന്നു."[17]

മുസ്‌ലിം പള്ളികളോടനുബന്ധിച്ച് ഒരു കൃത്രിമകുളം പലേടങ്ങളിലും കാണാം. 'ഹൗള് ' എന്നാണിതിന്റെ പേര്. മുസ്‌ലിംകൾ പ്രാർഥനക്ക് വേണ്ടി 'അംഗസ്നാനം' (വുദു) ചെയ്യുന്നു. തദാവശ്യാർഥമാണ് പ്രസ്തുത കൃത്രിമ തടാകം പള്ളികളോടനുബന്ധിച്ച് ഏർപ്പെടുത്തിയിട്ടുള്ളത്. ഇതുപോലെ സാബി മതത്തിൽ നമസ്കാരത്തിനു വേണ്ടി കുളിക്കേണ്ടതുണ്ടായിരുന്നതിനാൽ, തദാവശ്യാർഥം ഏർപ്പെടുത്തിയതാവണം, പ്രസ്തുത കൃത്രിമ കുളമെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

ഹരപ്പയിൽ നിന്നും ഇത്തരമൊരു കുളത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെടുത്തിട്ടുണ്ട്. നീളം 39 അടി (തെക്കു വടക്ക്), വീതി 23 അടി, ആഴം 8 അടി എന്നിങ്ങനെയായിരുന്നു അതിന്റെ അളവുകൾ. കുളത്തിന്റെ വളരെ അടുത്ത് മൂന്ന് ഭാഗത്തും 9 $^{1}/_{4}$ അടി നീളവും 6 അടി വീതിയുമുള്ള കുളിമുറികളുണ്ടായിരുന്നു. കൂടാതെ കുളത്തിന്റെ അടുത്ത് തന്നെ തെരുവീഥിയിൽ ഇതേമാതിരി വേറെ രണ്ടു വരി കുളിമുറികൾ കാണുകയുണ്ടായി. ആ ഓരോ കുളിമുറിയിൽ നിന്നും മേലേ നിലയിലേക്ക് പോകുവാൻ ഇഷ്ടിക കൊണ്ടുള്ള കോണിപ്പടിയുമുണ്ടായിരുന്നു. വലിയ കുളത്തിലേക്ക് വെള്ളം നിറച്ചിരുന്നത് തെക്കുഭാഗത്തുള്ള മുറികളിലൊന്നിൽ സ്ഥിതിചെയ്യുന്ന ഇരട്ട ഇഷ്ടികക്കെട്ടുള്ള ഒരു കിണറ്റിൽ നിന്നാണ്. ഈ വർണനക്ക് ശേഷം എ. അയ്യപ്പൻ എഴുതുന്നു: "മതസംബന്ധമായ, എത്രയും പ്രധാനപ്പെട്ട ക്രിയകൾക്കായിരിക്കണം ഈ കുളം

ഉപയോഗിച്ചിരുന്നത്."[18]

ഡോക്ടറുടെ അനുമാനം വളരെ ശരിയാണ്. സാബി മതക്കാർക്ക് പ്രാർഥനക്കുവേണ്ടി കുളി അനിവാര്യമായിരുന്നു.

പ്രസ്തുത വിവരണത്തിൽനിന്ന് മറ്റൊരു കാര്യം കൂടി നമ്മുടെ ശ്രദ്ധക്കു വിഷയീഭവിക്കുന്നുണ്ട്. കുളത്തിന്റെ നീളം തെക്കുവടക്കായാണ് കിടക്കുന്നത്. കുളത്തിനടുത്തുള്ള തെരുവിലെ കുളിമുറികളിൽ നിന്ന് മേലെ നിലയിലേക്കു കയറിപ്പോവാൻ കോവണികളുമുണ്ടായിരുന്നു. ആ മേൽ നില അവരുടെ പ്രാർഥനാമന്ദിരമായിരിക്കുമെന്നൂഹിക്കുവാൻ വകയുണ്ട്. സാബിമതക്കാരുടെ 'ഖിബ്‌ല' (പ്രാർഥനയിൽ അഭിമുഖീകരിക്കുന്ന ദിശ) ഉത്തരധ്രുവമായിരുന്നു എന്ന മുസ്‌ലിം പണ്ഡിതന്മാരുടെ അഭിപ്രായം ഇവിടെ ശ്രദ്ധേയമാണ്. ഇബ്നുതൈമിയയെ ഉദ്ധരിച്ച് സയ്യിദ് സുലൈമാൻ നദ്‌വി എഴുതുന്നു: "സാബിമതക്കാരുടെ ഒരു പ്രത്യേക കേന്ദ്രമായിരുന്നു ഹർറാൻ. ക്രിസ്തുവിന് മുമ്പ് ഡമാസ്കസ്സുകാരുടെയും



മറ്റും മതം അതായിരുന്നു. ഉത്തരധ്രുവത്തെ അഭിമുഖമാക്കിയായിരുന്നു സാബികളുടെ പ്രാർഥന. ഡമാസ്കസ്സിൽ ഇന്നും ചില പുരാതന പള്ളികൾ കാണാം. അവയുടെ ഒരു 'ഖിബ്‌ല' ഉത്തരധ്രുവത്തിന് നേരെയാകുന്നു....അവ മുമ്പ് സാബിയന്മാരുടെ ദേവാലയങ്ങളായിരുന്നു."[19]

ഇസ്‌ലാം മതം സ്വീകരിച്ച ശേഷവും തങ്ങളുടെ പഴയ ദേവാലയങ്ങളിൽ തന്നെയാണ് പ്രസ്തുത ജനങ്ങൾ പ്രാർഥന നടത്തിപ്പോന്നതെന്നർഥം. അവർ പള്ളികൾ മാറ്റിയില്ല. പ്രത്യുത ഖിബ്‌ലമാത്രം മാറ്റി. അങ്ങനെ രണ്ടു ഖിബ്‌ലകളുള്ളവയായിത്തീർന്നു ആ ദേവാലയങ്ങൾ.

## കുറിപ്പുകൾ

1. ഭാരതപ്പഴമ പേജ് 60
2. ശതാബ്ദങ്ങൾക്കപ്പുറത്ത്നിന്നുള്ള ശബ്ദങ്ങൾ പേജ് 189
3. Ibid P. 189, 190
4. ഭാരതപ്പഴമ പേജ് 85, 86
5. Ibid P. 85
6. ശതാബ്ദങ്ങൾക്കപ്പുറത്തുനിന്നുള്ള ശബ്ദങ്ങൾ പേ. 207
7. Ibid P. 192
8. ഭാരതപ്പഴമ പേജ് 79
9. ഖുർആൻ അധ്യായം 11, സൂക്തം 44 നോക്കുക.
10. തർജുമാനുൽ ഖുർആൻ വാള്യം 2, പേജ് 193
11. Ibid അധ്യായം 10, സൂക്തം 19
12. Ibid അധ്യായം 2, സൂക്തം 213
13. തർജുമാനുൽ ഖുർആൻ വാള്യം 1, പേജ് 130
14. വിശ്വവിജ്ഞാനകോശം വാള്യം 3, പേജ് 32
15. അർദുൽ ഖുർആൻ വാള്യം 2, പേജ് 193, 194 നോക്കുക.
16. ലോകചരിത്രം വാള്യം 1, പേജ് 66
17. Ibid വാള്യം 1, പേജ് 66
18. ഭാരതപ്പഴമ പേജ് 77
19. അർദുൽ ഖുർആൻ വാള്യം 2, പേജ് 166
20. ഉദ്ധരണം: Ibid വാള്യം 2, പേജ് 196
21. ഉദ്ധരണം: Ibid വാള്യം 2, പേജ് 196
22. ഭാരതീയ സംസ്കാര സാമ്രാജ്യ ചരിത്രം പേജ് 18
23. അൽമിലലു വന്നിഹൽ പേജ് 18

അതിനാൽ അവ സാബികളുടെ സ്മാരകങ്ങളായി ഇബ്നുതൈമിയയുടെ കാലത്ത് (ക്രി.1263-1328) പോലും അവശേഷിച്ചു.

## സാബി മതത്തിന്റെ പൗരാണികത

ലോകത്ത് ഏറ്റവും ആദ്യമായി ഉടലെടുത്ത പ്രവാചകമതമാകുന്നു സാബി മതം. നോഹയുടെ മതമായിരുന്നു അതെന്നു ചില മുസ്ലിം പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഖലീലിനെ ഉദ്ധരിച്ച് ഇബ്നു കസീർ തന്റെ ഖുർആൻ ഭാഷ്യത്തിൽ സാബികൾ നോഹയുടെ മതക്കാരാണെന്ന് അവകാശപ്പെടുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഇബ്നുന്നദീം എന്ന പ്രസിദ്ധ മുസ്ലിംചരിത്രകാരൻ തന്റെ 'അൽഫിഹ്രിസ്തി'ൽ സാബികളെക്കുറിച്ച് സുദീർഘമായി പ്രതിപാദിച്ച കൂട്ടത്തിൽ പറയുന്നു: "ഇബ്റാഹീം നബിയുടെ മുമ്പുള്ള നൂഹിന്റെയും ശീഥിന്റെയും അനുയായികളാണ് തങ്ങളെന്ന് സാബികൾ അവകാശപ്പെടുന്നു. ശീഥിന്റെ വേദം അവരുടെ വശമുണ്ടായിരുന്നു. ധർമകാര്യങ്ങളെയാണ് അതിൽ പ്രതിപാദിച്ചിരിക്കുന്നത്."[20]

മറ്റൊരു മുസ്ലിം പണ്ഡിതനായ ഇബ്നു ഹസ്മിനെ ഉദ്ധരിച്ചു നദ്‌വി എഴുതുന്നു: "ലോകത്തിലെ ഏറ്റവും പ്രാചീന മതമാണ് സാബിമതം."[21]

വഹബുബ്നുമുനബ്ബഃ, അബ്ദുർറഹ്മാനിബ്നുസൈദ്, ഇമാം റാസി, ഇബ്നു കസീർ മുതലായ ഒട്ടേറെ മുസ്ലിം പണ്ഡിതന്മാർ സാബിമതക്കാർ ഏകദൈവ വിശ്വാസികളാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ആകയാൽ ആദിയിൽ സത്യമതക്കാരായിരുന്നു സാബികൾ. മറ്റെല്ലാ സമുദായങ്ങളെയും പോലെ അവരും കാലാന്തരത്തിൽ വ്യതിചലിച്ചു.

സൈന്ധവസംസ്കാരം ഏകദൈവത്വത്തിലധിഷ്ഠിതമായിരുന്നുവെന്ന അഭിപ്രായത്തെയാണ് നാം പിന്താങ്ങുന്നത്. പുരാവസ്തുശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം ഇതിനുപോദ്ബലകമാണ്. അവരെ ഉദ്ധരിച്ചു ശ്രീ. പി. തോമസ് എഴുതുന്നു: "ഏകദൈവ വിശ്വാസികളായിരുന്നു അവർ (സിന്ധു തടവാസികൾ) എന്ന നിഗമനത്തിലാണ് മിക്കവാറും ഗവേഷകന്മാർ എത്തിച്ചേർന്നിട്ടുള്ളത്."[22]

അപ്പോൾ നോഹയുടെ അനുയായികളായ സാബിയന്മാരായിരുന്നു

അവർ. കാലക്കറക്കത്തിൽ അവർക്കും മാറ്റങ്ങൾ സംഭവിച്ചിരിക്കാം. എന്നിരുന്നാലും അവരുടെ അടിസ്ഥാനപരമായ മതസങ്കൽപത്തിന്റെ ലക്ഷണങ്ങൾ പലതും പിന്നേയും അവശേഷിച്ചിരുന്നു. പ്രാചീന ഇന്ത്യക്കാരുടെ മതവിശ്വാസത്തെപ്പറ്റി ഒരു മുസ്ലിം പണ്ഡിതനായ മുഹമ്മദുശ്ശിഹ്റസ്താനി (ക്രി.1076-1155) എഴുതുന്നു: "ബ്രാഹ്മണന്മാരിൽ ഒരു പക്ഷത്തിന്റെ ചായ്‌വ് ദ്വൈതവാദ (Dualism) ത്തിലേക്കാണ്. അവർ ഇബ്റാഹീം നബിയെ അംഗീകരിക്കുന്നു. എന്നാൽ ഇന്ത്യക്കാരിൽ അധികപക്ഷവും സാബികളത്രെ. സാബിമതത്തിലെ വിവിധ പദ്ധതികളാണ് അവർ അവലംബിച്ചു പോരുന്നത്."[23]

ക്രി. 1070-ൽ ചരമഗതി പ്രാപിച്ച ഖാദി സാഇദുൽ ഉൻദുലിസി എന്ന മുസ്ലിം പണ്ഡിതൻ തന്റെ 'തബഖാത്തുൽ ഉമം' എന്ന കൃതിയിലും ഇതേ അഭിപ്രായമാണ് രേഖപ്പെടുത്തിവെച്ചിട്ടുള്ളത്. ഇവർ അധികപക്ഷമെന്ന് പ്രയോഗിച്ചത് സൈന്ധവസംസ്കാരത്തിന്റെ പാരമ്പര്യക്കാരായ ദ്രാവിഡന്മാരെപ്പറ്റിയാവണം.

ആകയാൽ ഭാരതീയ സംസ്കാരത്തിന്റെ അടിത്തറപാകിയവർ മഹാനായ നോഹാ പ്രവാചകന്റെ സന്താനപരമ്പരയിൽ പെട്ടവരും അനുയായികളുമായിരുന്നുവെന്ന നിഗമനത്തിലാണ് അവസാനമായി നാം എത്തിച്ചേരുന്നത്. അവർ സാബിമതക്കാരും ഇന്നത്തെ ദ്രാവിഡവിഭാഗങ്ങളുടെ പൂർവന്മാരുമായിരുന്നു.

**ഹരപ്പൻ സംസ്കാരത്തിലെ കൃത്രിമ കുളത്തിന്റെയും കുളിമുറി കളുടെയും ഒരു ഭാവനാ ചിത്രം.**

1. കെട്ടിപ്പടുത്ത കൃത്രിമ കുളം (തെക്കുവടക്ക് നീളം).
2. കുളത്തിലേക്കിറങ്ങാനുള്ള പടവുകൾ.
3. രണ്ടുവരി കുളിമുറികളും അവയിൽ നിന്ന് മുകൾനിലയിലേക്കു കയറുവാനുള്ള ഇഷ്ടികക്കോവണികളും.
4. കുളത്തിലേക്ക് വെള്ളം നിറക്കാനുപയോഗിച്ച കിണർ.
5. കുളിമുറികളും മലിനജലം പുറത്തേക്ക് വിടുന്ന ഓവുകളും.
6. ചെറിയ വരകൾ തൂണുകളെ കുറിക്കുന്നു.

## അധ്യായം പതിമൂന്ന്

# ദസ്യുദർശനം

**ആ**ര്യൻജനത ഇന്ത്യയിൽ പ്രവേശിക്കുന്നതിനു മുമ്പുതന്നെ ഇവിടെ പുരോഗമനോന്മുഖമായ ഒരു സംസ്കാരവും മതവും പ്രചരിച്ചു കഴിഞ്ഞിരുന്നു എന്ന് നാം കണ്ടു. എന്നാൽ ആ പാരമ്പര്യത്തിൽനിന്നുറ കൊണ്ട തത്ത്വദർശനങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന രേഖകളൊന്നും ചരിത്രാന്വേഷകന്മാർക്ക് കൈവന്നിട്ടില്ല. സിന്ധു താഴ്വരയിൽ നിന്ന് ഖനനത്തിൽ ലഭിച്ച ലിഖിതങ്ങൾ വായിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ സിന്ധുതടവാസികളുടെ തത്ത്വദർശനങ്ങളെപ്പറ്റി വല്ല അറിവും നമുക്ക് ലഭിച്ചേക്കുമായിരുന്നു. പക്ഷേ, ആ ലിപി ഇന്നും സൂക്ഷ്മമായി വായിക്കപ്പെട്ടിട്ടില്ല. ഇന്ന് പൊതുവിൽ ധരിക്കപ്പെടുന്നത് ഇന്ത്യയിൽ പിൽക്കാലത്ത് വളർന്നുവന്ന തത്ത്വദർശനങ്ങളഖിലം ആര്യന്മാരുടെ വേദാദിസാഹിത്യങ്ങളിൽനിന്ന് രൂപംകൊണ്ടിട്ടുള്ളതാണെന്നാകുന്നു.

എന്നാൽ പ്രസ്തുത ധാരണ തികച്ചും ശരിയാണെന്നു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ അനന്തരഘട്ടത്തിൽ രൂപംപൂണ്ട ദർശനങ്ങളിൽ പലതും ആര്യന്മാരുടെ പാരമ്പര്യത്തെ ചോദ്യം ചെയ്യുന്നതോ വേദപ്രാമാണ്യത്തെ അംഗീകരിക്കാത്തതോ ആകുന്നു. അതിനാൽ അത്തരം

ദർശനങ്ങൾ വേദാദി സാഹിത്യങ്ങളിൽനിന്നുടലെടുത്തതാണെന്ന് പറയുന്നത് യുക്തിസഹമല്ല.

## വേദം എന്നാൽ

വേദമാണ് ഏറ്റവും പുരാതനമായ ആര്യസാഹിത്യം. വേദത്തെ 'ശ്രുതി' എന്നും വിളിക്കുന്നു. ഋക്ക്, സാമം, യജുസ്സ്, അഥർവണം എന്നീ നാലു സംഹിതകളും അവയോടനുബന്ധിച്ചുള്ള ബ്രാഹ്മണങ്ങളുമാണ് വേദങ്ങൾ. എന്നാൽ ആരണ്യകങ്ങളും ഉപനിഷത്തുകളും കൂടി ഇന്നു വേദങ്ങളുടെ കൂട്ടത്തിലാണ് എണ്ണിക്കാണുന്നത്. ഇത് ആര്യന്മാരുടെ ആദിമ മതത്തിനെതിരാകുന്നു. രണ്ടു ശാസ്ത്രങ്ങളാണ് ആദിയിൽ ആര്യന്മാർക്കുണ്ടായിരുന്നത്. ഒന്നിന് 'ശ്രുതി' എന്നും മറ്റതിന് 'സ്മൃതി' എന്നും പറയുന്നു. ശ്രുതി എന്നാൽ വേദവും സ്മൃതി എന്നാൽ ധർമശാസ്ത്രവുമാകുന്നു. മനുസ്മൃതി പറയുന്നത് കാണുക:

"ശ്രുതിസ്തുവേദോ വിജ്ഞേയോ ധർമശാസ്ത്രന്തു വൈസ്മൃതിഃ"[1] (വേദത്തെ ശ്രുതി എന്നും ധർമശാസ്ത്രത്തെ സ്മൃതി എന്നും അറിയേണ്ടതാകുന്നു.)

ശ്രുതി എന്നതുകൊണ്ട് വേദത്തിലെ മന്ത്രഭാഗവും ബ്രാഹ്മണഭാഗവും മാത്രമാണ് വിവക്ഷിക്കപ്പെടുന്നതെന്ന് ആപസ്തംബ ധർമസൂത്രം പറയുന്നു:

"മന്ത്രബ്രാഹ്മണയോർവേദ നാമധേയം."[2] (മന്ത്രങ്ങളുടെയും ബ്രാഹ്മണങ്ങളുടെയും പേരാണ് വേദം.)

അപ്പോൾ ആര്യന്മാരുടെ ആദിമമതമനുസരിച്ച് മന്ത്രങ്ങളും ബ്രാഹ്മണങ്ങളും മാത്രമേ വേദത്തിൽപെടുന്നുള്ളൂ. ആരണ്യകങ്ങളും ഉപനിഷത്തുകളും അക്കൂട്ടത്തിൽ ഉൾപ്പെടുന്നില്ല. ഇതേ അർഥത്തിലാണ് ശ്രുതി, വേദം എന്നീ ശബ്ദങ്ങൾ നാമും ഈ അധ്യായത്തിൽ പ്രയോഗിക്കുന്നുത്.

## വേദത്തിലെ മുഖ്യ പ്രതിപാദ്യം

ശ്രുതിയിൽ സർവോപരി പ്രാധാന്യം നൽകിയിട്ടുള്ളത് കർമമാർഗത്തിനാകുന്നു. അതായത് യാഗങ്ങൾക്കും യജ്ഞങ്ങൾക്കും. ആര്യൻ ജനതയുടെ സവിശേഷമായ ആരാധനാ രീതിക്കാണ് യജ്ഞം എന്ന് പറയുന്നത്. യജ്ഞവേളയിൽ ഉരുവിടാനുള്ള മന്ത്രങ്ങൾ സംഹിത എന്ന പേരിൽ അറിയപ്പെടുന്നു. യജ്ഞരീതികൾ വിവരിക്കുന്ന കൃതികളാണ് ബ്രാഹ്മണങ്ങൾ. യജ്ഞങ്ങളിൽ മൃഗബലി നടത്തപ്പെട്ടിരുന്നു; പശു, ആട്, കുതിര മുതലായ മൃഗങ്ങളെ വധിച്ചു ഹോമിക്കുക പതിവായിരുന്നു. അതിനാൽ ആര്യന്മാരുടെ കർമ മാർഗം ഒരു തരം ഹിംസാമാർഗമാണെന്ന് അധിക്ഷേപിക്കപ്പെടുന്നു. അനാര്യൻ ജനതക്ക് ആദിയിൽ തന്നെ പ്രസ്തുത മാർഗത്തോട് അറപ്പും വെറുപ്പും അവജ്ഞയുമായിരുന്നു. അവർക്ക് ആര്യന്മാരുടെ ദേവതകളിലോ യാഗാദികർമങ്ങളിലോ വിശ്വാസമുണ്ടായിരുന്നില്ല. ഇതു കാരണം വേദദ്രഷ്ടാക്കളായ ഋഷിമാർ അനാര്യന്മാരെ

'ശിശ്നദേവാഃ' (ദേവവിദ്വേഷികൾ), 'അകർമികൾ' (യാഗം കഴിക്കാത്തവർ) എന്നിങ്ങനെ അധിക്ഷേപിക്കുകയുണ്ടായി.

ആകയാൽ ഋഗ്വേദകാലത്തു തന്നെ ഭാരതത്തിൽ വിഭിന്നമായ രണ്ടു മാർഗങ്ങൾ നിലവിലിരുന്നതായി നാം കാണുന്നു. ഒരു മാർഗം യാഗങ്ങൾക്കും യജ്ഞങ്ങൾക്കും സർവോപരി പ്രാധാന്യം കൽപിക്കുമ്പോൾ മറ്റേ മാർഗം അവയെ പുച്ഛിച്ചു തള്ളുന്നു. ഒന്ന് ആര്യമാർഗമാണെങ്കിൽ, മറ്റേത് അനാര്യമാർഗമായിരുന്നു. ഇരു വിഭാഗങ്ങളും തമ്മിൽ നടന്ന സമരസംഘട്ടനങ്ങളുടെ പ്രധാന കാരണം മതപരമായ പ്രസ്തുത വിരോധം തന്നെയായിരുന്നുവെന്ന് വേദം നമുക്ക് മനസ്സിലാക്കിത്തരുന്നു.

ഇവിടെ നമുക്ക് പരിശോധിക്കാനുള്ളത് പിൽക്കാലത്ത് ഭാരതത്തിൽ വളർന്നുവന്ന തത്ത്വദർശനങ്ങളത്രയും ആര്യന്മാരുടെ വൈദിക പാരമ്പര്യത്തിൽ നിന്നുറകൊണ്ടതോ, അതോ, ചിലതെങ്കിലും അനാര്യപാരമ്പര്യത്തിൽ നിന്നു പ്രചോദനമുൾക്കൊണ്ടതോ എന്നാണ്. എല്ലാ തത്ത്വദർശനങ്ങളും വൈദികപാരമ്പര്യത്തിൽനിന്നുടലെടുത്തുവെന്നാണ് പരക്കെ പ്രചരിക്കപ്പെട്ടിട്ടുള്ളത്. അങ്ങനെയെങ്കിൽ ഭാരതീയ ദർശനങ്ങളിൽ പലതും വൈദികമതത്തെ-കർമ മാർഗത്തെ-ചോദ്യം ചെയ്യുകയോ, ഉദാസീനമായി വീക്ഷിക്കുകയോ ചെയ്യാൻ കാരണമില്ലായിരുന്നു. അതിനാൽ ഇന്ത്യൻ തത്ത്വദർശനങ്ങളെല്ലാം വൈദികപാരമ്പര്യത്തിൽനിന്നുറകൊണ്ടതാണെന്ന ധാരണ ശരിയാണെന്ന് തോന്നുന്നില്ല. അവയിൽ ചിലതെങ്കിലും ദസ്യു പാരമ്പര്യത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് വളർന്നു വന്നതായിരിക്കണം. ഈ നിഗമനത്തിനുപോദ്ബലകമായ സാക്ഷ്യങ്ങൾ പലതും ചരിത്രങ്ങളിൽ നിന്ന് പെറുക്കിയെടുക്കാൻ കഴിയും.

## ഋഗ്വേദം നൽകുന്ന സൂചനകൾ

ആര്യന്മാരുടെ ആക്രമണഘട്ടത്തിൽ ദേവവിദ്വേഷികളായ ഒരു വിഭാഗം ഇവിടെ നിലനിന്നിരുന്നുവെന്ന് ഋഗ്വേദം തന്നെ സൂചിപ്പിക്കുന്നുണ്ട്. അവർക്കും ആര്യന്മാർക്കുമിടയിൽ മതപരമായ ശത്രുതയുണ്ടായിരുന്നു. ശ്രീ. സർദാർ പണിക്കർ എഴുതിയത് നോക്കുക: "അവർ (ദസ്യുക്കൾ) അനാര്യമായ ഒരു ഭാഷയാണ് സംസാരിച്ചിരുന്നത്. അകർമികളുമായിരുന്നു; യാഗാദികൾ കഴിച്ചിരുന്നില്ല; ഇന്ദ്രാദിദേവന്മാരെ പൂജിച്ചിരുന്നില്ല. 'ശിശ്നദേവാഃ' എന്ന് അവരെ അധിക്ഷേപിച്ചിട്ടുണ്ട്."[3]

പ്രസ്തുത അനാര്യവിഭാഗങ്ങൾ ആര്യന്മാരുടെ ആയുധ ശക്തിക്കു മുമ്പിൽ ശാരീരികമായി കീഴടങ്ങിയിരിക്കാം. പക്ഷേ, മനസ്സും വിശ്വാസവും ആര്യന്മാർക്ക് അടിയറവെക്കാൻ അവർ ഒരുക്കമായിരുന്നില്ല. അവർ പൂർവ പാരമ്പര്യത്തിൽ തന്നെ ഉറച്ചുനിന്നു. പിന്നീട്, നൂറ്റാണ്ടുകൾക്ക് ശേഷം ആര്യ-ദസ്യു സംഘർഷത്തിന് അയവു വന്നു. തദവസരം ദസ്യുക്കൾ അവരുടെ പാരമ്പര്യവിശ്വാസാചാരങ്ങൾ വീണ്ടും പ്രചരിപ്പിച്ചു. അങ്ങനെ വേദത്തിലെ കർമ മാർഗത്തിനും ഹിംസാത്മകമായ യാഗ പരിപാടികൾക്കും വിപരീതമായി മറ്റൊരു മാർഗം നിലവിൽ വന്നു. ഇതി

നാണ് 'ജ്ഞാനമാർഗം' എന്നോ 'മുക്തി മാർഗം' എന്നോ പറഞ്ഞുവന്നത്. ഇതനുസരിച്ച് പിൽക്കാലത്ത് ഉടലെടുത്ത തത്ത്വദർശനങ്ങളിൽ പലതും അനാര്യപാരമ്പര്യത്തിൽനിന്നാണ് പ്രചോദനമുൾക്കൊണ്ടിട്ടുള്ളതെന്ന് പറയാവുന്നതാണ്. പക്ഷേ, അപ്പോഴേക്കും അവ പല പരിവർത്തനങ്ങൾക്കും വിധേയമായിരുന്നു.

### ദാശരാജ്ഞയുദ്ധം

ഋഗ്വേദകാലത്തു തന്നെ നടന്ന ഒരു സംഭവമാണ് ദാശരാജ്ഞയുദ്ധം. വേദത്തിൽ വർണിക്കപ്പെട്ടിട്ടുള്ള പ്രസ്തുത യുദ്ധത്തിൽ, പതിവിനെതിരായി ആര്യഗോത്രങ്ങൾ തമ്മിൽ തമ്മിൽ തന്നെ മത്സരിക്കുകയും ഒരു വിഭാഗം ആര്യന്മാർ ദസ്യു രാജാക്കന്മാരെ കൂട്ടുപിടിക്കുകയും ചെയ്തതായി നാം കാണുന്നു. ഇതായിരുന്നു ആ യുദ്ധത്തിന്റെ സവിശേഷത. പത്തു രാജാക്കന്മാർ ഒന്നു ചേർന്ന് നടത്തിയിരുന്നതിനാലത്രേ ആ യുദ്ധത്തിന് 'ദാശരാജ്ഞം' എന്നു പേർ സിദ്ധിച്ചത്. ഇതിന്റെ കാരണത്തെപ്പറ്റി ശ്രീ. കെ.എം. പണിക്കരുടെ വിശകലനം കാണുക : "യമുനാനദീതടത്തിലെത്തിയപ്പോഴേക്കും ആര്യന്മാർക്ക് ചില വ്യത്യാസങ്ങൾ വന്നുചേർന്നു. ഭരതർ (ഒരു ആര്യ ഗോത്രം) യമുനക്കും ഗംഗക്കും ഇടയിലുള്ള ഫലസമൃദ്ധമായ രാജ്യത്തിൽ കുടിയേറിപ്പാർത്തു. ഗംഗക്ക് കിഴക്കു വശത്തുള്ള അനാര്യരാജാക്കന്മാരുമായി ബന്ധുതയിലാണ് അവർ കഴിഞ്ഞത്. പഞ്ച നദത്തിൽ (പഞ്ചാബിൽ) പാർത്തിരുന്ന മറ്റുള്ള ആര്യൻ ജനത തങ്ങളുടെ ദേശം കൈക്കലാക്കാതിരിക്കാനായി, ഭരതർ അവരെ 'ശതദ്രി'യുടെ (സത്‌ലജ്‌നദി) അപ്പുറം തടഞ്ഞു നിർത്താൻ ശ്രമിച്ചുപോന്നു. ആ മത്സരത്തിന്റെ ഫലമായിട്ടാണ് 'ദാശരാജ്ഞം' എന്ന മഹായുദ്ധം ഉണ്ടായത്."[4]

അനാര്യന്മാരുടെ, അഥവാ ദസ്യുക്കളുടെ ശക്തി പറ്റെ നശിപ്പിക്കുവാൻ ആര്യന്മാർക്കു കഴിഞ്ഞിരുന്നില്ലെന്ന് ഈ സംഭവം തെളിയിക്കുന്നു. ഗംഗക്ക് കിഴക്കുവശത്ത് അനാര്യരാജാക്കന്മാർ അക്കാലത്തും പ്രതാപത്തോടെ വാഴ്ച നടത്തിയിരുന്നു. അവരെ ആര്യന്മാർക്കു ജയിക്കാൻ സാധിച്ചില്ലെന്ന് മാത്രമല്ല, അവരുമായി മൈത്രീബന്ധം പുലർത്താൻ ആര്യന്മാരിലൊരു വിഭാഗം നിർബന്ധിക്കപ്പെടുകയും ചെയ്തു. അനാര്യശക്തിയുടെ സഹായത്തോടുകൂടിയാണ് ഭരതരാജാക്കന്മാർക്ക് സ്വന്തം വർഗക്കാരുടെ കടന്നാക്രമണത്തെ ചെറുത്തു തോൽപിക്കാൻ കഴിഞ്ഞത്. അത്രയും പ്രബലരായിരുന്നു അന്നും അനാര്യന്മാർ. എന്നിരിക്കെ അനാര്യന്മാർ ആര്യന്മാരുടെ ആയുധ ശക്തിക്കു മുമ്പിൽ ശാരീരികമായി കീഴടങ്ങിയെന്ന് ധരിക്കുന്നതും തികച്ചും ശരിയാവില്ല. ചുരുക്കത്തിൽ ദസ്യുക്കളുടെ ഭരണവും ദസ്യുരാജാക്കന്മാരും പിന്നെയും നിലനിന്നു പോന്നു. എങ്കിൽ അവരോടൊപ്പം അവരുടെ സംസ്കാരവും മതവും നിലനിന്നിട്ടുണ്ടായിരിക്കുമല്ലോ. അപ്പോൾ പിൽക്കാലത്ത് വളർന്നു വന്ന തത്ത്വദർശനങ്ങളെല്ലാം ആര്യപാരമ്പര്യത്തിലധിഷ്ഠിതമാണെന്ന് എങ്ങനെ പറയാനൊക്കും? വാസ്തവത്തിൽ അനാര്യപാരമ്പര്യത്തിൽനിന്നുദ്ഭവിച്ച

ആശയാദർശങ്ങൾക്കും ഭാരതീയസംസ്കാരത്തിന്റെ പുരോഗതിയിൽ സാരമായ പങ്കുണ്ട്. ഭാരതീയ സംസ്കാരം ആര്യന്മാരുടെ വൈദിക പാരമ്പര്യത്തിന്റെ സൃഷ്ടിയാണെന്ന പ്രചാരണം കഴമ്പറ്റതത്രെ. ഹൈന്ദവ സംസ്കാരം ആര്യന്മാരുടേതല്ല; ഇന്ത്യക്കാരുടേതാണ്. സർദാർ പണിക്കർ ദാശരാജ്ഞ സംഭവത്തിന് ചരിത്രത്തിലുണ്ടായ പ്രാധാന്യം ചൂണ്ടിക്കാണിക്കുന്നത് നോക്കുക: "ലോകത്തിലെ അതിപ്രധാനങ്ങളായ സംഭവങ്ങളിലൊന്നായിട്ടാണ്, ഞാൻ ഈ യുദ്ധം കാണുന്നത്. സുദാസ്സിനെ (ഭരത രാജാവ്) എതിർത്തിരുന്നവർ ആര്യന്മാർ തന്നെയായിരുന്നു. സുദാസ്സിന്റെ ബന്ധുക്കളിൽ അനാര്യന്മാരായ രാജാക്കന്മാരുമുണ്ടായിരുന്നു. ഈ മഹായുദ്ധത്തിൽ സുദാസ്സിന്റെ കീഴിലുള്ള ഭരതജനത്തിനാണ് വിജയം ലഭിച്ചത്. അതോടുകൂടി ആര്യന്മാരുടെ ആക്രമണം ശമിച്ചെന്ന് പറയാം. യമുനാതടത്തിൽ കുടിയേറിപ്പാർത്തവർ തദ്ദേശീയരുമായി ഒന്നിച്ചു ചേർന്ന് ഹിന്ദു സംസ്കാരത്തിന് അടിസ്ഥാനമിട്ടതായും വിചാരിക്കാം."[5]

മറ്റൊരു ഭാഷയിൽ പറഞ്ഞാൽ, ദസ്യുക്കളെയും, ദസ്യുസംസ്കാരത്തെയും ഭാരതത്തിൽ നിന്നു തുടച്ചുമാറ്റാൻ ആര്യനാക്രമണകാരികൾക്ക് സാധിച്ചില്ല. അവസാനം അവരുമായി സഹകരിച്ചുപോകാൻ ആര്യന്മാർ നിർബന്ധിതരായി. ദസ്യു സംസ്കാരം സാഹചര്യത്തിന്റെ ആനുകൂല്യമനുസരിച്ച് വീണ്ടും വളർന്നുവന്നു. അങ്ങനെ അവരുടെ ആധ്യാത്മിക ചിന്തനങ്ങളും ദർശനങ്ങളും അവയുടെതായ മാർഗങ്ങളിലൂടെ ഇവിടെ പ്രചാരപ്പെട്ടു. ആ മാർഗമത്രെ 'ജ്ഞാനമാർഗം' എന്ന പേരിനാൽ പിന്നീട് അറിയപ്പെട്ടത്.

## ഭിന്നവിരുദ്ധമായ ചിന്താമാർഗങ്ങൾ

ഭാരതത്തിന്റെ ചരിത്രത്തിൽ ആദിമുതൽ തന്നെ വ്യത്യസ്ത സ്വഭാവത്തോട് കൂടി രണ്ടു ചിന്താ മാർഗങ്ങൾ തുടർന്നു വന്നതായി കാണാം: ഒന്ന് വൈദിക കർമങ്ങളായ യാഗാദികൾക്ക് പരമപ്രാധാന്യം കൽപിച്ചുകൊണ്ടുള്ള മാർഗം; മറ്റത് തപസ്സ്, ധ്യാനം, ബ്രഹ്മചര്യം മുതലായവ മുഖേന ഈശ്വര സാക്ഷാത്കാരത്തിന് വൻപിച്ച പ്രാധാന്യം നൽകിക്കൊണ്ടുള്ള മാർഗവും. ആദ്യത്തേതിന് കർമ മാർഗം എന്നും, രണ്ടാമത്തേതിന് ജ്ഞാനമാർഗം, അല്ലെങ്കിൽ മുക്തി മാർഗം എന്നും പേരു പറയാം. കർമ മാർഗത്തിന്റെ ഉത്പത്തി വൈദികപാരമ്പര്യമാണെന്നുള്ള കാര്യത്തിൽ തർക്കമില്ല. എന്നാൽ ജ്ഞാനമാർഗം വൈദിക പാരമ്പര്യത്തെ, ഒന്നുകിൽ ഉദാസീന ഭാവത്തിൽ വീക്ഷിക്കുകയോ, തുറന്നെതിർക്കുകയോ ആണ് ചെയ്യുന്നത്. അതിനാൽ അത് വൈദികപാരമ്പര്യത്തിൽ നിന്നുറകൊണ്ടതല്ലെന്നും പ്രത്യുത, ദസ്യുപാരമ്പര്യമാണ് അതിന്റെ ഉൽപത്തികേന്ദ്രമെന്നുമുള്ള നിഗമനത്തിലാണ് ചില ഗവേഷകന്മാർ എത്തിച്ചേർന്നിട്ടുള്ളത്. തെളിവുകളുടെ പിൻബലവും ഈ നിഗമനത്തിനുണ്ട്. പക്ഷേ, ഹിന്ദുക്കളുടെ മാമൂൽ മതം ഇതിനെതിരായിട്ടുള്ളതാണ്. അതിനാൽ നിഷ്പക്ഷമായ ഒരു നിരൂപണം ഇവിടെ ആവശ്യമായിരിക്കുകയാണ്.

## ഗവേഷകന്മാരുടെ നിഗമനങ്ങൾ

ആര്യന്മാർ യജ്ഞം, യാഗം, ദാനം മുതലായ വൈദിക കർമങ്ങളിലൂടെ സ്വർഗം പ്രാപിക്കുവാനാണ് ആഗ്രഹിച്ചിരുന്നത്. ആധ്യാത്മിക ചർച്ചകളിലൊന്നും അവർക്ക് വലിയ താൽപര്യമുണ്ടായിരുന്നില്ല. ഭൗതിക ജീവിതം പരിപൂർണമായി ആസ്വദിക്കാനാണ് അവർ ശ്രമിച്ചത്. ഡോ. എസ്. രാധാകൃഷ്ണൻ എഴുതിയത് കാണുക: "ആര്യന്മാർ ഭൗതിക ജീവിതത്തെ അതിന്റെ സമ്പൂർണ നിലയിൽ ഇഷ്ടപ്പെട്ടു. അതിനാൽ ആത്മാവിന്റെ ഭാവിയെക്കുറിച്ചും മറ്റും അവർക്ക് അത്ര താൽപര്യമുണ്ടായിരുന്നില്ല."[6]

ഇതിൽ നിന്നും പാടെ ഭിന്നമായിരുന്നു അനാര്യന്മാരുടെ സ്ഥിതി. അവർ ആദി മുതൽ ആധ്യാത്മിക ചർച്ചകളിൽ ഇടപെട്ടിരുന്നു. 'എൻസൈക്ലോപീഡിയ ഓഫ് റിലീജിയൻ ആൻഡ് എതിക്സി'ൽ ഹാസ്റ്റിംഗ്സ് (Hastings) എഴുതുന്നു: "ആര്യന്മാരുടെ വരവിനു മുമ്പു തന്നെ അനാര്യന്മാർ ആധ്യാത്മിക ചർച്ചകളിൽ ഇടപെട്ടിരുന്നു."[7]

ആകയാൽ ആധ്യാത്മിക ചിന്തനങ്ങളുടെ ഉറവിടം വൈദിക പാരമ്പര്യമല്ലെന്നും, ആര്യാഗമനത്തിനു മുമ്പുതന്നെ ഇവിടെ നിലനിന്നിരുന്ന അനാര്യ സംസ്കാരത്തിൽ നിന്നാണ് ആത്മീയ വിദ്യ ഉറകൊണ്ടതെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു.

## ഉപനിഷത്തുകളിലെ ദർശനം

ആധ്യാത്മിക വിചിന്തനങ്ങളുൾക്കൊള്ളുന്ന ഭാരതീയസാഹിത്യം 'ഉപനിഷത്തുകൾ' എന്ന പേരിനാൽ നിർവചിക്കപ്പെടുന്ന ഒരു പ്രത്യേകതരം കൃതികളത്രേ. ഇവ നൂറ്റിക്കണക്കിനുണ്ട്. ബോംബെയിലെ 'നിർണയ സാഗർ' പ്രസ്സുകാർ നൂറ്റിപ്പന്ത്രണ്ടു ഉപനിഷത്തുകൾ പ്രസിദ്ധീകരിച്ചിട്ടുള്ളതായി രാഹുൽസാംകൃത്യായൻ തന്റെ 'വിശ്വദർശനങ്ങൾ' എന്ന കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവയെല്ലാം യഥാർഥ ഉപനിഷത്തുകളായി നിരൂപകന്മാർ അംഗീകരിക്കുന്നില്ല. മുഗൾ ചക്രവർത്തി അക്ബറുടെ കാലത്ത് ഒരുപനിഷത്ത് എഴുതുകയുണ്ടായി. 'അള്ളോപനിഷത്ത്' എന്നായിരുന്നു അതിന്റെ പേർ. ഇങ്ങനെ ഉപനിഷത്തെന്ന നാമധേയത്തിൽ ആയിരക്കണക്കിനു കൃതികൾ കാണാൻ കഴിയും. പക്ഷേ, അവയ്ക്കെല്ലാം ഒരുപോലെ പ്രാമാണ്യം കൽപിക്കപ്പെടുന്നില്ല. സാംകൃത്യായന്റെ അഭിപ്രായത്തിൽ പതിമൂന്ന് കൃതികൾ പ്രത്യേകം ശ്രദ്ധേയങ്ങളാകുന്നു. ഈശം, ഛാന്ദോഗ്യം, ബൃഹദാരണ്യകം, ഐതരേയം, തൈത്തിരീയം, പ്രശ്നം, കേനം, കഠം, മുണ്ഡകം, മാണ്ഡൂക്യം, കൗഷീതകി, മൈത്രി, ശ്വേതാശ്വതരം എന്നിവയത്രേ അവ. ബി.സി. 700-ന്റെയും 100-ന്റെയും ഇടക്കാണ് അവ എഴുതപ്പെട്ടിട്ടുള്ളതെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.[8]

എന്നാൽ ആദ്യത്തെ ഉപനിഷദ്ബീജത്തിന് ആര്യന്മാരുടെ വേദത്തോളം പഴക്കമുണ്ടെന്നാണ് മറ്റു ചില പ്രമുഖ നിരൂപകരുടെ അഭിപ്രായം. 'പൗരസ്ത്യ പവിത്രഗ്രന്ഥാവലി'യിൽ മാക്സ്മുള്ളർ എഴുതുന്നു:

“ആദ്യത്തെ ഉപനിഷദ്ബീജങ്ങൾക്ക് വേദത്തിന്റെ മന്ത്രഭാഗങ്ങളോളം തന്നെ പഴക്കമുണ്ട്. ഋഗ്വേദസംഹിതയിൽ ഒരു ഉപനിഷന്മന്ത്രം കടന്നു കൂടിയിട്ടുണ്ടെന്ന് ‘സർവാനുക്രമണിക’കാരനായ കാത്ത്യായനൻ പറഞ്ഞിട്ടുണ്ട്.”[9]

ഋഗ്വേദസംഹിതയുടെ കാലം ബി.സി. 2000 മുതൽ 1500 വരെയാണെന്നത്രെ പൊതുവിൽ കണക്കാക്കി വരുന്നത്. അതിൽതന്നെ ഉപനിഷന്മന്ത്രം കടന്നുകൂടിയിട്ടുണ്ടെങ്കിൽ ഉപനിഷത്തുകളിൽ ചിലതെങ്കിലും അതിനു മുമ്പ് നിലവിലുണ്ടായിരിക്കണമല്ലോ. ഏതായാലും ഉപനിഷദ്ദർശനങ്ങളുടെ ഉത്പത്തി വേദത്തിൽ നിന്നല്ല ദസ്യുപാരമ്പര്യത്തിൽ നിന്നാണെന്ന നിഗമനത്തിനുപോദ്ബലകമാണ് പ്രസ്തുത വസ്തുത. മാക്സ്മുള്ളർ തന്നെ പറയട്ടെ : “ഇന്നത്തെ നിലയിൽ കാണുന്ന രൂപം പ്രാപിക്കുന്നതിന് മുമ്പുതന്നെ ഉപനിഷത്സഞ്ചയങ്ങൾ പരമ്പരാഗതമായി ഇവിടെ നിലനിന്നുവന്നിരുന്നു എന്ന കാര്യത്തിൽ സന്ദേഹമില്ല.”[10]

ആര്യാഗമനത്തിനു മുമ്പ് ദസ്യുജനതക്കിടയിൽ ചർച്ച ചെയ്യപ്പെട്ടിരുന്ന തത്വദർശനങ്ങളാണ് പിൽക്കാലത്ത് ഉപനിഷത്തുകളുടെ രൂപം കൈക്കൊണ്ടത്. അവ ദസ്യുക്കൾ പരമ്പരാഗതമായി പരസ്പരം കൈമാറിക്കൊണ്ടിരുന്നു. പിന്നീട് പ്രസ്തുത ദർശനങ്ങൾ ഉപനിഷത്തുകളുടെ രൂപത്തിൽ ക്രോഡീകൃതമായെന്നേയുള്ളൂ. അവയിലടങ്ങിയ ആശയാദർശങ്ങൾ ആര്യാഗമനത്തിനും മുമ്പുതന്നെ ദസ്യുപാരമ്പര്യത്തിൽ നിലകൊണ്ടിരുന്നതായിരിക്കണം. ആര്യന്മാരുടെ വൈദികസാഹിത്യമാണ് ഉപനിഷദ്ദർശനങ്ങളുടെ ഉറവിടമെങ്കിൽ ഉപനിഷത്തുകൾ പ്രഥമമായും പ്രധാനമായും വൈദികമതത്തിന്റെ പ്രാമാണ്യത്തെ ഊന്നിയുറപ്പിക്കുകയും പ്രചരിപ്പിക്കുകയുമാണ് വേണ്ടിയിരുന്നത്. എന്നാൽ ഈ വശത്തെസ്സംബന്ധിച്ചിടത്തോളം മുഖ്യ ഉപനിഷത്തുകൾ ഒരുദാസീന ഭാവമാണ് കൈക്കൊണ്ടുകാണുന്നത്.

## രണ്ടുതരം വിദ്യാശാലകൾ

രണ്ടു തരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഭാരതത്തിൽ പ്രവർത്തിച്ചുവന്നതായി ചരിത്രത്തിൽ കാണാം. ഒന്ന് വൈദിക മതത്തെയാണ് പരിരക്ഷിക്കാൻ ശ്രമിച്ചിരുന്നതെങ്കിൽ, മറ്റത്, ഔപനിഷതികസംസ്കാരത്തെയാണ് സംരക്ഷിപ്പാൻ ഉദ്യമിച്ചിരുന്നത്. ആദ്യത്തേതിന് ‘മഹാശാല’യെന്നും രണ്ടാമത്തേതിന് ‘പരിഷത്ത്’ എന്നുമായിരുന്നു പേർ. മഹാശാലകൾ പൂർണമായും ബ്രാഹ്മണപുരോഹിതന്മാരുടെ നിയന്ത്രണത്തിലും പരിഷത്തുകൾ അബ്രാഹ്മണരാജാക്കന്മാരുടെ പ്രത്യേക നിയന്ത്രണത്തിലുമാണ് നടന്നിരുന്നതെന്നു കൂടി ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്. ‘ഇന്ത്യയിലെ വർണസമരം’ എന്ന കൃതിയിൽ അതിന്റെ കർത്താവായ ശ്രീ. കൃഷ്ണാനന്ദസ്വാമി എഴുതുന്നു: “ആര്യന്മാരുടെ വേദങ്ങളും അനാര്യന്മാരുടെ ഉപനിഷത്തുകളും രണ്ടു വിഭിന്നസംസ്കാരങ്ങളെത്തന്നെ പരിരക്ഷിച്ചു വന്നു.... തങ്ങളുടെ യാഗാദി വൈദികകർമങ്ങൾ സംരക്ഷിക്കുന്നതിനായി ‘മഹാശാലകൾ’ എന്ന പേരിൽ ബ്രാഹ്മണർ

പ്രത്യേകമായി അനേക സ്ഥാപനങ്ങൾ സൃഷ്ടിച്ചു നടത്തി. അതുപോലെ, അബ്രാഹ്മണർ തങ്ങളുടെ ആധ്യാത്മിക ചിന്തകൾ പരിരക്ഷിക്കാനും പ്രചരിപ്പിക്കാനുമായി ഉപനിഷത്തുകളുടെ അടിസ്ഥാനത്തിൽ, 'പരിഷത്തുകളും' കാലാന്തരത്തിൽ സ്ഥാപിച്ചു നടത്താൻ തുടങ്ങി. പാഞ്ചാലങ്ങളുടെ (ഇന്നത്തെ പഞ്ചാബിലെ രുഹേൽക്കണ്ഡും ഇത്താവയുമടങ്ങുന്ന പ്രദേശങ്ങൾ ) രാജാവായ പ്രവാഹണൻ, കേകയരാജാവായ (ഝലം, സിന്ധു എന്നീ നദികൾക്കിടയിലുള്ള, താഴ്ന്ന ഹിമാലയ പ്രദേശത്ത് സ്ഥിതിചെയ്യുന്ന രാജൗരിക്കടുത്ത ഒരു പ്രദേശമായിരുന്നു കേകയരാജ്യം) അശ്വപതി, കാശിരാജാവായ (ബനാറസിന്റെ സമീപസ്ഥലമായിരുന്നു കാശി) ജനകൻ എന്നിവരെല്ലാം അക്കാലങ്ങളിൽ പരിഷത്തുകൾ നടത്തിവന്ന അബ്രാഹ്മണമേധാവികളായിരുന്നു. അംഗിരസ്സ്, വസിഷ്ഠൻ, കശ്യപൻ, പുലസ്ത്യൻ, വിശ്വാമിത്രൻ, ഭൃഗു, ദുർവാസസ്സ് എന്നീ ബ്രാഹ്മണമേധാവികളാകട്ടെ, മഹാശാലകൾ നടത്തിവന്നിരുന്നവരുമായിരുന്നു."[11]

ചുരുക്കത്തിൽ, ബ്രാഹ്മണപുരോഹിതന്മാർ വൈദികമായ കർമങ്ങളും ആചാരങ്ങളും നിലനിർത്താനാണ് മുഖ്യമായും ശ്രമിച്ചുപോന്നിരുന്നത്. അന്ന് ആധ്യാത്മികവിദ്യ അവർക്കിടയിൽ അറിയപ്പെട്ടിരുന്നില്ല. ബ്രാഹ്മണപണ്ഡിതന്മാർ ആധ്യാത്മിക വിദ്യ പഠിക്കാൻ തുടങ്ങിയത് വളരെ പിന്നീടായിരുന്നു. അതും അബ്രാഹ്മണന്മാരിൽനിന്ന്. ഇതിലേക്കുപോദ്ബലകമായ തെളിവുകൾ ഛാന്ദോഗ്യോപനിഷത്തിൽ കാണാം. ആദി ഉപനിഷത്തുകളിൽ പെട്ടതെന്നു നിരൂപകന്മാർ സമർഥിച്ചിട്ടുള്ള അതിൽ ഒരു കഥയുണ്ട്. അത് ഇങ്ങനെ സംഗ്രഹിക്കാം: ഉദ്ദാലക ആരുണിഗൗതമൻ ഒരു ബ്രാഹ്മണപണ്ഡിതനായിരുന്നു. അദ്ദേഹം സ്വപുത്രനായ ശ്വേതകേതുവിനെ വിദ്യയഭ്യസിപ്പിച്ചു. അങ്ങനെ ബ്രാഹ്മണചിട്ടപ്രകാരം ശ്വേതകേതു ഒരു മഹാപണ്ഡിതനായിത്തീർന്നു. ഒരിക്കൽ അദ്ദേഹം ക്ഷത്രിയനായ പ്രവാഹണജൈവലി നടത്തുന്ന പരിഷത്തിൽ ചെന്നു. തദവസരം ജൈവലി ചോദിച്ചു: "കുട്ടീ, അച്ഛൻ താങ്കളെ പഠിപ്പിച്ചിട്ടുണ്ടോ?" ശ്വേതകേതു 'ഉണ്ട് ദേവാ' എന്ന് മറുപടി പറഞ്ഞു. പ്രവാഹണൻ ശ്വേതകേതുവിനോട് അഞ്ചു ചോദ്യങ്ങൾ ചോദിച്ചു. അഞ്ചും ബ്രഹ്മജ്ഞാനസംബന്ധികളായിരുന്നു. ഒന്നിനെങ്കിലും ഉത്തരം പറയാൻ ശ്വേതകേതുവിന് കഴിഞ്ഞില്ല. 'അറിയില്ല, ദേവാ' എന്ന മറുപടിയാണ് അദ്ദേഹം ഓരോ ചോദ്യത്തിനും നൽകിയത്. ഇത്തരുണത്തിൽ രാജാവ് ഒന്നു കശക്കി : "പിന്നെ താങ്കൾ എന്താണ് പഠിച്ചത്? ഈ കാര്യങ്ങളൊന്നും അറിയാത്ത ഒരാളെ എങ്ങനെയാണ് 'സുശിക്ഷിതൻ' എന്നു പറയുക?"

ശ്വേതകേതു അപമാനഭാരത്താൽ തലതാഴ്ത്തി. തിരിച്ചു ചെന്ന്, പിതാവായ ആരുണിയോട് ആവലാതിപ്പെട്ടു: "ദേവൻ എന്നെ 'അശിക്ഷിതൻ' എന്നു വിളിച്ചപമാനിച്ചു. അങ്ങ് യാതൊന്നും പഠിപ്പിക്കാതെത്തന്നെ പഠിപ്പിച്ചെന്നു നടിച്ചു." ആരുണി സംഭവം വിസ്തരിച്ചന്വേഷിച്ചപ്പോൾ മകൻ പറഞ്ഞു: "രാജന്യബന്ധു (ക്ഷത്രിയൻ) എന്നോട് അഞ്ചു ചോദ്യങ്ങൾ ചോദിച്ചു. ഒന്നിനെങ്കിലും മറുപടി പറയാൻ എനിക്കു കഴിഞ്ഞില്ല."

ആരുണി പറഞ്ഞു: "നീ വിവരിച്ച പ്രശ്നങ്ങളുടെ ഉത്തരം എനിക്കും അറിഞ്ഞുകൂടാ."

ആരുണി പ്രവാഹണന്റെ അടുത്ത് ചെന്നു. രാജാവ് ആ ബ്രാഹ്മണ പണ്ഡിതനെ നിയമപ്രകാരം സ്വീകരിച്ചു. 'മാനുഷവിത്തം' ആവശ്യപ്പെടുവാൻ അദ്ദേഹം പറഞ്ഞു.[12] പക്ഷേ, ആരുണിയുടെ ആവശ്യം ധനമായിരുന്നില്ല. താൻ ദാനത്തിനു വന്നതല്ലെന്നും, ശ്വേതകേതുവിനോട് ചോദിച്ച പ്രശ്നങ്ങളുടെ മറുപടി കേൾക്കാനാണ് വന്നിട്ടുള്ളതെന്നും ആരുണി പറഞ്ഞു. പ്രവാഹണൻ വിഷമത്തിലായി. അദ്ദേഹം ആദിയിൽ മറുപടി പറയുന്നതിൽ നിന്നൊഴിഞ്ഞുമാറാൻ ശ്രമിച്ചു. പക്ഷേ, ആരുണി വിട്ടില്ല. നിരന്തരം ആവശ്യപ്പെട്ടുകൊണ്ടേയിരുന്നു. ഗത്യന്തരമില്ലാതായപ്പോൾ രാജാവ് ഒരു വിധത്തിൽ സമ്മതിച്ചു. എന്നാൽ മറുപടിയുടെ മുഖവുരയെന്നോണം ജൈവലി പറഞ്ഞ ഒരു വാചകം ഇവിടെ പ്രത്യേകം പ്രസക്തമത്രെ: "അല്ലയോ ഗൗതമാ, നിങ്ങൾ ആവശ്യപ്പെട്ടിട്ടുള്ള കാര്യം അത്യന്തം വിഷമകരമായിട്ടുള്ള ഒന്നാണ്. ഈ വിദ്യ താങ്കൾക്ക് മുൻപുള്ള ബ്രാഹ്മണന്മാർക്ക് അലഭ്യമായിരുന്നു. അതുകൊണ്ടാണ് ലോകം മുഴുവൻ ക്ഷത്രിയന്മാരുടെ ശാസനം നിലകൊണ്ടത്."[13]

ഇതിൽ നിന്നും പ്രധാനമായ ചില വസ്തുതകൾ നമ്മുടെ ശ്രദ്ധക്കു വിഷയീഭവിക്കുന്നുണ്ട്: ഒന്നാമതായി, ആരുണിയുടെ കാലം വരെ അബ്രാഹ്മണരാണ് ആധ്യാത്മിക വിദ്യ കൈകാര്യം ചെയ്തിരുന്നത്. ബ്രാഹ്മണ പണ്ഡിതന്മാർക്ക് അതെപ്പറ്റി ഒരു പിടിപാടുമുണ്ടായിരുന്നില്ല. രണ്ടാമതായി, ബ്രാഹ്മണന്മാരിൽ നിന്നും പ്രസ്തുത വിദ്യ മറച്ചുപിടിക്കാനായി അബ്രാഹ്മണപണ്ഡിതന്മാർ മനഃപൂർവം ശ്രമിച്ചിരുന്നു. അതാണല്ലോ ജൈവലിയുടെ ഒഴിഞ്ഞുമാറാനുള്ള ശ്രമത്തിൽ നിന്നും ഊഹിക്കേണ്ടത്. ഇവിടെ നമുക്ക് ആലോചിക്കാനുള്ളത് ഇതത്രേ: ഉപനിഷത്തുകൾ വേദങ്ങളുടെ അനുബന്ധങ്ങളും വേദജന്യങ്ങളുമാണെങ്കിൽ വൈദികസാഹിത്യം നിരന്തരം കൈകാര്യം ചെയ്യുന്ന ബ്രാഹ്മണപണ്ഡിതന്മാരാണല്ലോ ഉപനിഷദ്ദർശനങ്ങളുടെ ഉപജ്ഞാതാക്കന്മാരും ഗുരുനാഥന്മാരുമാകേണ്ടിയിരുന്നത്. എന്നാൽ ചരിത്രവസ്തുത അങ്ങനെയല്ല. ഉദ്ദാലക ആരുണിക്കു മുമ്പുള്ള ബ്രാഹ്മണന്മാർക്കും അവ അറിഞ്ഞിരുന്നില്ല. അബ്രാഹ്മണപണ്ഡിതന്മാരാകട്ടെ, അവയിൽ വളരെയേറെ പുരോഗതി പ്രാപിക്കുകയും ചെയ്തിരുന്നു. അതിനാൽ അനാര്യപാരമ്പര്യത്തിൽനിന്നാണ്, ഉപനിഷദ്ദർശനമുടലെടുത്തതെന്ന നിഗമനം കൂടുതൽ യുക്തിസഹമായി തോന്നുന്നു. എന്നാൽ ഇന്ന് നാം കാണുന്ന ക്രോഡീകൃതങ്ങളായ ഉപനിഷത്കൃതികൾ പ്രസ്തുത നിഗമനത്തെ ഭാഗികമായേ സഹായിക്കുന്നുള്ളൂ. അവ ഒരു വശത്ത് ബ്രാഹ്മണപാരമ്പര്യത്തെ മുറുകെ പിടിക്കുകയും മറുവശത്ത്, വൈദികകർമകാണ്ഡത്തിന്റെ അർഥമില്ലായ്മ തുറന്നുകാണിക്കുകയും ചെയ്യുന്നു. ഇങ്ങനെ വൈരുധ്യാധിഷ്ഠിതമായ ഒരു കൃത്രിമമുഖമാണ് അവ വായനക്കാരന്റെ മുമ്പിൽ പ്രദർശിപ്പിക്കുന്നത്. എന്നാൽ വേദവിദിതമല്ലാത്ത ഒട്ടേറെ ആശയങ്ങൾ നിലവിലുള്ള ഉപനിഷത്തുകളിൽ ഇന്നും സ്ഥിതിചെയ്യുന്നുണ്ട്.

## പുനർജന്മവാദം

ഇതിലേക്കൊരു വ്യക്തമായ ദൃഷ്ടാന്തമാകുന്നു പുനർജന്മവാദം. ഇന്നത്തെ ഹിന്ദുക്കളുടെ മൗലിക വിശ്വാസങ്ങളിലൊന്നാണ് പുനർജന്മത്തിലുള്ള വിശ്വാസം. എന്നാൽ ആദി ആര്യന്മാർക്ക് പ്രസ്തുത വിശ്വാസവുമായി ബന്ധമൊന്നുമുണ്ടായിരുന്നില്ലെന്നു നിരൂപകന്മാർ സമർഥിച്ചിട്ടുണ്ട്. മറിച്ചു അവർ പാരലൗകിക ജീവിതത്തിലാണ് വിശ്വസിച്ചിരുന്നത്. രാഹുൽ സാംകൃത്യായൻ എഴുതുന്നു: "വേദത്തിലെ ഋഷിമാർ ഈ ലോകത്തിൽനിന്നു വിഭിന്നമായ മറ്റൊരു ലോകമുണ്ടെന്നു വിശ്വസിച്ചിരുന്നു. അവിടേക്കാണ് മരണാനന്തരം സത്കർമികൾ പോവുക. അവർ അവിടെ ആനന്ദപൂർവം ജീവിക്കുന്നതാണ്. താഴെയുള്ള പാതാളം അന്ധകാരമയമായ നരകലോകമാണ്. അവിടേക്കാണ് ദുഷ്കർമികൾ പോകുന്നത്... ഋഷിമാർക്ക് പുനർജന്മ വാദവുമായി ബന്ധമുണ്ടായിരുന്നില്ല."[14]

ഭാരതീയ പ്രാചീനസാഹിത്യങ്ങളിൽ പുനർജന്മവാദം ഇദംപ്രഥമമായികാണുന്നത് ഛാന്ദോഗ്യോപനിഷത്തിലത്രെ. സാംകൃത്യായൻ തന്നെ പറയട്ടെ: "ഭാരതീയ പ്രാചീനസാഹിത്യങ്ങളിൽ ഛാന്ദോഗ്യം മാത്രമാണ് ഒന്നാമതായി പുനർജന്മത്തെപ്പറ്റി പറഞ്ഞിട്ടുള്ളത്. പരലോകത്തിൽ മാത്രമല്ല, ഇഹലോകത്തിലും കർമങ്ങൾക്കനുസരിച്ചാണ് ജീവികൾ ജനിക്കുന്നത്."[15]

അതായത് മുൻജന്മത്തിൽ സുകൃതം പ്രവർത്തിച്ചവൻ ഇജ്ജന്മത്തിൽ ഉത്തമയോനികളായ ബ്രാഹ്മണയോനിയിലോ ക്ഷത്രിയ യോനിയിലോ വൈശ്യയോനിയിലോ ജനിക്കുന്നു. നേരെ മറിച്ച്, മുൻജന്മത്തിൽ അധർമം പ്രവർത്തിച്ചവൻ ഇജ്ജന്മത്തിൽ നായയുടെയോ, പന്നിയുടെയോ, ചണ്ഡാളന്റെയോ യോനിയിൽ ജന്മമെടുക്കുന്നു. ഇതാണ് പുനർജന്മസിദ്ധാന്തത്തിന്റെ നിർവചനം. ഛാന്ദോഗ്യത്തിൽ പറയുന്നു: "ഇവിടെ ഉത്തമകർമങ്ങൾ ചെയ്തുകൊണ്ടു ജീവിക്കുന്നവൻ ഉത്തമയോനികളായ ബ്രാഹ്മണയോനിയിലോ ക്ഷത്രിയയോനിയിലോ വൈശ്യയോനിയിലോ ജനിക്കുന്നു. അധമകർമങ്ങൾ ചെയ്യുന്നവൻ നായയുടെയോ, സൂകരത്തിന്റെയോ, ചണ്ഡാളന്റെയോ യോനിയിൽ ജനിക്കുന്നു."[16]

ഈ സിദ്ധാന്തമനുസരിച്ച് ഇവിടെ ബ്രാഹ്മണ-ക്ഷത്രിയ- വൈശ്യ ജാതികളിൽ ജന്മമെടുത്തവരൊക്കെ മുൻജന്മത്തിൽ ഉത്തമകർമങ്ങൾ അനുഷ്ഠിച്ചവരായിരിക്കും. അപ്രകാരംതന്നെ ശൂദ്രജാതിയിൽ ജനിക്കേണ്ടിവന്നവർ മുൻജന്മത്തിൽ അധർമം പ്രവർത്തിച്ചവരായിരിക്കും. അധർമത്തിന്റെ ശിക്ഷയും സുകൃതത്തിന്റെ പ്രതിഫലവും ജനനത്തെ ആസ്പദിച്ചാണ് കണക്കാക്കപ്പെടുന്നത്. കൂടാതെ, ശൂദ്രജാതിയിൽ ജനിച്ച ഒരാളെ ഈ സിദ്ധാന്തം മനുഷ്യനായിപ്പോലും പരിഗണിക്കുന്നില്ല. അവനെ താണതരം ജീവികളായ നായയുടെയും പന്നിയുടെയും കൂട്ടത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വാദം വേദത്തിലെ ആശയ

ത്തിന് നിരക്കുന്നതല്ല. ഋഗ്വേദത്തിലെ പുരുഷസൂക്തത്തിൽ ബ്രാഹ്മണനും ക്ഷത്രിയനും വൈശ്യനും ശൂദ്രനുമെല്ലാം ഒരേ ശരീരത്തിന്റെ വിവിധ അവയവങ്ങളായാണ് ചിത്രീകരിച്ചിട്ടുള്ളത്:

"പുരുഷനെ ഉത്പാദിപ്പിച്ചിട്ടു എത്ര തരത്തിൽ വേർതിരിച്ചു? അവന്റെ മുഖമെന്താണ്? കയ്യെന്താണ്? തുടയെന്താണ്? കാലെന്താണ്? അവന്റെ മുഖം ബ്രാഹ്മണനാണ്; കൈകൾ ക്ഷത്രിയൻ; അവന്റെ തുട വൈശ്യൻ; കാൽകളിൽനിന്നു ശൂദ്രൻ ജനിച്ചു."[17]

ആകയാൽ വേദവിദിതമല്ലാത്ത ഒരു നവീന കണ്ടുപിടിത്തമാണ് പുനർജന്മ വാദം. വേദവും ഉപനിഷത്തുകളും വ്യത്യസ്ത സരണികളിലൂടെയാണ് നീങ്ങിയതെന്ന വസ്തുതക്ക് ഒരുത്തമോദാഹരണമത്രേ ഇത്.

ആദി ആര്യന്മാർ പുനർജന്മത്തിൽ വിശ്വസിച്ചിരുന്നില്ലെന്നു പറഞ്ഞു വല്ലോ. കാലാന്തരത്തിൽ ജനങ്ങൾക്കു വൈദികകർമ കാണ്ഡത്തിലുള്ള ഭക്തിയും വിശ്വാസവും കുറഞ്ഞു. അപ്പോൾ ജനങ്ങളെ നിയന്ത്രിച്ചു നിലയ്ക്കുനിർത്തുവാൻ ഒരു പുതിയ മാർഗം കണ്ടുപിടിക്കേണ്ടിവന്നു. അങ്ങനെ പുനർജന്മസിദ്ധാന്തം ആവിഷ്കരിക്കപ്പെട്ടു. ഇതാണ് രാഹുൽസാംകൃത്യായന്റെ അഭിപ്രായം. അദ്ദേഹം എഴുതുന്നു: "വൈദികകർമകാണ്ഡത്തിൽ ജനങ്ങൾക്കു വിശ്വാസം കുറഞ്ഞുവരാൻ തുടങ്ങി. അപ്പോൾ ഛാന്ദോഗ്യത്തിലെ ഋഷികളായ ജൈവലിരാജാവും ബ്രാഹ്മണനായ ആരുണിയും കൂടി ഒരു പുതിയ മാർഗം കണ്ടുപിടിച്ചു. അവർ പുനർജന്മത്തെപ്പോലുള്ള വിശ്വാസങ്ങൾ വളർത്തി; ദാസന്മാർ, തൊഴിൽക്കാർ തുടങ്ങിയ പീഡിത ജനതയുടെ ബന്ധനത്തെ കൂടുതൽ ദൃഢതരമാക്കിത്തീർത്തു."[18]

പാരത്രിക ജീവിതത്തിൽ മനുഷ്യന് ലഭിക്കുന്ന കർമഫലത്തെ ഭയന്ന്, ഐഹികജീവിതത്തിൽ സത്കർമാനുഷ്ഠാനവും ദുഷ്കർമ വർജനവും ചെയ്യാനുള്ള ആവേശം കുറഞ്ഞു തുടങ്ങിയപ്പോൾ, ശാസകന്മാർക്കും പുരോഹിതന്മാർക്കും ജനങ്ങളെ ചൊൽപ്പടിക്കു നിർത്താനാവാതെ വന്നുവെന്നും, തദവസരത്തിൽ മനഃപൂർവം മെനഞ്ഞെടുത്ത ഒരു ആസൂത്രിത വിശ്വാസമാണ് പുനർജന്മ വിശ്വാസമെന്നുമാണ് മേൽപറഞ്ഞതിന്റെ അർഥം. ഇതിന്റെ സത്യാവസ്ഥ നമുക്കറിഞ്ഞു കൂടാ. ഏതായാലും ഒരു കാര്യം തീർച്ചയാണ്. പാരലൗകികശിക്ഷയെക്കാൾ ഐഹിക ജീവിത ക്ലേശങ്ങളെയാണ് മനുഷ്യൻ കൂടുതൽ ഭയപ്പെടുക. വൈദിക കർമകാണ്ഡം അനുഷ്ഠിക്കാത്തവരും നിലവിലുള്ള ധർമനിയമങ്ങൾ പാലിക്കാത്തവരും വരാൻപോകുന്ന ജന്മത്തിൽ നായയായോ, പന്നിയായോ, ശൂദ്രനായോ പിറക്കുമെന്നുവന്നാൽ അതിൽ ഭയം തോന്നാത്തവരാരും തന്നെയുണ്ടാവില്ല. ആ നിലക്കു വളരെ സമർഥമായ ഒരു കണ്ടുപിടിത്തമാണ് പുനർജന്മ സിദ്ധാന്തമെന്നു പറയാതിരിപ്പാൻ വയ്യ. സാംകൃത്യായൻ എഴുതുന്നു: "ഉപനിഷത്കാലത്തെ ധാർമിക നേതാക്കന്മാർക്കു പുനർജന്മവാദം ആവിഷ്കരിക്കേണ്ടതായി വന്നു. ഇവിടെയുള്ള സാമുദായിക ക്ലേശങ്ങൾ, ഓരോ ജീവനും മടങ്ങിവന്ന് അവരവർ ചെയ്തതി

നുള്ള ശിക്ഷ അനുഭവിക്കേണ്ടതിന് വേണ്ടിയാണെന്ന് അവർ വാദിച്ചു...... വളരെ സമർഥമായ ഒരു കണ്ടുപിടിത്തമായിട്ടുണ്ട് ഇത് എന്നതിനു സംശയമില്ല."[19]

ഏതായാലും വേദങ്ങളിലില്ലാത്ത ഒരു നൂതന കണ്ടുപിടിത്തമാണ് ഉപനിഷത്തുകളിലെ പുനർജന്മ സിദ്ധാന്തം. അതിനാൽ വൈദിക മാർഗത്തിൽനിന്നും ഭിന്നമായ ഒരു പാതയിലൂടെയാണ് ഉപനിഷത്തുകൾ സഞ്ചരിച്ചതെന്നു വ്യക്തം.

## ഉപനിഷത്തുകൾ വൈദിക മതത്തെ വിമർശിക്കുന്നു

ഉപനിഷത്തുകളിൽ പലതും അനാര്യപാരമ്പര്യത്തെയാണ് പ്രതിനിധാനം ചെയ്യുന്നതെന്ന നമ്മുടെ നിഗമനത്തിനുപോദ്ബലകമായ മറ്റൊരു വസ്തുത ഇതത്രെ: അവ വൈദിക കർമങ്ങളെയും ബ്രാഹ്മണ പാരമ്പര്യത്തെയും നിശിതമായി വിമർശിക്കുന്നു. ചിലപ്പോൾ ഈ വിമർശനം അതിരുകവിഞ്ഞതായും കാണാം. വേദമന്ത്രങ്ങൾ ഉരുവിടുന്ന ബ്രാഹ്മണപുരോഹിതന്മാരെ തുറന്നുകളിയാക്കുന്ന ഒരു കഥ ഛാന്ദോഗ്യത്തിൽ സ്ഥലം പിടിച്ചിട്ടുണ്ട്. കഥയുടെ സാരം ഇതാ: ഒരിക്കൽ ദാല്ഭ്യന്റെ പുത്രൻ ബകൻ, മിത്രന്റെ പുത്രൻ ഗ്ലാവൻ എന്നീ ബ്രാഹ്മണ മഹർഷിമാർ വേദപാരായണത്തിനായി ഗ്രാമത്തിനു പുറത്തുപോയി ജല സമീപം ഏകാന്തമായ ഒരു സ്ഥലത്തിരിക്കുകയായിരുന്നു. വെളുത്ത ഒരു നായ അവിടെ ചെന്നു. അനന്തരം വേറെ കുറേ നായ്ക്കളും എത്തി. അവ വെളുത്ത നായയോട് പറഞ്ഞു: "ഞങ്ങൾക്ക് വിശക്കുന്നു. നീ കുറേ സാമഗാനങ്ങൾ പാടുക. എങ്കിൽ ഞങ്ങൾക്ക് ഭക്ഷണം കിട്ടുമല്ലോ." വെളുത്ത നായ അവരോട് പിറ്റെ ദിവസം വരാൻ പറഞ്ഞു. ബകദാല്ഭ്യനും ഗ്ലാവമൈത്രേയനും നായ്ക്കളുടെ സംഭാഷണം കേട്ടു. ഈ തമാശയിൽ അവർക്ക് താത്പര്യം ജനിച്ചു. പിറ്റേന്നാൾ നായ്ക്കൾ വന്നു. ഒന്നിൻപിറകിൽ മറ്റൊന്നായി ഇരുന്ന് മുമ്പിലുള്ളതിന്റെ വാൽ പിമ്പിലുള്ളത് കടിച്ചുപിടിച്ചു. എന്നിട്ട് ഇങ്ങനെ പാടാൻ തുടങ്ങി:

"ഹിം, ഓം, തിന്നാം. ഓം, കുടിക്കാം! ദൈവമേ, വരുണ, പ്രജാവതീ, സഹതാ, ഞങ്ങൾക്ക് ഭക്ഷണം താ! അല്ലയോ അന്നദേവാ, ഞങ്ങൾക്ക് അന്നം തരണേ! ഞങ്ങൾക്കതുകൊണ്ടുതരണേ! ഓം!"[20]

ഈ കഥ ബ്രാഹ്മണപുരോഹിതന്മാരെയും അവരുടെ വേദപാരായണത്തെയും കടന്നധിക്ഷേപിക്കുന്നതിനായി ചമച്ചതാണെന്നു വിശിഷ്യാ പറയേണ്ടതില്ല. കഥയിലെ വെളുത്ത നായ അന്നത്തെ ബ്രാഹ്മണന്റെ പ്രതീകമാണ്. ബ്രാഹ്മണവർണക്കാർ അക്കാലത്തും തങ്ങളുടെ ശുദ്ധമായ ആര്യരക്തം പരിരക്ഷിച്ചിരുന്നതിനാൽ, അവരുടെ തൊലിയുടെ നിറം വെളുത്തതായിത്തന്നെ ഇരുന്നുവെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. സാംകൃത്യായന്റെ ഗവേഷണമനുസരിച്ചു, ക്രി. മു. 700-ാമാണ്ടാണ് ഛാന്ദോഗ്യകാലം. ബ്രാഹ്മണപുരോഹിതന്മാർ സാമവേദമന്ത്രം ഉരുവിടുമ്പോൾ മുമ്പിലുള്ളവന്റെ വസ്ത്രം പിമ്പിലുള്ള ആൾ പിടിക്കുക പതിവായിരുന്നു. അതാണ് നായ്ക്കളെ ഒന്നിന്റെ വാൽ മറ്റത് കടിച്ചുപിടിച്ച

നിലയിൽ ചിത്രീകരിച്ചതിന്റെ പൊരുൾ. കഥാപാഠം ഇതത്രെ: ബ്രാഹ്മണപുരോഹിതന്മാരുടെ വയറ്റുപ്പിഴപ്പിനുള്ള ഒരു വേലയെന്നതല്ലാതെ, വേദപാരായണംകൊണ്ട് യാതൊരു നേട്ടവും മനുഷ്യനില്ല. ബ്രാഹ്മണപണ്ഡിതന്മാരെയും അവരുടെ വൈദികകർമത്തെയും ഇത്ര നിശിതമായി വിമർശിക്കുന്ന ഛാന്ദോഗ്യം വേദങ്ങളുടെ പ്രാമാണ്യത്തെ ചോദ്യം ചെയ്യുകയാണ്, വാസ്തവത്തിൽ. അതിനാൽ ഛാന്ദോഗ്യത്തിലെ മുഖ്യമായ ഈ ദർശനം വേദശിക്ഷണമാണെന്നു ധരിക്കുവാൻ പ്രയാസം തോന്നുന്നു.

മറ്റു ചില ഉപനിഷത്തുകൾ ആര്യമതത്തിലെ യാഗാദികർമങ്ങളെ എതിർക്കുന്നു. മുണ്ഡകോപനിഷത്തിലെ ഒരു ഭാഗം കാണുക: "യജ്ഞരൂപിയായ പതിനെട്ടു വള്ളങ്ങൾ ദുർബലങ്ങളാണ്. നല്ലതെന്നു പറഞ്ഞ്, അവയെ അഭിനന്ദനം ചെയ്യുന്ന മൂഢന്മാർ വീണ്ടും വീണ്ടും വാർധക്യത്തെയും മരണത്തെയും പ്രാപിക്കുന്നു. അജ്ഞാനത്തിനുള്ളിൽ കിടന്നുവലയുന്ന, ധീരരും പണ്ഡിതരുമെന്ന് മിഥ്യാഭിമാനം പുലർത്തുന്ന അവർ അന്ധന്മാരാൽ മാർഗദർശനം ചെയ്യപ്പെടുന്ന അന്ധരെപ്പോലെ, ലക്ഷ്യത്തിലെത്താതെ, അലഞ്ഞുതിരിഞ്ഞു ക്ലേശിക്കുന്നു. അജ്ഞാനത്തിൽ ബഹുപ്രകാരം അകപ്പെട്ട്, കൃതകൃത്യരായെന്ന് അഹങ്കരിക്കുന്ന അവർ ബാലകന്മാരാകുന്നു. അവർ കർമ കാണ്ഡത്തിന്റെ താൽപര്യമെന്തെന്ന് അറിയുന്നില്ല. അങ്ങനെ ആതുരരായ അവർ ക്ഷീണിതരായി പുണ്യലോകത്തിൽനിന്ന് അധഃപതിക്കുന്നു. എന്നാൽ അരണ്യത്തിൽ വാനപ്രസ്ഥരായി തപഃശ്രദ്ധകളനുഷ്ഠിക്കുന്നവരും ഭിക്ഷാടനം ചെയ്യുന്നവരും പ്രശാന്തരുമായ വിദ്വാന്മാരുണ്ടല്ലോ; അവർ പുണ്യപാപമാലിന്യങ്ങൾ അകന്ന്, സൂര്യദ്വാരാ (സൂര്യലോകത്തിലൂടെ) അമൃതനും അവ്യയാത്മാവും ആയ പുരുഷനെ പ്രാപിക്കുന്നു."[21]

വേദവിധികളെയും വൈദിക പണ്ഡിതന്മാരെയും വൈദിക കർമമായ യജ്ഞങ്ങളെയും കുറിച്ച് ഒരു തുറന്ന വിമർശനമാണിതെന്ന് ഒറ്റനോട്ടത്തിൽ മനസ്സിലാക്കാം. ഇവിടെ യജ്ഞങ്ങളിലൂടെ ഉദ്ദിഷ്ട ലക്ഷ്യം പ്രാപിക്കാൻ സാധിക്കുന്നതല്ലെന്നും യജ്ഞങ്ങളെ അഭിനന്ദിക്കുന്ന മൂഢന്മാർക്ക് പരുപരുത്ത ക്ലേശങ്ങളല്ലാതെ മറ്റൊന്നും കിട്ടാൻ പോകുന്നില്ലെന്നും അത്തരം പണ്ഡിതമന്യൻമാർ അജ്ഞാനാന്ധകാരത്തിൽ തപ്പിത്തടയുകയാണ് ചെയ്യുന്നതെന്നും പറയുന്നു. അന്ധൻമാരാൽ നയിക്കപ്പെടുന്ന അന്ധർ ലക്ഷ്യത്തിലെത്തുകയില്ലല്ലോ. ഈ മിഥ്യാഭിമാനികളും ലക്ഷ്യം പ്രാപിക്കാതെ അന്ധതയിലും അജ്ഞതയിലും കിടന്നുഴലുകയാണ്. അവർ ബാലന്മാരെപ്പോലെയാണ്. കർമകാണ്ഡത്തിന്റെ പൊരുൾ അറിയാത്തവരാണ്; അധഃപതിച്ച വർഗമാണ്; പുണ്യലോകം പ്രാപിക്കാനോ, ഈശ്വരസാക്ഷാൽക്കാരം നേടാനോ അശക്തരുമാണ്. തപസ്സും ഭിക്ഷാടനവും പ്രശാന്തതയും സ്വീകരിക്കുന്ന വിദ്വൽ ശിരോമണികൾക്ക് മാത്രമേ, മരണരഹിതനും അവിനാശിയുമായ പുരുഷനെ-പരബ്രഹ്മത്തെ- പ്രാപിക്കാനാവൂ. ഇത്രയും സംഗതികളാണ് മേൽവാചകത്തിൽ

അടങ്ങിയിരിക്കുന്നത്. കർമകാണ്ഡത്തിന്റെ നിഷ്പ്രയോജനതയും സന്യാസത്തിന്റെ അത്യന്താപേക്ഷിതത്വവുമാണ് ഇവിടെ സമർഥിച്ചിരിക്കുന്നത്.

ഇനി വേദങ്ങളെയും വേദാംഗങ്ങളായ ശിക്ഷ, കൽപം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യോതിഷം എന്നീ ആറു ശാസ്ത്രങ്ങളെയും കുറിച്ച മുണ്ഡകത്തിന്റെ നിലപാട് കാണുക: “ബ്രഹ്മജ്ഞാനികൾ പറയുന്നത് രണ്ടു വിദ്യകൾ മാത്രമാണ് അറിയേണ്ടതെന്നാകുന്നു. ഒന്ന് പരാവിദ്യയും മറ്റത് അപരാവിദ്യയുമാണ്. ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവവേദം ഈ നാലു വേദങ്ങളും ശിക്ഷ, കൽപം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യോതിഷം എന്നീ ആറു വേദാംഗങ്ങളുമാണ് അപരാവിദ്യകൾ. പരാവിദ്യ അക്ഷരത്തെ അറിയലാണ്.”[22]

അതെ, നാലു വേദങ്ങളും ആറു വേദാംഗങ്ങളും അറിയേണ്ടതു തന്നെ. പക്ഷേ, അത് ശ്രേഷ്ഠമല്ല; അക്ഷരത്തെ-അവിനാശിയായ ബ്രഹ്മത്തെ-അറിയലാണ് എത്രയും ശ്രേഷ്ഠതരമായിട്ടുള്ളത്.

വേദനിർദിഷ്ടമായ കർമമാർഗത്തിനു പകരം, മറ്റൊരു മാർഗമാണ് ഉപനിഷത്തുകൾ പൊതുവേ ഉപദേശിക്കുന്നതെന്നു മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. തപസ്സ്, ബ്രഹ്മചര്യം, ധ്യാനം മുതലായ പരിപാടികളുൾക്കൊള്ളുന്ന മാർഗമാണത്. അതെപ്പറ്റി മുണ്ഡകം പറയുന്നത് കാണുക: “സത്യഭാഷണം, തപസ്സ്, ബ്രഹ്മചര്യം, ആത്മസംയമനം, സ്വാർഥത്യാഗം എന്നിവ മുഖേന പരമാത്മ ദർശനം സാധിക്കുന്നു. ശരീരത്തിനുള്ളിൽ അത് (പരമാത്മാവ്) ശുഭ്രജ്യോതിർമയനായി സ്ഥിതിചെയ്യുന്നു. ദോഷരഹിതരായ ഋഷികൾക്ക് അതിനെ ദർശിപ്പാൻ കഴിയും.”[23]

ഇത്രയും ഉദ്ധരിച്ചതിൽ നിന്ന് വേദങ്ങളും ഉപനിഷത്തുകളും തമ്മിലുള്ള അന്തരം ഏതാണ്ടു ഗ്രഹിക്കാമല്ലോ. ഉപനിഷത്തുകളിൽ ചിലതു ബ്രഹ്മത്തെയല്ലാതെ മറ്റൊന്നിനെയും ഉപാസന (ആരാധന) ചെയ്യരുതെന്ന് ആജ്ഞാപിക്കുന്നുണ്ട്. ആര്യമതത്തിൽ ഇന്ദ്രൻ, വരുണൻ, അഗ്നി, സൂര്യൻ മുതലായ ദേവൻമാരെ സ്തുതിച്ചും പൂജിച്ചും പ്രസാദിപ്പിക്കുമ്പോൾ, ഉപനിഷന്മതത്തിൽ ബ്രഹ്മത്തെ മാത്രം ഉപാസിക്കാനാണ് നിർദേശം. കേനോപനിഷത്തിൽ ഈ സംഗതി കുറേ വ്യക്തമായിത്തന്നെ ഉപദേശിച്ചിട്ടുണ്ട്. അതിൽ പറയുന്നു: “ബ്രഹ്മം അറിയപ്പെട്ടതിൽ നിന്നും അറിയപ്പെടാത്തതിൽ നിന്നും ഭിന്നമായിട്ടുള്ളതാകുന്നു. ഇതാണ് അതിനെപ്പറ്റി വ്യാഖ്യാനിച്ചുതന്ന ആചാര്യൻമാരിൽ നിന്നു ഞങ്ങൾ കേട്ടിട്ടുള്ളത്.”

“വാഗിന്ദ്രിയത്തിന് വിഷയമാവാത്തതും, എന്നാൽ വാഗ്വൈഭവത്തിന് ഹേതുവായിട്ടുള്ളതുമേതാണോ, അതാണ് ബ്രഹ്മമെന്നു നീ അറിയുക. ഇതാണ് ബ്രഹ്മമെന്ന നിലയിൽ ഉപാസന ചെയ്യപ്പെടുന്നതൊന്നും ബ്രഹ്മമല്ല.”

“മനസ്സിൽ നിരൂപിക്കാനാവാത്തതും എന്നാൽ മനഃശക്തി പ്രദാനം ചെയ്യുന്നതുമേതാണോ, അതാണ് ബ്രഹ്മമെന്നു നീ അറിയുക. ഇത് ബ്രഹ്മമെന്ന നിലയിൽ ഉപാസിക്കപ്പെടുന്നതൊന്നും ബ്രഹ്മമല്ല.”

"കണ്ണുകൊണ്ടു കാണാനാവാത്തതും എന്നാൽ കണ്ണിന് കാഴ്ച നൽകുന്നതുമേതാണോ, അതാണ് ബ്രഹ്മമെന്നു നീ അറിയുക. ഇത് ബ്രഹ്മമെന്ന നിലയിൽ (ജനങ്ങൾ) ഉപാസന ചെയ്യുന്നതൊന്നും ബ്രഹ്മ മല്ല."

"ചെവികൊണ്ടു കേൾക്കാൻ വയ്യാത്തതും, എന്നാൽ ചെവിക്ക് കേൾവി നൽകുന്നതുമായ ശക്തിയേതാണോ, അതാണ് ബ്രഹ്മമെന്നു നീ അറിയുക. ഇത് ബ്രഹ്മമെന്ന നിലയിൽ (ജനങ്ങൾ) ഉപാസിക്കുന്ന തൊന്നും ബ്രഹ്മമല്ല."

"പ്രാണവായുവിന് ചേഷ്ടിക്കാനാവാത്തതും, എന്നാൽ പ്രാണവാ യുവിന്റെ ചേഷ്ടക്ക് കാരണഭൂതമായതുമാണ് ബ്രഹ്മമെന്ന് നീ അറിയുക. ഇത് ബ്രഹ്മമെന്ന കൽപനയിൽ (ജനങ്ങൾ) ഉപാസിക്കുന്നതൊന്നും ബ്രഹ്മമല്ല."[24]

മൂർത്തീപൂജയെ ഖണ്ഡിക്കുകയാണ് കേനം ചെയ്യുന്നതെന്നു വ്യക്തം. ബ്രഹ്മമെന്ന സങ്കല്പത്തിലാണല്ലോ നമ്മുടെ ഹൈന്ദവ സഹോദരൻമാർ വിഗ്രഹങ്ങളെ പൂജിക്കുന്നത്. അതു ബ്രഹ്മമേയല്ലെന്നു കേനോപനിഷത്ത് തീർത്തുപറയുന്നു. ഖുർആൻ അവതരിക്കുന്നതിന് ആയിരക്കണക്കിനു വർഷങ്ങൾക്കു മുമ്പാണ് കേനോപനിഷത്തിന്റെ ആവിർഭാവം. പക്ഷേ, രണ്ടും ശുദ്ധ ഏകദൈവത്വവിഭാവനം അവതരിപ്പിക്കുന്നു. ഒരേ ജിഹ്വ യിൽ നിന്നു ബഹിർഗമിച്ച വാണികളാണവ രണ്ടും എന്നു മനസ്സിലാ ക്കുന്നവർക്ക് ആശയക്കുഴപ്പത്തിനവകാശമില്ല. ആര്യവേദങ്ങളിൽ ഇത്ര ശുദ്ധമായി ഈ ഏകദൈവത്വം പ്രതിപാദിക്കപ്പെട്ടു കാണുന്നതല്ല. വേദവും ഉപനിഷത്തും വ്യത്യസ്ത സരണികളെ അവലംബിച്ചതിനുള്ള ദൃഷ്ടാന്തങ്ങളുടെ കൂട്ടത്തിൽ ഇതിനേയുമുൾപ്പെടുത്താവുന്നതാണ്. പ്രപ ഞ്ചത്തിന്റെ പിറകിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശക്തിവിശേ ഷത്തെപ്പറ്റി കേനം വർണിച്ചിട്ടുണ്ട്. സാംകൃത്യായൻ ഉദ്ധരിക്കുന്നു: "കേന ത്തിന്റെ ഗദ്യഭാവത്തിൽ ജഗത്തിനു പിന്നിൽ ഗൂഢമായി വർത്തിക്കുന്ന അപരിമേയമായ ശക്തിയെപ്പറ്റിയാണ് വർണിച്ചിട്ടുള്ളത്."[25]

ഇങ്ങനെ അവൈദികമായ നിരവധി ആശയങ്ങൾ ഉപനിഷത്തുകളിൽ ആവിഷ്കൃതങ്ങളായിട്ടുണ്ട്. ഉപനിഷത്തുകൾ വൈദിക പാരമ്പര്യത്തിന്റെ അനുബന്ധമാണെങ്കിൽ ഇതെങ്ങനെ സംഭവിച്ചുവെന്നുള്ള പ്രശ്നം അവ ശേഷിക്കുന്നു.

## ബ്രാഹ്മണരുടെ ഗുരുക്കൻമാർ അബ്രാഹ്മണർ

ഇത്രയും പ്രസ്താവിച്ചതിൽ നിന്നു ബ്രാഹ്മണന്മാരാരും ഉപനിഷദ്ദർശ നങ്ങൾ കൈകാര്യം ചെയ്തിട്ടില്ലെന്നു തെറ്റിദ്ധരിക്കയില്ലല്ലോ. ഒട്ടനേകം ബ്രാഹ്മണ പണ്ഡിതൻമാർ ഉപനിഷത്തുകളിലെ മഹർഷിമാരാണ്. ഉദ്ദാ ലക ആരുണിഗൗതമൻ, ശ്വേതകേതു, യാജ്ഞവൽക്യൻ, ബകദാൽഭ്യൻ മുതൽപ്പേർ ഉദാഹരണം. പക്ഷേ, ഉപനിഷദ്ദർശനങ്ങളുടെ ആദിമാചാര്യ ന്മാരും ഗുരുഭൂതന്മാരും അബ്രാഹ്മണ പണ്ഡിതന്മാരായിരുന്നു. ബ്രാഹ്മണ പണ്ഡിതൻമാർ അവരിൽ നിന്നാണ് ബ്രഹ്മവിദ്യ ഗ്രഹിച്ചത്. അതിനാൽ

ശിഷ്യത്വ പദവിയേ ഈ വിഷയത്തിൽ അവർക്കവകാശപ്പെടാനുള്ളൂ. ഛാന്ദോഗ്യത്തിലെ പ്രവാഹണന്റെ കഥ പ്രസ്തുത വസ്തുത വെളിപ്പെടുത്തുന്നു.

വാസ്തവത്തിൽ അബ്രാഹ്മണരിൽ നിന്നു വിദ്യയഭ്യസിക്കുന്നതും അവരുടെ ശിഷ്യത്വം സ്വീകരിക്കുന്നതും ബ്രാഹ്മണന് പാടില്ലാത്തതാണ്. കൗഷീതകി, ബൃഹദാരണ്യകം എന്നീ ഉപനിഷത്തുകളിൽ നിന്ന് അതു മനസ്സിലാക്കാം. പാണ്ഡിത്യത്തിൽ ഗർവിഷ്ഠനും ബ്രാഹ്മണനുമായ ഗാർഗ്യൻ കാശിരാജാവായ അജാതശത്രുവിന്റെ അടുത്തുചെല്ലുന്നു. ബ്രഹ്മജ്ഞാനം ഉപദേശിക്കുവാനാണ് ചെന്നത്. പക്ഷേ, രാജാവിന്റെ ചോദ്യങ്ങൾക്കു മുമ്പിൽ അദ്ദേഹം മുട്ടുകുത്തുന്നു. (കൗഷീതകി) അവസാനം തനിക്കു ബ്രഹ്മജ്ഞാനം അഭ്യസിപ്പിക്കണമെന്നു ഗാർഗ്യൻ കെഞ്ചുന്നു. പക്ഷേ, അജാതശത്രു തിരിച്ചടിക്കുന്നു: "ബ്രാഹ്മണന് ബ്രഹ്മതത്ത്വം ഉപദേശിക്കുകയെന്നതും ബ്രാഹ്മണൻ ക്ഷത്രിയന്റെ ശിഷ്യനാവുകയെന്നതും ആചാരക്രമത്തിന് വിരുദ്ധമാണ്." അങ്ങനെ ഔപചാരികമായി ശിഷ്യനാക്കാതെയാണ് അജാതശത്രു ഗാർഗ്യന് ബ്രഹ്മവിദ്യ ഉപദേശിച്ചുകൊടുത്തത്. നിയമം ഇങ്ങനെയൊക്കെയായിരുന്നുവെങ്കിലും കാലാന്തരത്തിൽ അത് മാറ്റപ്പെട്ടു. ഒട്ടേറെ ബ്രാഹ്മണൻമാർ അബ്രാഹ്മണരുടെ ഔപചാരിക ശിഷ്യൻമാരായി.

പല ബ്രാഹ്മണ പണ്ഡിതൻമാരും അബ്രാഹ്മണരുടെ ശിഷ്യത്വം സ്വീകരിച്ചു ബ്രഹ്മജ്ഞാനം അഭ്യസിച്ചതായി ഛാന്ദോഗ്യം രേഖപ്പെടുത്തുന്നു: "ഉപമന്യുവിന്റെ പുത്രനായ പ്രാചീനശാലൻ, പുലുഷന്റെ പുത്രനായ സത്യയജ്ഞൻ, ദില്ലവിയുടെ പുത്രനായ ഇന്ദ്രദ്യുമ്നൻ, ശർക്കരാക്ഷന്റെ പുത്രനായ ജനൻ, അശ്വതരാശ്വന്റെ പുത്രനായ ബുഡിലൻ എന്നീ പ്രതാപികളും മഹാവൈദികന്മാരുമായ അഞ്ചു ബ്രാഹ്മണർ ഒന്നു ചേർന്നു അബ്രാഹ്മണനും കേകയ രാജാവിന്റെ പുത്രനുമായ അശ്വപതിയെ സമീപിച്ചു ആത്മവിദ്യ ഗ്രഹിച്ചു."[26]

"ശാലവാന്റെ പുത്രനായ ശിലകൻ, ചകിതായന്റെ പുത്രനായ ദാൽഭ്യൻ എന്നീ ബ്രാഹ്മണർ ജീവലന്റെ പുത്രനായ പ്രവാഹണൻ എന്ന അബ്രാഹ്മണനിൽ നിന്ന് ആത്മവിദ്യ പഠിച്ചു."[27]

ഉപനിഷത് സംബന്ധിയായ സ്വതന്ത്രചിന്താപ്രസ്ഥാനം വളർന്നതോടെ വൈദികാശയങ്ങൾക്കും വൈദിക കർമകാണ്ഡത്തിനും വലുതായ ഇടിവു തട്ടിയതായി നിരൂപകപണ്ഡിതൻമാർ അഭിപ്രായപ്പെടുന്നു. പാശ്ചാത്യ വേദവിത്തായ മാക്സ്മുള്ളർ രേഖപ്പെടുത്തിയത് നോക്കുക: "ഉപനിഷത് സംബന്ധിയായ സ്വതന്ത്രാശയങ്ങളുടെ വളർച്ചയോടെ മൃഗയാഗങ്ങളെയും ഫലശൂന്യമായ ഇതരാചാരങ്ങളെയും പറ്റിയുള്ള ബഹുജനങ്ങളുടെ വിശ്വാസവും വികാരവും പ്രായേണ ഇല്ലാതായി. ആധ്യാത്മിക നേതൃത്വം വൈദിക പുരോഹിതൻമാരിൽ നിന്നും 'ഋത്വിക്കു'കളിൽ നിന്നും മാറ്റപ്പെട്ടു. അത് ബ്രാഹ്മണരുടെ വിശുദ്ധ മണ്ഡലങ്ങളിൽ നിന്ന് അഹിംസാവ്രതം സനിഷ്കർഷം അനുഷ്ഠിച്ചുവന്ന ലോകപരിത്യാഗിക

ളായ 'ഭിക്ഷു'ക്കളുടെ കരങ്ങളിലേക്കു പകർന്നു."[28]

ഈ വസ്തുതയും മേൽ നിഗമനത്തെ ഉപോദ്ബലപ്പെടുത്തുകയാണ് ചെയ്യുന്നത്. ഉപനിഷത്തുകൾ വൈദിക പാരമ്പര്യത്തിന്റെ പിൻതുടർച്ച യായിരുന്നുവെങ്കിൽ അവയുടെ പ്രചാരം വൈദികാശയങ്ങൾക്കനുകൂ ലമായ ഫലം ഉളവാക്കുമായിരുന്നു. എന്നാൽ പ്രതികൂലമായിട്ടാണ് ഭവി ച്ചത്. ആത്മീയ നേതൃത്വം ബ്രാഹ്മണ പുരോഹിതൻമാർക്കു നഷ്ടപ്പെ ടാൻ കൂടി ഉപനിഷത്തുകൾ ഇടവരുത്തി.

## ദസ്യുദർശനങ്ങളിൽനിന്നുയിർക്കൊണ്ട മതങ്ങൾ

വൻപിച്ചൊരു സൈനിക ശക്തിയെന്ന നിലയിലായിരുന്നു ആര്യൻമാർ ഭാരതനാട്ടിൽ കടന്നുവന്നത്. ആ ശക്തി കാലാന്തരേണ ക്ഷയിച്ചുവന്നു. വേദകാലത്തുതന്നെ ആര്യഗോത്രങ്ങൾക്കിടയിൽ ഭിന്നിപ്പും പരസ്പര മാത്സര്യവും പൊട്ടിപ്പുറപ്പെട്ടുവെന്ന് ഋഗ്വേദത്തിൽ വർണിച്ച ദാശരാജ്ഞ സംഭവം തെളിയിക്കുന്നു. ആര്യശക്തിക്കു തകർച്ച പറ്റിയപ്പോൾ അനാര്യൻമാർക്കു തങ്ങളുടെ മതവും സംസ്കാരവും ഇവിടെ വളർത്താൻ വീണ്ടും അവസരം ലഭിച്ചു. കിട്ടിയ അവസരം അവർ നന്നായുപയോഗപ്പെടുത്തുകയും ചെയ്തു. അങ്ങനെ അവരുടേതായ ഒരു തത്ത്വചിന്താപ്രസ്ഥാനവും ജ്ഞാനമാർഗവും നിലവിൽ വന്നു. പക്ഷേ, അപ്പോഴേക്കും കാലോചിതമായ പരിവർത്തനങ്ങൾ അവരുടെ വിചിന്ത നങ്ങളിൽ വന്നുചേർന്നിരിക്കണം. അങ്ങനെ ആര്യൻമാരുടെ മേധാവിത്വ ത്തിൽ നടപ്പിൽ വന്ന വൈദിക മതത്തിനെതിരായ ഒരു പുതിയ മത ത്തിനു വേണ്ട കരുക്കൾ തയ്യാറായി. ഉപനിഷദ്ദർശനങ്ങളാണ് അതിനു കളമൊരുക്കിയത്.

ആര്യാക്രമണത്തിന്റെ രൂക്ഷത കുറഞ്ഞതോടെ ഇവിടെ പല മത ങ്ങളും പ്രചരിക്കപ്പെട്ടു. കൂട്ടത്തിൽ ആദ്യമായി നിലവിൽ വന്നത് ഋഷഭ ദേവനാൽ സ്ഥാപിതമായതും വർധമാനമഹാവീരനാൽ പരിഷ്കരിക്ക പ്പെട്ടതുമായ ജൈനമതമാണെന്നു പറയപ്പെടുന്നു. ബുദ്ധമത ഗ്രന്ഥമായ 'ത്രിപിടകങ്ങൾ' ജൈനമതത്തെപ്പറ്റി പ്രതിപാദിക്കുന്നതിനാൽ ബുദ്ധന്നും വളരെ മുമ്പാണ് ജൈനമതകാലമെന്നു മനസ്സിലാക്കാം. വേദവിരോധി കളായ അബ്രാഹ്മണരായിരുന്നു ജൈനദർശനത്തിന് രൂപം നൽകിയ തെന്നത് ഇവിടെ പ്രസ്താവ്യമാണ്. ഇതുപോലെ വാസുദേവകൃഷ്ണനെ ദേവതയായി അംഗീകരിച്ചുകൊണ്ടുള്ള 'ഭാഗവതമത'വും [29] ഇവിടെ പ്രചാരത്തിൽ വന്നു. ബി. സി. ആയിരാമാണ്ടിനോടടുത്താണ് പ്രസ്തുത മതം ഉദ്ഭവിച്ചതെന്നു ഗവേഷകൻമാർ അഭിപ്രായപ്പെടുന്നു. ബി.സി. അഞ്ഞൂറിനടുത്ത കാലത്ത് ബുദ്ധമതവും ആവിർഭവിച്ചു. ഈ മത ങ്ങൾക്കെല്ലാം വൈദികമതക്കാരിൽ നിന്നു നേരിടേണ്ടിവന്ന എതിർപ്പു കൾക്കും മർദനങ്ങൾക്കും കയ്യും കണക്കുമില്ല. ബ്രാഹ്മണ്യത്തെ വിമർശിച്ചതായിരുന്നു അതിനു കാരണം. ഇവയെല്ലാം ഉപനിഷത്തുക ളുടെ അടിസ്ഥാനത്തിൽ രൂപമെടുത്ത മതങ്ങളായിരുന്നു. ശ്രീ. ആർ.സി. ഡറ്റ് എഴുതുന്നു: "പാപരഹിതമായ അവസ്ഥ അഥവാ നിർവാണം പ്രാപി

ക്കുകയെന്ന ബുദ്ധമത സിദ്ധാന്തം ഔപനിഷതികോശങ്ങളിൽ നിന്നു വളർന്നുവന്നതാകുന്നു."[30]

ബുദ്ധമതവും ഉപനിഷത്തുകളും തത്ത്വശാസ്ത്ര രംഗത്ത് വേദത്തെ പാടെ നിഷേധിക്കുകയാണ് വാസ്തവത്തിൽ ചെയ്യുന്നത്. സർ രാധാകൃഷ്ണൻ ഇതു തുറന്നു പ്രസ്താവിച്ചിട്ടുണ്ട്: "തത്ത്വ ചിന്തയെസ്സംബന്ധിച്ചിടത്തോളം ബുദ്ധമതവും ഉപനിഷത്തുകളും വേദത്തെ നിഷേധിക്കുകയാണ് ചെയ്തിരിക്കുന്നത്. പ്രായോഗികമായി വേദവിരുദ്ധമായ വിശ്വാസങ്ങളിൽ കൂടി അവ രണ്ടും പരസ്പരം യോജിച്ചിട്ടുണ്ട്."[31]

ഭാരതത്തിൽ വളർന്നുവന്ന ദർശനങ്ങളത്രയും വൈദിക പാരമ്പര്യത്തിൽ നിന്നാണുറകൊണ്ടതെന്നു വരുത്തിത്തീർക്കുവാൻ ഒരു ഗൂഢശ്രമം തന്നെ ഇവിടെ നടന്നിട്ടില്ലേ എന്നു സംശയിക്കുന്നു. ഉപനിഷത്തുകൾ വേദങ്ങളുടെ അനുബന്ധങ്ങൾ എന്ന നിലയിലാണല്ലോ ഇന്നും ധരിപ്പിക്കപ്പെടുന്നത്. വാസ്തവത്തിൽ അവ, രാധാകൃഷ്ണൻ പറഞ്ഞപോലെ വേദവിരുദ്ധങ്ങളാണ്.

ചുരുക്കത്തിൽ ദസ്യുപാരമ്പര്യത്തെയാണ് ഉപനിഷദ്ദർശനം പ്രതിനിധാനം ചെയ്യുന്നത്. മറ്റൊരുവിധം പറഞ്ഞാൽ, ദസ്യുദർശനങ്ങളുടെ ബീജം നമുക്കു കിട്ടുന്നത് ഉപനിഷത്തുകളിൽ നിന്നാണ്. പക്ഷേ, തനതായ രൂപത്തിലാണെന്നു പറയാൻ വയ്യ.

## കുറിപ്പുകൾ

1. മനുസ്മൃതി അധ്യായം 2, ശ്ലോകം 10
2. ഉദ്ധരണം: ഇന്ത്യയിലെ വർണസമരം പേജ് 33 (അടിക്കുറിപ്പ്)
3. വള്ളത്തോളിന്റെ ഋഗ്വേദസംഹിതയുടെ ആമുഖം പേജ് 24
4. Ibid P. 24
5. Ibid P. 24
6. Indian Philosophy Vol.I, P.113
7. Encyclopedia of Religion and Ethics Vol. 5, P. 21
8. വിശ്വദർശനങ്ങൾ പേജ് 557
9. Sacred Books of the East, by Maxmuller vol. I, Introduction PP ixix/xvi
10. Ibid P. xvi
11. ഇന്ത്യയിലെ വർണസമരം പേജ് 32
12. ആന, സ്വർണം, പശു, കുതിര, ദാസിമാർ, വസ്ത്രങ്ങൾ മുതലായവയാണ് ഈ മാനുഷവിത്തമെന്ന് ബൃഹദാരണ്യകത്തിൽ പറഞ്ഞതായി വിശ്വദർശനങ്ങൾ (പേജ് 366) ഉദ്ധരിച്ചിട്ടുണ്ട്.
13. ഛാന്ദോഗ്യം അധ്യായം 5, ഖണ്ഡം 3 നോക്കുക.
14. വിശ്വദർശനങ്ങൾ പേജ് 562
15. Ibid P. 575
16. ഛാന്ദോഗ്യോപനിഷത് അധ്യായം 5, ഖണ്ഡം 10, മന്ത്രം 7

17. ഋഗ്വേദം മണ്ഡലം 10, സൂക്തം 90, ഋക്ക് 11, 12
18. വിശ്വദർശനങ്ങൾ പേജ് 579
19. Ibid P. 553
20. ഛാന്ദോഗ്യം അധ്യായം 1, ഖണ്ഡം 12 നോക്കുക.
21. മുണ്ഡകം 1, ഖണ്ഡം 2, മന്ത്രം 7, 8, 9, 11
22. Ibid മുണ്ഡകം 1, ഖണ്ഡം 1, മന്ത്രം 4, 5
23. Ibid മുണ്ഡകം 3, ഖണ്ഡം 1, മന്ത്രം 5
24. കേനോപനിഷത്ത് ഖണ്ഡം 1, മന്ത്രം 4-9
25. വിശ്വദർശനങ്ങൾ പേജ് 599
26. ഛാന്ദോഗ്യം അധ്യായം 5, ഖണ്ഡം 11 മുതൽ നോക്കുക.
27. Ibid പ്രപാ. 1, ഖണ്ഡം 8 നോക്കുക.
28. Sacred Books of the East Vol. 1, P. xxxiv-Introduction.
29. ഇന്നു 'ഭാഗവതം' എന്ന പേരിൽ അറിയപ്പെടുന്ന കൃതിക്ക് ഈ മതവുമായി ബന്ധമില്ലെന്നും അത് അറുനൂറ് വർഷത്തിനു മുമ്പ് ഭോപഗോപൻ എന്ന ആന്ധ്രാബ്രാഹ്മണൻ രചിച്ച ഒരു കൃതിയാണെന്നും ചിലർ പറയുന്നു.
30. Ancient India P. 105
31. Indian Phylosophy Vol. 1, P. 470